www.malankaralibrary.com

# വിത്തും
# കൊയ്ത്തും

കുര്യൻ. വാലുപറമ്പിൽ

www.malankaralibrary.com

# വിതയും കൊയ്ത്തും

(യേശുവിന്റെ ഉപമകൾ ഒരു പഠനം)

കുര്യൻ വാലുപറമ്പിൽ

സിറിയൻ കാതലിക് ചർച്ച്

തണ്ണിത്തോട്, കോന്നി

www.malankaralibrary.com

(*Malayalam*)

**VITHAYUM KOITHUM** (Yesuvinte upamakal oru padanam)

**By Father Kurian Valuparampil**

First Published 1977

Printed at: Mar Mathews Press, Muvattupuzha

Cover: Palatty Paulose

Price: Rs. 12.00

Copy right to the Publisher

*Published by:*

St. Thomas Book Stall
St. Thomas Apostolic Seminary
Vadavathoor, Kottayam-10
Pincode 686010

*Nihil Obstat*: Rev. Dr. Mathew Vellanickal

*Imprimatur*: His Grace Most Rev. Dr. Benedict
Mar Gregorios O.I.C. M.A.D.D.
Archbishop of Trivandrum

www.malankaralibrary.com

വൈദികപദവിയിലേയ്ക്ക്
എന്നെ കൈപിടിച്ചുയർത്തിയ
വന്ദ്യപിതാവ് ആർച്ച്ബിഷപ് ബനഡിക്ട്
മാർ ഗ്രിഗോറിയോസ് തിരുമേനികൾ

സമർപ്പിതം

www.malankaralibrary.com

# ആശീർവാദം

എല്ലാക്കാലങ്ങളിലും ദൈവം മനുഷ്യരോട് സംസാരിച്ചു കൊണ്ടിരുന്നു. തന്റെ അവതീർണ്ണനായ വചനംവഴി ഈ ദിവ്യാവിഷ്കരണം പൂർത്തിയായി. ദൈവത്തിന്റെ അനന്തമായ സ്നേഹമാണ് പ്രസ്തുത ആവിഷ്കരണത്തിന് പ്രേരകശക്തി. യേശു ശിഷ്യരോട് അരുളിച്ചെയ്യുകയാണ്: "പിതാവിൽനിന്ന് ഞാൻ കേട്ടതെല്ലാം നിങ്ങളെ അറിയിച്ചതുകൊണ്ട് ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചിരിക്കുന്നു."

ദൈവസ്നേഹത്തിൽ ജീവിക്കുവാനും വളരുവാനും ആഗ്രഹിക്കുന്നവർ ഈ സംഭാഷണത്തിൽ ചേരണം. ദൈവം അരുളിച്ചെയ്യുന്ന വാക്കുകൾ ശ്രദ്ധിക്കുകയും താല്പര്യപൂർവ്വം ഉൾക്കൊള്ളുകയും അവയ്ക്ക് തങ്ങളുടേതായ മറുപടി പുത്രനിർവിശേഷമായ സ്നേഹത്തോടെ നല്കുകയും വേണം. വിശുദ്ധ ഗ്രന്ഥത്തോട് പൊതുവെയും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ അമൂല്യമായ വചനങ്ങളോട് പ്രത്യേകിച്ചും ഒരാഭിമുഖ്യം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ഘടകമാണെന്ന് ഇതിൽനിന്നു സുവിദിതമാണല്ലോ.

ഉപമകളിൽക്കൂടിയാണ് മുഖ്യമായും യേശു ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ ആവിഷ്ക്കരിക്കുവാൻ തിരുമനസ്സായത്. സാമാന്യജനങ്ങൾക്കും ബുദ്ധിജീവികൾക്കുമെല്ലാം ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഈ ഉപമകളുടെ സാരം ഗ്രഹിക്കുവാൻ സാധിക്കും. എന്നാൽ കൂടുതൽ ചിന്തിക്കുമ്പോൾ അവയുടെ ആഴം വർദ്ധിക്കുന്നതായനുഭവപ്പെടും. ദൈവവചനത്തെപ്പററി പൊതുവെയും യേശുവിന്റെ ഉപമകളെപ്പററി പ്രത്യേകിച്ചും വ്യാഖ്യാനിക്കുന്നതിനുള്ള പുതിയ അറിവുകളും സങ്കേതങ്ങളും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

www.malankaralibrary.com



ഈ ഉപാധികൾ ആധാരമാക്കി നമുക്കേററം പ്രിയപ്പെട്ട വാലുപറമ്പിൽ ബഹുമാനപ്പെട്ട കുര്യനച്ചൻ ഏറെ നാളത്തെ സ്ഥിരോത്സാഹത്തിൻേറയും പരിശ്രമത്തിൻേറയും ഫലമായി രചിച്ച 'വിതയും കൊയ്ത്തും' സജ്ജനസമക്ഷം അവതരിപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ദൈവവചനം കൂടുതൽ ആഴമായി മനസ്സിലാക്കുന്നതിനും സ്വാംശീകരിക്കുന്നതിനും അങ്ങനെ സ്നേഹത്തിൻെറ പാതയിൽ പുരോഗമിക്കുന്നതിനും ഈ സത്ഗ്രന്ഥം സഹായവും പ്രചോദനവും നല്കുമെന്നെനിക്കുറപ്പുണ്ട്. ഗ്രന്ഥകർത്താവ് ഈ വിഷയത്തിലുള്ള തൻെറ പരിശ്രമം തുടരുമെന്നും കൂടുതൽ ഈടുററ സംഭാവനകൾ ഇനിയും നൽകുമെന്നും പ്രതീക്ഷിക്കുന്നു. ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കുവാനും വഴിനടത്തുവാനുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

† The Most Rev. Benedict Mar Gregorios

(Sd/.)

Archbishop of Trivandrum

Trivandrum,
25–5–'77

www.malankaralibrary.com

# അവതാരിക

ലോകം കണ്ടിട്ടുള്ളതിൽ ഏററം വലിയ അദ്ധ്യാപകനാണ് യേശു. അനുവാചകരെ അത്യധികം ആകർഷിക്കുന്ന അദ്ധ്യാപനരീതിയാണവിടത്തേതു്. വലിയവരും ചെറിയവരും, പണ്ഡിതന്മാരും പാമരന്മാരും, ധനികരും ദരിദ്രരുമെല്ലാം അവിടുത്തെ വാക്കു കേൾക്കാൻ ഓടിക്കൂടി (ലൂക്കോ. 5,15). കേട്ടാലും കേട്ടാലും മതിവരാത്ത ഒരാകർഷണം അങ്ങയുടെ വചസ്സുകൾക്കുണ്ടായിരുന്നു. ദിവസങ്ങൾതന്നെ ഭക്ഷണം പോലും അവഗണിച്ച് യേശുവിന്റെ വാക്കുകൾ ശ്രവിക്കാൻ ജനം കൂട്ടമായി അവിടുത്തെ പക്കൽ വന്നിരുന്നു (മർക്കോ. 8, 1–3). യേശുവിന്റെ പ്രബോധനത്തെപ്പററി മത്തായിസുവിശേഷകൻ പറയുന്ന വാക്കുകൾ ശ്രദ്ധാർഹങ്ങളാണ്. "യേശു ഈ വാക്കുകൾ അവസാനിപ്പിച്ചപ്പോൾ ജനക്കൂട്ടങ്ങൾ അവന്റെ പ്രബോധനത്തെപ്പററി വിസ്മയിച്ചു. എന്തുകൊണ്ടെന്നാൽ അവരുടെ ന്യായശാസ്ത്രികളേയും ഫരിശരേയുംപോലെയല്ല, അധികാരമുള്ളവനായാണ് അവൻ അവരെ പഠിപ്പിച്ചിരുന്നതു്" (മത്താ. 7, 28–29). യഹൂദപ്രമാണികളുടെ പ്രബോധനങ്ങളിൽനിന്നു് വ്യത്യസ്തമായ ഒരു രീതിയാണ് യേശു സ്വീകരിച്ചിരുന്നതെന്നു വ്യക്തം.

"അധികാരമുള്ളവനായി അവൻ അവരെ പഠിപ്പിച്ചു" എന്നതിൽ യേശുവിന്റെ പ്രബോധനം യഹൂദാദ്ധ്യാപകരുടേതിൽനിന്നു് വ്യത്യസ്തമായിരുന്നു. യഹൂദാദ്ധ്യാപകർ മോശയുടെ അധികാരത്തോടെയാണ് പഠിപ്പിച്ചിരുന്നതു്. "മൂശയുടെ സിംഹാസനത്തിൽ നിയമജ്ഞരും ഫരിശരും ഇരിക്കുന്നു" (മത്താ. 23,2). ആ അധികാരമല്ല ഇവിടെ വ്യവക്ഷ എന്നു വ്യക്തമാണ്. യേശുവിന്റെ അധികാരം അവിടത്തെ വ്യക്തിത്വത്തിൽനിന്നു് രൂപംകൊണ്ടതത്രേ. അവിടുത്തെ പ്രബോ

www.malankaralibrary.com



ധാനങ്ങൾ സ്വജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തിയിരുന്നു. "അവർ പറയുന്നു, എങ്കിലും പ്രവർത്തിക്കുന്നില്ല" എന്ന് യഹൂദനിയമജ്ഞരെപ്പററി അവിടുന്നു പറയുന്നു. ജീവിതം പിന്നിലില്ലാത്ത ഉപദേശമായിരുന്നു അവരുടേതു്. ശുഷ്കവും ചൈതന്യരഹിതവുമായ പ്രബോധനം. അതിൽനിന്നു് തികച്ചും വ്യത്യസ്തമത്രേ യേശുവിൻെറ പ്രബോധനം. ജീവിതത്തിൽ നിന്നടർത്തിയെടുത്ത പ്രബോധനശകലങ്ങൾ മാത്രമേ അവിടുത്തെ അധരങ്ങളിലൂടെ കടന്നുവന്നുള്ളു. അതുതന്നെയാണു് ആ ദിവ്യഗുരുവിൻെറ പ്രബോധനത്തിൻെറ ആധികാരികതയുടെ രഹസ്യവും.

പ്രബോധനത്തിൻെറ ആധികാരികത മാത്രമല്ല ജനങ്ങളെ ആകർഷിച്ചതു്. നിത്യസത്യങ്ങൾ അവതരിപ്പിച്ച ഭാഷയും പ്രത്യേകമായിരുന്നു. ഗ്രാമീണജീവിതത്തിൽനിന്നു തിരഞ്ഞെടുത്ത ഉപമകളിലൂടെ സനാതനസത്യങ്ങൾ ആവിഷ്കരിച്ചു. സാധാരണജനങ്ങൾക്കു് മനസ്സിലാകുന്ന ഭാഷയിൽ സജീവചിത്രങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിച്ചപ്പോൾ അതു് അവർക്കു് ഹൃദ്യമായി. ഉപമകളിലൂടെയുള്ള യേശുവിൻെറ പ്രബോധനമാണു് ഈ പുസ്തകത്തിലെ ചർച്ചാവിഷയം.

ഉപമകളെപ്പററി ധാരാളം കൃതികൾ വിദേശഭാഷകളിൽ ഇന്നു് പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടു്. ബൈബിൾപണ്ഡിതന്മാരുടെയിടയിൽ ഉപമാവ്യാഖ്യാനത്തിനു് വിവിധ സമീപനങ്ങളും നിലവിലുണ്ടു്. ഇന്നുവരെയുണ്ടായിട്ടുള്ള പഠനങ്ങളുടെ ഒരു പൊതുരൂപം ഈ കൃതിയിൽ കാണാം. ആധുനിക ബൈബിൾ വിജ്ഞാനീയത്തിൻെറ വെളിച്ചത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ ഗ്രന്ഥം മലയാളത്തിൽ ഈ ഇനത്തിൽ ആദ്യത്തേതാണെന്നു പറയാം.

ഉപമകൾ എല്ലാംതന്നെ ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ടു്. ബൈബിൾ വിജ്ഞാനീയത്തിലുദ്ഭൂതമായിട്ടുള്ള ആധുനികാവബോധത്തിൻെറ വെളിച്ചത്തിലുള്ള വിശദീകരണങ്ങൾ വെറും സാങ്കേതികചർച്ചകളാകാതെ ആദ്ധ്യാത്മികവും അജപാലനപരവുമായ പ്രായോഗികതലങ്ങളിലേയ്ക്കു് കടന്നുവരുന്നു. യേശുവിൻെറ അന്യാപദേശങ്ങളെപ്പററി ബൈബിൾ വിജ്ഞാനീയത്തിൽ വികസിച്ചുവരുന്ന മേഖലകളുമായി വാ

www.malankaralibrary.com



യനക്കാരെ പരിചയപ്പെടുത്തുന്നതോടൊപ്പം അവയുടെ സന്ദേശം മനസ്സിലാക്കുവാനും ഈ കൃതി വളരെ സഹായകമാകും എന്നതിനു സംശയമില്ല.

ഗ്രന്ഥകാരൻ ഫാദർ കുര്യൻ വാലുപറമ്പിലിനെ അദ്ദേഹത്തിന്റെ സെമിനാരിക്കാലംമുതൽ എന്റെ ശിഷ്യനെന്ന നിലയിൽ എനിക്കു പരിചയമുണ്ട്. പരിശ്രമശീലവും കഠിനാദ്ധ്വാനവും ബൈബിളിനോടുള്ള താല്പര്യവുമാണ് ഈ ഗ്രന്ഥം രചിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതു്. സെമിനാരിയിൽ പഠിക്കുമ്പോഴേ താൻ പഠിക്കുന്നതു് മററുള്ളവക്കു് പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകതയെപ്പററി അദ്ദേഹം ബോധവാനായിരുന്നു. അതിനുവേണ്ട ഒരുക്കങ്ങൾ അപ്പോഴേ അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. വളരെ ജോലിത്തിരക്കുള്ള അജപാലനദൗത്യം നിർവ്വഹിക്കുന്നതിനിടയിലും ഈ പരിശ്രമം തുടരുകയും ഇപ്പോഴിതാ അതു് ഫലമണിയുകയും ചെയ്തിരിക്കുന്നു. ഗ്രന്ഥകർത്താവിനെ അകമഴിഞ്ഞ് അനുമോദിക്കുകയും അദ്ദേഹത്തിന്റെ തൂലികയിൽനിന്നു് ഇതുപോലെ ഈടുററ ഗ്രന്ഥങ്ങൾ ഇനിയുമുണ്ടാകട്ടെ എന്നു് ആശംസിക്കുകയും ചെയ്തുകൊണ്ടു് ബഹുജനസമക്ഷം ഈ കൃതി അവതരിപ്പിച്ചുകൊള്ളട്ടെ.

ഫാദർ മാത്യു വെള്ളാനിക്കൽ
സെൻറ് തോമസ് അപ്പസ്തോലിക്
സെമിനാരി
കോട്ടയം–10

www.malankaralibrary.com

# ആമുഖം

''മാലാഖമാർ എത്തിനോക്കാൻപോലും ഭയപ്പെടുന്നിടത്തു് ഭോഷന്മാർ പാഞ്ഞുകയറുന്നു'' എന്നൊരു ചൊല്ലുണ്ടല്ലോ. ഉദ്ധൃതോക്തിയിലെ മനോനിലയോടെയാണ് 'വിതയും കൊയ്ത്തും' (യേശുവിൻെറ ഉപമകൾ ഒരു പഠനം) പരസ്യപ്പെടുത്തുക. സെമിനാരി വിദ്യാഭ്യാസകാലത്തു് വി. ഗ്രന്ഥത്തോട്, പ്രത്യേകിച്ച് അതിലെ ഉപമകളോട്, സവിശേഷാകർഷണം തോന്നി. അന്ന് ഈയിനത്തിൽ ശേഖരിച്ച വിവരങ്ങൾ മലയാളത്തിൽ മലയാണ്മക്കാർക്കുകൂടി എത്തിച്ചുകൊടുത്താലോ എന്നൊരാഗ്രഹം മാത്രമാണ് ഗ്രന്ഥനിർമ്മിതിക്കുള്ള എൻെറ അധികാരവും അവകാശവും. നല്ലൊരാഗ്രഹം മാത്രം കൈമുതലുള്ള ഒരപക്വമതിയുടെ അവിവേകപൂർണ്ണമായ പ്രവൃത്തിയെന്ന് ഇതിനെ വിശേഷിപ്പിക്കുന്നതാവും ശരി. കാരണം ഞാനൊരു വേദപുസ്തക പണ്ഡിതനല്ല എന്നതുതന്നെ.

ഈ ഗ്രന്ഥത്തിൽ എൻേറതായി ഒന്നും ഇല്ലെന്നാണെൻെറ ചിന്ത. പ്രസിദ്ധരായ ബൈബിൾ പണ്ഡിതന്മാരുടെ ഉൾക്കാഴ്ചകൾ മലയാളഭാഷയിലാക്കിയിരിക്കുന്നു എന്നുമാത്രം കരുതിയാൽ മതി. ഇതെത്ര സത്യമാണെന്ന് ഓരോ പേജും വിളിച്ചറിയിക്കും. ജറമിയാസ്, ഡോഡ്, ഹണ്ടർ എന്നിവരുടെ കൃതികളാണ് മുഖ്യാലംബം. എങ്കിലും ഏതത്‌വിഷയത്തിൽ വൈദിക വിദ്യാഭ്യാസകാലത്തും അതിനുശേഷവും എനിക്ക് പ്രാപ്യമായ ഗ്രന്ഥങ്ങളും കൃതികളും ഉപയോഗിച്ചിട്ടുണ്ട്, ഉപകരിച്ചിട്ടുണ്ട്. പക്ഷേ, ദിനംപ്രതിയെന്നോണം നൂതനാഭിമുഖ്യങ്ങളോടെ പുതിയ ഗ്രന്ഥങ്ങൾ വിദേശഭാഷകളിലിറങ്ങുന്നതറിയുമ്പോൾ ഈ കൃതിയുടെ അപൂർണ്ണതകളെക്കുറിച്ച് എനിക്കുള്ള ഭയം പതിന്മടങ്ങു വർദ്ധിക്കുകയാണ്. എന്നാൽ കൂട്ട

www.malankaralibrary.com



തൽ പക്വവും പാണ്ഡിത്യപൂർണ്ണവുമായ നിർദ്ദേശങ്ങൾ സ്വീകരിച്ച് എന്റെ പഠനം കൂടുതൽ സമ്പുഷ്ടമാക്കാം എന്ന ആശ്വാസചിന്ത ധൈര്യമേകുന്നു.

വടവാതൂർ സെമിനാരിയിൽ അഭ്യസനം ലഭിച്ചതിനാലാണ് ഇങ്ങനെയൊരു സംരംഭത്തിനിടവന്നതെന്ന് ഞാൻ കരുതുന്നു. അന്ന് എഴുതിയ കുറിപ്പുകളും മററും വിദ്യാഭ്യാസശേഷം കിട്ടിയ തിരക്കേറിയ ഇടവകജീവിതവേളയിൽ ഭിത്തിയലമാരിയിൽ വിശ്രമിച്ചു—മൂന്നുകൊല്ലം! അവ നിത്യവിശ്രമം കൊള്ളുമോ എന്നും ഭയന്നു!! ഏതായാലും അങ്ങനെയുണ്ടായില്ല. ഇതിന്റെ പ്രസിദ്ധീകരണച്ചുമതല സസന്തോഷം ഏറെറടുത്ത എന്റെ മാതൃസ്ഥാപനത്തോടും വിശേഷിച്ച് റെക്ടർ പെരി. ബഹു. മോൺ. സഖറിയാസ് വാഴപ്പിള്ളിയോടും എനിക്ക് അതീവ കൃതജ്ഞതയുണ്ട്. ഈ കൃതിക്ക് എന്നെ സഹായിച്ചവർ നിരവധിയാണ്. പൈതൃകമായ ആശീർവാദമെഴുതിത്തന്നും വിജ്ഞാനപൂർണ്ണവും പ്രായോഗികവുമായ വിലയുററ നിർദ്ദേശങ്ങൾ നൽകിയും അനുഗ്രഹിച്ച അഭിവന്ദ്യപിതാവ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിനോടുള്ള പുത്രനിർവ്വിശേഷമായ കൃതജ്ഞത ഇതിൽ വാക്കുകളിൽ പ്രകടിപ്പിക്കട്ടെ. ഈ ഗ്രന്ഥത്തിന് എനിക്കേററം കടപ്പാട് വടവാതൂർ സെമിനാരിയിലെ ബൈബിൾ പ്രൊഫസറായ റവ. ഡോ. മാത്യു വെള്ളാനിക്കലിനോടാണ്; കൈയെഴുത്തുപ്രതി പല പ്രാവശ്യം വായിച്ച് നിർദ്ദേശങ്ങളും തിരുത്തലും നൽകി. പ്രൗഢമായ അവതാരിക എഴുതി കൃതിയെ ധന്യമാക്കി. ഈ കൃതി വെളിച്ചം കാണണമെന്ന് എന്നെക്കാൾ ആഗ്രഹവും നിർബ്ബന്ധവും അദ്ദേഹത്തിനായിരുന്നു. ആ വന്ദ്യഗുരുഭൂതനോട് എനിക്ക് നിസ്സീമമായ നന്ദിയുണ്ട്.

ഭാഷാ—പരിശോധന നടത്തിയ റവ. ഫാ. ഡാനിയേൽ അയ്യനേത്ത് (മലയാളം പ്രൊഫസർ, സെൻറ് ജോൺസ് കോളജ്, അഞ്ചൽ) അവർകളോടുള്ള നന്ദിയും പ്രകടിപ്പിച്ചുകൊള്ളട്ടെ. വടവാതൂർ സെമിനാരിയിലെ ബൈബിൾ പ്രൊഫസന്മാരായ ഡോ. ജോർജ് മങ്ങാട്ട്, ഡോ. ജോർജ് പുന്നക്കോട്ടിൽ കോതമംഗലം മെത്രാൻ, ഡോ. ജോസഫ് വലിയമംഗലം, ഡോ. ജോസഫ് കോട്ടയ്ക്കൽ എന്നിവരെല്ലാം വില

www.malankaralibrary.com



യേറിയ നിർദ്ദേശങ്ങളും മററ് സേവനവുംവഴി എന്നെ സഹായിച്ചിട്ടുണ്ട്. ലൈബ്രേറിയൻ ശ്രീ. കോശി നൽകിയ സഹായവും കൃതജ്ഞതയോടെ സ്മരിക്കുന്നു. ദുഷ്കരമായ ആദ്യത്തെ കൈയെഴുത്തു നോട്ടുകൾ പകർത്തിയെഴുതിത്തന്ന റവ. സിസ്റ്റർ സ്മിർത്താ S. I. C., റവ. സിസ്റ്റർ ഐറിൻ S. I. C., എന്നിവരോടും മുദ്രാലയത്തിൽ കൊടുക്കാനുള്ള കൈയെഴുത്തുപ്രതി പകർത്തിയെഴുതി സഹായിച്ച എന്റെ സഹോദരി ലിററിൽ സിസ്റ്റർ അന്ന ജ്യോതിസ്, ഏലിയാമ്മ എന്നിവരോടും പ്രസിൽ കൊടുക്കുന്നതിനു മുമ്പുള്ള അവസാന മിനുക്കുപണികൾ ചെയ്യാൻ സ്വസ്ഥമായൊരന്തരീക്ഷം സ്നേഹപുരസ്സരം സജ്ജീകരിച്ചേകിയ യേശുവിന്റെ കൊച്ചുസഹോദരികളോടും (ലിററിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ്, ബാംഗ്ളൂർ) എനിക്കുള്ള നിസ്സീമമായ നന്ദികുറിച്ചുകൊള്ളട്ടെ. ഈ ഗ്രന്ഥം ഭംഗിയായി മുദ്രണം ചെയ്ത മൂവാററുപുഴ മാർ മാത്യൂസ് പ്രസ്സ് മാനേജരോടും സഹപ്രവർത്തകരോടും അനുയോജ്യവും മനോഹരവുമായ കവർ ഡിസൈൻ നൽകിയ റവ. ബ്രദർ പോൾ പാലാട്ടിയോടുമുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തട്ടെ.

R. S. V. C. E. യിൽ നിന്നാണ് വേദപുസ്തകഭാഗങ്ങൾ പരിഭാഷപ്പെടുത്തിയിരിക്കുക. അനിവാര്യമായ ചില സാങ്കേതികപദങ്ങൾ ഉപയോഗിക്കേണ്ടിവന്നതിൽ ഖേദിക്കുന്നു. ഉപമകളോടുള്ള വിവിധ സമീപനത്തെക്കുറിച്ച് ഒരേകദേശ ജ്ഞാനം നാനാപ്രകാരേണ സഹായകമെന്നു കരുതിയാണ് പത്തോളം ഗ്രന്ഥകാരന്മാരെക്കുറിച്ച് ചർച്ചചെയ്തിട്ടുള്ളത്.

ഉപമകളിലാവിഷ്കൃതമായിരിക്കുന്ന സനാതന സന്ദേശമാസ്വദിച്ചാശ്വസിക്കാൻ ആർക്കെങ്കിലും സഹായകമായെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഫാദർ കുര്യൻ വാലുപറമ്പിൽ

സിറിയൻ കാതലിക് ചർച്ച്
തണ്ണിത്തോട് P.O.
കോന്നി
28-5-1977.

www.malankaralibrary.com

# ഉള്ളടക്കം


ആശീർവാദം

അവതാരിക

ആമുഖം

ഉള്ളടക്കം — പുറം

I ഉപമകൾ–ചില പൊതുവിവരങ്ങൾ — 1

1. ഉപമ എന്ത്? — 1
2. ഉപമാവ്യാഖ്യാനചരിത്രം — 4
3. യേശുവും ഉപമകളും — 32
4. ഉപമകൾക്കു വന്നുഭവിച്ച മാററങ്ങൾ — 38
5. ഉപമകളുടെ വിശ്വസനീയത — 50
6. ഉപമകളുടെ ഉദ്ദേശ്യം — 51
7. അനുബന്ധം: ശ്രദ്ധിക്കേണ്ട ഒരു കാര്യം — 58

II ഉപമാവ്യാഖ്യാനം — 59

I സമാഗതമായ ദൈവരാജ്യം: — 60
വളർച്ചയുടെ ഉപമകൾ — 65

II സ്വർഗ്ഗരാജ്യം ദൈവത്തിൻെറ കൃപാദാനം:
കരുണയുടെ ഉപമകൾ — 104

III ദൈവരാജ്യത്തിലെ അംഗങ്ങൾ — 158

1. സ്വർഗ്ഗരാജ്യത്തിനുവേണ്ടി സർവ്വതും ത്യജിക്കണം — 158
2. ചിന്തിച്ച് തീരുമാനിക്കണം — 161

www.malankaralibrary.com




3. പ്രായോഗിക വിവേകമുള്ളവരായിരിക്കണം 171

4. സ്വാർത്ഥരഹിതരും സേവനസന്നദ്ധരുമാവണം 181

5. ക്ഷമാശീലമുള്ളവർ 182

6. സീമാതീത സ്നേഹമുള്ളവർ 187

7. സജീവ വിശ്വാസമുള്ളവർ 192

IV ദൈവരാജ്യത്തിന്റെ നിർണ്ണായകത 201

1. ദൈവാഗമത്തെക്കുറിച്ച് ശ്രദ്ധാലുവായിരിക്കുക 204

2. വിധിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കുക 207

3. പശ്ചാത്തപിക്കുക 222

4. ജാഗരൂകരായിരിക്കുക 233

കർമ്മോപമകൾ 246

ഉപമകൾ സുവിശേഷപ്രഘോഷണത്തിൽ 248

സമന്വയം 251

സഹായകകൃതികൾ 254

വിശുദ്ധ ഗ്രന്ഥസൂചിക 257

ഗ്രന്ഥകർത്തൃസൂചിക 267

വിഷയസൂചിക 268

ഉപമാസൂചിക 270

www.malankaralibrary.com

### ഭാഗം ഒന്ന്

# ഉപമകൾ: ചില പൊതുവിവരങ്ങൾ

ബൈബിളിലെ ഉപമകൾ വളരെ പ്രാധാന്യമുള്ളവയാണ്. പ്രത്യേകിച്ച് പുതിയനിയമത്തിലേത്. കാരണം അതിൽ ലിഖിതമായിരിക്കുന്ന യേശുവിന്റെ പ്രബോധനങ്ങളുടെ മൂന്നിലൊരുഭാഗം ഉപമകളിലാണ്.

## 1 ഉപമ എന്ത്?

ഉപമ എന്നതിന്റെ ഇംഗ്ലീഷ്പദം 'പാരബിൾ' എന്നാണ്. പ്രസ്തുതപദത്തിന്റെ പുറപ്പാട് 'പരാബൊളേ' എന്ന ഗ്രീക്കുവാക്കിൽനിന്നും. 'പരാബൊളേ'യാകട്ടെ ഹീബ്രുവിൽ 'മഷാൽ' എന്നും അറമായയിൽ 'മത്ലാ' എന്നുമുള്ള പദങ്ങളുടെ സമാനപദമാണ്. 'ഒന്നിച്ചുവയ്ക്കുക', 'അടുത്തടുത്തു വയ്ക്കുക' എന്നർത്ഥവും. എങ്കിലും 'താരതമ്യം ചെയ്യുക' എന്ന അർത്ഥമാണ് പൊതുവെ സ്വീകരിച്ചിട്ടുള്ളത്.

പഴയ നിയമത്തിലെ 'മഷാൽ' (മത്ലാ) എന്ന പദത്തിന് വ്യാപകമായ അർത്ഥമുണ്ട്. സംസാരഭാഷയിൽ അത് വിവിധ അലങ്കാരപദങ്ങൾ സൂചിപ്പിച്ചിരുന്നു. സാദൃശ്യകഥ, ഉപമ, ലാക്ഷണികകഥ (രൂപകകഥ), കെട്ടുകഥ (Fable), പഴഞ്ചൊല്ല്, കാല്പനിക രൂപം, ഉദാഹരണം, പ്രമേയം, പ്രതീകം, ന്യായവാദം, സാധൂകരണം, തക്ഹാസ്യം എന്നെല്ലാം. ഇതുപോലെ പുതിയനിയമത്തിൽ 'പരാബൊളേ'ക്കും അർത്ഥവ്യാപ്തിയുണ്ട്. 'സാദൃശ്യകഥനം' എന്നു മാത്രമല്ല, ഉപമ (താരതമ്യം: ലൂക്കോ. 5, 36; മക്കോ. 3, 23), അടയാളം (എബ്രാ.
1. 9,9; 11,19), പഴഞ്ചൊല്ല് (ലൂക്കോ.4,23; 6,39), പ്രഹേ

www.malankaralibrary.com



ളിക (മക്കോ.7,7), ശാസനം (ലൂക്കോ.14,7) എന്നെല്ലാം അത്ഥമുണ്ടെന്നു് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു[1].

'മഷാൽ'ൻെറ ('പരാബൊാളേ'യുടെ) ധാത്വത്ഥം '(അതു) പോലെയായിരിക്കുക' എന്നാണു്. അതിനാലാവണം 'ഉപമ' എന്ന ഭാഷാന്തരീകരണത്തിനു് മലയാളത്തിൽ കൂടുതൽ സ്ഥാനം കിട്ടിയതു്. പക്ഷേ 'പരാബൊാളേ' വെറും ഉപമയല്ല. ഉപമാനോപമേയങ്ങൾ തമ്മിലുള്ള ചമത്ക്കാരകമായ സാദൃശ്യമാണു് ഉപമ. "ഫരിസേയർ വെള്ളതേച്ച ശവക്കല്ലറകൾ പോലെയാകുന്നു." ലളിതരൂപത്തിൽ, 'പരാബൊാളേ' എന്താണു്? പ്രകൃതിയിൽനിന്നോ സാമാന്യജീവിതത്തിൽനിന്നോ സ്വീകരിക്കുന്ന സജീവമായ ഉപമയാണു്. സജീവതയും അസാധാരണത്വവും അതിൻെറ ഒഴിച്ചുകൂടാനാവാത്ത സ്വഭാവമാണു്. അതിനാൽ ശ്രോതാവിൻെറ ശ്രദ്ധ പിടിച്ചുപററും. ജീവസ്സുററൊരു ചിന്തയാക്കിമാററാൻ ശ്രോതാവിനെ അലട്ടുന്നൊരു സംശയം അയാളുടെ മനസ്സിൽ അവശേഷിപ്പിക്കുകയും ചെയ്യും[2]. കഥയാക്കി വിപുലപ്പെടുത്തിയ ഉപമയാണു് പരാബൊളെ[3]. അതിനാൽ സാദൃശ്യകഥനം എന്ന വാക്കാണു് കൂടുതൽ യുക്തം. 'അന്യാപദേശം' എന്ന മലയാളപദവും അത്ഥയുക്തം തന്നെ. എങ്കിലും മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഉപമ എന്ന വാക്കാണു് ഈ ഗ്രന്ഥത്തിൽ തുടന്നുപയോഗിക്കുന്നതു്.

## ഉപമ – രൂപകം – ലക്ഷണകഥ

ഉപമയോടു് വളരെ ബന്ധപ്പെട്ടൊരു അലങ്കാരമാണു് രൂപകം. ഉപമയിൽനിന്നു് വ്യത്യസ്തമാണതാനും. വർണ്ണ്യാവർണ്ണ്യങ്ങൾക്കു തമ്മിൽ അഭേദം കല്പിക്കുന്നതാണല്ലോ രൂപകം. ഏതാണ്ടൊരു താദാത്മ്യ കല്പനയുണ്ടു് അതിൽ. ("നിങ്ങൾ ലോകത്തിൻെറ ഉപ്പാകുന്നു"). രൂപകം വിപുലമാക്കിയാൽ രൂപക കഥ (ലക്ഷണകഥ – allegory). ഇതും ഉപമയിൽനിന്നു് വിഭി

---

1. Joachim Jeremias, Parables of Jesus London, 1963, pp.13–14
2. CF. C.H. Dodd, The Parables of the Kingdom, London, 1963. p. 16
3. J. Jeremias, op. cit., p. 14

www.malankaralibrary.com



ന്നമാണ്. ലക്ഷണകഥയിലെ ഓരോ ഘടകത്തിനും വിശദാംശത്തിനും പ്രത്യേകം പ്രത്യേകം അർത്ഥമുണ്ട്. അതായത്, അതിൽ പല സന്ദേശങ്ങൾ അടങ്ങിയിരിക്കും. ഒരേ കഥയ്ക്ക് പല താത്വികപാഠങ്ങൾ ഉണ്ടായിരിക്കും. പല ആശയങ്ങളുണ്ട് ഈ അലങ്കാരത്തിന്. പഴയനിയമത്തിലും പുതിയനിയമത്തിലും ലക്ഷണകഥകൾക്കുദാഹരണങ്ങളുണ്ട്. എസക്കിയേൽ 17, 2–24 യൂദായിൽ ഏകച്ഛത്രാധിപത്യത്തെപ്പററിയുള്ള ഒരു ലക്ഷണകഥയാണ്. എഫേസിയർ 6, 13–17 രക്ഷാകവചത്തെപ്പററി പറയുന്ന ഒരു രൂപകകഥനമാണ്. റോമർ 11, 16–24 മനോഹരമായ മറെറാരു രൂപകകഥനമത്രേ. ഒലിവുമരം ദൈവജനമാണ്. കാട്ടൊലിവിന്റെ ശിഖരങ്ങൾ പുറജാതികളിൽനിന്നുള്ള ക്രിസ്ത്യാനികളും. വിഛിന്നശാഖകൾ വിശ്വാസരഹിതരായ യഹൂദരെക്കുറിയ്ക്കുന്നു. ഇങ്ങനെ വിശദാംശങ്ങളിൽ ഓരോന്നിനും പ്രത്യേകം അർത്ഥം.

ഉപമയ്ക്ക് ഒരു പ്രധാനാശയമേ ഉണ്ടായിരിക്കു. അതായത് കഥയ്ക്ക് പ്രധാനപ്പെട്ട ഒരു പാഠം. അത് വ്യക്തമാക്കാൻ സഹായിക്കുക മാത്രമാണ് വിശദാംശങ്ങൾ ചെയ്യുക. അവയ്ക്ക് പ്രത്യേക അർത്ഥമില്ല. എങ്കിലും ഉപമയ്ക്ക് പല ഉപഗുണപാഠങ്ങളാവാം.

ഉപമയും ലക്ഷണകഥയും തമ്മിലുള്ള വ്യത്യാസത്തിന് അമിതപ്രാധാന്യം കല്പിക്കുക അബദ്ധമാവും. ചില ഉപമകൾ വളരെ ദീർഘമായിരിക്കും. അവയിൽ ഉദ്ദിഷ്ടാശയത്തിന് അനുയോജ്യമായ വിശദാംശങ്ങളും ചേർത്തിരിക്കും. ബൈബിളിൽ 'പരാബൊളേ'യ്ക്ക് വ്യാപകമായ അർത്ഥവുമുണ്ടല്ലോ. രൂപകകഥയും അതിൽപ്പെടും.

ബൈബിളിലെ 'പരാബൊളേ'കളെ ഒരു പ്രത്യേക ഗണത്തിൽ ഒതുക്കിനിർത്താനാവില്ല. കേവലമായ ആലങ്കാരികോക്തികളും (ഉദാ: "ഫരീസരുടെ പുളിച്ചമാവിൽനിന്നു സൂക്ഷിച്ചുകൊള്ളുവിൻ") പ്രതിരൂപങ്ങളും (ഉദാ: "അത്തിയുടെ ഇലതളിക്കുമ്പോൾ വേനൽ അടുത്തുവെന്ന് നിങ്ങൾ പറയുന്നു") നിർദ്ദിഷ്ട അർത്ഥത്തിലുള്ള സാദൃശ്യകഥനങ്ങളും അതിൽപ്പെടും.[4]

4. Wilfred Harrington O. P, He Spoke in Parables, Dublin, 1964. P. 15

www.malankaralibrary.com



എങ്കിലും സാമാന്യജ്ഞാനത്തിനുതകുവാൻ ഏകദേശമായൊരു ലക്ഷണം മനസ്സിൽ വേണമല്ലോ. കേവലമായ ആലങ്കാരികോക്തികൾക്കു് ഒരു ക്രിയ മാത്രവും പ്രതിരൂപങ്ങൾക്കു് ഒന്നിൽ കൂടുതൽ ക്രിയയും ഉണ്ടാകും. എന്നാൽ ഉപമയ്ക്കു് (സാദൃശ്യകഥനത്തിനു്) അനേകം ഭൂതകാല ക്രിയകളുണ്ടു്[5].

വി. ഗ്രന്ഥത്തിൽ ഉപമയ്ക്കു് മതപരമായ അർത്ഥമാണല്ലോ. അവിടെയതു് ഉന്നതമായ ആദർശം സംവേദിക്കാനുള്ള മാദ്ധ്യമം മാത്രമാണു്. സാധാരണ കഥയാണെങ്കിലും അതു് ഭാവനയും ശ്രദ്ധയും പിടിച്ചുപററും. ശ്രോതാക്കളിൽ ബോദ്ധ്യം വളർത്തുകയാണു് ലക്ഷ്യം. മതാത്മകബോദ്ധ്യത്തിലെത്താനുള്ള മാർഗ്ഗമായി നന്നേ വർത്തിക്കും.

## 2 ഉപമാവ്യാഖ്യാനചരിത്രം

### A. പരമ്പരാഗതരീതി

വേദപുസ്തകത്തിലെ ഉപമകളോടുള്ള സമീപനത്തിൽ മാററങ്ങളുണ്ടായിട്ടുണ്ടു്. യേശുവിന്റെ മരണാനന്തരമുള്ള പ്രഥമശതകങ്ങളിൽത്തന്നെ അദ്ദേഹത്തിന്റെ ഉപമകൾ ഒരു പരിധിവരെ വ്യാഖ്യാനവിധേയമായി[6]. അതിനുശേഷം മട്ടുമാറി. ലക്ഷണകഥകളെന്നപോലെ വിശകലനം ചെയ്തുതുടങ്ങി. ഓരോ വിശദാംശത്തിലും നിഗൂഢസ്ഥിതമായ അർത്ഥമുണ്ടെന്നു ധരിച്ചു് അവ വ്യക്തമാക്കുന്ന രീതിയായി. ഈ ലാക്ഷണിക വ്യാഖ്യാനമായിരുന്നു അനേകനൂററാണ്ടുകളായി ഉപമാഭാഷ്യരംഗത്തു് സ്വീകരിച്ചിരുന്നതു്. അക്കാലമത്രയും ഉപമകളുടെ മൂലാർത്ഥം (original sense) മൂടപ്പെട്ടിരുന്നതാനും.

ഉപമകൾ ലാക്ഷണികവ്യാഖ്യാനത്തിനു് വിധേയമാക്കാൻ പല കാരണങ്ങൾ കാണാനാവും. ക്രിസ്തുവിന്റെ ലളിതമായ വാക്കുകളിലെല്ലാം അതിപ്രധാനമായ അർത്ഥം അടങ്ങിയിരിക്കുന്നുവെന്ന ചിന്തയും അതു് കണ്ടുപിടിക്കാനുള്ള അബോധാഭിലാഷവുമാണു് പ്രധാനം. പുരാണകഥകൾ (Myths) അതിനിഗൂഢജ്ഞാനവാഹികളായിക്കരുതി വ്യാഖ്യാനിക്കുക

5. C. H. Dodd, op. cit. P. 18
6. J. Jeremias, op. cit. p. 10 f

www.malankaralibrary.com



അംഗീകൃതമാർഗ്ഗമായിക്കഴിഞ്ഞിരുന്നു. ഗ്രീക്കസംസ്കാരാശ്ലേഷിതമായ യഹൂദസംസ്കാരം ലാക്ഷണികവ്യാഖ്യാനം അങ്ങേയററം വിലമതിച്ചു. ഇതേ രീതി തങ്ങളുടെ ഗുരുക്കന്മാരും തുടരണമെന്നു് ക്രിസ്തീയവിശ്വാസികൾ ആഗ്രഹിക്കയും ചെയ്തു. ഈ പ്രവണതയ്ക്കു് സുവിശേഷങ്ങളിൽത്തന്നെ നാലുഭാഗത്തു്[7] നല്കിയിരിക്കുന്ന ലാക്ഷണികവ്യാഖ്യാനം പിൻബലം നല്കയും ചെയ്തു. ഇതിലും ശക്തികൊടുത്തതു് കാക്ശ്യവാദം[8] എന്ന സിദ്ധാന്തമാണു്.

ഉപമകൾക്കു് അമിതമായ ലാക്ഷണിക വ്യാഖ്യാനം നല്കിയതു് സഭാപിതാക്കന്മാരാണു്. ഇതിനു് പിൻതലമുറക്കാരെ ഏറെ പ്രേരിപ്പിച്ചതു് പണ്ഡിതനായ ഒരിജനാണെന്നു പറയാം. (എന്നിരുന്നാലും അദ്ദേഹത്തിനു മുമ്പുതന്നെ ലാക്ഷണിക വ്യാഖ്യാനം തുടങ്ങിയിരുന്നു). അദ്ദേഹം, ''മുന്തിരിത്തോപ്പിലെ വേലക്കാർക്കു്'' നൽകുന്ന വ്യാഖ്യാനം നോക്കുക. വേലക്കാരിൽ ആദ്യം വിളിക്കപ്പെട്ടവർ സൃഷ്ടിമുതൽ നോഹ് വരെയുള്ള ജനത്തെ സൂചിപ്പിക്കുന്നു. രണ്ടാംകൂട്ടർ നോഹ് മുതൽ അബ്രാഹംവരെയുള്ളവരേയും ത്രിതീയഗണം അബ്രാഹം മുതൽ മോശവരെയുള്ളവരേയും കുറിക്കുന്നു. നാലാമത്തെക്കൂട്ടർ മോശമുതൽ ജോഷ്വാവരെയുള്ളവരേയും. അതുമുതൽ യേശുക്രിസ്തുവരെയുള്ളവരെ അഞ്ചാംഗണം സൂചിപ്പിക്കുന്നു. വീട്ടുടമസ്ഥൻ ദൈവവും നാണയം രക്ഷയുമത്രേ.

നല്ല ശമറായന്റെ കഥയും ഇത്തരം വ്യാഖ്യാനമാണു്. കള്ളന്മാരുടെ പിടിയിലമർന്ന ഹതഭാഗ്യൻ ആദാമത്രേ. ജറു

---

7. മർക്കോ. 4,14–20; മത്താ. 13,37–43; 47–50; ലൂക്കാ. 8, 11–15; വിതക്കാരന്റെ ഉപമ. യോഹ. 10,7–18: യേശു തൊഴുത്തിന്റെ വാതിലും നല്ല ഇടയനുമാകുന്നു.

8. ''അവർ (പുറത്തുള്ളവർ) പിന്തിരിഞ്ഞു് രക്ഷപ്രാപിക്കാതിരിക്കാൻ കണ്ടിട്ടും കാണാതിരിക്കയും കേട്ടിട്ടും മനസ്സിലാക്കാതിരിക്കയും ചെയ്യേണ്ടതിനാ''ണു് ഉപമകളിൽ സംസാരിക്കുന്നതെന്ന യേശുവിന്റെ വാക്കുകൾ അതേപടി സ്വീകരിക്കണമെന്ന സിദ്ധാന്തം. അതായതു് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ പുറത്തുള്ളവർ മനസ്സിലാക്കാതിരിക്കാനും അവർ കൂടുതൽ കഠിനഹൃദയരാകാനുമാണു് യേശു ഉപമകളിൽ സംസാരിച്ചതെന്ന വാദഗതി.

www.malankaralibrary.com



സലേം സ്വർഗ്ഗത്തേയും ജറീക്കോ ഭൂമിയേയും സൂചിപ്പിക്കുന്നു. കവർച്ചക്കാർ സാത്താനും അവൻെറ ദൂതന്മാരുമാണ്. പുരോഹിതൻ നിയമത്തേയും ലേവായൻ പ്രവാചകന്മാരേയും പ്രതിനിധാനം ചെയ്യുന്നു. നല്ല ശമറായൻ ക്രിസ്തുവാണ്. മുറിവേററ യാത്രക്കാരനെ വഹിച്ച മൃഗം ക്രിസ്തുവിൻെറ ശരീരവും. സത്രം സഭയത്രേ. രണ്ടുനാണയങ്ങൾ പിതാവും പുത്രനുമാണ്. തിരിച്ചുവരുമെന്നുള്ള ശമറായൻെറ വാഗ്ദാനം ക്രിസ്തുവിൻെറ ദ്വിതീയാഗമത്തെക്കുറിച്ചത്രേ.

സെൻറ് അഗസ്റ്റിൻ ലാക്ഷണികരീതി ഉപമാവ്യാഖ്യാനത്തിൽ കുറെക്കൂടി വ്യാപകമായി പ്രയോഗിച്ചു[9]. നല്ല ശമറായൻെറ ഉപമ വ്യാഖ്യാനിച്ചപ്പോൾ ചില വിശദീകരണംകൂടി നൽകുന്നു. ജറൂസലേം ആദിമപരിശുദ്ധിയിലുള്ള സ്ഥിതിയാണ്. ജറിഹോ മനുഷ്യൻെറ മർത്ത്യതയുടെ പ്രതീകവും. വി. പൗലോസാണ് സത്രം സൂക്ഷിപ്പുകാരൻ. നല്ല ശമറായൻ പകന്ന എണ്ണ പ്രതീക്ഷയും, വീഞ്ഞ് തീക്ഷ്ണതയുമത്രേ. മൃഗത്തിൻെറ പുറത്ത് കയററിയിരുത്തിയത് ക്രിസ്തുവിൻെറ മനുഷ്യനായിത്തീരലിലുള്ള വിശ്വാസത്തെ സൂചിപ്പിക്കുന്നു. സത്രം സഭയും 'നാളെ' ക്രിസ്തുവിൻെറ ഉയർപ്പിനുശേഷമുള്ള സമയവുമാകുന്നു. രണ്ടു നാണയങ്ങൾ സർവ്വപ്രധാനങ്ങളായ രണ്ടു കല്പനകളോ ഈ ജീവിതത്തിനും വരുവാനിരിക്കുന്ന ജീവിതത്തിനുമുള്ള വാഗ്ദാനമോ ആണ്. വി. അഗസ്റ്റിൻ ക്രിസ്തുവിൻെറ ഉപമകൾ മിക്കതും ലക്ഷണകഥകളായി വ്യാഖ്യാനിച്ചിട്ടുണ്ട്. സഭാപിതാവായ മാർ ഗ്രിഗോറിയോസും ഇത്തരം വ്യാഖ്യാനത്തിന് പ്രതിപത്തി കാണിക്കുന്നു.

ആധുനികകാലത്തും ലാക്ഷണിക വ്യാഖ്യാനത്തിനു പ്രതിപത്തി കാണുന്നുണ്ട്. പ്രസംഗപീഠങ്ങളിലാണ് പ്രധാനമായും[10]. കവർച്ചക്കാരുടെ പിടിയിലമർന്ന ആ മനുഷ്യൻ അന്ധ

---

9. Cf. Questiones Evangeliorum, II, 19

10. Harrington O.P, op. cit., s.c 26–28 eg from F.A. Reuter, Homiletic sermonettes on the Gospels, St. Louis, 1925, s.c 263f.

www.malankaralibrary.com



സരണക്കേടെന്ന പാപംവഴി കൃപാവരാവസ്ഥയിൽനിന്നു് നിപതിച്ച മനുഷ്യവംശത്തിന്റെ ചിത്രമാണവതരിപ്പിക്കുക. (ഉപമയിലെ ഹതഭാഗ്യനായ പഥികനു് ഇതു് എത്രമാത്രം സംഗതം?). മനുഷ്യവംശത്തിനേററ മുറിവു് മരണകരമായിരുന്നു. എങ്കിലും ഭേദപ്പെടുത്താവുന്നതത്രേ. സുഖപ്പെടുത്താൻ നല്ല ശമറായനേ കഴിയൂ. അതായതു് അനാദ്യന്തവചനത്തിനു മാത്രം........അവൻ നമ്മുടെ മുറിവുകളിൽ കൃപാവരത്തിന്റെ എണ്ണയും ദിവ്യസ്നേഹത്തിന്റെ വീഞ്ഞും പകർന്നു; ദിവ്യ പാനീയമാകുന്ന തുണികൊണ്ടു് നമ്മുടെ മുറിവുകൾ വച്ചുകെട്ടി. നമ്മെ രക്ഷയുടെ സത്രത്തിലേക്കു് ആനയിച്ചു. അവിടെ നാം അതിന്റെ ശുശ്രൂഷകരുടെ സംരക്ഷണയിലാണു്. നമ്മുടെ ആവശ്യങ്ങൾ നിറവേററാൻവേണ്ട രണ്ടു കാര്യങ്ങൾ – ഉപദേശവും കൂദാശകളും – അദ്ദേഹം തന്റെ പുരോഹിതന്മാർക്കു് ഏല്പിച്ചിരിക്കുന്നു.

വിശ്വാസവിഷയങ്ങൾ വിവരിക്കാനുതകുന്ന ഇത്തരം വിശദീകരണവും ഉപദേശങ്ങളും നല്ലതാണു്. പക്ഷേ പില്ക്കാലസാഹചര്യങ്ങളിൽ രൂപംപൂണ്ട പഠനങ്ങളും വിശദീകരണങ്ങളും യേശുവിന്റെ ഉപമകളുടെ ആദ്യർത്ഥമായി (Original Meaning) ആരോപിക്കയോ അന്വേഷിക്കയോ അരുതു്. എങ്കിലും ലാക്ഷണിക വ്യാഖ്യാനമേ പാടില്ല എന്ന നിലയിലേക്കു് എടുത്തുചാടരുതുതാനും.

B. ആധുനിക ഉപമാവ്യാഖ്യാതാക്കൾ

ഉപമാഭാഷ്യത്തിൽ അതിപ്രധാനമായ മാററം വരുത്തുവാൻ പര്യാപ്തമായ മാർഗ്ഗങ്ങൾ തുറന്നുകൊടുത്ത ഏതാനും ആധുനികപണ്ഡിതന്മാരുണ്ടു്. അവരിൽ പ്രമുഖരായ ചിലരുടെ പഠനങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണു്.

i അഡോൾഫ് ജൂലിഖർ (19–ാം നൂററാണ്ടു്)

ഉപമാഭാഷ്യരംഗത്തു് സ്ഥായിയും വിപ്ലവാത്മകവുമായ പരിവർത്തനം വരുത്തിയ ആളാണദ്ദേഹം. ആധുനിക ഉപമാഭാഷ്യത്തിന്റെ പിതാവു് എന്നദ്ദേഹം അറിയപ്പെടുന്നു. 1889–ൽ ജർമ്മൻഭാഷയിൽ പ്രസിദ്ധീകൃതമായ അദ്ദേഹത്തിന്റെ ഗ്രന്ഥമാണു് ആധുനികവ്യാഖ്യാനരീതിയ്ക്കു് തുടക്കമിട്ടതു്. അതു്

www.malankaralibrary.com



ഉപമകൾ ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്ന മാർഗ്ഗം കാണിച്ചു. ഉപമയും രൂപകകഥയും രണ്ടാണെന്ന് അദ്ദേഹം വ്യക്തമായി സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ യേശുവിന്റെ യഥാർത്ഥജീവിതത്തിൽനിന്നെടുത്ത സംഗതികളാണ് ഉപമകൾ. അവയ്ക്ക് ഒരൊററ ആശയമേ ഉള്ളു. ലക്ഷണകഥയ്ക്ക് പല ആശയങ്ങളുണ്ട്. ലക്ഷണകഥാംശങ്ങളൊന്നുമില്ലാത്ത ലളിതമായ സാരോപദേശകഥകളാണ് യേശുവിന്റെ ഉപമകൾ. അവയിൽക്കാണുന്ന ലക്ഷണകഥാഘടകങ്ങൾ പില്ക്കാലസൃഷ്ടിയാണ്. ഇങ്ങനെ നോക്കുമ്പോൾ സമീകരിക്കാവുന്ന കഥാപാത്രങ്ങളുള്ള ഉപമകൾ[11] ആദിമസഭ സൃഷ്ടിച്ചതാണ്. അതുപോലെ ബൈബിളിൽത്തന്നെ ലാക്ഷണികവ്യാഖ്യാനത്തിന് വിധേയമായ ഉപമകളുണ്ടല്ലോ[12]. യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്വയം നല്ലിടയനും മുന്തിരിയുമായി രൂപണം ചെയ്യുന്നു. ഇവ ലക്ഷണകഥകളാണ്; ഇവയൊന്നും യേശു പറഞ്ഞതല്ല എന്നത്രേ ജൂലിഖറിന്റെ നിലപാട്. യേശുവിന്റെ ഉപമകൾക്ക് ലാക്ഷണികവ്യാഖ്യാനം ഒട്ടും ശരിയല്ലെന്നു മാത്രമല്ല, അത് പലപ്പോഴും തെററിൽക്കൊണ്ടെത്തിക്കുമെന്നും അദ്ദേഹം സമർത്ഥിച്ചു.

ഉപമയിലെ ഏക പ്രധാനാശയത്തിന് ഒരു ഗുണപാഠത്തിന്റെ സ്വഭാവമാണുള്ളത്; അതിനാൽ പ്രസ്തുത ആശയത്തിന് ആവുന്നത്ര വ്യാപകമായ അർത്ഥം കല്പിക്കണം; എങ്കിൽ അത് ഉപമയുടെ യഥാർത്ഥ ആശയമായിരിക്കും. ഇതാണ് ഉപമയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ രണ്ടാമത്തെ പ്രധാന വീക്ഷണം. ഉദാഹരണത്തിന്[13] നല്ല ശമറായന്റെ ഉപമയുടെ ആശയം വിവരിക്കുന്നു. സ്വയം ത്യാഗം സഹിച്ച്

---

11. ഉദാ: മുന്തിരിത്തോട്ടത്തിലെ ദുഷ്ടരായ കൃഷിക്കാരുടെ ഉപമ. അതിൽ വേലക്കാർ പ്രവാചകന്മാരും പുത്രൻ യേശുക്രിസ്തുവും ഉടമസ്ഥൻ ദൈവവുമാണല്ലോ.

12. മർക്കോ. 4, 13–20: വിതക്കാരനും വിത്തും; മത്താ. 13, 36-43 വിത്തിനിടയിലെ കള; മത്താ. 13, 49–50: കടലിൽ എറിഞ്ഞ വല മുതലായവ ഉദാഹരണങ്ങൾ.

13. കാണുക: ജോൺ മുരിങ്ങമററം, ''ഉപമാഭാഷ്യത്തിലെ നൂതന സരണികൾ'' മതവും ചിന്തയും, ആലുവാ, ലക്കം.5 പുസ്തകം 53 (1973 മേയ്) പുറം 10.

www.malankaralibrary.com



ചെയ്യുന്ന യഥാർത്ഥസ്നേഹത്തിൻെറ പ്രവൃത്തിയാണ് ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പിൽ വിലയുററ കൃത്യം. അവിടെ സ്ഥാനമാനത്തിനോ കുലമഹിമക്കോ ഒന്നിനും സ്ഥാനമില്ല. ധനവാൻേറയും ലാസറിൻേറയും ഉപമയുടെ ഉദ്ദേശ്യമിതാണ്: അമിതമായ സുഖലോലുപതയിൽ ഭയമുളവാക്കുക; ദുരിതപൂരിതമായതിൽ സന്തോഷം ജനിപ്പിക്കുക.

ജൂലിഖറിൻെറ സംഭാവന വിലയുററതാണ്. എങ്കിലും അദ്ദേഹത്തിൻെറ നിലപാട് അല്പം കടന്നുപോയി എന്ന് ചിന്തിക്കുന്നവരാണ് അദ്ദേഹത്തിനു ശേഷമുള്ള ബൈബിൾ പണ്ഡിതന്മാർ. ഉപമയും രൂപകകഥയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിയതും ഉപമാവ്യാഖ്യാനത്തിന് ശാസ്ത്രീയ പ്രതിപാദനരീതി ആവിഷ്കരിച്ചതും അദ്ദേഹത്തിൻെറ വലിയ നേട്ടങ്ങളാണ്[14]. പക്ഷേ ജൂലിഖറിൻെറ നിലപാടിന് അടിസ്ഥാനപരമായ ചില തകരാറുകളുണ്ട്. ഏകപക്ഷീയത അല്പം കലശലായിപ്പോയി. ഉപമയുടെ ഏകപ്രധാനാശയം ഏററം വ്യാപകമായിരുന്നാലേ യഥാർത്ഥ ആശയമാകൂ എന്ന് ശഠിക്കുന്നതു് വലിയ തെററാണെന്ന് സി. എച്ച്. ഡോഡ് ചൂണ്ടിക്കാട്ടുന്നു. കാരണം അതുവഴി യേശുവിനെ കേവലമൊരു ധാർമ്മികോപദേഷ്ടാവായി താഴ്ത്തുന്നു. 19–ാം നൂററാണ്ടിൽ ജർമ്മനിയിൽ പ്രചരിച്ചിരുന്ന 'തിയളോജിക്കൽ ലിബറലിസം'[15] ജൂലിഖറിൽ ചെലുത്തിയ സ്വാധീനം അദ്ദേഹത്തിൻെറ നിലപാടിൽ പ്രകടമാണ്. ജൊവാക്കിംജറമിയാസിൻെറ നോട്ടത്തിൽ ജൂലിഖറിൻെറ വലിയതെററ് യേശുവിൻെറ ഉപമകൾ അവിടത്തെ യുഗാന്ത്യാത്മകത (eschatology) യുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നില്ല എന്നതാണ്. ജൂലിഖർ പകുതി ജോലി ചെയ്തു. പ്രധാനഭാഗം ഇനിയും കിടക്കുന്നു. അതായതു് ഉപമകൾ അവ പിറന്നുവീണ പശ്ചാത്തലത്തിൽ (original situation or life–situation = മൗലികപശ്ചാത്തലത്തിൽ അഥവാ സജീവപശ്ചാത്തലത്തിൽ) പുനർദർശിച്ച് അവയുടെ മൗലികാർത്ഥം (original meaning), യേശു

14. ടി. പുറം. 10

15. യേശുവിൻെറ വ്യക്തിത്വം പരിഗണിക്കാതെ പഠനങ്ങളിൽ മാത്രം താല്പര്യം കാണിക്കുന്ന പ്രവണത.

www.malankaralibrary.com



ഉദ്ദേശിച്ചതും അദ്ദേഹത്തിന്റെ ശ്രോതാക്കൾ ഗ്രഹിച്ചതുമായ അത്ഥം, കണ്ടുപിടിക്കുക. ജൂലിഖറിന്റെ മറ്റൊരു തെറ്റു് ജറമിയാസ് ചൂണ്ടിക്കാട്ടുന്നു. ഉപമയും ലക്ഷണകഥയും തമ്മിൽ നിഷ്കൃഷ്ടവും അലംഘ്യവുമായ അതിർവരമ്പുകൾ കാട്ടി വേർതിരിച്ചിട്ടില്ല ബൈബിളിൽ. 'പരാബൊളേ' യിൽ ഇവയെല്ലാം ഉൾപ്പെടുമല്ലോ. ആ നിലയ്ക്കു് ജൂലിഖറി ന്റെ കൃതകൃത്യവിഭജനം ബൈബിളിലെ ഉപമകളുടെ സ്വഭാ വത്തോടു പൂർണ്ണമായി യോജിക്കുന്നില്ല. എങ്കിലും അവ തമ്മി ലുള്ള അന്തരം വ്യക്തമായിരിക്കണം.

ii രൂപനിരൂപണസ്കൂൾ (Form Criticism school)[16] ഉപമക ളുടെ കാര്യത്തിൽ കാര്യമായൊന്നും ചെയ്തില്ല. എന്നിരി ക്കിലും ബൈബിളിലെ ഉപമകൾ, ഉപമ, താരതമ്യം, സാദൃ ശ്യകഥ, ചിത്രീകരണം, രൂപക(ലക്ഷണ)കഥ, വിശദീക രണം എന്നിങ്ങനെ തരംതിരിച്ചു. ഇവ തമ്മിലുള്ള വ്യത്യാ സവും ചൂണ്ടിക്കാട്ടി. പക്ഷേ അതും 'പരാബൊളേ'യ്ക്കു് ബൈ ബിളിലുള്ള അത്ഥത്തിനു് അനുയോജ്യമല്ലല്ലോ. "യേശുവി ന്റെ ഉപമകളെ ഗ്രീക്കുപ്രസംഗകലയിലെ തരംതിരിവുകൾക്കു ള്ളിലൊതുക്കുക അവയുടെമേൽ ഒരു പരദേശനിയമം വച്ചുകെട്ടു കയാവും"[17]. രൂപനിരൂപണസ്കൂളിന്റെ സ്ഥായിയായ ഉൾ ക്കാഴ്ചകൾ അതുതന്നെ ഉപമാപഠനത്തിൽ ഫലപ്രദമായി പ്ര യോഗിച്ചില്ല.

iii എ. റ്റി. കഡു (A. T. Cadoux)[18]

ഉപമാപഠനത്തിൽ അവഗണനീയമല്ലാത്ത സംഭാവന ന ല്കിയ അടുത്ത ആളാണദ്ദേഹം. കഡു അല്പംകൂടി മുമ്പോട്ടുപോ

16. സുവിശേഷ സംഭവങ്ങളുടേയും പ്രസ്താവങ്ങളുടേയും സാഹചര്യ വും ഉദ്ദേശ്യവും കണ്ടുപിടിക്കാൻ സഹായിക്കുന്ന ബൈബിൾപരമായ സാ ഹിത്യശാഖ. സുവിശേഷഗ്രന്ഥം രൂപപ്പെട്ടതു് ഏറെക്കാലംകൊണ്ടാണു്. അതു് തുടങ്ങിയതു് യേശുവിന്റെ വാക്കുകളുടേയും പ്രവൃത്തനങ്ങളുടേയും വെവ്വേറെയുള്ള വായ്മൊഴി രൂപങ്ങളായാണു്. ഉപമകൾ, അത്ഭുതവിവ രണങ്ങൾ ഇങ്ങനെ ഓരോ രൂപത്തിൽ. ഓരോ സാഹചര്യത്തിനൊത്തു് യേശു അവ പറയുകയും പ്രവർത്തിക്കയും ചെയ്തു.

17. J. Jeremias, op. cit. , p. 14.

18. അദ്ദേഹത്തിന്റെ ഗ്രന്ഥം: The Parables of Jesus, New York, 1931

www.malankaralibrary.com



യി. ഉപമയും ഒരു കലാരൂപമാണെന്നു സ്ഥാപിച്ചു. കൂടാതെ, അവ യേശുവിൻെറ ജീവിതപശ്ചാത്തലത്തിൽ പുനർനിവേശിപ്പിച്ച് വിശകലനം ചെയ്യണമെന്നു നിർദ്ദേശിച്ചു. എന്നാൽ സവിശേഷ പ്രാധാന്യമുള്ള ഈ തത്വം സ്വന്തകൃതി(1931)യിൽപ്പോലും അദ്ദേഹം വേണ്ടവിധം പ്രയോഗിച്ചില്ല. പിന്നാലെ വന്ന ബി. ററി. സ്മിത്ത് 'സിനോപ്റ്ററിക് സുവിശേഷങ്ങളിലെ ഉപമകൾ' എന്ന തൻെറ ഗ്രന്ഥത്തിൻെറ പലഭാഗത്തും ഉപമകളുടെ ചരിത്രപശ്ചാത്തലത്തിലേക്ക് വെളിച്ചംവീശുന്നതിൽ വിജയിച്ചു. പക്ഷേ അവയുടെ ദൈവശാസ്ത്രപരമായ വ്യാഖ്യാനം നല്കുന്നതിൽ പരാജയപ്പെട്ടു. ബാഹ്യരൂപത്തിൽ മാത്രമേ ശ്രദ്ധിച്ചുള്ളു.

iv സി. എച്ച്. ഡോഡ്

മുൻഗാമികളുടെയെല്ലാം പ്രവൎത്തനങ്ങൾ സമാഹരിച്ചുകൊണ്ട് പ്രശംസാർഹമായ ഒരു രീതി ഡോഡ് ആവിഷ്കരിച്ചു. അദ്ദേഹത്തിൻെറ 'The Parables of the kingdom' എന്ന ഗ്രന്ഥം ഉപമാഭാഷ്യത്തിൽ പുതിയൊരു യുഗം ഉദ്ഘാടനംചെയ്തു. ഉപമകളെ യേശുവിൻെറ ജീവിതപശ്ചാത്തലത്തിൽ പുന:പ്രതിഷ്ഠിച്ച് വിശകലനം ചെയ്യാനുള്ള അദ്ദേഹത്തിൻെറ ശ്രമം വിജയകരമായിരുന്നു. ഈ വഴിയ്ക്ക് ആദ്യശ്രമം നടത്തിയതും അദ്ദേഹമാണ്. പക്ഷേ സ്വർഗ്ഗരാജ്യത്തിൻെറ യുഗാന്ത്യപരതയ്ക്കു മാത്രം പ്രാധാന്യം നല്കി ആ മാനത്തിലൂടെ മാത്രമേ ഉപമകൾ വീക്ഷിച്ചുള്ളു. എങ്കിലും യേശുവിൻെറ ഉപമകളുടെ സന്ദേശത്തെപ്പററി പ്രതിപാദിക്കാനും അദ്ദേഹം മറന്നില്ല.

ഡോഡിൻെറ കൃതിയ്ക്ക് രണ്ടു പോരായ്മകളാണ് ചൂണ്ടിക്കാട്ടാറുള്ളത്. സ്വർഗ്ഗരാജ്യത്തെപ്പററിയുള്ള ഉപമകൾ മാത്രമേ അദ്ദേഹം ചർച്ചചെയ്യുന്നുള്ളല്ലോ. അതു് ആ പഠനത്തെ പരിമിതപ്പെടുത്തുന്നു. രണ്ടാമതു് യേശു അവതരിപ്പിച്ച യുഗാന്ത്യം പരിപൂർണ്ണമായി സാക്ഷാത്കൃതമായിക്കഴിഞ്ഞ ഒന്നായാണ് ഡോഡ് ഗ്രഹിക്കുന്നത്. അല്പം കടന്ന ഏകപക്ഷീയതയുണ്ടിവിടെ. അതദ്ദേഹത്തിൻെറ അതിവിദഗ്ദ്ധമായ പ്രതിപാദനത്തിന് കുറെ മങ്ങലേല്പിക്കുന്നുണ്ടുതാനും.

www.malankaralibrary.com



## V ജൊവാക്കിം ജറമിയാസ്

ബൈബിൾഭാഷ്യരംഗത്തുതന്നെ അതിപ്രധാനമായ സ്ഥാനമുള്ള ആളാണ് ജറമിയാസ്. വി. ഗ്രന്ഥത്തിന്റെ ചരിത്രാത്മകതയിലേക്ക് വെളിച്ചം വീശുന്ന അദ്ദേഹത്തിന്റെ പ്രതിപാദനം. ഉപമാഭാഷ്യത്തിൽ ഏററം കനത്ത സംഭാവന നല്കിയതു് ജറമിയാസ് ആണെന്നു പറയാം. അദ്ദേഹത്തിന്റെ The parables of Jesus (യേശുവിന്റെ ഉപമകൾ) എന്ന കൃതി ഉപമാപഠനരംഗത്തു് ചരിത്രം സൃഷ്ടിച്ച ഗ്രന്ഥമാണ്. ഒററ ശ്ലോകത്താൽ ഈ രംഗത്തു് കൈവന്നിട്ടുള്ള ഏററവും മികച്ച നേട്ടവും. അതുപോലെ ചരിത്രപുരുഷനായ യേശുവിനെക്കുറിച്ചുള്ള ആധുനിക പഠനങ്ങൾക്ക് വളരെ സഹായകമായ ഗ്രന്ഥവുമാണതു്. യേശുവിന്റെ ഉപമകൾ (വാക്കുകൾ പൊതുവെ) അവ പറഞ്ഞ പശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ച് അവയുടെ ആദ്യരൂപത്തിൽ ശ്രവിക്കാനും ഗ്രഹിക്കാനുമാണ് ജറമിയാസിന്റെ മുഖ്യ ശ്രമം. യേശു അവതരിപ്പിച്ച ദൈവാവിഷ്ക്കരണത്തിന്റെ ഉറവിടവും വിശ്വാസത്തിന്റെ അടിസ്ഥാനവും ഇവയാണെന്നദ്ദേഹം കരുതുന്നു. ശുദ്ധമായ ഈ താല്പര്യം അദ്ദേഹത്തിന്റെ ഗവേഷണങ്ങൾക്ക് മാർഗ്ഗദർശിയായി നില്ക്കുന്നു. ഈ രീതിയിൽ മുന്നേറാൻ അദ്ദേഹത്തിന് പ്രേരണ നല്കിയതു് ആൽബർട്ട് ഷ്വൈററ്സറാണ്. ഷ്വൈററ്സർ യേശുവിനെപ്പററി ചരിത്രപരമായ പഠനം സാദ്ധ്യമല്ല എന്ന നിലപാടെടുത്തു. അത്തരമൊരു പഠനത്തിനുള്ള ദുഷ്ക്കരമായ പ്രതിബന്ധങ്ങൾ അദ്ദേഹമുന്നയിക്കുന്നുണ്ട്. ഇതൊരു വെല്ലുവിളിയായി ജറമിയാസ് സ്വീകരിക്കുന്നു. രണ്ടുവിധത്തിൽ പ്രസ്തുത പ്രതിബന്ധങ്ങൾ അതിജീവിക്കാൻ അദ്ദേഹം ശ്രമിക്കുന്നു.

ഒന്നു്: യേശുവിന്റെ കാലത്തെ പലസ്തീനിയാക്കാരുടെ ജീവിതരീതിയെക്കുറിച്ചും ചിന്താഗതികളെപ്പററിയുമുള്ള ചരിത്രവസ്തുതകളെക്കുറിച്ചുള്ള ഗവേഷണം, ജീവിതത്തിന്റെ നല്ലൊരു പങ്ക് അതിനാണദ്ദേഹം വിനിയോഗിച്ചിട്ടുള്ളതു്. അവയെപ്പററി ആധികാരികമായി സംസാരിക്കാൻ അദ്ദേഹത്തിനുള്ള കഴിവ് പൊതുവെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ചരിത്രപുരുഷനായ യേശുവിനോട് ഏററവുമടുത്തു ബന്ധപ്പെ

www.malankaralibrary.com



ടാൻ കഴിയുന്നതു് അദ്ദേഹത്തിൻെറ ഉപമകളിലൂടെയാണെന്നാണു് ജറമിയാസിൻെറ പക്ഷം. കാരണം സുവിശേഷത്തിൻെറ ഇതരഭാഗങ്ങളിലെന്നതിലും ഉപമകളിൽ യേശുവിൻെറ പ്രബോധനം ശുദ്ധരൂപത്തിൽ ദൃശ്യമാണു്. പക്ഷേ ഇന്നു് ഉപമകൾ ആദ്യരൂപത്തിലല്ല നമുക്കു് ലഭ്യമായിരിക്കുന്നതു് എന്നദ്ദേഹം സമത്ഥിക്കുന്നു. യേശുക്രിസ്തുവിൻെറ ഉയപ്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം ആ ആചാര്യൻെറ ശിഷ്യഗണം അഭിമുഖീകരിച്ച പ്രത്യേക സാഹചര്യങ്ങളനുസരിച്ചു് ഉപമകൾക്കു് പല വ്യതിയാനങ്ങളും വന്നുചേന്നിട്ടുണ്ടു്. സുവിശേഷങ്ങൾ ലിഖിതരൂപത്തിലാകുന്നതിനു മുമ്പുതന്നെ ആരംഭിച്ച ഇത്തരം മാററങ്ങൾ. അതിനാൽ ഇന്നു് സുവിശേഷഗ്രന്ഥത്തിൽ ഉപമകൾ ആദിമസഭ വരുത്തിയ മാററങ്ങൾക്കു വിധേയമായ രൂപത്തിലുള്ളതാണു്. കൂടാതെ സുവിശേഷകന്മാരും ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടു്. (ഇവയെപ്പററി പിന്നാലെ കാണാം). ഇങ്ങനെ നോക്കുമ്പോൾ സുവിശേഷങ്ങളിലെ ഉപമകൾക്കു് രണ്ടു് പശ്ചാത്തലമുണ്ടു്. ഒന്നു്: അവയുടെ മൗലിക (original) പശ്ചാത്തലം. യേശുവിൻെറ ജീവിതപ്രവത്തനങ്ങളിൽ അവ പറയപ്പെട്ട സാഹചര്യം. രണ്ടു്: ആദിമസഭയുടെ പശ്ചാത്തലം. ഉത്ഥാനാനന്തരമുള്ള പ്രത്യേകസാഹചര്യമാണതു്. അപ്പോൾ സഭ അഭിമുഖീകരിച്ച സാഹചര്യങ്ങൾക്കനുസൃതമായി പല മാററങ്ങൾ അവയിൽ വരുത്തി. ഇക്കാര്യം കുറെക്കൂടി വിശദമാക്കാം.

ജറമിയാസിൻെറ നോട്ടത്തിൽ ഉപമാഭാഷ്യകാരൻെറ ധമ്മങ്ങൾ ഇവയാണു്; ഒന്നാമതു് ഉപമകൾ അവയുടെ ആദ്യപശ്ചാത്തലത്തിൽ പുനർനിവേശിപ്പിക്കുക. ഓരോ ഉപമയും യേശുക്രിസ്തുവിൻെറ ജീവിതത്തിലും പ്രവത്തനത്തിലും ഓരോ പ്രത്യേകസാഹചര്യത്തിൽ പറഞ്ഞതാണു്. അതാണു് മൂല (ജീവ) പശ്ചാത്തലം. എല്ലാ ഉപമകൾക്കുമുണ്ടതു്. യേശു ഉപമകൾ പറഞ്ഞതു് നമ്മെപ്പോലെയുള്ള മനുഷ്യരോടാണു്. അതാതു് സന്ദർഭങ്ങൾക്കു പററിയ ഉപമകൾ തദനുയോജ്യമായ സാഹചര്യത്തിൽനിന്നു സ്വീകരിച്ചവതരിപ്പിക്കുകയാണു് യേശു ചെയ്തതു്. അതിനാൽ ഓരോന്നിനും നിശ്ചിതമായ ചരിത്രപശ്ചാത്ഭൂമികയുണ്ടു്. അതിൽ ദർശിച്ചാലേ ഉപമയുടെ മൂലാത്ഥം ലഭിക്കു. മൂലപശ്ചാത്തലം കണ്ടുപിടിക്കുക ശ്രമകരമത്രേ. ഇതെങ്ങനെ സാധിക്കും?

www.malankaralibrary.com



മത്തായി 13–ാം അദ്ധ്യായത്തിലെ ഉപമാസമുച്ചയം നോക്കിക്കൊണ്ട് പ്രശ്നം ഇപ്രകാരം അവതരിപ്പിക്കാം. നമ്മുടെ കാലത്തെ സമർത്ഥനായൊരു പ്രസംഗകൻ ചെയ്ത പ്രഭാഷണത്തിൽനിന്ന് കുറേ വിശദീകരണകഥകൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളുവെന്നിരിക്കട്ടെ. അവ വെറുതെ അടുക്കിവച്ചാലെന്നപോലെയാണ് മത്തായി 13–ാം അദ്ധ്യായത്തിൽ. ഓരോ കഥകൊണ്ടും പ്രസംഗകൻ എന്താണുദ്ദേശിക്കുന്നതെന്ന് മനസ്സിലായാലേ ആ സമുച്ചയത്തിന്റെ പൂർണ്ണമായ അർത്ഥം കിട്ടൂ. ഉദ്ദേശ്യം മനസ്സിലാകണമെങ്കിൽ കഥ പറഞ്ഞ സാഹചര്യം അവശ്യം അറിയണമല്ലോ. അതുപോലെ യേശു ഉപമ പറഞ്ഞ പശ്ചാത്തലത്തിൽ മാത്രമേ ആ ഗണത്തിലെ ഓരോന്നിന്റേയും അർത്ഥം വ്യക്തമാകൂ[19].

യേശുവിന്റെ ശ്രോതാക്കൾക്ക് അദ്ദേഹത്തിന്റെ സ്വരവും സന്ദേശവും ഏറെക്കുറെ വ്യക്തമായിരുന്നു. നമ്മെക്കാൾ വേഗം ഗ്രഹിക്കാമായിരുന്നു. നമ്മുടെ സ്ഥിതി അതല്ല. അവരുടേതിൽനിന്ന് എത്രയോ വിഭിന്നമായ കാലഘട്ടത്തിലും സാഹചര്യത്തിലുമാണ് നാം ജീവിക്കുക! ഈ വ്യത്യാസം യേശുവിന്റെ ഉപമകൾ നമുക്ക് ഒട്ടൊക്കെ ദുർഗ്രഹമാക്കിത്തീർത്തിരിക്കുകയാണെന്നു പറയാം. അവയുടെ ഈററില്ലത്തിൽ പുനഃപ്രതിഷ്ഠിക്കുക ശ്രമകരമായിരിക്കുന്നു. അതേ സമയം നാം ഏറെക്കുറെ അനുഗ്രഹീതമായ അവസ്ഥയിലാണ്, അവ മനസ്സിലാക്കുന്നതിൽ. നമുക്ക് ചരിത്രത്തിന്റെ സഹായമുണ്ട്. ഇതു് യേശുവിന്റെ ശ്രോതാക്കളേയും നമ്മേയും ബന്ധിപ്പിക്കുന്നു. ബൈബിൾലോകത്തെ ഗവേഷണങ്ങളും നമുക്ക് സഹായത്തിനെത്തുന്നു. അതിലുപരി ക്രിസ്തുവിന്റെ ദൂതും ദൗത്യവും അദ്ദേഹത്തിന്റെ സമകാലീനർക്കെന്നതിലും പൂർണ്ണമായി നമുക്ക് കരഗതമായിട്ടുണ്ട്. അതിനാൽ യേശുവിന്റെ ഉപമകളോരോന്നും അദ്ദേഹത്തിന്റെ സന്ദേശങ്ങളുടെ സാകലിക പശ്ചാത്തലത്തിൽ ഉചിതസ്ഥാനത്ത് ഉപവേശിപ്പിക്കാനാവും. യേശുവിന്റെ ഉപമകളെക്കുറിച്ച് അദ്ദേഹത്തിന്റെ ശ്രോതാക്കൾക്കുള്ളതിലും വിശാലമായ കാഴ്ചപ്പാട് നമുക്കുണ്ട്.

19. J. Jeremias, op., cit. p. 15

www.malankaralibrary.com



ഉപമകൾ പിറന്നുവീണതിൽനിന്നും വ്യത്യസ്തമായ സാഹചര്യത്തിലാണവ വളർന്നതു്. സഭ അഭിമുഖീകരിച്ച പ്രത്യേക സാഹചര്യത്തിൽ. യേശുവിനുശേഷം ഉപമകൾ സ്വീകൃതമായതും പൊരുത്തപ്പെടുത്തിയതുമായ പശ്ചാത്തലമാണതു്. അവയ്ക്കു് ലിഖിതരൂപം ലഭിക്കുന്നതിനുമുമ്പ് അവ വളർന്നതു് സഭയിലാണല്ലോ. സഭ പ്രേഷിതവേലയിലും ജ്ഞാനോപദേശങ്ങളിലും യേശുവിന്റെ വാക്കുകളും ജീവിതവും സന്ദേശവുമെല്ലാം പുനഃപ്രഘോഷിച്ചിരുന്നു. ക്രിസ്തുവിന്റെ വചനങ്ങൾ സ്വീകരിച്ച് പ്രത്യേകം പ്രത്യേകം ശീർഷകങ്ങളിൽ ക്രമപ്പെടുത്തി. അവയ്ക്കു് പുതിയൊരു പശ്ചാത്തലവും നല്കി. ഇങ്ങനെ ചെയ്യുമ്പോൾ ചിലയിടങ്ങളിൽ ഉപമയുടെ രൂപംതന്നെ മാററിയിട്ടുണ്ട്. ക്രിസ്തുവിന്റെ മരണത്തിനും ദ്വിതീയാഗമനത്തിനുമിടയ്ക്കു് സഭയ്ക്കുള്ള പ്രത്യേകനിലയനുസരിച്ച് ചില മാററങ്ങൾ വരുത്തി പലതിലും. യേശുവിന്റേയും സഭയുടേയും ജീവിതപശ്ചാത്തലങ്ങൾതമ്മിലുള്ള അന്തരം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പല ഉപമകളും ഇപ്പോൾ ക്രമീകരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽനിന്നു് മാററിയാലേ അവയുടെ ഔല്പത്തികപശ്ചാത്തലത്തിലാക്കാനൊക്കൂ. ഈ ശ്രമം ഡോഡ് തുടങ്ങിവച്ചു. ജറമിയാസ് സസൂക്ഷ്മം തുടർന്നു് വിജയിച്ചു.

സജീവപശ്ചാത്ഭൂമികയിൽ (original situation) പുനഃസ്ഥാപിച്ച ഉപമകൾ രണ്ടുതലങ്ങളിൽ വിശദീകരിക്കയാണു് ഭാഷ്യകാരന്റെ രണ്ടാമത്തെ കടമ. അതിൽ ആദ്യം ഉപമയുടെ മൂലാർത്ഥം (original meaning) വ്യക്തമാക്കണം. യേശു ഉദ്ദേശിച്ചതെന്തു്? അദ്ദേഹത്തിന്റെ ശ്രോതാക്കൾക്കു് എന്തു് മനസ്സിലായി? ഉപമ എന്തു് പ്രതികരണമാണു് അവരിൽ ഉളവാക്കിയതു്? ഇവ മനസ്സിലായാൽ ഉപമയുടെ മൂലാർത്ഥമായി. അതു് കണ്ടെത്തുന്നതിലും ജറമിയാസ് ഏറെക്കുറെ അന്യൂനമായി വിജയിച്ചിട്ടുണ്ടു്. ഒന്നാം നൂററാണ്ടിലെ പലസ്തീനിയൻ നിവാസികളുടെ ജീവിതരീതിയേയും ചിന്താഗതിയേയും പററി നടത്തിയ ഗവേഷണങ്ങളാണു് ഇക്കാര്യത്തിൽ അദ്ദേഹത്തിനു് വിജയം നേടിക്കൊടുത്തതു്.

ഉപമയുടെ മൂലരൂപം പുനർനിർമ്മിക്കുന്നതിനു് സമവീക്ഷണസുവിശേഷങ്ങളിലെ (Synoptic Gospels) വിവരണങ്ങൾ തമ്മിലുള്ള താരതമ്യം വളരെയേറെ സഹായിക്കും. ഉപമയ്ക്കു്

www.malankaralibrary.com



ചേർക്കപ്പെട്ട വിപുലീകരണഘടകങ്ങളെല്ലാം കണ്ടുപിടിച്ച് മാററാൻ നല്ല സഹായമാണതു്. കണ്ടെത്തിയ മൂലകഥയ്ക്കു് സ്ഥിരീകരണം നേടാനും അദ്ദേഹത്തിനു കഴിഞ്ഞു. സുവിശേഷങ്ങളെ അനുകരിച്ചെഴുതിയ അപ്പോക്രിഫൽഗ്രന്ഥങ്ങളി[20]ലൊന്നായ 'തോമസിൻെറ സുവിശേഷ'ത്തിലും യേശു പറഞ്ഞ പല ഉപമകളുണ്ടു്. അദ്ദേഹത്തിൻെറ ഉപമകളുടെ മൂലചരിത്രരൂപത്തെ സംബന്ധിച്ച് അതു് വളരെ പ്രധാനമാണു്. കഥാരൂപങ്ങൾ ഒത്തുനോക്കി മൂലരൂപം നിർണ്ണയിക്കാം. ഇവകൂടാതെ വേറെയും മാർഗ്ഗങ്ങളുണ്ടു്. യേശു പറഞ്ഞ ഉപമയ്ക്കു് അടിസ്ഥാനമായ വല്ല കഥയോ പാരമ്പര്യങ്ങളോ അക്കാലത്തു് പലസ്തീനായിൽ നിലവിലിരുന്നോ എന്നു് അന്വേഷിച്ച് കണ്ടുപിടിച്ചും മൂലകഥ സ്ഥിരീകരിക്കാം. ഇതൊക്കെ ജറമിയാസ് വിജയപൂർവ്വം നിർവഹിച്ചിട്ടുണ്ടു്.

ഉപമകളിലൂടെ യേശു നല്കുന്ന സന്ദേശം ആസ്പദമാക്കി വിശദീകരണം നല്കുക വ്യാഖ്യാതാവിൻെറ ഒഴിച്ചുകൂടാനാവാത്ത കടമയാണു്. ദൈവശാസ്ത്രപരമായ വിശദീകരണമാണതു്. വലിയവിരുന്നിൻെറ ഉപമയ്ക്കു് ജറമിയാസ് നല്കുന്ന വിശദീകരണം ഉദാഹരണമായെടുക്കാം. ദൈവം വാഗ്ദാനങ്ങൾ നിറവേററിക്കൊണ്ടു് സ്വയം ആവിഷ്ക്കരിക്കുന്നു. പക്ഷേ 'ദൈവരാജ്യത്തിൻെറ മക്കൾ' എന്നു കരുതുന്ന ജ്ഞാനികളും ഭക്തരും അവിടത്തെ ആഹ്വാനത്തിനു് വില കല്പിക്കുന്നില്ല. അതിനാൽ ദൈവം അവരുടെ സ്ഥാനം പാപികൾക്കും നികൃഷ്ടർക്കും നല്കും. അവരതു് സ്വീകരിച്ചനുഭവിക്കും. ആദ്യത്തെ കൂട്ടർക്കെതിരെ വിരുന്നുശാലയുടെ കവാടം എന്നേക്കുമായി അടയ്ക്കുകയും ചെയ്യും.

---

20. വി. ഗ്രന്ഥത്തിൻെറ കാനനിൽ (പട്ടികയിൽ) സ്വീകൃതമാകാത്ത മതപരമായ കുറെ ഗ്രന്ഥങ്ങൾ. വി. ഗ്രന്ഥത്തിലെ പഴയനിയമത്തിലേയും പുതിയനിയമത്തിലേയും പുസ്തകങ്ങളെ അനുകരിച്ച് പാഷണ്ഡരുടെ ഇടയിലുത്ഭവിച്ചു. അവരുടെ സിദ്ധാന്തങ്ങൾ അടിസ്ഥാനസമേതം സാധൂകരിക്കാൻ, പുതിയനിയമഭാഗത്തെ അപ്പോക്രിഫാകൾക്കു് മൂന്നു് വിഭാഗമുണ്ടു് — സുവിശേഷങ്ങൾ (ഉദാ: തോമസിൻെറ സുവിശേഷം), ലേഖനങ്ങൾ, അപ്പസ്തോലനടപടികൾ.

www.malankaralibrary.com



ആദ്യപശ്ചാത്തലത്തിൽ ഉപമയുടെ ആദ്യരൂപവും ആദ്യത്ഥവും കണ്ടെത്തി വിശദീകരിക്കുന്നതിൽ ജറമിയാസിനുള്ള ആധികാരികത ചോദ്യം ചെയ്യപ്പെടാതെ നില്ക്കുന്നു. എന്നാൽ ഉപമകളുടെ സന്ദേശം വിശദീകരിക്കുന്ന രീതിക്ക് ഇതേ പ്രാമാണ്യം സമ്മതിച്ചുകൊടുക്കാൻ ചില ആധുനിക പണ്ഡിതന്മാർ വിമുഖരാണ്. ജറമിയാസിന്റെ സമീപനമനുസരിച്ച് ഉപമകളുടെ പൊതുസന്ദേശം ഏതാനും വാക്യങ്ങളിലും വാക്യശകലങ്ങളിലും ഒതുക്കിനിത്താവുന്നതേയുള്ള എന്നാണവരുടെ വാദം. അദ്ദേഹം ഉപമകൾ വിഭജിക്കുന്ന വിധവും (പത്തു ശീർഷകങ്ങളിൽ) മേൽപ്പറഞ്ഞ ആരോപണം കൂടുതൽ സകാരണമാക്കുന്നു. ജറമിയാസ് നല്കുന്നത്ര നീണ്ട പട്ടികയിലുള്ള വിഭജനം ആവശ്യമാണോ എന്ന് സന്ദേഹിക്കുന്ന പണ്ഡിതന്മാരുണ്ട്. അദ്ദേഹത്തിന്റെ വിഭജനരീതി ഉപമകളുടെ സന്ദേശം കൂടുതൽ സങ്കീർണ്ണമാക്കുകയാണെന്നും അതു മനസ്സിലാക്കുന്നതിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണെന്നും അവർ കരുതുന്നു. ജറമിയാസിന്റെ വ്യാഖ്യാനത്തിന് ലാക്ഷണിക വ്യാഖ്യാനത്തിന്റെ സ്വഭാവമുണ്ടെന്നതാണ് മറെറാരാരോപണം. ഇതിൽ റോബർട്ട് ഫങ്ക്[21] മുന്നിട്ടുനില്ക്കുന്നു. (പക്ഷേ, ബൈബിളിലെ ഉപമകളുടെ സ്വഭാവം നോക്കുമ്പോൾ ഫങ്കിന്റെ ആരോപണത്തിന് വലിയ വില കല്പിക്കേണ്ടതില്ല.) പ്രായോഗികനിർദ്ദേശങ്ങൾ പ്രയോജനകരമായി വിവേചിക്കാനും നല്കുവാനും ശ്രമിച്ചിട്ടില്ലെന്നാണ് ഗ്രാൻസ്ക്യൂ ജറമിയാസിന്റെമേൽ ചുമത്തുന്ന കുററം[22]. ഏതെങ്കിലുമൊരു പ്രായോഗിക നിർദ്ദേശം നല്കി യേശുവിന്റെ ഉപമകളുടെ സർവ്വാശ്ലേഷണീയതയ്ക്ക് കോട്ടം വരുത്തുന്നതും നന്നല്ലല്ലോ.

ദൈവരാജ്യത്തെപ്പററിയുള്ള ഉപമകൾ മാത്രമല്ല ജറമിയാസ് വിശകലനംചെയ്യുക. എല്ലാ ഉപമകളും എടുക്കുന്നു. വളരെ വിശാലമായ അത്ഥത്തിലാണ് ഉപമകൾ പരിഗണിക്കുന്നതും. 'സാക്ഷാത്കൃതമായ യുഗാന്ത്യാത്മകത'യോടു ഡോഡിനുള്ളത്ര

---

21. Robert Funk, Language, Hermeneutic and Word of God, New York, Harper and Row Publishers, 1966.

22. David M. Granskou, Preaching on the Parables, Fortress Press, Philadelphia, 1971.

www.malankaralibrary.com



അമിതമായ പ്രതിപത്തിയും ഏകപക്ഷീയതയും ജറമിയാസി നില്ല. യേശുവിൻെറ ഉപമകളിൽ പലതിൻേറയും പ്രമേയ വും കഥാവസ്തുവും തമ്മിലുള്ള ബന്ധം പലപ്പോഴും കഥയിലെ ആദ്യഘടകത്തെ കേന്ദ്രീകരിച്ചല്ല എന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഉദാഹരണമായി, വിലയേറിയ മുത്ത് അന്വേഷിക്കുന്ന വ്യാ പാരിയുടെ ഉപമ. "സ്വർഗ്ഗരാജ്യം മേൽത്തരം മുത്ത് അന്വേ ഷിച്ചുപോയ വ്യാപാരിയോടു തുല്യമാകുന്നു" (മത്താ. 13,45) എന്നാണതിൻെറ ആമുഖവാക്യം. എന്നാൽ വ്യാപാരിയും സ്വർഗ്ഗരാജ്യവും തമ്മിലല്ലല്ലോ താരതമ്യം. വിലയേറിയ മുത്തിനോടാണ് സ്വർഗ്ഗരാജ്യത്തിൻെറ സാദൃശ്യം. അഥവാ, സ്വർഗ്ഗരാജ്യം അനുഭവിക്കണമെന്നുള്ളവരുടെ പ്രവൃത്തി ആ വ്യാ പാരിയുടേതുപോലെ ആയിരിക്കണം എന്നാണ്. മുകളിൽ ക്കാണിച്ച പൊരുത്തക്കേടിനു കാരണം പലേടത്തും ആമുഖവാ ക്യങ്ങൾക്ക നൽകുന്ന തെററായ പരിഭാഷയാണെന്നു ജറമി യാസ് പറയുന്നു. അതിനാൽ കൂടുതൽ മെച്ചമായ ഒരു ഭാഷാ ന്തരീകരണം നിർദ്ദേശിക്കുന്നതും അദ്ദേഹത്തിൻെറ ഒരു സവിശേ ഷതയാണ്. അദ്ദേഹം നൽകുന്ന പരിഭാഷ ഇതാണ്: "സ്വ ർഗ്ഗരാജ്യത്തിൻെറ കാര്യം ഇങ്ങനെയാണ്...." അല്ലെങ്കിൽ "സ്വർഗ്ഗരാജ്യത്തെ (ഇതു) പോലെ വിവരിക്കാം...."[23] ജറമി യാസിൻെറ പരിഭാഷ ഡങ്കും സ്വീകരിക്കുന്നു.

vi) എ. എം. ഹണ്ടർ

വളരെ ആകർഷകങ്ങളായ രണ്ടു് ഗ്രന്ഥങ്ങൾ ഉപമകളെക്കു റിച്ച് അദ്ദേഹം രചിച്ചിട്ടുണ്ടു്[24]. ലളിതവും സരസവുമാണ് പ്രതിപാദനം. സാധാരണക്കാരനും മനസ്സിലാകുന്ന ശൈലി. അതേസമയം ബൈബിൾരംഗത്തെ ആധുനിക നേട്ടങ്ങളുടെ സദ്ഫലങ്ങൾ അവയിൽ സുലഭമാണുതാനും. ഡോഡിനോടും ജറമിയാസിനോടും കടപ്പാടുണ്ടു്. എങ്കിലും എല്ലായ്പ്പോഴും അവരോട് യോജിക്കുന്നില്ല. ആദ്യഗ്രന്ഥത്തിൽ രണ്ടു കാര്യ ങ്ങളിലാണ് ശ്രദ്ധവയ്ക്കുക. 1) അപ്പസ്തോലികകാലം മുതൽ

23. J. Jeremias, op. cit., pp. 100-103.

24. 1) Interpreting the parables, SCM Press, London, 3rd impression, 1969

2) The Parables Then and Now, SCM Press, London, 1971.

www.malankaralibrary.com



ഇന്നുവരെ സ്വീകരിച്ചിരുന്ന വ്യാഖ്യാനരീതി വിവരിക്കുന്നു. (2) 1900 വർഷങ്ങൾക്കുമുമ്പ് പലസ്തീനായിലെ പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ പറഞ്ഞ ഉപമകൾ ഇരുപതാംനൂററാണ്ടിലെ ക്രിസ്ത്യാനികളോട് സംസാരിക്കുന്നതെങ്ങനെ എന്നു കാണിക്കുന്നു. അദ്ദേഹമിതു സാധിക്കുന്നതു് രണ്ടു ചോദ്യങ്ങൾക്കുത്തരം നല്കിയാണു്. ഉപമകൾക്കു ലാക്ഷണികവ്യാഖ്യാനം ഒട്ടും സ്വീകാര്യമല്ലേ? അവ ധാർമ്മികോപദേശങ്ങളായി മാററാമോ? ബൈബിളിൽത്തന്നെ ഉപമകളിലും അവയുടെ വ്യാഖ്യാനത്തിലും ലാക്ഷണികഘടകങ്ങളുണ്ടു്. ആകയാൽ മൂലാർത്ഥം നഷ്ടപ്പെടുത്താത്ത ലാക്ഷണികവ്യാഖ്യാനം സ്വീകാര്യമാണു്. അതുപോലെ ധാർമ്മികോപദേശത്തിനും ഉപമകൾ ഉപയോഗിക്കാം. പക്ഷേ അവ ധാർമ്മികോപദേശങ്ങൾക്കു മാതൃകയല്ല എന്നോർക്കണം. മൂലാർത്ഥത്തിൽനിന്നു തുടങ്ങുക. അതിൽനിന്നുരുത്തിരിയുന്ന ആശയങ്ങൾ സ്വീകരിക്കുക. ഇന്നിന്നു് പ്രസക്തമായവ എടുത്തുകാട്ടുക. അങ്ങനെ ഉപമകൾ സമകാലികമാക്കുക.

ഹണ്ടർ സ്വീകരിച്ചിരിക്കുന്ന വിഭജനരീതിയും വളരെ ലളിതമാണു്. ആദ്യ ഗ്രന്ഥത്തിൽ ഉപമകൾ നാലു ഗണങ്ങളാക്കി[25]. എന്നാൽ രണ്ടാമത്തേതിൽ 'സനാതനപ്രശ്നങ്ങൾ' (Eternal issues) എന്നു് അഞ്ചാമതൊരു ഗ്രൂപ്പുകൂടിയുണ്ടു്. രക്ഷ, അന്ത്യവിധി, നിത്യജീവിതം എന്നീ മൂന്നു സംഗതികളെക്കുറിച്ചാണവ. നാലുപമകൾ ഇത്തരത്തിൽ അദ്ദേഹം വിശകലനം ചെയ്യുന്നു. (1) 'നിത്യജീവിത'ത്തെപ്പററിയുള്ള ചോദ്യത്തിനുത്തരമാണു് 'നല്ല ശമറായന്റെ' ഉപമ(ലൂക്കാ. 10,29–37). ഭാവിജീവിതത്തിൽ വിശ്വസിക്കാത്ത സദ്ദുക്യരെ[26] ഉദ്ദേശിച്ചു് ധനവാന്റേയും ലാസറിന്റേയും ഉപമയുണ്ടു് (ലൂക്കാ.16,

25. ഇതേ വിഭജനമാണു് ഈ ഗ്രന്ഥത്തിലും സ്വീകരിച്ചിരിക്കുക.

26. ദൈവശാസ്ത്രവീക്ഷണത്തിൽ ഫരീസർക്കു നേരേ വിപരീതികളാണു് സദ്ദുക്യർ. അവർ വായ്മൊഴി പാരമ്പര്യം പാടേ നിഷേധിച്ചു. ലിഖിത പാരമ്പര്യമായ തോറാ മാത്രം അംഗീകരിച്ചു. മരണാനന്തരജീവിതത്തിൽ വിശ്വസിച്ചില്ല. രാഷ്ട്രീയമായി റോമാക്കാരോടു് കൂറുള്ളവരായിരുന്നു. എ. ഡി. 70നുമുമ്പു് പുരോഹിതരും പുരോഹിതേതരരുമായ ഉന്നതകുലജാതന്മാരായിരുന്നു സദ്ദുക്യർ.

www.malankaralibrary.com



19–31). ചെമ്മരിയാടുകളുടേയും കോലാടുകളുടേയും ഉപമ (മത്താ. 25, 31–46) പഠിപ്പിക്കുന്നതു് പുറജാതികൾ വിധിക്കപ്പെടുന്ന മാനദണ്ഡത്തെക്കുറിച്ചത്രേ. ക്രിസ്ത്യാനികൾക്കും അതു ബാധകമാകുന്നു. വളരെ ചുരുക്കംപേരേ രക്ഷപെടുന്നുള്ളോ? ഇടുങ്ങിയ വാതിലിൻെറ ഉപമ (ലൂക്കോ. 13,23 ഇത്യാദി) മറുപടി നല്കുന്നു.

ഉപമകളുടെ ചരിത്രപരതയ്ക്കു് വേണ്ട പ്രാധാന്യം നല്കിക്കൊണ്ടുതന്നെ അവ ആനുകാലികമായി പ്രസക്തമാക്കാൻ ഹ ണ്ടർ നടത്തുന്ന ശ്രമം ശ്ലാഘനീയമാണു്. വ്യാഖ്യാനവും വിശകലനവും ലളിതമാണു്. പണ്ഡിതനേയും സാധാരണക്കാരനേയും പരിഗണിക്കുന്ന അദ്ദേഹത്തിൻെറ നിലപാടു് പ്രശംസാർഹമത്രേ.

ഇതുവരെക്കണ്ടതിൽനിന്നു് വ്യത്യസ്തമായ നിലപാടു് ഉപമാഭാഷ്യത്തിൽ സ്വീകരിച്ച ഏതാനും ആധുനിക പണ്ഡിതന്മാരുണ്ടു്[27]. അവർ ഉപമകളുടെ ചരിത്രപരമായ വിശകലനത്തിൻെറ നേട്ടങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അതിൻെറ കോട്ടങ്ങൾ ഉയർത്തിക്കാട്ടുന്നു. നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ടു് ആധുനിക സാഹിത്യ നിരൂപണശാസ്ത്രത്തിൻേറയും ഭാഷാപഗ്രഥനങ്ങളുടേയും ഫലങ്ങളുടെ വെളിച്ചത്തിൽ ഉപമകൾ വിശകലനം ചെയ്യാനാണു് ശ്രമിക്കുക. ഈ രംഗം ഇനിയും വികസിക്കേണ്ടിയിരിക്കുന്നു.

vii ഏണസ്റ്റ് ഫുക്സ്

പിന്നാലെ വരുന്ന ബൈബിൾ പണ്ഡിതന്മാരിൽ കനത്ത സ്വാധീനം ചെലുത്തിയ ആളാണു് ഫുക്സ്. ബൈബിൾ വ്യാഖ്യാനത്തിൽ പൊതുവെ കണക്കിലെടുക്കേണ്ട മൂന്നു ഘടകങ്ങളെപ്പററി നല്കുന്ന ഉൾക്കാഴ്ചയാണു് അദ്ദേഹത്തിൻെറ സവിശേഷ സംഭാവന. താഴെപ്പറയുന്നതാണു് മൂന്നു ഘടകങ്ങൾ: ഒന്നു്: സാഹിത്യകാരനും സാഹിത്യസൃഷ്ടിയും തമ്മിലുള്ള അഭേദ്യബന്ധം– രണ്ടു്: സാഹിത്യസൃഷ്ടിക്കുള്ള മൂല്യവും

27. ഇവരെക്കുറിച്ചുള്ള വിവരങ്ങൾക്കു് ജോൺ മുരിങ്ങമററത്തിൻെറ നേരത്തെ സൂചിപ്പിച്ച ലേഖനത്തോടും വളരെയേറെ കടപ്പാടുണ്ടു്.

www.malankaralibrary.com



ശക്തിയും. മൂന്ന്: സാഹിത്യസൃഷ്ടിയും അനുവാചകനും തമ്മിലുള്ള ബന്ധം. അതായത് എന്ത് മനസ്ഥിതിയോടാണയാരം അതിനെ സമീപിക്കുക. ഇവയെപ്പററിയുള്ള ഫുക്സിൻെറ ഉരംക്കാഴ്ചകരം ഉപമ വിശദീകരിക്കുന്നതിൽ അതിപ്രധാനമായൊരു നേട്ടമാണ്. ഇതു് ഉപമാവ്യാഖ്യാനത്തിൽ ഒരു നവയുഗത്തിൻെറ നാന്ദികുറിച്ചു. പക്ഷേ ഫുക്സ് തൻെറ ഉരംക്കാഴ്ച വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടില്ലതന്നെ.

viii ആമോസ് വൈൽഡർ (Amos Wilder)

ബൈബിരം പണ്ഡിതനായ അദ്ദേഹം സാഹിത്യകാരനും സാഹിത്യനിരൂപകനുമാണ്[28]. ഉപമകളുടെ സാഹിത്യമൂല്യത്തിലും കലാസൗന്ദര്യത്തിലുമാണ് വൈൽഡർ സ്ഥായിയായ താല്പര്യം കാണിക്കുക. ഫുക്സിൻെറ മൂന്നു തത്വങ്ങളും വ്യക്തമായ ഭാഷയിൽ വിവരിക്കുന്നു. അവ അദ്ദേഹം ഉപമകരംക്കു നൽകുന്ന വ്യാഖ്യാനത്തിൽ കഴിയുന്നിടത്തോളം പ്രയോഗിച്ചിട്ടുമുണ്ടു്. വൈൽഡറിൻെറ നോട്ടത്തിൽ ഉപമകളെല്ലാം രൂപകങ്ങളാണ്. അതിനാൽ ശ്രോതാക്കളിൽ സവിശേഷ സ്വാധീനം ചെലുത്താൻ അവയ്ക്കു കഴിവുണ്ടു്. യേശുവിൻെറ ജീവിതപശ്ചാത്തലത്തിൽ ഉപമകരം ദശിച്ചാലേ അവയുടെ മുഴുവൻ ശക്തിയും പ്രാമാണ്യവും വ്യക്തമാവൂ എന്നാണ് അദ്ദേഹത്തിൻെറയും പക്ഷം. യേശുവിൻെറ ജീവിതപശ്ചാത്തലത്തിനു് ജറമിയാസ് കാണുന്നതിലും ആഴമായ അത്ഥമാണ് വൈൽഡർ നല്കുക. അദ്ദേഹത്തിൻെറ ചരിത്രപശ്ചാത്തലം മാത്രമല്ല ആന്തരികാനുഭൂതിയും ജീവിതദശനവും അതിൽപ്പെടുന്നു. ഇങ്ങനെ നോക്കുമ്പോരം ഉപമകളുടെ അത്ഥം കൂടുതൽ ആഴമാന്നതും ആന്തരികവുമാകുന്നു. പ്രതിബന്ധങ്ങളുണ്ടായാലും സമൃദ്ധമായ വിളവുണ്ടാകുമെന്നതിൽ സംശയിക്കേണ്ടെന്നാണല്ലോ വിതക്കാരൻെറ ഉപമയുടെ വ്യാഖ്യാനം. അതായതു ദൈവത്തിൻെറ ശക്തിയിലും പരിപാലനയിലും ഉറച്ചു വിശ്വസിക്കാൻ യേശു ആഹ്വാനം ചെയ്യുന്നു. ക്രിസ്തീയവിശ്വാസത്തിൻെറ ദൃഷ്ടിയിലൂടെ നോക്കുന്നവക്ക് മുകളിൽക്കണ്ട വ്യാഖ്യാനം അപൂണ്ണമാ

---

28. അദ്ദേഹത്തിൻെറ Early Christian Rehtoric, London SCM Press, 1964 എന്ന ഗ്രന്ഥം ബൈബിരം പഠനത്തിനു് സാഹിത്യനിരൂപണശാസ്ത്രം കൊടുത്തിട്ടുള്ള സംഭാവനകരം എന്തുമാത്രം സഹായകമാണെന്നു് തെളിയിക്കുന്നു.

www.malankaralibrary.com



ണെന്നത്രേ വൈൽഡറിന്റെ നിലപാട്. അത് സാധാരണ ഗദ്യത്തിന്റെ രീതിയിൽ മാത്രം ഉപമ കൈകാര്യം ചെയ്യുന്ന വക്കുള്ളതാണുപോലും! ശുഷ്കവും വിരസവുമാണത്. മാത്രമല്ല, വിത്തു വിതച്ചശേഷം വിതക്കാരന് ഒന്നും ചെയ്യാനില്ല. നല്ല വിളവു കിട്ടുമെന്നു പ്രതീക്ഷിക്കമാത്രം. പക്ഷേ എപ്പോഴും നല്ല വിളവ് കിട്ടുമെന്നില്ലല്ലോ. വറുതിയോ കെടുതിയോ ബാധിച്ചെന്നുവരാം. വിളവ് നഷ്ടപ്പെടാം. ഇങ്ങനെ നോക്കുമ്പോഠം ശിഷ്യന്മാരുടെ വിശ്വാസത്തിന് സന്ദേഹരഹിതമായ ഉറപ്പ് നല്കുന്നെന്ന് പറയാനാവില്ല. യേശുവിന്റെ സന്ദേശത്തിന്റെ സവിശേഷമായ പുതുമയും ഇതിലില്ല. വൈൽഡറിന്റെ വീക്ഷണത്തിൽ സമൃദ്ധമായ വിളവ് യേശുവിന്റെ തന്നെ അചഞ്ചലവിശ്വാസത്തിന്റെ ചിത്രീകരണമാണ്. സ്വന്തം അനുഭൂതി അതിന്റെ പാരമ്യതയിൽ പ്രകടിപ്പിച്ചിരിക്കയാണ്. യേശുവിന്റെ ഉപമകഠം രൂപകസ്വഭാവമുള്ളവയാകയാൽ പ്രഥമ ശ്രോതാക്കളിൽ മാത്രമല്ല, അവ വായിക്കുന്ന എല്ലാവരിലും യേശുവിന്റെ സദ്ഗാത്മകാനുഭൂതി ഉളവാക്കാൻ അവയ്ക്കു ശക്തിയുണ്ട്. എന്നാൽ യേശുവിന്റെ ആന്തരികാനുഭൂതിയും അചഞ്ചലവിശ്വാസവുമായി താദാത്മ്യം പ്രാപിക്കുന്നതനുസരിച്ചിരിക്കും ഉപമകളുടെ ശരിയായ അർത്ഥം ഗ്രഹിക്കാനുള്ള നമ്മുടെ പരിശ്രമത്തിന്റെ വിജയം.

ഉപമാവ്യാഖ്യാനത്തിൽ സാഹിത്യനിരൂപണശാസ്ത്രത്തിന്റെ കഴിവുകഠം വളരെ സഹായകമാണെന്നു കാണിക്കുവാൻ വൈൽഡർ നടത്തുന്ന ശ്രമം ശ്രദ്ധേയമാണ്. എന്നാൽ യേശുവിന്റെ അചഞ്ചലവിശ്വാസവും ആന്തരികാനുഭൂതിയുമായി താദാത്മ്യം പ്രാപിക്കാനുള്ള പ്രയാസം ഉപമകഠം മനസ്സിലാക്കുന്നതിൽ തടസ്സമായി നില്ക്കില്ലേ?

ix റോബർട്ട് ഫങ്ക്

ബൈബിഠം വ്യാഖ്യാനത്തിലും സാഹിത്യനിരൂപണത്തിലും ഒരുപോലെ പ്രവീണനാണദ്ദേഹം. ഫ്യൂക്സിന്റെ ഉഠംക്കാഴ്ചകഠം പ്രയോജനപ്പെടുത്തിയാണ് അദ്ദേഹവും മുന്നേറുക. ഉപമകഠം വാസ്തവത്തിൽ രൂപകങ്ങളാണെന്നു സമർത്ഥിക്കുന്നു. ശ്രോതാവിനെ കഥാപാത്രങ്ങളിൽ ഒരാളായി സ്വീകരിക്കാൻ ഉപമയ്ക്കുള്ള കഴിവും അദ്ദേഹം വിശദമാക്കുന്നുണ്ട്. ഉപമകഠം

www.malankaralibrary.com



രൂപകങ്ങളാണെന്ന സിദ്ധാന്തത്തെ ഡോഡിന്റേയും ജറമിയാസിന്റേയും പഠനത്തിലെ പല വാദമുഖങ്ങളും തെളിയിക്കുന്നുണ്ടെന്നാണ് അദ്ദേഹം അവകാശപ്പെടുക. ഉദാ:–ജറമിയാസ് ആമുഖവാക്യത്തിനു നല്കുന്ന തിരുത്തിയ പരിഭാഷ. അത് ഫങ്കും സ്വീകരിക്കുന്നു. അദ്ദേഹം ഇങ്ങനെ വാദിക്കുന്നു. ആമുഖവാക്യം ഉപമകളുടെ പ്രമേയം മുൻകൂട്ടി കാണിക്കുന്നുണ്ട്. എങ്കിലും പ്രമേയവും കഥാവസ്തുവും തമ്മിലുള്ള ബന്ധത്തെപ്പററി സൂചിപ്പിക്കുന്നേയില്ല. യേശുവിന്റെ ഉപമകളിൽ പ്രമേയം ബന്ധപ്പെട്ടിരിക്കുന്നത് ഉപമയിലെ ഏതെങ്കിലുമൊരു ഘടകത്തോടല്ല, ഉപമ മുഴുവനോടുമാണ്. കാരണം അവയെല്ലാം രൂപകങ്ങളാണല്ലോ. ഉദാ:–വിലയേറിയ മുത്തന്വേഷിക്കുന്ന വ്യാപാരിയുടെ ഉപമ. അതിൽ സ്വർഗ്ഗരാജ്യത്തിന്റെ സ്ഥാനത്തുനില്ക്കുന്ന ഘടകമേതെന്ന് ആർക്കും ചൂണ്ടിക്കാണിക്കാനാവില്ല. എന്നാൽ ജറമിയാസിന്റെ നിലപാട് അങ്ങനെയല്ലല്ലോ. ഉപമയിലെ ഏതെങ്കിലുമൊരു ഘടകത്തോട് പ്രമേയം ബന്ധപ്പെടുത്തിക്കാണിക്കുന്നു, അദ്ദേഹം. (ഈ ഉപമയിൽ മുത്തിനോട്). ഈ വ്യഗ്രതമൂലം അറിയാതെ ലാക്ഷണികവ്യാഖ്യാനത്തിലേക്ക് വഴുതി വീണുപോകയാണെന്ന് ഫങ്ക് ആക്ഷേപിക്കുന്നു[29].

യേശുവിന്റെ ഉപമകൾക്ക് രൂപകസ്വഭാവമുള്ളതിനാൽ അവ നിഗമനരഹിതങ്ങളാണ്. തന്മൂലം ഉപമയ്ക്ക് ഒന്നിലധികം ആശയങ്ങളുണ്ടാകാം എന്നതാണ് ഫങ്കിന്റെ നിലപാടിൽ ശ്രദ്ധേയമായ മറെറാരു കാര്യം. ഉപമയിൽ ഒരാശയമേ പാടുള്ളു എന്നാണല്ലോ ജൂലിഖർ മുതൽ അടിസ്ഥാനപ്രമാണമായി അംഗീകരിച്ചുപോന്നത്. ഇത് ഫങ്ക് ചോദ്യം ചെയ്യുന്നു. ഒന്നിലധികം ആശയങ്ങളുള്ളതിനാൽ ഉപമകൾ ലക്ഷണകഥകളാണെന്ന് അദ്ദേഹം കരുതുന്നില്ല. അവ വ്യത്യസ്തങ്ങൾ തന്നെ. വ്യത്യാസം ഇതാണ്: "ഉപമയിലെ വിശദാംശങ്ങൾക്ക് സ്വന്തമായ വ്യക്തിത്വമോ അർത്ഥമോ ഇല്ല. അവ കഥ

29. സാധാരണ ലാക്ഷണികവ്യാഖ്യാനത്തിൽനിന്ന് ഒരു വ്യത്യാസമേയുള്ളു, ജറമിയാസ് – ഡോഡ് പ്രഭൃതികളുടെ വ്യാഖ്യാനത്തിനെന്നാണ് ഫങ്കിന്റെ പക്ഷം. പ്രമേയത്തിലേയും കഥാവസ്തുവിലേയും വിശദാംശങ്ങളെ വ്യക്തമായി ബന്ധപ്പെടുത്തിയാണ് സാധാരണ ലാക്ഷണിക വ്യാഖ്യാനം.

www.malankaralibrary.com



യുടെ കെട്ടുറപ്പിന്ന് ഹാനിവരാത്തവിധം പരസ്പരം ബന്ധപ്പെട്ടും കഥാംഘടനയുടെ പൊതുവിലുള്ള ഐക്യത്തിന്ന് വിധേയമായും വർത്തിക്കുന്നു. മറിച്ച് ലക്ഷണകഥാംഘടനസ്സ് ഇപ്രകാരമുള്ള ഐക്യമില്ലെന്നതിനു പുറമേ വിശദാംശങ്ങൾക്ക് സ്വായത്തമായ അർത്ഥവുമുണ്ട്[30]. ഉപമകളോടുള്ള ഫങ്കിൻെറ സമീപനം ഉപമാഭാഷ്യത്തിൽ വിപ്ലവകരമായ മാററങ്ങളുളവാക്കാൻ പോരുന്നവയാണ്. സുവിശേഷങ്ങളിലെ ഉപമകൾ രൂപകങ്ങളാണെന്ന സമർത്ഥനം സരസവും സാരഗർഭവുമാണ്. അവ വിശദീകരിക്കുമ്പോൾ അവയുടെ മൗലിക പശ്ചാത്തലം വിസ്മരിക്കുന്നില്ല എന്നതും പരിഗണിക്കുക. ഉപമാഭാഷ്യത്തിൽ അദ്ദേഹം വെട്ടിത്തുറന്ന വഴിത്താര ഇനിയേറെ വികസിക്കാൻ സാദ്ധ്യതയുണ്ട്.

x ഡാൻ ഓട്ടോ വിയ[31].

ഉപമകളെ യഥാർത്ഥ കലാസൃഷ്ടികളായിക്കാണുന്നതാണ് അദ്ദേഹത്തിൻെറ പുതുമ. അവയ്ക്ക് കലാസ്വഭാവമുണ്ടെങ്കിലും അവയെ സർവ്വോപരി സാഹിത്യസൃഷ്ടികളായിക്കാണുക സാദ്ധ്യമല്ലെന്ന ജറമിയാസിൻെറ[32] മതത്തിനെതിരാണ് വിയ. വൈൽഡറും ഫങ്കും ഉപമകളുടെ കലാമൂല്യം അംഗീകരിക്കുന്നുണ്ടല്ലോ. എങ്കിൽ വിയയുടെ പ്രത്യേകതയെന്ത്? മറെറല്ലാ കലാസൃഷ്ടികളേയുംപോലെ ഉപമകളും കരുതി സാഹിത്യരൂപത്തിൽ വിലയിരുത്താൻ വിപുലശ്രമം ആദ്യം നടത്തുന്നത് അദ്ദേഹമാണ് "....യേശുവിൻെറ ഉപമകളിൽ കുറെയേറെ" യെങ്കിലും നിശ്ചിതാർത്ഥത്തിൽ സാഹിത്യസൃഷ്ടികളാണ്. അക്കാരണത്താൽ അവ ആശയങ്ങളുടെ വെറും വിശദീകരണമല്ല; യേശുവിൻെറ ചരിത്രപരമായ സാഹചര്യത്തോടു് അടുത്ത ബന്ധം അവയ്ക്കില്ലതാനും[33]. സാഹിത്യത്തിലെ മററു കലാരൂപങ്ങളോടു് ഉപമകൾ താരതമ്യം ചെയ്തു പഠിച്ചപ്പോൾ കണ്ട പൊതുസ്വഭാവങ്ങളാണ് അവ യഥാർത്ഥകലാസൃഷ്ടികളാണെന്നു

30. ജോൺ മുരിങ്ങമററം, ടി. പുറം. 22.

31. അദ്ദേഹത്തിൻെറ പുസ്തകം: The Parables: Their Literary and Existential Dimension, Fortress press, Philadelphia, 1967.

32. Cf. J. Jeremias, op. cit., p. 21

33. Dan Otto Via , op. cit., p. x

www.malankaralibrary.com



സ്ഥാപിക്കാൻ സഹായിച്ചത്ു്. ഉപമയ്ക്കുള്ള ശക്തിയിലും മൂല്യത്തിലുമാണു് വിയ കൂടുതൽ ശ്രദ്ധിക്കുന്നതും. ഉപമകളും അവയുടെ കർത്താവും അനുവാചകനും അവയും തമ്മിലുള്ള ബന്ധവും അത്ര കാര്യമായി വിവരിക്കുന്നില്ല. വിയ തന്റെ കൃതിയിൽ ഡോഡ്-ജറമിയാസ് പ്രഭൃതികളുടേതിനു നേരെ വിപരീതമായൊരു രീതി ഉപമാഭാഷ്യരംഗത്തു് അതിവിദഗ്ദ്ധമായി ഉപയോഗിച്ചിരിക്കുന്നു. ഇന്നത്തെ മനുഷ്യന്റെ ഭാഷയിലുള്ള വിശദീകരണവും (അസ്തിത്വാത്മകം) സാഹിത്യപരമായ അപഗ്രഥനവുമാണു് പ്രസ്തുത രീതിയുടെ അടിസ്ഥാനം. ആദ്യം ഉപമ ചരിത്രപരവും സാഹിത്യപരവുമായി അപഗ്രഥിക്കുന്നു. പിന്നെ സാഹിത്യപരവും അസ്തിത്വാത്മകവുമായി വിശകലനം ചെയ്യുന്നു. അവസാനം ഇന്നത്തെ സാഹചര്യത്തിനു ചേർന്ന ദൈവശാസ്ത്രവ്യാഖ്യാനവും നൽകുന്നു.

ഒന്നിൽ കൂടുതൽ ആശയങ്ങൾ ഉപമകൾക്കുണ്ടെന്നാണു് വിയയുടെ പക്ഷം. ഏകാശയവാദം ഉപമയിലെ ഇതരഘടകങ്ങൾക്കു് അർഹിക്കുന്ന അംഗീകാരം നല്കുന്നില്ലപോലും! മാത്രമല്ല, ചരിത്രപരമായ വിമർശനം ഉപമകളെ മൗലികപശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നതല്ലാതെ ഇന്നത്തെ മനുഷ്യക്കു പ്രസക്തമാക്കുന്നില്ല. അവയുടെ കലാമൂല്യം കണക്കിലെടുക്കുന്നുമില്ല. ഏകാശയവാദവും ചരിത്രാപഗ്രഥനവും ഉപമകളെ ലാക്ഷണികവ്യാഖ്യാനത്തിനു വിധേയമാക്കാൻ വ്യഗ്രമാണു്.

വിയയുടെ രീതിയിൽ കുറെ ഉപമകൾ വ്യാഖ്യാനിക്കുന്നു. ശുഭപര്യവസായി, ശോകപര്യവസായി എന്നു് രണ്ടായി ഉപമകൾ തിരിക്കുന്നു. മുഖ്യകഥാപാത്രത്തിന്റെ നാശത്തിലും ഏകാന്തതയിലും അവസാനിക്കുന്ന കഥാവസ്തുവുള്ളതാണു് ശോകപര്യവസായി. ജീവിതത്തിന്റെ അരക്ഷിതാവസ്ഥയും നശ്വരതയുംകൂടി ഇതിൽ സൂചിപ്പിക്കപ്പെടുന്നുണ്ടു്. ദൈവവിധിയാണു് ശോകാന്ത്യത്തിലേക്കു് നയിക്കുന്നതെന്നു പൊതുവെ പറയാം. താലന്തുകളുടെ ഉപമ,[34] പത്തു കന്യകകളുടെ ഉപമ[35], കല്യാണവസ്ത്രത്തിന്റെ ഉപമ[36], ദുഷ്ടരായ കൃഷിക്കാ

34. Dau Otto via, op. cit., PP. 113–122
35. ibidem, PP. 122–128
36. ibidem, PP. 128–132

www.malankaralibrary.com



രുടെ ഉപമ[37], ക്രൂരനായ ഭൃത്യന്റെ ഉപമ[38] എന്നീ അഞ്ചെണ്ണം ശോകപര്യവസായികളായി വിവരിക്കുന്നു. ആദ്യത്തെ നാലെണ്ണത്തിൽ ഊന്നിക്കാണിക്കാനുള്ളതു് ആവശ്യപ്പെട്ട ചുമതല ഉത്തരവാദിത്വത്തോടെ അഭിമുഖീകരിക്കുന്നതിലുണ്ടായ പരാജയമാണു്. വേണ്ട ദൈവകൃപയും നല്കിയിരുന്നെന്നോർക്കുമ്പോഴാണു് പ്രസ്തുത പരാജയത്തിന്റെ ആഴം കൂടുതൽ വ്യക്തമാവുക. അവസാനത്തേതിലാകട്ടെ, ലഭിച്ച കൃപയ്ക്കനുഗുണമായ മറുപടി നല്കാഞ്ഞതിലാണു് ശോകാത്മകത.

പ്രധാന കഥാപാത്രത്തിന്റെ പടിപടിയായുള്ള ഉയർച്ചയിൽ അവസാനിക്കുന്ന പ്രമേയമുള്ള ഉപമകൾ ശുഭപര്യവസായികളെന്നു കരുതുന്നു. മുന്തിരിത്തോട്ടത്തിലെ വേലക്കാർ (മത്തായി. 20, 1–16), അനീതിമാനായ കാര്യസ്ഥൻ (ലൂക്കോ. 16,1–9), ധൂർത്തപുത്രൻ (ലൂക്കോ. 15,15–32) എന്നീ ഉപമകൾ ശുഭാന്ത്യങ്ങൾക്കുദാഹരണമായി വിവരിക്കുന്നു. യേശുവിന്റെ ഉപമകളിൽ കഥാപാത്രത്തിന്റെ വിജയത്തിനും തന്റെ സമ്പൂർണ്ണമാനുഷകത്തിന്റെ സംസ്ഥാപിക്കലിനുമുള്ള ഊർജ്ജം ലഭിക്കുന്നതു് അവനിൽനിന്നുതന്നെയല്ല; ഉന്നതത്തിൽനിന്നാണു്. മരണത്തിൽനിന്നു് ജീവനിലേക്കു കടക്കുന്നതു് ദൈവകൃപവഴിയാണു്. യേശുവിന്റെ ഉപമകൾ വിലയിരുത്താൻ ഡോഡും ജറമിയാസും സ്വീകരിച്ചതിനു നേരേ വിപരീതമായ രീതി കൈക്കൊള്ളുന്നു. ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ മററു് പഠിപ്പിക്കലിൽനിന്നു് വേറിട്ടുതന്നെ ഉപമകൾക്കു് തനിക്കുതാൻപോരിമയുണ്ടു്. പ്രവൃത്തിയും അർത്ഥവും മനോഹരമായി ഒത്തിണക്കിക്കൊണ്ടുള്ളതാണു് അടിസ്ഥാനപരമായ പ്രകടനരൂപം. ഇതു് യേശുവിന്റെ ഉപമകളുടെ പ്രത്യേകതയാണു്. ദൈവരാജ്യത്തെ സംബന്ധിച്ച യേശുവിന്റെ പഠിപ്പിക്കലിനോടു് ചേർന്നുമാത്രമേ ഡോഡിന്റെ നോട്ടത്തിൽ ഉപമകൾക്കു വിലയുള്ളു. ദൈവരാജ്യത്തിന്റെ ഏതെങ്കിലുമൊരു മാനത്തോടുള്ള ബന്ധമാസ്പദമാക്കി ജറമിയാസു് ഉപമകൾ വിഭജിക്കുന്നു. വിയ അങ്ങനെയല്ല. അവയുടെ വിവരണരൂപമടിസ്ഥാനമാക്കിയാണു്. ബൈബിളിലെ ഉപമകളെ സാദൃശ്യങ്ങളും രൂപ

---

37. ibidem, PP. 132–137
38. ibidem, PP. 137–144

www.malankaralibrary.com



കങ്ങളും ലക്ഷണകഥകളും മററുമായി തരംതിരിക്കാമെന്നും അദ്ദേഹം കരുതുന്നു.

പ്രമേയമാസ്പദമാക്കി ഉപമകൾ രണ്ടായി തിരിച്ചിരിക്കുന്നുവെന്നു കണ്ടു. എന്താണ് അവയുടെ പ്രമേയം? അതിലന്തർലീനമായിരിക്കുന്ന ജീവിതവീക്ഷണം. ഇതു മനസ്സിലാക്കി അതിലൂടെ ലോകത്തെ നോക്കിക്കാണാനാണു വിയയുടെ ശ്രമം. യേശുവിൻെറ വരവിനുശേഷമുള്ള പുതിയ ലോകമാണ് ഉപമകളിലൂടെ ദൃശ്യമാവുക. ഇങ്ങനെ നോക്കുമ്പോൾ ഉപമകൾ കൈകാര്യം ചെയ്യേണ്ടതു് നമ്മുടെ ക്രിസ്തീയവിശ്വാസത്തിൻെറ വെളിച്ചത്തിലായിരിക്കണം. ഇതൊക്കെ ഉപമയുടെ കഥാഘടനയ്ക്കുള്ളിൽനിന്നുകൊണ്ടു് ചെയ്യുകയും വേണം. അല്ലെങ്കിൽ ലാക്ഷണികവ്യാഖ്യാനത്തിൽ ചെന്നുചാടും.

ഉപമകളിലെ പ്രമേയം വിശദീകരണക്ഷമമെങ്കിലും വിശദീകരിക്കാനാവാത്ത മറെറാരു ഘടകംകൂടി ഉപമയ്ക്കുണ്ടു്. കലാരൂപങ്ങളെന്ന നിലയ്ക്കു് അവയ്ക്കുള്ള ശക്തിയാണതു്. ഇങ്ങനെ വിശദീകരിക്കാവുന്നതും അല്ലാത്തതുമായ രണ്ടു ഘടകങ്ങളുണ്ടു് ഉപമയിൽ, വിയയുടെ വീക്ഷണത്തിൽ.

അദ്ദേഹം സ്വീകരിച്ചിരിക്കുന്ന വ്യാഖ്യാനരീതിക്കുദാഹരണമായി താലന്തുകളുടെ ഉപമയെടുക്കാം. വിവരണരൂപത്തിലുള്ളതാണതു്. ആദിമദ്ധ്യാന്തങ്ങളോടുകൂടിയ ഇതിവൃത്തമുള്ള ഒരു കലാരൂപമാണതു്. ഒരു താലന്തുകാരൻെറ അനുഭവമാണ് ഇതിവൃത്തത്തിൻെറ ഗതി നിർണ്ണയിക്കുക. പ്രമേയമായ ജീവിതവീക്ഷണമെന്തു്? തനിക്കു കിട്ടിയ ഒരു താലന്തു് നഷ്ടപ്പെട്ടേക്കുമോ എന്ന ഭയംകൊണ്ടാണ് ഭൃത്യൻ വ്യാപാരം ചെയ്യാതിരുന്നതു്. സ്വന്തം സുരക്ഷിതത്വത്തെപ്പററി അതിരുകവിഞ്ഞ ഉത്ക്കണ്ഠയുള്ള ഒരുവനെയാണ് അയാളിൽ കാണുക. പ്രയാസങ്ങളേയും അപകടസാദ്ധ്യതകളേയും കുറിച്ചുള്ള ഭയം അവനെ നഷ്ടധൈര്യനും നിഷ്ക്രിയനുമാക്കുന്നു. ഈ സ്ഥിതി അയാളെ കൂടുതൽ വിഷമത്തിലാക്കുകയാണ് ചെയ്യുന്നതു്. കൈവശം ഉണ്ടായിരുന്ന താലന്തു് വിനിയോഗിച്ചില്ല എന്ന കുററബോധം അവനിൽ രൂപംകൊള്ളുന്നു. അതിൽനിന്നു രക്ഷപെടാനായി അടുത്ത ശ്രമം. ലഭിച്ച അവസരം വിനിയോഗിക്കാ

www.malankaralibrary.com



ത്തതിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാതെ ഇതര വ്യക്തികളുടെയും സാഹചര്യങ്ങളുടെയുംമേൽ ചാരുന്നു. ശ്രമം വ്യർത്ഥമായിപ്പോയി. സുസ്ഥിതിക്കു മാർഗ്ഗം നിഷ്ക്രിയത യല്ലെന്നു് അവസാനം ഗ്രഹിക്കേണ്ടിവന്നു. അങ്ങനെ പുതിയൊരു ബോധ്യത്തിലേക്കു് അയാൾ വന്നെങ്കിലും അതനുസരിച്ചു് പ്രവർത്തിക്കാൻ ഒരവസരംകൂടി ലഭിക്കുന്നില്ല. ഈ ജീവിതവീക്ഷണത്തിലൂടെ ലോകത്തെ സസൂക്ഷ്മം ദർശിക്കുന്നവക്കു കാണാൻ കഴിയുന്നതിതാണു്. ദൈവത്തിൽ പരിപൂർണ്ണ വിശ്വാസമർപ്പിക്കാതെ സ്വസുരക്ഷിതത്വത്തെപ്പററി കലശലായി വ്യഗ്രനായി ഉത്തരവാദിത്വത്തിൽനിന്നു് ഓടിയൊളിക്കുന്നവൻെറ ജീവിതം ദയനീയമാണു്, നിരർത്ഥകമാണു്. ക്രിസ്തീയവിശ്വാസത്തിൻെറ വെളിച്ചത്തിൽ ഇതേ ജീവിതവീക്ഷണം പരിശോധിച്ചാൽ ദൈവമനുഷ്യബന്ധത്തിൻെറ പ്രതിഫലനം കാണാനാവുന്നു. സ്വസുസ്ഥിതിയെപ്പററിയുള്ള അമിതമായ വ്യഗ്രതയും തന്മൂലമുള്ള നിഷ്ക്രിയതയും ഉത്തരവാദിത്വത്തിൽനിന്നു് രക്ഷപെടാനുള്ള പരിശ്രമവുമാണല്ലോ അവിടെ കാണുക. ഇതെല്ലാം അവൻെറ വിശ്വാസരാഹിത്യത്തിൻെറ പ്രതിഫലനമാണു്; ഒപ്പം ഇവ കൂടുതൽ വിശ്വാസരാഹിത്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ഉപമകളുടെ കലാമൂല്യത്തിനും ജീവിതവീക്ഷണത്തിനും വിയ പ്രാധാന്യം നൽകുന്നുവെന്നതു് സവിശേഷം ശ്രദ്ധാർഹമാണു്. പക്ഷേ, കലാസൃഷ്ടിയെന്ന നിലയ്ക്കു് ഉപമ അനുവാചകനിൽ ചെലുത്തുന്ന സ്വാധീനത്തെപ്പററി അദ്ദേഹം വേണ്ട വിധം പ്രതിപാദിക്കുന്നില്ല. അദ്ദേഹത്തിൻെറ ദൈവശാസ്ത്രപരമായ വിശദീകരണത്തിലും വലിയ പുതുമയൊന്നുമില്ല. മാത്രമല്ല, അതു പലപ്പോഴും വിരസവുമാണു്. ചരിത്രപശ്ചാത്തലത്തിനു വേണ്ട പ്രാധാന്യം നൽകാത്തതും നിസ്സാരമായ പോരായ്മയല്ലല്ലൊ. മന:ശാസ്ത്രപരമായ ഉൾക്കാഴ്ചകൾ ഉപമകളുടെ വിശദീകരണത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്നു എടുത്തുപറയേണ്ടതല്ലോ.

xi) ഡേവിഡ് എം. ഗ്രാൻസ്ക്യൂ (David M. Granskou)

ജൂലിഖർ മുതലുള്ള ഭാഷ്യകാരന്മാരെല്ലാം പാണ്ഡിത്യഭണ്ഡാഗാരത്തിലെ ആയുധങ്ങളുപയോഗിച്ചു് വേദപുസ്തകം,

www.malankaralibrary.com



പ്രത്യേകിച്ച് യേശുവിൻെറ ലളിതമായ ഉപമകഠം കൂടുതൽ സങ്കീർണ്ണമാക്കിയെന്നാണ് ഗ്രാൻസ്ക്യൂവിൻെറ പരാതി[39]. ഇതുവരെയുള്ള ഉപമാഭാഷ്യരീതിക്കെതിരെ മൂന്ന് ആരോപണങ്ങഠം അദ്ദേഹം ഉന്നയിക്കുന്നു: അതു പഴയനിയമത്തിലെ (പ്രത്യേകിച്ച് 2 സാമുവൽ) ഉപമാപാരമ്പര്യത്തോട് നീതി പുലത്തുന്നില്ല. അവയിലടങ്ങിയിരിക്കുന്ന വൈകാരിക ശക്തിയും സാഹചര്യഘടകങ്ങളും ഒട്ടും ശ്രദ്ധിക്കുന്നില്ല. 'ഏകാശയ'ത്തെപ്പററി തക്കിച്ച്പോകയാണ്. പഴയനിയമത്തിലെ ഉപമാപാരമ്പര്യം, വിശേഷിച്ച് അതിൻെറ ഭാഷ, പ്രവാചകനും ശ്രോതാക്കളും തമ്മിലുള്ള ഒരുതരം ക്രിയാത്മകബന്ധം ആവിഷ്കരിക്കുന്നുണ്ട്. യേശുവിൻെറ വ്യക്തിത്വത്തോട് ബന്ധപ്പെടുത്തി ഉപമകഠം മനസ്സിലാക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. ആളുകളെ ദൈവത്തിലേക്കു് തിരികെ വിളിക്കാനുള്ള അദ്ദേഹത്തിൻെറ വ്യഗ്രതയും അവിടത്തെ നർമ്മബുദ്ധിയും വിജ്ഞാനവും എല്ലാം കണക്കിലെടുത്ത് പ്രവചനാത്മകമായി ഉപമ വ്യാഖ്യാനിക്കണമെന്നതാണ് ഗ്രാൻസ്ക്യൂവിൻെറ പ്രത്യേക നിർദ്ദേശം. പരസ്യശുശ്രൂഷകനായ ക്രിസ്തുവിൻെറ കൂടുതൽ പൂർണ്ണമായ ഒരു ചിത്രം ഉപമാപാരമ്പര്യം നല്കുന്നുണ്ട്. യേശു ഒരു പ്രവാചകനിലും വലിയവനായിരുന്നെങ്കിലും അദ്ദേഹത്തിൻെറ പ്രഘോഷണത്തിലെ ശ്രദ്ധമൂലമായ പ്രവാചകഘടകങ്ങഠം വിസ്മരിക്കരുത്[40]. പ്രവചനാത്മകവ്യാഖ്യാനം മൂന്നു സംഗതികഠം ശ്രദ്ധിക്കണമത്രേ. (1) ഉപമയിലെ നർമ്മരസം. ഇതു് ഇന്നുവരെ തീരെ ശ്രദ്ധിക്കപ്പെട്ടിട്ടില്ലപോലും. (2) ആർജ്ജവസംവേദനക്ഷമത (open-ended communication). അതായതു് പ്രവാചകൻെറ വാക്കുകഠം ശ്രോതാക്കളിൽ സ്വാഭാവികമായി പ്രതികരണമുളവാക്കുന്നു—മറുപടി ഉയത്തുന്നു. പ്രസംഗകൻ പ്രത്യേകം ആവശ്യപ്പെടാതെതന്നെയാണതു്. അത്രമാത്രം ആകർഷകവും ചലനാത്മകവുമാണ്. (3) പ്രയോജനകരമായ പ്രായോഗിക നിർദ്ദേശങ്ങഠം നല്കുക. ചില പൊതുതത്വങ്ങഠം മാത്രം സൂചിപ്പിച്ച് തൃപ്തിയടയരുതു്. അഭിമുഖീകരിക്കുന്ന പുതിയ സാഹചര്യങ്ങഠംക്കുപയുക്തമായ പ്രായോ

39. Granskou, op. cit. , p.4
40. Granskou, op. cit. , pp. 52-55

www.malankaralibrary.com



ഗിക നിർദ്ദേശങ്ങൾ നല്ലണം. പ്രവചനപരമായ വ്യാഖ്യാനം ഏററം പ്രധാനപ്പെട്ടതല്ലെങ്കിലും ഒഴിച്ചുകൂടാനാവാത്തതാണു്[41]. എന്നാൽ എല്ലാ ഉപമകളും പ്രവചനാത്മക വ്യാഖ്യാനത്തിനു് വിധേയമല്ലെന്നും അദ്ദേഹം പറയുന്നു. മുപ്പത്തിയൊന്നു് ഉപമകൾ മാത്രമേ അദ്ദേഹം വിശദീകരിക്കുന്നുള്ളു.

യേശുവിൻെറ ഉപമകൾ കേവലം മാതൃകകഥകളല്ലെന്നും അവ പ്രമേയമനുസരിച്ചു് ഗണം തിരിക്കുന്നതു് അവയെപ്പററിയുള്ള ആഴമായ പഠനം നിരുത്സാഹപ്പെടുത്തുമെന്നുമാണു് അദ്ദേഹത്തിൻെറ അഭിപ്രായം[42]. ചരിത്രപരവും സാഹിത്യപരവും ആധുനികവുമായ വ്യാഖ്യാനം ഉപമകൾക്ക നല്ലണമെന്ന നിർദ്ദേശം സ്വീകാര്യവും പ്രശംസാർഹവുമാണു്. "ചരിത്രപരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ സാഹിത്യപരമായ വ്യാഖ്യാനം പ്രയോഗിക്കുക" എന്നദ്ദേഹം പറയുന്നു[43].

ഉപമകളുടെ ആകർഷണീയതയും ലാളിത്യവും നഷ്ടപ്പെടുത്താതെ അവ വിശദീകരിക്കണമെന്ന അഭിപ്രായത്തോടു് ആരും യോജിക്കും. എന്നാൽ മുൻഗാമികളുടെമേൽ അദ്ദേഹമാരോപിക്കുന്ന തെററുകളെല്ലാം അതേപടി അംഗീകരിക്കാനാവില്ല. പ്രായോഗിക നിർദ്ദേശങ്ങൾ ആവശ്യമാണു്. എന്നാലതു് സ്ഥലകാലവ്യക്തികൾക്കനുസരിച്ചു് വ്യത്യാസപ്പെടുമെന്നതിനാൽ ഏതെങ്കിലും ചില പ്രത്യേക പ്രായോഗികനിർദ്ദേശങ്ങൾക്കുള്ളിൽ യേശുവിൻെറ ഉപമകൾ ഒതുക്കി നിർത്തുന്നതു് നീതിയാവില്ല. ചരിത്രപരവും സാഹിത്യപരവുമായ വ്യാഖ്യാനം ഓരോരുത്തക്കും ചേന്ന പ്രായോഗികനിർദ്ദേശങ്ങളും പാഠങ്ങളും സ്വീകരിക്കാൻ ആളുകളെ പ്രേരിപ്പിക്കാനും സഹായിക്കാനുമാണല്ലോ.

ഉപമകൾക്കു് ഇതുവരെ സ്വീകരിച്ചിട്ടുള്ള ഭാഷ്യരീതികളെ നാലായി തിരിക്കാം. (1) ലാക്ഷണികവ്യാഖ്യാനം (2) ജൂലിഖർ–ഡോഡ്–ജറമിയാസ് പ്രഭൃതികളുടെ ഏകാശയ ഭാഷ്യം. ജൂലിഖർ ധാർമ്മികലക്ഷ്യത്തിനു് പ്രാധാന്യം നൽ

41. ibidem p. 54
42. ibidem p. 56
43. ibidem p. 32

www.malankaralibrary.com



കുന്നു. മററുള്ളവർ ചരിത്രപരതസ്സും യുഗാന്ത്യോന്മുഖതസ്സും. (3) സാഹിത്യപരവും നിരൂപണാത്മകവുമായ വ്യാഖ്യാനം. ചരിത്രാത്മകസമീപനത്തോടുള്ള പ്രതികരണമെന്ന നിലയ്ക്കാണ് ഇതു് വളർന്നതു്. ഉപമകളുടെ പ്രഥമശ്രോതാക്കൾക്ക് പ്രസക്തമായിരുന്ന അർത്ഥം ഇന്നുള്ളവർക്ക് അപ്രസക്തമാകാം. യേശുവിൻെറ ഉപമകൾ ദൈവരാജ്യത്തിൻെറ അനുഭവാനുഭൂതികളുടെ സംവേദനമായിരുന്നു. ആ അനുഭവത്തിൽ പങ്കുകൊള്ളുകയാണ് പ്രധാനം. അതിനുപാധിയാണ് അവയെന്നതു് യേശുവിൻെറ ഉപമകളുടെ പ്രത്യേകതയത്രേ. അല്ലാതെ ഒരു സന്ദേശം അറിയിക്കാനോ സത്യം വിശദമാക്കാനോ അല്ല. ഉപമകളെക്കുറിച്ചു് മൂന്നു് സംഗതികൾ ശ്രദ്ധിക്കണം: (a) ആവിഷ്ക്കരണം: അവ ദൈവരാജ്യം വെളിപ്പെടുത്തുന്നു. ദൈവരാജ്യത്തെക്കുറിച്ചുള്ള വെറും വിശദീകരണമല്ല. (b) വിപ്ലവം: ആവിഷ്കൃതമായ ദൈവരാജ്യത്തിൻെറ വെളിച്ചത്തിൽ മനുഷ്യൻ തൻെറ ഭൂതകാലജീവിതം വിലയിരുത്തി ആന്തരികപരിവർത്തനം സാധിക്കുക. (c) തീരുമാനം: ഉപമകളിലെ ദൈവരാജ്യാവിഷ്ക്കരണം നല്കുന്ന വിപ്ലവാത്മകമായ വെല്ലുവിളി സ്വീകരിക്കുക. ഈ മൂന്നു സ്വഭാവങ്ങളുള്ളവ മാത്രമേ യേശുവിൻെറ ഉപമകളായി മൂന്നാമത്തെ കൂട്ടർ കരുതുന്നുള്ളൂ. ഇതിൻെറ പ്രമുഖ പ്രണേതാക്കൾ വൈൽഡർ, ക്രോസർ തുടങ്ങിയവരാണ്. (4) ലിൻമാൻ, ഫുക്സ് എന്നിവർ ഇന്നത്തെ ശ്രോതാക്കളുടെ ജീവിതത്തിലെ ഒരു സംഭവമാക്കി ഉപമ അവതരിപ്പിക്കുക എന്ന ആശയത്തിന് പ്രാമുഖ്യം നല്കുന്നു. അസ്തിത്വാത്മകവ്യാഖ്യാനം എന്നു് ഇതിനെ വിളിക്കാം. ഇന്നുള്ളവർക്ക് ഒരാഹ്വാനമായി ഉപമ അനുഭവപ്പെടണം. അതിന് യേശുവിൻെറ ശ്രോതാക്കൾക്ക് അതു് എങ്ങനെ ഒരു സംഭവമായിരുന്നെന്നു് മനസ്സിലാക്കണം. അതിൻെറ അടിസ്ഥാനത്തിൽ ഇന്നുള്ളവർക്കും പ്രസക്തമാക്കുക. ഇതാണ് ഗ്രാൻസ്ക്യൂവും ആവശ്യപ്പെടുക.

മേൽക്കണ്ട വ്യാഖ്യാനരീതികളൊന്നും അന്യൂനമല്ല. എല്ലാററിൽനിന്നും പലതും സ്വീകരിക്കാനുണ്ട്. ഏതായാലും കേൾവിക്കാരിൽ ഒരു മറുപടി ഉദ്ദീപിപ്പിക്കത്തക്കവിധം അവതരിപ്പിക്കുക അവശ്യമത്രേ. ഇതുവരെയുള്ള ഉപമാഭാഷ്യകാരന്മാരുടെയെല്ലാം സംഭാവനകൾ കണക്കിലെടുക്കുമ്പോൾ ഈ രംഗത്തു

www.malankaralibrary.com



വന്നുകൊണ്ടിരിക്കുന്ന പ്രതീക്ഷാജനകമായ മാററത്തിന്റെ ഒരു ചിത്രം കിട്ടുന്നു. ഭാവിപാതയെക്കുറിച്ച് സൂചനയുമുണ്ട്. എല്ലാവിധവും കുറവററ വ്യാഖ്യാനം ആക്കും സാദ്ധ്യമല്ലല്ലോ. പരസ്പരം കൊണ്ടും കൊടുത്തും ഉപമാഭാഷ്യരംഗം ഇനി ഏറെ പുരോഗമിക്കും.

## 3. യേശുവും ഉപമകളും

യേശു ധാരാളം ഉപമകൾ ഉപയോഗിച്ചിട്ടുണ്ട്. അവയിലൂടെയാണ് അദ്ദേഹം ദിവ്യസന്ദേശം നല്ലൊരു പങ്കു പകർന്നത്. ഈ ബോധനമാർഗ്ഗം യേശു കണ്ടുപിടിച്ചതല്ല. പഠിപ്പിക്കുവാനും പ്രസംഗിക്കുവാനും എപ്പോഴും ഉപയോഗിച്ചിരുന്ന ഒരു സങ്കേതമാണത്. പഴയനിയമകാലം മുതലേ പതിവായിരുന്നു. പ്രതിരൂപങ്ങളുപയോഗിക്കുക അവിടെ സാധാരണമാണ്. ന്യായാധിപന്മാർ 9,7–15–ൽ ഒരുപമയുണ്ട്. ജറുബാബേലിന്റെ മകൻ അബിമേലേക്ക് സ്വസഹോദരന്മാരെയെല്ലാം സംഹരിച്ചിട്ട്—ഏററം ഇളയ യോഥാം മാത്രം അവശേഷിച്ചു—രാജാവായി എന്നു കേട്ടപ്പോൾ യോഥാം ഗെർസിം മലയുടെ മുകളിൽ കയറി ശേഖേം നിവാസികളോട് പറയുന്നതാണ് ഉപമ. തങ്ങൾക്കൊരു രാജാവിനെ കണ്ടുപിടിക്കാൻ പുറപ്പെട്ട വൃക്ഷങ്ങളുടെ ഉപമ:

> "അവ ഒലിവുമരത്തോടു പറഞ്ഞു: നീ വന്നു ഞങ്ങളെ ഭരിക്കുക". ഒലിവ് മറുപടി നല്കുക: "ദൈവവും മനുഷ്യനും മാനിക്കുന്നതിനു കാരണമായ എന്റെ പുഷ്ടി ഉപേക്ഷിച്ചിട്ട് ഞാൻ വൃക്ഷങ്ങളുടെമേൽ ആടാൻ പോകയോ?
>
> അപ്പോൾ വൃക്ഷങ്ങൾ അത്തിയോട്: "നീ വന്നു ഞങ്ങളെ ഭരിക്കുക" എന്നു പറഞ്ഞു. "ഞാൻ എന്റെ മാധുര്യവും പഴവും ഉപേക്ഷിച്ച് വൃക്ഷങ്ങളുടെമേൽ ആടാൻ പോകയോ?" പിന്നെ വൃക്ഷങ്ങൾ മുന്തിരിയോടു പറഞ്ഞു: "നീ വന്നു ഞങ്ങളെ ഭരിക്കുക". മുന്തിരി മറുപടി നല്കി: "ദൈവങ്ങളേയും മനുഷ്യരേയും ആനന്ദിപ്പിക്കുന്ന എന്റെ വീഞ്ഞുപേക്ഷിച്ച് ഞാൻ വൃക്ഷങ്ങളുടെമേൽ ആടാൻ പോവുകയോ?" അപ്പോൾ വൃക്ഷങ്ങളെല്ലാംകൂടി മുൾപ്പടപ്പിനോടു പറഞ്ഞു: "നീ വന്നു ഞങ്ങളെ ഭരിക്കുക". അതു വൃക്ഷങ്ങളോടു പറഞ്ഞു: "നിങ്ങൾ യഥാർത്ഥമായി എന്നെ നിങ്ങളു

www.malankaralibrary.com



ടെ രാജാവായി അഭിഷേചിക്കയാണെങ്കിൽ എന്റെ നിഴലിൽ ആശ്രയിക്കുവിൻ; അല്ലെങ്കിൽ മുൾപ്പടർപ്പിൽനിന്നു് അഗ്നി പുറപ്പെട്ടു് ലബാനോനിലെ ദേവദാരുക്കളെ ദഹിപ്പിക്കട്ടെ".

അബിമേലേക്കു് മുൾപ്പടർപ്പുപോലെയാകുന്നുവെന്നാണു് യോഥാം പറയുക. അവർ വിശ്വസിച്ചു് ആത്മാർത്ഥമായി അദ്ദേഹത്തെ രാജാവാക്കിയതാണെങ്കിൽ അവർക്കൈശ്വര്യമുണ്ടാകും. അല്ലെങ്കിൽ നാശം ഭവിക്കും.

2 സാമുവൽ 12;14;1 രാജാക്കന്മാർ 20, 39–43; ഏശയ്യ. 5,1–7;28,23–29 എന്നിവിടങ്ങളിലെല്ലാം ഉപമകൾ ഉപയോഗിച്ചിട്ടുണ്ടല്ലോ.

പഴയനിയമ ഗ്രന്ഥകാരന്മാർ സാധാരണ പ്രതിരൂപങ്ങളാണു് ഉപമകളിൽ കൂടുതൽ സ്വീകരിച്ചിട്ടുള്ളതു്. എങ്കിലും ക്ലാസ്സിക്കൽ പ്രതിരൂപങ്ങളും ധാരാളം ഉപയോഗിക്കുന്നു. ഇടയനും ആട്ടിൻകൂട്ടവും (ഹോശ. 4,16;13,5-6; ജറ. 23,1–4) മണവാളനും മണവാട്ടിയും (ഹോശ. 1–3; ജറ. 2) മുന്തിരി (ഏശ.5) മുതലായവ ക്ലാസിക്കൽ മാതൃകകളാണു്. പുതിയനിയമത്തിലും ഇവയൊക്കെക്കാണാം. ഇവയുപയോഗിച്ചു് പഠിപ്പിക്കുക വി. ഗ്രന്ഥസാഹിത്യ പാരമ്പര്യത്തോടു് തികച്ചും അനുയോജ്യമാണെന്നു് വ്യക്തമാണല്ലോ.

ഇതേ സങ്കേതം യേശുവിന്റെ കാലത്തെ റബ്ബിമാരും അവലംബിച്ചിരുന്നു. മിദ്രാഷിം[44], മിഷ്നാ[45], താൽമുദ്[46] തുട

44. പഴയനിയമത്തിനു് യഹൂദ റബ്ബിമാർ നല്കിയ വ്യാഖ്യാനം

45. ഒരുകൂട്ടം യഹൂദ മതാനുശാസനങ്ങളുടെ സമാഹാരം. എ. ഡി. 200 നോടടുത്തു് പ്രസാധനം ചെയ്തു.

46. റബ്ബിമാരുടെ സിദ്ധാന്തങ്ങളെപ്പററി ഏററവും കൂടുതൽ വിവരം നൽകുന്ന ഒരു സമാഹാരമാണതു്. ജറുസലേമിലും ബാബിലോണിലും രൂപപ്പെട്ട താൽമുദ്കളുണ്ടു്. ആദ്യത്തേതിനു് പലസ്തീനിയൻ എന്നും പേരുണ്ടു്. അതിനു് അന്തിമരൂപം കൈവന്നതു് എ. ഡി. 5–ാം നൂററാണ്ടോടെയാണു്. പലസ്തീനായിലേയും ബാബിലോണിലേയും റബ്ബിമാർ തമ്മിൽ മിഷ്നായെക്കുറിച്ചുണ്ടായ ചർച്ചയാണു് ബാബിലോണിയൻ താൽമുദിന്റെ വിഷയം. എ. ഡി. 7–ാം നൂററാണ്ടോടെയാണു് അതു് ഇന്നുള്ള രൂപത്തിലായതു്.

www.malankaralibrary.com



ങ്ങിയ റബ്ബീനിക് ബോധന ശാഖകളിലെല്ലാം ധാരാളം ഉപമ കഠം ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ഉത്തമനായൊരു ശിഷ്യനെ റബ്ബി ഉപമയിൽ അവതരിപ്പിക്കുന്നതു നോക്കുക: 'അവൻ പഠിക്കയും പരിശീലിക്കയും ചെയ്യുന്നവനാകുന്നു; പാറമേൽ അടിസ്ഥാനമിട്ടവനെപ്പോലെയാകുന്നു; മണലിൽ അടിസ്ഥാനമിട്ടവനെപ്പോലെയല്ല, ഏറ്റം ചെറിയ വെള്ളപ്പൊക്കംപോലും അതു നശിപ്പിച്ചുകളഞ്ഞു''. സാധാരണ ജീവിതത്തിലെ മാതൃകകഠം അവർ അപൂർവ്വമായേ സ്വീകരിച്ചിരുന്നുള്ളു.

റബ്ബിമാരുടെ ഉപമയുടെ രൂപംതന്നെ യേശു പലപ്പോഴും സ്വീകരിച്ചിട്ടുണ്ട്. അവർ ഉപമയ്ക്കു നല്കിയ ആമുഖ വാക്യത്തോട് ഒട്ടൊക്കെ അനുരൂപമായ വാക്യം യേശു പലതിനും ചേർക്കുന്നു[47]. ദൈവരാജ്യം.... (ഇന്ന) പോലെയാകുന്നു'' (ഏറെ ഉപയോഗിച്ചിട്ടുള്ള ആമുഖവാക്യം ഇതാണ്). റബ്ബിമാർ മിക്ക ഉപമയുമാരംഭിക്കുന്നതു് ഇങ്ങനെയാണ്: "ഒരുപമ ഇതാ: അതു്.... (ഇന്ന) പോലെയാകുന്നു''. അല്പം വ്യത്യസ്തമായ വേറൊരാമുഖവും റബ്ബിമാർ നല്കിയിരുന്നു. "ഞാനൊരുപമ പറയാം. ഈ (സംഗതി) എന്തിനോട് താരതമ്യം ചെയ്യും? ഇതു് ....ആ സംഭവംപോലെയാകുന്നു''. അതായതു്, ചോദ്യംകൊണ്ടാരംഭിക്കുക. യേശുവും ഇതാവർത്തിക്കുന്നു (മർക്കോ.4,13. 30; ലൂക്കോ. 13,20 ഇത്യാദി).

വിശ്വകഥാസാഹിത്യത്തിൽ അംഗീകൃതമായ ചില വിദ്യകളുണ്ടല്ലോ. ആ സങ്കേതങ്ങഠം യേശുവും ഉപമകളിൽ ഉപയോഗിച്ചിട്ടുള്ളതു് പഠിതാക്കഠംക്കു് കാണാനാവും. കഥയുടെ പ്രധാന ഘടകങ്ങളും ആശയങ്ങളും വ്യക്തമാക്കാൻ മൂന്നു വിഭിന്ന കഥാപാത്രങ്ങളെയെങ്കിലും അവതരിപ്പിക്കുക സാധാരണയാണ്. യേശുവിൻെറ ഉപമകഠം കാണുക. മൂന്നു ഭൃത്യന്മാരെ താലന്തേല്പിക്കുന്നു; കൊള്ളക്കാർക്കിരയായവനെ മൂന്നുപേർ കടന്നുപോകുന്നു. മൂന്നാമത്തെ കഥാപാത്രമാണ് ഉപമയുടെ സന്ദേശം വിശദമാക്കുക. അവസാനഭാഗത്തിന് പ്രാധാന്യമേറുക എന്നതും കഥനരീതിയിലെ പതിവായിരുന്നു. ക്രൂരരായ

---

47. Wilfred Harrington. O .P. , op. cit., p.17

www.malankaralibrary.com



കൃഷിക്കാരുടെ ഉപമയിൽ എല്ലാവർക്കും ഒടുവിൽ ഉടമസ്ഥൻ തൻെറ ഏകജാതനെ അയയ്ക്കുന്നു. കഥയുടെ വളർച്ചയ്ക്കു് ആവ ർത്തനം ആവശ്യമായിടത്തു് അതും സ്വീകരിക്കുന്നു. ഉദാ. താല ന്തുകളുടെ ഉപമ. വിപരീതോക്തികളും ഉപേക്ഷിച്ചിട്ടില്ല. ഉദാ. പുണ്യവും പാപവും, ധനികനും ദരിദ്രനും (ലാസറും); ബുദ്ധികൂർമ്മതയും ബുദ്ധിരാഹിത്യവും (പത്തുകന്യകകൾ). കഥാകഥനത്തിലെ വേറൊരു ടെക്നിക്കാണു് പ്രഥമപുരുഷ സംഭാഷണം. കഥാപാത്രം നേരിട്ടു പറയുമ്പോൾ കൂടുതൽ ശക്തിയും ഉജ്ജ്വലതയുമുണ്ടല്ലോ. ഉത്തമപുരുഷസംഭാഷണം വളരെ വിരളമാണു്. കഥാപാത്രങ്ങൾ ഉറക്കെ ആത്മഗതം ചെയ്യുന്നു, ചിലതിൽ (ഉദാ. ലൂക്കാ. 12,16-21;18,9-14). അവരുടെ ഉള്ളിരുപ്പു് നമുക്കു് മനസ്സിലാക്കാനാണല്ലോ ഇതു്. ഒരു കഥാപാത്രത്തിൻെറ സംസാരം ഉൾക്കൊള്ളാനേ ഒരേസ മയം അനുവാചകർക്കു കഴിയൂ. അതിനാൽ മൂന്നു കഥാപാത്ര ങ്ങളും ഒരേസമയം സ്റ്റേജിൽ പ്രത്യക്ഷപ്പെടേണ്ടിവരുമ്പോൾ ഓരോരുത്തരെ പ്രത്യേകം എടുത്തുകാണിക്കുന്നു. അതായതു് കഥാപാത്രം നേരിട്ടുതന്നെ സദസ്സിനെ അഭിമുഖീകരിക്കുന്നു (മത്താ. 25,14–28 കാണുക).

ഉപസംഹാരത്തിലും യേശു റബ്ബിമാരെ അനുകരിക്കുന്നു ണ്ടു്. സന്ദേശമായി ഒരു തത്വം ആവിഷ്കരിച്ചുകൊണ്ടാണു പലപ്പോഴും റബ്ബിമാർ ഉപമ അവസാനിപ്പിക്കുക. യേശുവും പല ഉപമകൾക്കും ഇതനുവർത്തിച്ചിട്ടുണ്ടല്ലോ (മത്താ.13,49).

ഉപമാപാരമ്പര്യം പരിചിതമായൊരു ജനതയോടാണു് യേശു ഉപമകൾ പറഞ്ഞതു്. അവയിലൂടെ പ്രബോധനം നൽകുക അംഗീകൃതമായിക്കഴിഞ്ഞിരുന്ന സങ്കേതമാണു്. എ ങ്കിൽ യേശുക്രിസ്തുവിൻെറ ഉപമകളുടെ പ്രത്യേകതയെന്തു്? അവയുടെ പുതുമയെന്തു്?

പൂർവ്വസിദ്ധമായ ഒരു പ്രബോധനമാണെങ്കിലും യേശു ഉപ മകൾ ഉപയോഗിച്ചതിൽ നവീനതയുണ്ടു്. ശ്രോതാക്കളുടെ പ്രതികരണത്തിൽ പ്രകടമാണു്. "ഇതെന്തു്? പുതിയൊരു പ്രബോധനം!" (മർക്കോ. 1, 27). "ഒരുവനും ഇതുപോലെ സംസാരിച്ചിട്ടില്ല" (യോഹ. 7, 46). കേൾവിക്കാരെ അത്ഭു തസ്തബ്ധരാക്കുന്ന പുതുമയുണ്ടല്ലോ യേശു പറഞ്ഞ ഉപമകൾ

www.malankaralibrary.com



കളു്. അനുദിനജീവിതത്തിലെ സാധാരണസംഭവങ്ങളാണു് ഉജ്ജ്വലവും വിശദവുമായ ഉപമകളായി അദ്ദേഹമവതരിപ്പിച്ചതു്. എന്നിട്ടും അവരുടെ ശ്രദ്ധ പിടിച്ചുപററി ചിന്തിപ്പിക്കുന്ന എന്തോ ഒന്നു് അവയുൾക്കൊള്ളുന്നു. ഇതു് അവയുടെ നവീനതയ്ക്കു നിദാനമാണു്.

യേശുവിൻെറ ഉപമകളുടെ അതുല്യത ഏറെ വ്യക്തമായിക്കാണാൻ സമകാലീനഘട്ടത്തിൻേറയും സംസ്കാരത്തിൻേറയും സാഹിത്യ സന്തതികളോടു് തുലനം ചെയ്യുക. അതായതു് വി. പൗലോസിൻേറയും റബ്ബിനിക് സാഹിത്യത്തിലേയും ഉപമകളോടു്. തനതായൊരു ശൈലിയും നിസ്തുലമായ ഉജ്വലതയും സാരഗർഭമായ സാരള്യതയും കൃതഹസ്തത വ്യക്തമാമാക്കുന്ന ഘടനാസൗകുമാര്യവും സവിശേഷമായ സന്ദേശവും സമജ്ജസമായി സമ്മേളിച്ചവയാണു് യേശുക്രിസ്തുവിൻെറ ഉപമകൾ.

i അവതരണത്തിലെ ചുതമ

സാധാരണ സംഭവങ്ങളാണു് യേശുവിൻെറ മാതൃകകൾ. മിക്കപ്പോഴും കഥാരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പലസ്തീനായിലും പരിസരപ്രദേശങ്ങളിലും കാൽനടയായി ചുററി സഞ്ചരിച്ചിട്ടുള്ള യേശുവിനു് അവിടത്തെ ഗ്രാമീണ പരിതഃസ്ഥിതി നേരിട്ടറിയാമല്ലോ. കൃഷിയും ആട്ടമേയ്ക്കും പരിചിതമാണു്. മേലേക്കിടയിലുള്ളവരുടേതെന്നതിലും താഴേക്കിടയിലുള്ളവരുടെ കാര്യങ്ങളും ഗൃഹാന്തരീക്ഷവുമാണു് ആ മഹാനുഭാവൻ കൈകൊണ്ടതു്. നഗരസംഭവങ്ങളെന്നതിലും ഗ്രാമീണസംഭവങ്ങൾ സ്വീകരിച്ചു. റബ്ബിമാർക്കും പൗലോസിനും നാഗരിക ജീവിതമാതൃകകളോടാണു് കൂടുതൽ പ്രതിപത്തി. അവ ക്ലിഷ്ടവും ശാസ്ത്രീയവും ബുദ്ധികൂർമ്മതയാവശ്യമുള്ളവയുമാണു്. എന്നാൽ ഏതു നിലയിലുള്ളവർക്കും ആസ്വദിക്കത്തക്ക ലാളിത്യവും വർണ്ണനയും യേശുവിൻെറ ഉപമകളുടെ പ്രത്യേകതയാണു്.

അതിവേഗം ഗ്രഹിക്കാനാവാത്തതും കേൾവിക്കാരുടെ സവിശേഷശ്രദ്ധ ആകർഷിക്കുന്നതുമായ ഒരംശം യേശു പറഞ്ഞ കഥകളിൽ (ഉപമകളിൽ) ഉണ്ടാവും. പിതാവിനെ വിശ്വസ്ത

www.malankaralibrary.com



മായി സേവിച്ച മൂത്തപുത്രനെക്കാൾ ധൂർത്തനായ ഇളയവൻ അനു കമ്പ പിടിച്ചുപററി. യഹൂദരുടെ ആജന്മശത്രുവായ ശമറായൻ പുരോഹിതനെക്കാളും ലേവായനെക്കാളും പ്രശംസയാർജ്ജിച്ചു. കൈവിട്ടുപോകാത്ത തൊണ്ണൂററൊമ്പതു് ആടിനെപ്രതിയെന്ന തിലും നഷ്ടപ്പെട്ടിട്ടു തിരിച്ചുകിട്ടിയ ഒരു ആടിനെപ്രതി ആന ന്ദിക്കുന്ന ആട്ടിടയൻെറ സന്തോഷം അപ്രതീക്ഷിതമല്ലേ? ഇത്ത രം അപൂർവ്വതകൾ ആളുകളെ ചിന്തിപ്പിക്കുവാൻ കല്പിച്ചതാണു്.

### ii നവസന്ദേശം

യേശു ഉപമകൾ പറഞ്ഞതു് തൻെറ പുതിയ സന്ദേശം സംവേദിക്കാനാണു്. കേട്ടുപഴകിയ കഥകൾപോലും അദ്ദേഹം ഉപമകളായി അവതരിപ്പിച്ചപ്പോൾ അവയിലുൾക്കൊള്ളിച്ചു നവസന്ദേശം അവയ്ക്കു് പരഭാഗശോഭയേറുന്ന പുതുമ നൽകി. ദൈവരാജ്യത്തിൻെറ രഹസ്യം—അതാണാ പുതുസന്ദേശം. വി ശുദ്ധ (മതപരമായ) സംഭവങ്ങൾ ചില ഇമേജുകൾ ഉപയോ ഗിച്ചു വ്യാഖ്യാനിക്കുക മാത്രമേ റബ്ബിമാർ ചെയ്തിരുന്നുള്ളു. അ തുവഴി ധാർമ്മികപ്രബോധനം നല്ലാനേ അവക്കു കഴിഞ്ഞുള്ളു. അതു മാത്രമല്ലല്ലോ യേശുവിൻെറ ഉദ്ദേശം. അവയിൽ ധാർമ്മി കപാഠങ്ങളുണ്ടു്; എന്നാൽ അവ ധാർമ്മികപാഠങ്ങളല്ല. ഏതാനും ഉപമകൾ യഹൂദമതത്തിൻെറ ചിരപ്രതിഷ്ഠിതമായ ചില ആചാരങ്ങൾ ചോദ്യംചെയ്യുന്നു (ഉദാ. നല്ല ശമറായൻെറ ഉപമ). മുന്തിരിത്തോട്ടമേല്പിച്ച കൃഷിക്കാരുടേയും താലന്തുകളുടേയും ഉപമകൾ യഹൂദമതനേതാക്കളുടെമേൽ ആസന്നമായിരിക്കുന്ന വിധിയെക്കുറിച്ചുള്ള മുന്നറിയിപ്പാണു്. ഗലീലിയൻ പ്രവ ർത്തനം മന്ദഗതിയിൽ പുറപ്പെടുവിച്ച ഫലം നിസ്സാരമെങ്കിലും അതിനെ സാധൂകരിക്കുന്നതാണു് വിതക്കാരൻേറയും കടുകുമ ണിയുടേയും ഉപമകൾ. യേശുക്രിസ്തുവിൽ സമാഗതമായ ദൈവരാജ്യത്തോടു് ബന്ധപ്പെട്ടതാണു് മിക്ക ഉപമകളും. ദൈ വരാജ്യം സ്വീകരിക്കാൻ ആളുകളെ വെല്ലുവിളിക്കയാണു് മി ക്കതും. ദൈവരാജ്യം ആസന്നമായിക്കഴിഞ്ഞു. നിർണ്ണായക നിമിഷം വന്നുചേർന്നു. പൂർവ്വഗാമികളാരും സ്വപ്നേപി ദർശിക്കാത്ത പ്രത്യ ക്ഷമായിക്കഴിഞ്ഞ ദൈവരാജ്യത്തിൻെറ രഹസ്യം എന്ന സ ന്ദേശം യേശുവിൻെറ ഉപമകളെ ആധുനികവും അതുല്യവു മാക്കി.

www.malankaralibrary.com



iii കഥാകാരന്റെ പുതുമ

ആത്മസ്പർശിയാകുന്നതനുസരിച്ച് കഥ ജീവസ്സുററതാകും. കഥാനായകൻതന്നെ കഥയുടെ കേന്ദ്രമാകുമ്പോഴും, ആത്മകഥയായി തരംതാഴാതിരുന്നാൽ, അതിനൊരു പ്രത്യേകതയുണ്ട്. കൂടുതൽ ഹൃദയസ്പർശിയാകും. യേശുവിന്റെ സന്ദേശത്തിന്റെ കേന്ദ്രം അദ്ദേഹംതന്നെയായിരുന്നു. ദൈവരാജ്യമെന്ന യാഥാർത്ഥ്യത്തിന്റെ ജീവസ്സുററ കേന്ദ്രമായി സ്വയം അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഉപമകളിലൂടെയുള്ള പ്രഘോഷണത്തിന്റെ വിഷയം അവിടുന്നുതന്നെയായിരുന്നു. അങ്ങനെ ദൈവരാജ്യം സാക്ഷാത്കൃതമായ ക്രിസ്തുവിന്റെ നിസ്തുല വ്യക്തിത്വത്തിന്റെ നവീനത അദ്ദേഹത്തിന്റെ ഉപമകൾക്ക് അദ്വിതീയ പുതുമയേകി.

ഉപമാപാരമ്പര്യത്തിൽ വളർന്ന ഒരു സമൂഹത്തോടാണ് യേശു ഉപമകളിൽ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചത്. ജനകീയമായിരുന്നു അവതരണം. എങ്കിലും സന്ദേശം എപ്പോഴും എല്ലാവർക്കും ഒരുപോലെ വ്യക്തമായിരുന്നില്ല. അതേപ്പററി ചിന്തിക്കുവാൻ അവർക്കുത്തേജനം നല്കി. യേശുവിന്റെ ഉപമകളെക്കുറിച്ച് ഉപരിപൂർണ്ണമായൊരുൾക്കാഴ്ച നമുക്കുണ്ട്. അതിനാൽ നമ്മുടെ ജീവിതപശ്ചാത്തലത്തിൽ അവ നല്കുന്ന സന്ദേശം ആഴമായി ഗ്രഹിക്കുകയും ചെയ്യാം.

## 4. ഉപമകൾക്കു വന്നുഭവിച്ച മാററങ്ങൾ[48]

(i) പുനരവതരണ വ്യതിയാനങ്ങൾ

യേശു സംസാരിച്ചതു് അറമായ ഭാഷയിലാണ്. ആ വാക്കുകൾ ഗ്രീക്കിലേക്ക് വിവർത്തനം[49] ചെയ്തു സ്വീകരിച്ച പദങ്ങളുടെ അർത്ഥത്തിന് പൊതുവെ കുറെ വ്യതിയാനം വന്നു ഭവിച്ചു.

അറമായയിൽ പറഞ്ഞ ഉപമകൾക്ക് പലസ്തീനിയൻ പശ്ചാത്തലമായിരുന്നു. എന്നാൽ അവ ഗ്രീക്കിലേക്ക് വിവ

48. Cf. J. Jeremias, op. cit.
49. വളരെ നേരത്തെത്തുടങ്ങി

www.malankaralibrary.com



ത്തനം ചെയ്തപ്പോൾ സ്വാഭാവികമായി ഹെല്ലനിസ്റ്റിക് പശ്ചാത്തലത്തിൻെറ ഘടകങ്ങളും കടന്നുകൂടി. ഉദാഹരണത്തിനു് ലൂക്കോ. 11,33–ൽ പറയുന്നു: "ആരും വിളക്കുകൊളുത്തി നിലവറയിലോ പറയിൻകീഴോ വയ്ക്കാറില്ല....". പലസ്തീനായിൽ നിലവറയോടെ വീടുപണിയുക സാധാരണമായിരുന്നില്ല. അതുപോലെ വീട്ടിലേക്കു പ്രവേശിക്കുന്ന എല്ലാവരിലും തട്ടത്തക്ക രീതിയിൽ വെളിച്ചം പോകാവുന്നവിധം വാതിലുകളുള്ള വീടുകളും അസാധാരണമായിരുന്നു. ലൂക്കോ. 14,35ലെ വാക്കുകളിലും പ്രതിഫലിക്കുക പലസ്തീനിയൻ പശ്ചാത്തലമല്ല. പലസ്തീനായിൽ ഉപ്പ് വളമായി ഉപയോഗിച്ചു എന്നതിനും തെളിവില്ല.

മർക്കോ. 13,35;6,48 എന്നിവിടങ്ങളിൽ രാത്രി നാലു യാമങ്ങളായി തിരിച്ചിരിക്കുന്നു. റോമൻ രീതിയാണിതു്. ഭടന്മാരുടെ ജോലിക്കാവശ്യമായ വിധമുള്ള വിഭജനമാണു്. ലൂക്കോ. 12,38–ൽ രാത്രിക്കു് മൂന്നു ഭാഗങ്ങളേ ഉള്ളു. ഇതു് പലസ്തീനിയൻ രീതിയും. പലസ്തീനായിലേതല്ലാത്ത പല ഘടകങ്ങളും യേശു പലപ്പോഴും സ്വീകരിച്ചിട്ടുണ്ടു്. പാരമ്പര്യത്തിൽ പലവിധം കാണുന്നതിൽ പലസ്തീനിയൻ രീതി സ്വീകരിക്കയാവും ഏറെ നന്നു്.

(ii) അതിശയോക്തികൾ

ഉപമകളിൽ തുകകളും സംഖ്യകളും അളവുകളുമൊക്കെ അവിശ്വസനീയമാംവിധം വലുതാക്കി പറഞ്ഞിട്ടുണ്ടു്. താലന്തുകളുടെ ഉപമയെടുക്കുക, മൂന്നു ഭൃത്യന്മാർ യഥാക്രമം അമ്പതിനായിരം, ഇരുപതിനായിരം, പതിനായിരം താലന്തു് സ്വീകരിച്ചു എന്നു് വി. മത്തായിയുടെ സുവിശേഷം പറയുന്നു. തൃതീയസുവിശേഷമനുസരിച്ചു് പത്തു ഭൃത്യന്മാർക്കു് നൂറു ദെനാറ വീതമാണു്. ഇതിൽ തുകയെ സംബന്ധിച്ചു് വി. ലൂക്കോസും ഭൃത്യന്മാരുടെ എണ്ണത്തിൻെറ കാര്യത്തിൽ വി. മത്തായിയും മൂലത്തോടു് കൂടുതൽ വിശ്വസ്തരാണെന്നു കരുതാം. വലിയ സംഖ്യയോടു് പ്രഥമസുവിശേഷകനു് പ്രതിപത്തിയുണ്ടു്. ഒരു സംഗതി തറപ്പിച്ചുപറയാൻ ചില പ്രത്യേക പ്രയോഗങ്ങൾ സ്വീകരിക്കുകയെന്നതും അതിൻെറ സവിശേഷതയാണു്. ഉദാ: മത്താ. 21, 21: "അവൾ അവനോടു

www.malankaralibrary.com



പറഞ്ഞു''. (മർക്കോ. 12, 9ലും ലൂക്കോ. 20, 16ലും ഇല്ല). മത്താ. 21, 21–ൽ അതിനൊരു പ്രത്യേക ഉദ്ദേശ്യമുണ്ട്. യേശുവിന്റെ ശ്രോതാക്കൾ തങ്ങളെപ്പററി ഒരു വിധി പ്രസ്താവിക്കാൻ അവരറിയാതെതന്നെ നിർബ്ബന്ധിതരായിരിക്കുന്നുവെന്നു ധരിപ്പിക്കുക. ഉപമകളിൽ അതിശയോക്തികൾ ധാരാളമുണ്ട്. ചിലതു് യേശുവിൽനിന്നാകാം. പല പാരമ്പര്യങ്ങളിൽ അതിവർണ്ണനം കുറഞ്ഞതു് മൂലത്തോട് കൂടുതൽ അടുത്തതായി സ്വീകരിക്കുകയാണു് അംഗീകൃതരീതി.

(iii) ശ്രോതൃ വ്യതിയാനം (change of audience)

ഒരേ ഉപമ വ്യത്യസ്ത ശ്രോതാക്കളോട് പറഞ്ഞതായി സുവിശേഷങ്ങളിലുണ്ടല്ലോ. ഉദാ: നഷ്ടപ്പെട്ട ആടിന്റെ ഉപമ. ഫരീസരോടും[50] നിയമജ്ഞരോടുമാണു് പറഞ്ഞതെന്നു് ലൂക്കോസ് രേഖപ്പെടുത്തുന്നു. ഉപസംഹരിക്കുന്നതിങ്ങനെയാണു്: ''പശ്ചാത്താപമാവശ്യമില്ലാത്ത തൊണ്ണൂററൊമ്പതു നീതിമാന്മാരെപ്രതിയെന്നതിലും പശ്ചാത്തപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ ഏറെ ആനന്ദമുണ്ടായിരിക്കും''. പാപിയുടെ മാനസാന്തരത്തിലുള്ള അതിയായ ആനന്ദമാണു് ഉപമയുടെ വിഷയം. ആചാരപരിശുദ്ധി പാലിക്കാത്തതിനും പാപികളോട് പങ്കുപററുന്നതിനും യേശുവിനെ ഫരീസർ കുററപ്പെടുത്തുന്നുണ്ടല്ലോ. അവർക്കു് അദ്ദേഹം മറുപടി നല്കുയാണു് ഉപമയിൽ. നഷ്ടപ്പെട്ടിട്ടു് കണ്ടുകിട്ടിയ ഒരാടിനെപ്രതി

---

50. സദൂക്കായരുടേതിൽ നിന്നു് വ്യത്യസ്തമായ കാഴ്ചപ്പാടുള്ള യഹൂദ അത്മായ നേതാക്കന്മാരാണു് ഫരീസർ. ബി. സി. രണ്ടാം നൂററാണ്ടിലാണു് പ്രസ്തുത അത്മായ പ്രസ്ഥാനം തുടങ്ങിയതു്. ദൈവജനത്തെ പൂർണ്ണ പരിശുദ്ധിയിൽ പ്രതിനിധാനം ചെയ്യുന്നതു് അവർ മാത്രമാണെന്നു് അവകാശപ്പെട്ടു. അതിനാൽ സാധാരണക്കാരിൽനിന്നു് അകന്നുനിന്നു. നിയമജ്ഞരാണു് സമൂഹത്തിലെ നേതാക്കന്മാർ. നിയമങ്ങളെയും മററു് നിർദ്ദേശങ്ങളേയും പററിയുള്ള വായ്മൊഴിപ്പാരമ്പര്യങ്ങൾപോലും അവർ ശ്രദ്ധയോടെ പരിശീലിച്ചു. അംഗങ്ങളെല്ലാം ദശാംശം, ശുദ്ധീകരണം തുടങ്ങിയ നിയമങ്ങൾ കർക്കശമായി പാലിക്കണമെന്നു ശഠിച്ചു (കാണുക. മത്താ. 23,23–26; ലൂക്കോ. 11,39–42). ബാഹ്യാചാരങ്ങളിലാണു് കൂടുതലും ശ്രദ്ധിച്ചതു്. രാഷ്ട്രീയമായി, റോമാക്കാരോട് നിസ്സംഗമനോഭാവമായിരുന്നു അവരുടേതു്.

www.malankaralibrary.com



യാണ് മററ് തൊണ്ണൂററൊമ്പതിനെപ്രതിയെന്നതിലും ആട്ടിടയന് കൂടുതൽ ആനന്ദം.

ഇതേ ഉപമയ്ക്ക് ഒന്നാം സുവിശേഷത്തിൽ വേറൊരു സാഹചര്യമാണ്. ശിഷ്യന്മാരോടാണതു പറയുക. ഉപസംഹാരവും വ്യത്യസ്തംതന്നെ. "ഈ ചെറിയവരിൽ ഒരുത്തൻപോലും നശിച്ചുപോകുവാൻ എൻെറ സ്വർഗ്ഗസ്ഥപിതാവിന് ഇഷ്ടമില്ല" (മത്താ. 18,14).

ഒരേ ഉപമയ്ക്ക് വ്യത്യസ്തമായ ശ്രോതാക്കളും ഉപസംഹാരവും. ഇതെങ്ങനെ? സഭയുടെ സാഹചര്യത്തിൽ വന്ന മാററമാണ് കാരണം. ബലഹീനക്ക് നാശത്തിനു കാരണമാകാവുന്ന ഇടർച്ച നല്കാതിരിക്കാൻ സൂക്ഷിക്കണമെന്നു സഭ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. സഭയിൽ ഉപമകൾ പ്രസംഗവിഷയമായപ്പോൾ ഫരീസക്കല്ല, വിശ്വാസികൾക്കാണ് പ്രാധാന്യം. സഭയുടെ അജപാലനപരമായ താല്പര്യവും ഉത്ക്കണ്ഠയുമാണിവിടെ നിഴലിക്കുക. വി. മത്തായി ഉപമ ഉൾപ്പെടുത്തിയിരിക്കുന്നത് 18-ാം അദ്ധ്യായത്തിലാണെന്നതും ശ്രദ്ധേയമത്രേ. അജപാലനതാല്പര്യം മുൻനിർത്തി സഭ വിശ്വാസികൾക്ക് ഉപദേശം നൽകുന്ന പശ്ചാത്തലമാണ് നഷ്ടപ്പെട്ട ആടിൻെറ ഉപമയ്ക്ക് അവിടെ.

സഭയുടെ മാറിയ പരിതഃസ്ഥിതിക്കനുയോജ്യമായ ശ്രോതാക്കളെ സ്വീകരിച്ച് വി. മത്തായി ഉപമ പുനരവതരിപ്പിക്കുന്നു. തൃതീയ സുവിശേഷത്തിലെ ശ്രോതാക്കളായിരിക്കണം യേശുവിൻേറതു്.

തനിക്കു ലഭിച്ച പ്രേഷിതകല്പനയെപ്പററി ബോധവതിയായപ്പോൾ സഭ ചില ഉപമകൾ അവളെ പ്രേഷിതവേലയ്ക്കു ചുമതലപ്പെടുത്തുന്നതായി വ്യാഖ്യാനിച്ചു. വലിയ വിവാഹവിരുന്നിൻെറ ഉപമ ഉദാഹരണമായെടുക്കാം. യേശു പ്രഘോഷിക്കയും ദൈവം യേശുവിൽ ദാനം ചെയ്യുകയും ചെയ്യുന്ന സുവിശേഷം നീതീകരിക്കാൻ അദ്ദേഹം തൻെറ നിരൂപകന്മാരോടും എതിരാളികളോടും പറഞ്ഞതാണ് ഉപമ. സഭയാകട്ടെ അതു് തന്നോടു പറയുന്നതായിക്കണ്ടു. വി. ലൂക്കോസ് പുറജാതികളുടെ ദൈവരാജ്യപ്രവേശനത്തെപ്പററി പറയുന്നു. ക്ഷ

www.malankaralibrary.com



ണിക്കപ്പെടാത്തവരും പ്രവേശിക്കും എന്ന ആശയത്തിനാണ് വി. മത്തായി മുൻഗണന നല്കുക. ഇസ്രായേലിലെ മതനേതാക്കന്മാരോടും മററും യേശു പറഞ്ഞ ഉപമകൾ[51] സഭയുടെ നേതാക്കന്മാരോട് പറയുന്നതായി പരിഗണിച്ചു. ഇതു് ഏറിയ പങ്കും പ്രസാധനവേലയാണ്[52]. ഉപമയ്ക്കുപയോഗിക്കുന്ന പ്രതീകങ്ങൾ പ്രസ്തുത മാററത്തിനു് ഉതകുന്നതുമായിരുന്നു. സഭാനേതാക്കന്മാർക്കു നിർദ്ദേശം നല്കാനുള്ളതായി ഉപമ വ്യാഖ്യാനിക്കേണ്ട ആവശ്യമുദിച്ചു. ഈ ആവശ്യബോധത്തിൻെറ ദൃക്ഷത മത്തായി 18—ാം അദ്ധ്യായം സൂചിപ്പിക്കുന്നുമുണ്ടല്ലോ.

(iv) പുതിയ പശ്ചാത്തലത്തിൽ (change of the situation)

യേശു ഒരു സാഹചര്യത്തിൽ പറഞ്ഞ ഉപമ മറെറാന്നിലാക്കിയിട്ടുണ്ട് സുവിശേഷങ്ങളിൽ. പ്രത്യേകിച്ച് അന്ത്യകാലസംബന്ധിയായവ. കാരണം ആദിമസഭയുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി യേശുവിൻെറ ദ്വിതീയാഗമത്തിനുണ്ടായ കാലതാമസമാണ്.

പത്തു കന്യകകളുടെ ഉപമ ഉദാഹരണമായെടുക്കാം. ഒന്നാം സുവിശേഷത്തിലെ (25,1-13) ഉള്ള. "ആ ദിവസമോ സമയമോ നിങ്ങൾക്കറിയായ്കയാൽ ജാഗ്രതയോടിരിക്കുവിൻ" (വാക്യം 13 എന്നുപസംഹരിക്കുന്നു). യേശുവിൻെറ രണ്ടാമത്തെ വരവിനു് ഉണർന്നിരിക്കുവിൻ എന്ന ആഹ്വാനമാണിതിൽ. പക്ഷേ യേശുവിൻെറ ശ്രോതാക്കളായ യഹൂദരോട് ഇങ്ങനെയൊരുപദേശത്തിനു് പ്രസക്തിയില്ലല്ലോ. എങ്കിലും യുഗാന്ത്യാത്മകമായ ഒരു മുന്നറിയിപ്പ് അദ്ദേഹമവർക്കു നല്കി. അവർ പ്രതീക്ഷിച്ചിരുന്ന അവസരം സമാഗതമായി. യേശുവിൻെറ പ്രവർത്തനത്തോടെ പ്രോദ്ഘാടിതമായ ഈ മഹായുഗം തീരുമാനത്തിൻേറയും വിധിതീർപ്പിൻേറതുമാണ്. പ്രസ്തുത നിർണ്ണായകനിമിഷം നിതാന്തജാഗ്രതയോടിരിക്കാൻ യേശു യഹൂദരെ ആഹ്വാനം ചെയ്തു. സഭയ്ക്കു് യുഗാന്ത്യസമയം വ്യത്യസ്തമാണ്.

---

51. ഉദാ: വാതില്കാവല്കാരൻെറ ഉപമ, താലന്തുകളുടെ ഉപമ, അധികാരമേല്പിച്ച ഭൃത്യൻെറ ഉപമ.

52. J. Jeremias, Rediscovering the Parables, S.C.M. Paper back, London, 1966. p. 53.

www.malankaralibrary.com



ക്രിസ്തുവിന്റെ മഹത്വമേറിയ ദ്വിതീയാഗമമാണത്. ഏതു നിമിഷവുമാകാമത്. എപ്പോഴായാലും തയ്യാറായിരിക്കാൻ ക്രിസ്ത്യാനികളെ ആഹ്വാനം ചെയ്യുകയാണ് ഒന്നാം സുവിശേഷത്തിൽ ഉപമ[53].

(v) പ്രബോധനാത്മകലക്ഷ്യം

പ്രത്യേക ഉദ്ദേശ്യത്തോടെയാണ് ഉപമയോരോന്നും യേശു പറഞ്ഞത്. അതിൽനിന്ന് ഒട്ടൊക്കെ വിഭിന്നമായ ഒരുദ്ദേശ്യത്തിന് പ്രാധാന്യം നല്കിക്കൊണ്ട് ചില ഉപമകൾ സുവിശേഷത്തിൽ പുനരവതരിപ്പിച്ചിട്ടുണ്ട്. പ്രധാനമായും പ്രബോധനലക്ഷ്യത്തിനാണ്.

പ്രത്യർത്ഥിയുടെ ഉപമ നോക്കുക (ലൂക്കാ. 12, 57-59). യേശുവിന്റെ ജീവിതവും പ്രവർത്തനവുമാണ് പശ്ചാത്തലം. ഒഴികഴിവില്ലാത്ത ഒരു മുന്നറിയിപ്പ് നൽകയാണ്. "ഈ നിർണ്ണായകനിമിഷം ഒരു തീരുമാനമെടുക്കൂ" മെസിയായുടെ യുഗം വന്നുപോയി, ഇനി സൂക്ഷിച്ചുകൊള്ളൂ. സമയം ക്രമപ്പെടുത്തുക. വഴിയിലായിരിക്കുമ്പോൾത്തന്നെ കണക്കു ശരിപ്പെടുത്തുക.

ഇതേ ഉപമ വി. മത്തായി മലയിലെ പ്രസംഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുക (5, 23–). സഭാത്മകസാഹചര്യത്തിലാണവിടെ. ബലിയർപ്പിക്കാൻ വരുമ്പോഴുണ്ടായിരിക്കേണ്ട മനോഭാവം പരിചിന്തിക്കാനും പരിശോധിച്ചുനോക്കാനും ആഹ്വാനം നല്കുന്നു. വി. ലൂക്കോസ് ദൈവത്തിന്റെ യുഗാന്ത്യാത്മക പ്രവർത്തനത്തിന് പ്രാധാന്യം നല്കുന്നു. വി. മത്തായി ക്രിസ്തുശിഷ്യന്മാരുടെ പെരുമാററത്തിനും.

എന്തുകൊണ്ടീ വ്യത്യാസം?[54] യേശുവിന്റേയും സഭയു

53. നിശയിലെ മോഷ്ടാവിന്റേയും (മത്താ. 24, 43 ലൂക്കാ. 12, 39) വാതില്ക്കാവല്ക്കാരന്റേയും (മർക്കോ. 13, 33-37 ലൂക്കാ. 12, 35-38) അധികാരമേല്പിച്ച ഭൃത്യന്റേയും (മത്താ. 24, 45-51 ലൂക്കാ. 12, 41-46) ഉപമകളും സാഹചര്യം മാററി പുനരവതരിപ്പിച്ചതിന് മററുദാഹരണങ്ങളാണ്.

54. cf. J. Jeremias, Rediscovering the Parables. p. 33.

www.malankaralibrary.com



ടേയും സാഹചര്യങ്ങളുടെ വ്യത്യസ്തതയാണ് കാരണം. സമ്പൂർണ്ണം സമുദ്ഘാടനം ചെയ്യാനിരിക്കുന്ന ഭീകരസംഭവം പ്രതീക്ഷിച്ച്, ചരിത്രത്തിലെ ആ നിർണ്ണായകനിമിഷം കാത്ത് യേശു ജീവിച്ചു. സമയം മാറിയതോടെ സഭ രണ്ട് പ്രതിസന്ധികൾക്കിടയിൽ സ്വയം കണ്ടെത്തി. കഴിഞ്ഞതും വരുവാനിരിക്കുന്നതുമായ രണ്ടു നിർണ്ണായകസന്ധികൾക്കിടയ്ക്കായിരുന്നു സഭയുടെ നില. ക്രിസ്തുവിൻെറ കുരിശിൻേറയും ദ്വിതീയാഗമനത്തിൻേറയും മദ്ധ്യത്തിൽ നില്ക്കുന്ന അവർ മാർഗ്ഗനിർദ്ദേശത്തിന് ക്രിസ്തുവിലുററുനോക്കി. സമയത്തിൻെറ ഗൗരവത്തെപ്പററി യഹൂദരിൽ അവബോധമുളവാക്കാൻ അദ്ദേഹമരുളിയ ഉപമകൾ ക്രിസ്തീയസമൂഹത്തിൻെറ പെരുമാററത്തെപ്പററി നിർദ്ദേശം നല്കുന്നതായി പുനർവ്യാഖ്യാനിക്കാൻ അവർ നിർബന്ധിതയായി. ദൈവശാസ്ത്രജ്ഞൻെറ ഭാഷയിൽ, യുഗാന്ത്യാത്മകതയ്ക്കു നല്കിയിരുന്ന പ്രാധാന്യം ബോധനാത്മകതയിലേക്കു മാററി, ഉപദേശമാക്കി ഉപമ[55]. എങ്കിലും യേശുവിൻെറ വാക്കുകളുടെ യുഗാന്ത്യാത്മകതയും ഉള്ളടക്കവും നഷ്ടപ്പെടുത്തിയിട്ടില്ലതാനും. മറിച്ച് അന്തരജനത്തിൻെറ ആവശ്യകതയ്ക്കു് പ്രാധാന്യമേററി അന്ത്യകാലാത്മകത കൂടുതൽ യാഥാർത്ഥ്യവത്ക്കരിക്കയാണു ചെയ്തതു്.

(vi) സംശ്ലേഷണം

യേശു വിഭിന്നമായി പറഞ്ഞ രണ്ടു് ഉപമകൾ ഘടിപ്പിച്ച് ഒന്നാക്കി അവതരിപ്പിച്ചിട്ടുണ്ട് സുവിശേഷത്തിൽ. ഉദാ: വിവാഹവിരുന്നിൻെറ ഉപമ (മത്താ. 22, 1–13). ഒന്നു മുതൽ പത്തുവരെ വാക്യങ്ങളിലുള്ള വിവാഹവിരുന്നിൻെറ ഉപമയോടു കല്യാണവസ്ത്രമില്ലാത്തവൻെറ ഉപമ (വാക്യ: 11–13) ചേർത്തിരിക്കുന്നു.

തെരുവീഥിയിൽനിന്നു വിളിച്ചുകൊണ്ടുവന്നവർ കല്യാണവസ്ത്രം ധരിച്ചിരിക്കണമെന്ന് വീട്ടുടമസ്ഥൻ പ്രതീക്ഷിച്ചു

55. വിരുന്നിൻെറ ഉപമയിലും (ലൂക്കാ. 14, 16–24) വിരുതനായ കാര്യസ്ഥൻെറ ഉപമയിലും ഈ മാററം വരുത്തിയിട്ടുണ്ട്. ദരിദ്രരേയും വിരുന്നിനു ക്ഷണിക്കുക എന്ന വിശദീകരണം ലൂക്കാ. 14, 12–14 ൽ കൊടുത്തിരിക്കുന്നതു കാണുക.

www.malankaralibrary.com



തെന്തുകൊണ്ട് എന്ന പ്രശ്നം വ്യാഖ്യാതാക്കളെ വിഷമിപ്പിച്ചു[56]. ആതിഥേയൻ നല്കുന്ന വസ്ത്രമെടുത്തു ധരിച്ചാൽ മതിയായിരുന്നു എന്ന വിശദീകരണം തൃപ്തികരമല്ല. ആദ്യത്തെ ഉപമ വികസിപ്പിക്കാൻ കൂട്ടിച്ചേർത്തതാണ് 11–13 വാക്യങ്ങൾ എന്നതിന് വി. ഗ്രന്ഥത്തിലേയും ഇതരവുമായ തെളിവുണ്ട്. 3, 4,6,8,10 എന്നീ വാക്യങ്ങളിൽ ഭൃത്യന്മാർ (servants) എന്ന വാക്കുപയോഗിക്കുന്നു. 13-ാം വാക്യത്തിൽ 'അനുചരന്മാർ' (attendants) എന്നത്രേ. അകാരണമായ ഈ മാററം ഇവ രണ്ട് വ്യത്യസ്ത ഉപമകളിലെ പദങ്ങളാണെന്നു സൂചിപ്പിക്കുന്നു. ഉപമയോട് ഒട്ടൊക്കെ സമാനമായ ഒരുപമ റബ്ബിനിക് സാഹിത്യത്തിലുണ്ട്. ഇവ തമ്മിലുള്ള താരതമ്യവും ഇതേ നിഗമനത്തിലെത്തിക്കുന്നു. ഒന്നാം സുവിശേഷത്തിലെ സമ്മേളിപ്പിക്കൽ ഉള്ളല്ലോ.

യോജിപ്പിക്കലിന് കാരണമെന്ത്? വീട്ടുടമസ്ഥൻ വിരുന്നിന് ക്ഷണിച്ചത് വിവേചനാരഹിതമായാണ്. ഈ സമീപനം തന്റെ ശ്രോതാക്കളിൽ ഉളവാക്കുന്ന തെററിദ്ധാരണയെക്കുറിച്ച് യേശു ബോധവാനായിരുന്നെങ്കിലും നിർഭയനായിരുന്നു[57]. പ്രസ്തുത ഉപമ ക്രിസ്തീയ സമൂഹത്തിൽ പുനരവതരിപ്പിച്ചപ്പോൾ ഉണ്ടായ തെററിദ്ധാരണയ്ക്ക് മറുപടി പറയേണ്ടിവന്നു. സ്വർഗ്ഗാനുഭവം ദൈവത്തിന്റെ കൃപാദാനമാകുന്നുവെന്ന സത്യം, വിശ്വാസികളെ തങ്ങളുടെ ധാർമ്മിക ഉത്തരവാദിത്വത്തിൽ നിന്ന് വിമുക്തരാക്കുന്നുവെന്ന് വ്യാഖ്യാനിക്കപ്പെട്ടു[58]. മത്താ. 22,10 മാമ്മോദീസായെക്കുറിച്ചുള്ള ഒരുക്തിയായി. അതായത് മാമ്മോദീസാവഴി ദുഷ്ടർക്കും ശിഷ്ടർക്കും ഒരുപോലെ വിരുന്നുശാലയുടെ വാതിൽ തുറന്നുകൊടുക്കുന്നുവെന്ന്. അങ്ങനെയെങ്കിൽ മനുഷ്യന് ഒന്നും ചെയ്യാനില്ലല്ലോ എന്നായി. ഈ അബദ്ധധാരണ മാററാൻ യോഗ്യതാതത്വം കൂടെ സ്വീകരിക്കേണ്ടി വന്നു. അന്ത്യവിധിയിൽനിന്നുള്ള മോചനത്തിന് പശ്ചാത്താപം ആവശ്യമാണെന്ന് ഊന്നിപ്പറഞ്ഞു. പ്രേഷി

---

56. ibidem, p.52; W. Harrington. O. p., op., cit. P. 29

57. അദ്ദേഹം തന്റെ വിമർശകർക്കും എതിരാളികൾക്കും മറുപടിയായി പറഞ്ഞ ഉപമകൾ വ്യക്തമാക്കുന്നു. ഉദാ: ധൂർത്തപുത്രന്റെ ഉപമ.

58. കാണുക: റോമ. 3, 8; 6, 1. 15

www.malankaralibrary.com



താനുഭവത്തിൽനിന്നുയിർക്കൊണ്ട പുതിയ പ്രശ്നങ്ങളഭിമുഖീകരിക്കാൻ സഭ കൈക്കൊണ്ട ഒരു മാർഗ്ഗമാണ് വിരുന്നിന്റെ ഉപമയിലെപ്പോലുള്ള വിപുലീകരണവിന്യാസങ്ങൾ.

ഒരേ വിഷയത്തെക്കുറിച്ചുള്ള പല ഉപമകൾ ഒന്നിനു പിറകെ ഒന്നായി നിരത്തിവച്ച് അവതരിപ്പിച്ചിട്ടുമുണ്ട്, സുവിശേഷകന്മാർ. യേശു പലപ്പോഴായി പറഞ്ഞവയാണ്. ഒരേ സമയത്തു പറയുന്നതായി സുവിശേഷകന്മാർ രേഖപ്പെടുത്തുന്നു. ദൈവരാജ്യത്തിന്റെ വളർച്ചയെക്കുറിച്ച് ഏഴ് ഉപമകളുണ്ട് മത്തായി 13-ാം അദ്ധ്യായത്തിൽ. മത്തായി 24,32–25,46 ഭാഗത്ത് യുഗാന്ത്യത്തെ (യേശുവിന്റെ ദ്വിതീയാഗമത്തെ)ക്കുറിച്ച് ഏഴ് ഉപമകൾ അടുക്കിവച്ചിരിക്കുന്നു. വിത്തിനെ പുരസ്കരിച്ചുള്ള മൂന്ന് ഉപമകൾ സമാഹരിച്ചിരിക്കുന്നു മർക്കോ. 4-ാം അദ്ധ്യായത്തിൽ. ലൂക്കാ. 14,7–24-ൽ വിരുന്നിനെക്കുറിച്ച് മൂന്ന് ഉപമകളും 15-ാം അദ്ധ്യായത്തിൽ നഷ്ടമായതു തിരിച്ചുകിട്ടുന്നതിനെപ്പററി മൂന്ന് ഉപമകളുമുണ്ട്. ചിലേടത്ത് ഉപമകളിങ്ങനെ കൂട്ടമായി ചേർത്തിരിക്കുന്നതുളവാക്കുന്ന പ്രശ്നം സങ്കീർണ്ണമാണ്. യേശു യുഗ്മോപമകളും പറഞ്ഞിട്ടുണ്ടെന്നതും ഓർത്തിരിക്കണം (മർക്കോസ് 2,21–22; ലൂക്കാ. 14,28–32).

(vii) സാമാന്യവത്ക്കരണം (Generalization)

ചില ഉപമകൾ ആശയപരമായി സഭ വിപുലപ്പെടുത്തിയിട്ടുണ്ട്. ഉപമയോടു ബന്ധപ്പെടുത്താതെ യേശു പറഞ്ഞ തത്വോപദേശശകലം ഉപമയോടനുബന്ധിച്ചാണിതു ചെയ്യുക. ഉപമയും പ്രസ്തുത സ്വതന്ത്രോക്തിയും തമ്മിൽ ബന്ധം കണ്ടതിനാലാണിപ്രകാരം ചെയ്തിട്ടുള്ളത്. ചുങ്കക്കാരന്റേയും പരീസന്റേയും ഉപമാവിവരണം (ലൂക്കാ. 18,10–14) കാണുക. "സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടുകയും വിനയപ്പെടുത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" എന്നതു് ഒരു പൊതുതത്വമാണ്; സ്വതന്ത്രോക്തിയുമാണ്. ഇതും ഉപമയിലെ കഥാപാത്രങ്ങളുടെ അനുഭവവും തമ്മിൽ പൊരുത്തമുള്ളതായി കണ്ടതിനാൽ സഭയുടെ വക്താവായ സുവിശേഷകൻ അവ ബന്ധപ്പെടുത്തി. അങ്ങനെ ഉപമയ്ക്ക് കൂടുതൽ വ്യാപ്തി കല്പിച്ചു. ഉപമയ്ക്ക് യോജിക്കാത്ത സ്വതന്ത്രോക്തികളും ചിലേടത്ത് ചേ

www.malankaralibrary.com



ത്തിട്ടുണ്ട്. പരീസന്റേയും ചുങ്കക്കാരന്റേയും ഉപമയിൽ പരീസൻ താഴ്ത്തപ്പെട്ടില്ലല്ലോ. മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമയ്ക്കു് അവസാനം ചേർത്തിരിക്കുന്നു: "മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും" (മത്താ.20,16). ഇതേ ആപ്തവാക്യം മത്താ. 19, 30ലും (മർക്കോ. 10,31; ലൂക്കാ. 13,30) ഉണ്ട്. ഒടുവിൽ വിളിക്കപ്പെട്ട വേലക്കാർക്ക് ആദ്യം കൂലികൊടുത്തു എന്നതുകൊണ്ടു് മാത്രമാണു് പ്രസ്തുത വാക്യം ചേർത്തതു്. പക്ഷേ, അതു് ഉപമയുടെ ഉദ്ദേശ്യം വ്യാഖ്യാനിക്കുന്നതിനു് സഹായകമല്ലല്ലോ. "വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം" എന്നതല്ല വിവാഹവിരുന്നിന്റെ ഉപമയുടെ പാഠം. ഒരാൾ മാത്രമല്ലേ തിരസ്കൃതനാകുന്നുള്ളു? വിരുതനായ കാര്യസ്ഥന്റെ ഉപമയ്ക്കു് (ലൂക്കാ. 16, 1–16) പല സൂക്തങ്ങളും ചേർത്തിട്ടുണ്ട് (വാക്യ. 9,10,11,12, 13). ഇവയെല്ലാം ഉപമയുടെ തലക്കെട്ടിനോടു് പൊരുത്തപ്പെടുന്നതാണു്. എങ്കിലും ഉപമാവ്യാഖ്യാനത്തിനു് സഹായിയല്ല[59].

(viii) വ്യാഖ്യാന പുനർവ്യാഖ്യാനങ്ങൾ

ഉപമകളിൽപ്പലതും ഒന്നിലേറെ വ്യാഖ്യാനത്തിനു വിധേയമായ നിലയിലാണു് വി. പുസ്തകത്തിൽ. വിരുതനായ കാര്യസ്ഥന്റെ ഉപമ (ലൂക്കാ. 16,1–16) നോക്കുക. അതിന്റെ പാഠം 8–ാം വാക്യത്തിലുണ്ട്. പക്ഷേ പുനർവ്യാഖ്യാനംവഴി വേറൊരു പാഠമാണു് 9–ാം വാക്യം. 10–12 വാക്യങ്ങളിൽ മറ്റൊന്നു്. ഇനിയുമൊന്നു് 13–ാം വാക്യത്തിലുണ്ട്. അവസാനത്തെ മൂന്നു വ്യാഖ്യാനങ്ങളും സഭ നല്കിയതാണു്. വിതക്കാരന്റെ ഉപമയും സഭ വ്യാഖ്യാനിച്ചിട്ടുണ്ടല്ലോ (മത്താ.13, 18–23).

ക്രിസ്തുവിന്റെ പ്രത്യാഗമനത്തിനുണ്ടായ അപ്രതീക്ഷിതമായ കാലതാമസവും പുറജാതികൾക്കിടയ്ക്കു് സഭയുടെ പ്രേഷിതദൗത്യവുമാണു് സഭയഭിമുഖീകരിച്ച പ്രത്യേക സാഹചര്യം. പശ്ചാത്തലത്തിൽ വന്ന മാറ്റമനുസരിച്ച് ഉപമ

59. Jerome Biblical commentary, vol. II, Banglore...., 1972 P. 790.

www.malankaralibrary.com



പുനർവ്യാഖ്യാനിച്ചു. രൂപകകഥാഖ്യാനരീതി പരിഗണനാർഹമായൊരു സഹായവുമായി. ഉപമകൾ പലവിധത്തിൽ ലക്ഷണകഥകളാക്കിയിട്ടുണ്ട്. അവയിലെ പുരുഷാത്മക (വ്യക്തി) കഥാപാത്രങ്ങളെ ക്രിസ്ത്വാത്മകമാക്കിയാണ് ചിലപ്പോൾ. രാത്രിയിൽ ആകസ്മികമായി വരുന്ന കള്ളൻ, മണവാളൻ, വീട്ടടമസ്ഥൻ, വ്യാപാരി, രാജാവ് ഇവരെല്ലാം അപ്രതീക്ഷിതമായാഗതനാകുന്ന ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നെന്നു വ്യാഖ്യാനിച്ചു. ഉപമകളുടെ ആദ്യരൂപത്തിൽ ക്രിസ്തുവിന്റെ ആത്മാവിഷ്ക്കാരം ആവൃതമായിരുന്നു. ചിലതിൽ അവ്യക്തമായി സൂചിപ്പിച്ചിട്ടുണ്ടെന്നുമാത്രം. ഉപമകളിൽ പറഞ്ഞിരിക്കുന്ന രക്ഷശിക്ഷകളും ലക്ഷണകഥാഘടകങ്ങളാക്കിയിട്ടുണ്ട്. ഇങ്ങനെയാണ് രക്ഷയുടെ വിരുന്നും (മത്തായി 25, 21–23; ലൂക്കാ. 12, 37) പുറത്തെ അന്ധകാരവും (മത്താ. 22, 13; 25, 30). അനുബന്ധവ്യാഖ്യാനങ്ങൾ (Secondary interpretations) നല്കിയിട്ടുണ്ട് ചിലതിന്. പുറത്തുള്ളവർക്ക് ദുർഗ്രഹമായ ദുരൂഹോക്തികൾ ഉപമകളിലുണ്ടെന്ന് മൂന്നു സുവിശേഷകന്മാർക്കും ഏകാഭിപ്രായമാണ്. സുവിശേഷ പാരമ്പര്യത്തിന്റെ വിവിധതലങ്ങൾ വ്യത്യസ്തനിലയാലാണ് രൂപകകഥാഖ്യാനം സ്വീകരിച്ചത്. ഓരോ സുവിശേഷകനും പ്രത്യേകമായ സംഗതികളുമുണ്ട്. ഒന്നും മൂന്നും സുവിശേഷങ്ങൾക്ക് പൊതുവായവയുമുണ്ട്.

(ix) ലാക്ഷണികവ്യാഖ്യാനം

ഏതാനും ഉപമകൾക്ക് വി. പുസ്തകത്തിൽത്തന്നെ സാവയവവ്യാഖ്യാനമുണ്ടല്ലോ. വിതക്കാരന്റെ ഉപമ (മർക്കോ. 4, 14–20) കളകളുടെ ഉപമ (മത്താ. 13, 36–43) ഇവയുടെ വ്യാഖ്യാനങ്ങൾ ഉദാഹരണങ്ങളാണ്.

(x) പഴയനിയമത്തിന്റേയും നാടോടിക്കഥകളുടേയും സ്വാധീനം.

യേശു, ഉപമകളിൽ പഴയനിയമഭാഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. നാടോടിക്കഥകളുടെ പ്രമേയം വിനിയോഗിച്ചിട്ടുണ്ട്. സുവിശേഷകന്മാരും ഈ മാർഗ്ഗം തീരെ വിട്ടുകളഞ്ഞിട്ടില്ല. വി. മത്തായിയും ലൂക്കോസും മുന്തിരിത്തോട്ടത്തിലെ ക്രൂരരായ കൃഷിക്കാരുടെ ഉപമ പുനരവതരിപ്പിച്ചിരിക്കുന്നതിലത്് ദൃശ്യ

www.malankaralibrary.com



മാണെന്നു് ജറമിയാസ് ചൂണ്ടിക്കാട്ടുന്നു[60]. ലൂക്കാ. 20,9-ൽ ഏശായ 51,1 മുതലുള്ള വാക്യങ്ങളും[61] മർക്കോ.12,9-ൽ ഏശായ 5,5ഉം പ്രസാധനം ചെയ്തു് ഉദ്ധരിച്ചിരിക്കുന്നു[62]. പ്രഥമദ്വിതീയ സുവിശേഷകന്മാർ കടുകുചെടി വൃക്ഷമായി വർണ്ണിക്കുന്നു (മർക്കോസിലങ്ങനെയില്ല). ഈ അനുചിത വർണ്ണനയ്ക്കുറവിടം ദാനിയേൽ 4,17 ആവാം. പുളിപ്പിന്റെ ഉപമ (മത്താ. 13,33; ലൂക്കാ. 13,21)യിലെ മൂന്നളവ് എന്ന വലിയ അളവ് ഉല്പ. 18,6-ൽ നിന്നാകാനാണു് ഏറിയ സാദ്ധ്യത[63].

സുവിശേഷകന്മാർ നാടോടിക്കഥാംഘടകങ്ങൾ തിരുകിച്ചേർത്തിട്ടുണ്ടെന്നതിനു് വിവാഹവിരുന്നിന്റെ ഉപമയ്ക്കു് വി. മത്തായി നല്കുന്ന അവതരണം ചൂണ്ടിക്കാട്ടാം. വിരുന്നൊരുക്കിയിരിക്കുന്നു എന്നു് അറിയിക്കാൻ ചെന്ന ഭൃത്യന്മാരെ ചിലർ വധിച്ചുകളഞ്ഞല്ലോ. രാജാവ് സൈന്യത്തെ അയച്ചു് ഘാതകന്മാരെയും അവരുടെ നഗരവും നശിപ്പിച്ചുകളഞ്ഞെന്നു് അദ്ദേഹം മാത്രമേ പറയുന്നുള്ളു. പ്രസ്തുത ശിക്ഷാതാണ്ഡവം സുവിശേഷകൻ അനുബന്ധിച്ചതാണു്. സംഹാരനടപടി ഉപമയുടെ സാഹചര്യത്തിനും സന്ദേശത്തിനും യോജിച്ചതല്ല. അനുബന്ധകഥയുടെ പ്രമേയം പുരാതന പൗരസ്ത്യദേശത്തും യഹൂദരുടെയിടയിലും പരക്കെ അറിയപ്പെട്ടിരുന്ന ഒന്നാവാം. മത്താ. 22,7-ൽ ജറുസലേമിന്റെ പതനത്തിന്റെ പ്രതിഫലനങ്ങളുണ്ടു്[64].

യേശുവിന്റെ ഉപമകൾ സഭയിൽ പുനർരൂപീകരണത്തിനു വിധേയമായി. മിക്കവയ്ക്കും ഏതെങ്കിലും സവിശേഷതകൾ ഇണക്കിയിട്ടുണ്ടു്. ചിലേടത്തു് യേശു ഉപമ അവതരിപ്പിച്ചതിൽനിന്നു് വ്യത്യസ്തമായ രംഗങ്ങൾ സംവിധാനം ചെയ്തിട്ടുണ്ടു്. ചിലതിന്റെ കേൾവിക്കാരെ മാററിയിരി

60. J. Jeremias, Rediscovering the Parables....p. 22.

61. മർക്കോ. 12,11; മത്താ. 21,33

62. പ്രസ്തുത ഉദ്ധരണികൾ ഹീബ്രൂ മൂലത്തിൽ നിന്നല്ല, ഗ്രീക്കിൽ നിന്നാണു്. അതിനാൽ ആ വേദപുസ്തക സൂചനകൾ ഉപമയുടെ മൗലിക പാരമ്പര്യത്തിൽപ്പെട്ടതാണോ എന്നു് സംശയമാണു്.

63. J. Jeremias, Rediscovering the Parables, p. 23.

 64. cf. ibidem , p. 24

www.malankaralibrary.com



കന്നു. സ്വതന്ത്രമായ തത്വോപദേശശകലങ്ങരം ചേർത്തു് അത്ഥവ്യാപ്തി നല്കിയിരിക്കയാണു് ചില ഉപമകളുടെ കാര്യത്തിൽ. കുറെയെണ്ണം ലാക്ഷണികകഥകളാക്കി. വേറെ ചിലതിനു് സാവയവവ്യാഖ്യാനം നല്കി. ഇനിയും ചിലതു് വി. ഗ്രന്ഥത്തിലേയും അല്ലാത്തവയുമായ ഘടകങ്ങരം ചേത്തു വിപുലപ്പെടുത്തി. ഉപമകരംക്കു് സംഭവിച്ച വിവിധ മാററങ്ങരം പണ്ഡിതന്മാക്കു തലവേദനയുളവാക്കി. അവയുടെ ഔല്പത്തിക രൂപമോ അർത്ഥമോ നമുക്കു ലഭ്യമല്ല എന്നാണു് ചിലരുടെ പരാതി. ഉപമയുടെ പുനരവതരണത്തിൽ വന്നുബ്ഭവിച്ച മാററങ്ങളെപ്പററി സന്തോഷിക്കയേ വേണ്ടു. യേശുവിൻെറ വാക്കുകരം സഭ ശരിക്കു മനസ്സിലാക്കി എന്നാണതു സൂചിപ്പിക്കുക. സഭയ്ക്കു നേരിടേണ്ടിവന്ന പുതിയ സാഹചര്യങ്ങളനുസരിച്ചു് വ്യാഖ്യാനിച്ചും പുനർവ്യാഖ്യാനിച്ചും അവ ജീവസ്സുററവയായി സൂക്ഷിച്ചു. സഭ ഉപമകരം വളർത്തി. യേശുക്രിസ്തു പണ്ടെങ്ങോ പറഞ്ഞ സന്ദേശം പുരാവസ്തുവായി ആവത്തിക്കയല്ല ചെയ്തതു്. അതു് ചൈതന്യരഹിതമായി നിരത്തുകയല്ലായിരുന്നു. അക്ഷരശ്ശ: സംക്രമണവുമല്ല. അവയുടെ അന്തസത്തയും ആത്മവത്തയുമുരംക്കൊണ്ടു് അവ ചോർന്നുപോകാതെ സംവേദിക്കയായിരുന്നു. അങ്ങനെ ഉപമകരം സഭാസന്താനങ്ങരംക്കു് കൂടുതൽ അർത്ഥവത്താക്കി. യേശുവിൻെറ അതേ വാക്കുകരം കണ്ടെത്തുക ഏറെ നന്നു്. എങ്കിലും അവയല്ലെന്നതിലും അവയുടെ അന്തസത്തയായ സന്ദേശത്തിനാണു് പ്രാധാന്യം. അതാണു് ആദിമസഭ സുവിശേഷങ്ങളിൽ സംവേദിച്ചിരിക്കുക. അതിനു് ആനുകാലിക പ്രസക്തി നല്കാൻ ശ്രമിക്കുന്നുമുണ്ടു്. ഉപമയിൽ കാലാന്തരത്തിൽ കടന്നുകൂടിയ ഘടകങ്ങരം മാററുന്നതോടൊപ്പം ഉപമകരം ഇന്നത്തെ മനുഷ്യനു് അർത്ഥവത്തായി അവതരിപ്പിക്കാനും നാം ശ്രദ്ധിക്കണം. ഇതാണു് സഭയുടെ പാരമ്പര്യം ആവശ്യപ്പെടുക. നമുക്കതു സാദ്ധ്യമാണതാനും.

## 5. ഉപമകളുടെ വിശ്വസനീയത

പലവിധ പുനർക്രമീകരണങ്ങരംക്കു വിധേയമായതാണല്ലോ ഇന്നു നമുക്കു ലഭ്യമായ ഉപമാപാരമ്പര്യം. ഇതു് വിശ്വസനീയമോ? യേശു പറഞ്ഞവതന്നെയാണോ പ്രസ്തുത ഉപമകരം? ഉപമാപാരമ്പര്യം പൊതുവെ വിശ്വാസ്യമാണു്. ഉപമ

www.malankaralibrary.com



കളിലെ പലസ്തീനിയൻ പശ്ചാത്തലവും ആവർത്തിച്ചുള്ള അറമായ പ്രയോഗങ്ങളും ശ്രദ്ധാർഹമാണ്. ഉപമകളുടെ ആവിഷ്ക്കാരാത്മകതയും പരിഗണിക്കുക. അവയിൽ യേശുവിൻെറ അതുല്യമായ വ്യക്തിപ്രാഭവം ദൃശ്യമാണ്. ചിന്തയിലും സംസാരത്തിലുമുള്ള അദ്ദേഹത്തിൻെറ അദ്വിതീയമായ വ്യക്തിപരത പ്രകടമാണ്. ധൈര്യം തുളുമ്പുന്ന വിശ്വാസം, പ്രകൃതി, മനുഷ്യൻ ഇവയെക്കുറിച്ചുള്ള വർണ്ണോജ്ജ്വല ദർശനം, ആശ്ചര്യകരമായും അനായാസമായും ഒഴുകുന്ന ചിന്താധാരകൾ, നർമ്മോക്തികളും വിരോധാഭാസോക്തികൾ എന്നിവയെല്ലാം യേശു ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു[65]. സുവിശേഷത്തിലെ ഉപമകൾപോലെ മഹത്തരങ്ങളായ രണ്ടുമൂന്നെണ്ണത്തിൽ കൂടുതൽ സാധാരണക്കാരനായ ഒരു വ്യക്തിക്ക് അസാദ്ധ്യമാണല്ലോ[66]. ഉപമകൾ മൊത്തത്തിൽ വിശ്വസനീയവും സത്യസന്ധവുമാണെന്ന് സൂചിപ്പിക്കുന്നു. എന്നാൽ ഓരോന്നും പ്രത്യേകം നോക്കുമ്പോൾ പലതിനും മാററങ്ങളുണ്ടായിട്ടുണ്ടെന്നതു് ശരി. എങ്കിലും സുവിശേഷങ്ങളിലെ ഉപമാപാരമ്പര്യം അപ്പാടെ യേശുവിൽനിന്നല്ല എന്നു തള്ളിക്കളയാനാവില്ല.

## 6. ഉപമകളുടെ ഉദ്ദേശ്യം

യേശു ഉപമകൾ ഉപയോഗിച്ചതെന്തിന്, അഥവാ എന്തുകൊണ്ട്? അദ്ദേഹം പ്രഘോഷിച്ച സന്ദേശം ശ്രോതാക്കൾക്ക് വേഗം മനസ്സിലാക്കാനും ഓർത്തിരിക്കാനും അവരുടെ ചിന്ത ഉണർത്താനുമാണവ. സത്യം മറയ്ക്കാനോ അവ്യക്തമാക്കാനോ അല്ല. കേൾവിക്കാരെ വ്യക്തിപരമായി സ്പർശിക്കുംവിധമാണ് അവയവതരിപ്പിക്കുക. എന്നാൽ എല്ലാം എല്ലാവർക്കും ഒരുപോലെ വ്യക്തമല്ലതാനും. ഇതിലെല്ലാം പ്രശ്നമുളവാക്കുന്നതു് മർക്കോ. 4,10-12-ലെ ക്രിസ്തുവിൻെറ വാക്കുകളാണ്.

വാക്യം 10: “അവൻ തനിയെയിരിക്കുമ്പോൾ അവനോടുകൂടെയുണ്ടായിരുന്നവർ പന്തിരുവരുമായി അവനെ സമീപിച്ച് ഉപമകളെക്കുറിച്ച് ചോദിച്ചു.

11. അവൻ മറുപടി നല്കി: “ദൈവരാജ്യത്തിൻെറ രഹസ്യം നിങ്ങൾക്ക നല്കപ്പെട്ടിരിക്കുന്നു; എന്നാൽ പുറത്തുള്ളവർക്കാകട്ടെ എല്ലാം ഉപമകളിലാണ്.

---

65. A. M. Hunter, Jesus and Parables, pp. 17-18
66. ibidem, p. 18

www.malankaralibrary.com



വാക്യം 12: അവർ കണ്ടിട്ടും ഗ്രഹിക്കാതിരിക്കയും കേട്ടിട്ടും മനസ്സിലാക്കാതിരിക്കയും ചെയ്യേണ്ടതിനും അങ്ങനെ പിന്തിരിഞ്ഞു് മോചിക്കപ്പെടാതിരിക്കേണ്ടതിനുതന്നെ".

"യേശുവിനോടുകൂടെയല്ലാത്തവരെ" ദൈവരാജ്യത്തെക്കുറിച്ചു് അന്ധരാക്കാൻ യേശു മനഃപൂർവ്വം ഉപമകളുപയോഗിച്ചെന്നു തോന്നുന്നു! പ്രശ്നസങ്കുലമായ പ്രസ്തുത പ്രസ്താവത്തിനു പല വ്യാഖ്യാനങ്ങൾ നൽകുന്നുണ്ടു്. അവ കാണുന്നതിനുമുമ്പു് അതിലെ പ്രയോഗങ്ങളുടെ സാധാരണ അർത്ഥം കാണുക[67].

വാക്യം 10: "അവൻ തനിയെ ആയിരിക്കുമ്പോൾ": യേശുവും പ്രത്യേകം ക്ഷണിച്ച രണ്ടോ മൂന്നോ ശിഷ്യന്മാരും മാത്രം കൂടിയിരുന്നപ്പോൾ ഉള്ള കാര്യങ്ങളെക്കുറിച്ചു് നല്ലുന്ന ദൃക്സാക്ഷി വിവരണമാകാം. ഇത്തരം അവസരങ്ങളിലാണു് യേശു സ്വാത്മാവിഷ്ക്കാരം നടത്തുക[68].

"പന്തിരുവരോടൊത്തു് അവനോടുകൂടെയുണ്ടായിരുന്നവർ" : ശിഷ്യന്മാരെ സൂചിപ്പിക്കുന്ന ഒരു ക്ലിഷ്ടപ്രയോഗം[69].

വാക്യം 11: "നിങ്ങൾക്കു്........പുറത്തുള്ളവർക്കു്" : 'പുറത്തുള്ളവർ' മൂലാർത്ഥത്തിൽ 3,32–ൽപ്പറയുന്ന ജനക്കൂട്ടത്തെ സൂചിപ്പിക്കുന്നുണ്ടാവും. എങ്കിലും മർക്കോസിന്റെ ആകമാനവീക്ഷണത്തിൽ ക്രിസ്തുവിനെ നിരസിച്ചു് തങ്ങളുടെ ശ്രേഷ്ഠതയും പ്രത്യേകാനുഗ്രഹവും നഷ്ടപ്പെടുത്തിയ യഹൂദരാണു്. ഇവർക്കു വിപരീതമായി യേശുക്രിസ്തുവിനെ സ്വീകരിച്ചു് പുതിയ ഇസ്രായേലായ നവസമൂഹത്തെ 'നിങ്ങൾ' എന്ന പദം അർത്ഥമാക്കുന്നു. നിർബന്ധബുദ്ധിമൂലം കഠിനഹൃദയരായ യഹൂദർക്കിടയിൽനിന്നു് ദൈവരാജ്യത്തിന്റെ രഹസ്യമറിയാൻ അനുഗ്രഹിക്കപ്പെട്ട പുതിയൊരു സമൂഹം യേശു രൂപാന്തരപ്പെടുത്തുന്നു.

"നല്കപ്പെട്ടിരിക്കുന്നു": ദൈവം നിങ്ങൾക്കു് വരം നല്കിയിരിക്കുന്നു. അവർക്കു് മനസ്സിലാകാത്ത കാര്യങ്ങൾ ദൈവം പ്രത്യേകം വിവരിച്ചുകൊടുക്കുന്നതാണു് ഈ വരം.

---

67. Jerome Biblical Commentary, vol. II., Banglore p. 20 ab

68. മർക്കോ. 4,10–34; 5,37–40; 6,31–32; 7,17–24;33 9,2–28, 33; 10,10; 13,3; 5,37; 9,2.

69. ഇതുപോലെ മത്താ. 13,10; ലൂക്കോ. 8,9

www.malankaralibrary.com



“ദൈവരാജ്യത്തിന്റെ രഹസ്യം”: വി. മത്തായിയും ലൂക്കോസും ‘രഹസ്യങ്ങൾ’ എന്ന് ബഹുവചനമുപയോഗിക്കുന്നു. ഇതായിരിക്കാം മർക്കോസിന്റെ ഏകവചന പ്രയോഗത്തേക്കാൾ മൂലത്തോട് കൂടുതൽ അടുത്തത്.

എന്താണീ ‘രഹസ്യം’? നിർണ്ണയിക്കാൻ ചില മാർഗ്ഗങ്ങളുണ്ട്.

(i) പുരാതനശിലാരേഖകളിലും ഖുമ്രാൻ സാഹിത്യ[70]ത്തിലുമുള്ള സമാന്തരങ്ങൾ കാണുക. സമാനപദം ‘റാസ്’ (raz) എന്നാണ്. മനുഷ്യരക്ഷയിൽ ദൈവപരിപാലനയുടെ പ്രവർത്തനമാണതു സൂചിപ്പിക്കുക. “ദൈവം വിധിതീർപ്പ് കല്പിക്കുന്നതുവരെ ലോകത്തിൽ നന്മയെ വിഘ്നപ്പെടുത്താൻ തിന്മയ്ക്കു കഴിയും” എന്ന അർത്ഥത്തിലും ‘റാസ്’ എന്ന പദം നിബന്ധിച്ചിട്ടുണ്ട്. വിത്ത് ഫലംപുറപ്പെടുവിക്കുന്നതിന് തടസ്സമായ പാറനിലവും മുള്ളും സൂചിപ്പിക്കുമ്പോൾ പ്രസ്തുത അർത്ഥവും അടങ്ങിയിരിക്കുന്നു. ലോകത്തിൽ ദൈവരാജ്യം നേടുന്ന വിജയം ഒരു ദിവ്യരഹസ്യമാണെന്ന് ഹീബ്രുചിന്ത പണ്ടു മുതലേ കരുതിയിരുന്നു.

(ii) മർക്കോസിന്റെ സുവിശേഷംതന്നെ പരിശോധിക്കുക. യേശു സ്വയം വെളിപ്പെടുത്തുന്നത് ശിഷ്യന്മാർക്ക് മനസ്സിലാകുന്നില്ല എന്നു കാണിക്കുന്ന സന്ദർഭങ്ങളുണ്ടല്ലോ[71]. അവിടെന്താണ് പറയുക? ദൈവത്തിന്റെ മിശിഹായായ (അഭിഷിക്തനായ) യേശുവിൽ ദൈവരാജ്യത്തിന്റെ ശീഘ്രഗമനം നടന്നുകഴിഞ്ഞുവെന്നും അതോടെ മൂല്യങ്ങൾക്ക് തകിടംമറിച്ചിൽ സംഭവിച്ചുവെന്നുമുള്ള അറിവാണ് ‘രഹസ്യം’.

---

70. ചാവുകടലിന് സമീപം ഖുമ്റാൻ എന്ന സ്ഥലത്ത് പാർത്തിരുന്ന ഒരു യഹൂദ യോഗീസമൂഹത്തിന്റെ സാഹിത്യം. യഹൂദരുടെ വലിയ ആദ്ധ്യാത്മിക സംഘമായിരുന്ന ‘എസ്സേൻ സമൂഹം’. ബി. സി. രണ്ടാം നൂററാണ്ടുമുതൽ എ. ഡി. ഒന്നാം നൂററാണ്ടുവരെ അവർ നിലനിന്നുള്ളു. അവർ ചെറിയ സമൂഹങ്ങളായാണ് ജീവിച്ചത്. പുരോഹിതരും ലേവായരും അത്മായരുമുണ്ടായിരുന്നു. പുരോഹിത–ലേവായ–അത്മായ ഹയരാർക്കിക്രമവും സൂക്ഷിച്ചു. നിയമങ്ങൾ കർക്കശമായി പാലിക്കുന്നതിൽ ഫരീസരേക്കാൾ ശ്രദ്ധാലുക്കളായിരുന്നു. തങ്ങളാണ് ദൈവത്തിന്റെ യഥാർത്ഥ ജനമെന്ന് കാണിക്കാൻ ശ്രമിച്ചു. അവരുടെ നിയമങ്ങളും മതാനുശാസനങ്ങളുമുൾപ്പെട്ട അവരുടെ ധാരാളം വിവരണങ്ങൾ 1947-മുതൽ കണ്ടുകിട്ടിയിട്ടുണ്ട്. അവരെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതാണ് പ്രസ്തുത രേഖകൾ.

71. 4,13-20; 36-41; 6,45-52; 7,14-15; 8,14-21; 9,31-32; 10,2-12; 13,3.

www.malankaralibrary.com



''എല്ലാം ഉപമകളിലാകുന്നു'' : ഉപമ എന്ന ക്ലുപ്താർത്ഥ മല്ല, 'പരാബൊളേ'യുള്ള വിശാലാർത്ഥമാണ് യേശു ഉദ്ദേശി ച്ചതു്. എങ്കിലും ക്ലുപ്താർത്ഥത്തിലാണ് സുവിശേഷകൻ മന സ്സിലാക്കുക എന്നത്രേ പണ്ഡിതമതം.

വാക്യം 12: ''.......അതിനുവേണ്ടി'': ഈ ഘടകപദ ത്തിൻെറ പിന്നാലെ വരുന്നതു് ഏശയാ 6,9-10 ൻെറ സ്വതന്ത്ര ഉദ്ധരണിയാണ്. അതിനാൽ മർക്കോസിൻെറ ചിന്ത ഇങ്ങ നെ പൂർണ്ണമാക്കാം: ''അവർ കണ്ടിട്ടും....ചെയ്യാതിരിക്കേണ്ടതി ന് (വിശുദ്ധ ലിഖിതത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോ ലെ....)''. മർക്കോസ് ഇപ്രകാരം മനസ്സിലാക്കി വ്യാഖ്യാ നിച്ചു. അല്ലാതെ സത്യം ഗോപനം ചെയ്യാനാണ് യേശു ഉപമകൾ പറഞ്ഞതെന്ന് അർത്ഥമാകുന്നില്ല. അതേസമയം അദ്ദേഹത്തിൻെറ അദ്ധ്യാപനരീതിയുടെ ഏതാണ്ടൊരു യഥാ തഥ ചിത്രീകരണം നല്കാൻ സുവിശേഷകൻ ശ്രമിക്കുന്നുണ്ടു താനും. പാപികൾക്കു് ദൈവം വെളിപ്പെടുത്തുകില്ല എന്നതു് പരമ്പരാഗത വിശ്വാസമായിരുന്നു. സമവീക്ഷണ സുവിശേ ഷങ്ങളിലെ മൂന്നിൽ രണ്ടുഭാഗം ഉപമകളും യേശു ശിഷ്യന്മാർക്കു് പ്രത്യേകം വിവരിച്ചുകൊടുക്കുന്നുമുണ്ടല്ലോ. അല്ലാത്തവർക്കു് വളരെ ചുരുക്കംമാത്രം. വിവരിച്ചുകൊടുത്തവതന്നെ എല്ലാം സുവിശേഷത്തിൻെറ കേന്ദ്രസന്ദേശമായ ദൈവരാജ്യത്തെ സം ബന്ധിക്കുന്നതല്ലതാനും. അതിനാൽ ഉത്തരവാദിത്വം മുഴുവൻ സുവിശേഷകനിലാരോപിക്കാമോ?

മർക്കോ. 4,10-12-ൻെറ സാംഗത്യത്തെക്കുറിച്ചും അർത്ഥ ത്തെക്കുറിച്ചും പല സമീപനങ്ങളുമുണ്ടായിട്ടുണ്ടു്. ഉദ്ധൃത ഭാഗം ഉപമകളെക്കുറിച്ചു മാത്രം ഇപ്പോൾ സുവിശേഷത്തിൽ കാണുന്ന സാഹചര്യത്തിൽ യേശു പറഞ്ഞതാവില്ല. വേറേ തോ അവസരത്തിൽ പറഞ്ഞതാവാം.

സുവിശേഷകൻെറ അരൂപിക്കനുസൃതം വിശകലനവിഷയ മായ ഭാഗം വ്യാഖ്യാനിക്കണമല്ലോ[72]. പ്രസ്തുത വാക്യങ്ങൾ സുവിശേഷത്തിൽ നിബന്ധിച്ചിരിക്കുന്ന സന്ദർഭവുമായി

72. Cf. J. Jeremias, Parables of Jesus, p. 19

www.malankaralibrary.com



ബന്ധമില്ല[73]. എങ്കിലും 'പരാബൊളേ' എന്ന പദം അവിടെ വരുന്നതിനാൽ ഇപ്പോഠം കാണുന്ന സന്ദർഭത്തിൽ ചേർത്തിരിക്കുന്നു. സൂത്രപദങ്ങഠം ഉപയോഗിച്ചുള്ള ഇത്തരം നിബന്ധനകഠം ദ്വിതീയ സുവിശേഷത്തിൽ സുലഭമാണുതാനം[74]. ഉപമകളെ മുഴുവൻ സ്പർശിക്കുന്നതായാണ് മർക്കോ. 4,10–12 ഇപ്പോഠം സുവിശേഷത്തിൽ. പ്രസ്തുത ഭാഗത്തെപ്പററി പണ്ഡിതന്മാരുടെ അഭിപ്രായം കാണുക.

i) സി. എച്ച്. ഡോഡ്

പരാമൃഷ്ടഭാഗം യേശുവിൻേറതല്ല, ആദിമസഭയുടെ വാക്കുകളാണ് എന്നത്രേ അദ്ദേഹത്തിൻെറ അഭിമതം. യഹൂദന്മാരെ ക്രിസ്ത്യാനികളാക്കുന്നതിലും ക്രിസ്തുവിനെ മിശിഹായായി സ്വീകരിപ്പിക്കുന്നതിലും സഭ വല്ലാതെ പരാജയപ്പെട്ടു. ഇതെന്തുകൊണ്ട് എന്ന ചോദ്യം അവഠംക്ക നേരിടേണ്ടിവന്നു. ഇതിന് സഭ കണ്ടുപിടിച്ച സമാധാനമാണ്. യഹൂദന്മാർ ദൈവപരിപാലനയിൽ ദൈവത്താൽ അന്ധരാക്കപ്പെട്ടു. ക്രിസ്തുവിൻെറ ആഗമനത്തിൻെറ പ്രാധാന്യം അവർ ഗ്രഹിക്കരുതെന്നായിരുന്നു ദൈവനിശ്ചയം. ഇപ്രകാരം ക്രിസ്തുവിൻെറ ഉത്ഥാനാനന്തരം സഭയഭിമുഖീകരിച്ച സുപ്രധാനമായൊരു പ്രശ്നത്തിനു് അവഠം നൽകിയ മറുപടിയാണ് മർക്കോ. 4,10–12.

പ്രസ്തുത വാക്കുകഠം യേശുവിൻേറതുതന്നെ ആകാനാണ് കൂടുതൽ സാദ്ധ്യത. സെമിററിസം വളരെ മുന്നിട്ടുനിൽക്കുന്നു അവയിൽ. കൂടാതെ അന്നുപയോഗിച്ചിരുന്ന പുരാതനമായൊരു അറമായ വിവർത്തനത്തിൽനിന്ന് ഏശയാ 6,9–10 ഉദ്ധരിച്ചിട്ടുമുണ്ടിവിടെ.

ii) ററി. ഡബ്ലിയു. മാൻസൺ

വാക്കുകഠം യേശുവിൻേറതാണ്. ഭാഷാന്തരീകരണത്തിലാണ് പ്രശ്നം. "....നുവേണ്ടി" (ഉദ്ദേശ്യം കാണിക്കുന്ന പദം) എന്ന പദത്തിൻെറ ഗ്രീക്കുരൂപം "ഹീനാ" (Hina) എന്നും അറമായയിൽ "ദാലാദ്" എന്നുമാണ്. "ദാലാദ്"നു് രണ്ടു

---

73. വാക്യം 10നു ശേഷം സ്വാഭാവികമായി വരേണ്ടതു് വാക്യം 13 ആണു്.

74. ഉദാ: കാണുക. മർക്കോ. 9,33–50.

www.malankaralibrary.com



ത്ഥമാവാം. "....നുവേണ്ടി" എന്നും "ആരു്" (സവ്വനാമം) എന്നും. മക്കോ. 4,10–12–ൽ രണ്ടാമത്തെ അത്ഥമാണെടുക്കേണ്ടതു്. അതിനാൽ ഇങ്ങനെ ഭാഷാന്തരം ചെയ്യണം: "....ദൈവരാജ്യത്തിൻെറ രഹസ്യം നിങ്ങൾക്കു നൽകിയിരിക്കുന്നു. പുറത്തുള്ളവക്കു് എല്ലാം ഉപമകളിലാണു്. അവർ പിന്തിരിഞ്ഞു് മോചിക്കപ്പെടാതിരിക്കേണ്ടതിനു് കണ്ടിട്ടും ഗ്രഹിക്കുന്നില്ല; കേട്ടിട്ടും മനസ്സിലാക്കുന്നുമില്ല." പോരെങ്കിൽ ഏശയാ 6,9–10 ഉദ്ധരിച്ചിട്ടുമുണ്ടല്ലോ. ഉദ്ധരണിയാകട്ടെ അറമായ വിവത്തനമായ 'താർഗ്ഗു'മിൽ നിന്നാണുതാനും. (12–ാം വാക്യത്തിലെ അവസാനവാക്കു് താർഗ്ഗുമിൽ മാത്രമേ 'ക്ഷമിക്കപ്പെടേണ്ടതിനു്' എന്നുള്ളു. ഗ്രീക്കു്, ഹീബ്രു് വിവത്തനങ്ങളിൽ 'സുഖപ്പെടേണ്ടതിനു്' എന്നാണു്.) അതിനാൽ കുററം യേശുവിൻെറ ഭാഗത്തല്ല, ശ്രോതാക്കളുടെ ഭാഗത്താണു്. യേശുവിനെ സ്വീകരിക്കാത്തവരുടെ ദുഷിച്ച മനഃസ്ഥിതിയും ഹൃദയകാഠിന്യവും താല്പര്യമില്ലായ്മയും വിശദീകരിക്കയാണു് ഉദ്ധരണി.

സ്മിത്തു്, ജറമിയാസ്, സേർഫോ തുടങ്ങിയവരും മാൻസൻെറ അഭിപ്രായത്തോടു യോജിക്കുന്നു.

(iii) ജറമിയാസ്[75]

മാൻസനേക്കാൾ കുറെക്കൂടി മുന്നോട്ടു കടന്നു അദ്ദേഹം. മക്കോ. 4, 10–12 ലെ പ്രസ്താവം ആദ്യരൂപത്തിൽ (original form) യേശുവിൻെറ ഉപമകളെ മാത്രം പരാമശിക്കുന്നതല്ല. അദ്ദേഹത്തിൻെറ പ്രബോധനത്തെയാകെ പൊതുവെ സ്പശിക്കുന്നതാണു്. ഖുർസിമിനേയും ബേദ്സയിദായേയും കുറിച്ചു് വിലപിക്കുന്നതുപോലുള്ള (ലൂക്കോ. 10, 13) ഒരു സന്ദർഭത്തിൽ പറഞ്ഞതാവണം വിചിന്തിതവാക്യങ്ങൾ.

"ഉപമകളിൽ" എന്ന പദത്തിനു് ഉപമ എന്നു മാത്രമല്ല 'നിഗൂഢായകപ്രശ്നം' പ്രഹേളിക (riddle), സങ്കീണ്ണപ്രശ്നം എന്നൊക്കെ അത്ഥമാകും. പതിനൊന്നാം വാക്യത്തിൽ ശിഷ്യന്മാരും അല്ലാത്തവരും തമ്മിൽ താരതമ്യം ചെയ്തിരിക്കയാണു്. പക്ഷേ, ഈ വാക്യത്തിലെ സമാന്തരീകരണം (പാരലലിസം) എന്ന ഘടനയനുസരിച്ചു് 'രഹസ്യ'വും ഉപമയും തമ്മിലാണു് താരതമ്യമുണ്ടായിരിക്കേണ്ടതു്. "നിങ്ങൾക്കു് (ക്രിസ്തുവിനെ

75. കാണുക. J. Jeremias, Parables of Jesus, pp. 141ff ഭാഷാപഗ്രന്ഥനത്തിനു്.

www.malankaralibrary.com



സ്വീകരിച്ചവക്കു") എല്ലാം വെളിപ്പെട്ടിരിക്കുന്നു; പുറത്തുള്ള വക്കു് എല്ലാം (ഉപമകളം മാത്രമല്ല) പ്രഹേളിക (riddle) കളാണു്'' എന്നത്രേ അത്ഥം. അവർ കാലത്തിൻെറ സൂചനകളം ഗ്രഹിച്ചില്ല[76]. അങ്ങനെ അവർക്കു് യേശുവിൻെറ സന്ദേശം പൊതുവെ ദുർജ്ഞേയവും സങ്കീർണ്ണവും നിർണ്ണായകവുമായ പ്രശ്നമാണു്. അവ്യക്തമാണു്. സുവിശേഷകൻ 'ഉപമ' എന്ന ക്ലപ്താർത്ഥത്തിൽ മനസ്സിലാക്കിയെന്നേയുള്ളു.

വാക്യം 12 ഏശയാ 9,10 ൻെറ സ്വതന്ത്രോദ്ധരണിയാണല്ലോ. ഇതെടുക്കേണ്ടതു് ഹെബ്രായ ശൈലിയിലും ഉപകാരണങ്ങളെ (secondary causes) അത്ര കാര്യമാക്കാത്ത പഴയനിയമ പാരമ്പര്യമനുസരിച്ചുമാണു്. ജനത്തിൻെറ അന്ധതയ്ക്കു കാരണം ദൈവമല്ല, അവർതന്നെയാണു്. തൻെറ പ്രവാചകനെ ജനം ശ്രവിക്കയില്ലെന്നു് ദൈവം മുൻകൂട്ടി കണ്ടു. ഇതുതന്നെയാണു് യേശുവിൻേറയും അദ്ദേഹത്തിൻെറ പ്രബോധനങ്ങളുടേയും കാര്യത്തിലും നടക്കാൻ പോകുന്നതെന്നാണു് ഉദ്ധരണിക്കിവിടെ അത്ഥം[77].

മക്കോ. 4, 10–12 യേശുവിൻെറ ഉപമകളുടെ ഉദ്ദേശ്യമല്ല, ദിവ്യഗുരുവിൻെറ പ്രബോധനമാകെ ശ്രോതാക്കളിലുളവാക്കുന്ന ഫലം സൂചിപ്പിക്കുന്നതാണു്. യേശു ഉപമകളിൽ പറഞ്ഞിട്ടുപോലും കേട്ടിട്ടും ഗ്രഹിക്കയും മനസ്സുതിരിയുകയും ചെയ്യാതിരുന്നവരുടെ ഹൃദയകാഠിന്യമാണു് സൂചിപ്പിക്കുക. ഉപമകളുടെ ലക്ഷ്യം ആശയം വിശദമാക്കയും സന്ദേശം വ്യക്തമാക്കയുമായിരുന്നു.

യേശുവിൻെറ ഉപമകളെല്ലാം എല്ലാവക്കും ഒരുപോലെ വ്യക്തമായെന്നോ മനസ്സിലായെന്നോ അവകാശപ്പെടുന്നില്ല[78]. യഹൂദർ ചിരകാലമായി പ്രതീക്ഷിച്ചിരുന്ന 'ദാവീദുവംശജനായ മിശിഹായുടെ ദൈവരാജ്യ'ത്തിൽനിന്നു് തീത്തും വ്യത്യസ്തമായ ദൈവരാജ്യമാണു് യേശു ഉപമകളിൽ ചിത്രീകരിച്ചതു്. അവക്കതവ്യക്തമായിരുന്നു; വിശദീകരിച്ചുകൊടുക്കേ

76. J. Jeremias, Parables of Jesus, p. 21.
77. മത്താ. 13, 14–15; ലൂക്കോ. 8,10; യോഹ. 12,40; നട.28, 25–27
78. Jerome Biblical Commentary, op. cit., pp. 789–790

www.malankaralibrary.com



ണ്ടിയിരുന്നു. ദൈവം തന്റെ രാജ്യം നിർണ്ണായകമായി സം സ്ഥാപിക്കാനിരിക്കുന്നതിനെക്കുറിച്ച് വിവരിക്കാൻ യേശു ശ്രദ്ധിച്ചിട്ടുമുണ്ട് (മത്താ. 24, 36; നട. 1, 6-7). ഭാവിയെക്കു റിച്ച് നിരർത്ഥകസങ്കല്പങ്ങൾ മെനയാതെതന്നെ സ്വർഗ്ഗരാജ്യ ത്തിന്റെ യഥാർത്ഥ സ്വഭാവവും ലക്ഷ്യവും ആവിഷ്ക്കരിക്കു വാൻ ഉപമകൾ ഉപയുക്തമായിരുന്നു. പൊതുവെ പറഞ്ഞാൽ ഉപമകളുടെ ഉദ്ദേശ്യം മർക്കോ. 4, 33-ൽ പറഞ്ഞിരിക്കുന്നതുത ന്നെയായിരുന്നു. "അവർ കേൾക്കത്തക്കവിധം (ഗ്രഹിക്കത്ത ക്കവിധം) ഉപമകളിൽ അവരോട് വചനം പറഞ്ഞുപോന്നു".

## 7. അനുബന്ധം

ശ്രദ്ധിക്കേണ്ട ഒരു കാര്യം

കുയുക്തിയുടെ കൂർത്തുമൂർത്ത മുനയുമായി ഉപമകളെ സമീപി ക്കരുത്. സമീപിച്ചാൽ അവയിൽ പലതും ശിഥിലമാകാം. യുക്തിപൂർവ്വമാണോ അതിൽ ആശയങ്ങൾ നിരത്തിയിരിക്കുന്ന തെന്നു ചോദിക്കുക അർത്ഥശൂന്യമാണ്. കാരണം, ആശയങ്ങ ളുടെ പരസ്പരബന്ധമോ യുക്തിപൂർവ്വതയോ അല്ല ഉപമയുടെ ല ക്ഷ്യം. വിശിഷ്ടമായൊരാശയം വിശദമാക്കാനുള്ള ഉപാധി മാത്രമാണത്. അത് സ്വയം ആശയസംവഹമല്ല; സ്വയം വ്യ ക്തവുമല്ല. പത്തു കന്യകകളിൽ ഭോഷികളായവർക്ക് എണ്ണ നല്കി പരോപകാരം പ്രകടിപ്പിക്കാൻ ബുദ്ധിമതികൾ ഒരുങ്ങാ ഞ്ഞതെന്ത്? ഉത്തരമില്ല, നല്കേണ്ട ആവശ്യവുമില്ല. മുന്തിരി ത്തോട്ടത്തിലെ വേലക്കാരുടെ ഉപമയിൽ പതിനൊന്നുമണിക്കു വിളിച്ച ജോലിക്കാർക്ക് ഉടമസ്ഥൻ എന്തുകൊണ്ട് ആദ്യം കൂലി കൊടുത്തില്ല? മറുപടിയില്ല. എല്ലാവരേയും ഒരുപോലെ പരി ഗണിച്ചതു് ന്യായമാണോ? കൂടുതൽ അദ്ധ്വാനിച്ചവർക്ക് കൂടു തൽ കൂലി കൊടുക്കേണ്ടതല്ലേ? ഈ ചോദ്യങ്ങൾക്കും മറുപടി യില്ല. ഇവ ഉപമയെ സംബന്ധിച്ച് പ്രസക്തമല്ല. ഉദ്ദേശി ക്കുന്ന ആശയം വിശദമാക്കുക മാത്രമാണ് ഉപമയുടെ ലക്ഷ്യം. അല്ലാതെ യുക്ത്യനുസൃതം കഥ നിബന്ധിക്കുകയല്ല, ഉപമ ഉപ യോഗിക്കുന്ന ആളിന്റെ നോട്ടം. ഈ പ്രത്യേകതകൾ മന സ്സിൽ വച്ചുകൊണ്ടേ ഉപമയെ സമീപിക്കാവൂ.

യേശുവിനെ അംഗീകരിക്കാൻ കൂട്ടാക്കാത്തവർക്കും ഉപമ കൾ മനസ്സിലാവില്ല. അവർക്ക് എല്ലാം പ്രശ്നമായവശേഷി ക്കും. ഈശ്വരോന്മുഖമായ, ക്രിസ്തുവിനുവേണ്ടി തുറന്ന, ഒരു ഹൃദയം വി. ഗ്രന്ഥത്തിലെ ഉപമകൾ ഗ്രഹിക്കാൻ കൂടിയേ തീരൂ.

www.malankaralibrary.com

ഭാഗം രണ്ട്

# ഉപമാ വ്യാഖ്യാനം

ഉപമകളിൽ സുവിശേഷം പ്രസംഗിക്കപ്പെട്ടു. യേശുവിൻെറ ജീവിതവും പ്രവർത്തനങ്ങളുമാണ് അവയുടെ ജീവപശ്ചാത്തലം (life situation). ഇതും ഉപമയുടെ മൂലാർത്ഥവും കാണുകയാണ് വ്യാഖ്യാതാവിൻെറ കടമ. ഇതനുസരിച്ച് ഉപമകൾക്ക് പണ്ഡിതന്മാർ പലവിധ വിഭജനങ്ങളും നല്കുന്നുണ്ട്. പ്രബോധനാത്മകം, സാന്മാർഗ്ഗികം, പ്രവചനാത്മകം എന്ന് മൂന്നായി തിരിച്ച് ചിന്തിച്ചിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് ഇതത്ര സ്വീകാര്യമല്ല. ദൈവരാജ്യത്തെ സംബന്ധിക്കുന്നവ, ദൈവരാജ്യത്തിലെ അംഗങ്ങളെ സംബന്ധിക്കുന്നവ, അംഗങ്ങളുടെ ചുമതലകൾ സംബന്ധിക്കുന്നവ എന്നിങ്ങനെ ദൈവരാജ്യമടിസ്ഥാനമാക്കി ഒരു വിഭജനമുണ്ട്. ജറമിയാസ് പത്തു ഗണങ്ങളായി തിരിക്കുന്നു. എ. എം. ഹണ്ടർ കുറെക്കൂടെ ലളിതമായ ഒരു വിഭജനം നല്കുന്നു. ഗണം തിരിക്കലിൽ കാണുന്ന വൈവിധ്യം സൂചിപ്പിക്കുക, ഉപമയുടെ സ്വഭാവം അത്ര വ്യക്തമല്ല എന്നാണല്ലോ.

യേശുവിൻെറ ഉപമകളുടെ പൊതുപ്രമേയം 'ദൈവരാജ്യ'മാണെന്നു പറയാം. അതിൻെറ വിവിധ വശങ്ങളിലേയ്ക്കു വെളിച്ചം വീശുന്നു ഓരോ ഉപമയും. ഇതനുസരിച്ച് ഹണ്ടർ നല്കുന്ന വിഭജനമാണ് ഇവിടെ സ്വീകരിച്ചിരിക്കുക.

1. ദൈവരാജ്യാഗമനത്തെ പരാമർശിക്കുന്ന ഉപമകൾ: ദൈവരാജ്യത്തിൻെറ ആഗമനവും വളർച്ചയും വിവരിക്കുന്നു.

2. ദൈവരാജ്യത്തിൻെറ കൃപാദാനസ്വഭാവം വ്യക്തമാക്കുന്നവ. ദാനമായി നല്കപ്പെട്ട ദൈവകൃപയാണ് ദൈവരാജ്യം. അതു് ദൈവത്തിൻെറ കരുണയും സ്നേഹവും മൂലം ലഭിക്കുന്നു.

www.malankaralibrary.com



3. ദൈവരാജ്യത്തിന്റെ അംഗങ്ങളെ സംബന്ധിക്കുന്നവ.

അതിന്റെ അംഗങ്ങളാകാനിച്ഛിക്കുന്നവർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ വ്യക്തമാക്കുന്നു ഇവ.

4. ദൈവരാജ്യത്തിന്റെ വിധിസ്വഭാവം (crizis പ്രശ്നാത്മകത) വിശദീകരിക്കുന്നവ.

ദൈവരാജ്യത്തിലേയ്ക്കാഹ്വാനിതരായവർക്ക് നല്കുന്ന മുന്നറിയിപ്പ് വിശദമാക്കുന്നു. അവർ ഒരു നിർണ്ണായക തീരുമാനം എടുത്തേ മതിയാവൂ എന്നു കാണിക്കുന്നു.

## 1. സമാഗതമായ ദൈവരാജ്യം

''ദൈവരാജ്യം സമാഗതമായിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുവിൻ' '(മർക്കോ. 1,15). ഇതായിരുന്നു ക്രിസ്തുവിന്റെ സന്ദേശം. പ്രതീക്ഷയുടെ നക്ഷത്രം ഉദയംചെയ്തുകഴിഞ്ഞു. സമാധാനം ഘോഷിക്കുകയും നന്മ സുവിശേഷിക്കുകയും രക്ഷ പ്രസിദ്ധമാക്കുകയും 'നിന്റെ ദൈവം വാഴുന്നു'വെന്നു സീയോനോടുദ്ഘോഷിക്കുകയും ചെയ്യുന്ന സദ്വാർത്താ ദൂതൻ സമാഗതനായി (ഏശയ്യാ 52,7). യേശു സ്വശിഷ്യരോടു സ്പഷ്ടമായി പ്രസ്താവിച്ചു: ''നിങ്ങൾ കാണുന്നതു് കാണാൻ അനേകം പ്രവാചകന്മാർ ആഗ്രഹിച്ചു, കണ്ടില്ല. നിങ്ങൾ കേൾക്കുന്നതു കേൾക്കാനും അഭിലഷിച്ചു, കേട്ടില്ല'' (ലൂക്കാ. 10,23f). ശിഷ്യന്മാരുടെ കണ്ണും കാതും ഭാഗ്യമുള്ളവയായി (മത്താ.3,16f). സ്നാപകന്റെ നാൾമുതൽ ബലാല്ക്കാരികൾ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തിത്തുടങ്ങി (മത്താ. 11,12). അത്തിയുടെ കൊമ്പ് ഇളതായി ഇല തളിർത്തു കഴിഞ്ഞു (മർക്കോ. 13,24). കൊയ്ത്തു വളരെയായിപ്പോയി (ലൂക്കാ. 10,2). ഈ വസ്തുത യേശു വാക്കിലും പ്രവൃത്തിയിലും വെളിപ്പെടുത്തി.

പ്രതീക്ഷിച്ചിരുന്ന മിശിഹായുടെ കാലം വന്നുചേർന്നു. ''കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കപ്പെടുന്നു'' (ലൂക്കാ. 1,17-22). സ്നാപകയോഹന്നാന്റെ ശിഷ്യർക്ക് യേശു നൽകിയ മറുപടിയാണിതു്. ഇപ്പ

www.malankaralibrary.com



റയുന്ന അത്ഭുതങ്ങളെല്ലാം സ്ഥാപകശിഷ്യരുടെ സവിധത്തിൽ ത്തന്നെ നിവൃത്തിതമായെന്നില്ല. യേശുവിൻെറ അത്ഭുതകൃത്യങ്ങരം വിവരിക്കുകയല്ല മുഖ്യലക്ഷ്യം. ഇവിടെ യേശുമിശിഹാക്കാലത്തെക്കുറിച്ചുള്ള ഒരു പഴയ ചിത്രം എടുക്കുകയാണ്. ഏശയ്യായുടെ പുസ്തകം 35,5 മുതലുള്ള വാക്യങ്ങളും 61,1 ഉം ചേത്തുള്ള ചിത്രം. കുഷ്ഠരോഗികളേയും മൃതരേയും പററി ഏശ. 35,5 f ൽ നിന്നല്ല, അതിലും പഴക്കമുള്ളതാണത്. യേശുവിൻെറ വാക്കുകരം ആനന്ദത്തിൻെറ ഉദ്ഘോഷണമാണ്. ദൈവരാജ്യം വന്നുകഴിഞ്ഞു. ഇതിനു വിപരീതമെന്നു തോന്നുന്ന സംഗതികളൊക്കെയുണ്ടെങ്കിലും അതു് സമാഗതമായിക്കഴിഞ്ഞെന്നു് വിശ്വസിക്കുന്നവർ അനുഗ്രഹീതരാണെന്നു് യേശു കൂട്ടിച്ചേർത്തു. പ്രതീക്ഷയുടെ ഈ വാക്കുകരം പഴയനിയമത്തിൽ നിന്നുദ്ധൃതമാണ്. പ്രതികാരത്തെപ്പററിയുള്ള പ്രസ്താവം യേശു വിട്ടുകളഞ്ഞിട്ടുണ്ടെന്നതു് ശ്രദ്ധേയമത്രേ. ലൂക്കാ.7,22 നോടു് അടുത്ത ബന്ധമുള്ളതാണു് ലൂക്കാ. 4,18 മുതലുള്ള വാക്യങ്ങരം[1]. അതും ഏശ. 61,1 ആസ്പദമാക്കിയുള്ളതാണ്.

യേശുവിൻെറ പ്രസ്താവത്തിൻെറ അത്ഥമിതാണ്: സമയമായിരിക്കുന്നു. വി. ലിഖിതം നിവൃത്തിയായി (ലൂക്കാ. 4.21). അവസാനത്തെ പ്രവാചകൻേറയും മരണത്തോടെ ആളുകരം ആട്ടിയോടിച്ചു് നാടുകടത്തിയ സ്രഷ്ടാവായ പരിശുദ്ധാത്മാവു് ഇതാ! അഭിലഷിക്കുന്ന ആത്മാക്കളിൽ വീണ്ടും പ്രവത്തനമാരംഭിച്ചിരിക്കുന്നു. പുതിയൊരു സൃഷ്ടി തുടങ്ങിക്കഴിഞ്ഞു. ദരിദ്രർ സുവിശേഷം ശ്രവിക്കുന്നു. ജയിലറകരം തുറക്കപ്പെടുന്നു. മദ്ദിതർ സ്വാതന്ത്ര്യത്തിൻെറ വായു ശ്വസിക്കുന്നു. അന്ധരായി അലയുന്നവക്കു് കാഴ്ച ലഭിക്കുന്നു. രക്ഷ സമാഗതമായിരിക്കുന്നു[2].

മണവാളൻ മണവാട്ടിയുടെ തോഴക്കാരോടൊത്താണ്. അതിനാൽ ആനന്ദത്തിൻെറ കാലമാണിതു്. "മണവാളൻ കൂടെയുള്ളപ്പോരം മണവാട്ടിയുടെ അതിഥി ഉപവസിക്കണോ?" (മക്കോ. 2, 19). പൗരസ്ത്യദേശങ്ങളിലെ ഒരു പ്രതീകാത്മക ഭാഷയാണിതു്. രക്ഷയുടെ പ്രതീകമാണു് വിവാ

---

1. ഇവിടെയും പ്രതികാര പരാമശം യേശു ഉപേക്ഷിച്ചിരിക്കുന്നു.
2. J. Jeremias Rediscovering the Parables. p. 91.

www.malankaralibrary.com



ഹം. വെളിപാടുപുസ്തകം പ്രസ്താവിക്കുന്നു "കുഞ്ഞാടിന്റെ കല്യാണം വന്നുചേർന്നു. മണവാട്ടി അലങ്കാരവിഭൂഷിതയായിരിക്കുന്നു (വെളി. 19, 7). "കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ" (19, 19). കുഞ്ഞാടിന്റെ കല്യാണം വന്നുചേർന്നു. മംഗളഗാനം മുഴങ്ങുന്നു. ഇതു് ദുഃഖിക്കേണ്ട സമയമല്ല, വിലാപത്തിന്റെ കാലമല്ല; വിവാഹാഘോഷങ്ങൾക്കുള്ളതാണു്". അതിനാൽ എന്റെ ശിഷ്യന്മാർ എന്തിനുപവസിക്കണം? എന്നാണു് യേശു ചോദിക്കുക. ഇതൊരു മറുചോദ്യമാണു്. ഫരീസ്യരുടേയും സദ്ദുക്യരുടേയും ചോദ്യത്തിനു മറുപടിയും. സ്നാപകന്റെ ശിഷ്യരും ഫരീസരും യഹൂദ ക്രമപ്രകാരം ഉപവസിക്ക പതിവായിരുന്നു. യേശുവിന്റെ ശിഷ്യർ അങ്ങനെ ചെയ്തില്ല. "നിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ലേ?" ഫരീസർ യേശുവിനോടു ചോദിച്ചു. അദ്ദേഹം മറുപടി നല്കുന്നു. ഉപവാസം ദൈവരാജ്യത്തിന്റെ വരവു് പ്രതീക്ഷിച്ചായിരുന്നു. പ്രതീക്ഷാവിഷയം സാക്ഷാത്കൃതമായിക്കഴിഞ്ഞു. അതിനാൽ ഉപവസിക്കേണ്ടാ; വിരുന്നാഹ്ളാദിക്കയാണു് വേണ്ടതു്[3].

പ്രതീക്ഷിച്ചുകൊണ്ടിരുന്ന സുഭഗകാലം സമാഗതമായി. ദൈവാധിപത്യം വന്നുചേർന്നു. ഈ വസ്തുത യേശു വിവിധ പ്രതീകങ്ങളിലും രൂപങ്ങളിലും സാദൃശ്യങ്ങളിലും ഉപമകളിലും

---

3. മക്കോ. 2,19–ൽ മിശിഹായെ മണവാളനായി സാദൃശ്യപ്പെടുത്തിയിട്ടുണ്ടോ, എന്നു സംശയമാണു്. കാരണം "മണവാളൻ അവരോടു കൂടിയുള്ള കാലത്തോളം" എന്നതു് 'വിവാഹ സമയത്തു്' എന്നതിന്റെ ഉക്ത്യന്തരമാണു്. വിവാഹ മുഹൂർത്തത്തിൽ വിരുന്നുകാർ ഉപവസിക്കുക തീർത്തും നിരർത്ഥകമല്ലേ? എന്നാണു് യേശുവിന്റെ ചോദ്യത്തിനർത്ഥം. അതുപോലെയാണു് ശിഷ്യന്മാർ ഇപ്പോൾ ഉപവസിക്കുക. അവർ നവയുഗത്തിലാണു്. അതിന്റെ ആനന്ദം അനുഭവിക്കുന്നു. അങ്ങനെയിരിക്കേ അവർ ഉപവസിക്കാത്തതെന്തു് എന്ന ചോദ്യം എത്ര നിരർത്ഥകം!

"മണവാളൻ അവരിൽനിന്നെടുക്കപ്പെടുന്ന ദിവസം വരും! അപ്പോൾ അവർ ഉപവസിക്കും" (വാക്യം. 20 മത്താ. 9,15; ലൂക്കോ. 5,35). ഇതിൽ മണവാളനെ മിശിഹായോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ ശിഷ്യന്മാരും ഉപവസിക്കുന്ന കാലം വരുമെന്നാണല്ലോ പറയുക. ഇതു് വാക്യം 19 നെതിരാണു്. ആകയാൽ ഈ ഭാഗം യേശുക്രിസ്തു തന്നെ പറഞ്ഞതായിരിക്കയില്ല. ആദിമ സഭ രൂപപ്പെടുത്തി കൂട്ടിച്ചേർത്തതാവണം (J. Jeremias, Rediscovering the Parables, p. 91).

www.malankaralibrary.com



വിശദമാക്കി. പുതിയ യുഗം സ്വീകരിക്കാൻ പുതിയ സമീപനം സ്വീകരിച്ചേ മതിയാവൂ. "പുതിയ തുണിക്കണ്ടം ആരും പഴയ വസ്ത്രത്തിൽ തുന്നിപ്പിടിപ്പിക്കാറില്ല; അങ്ങനെ ആരെങ്കിലും ചെയ്താൽ തുന്നൽ കീറിപ്പോവുകയും, പുതിയതു് പഴയതിൽനിന്നു മാറിപ്പോവുകയും കീറൽ മുമ്പത്തേക്കാൾ വലുതാവുകയും ചെയ്യും." "പുതിയ വീഞ്ഞു് ആരും പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കില്ല. അഥവാ ചെയ്താൽ വീഞ്ഞു് തോല്ക്കുടങ്ങൾ പൊട്ടിക്കുകയും വീഞ്ഞും കുടങ്ങളും നഷ്ടപ്പെടുകയുംചെയ്യും. പുതിയ വീഞ്ഞു് പുതിയ തോല്ക്കുടങ്ങളിലേ പകർത്തൂ"[4].

കൂടാരം, തുണി, വസ്ത്രം മുതലായവ പ്രപഞ്ചത്തെ സൂചിപ്പിക്കുന്ന സാധാരണ ചിഹ്നങ്ങളാണ്. മതസാഹിത്യങ്ങളിൽ പലതിലും പ്രപഞ്ചത്തെ വിവാഹവസ്ത്രത്തോടു സാമ്യപ്പെടുത്തുന്നു. വി. ഗ്രന്ഥസാഹിത്യത്തിലും ഇങ്ങനെയുണ്ടു്. ഹെബ്രാ. 1,10-12 (സങ്കീ. 102,26-28) നോക്കുക. യേശുവിന്റെ വരവിൽ അവൻ പ്രപഞ്ചം പഴയ ഒരു വസ്ത്രംപോലെ തെറുത്തുമാററുകയും പുതിയ പ്രപഞ്ചം ആവിഷ്കരിക്കുകയും ചെയ്യും എന്നു വിവരിക്കുന്നു. ഇതിലും ശ്രദ്ധേയമാണ് നടപടി 10,11 മുതലുള്ള വാക്യങ്ങളിലും 11,5 മുതലുള്ള വാക്യങ്ങളിലുമുള്ള വിവരണം. പത്രോസു മാളികമുകളിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ വിശപ്പുമൂലം എന്തെങ്കിലും ഭക്ഷിക്കാനാഗ്രഹിച്ചു. അപ്പോൾ സ്വർഗ്ഗത്തിൽനിന്നു് നാലു മൂലയ്ക്കും കെട്ടിയിറക്കിയതുപോലൊരു പാത്രം കണ്ടു. അതിൽ ഭൂമിയിലെ സകല ജീവികളും ഉണ്ടായിരുന്നു. ഈ ഭൂമിയാകട്ടെ ദൈവം പുനരുദ്ധരിക്കയും വിശുദ്ധീകരിക്കുകയും ചെയ്ത പ്രപഞ്ചമായിരുന്നു[5]. ഇവയിൽനിന്നെല്ലാം വ്യക്തമാകുന്നതിതാണ്. പഴയ ലോകത്തിന്റെ കാലം കഴിഞ്ഞു. പുതിയതു് വന്നുകഴിഞ്ഞു. പഴയ വസ്ത്രവും പുതിയതും തമ്മിൽ തുന്നാറില്ല. പുതുവസ്ത്രം നവയുഗ

4. മക്കോ. 2, 21-22; മത്താ. 9,16-17; ലൂക്കോ. 5,36-39. ഈ ഭാഗവും സിനോപ്റ്ററിക് സുവിശേഷകന്മാർ വിവാഹത്തോടു് ബന്ധിപ്പിച്ചിരിക്കുന്നു. യേശു മറെറാരവസരത്തിൽ പറഞ്ഞതാവണം. സുവിശേഷകന്മാർ മൂവരും പുതിയതു് പഴയതിൽ ചേർക്കുന്ന പ്രവൃത്തി വിശദീകരിക്കുകയും നവയുഗം ചിത്രീകരിക്കാൻ പരമ്പരാഗതമായ രൂപകങ്ങൾ (metaphors) ഉപയോഗിക്കുകയും ചെയ്യുന്നു.

5. J. Jeremias, Rediscovering the parables, pp. 91–92.

www.malankaralibrary.com



വിശദമാക്കി. പുതിയ യുഗം സ്വീകരിക്കാൻ പുതിയ സമീപനം സ്വീകരിച്ചേ മതിയാവൂ. "പുതിയ തുണിക്കണ്ടം ആരും പഴയ വസ്ത്രത്തിൽ തുന്നിപ്പിടിപ്പിക്കാറില്ല; അങ്ങനെ ആരെങ്കിലും ചെയ്താൽ തുന്നൽ കീറിപ്പോവുകയും, പുതിയതു് പഴയതിൽനിന്നു മാറിപ്പോവുകയും കീറൽ മുമ്പത്തേക്കാൾ വലുതാവുകയും ചെയ്യും." "പുതിയ വീഞ്ഞു് ആരും പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കില്ല. അഥവാ ചെയ്താൽ വീഞ്ഞു് തോല്ക്കുടങ്ങൾ പൊട്ടിക്കുകയും വീഞ്ഞും കുടങ്ങളും നഷ്ടപ്പെടുകയുംചെയ്യും. പുതിയ വീഞ്ഞു് പുതിയ തോല്ക്കുടങ്ങളിലേ പകർത്തൂ"[4].

കൂടാരം, തുണി, വസ്ത്രം മുതലായവ പ്രപഞ്ചത്തെ സൂചിപ്പിക്കുന്ന സാധാരണ ചിഹ്നങ്ങളാണു്. മതസാഹിത്യങ്ങളിൽ പലതിലും പ്രപഞ്ചത്തെ വിവാഹവസ്ത്രത്തോടു സാമ്യപ്പെടുത്തുന്നു. വി. ഗ്രന്ഥസാഹിത്യത്തിലും ഇങ്ങനെയുണ്ടു്. എബ്രാ. 1,10-12 (സങ്കീ. 102,26-28) നോക്കുക. യേശുവിൻെറ വരവിൽ അവൻ പ്രപഞ്ചം പഴയ ഒരു വസ്ത്രംപോലെ തെറുത്തുമാററുകയും പുതിയ പ്രപഞ്ചം ആവിഷ്കരിക്കുകയും ചെയ്യും എന്നു വിവരിക്കുന്നു. ഇതിലും ശ്രദ്ധേയമാണു് നടപടി 10,11 മുതലുള്ള വാക്യങ്ങളിലും 11,5 മുതലുള്ള വാക്യങ്ങളിലുമുള്ള വിവരണം. പത്രോസു മാളിക മുകളിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ വിശപ്പുമൂലം എന്തെങ്കിലും ഭക്ഷിക്കാനാഗ്രഹിച്ചു. അപ്പോൾ സ്വർഗ്ഗത്തിൽനിന്നു് നാലു മൂലയ്ക്കും കെട്ടിയിറക്കിയതുപോലൊരു പാത്രം കണ്ടു. അതിൽ ഭൂമിയിലെ സകല ജീവികളും ഉണ്ടായിരുന്നു. ഈ ഭൂമിയാകട്ടെ ദൈവം പുനരുദ്ധരിക്കയും വിശുദ്ധീകരിക്കുകയും ചെയ്ത പ്രപഞ്ചമായിരുന്നു[5]. ഇവയിൽനിന്നെല്ലാം വ്യക്തമാകുന്നതിതാണു്. പഴയ ലോകത്തിൻെറ കാലം കഴിഞ്ഞു. പുതിയതു് വന്നുകഴിഞ്ഞു. പഴയ വസ്ത്രവും പുതിയതും തമ്മിൽ തുന്നാറില്ല. പുതുവസ്ത്രം നവയുഗ

---

4. മക്കോ. 2, 21-22; മത്താ. 9,16-17; ലൂക്കോ. 5,36-39. ഈ ഭാഗവും സിനോപ്ററിക് സുവിശേഷകന്മാർ വിവാഹത്തോടു് ബന്ധിപ്പിച്ചിരിക്കുന്നു. യേശു മറെറാരവസരത്തിൽ പറഞ്ഞതാവണം. സുവിശേഷകന്മാർ മൂവരും പുതിയതു് പഴയതിൽ ചേർക്കുന്ന പ്രവൃത്തി വിശദീകരിക്കുകയും നവയുഗം ചിത്രീകരിക്കാൻ പരമ്പരാഗതമായ രൂപകങ്ങൾ (metaphors) ഉപയോഗിക്കുകയും ചെയ്യുന്നു.

5. J. Jeremias, Rediscovering the parables, pp. 91–92.

www.malankaralibrary.com



ത്തിൻെറ അടയാളമാണ്. മക്കോ. 2, 21ൻെറ ഈ വ്യാഖ്യാനത്തിന് 2, 22 പിൻബലം നല്കുന്നുണ്ട്.

വീഞ്ഞ് രക്ഷയുടെ കാലത്തിൻെറ അടയാളമാണ്. ഇതിനും വി. ഗ്രന്ഥത്തിലും പുറത്തും ധാരാളം ഉദാഹരണങ്ങളുണ്ട്. യോഹ. 2, 11 നോക്കുക. യേശു പച്ചവെള്ളം മേൽത്തരം വീഞ്ഞാക്കി സ്വമഹത്വം വെളിപ്പെടുത്തി. രക്ഷാകാലമാഗമിച്ചു എന്ന് ധാരാളം വീഞ്ഞ് പകർന്നുകൊടുത്തു വെളിപ്പെടുത്തി[6].

പുതിയ നിഗൂഢ ദൈവരാജ്യത്തിൻെറ സ്വഭാവമെന്ത്? അതിൻെറ വളർച്ചയുടെ നിയമങ്ങളെന്ത്? പ്രവൃത്തിവിധികളെങ്ങനെ? ദൈവനിശ്ചിതമായ അന്ത്യമെന്ത്? എന്നിങ്ങനെയുള്ള പ്രശ്നങ്ങളുളവാക്കിയ സാഹചര്യത്തിലാണ്, വളർച്ചയുടെ ഉപമകൾ പറഞ്ഞുകൊടുത്തത്. വളർച്ചയെന്ന ആശയമുൾക്കൊള്ളുന്ന ഉപമകൾ വളരെ പ്രധാനപ്പെട്ടവയാണ്. ദൈവരാജ്യം വിത്തിൻെറ രൂപത്തിൽ സന്നിഹിതമാണെന്നും അത് വളരുന്നുവെന്നും രണ്ടാശയങ്ങൾ പ്രസ്തുത ഉപമകൾക്കുണ്ട്. ദൈവരാജ്യത്തിന് രണ്ട് ഘടകങ്ങളുണ്ട്. ആരുമത്ര ശ്രദ്ധിക്കാത്ത നിസ്സാരമായ ആരംഭവും അതിവിസ്മയനീയവും അസാധാരണവുമായ അന്ത്യവും ഇവ തമ്മിൽ താരതമ്യം ചെയ്യുകപോലും സാദ്ധ്യമല്ല തന്നെ.

---

6. മററ് സിനോപ്ററിക് സുവിശേഷകന്മാരേക്കാൾ വി. ലൂക്കോസ് ചിലതു കൂട്ടിച്ചേർക്കുന്നുണ്ട്. ''പഴയ വീഞ്ഞു കുടിച്ചിട്ട് പുതിയത് ആരും ആഗ്രഹിക്കുന്നില്ല.'' കാരണം അവൻ പറയുന്നു, 'പഴയതാണ് നല്ലത്'' (ലൂക്കോ. 5, 39). ഈ കൂട്ടിച്ചേർക്കൽ വാസ്തവത്തിൽ നിർഭാഗ്യകരമാണ്. കാരണം ഉപമ പഴയവീഞ്ഞിനേക്കാൾ പുതിയതിൻെറ മേന്മ വ്യക്തമാക്കുകയാണ്. വി. ലൂക്കോസിൻെറ ഉദ്ധൃത വാക്കുകളാകട്ടെ, പഴയതിൻെറ മേന്മ ഉയർത്തിപ്പിടിക്കുകയാണ് ചെയ്യുക. പ്രസ്തുത ഭാഗം ആദിമ സഭ ചേർത്തതാകാനേ തരമുള്ളു. സഭയിങ്ങനെ പല ഉപമയിലും ചെയ്തിട്ടുണ്ടല്ലോ.— 'പുതുവീഞ്ഞ്'' എന്ന പ്രയോഗം പ്രത്യക്ഷകാരണമായി നില്ക്കുന്നതിനാലാവാം ഇങ്ങനെ ചേർത്തത്. (cf. J. Jeremias, Rediscovering the Parables, P 81).

www.malankaralibrary.com

ഗ



## വളർച്ചയുടെ ഉപമകൾ

### i) സമൃദ്ധമായ വിളവിൻെറ ഉപമ (വിതക്കാരൻെറ ഉപമ)[7]

മത്താ. 13, 1–9

1. ആ ദിവസം യേശു വീട്ടിൽനിന്നു് പുറത്തുപോയി കടൽത്തീരത്തു് ഇരുന്നു.

2. വലിയ ജനസമൂഹങ്ങൾ അവൻെറ ചുററും കൂടി. അതിനാലവൻ ഒരു വള്ളത്തിൽ കയറിയിരുന്നു. ജനസമൂഹമെല്ലാം കടല്ക്കരെ നിന്നു.

മർക്കോ. 4, 1–9

1. വീണ്ടും അവൻ കടൽത്തീരത്തു് പഠിപ്പിക്കുവാൻ തുടങ്ങി.

വലിയൊരു ജനസമൂഹം അവൻെറ ചുററുംകൂടി. അതിനാലവൻ ഒരു വള്ളത്തിൽ കടന്നു് കടലിനു മീതെ ഇരുന്നു. ജനസമൂഹമെല്ലാം കടല്ക്കരെ നിലത്തായിരുന്നു.

2. അവൻ അവരെ അനേകം കാര്യങ്ങൾ ഉപമകളിൽ പഠിപ്പിച്ചു. പഠിപ്പിക്കലിൽ ഇങ്ങനെ പറഞ്ഞു:

ലൂക്കാ. 8, 4–8

4. ഓരോ പട്ടണത്തിൽ നിന്നു വന്ന വലിയൊരു ജനസമൂഹം അവൻെറ അടുക്കൽ ഒരുമിച്ചുകൂടിയപ്പോൾ

അവൻ ഒരു ഉപമ പറഞ്ഞു.

---

7. 'വിതക്കാരൻെറ' എന്ന ശീർഷകം ഉപമയുടെ ആശയത്തിനും ഉദ്ദേശ്യത്തിനും യോജിച്ചതല്ല.

www.malankaralibrary.com



3. അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ അരുളിച്ചെയ്തു. അവൻ പറഞ്ഞത്: ഇതാ വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു.

4. വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു. പക്ഷികൾ വന്ന് അത് തിന്നുകളഞ്ഞു.

5. മററു ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണു. മണ്ണിനു താഴ്ചയില്ലാത്തതിനാൽ വേഗം മുളച്ചുപൊങ്ങി.

6. സൂര്യൻ ഉദിച്ചപ്പോൾ അവ കരിഞ്ഞുപോയി. കാരണം അവയ്ക്കു വേരില്ലായിരുന്നു. അവ ഉണങ്ങിപ്പോയി.

7. മററു ചിലത് മുള്ളുകൾക്കിടയിൽ വീണു. മുള്ളു വളർന്ന് അവ ഞെരുക്കിക്കളഞ്ഞു.

8. മററു ചിലത് നല്ല മണ്ണിൽ വീണു. നല്ല ഫലം പുറപ്പെടുവിച്ചു. ചിലത് നൂറുമേനിയും ചി

3. കേൾക്കുവിൻ, ഇതാ വിതക്കാരൻ വിതയ്ക്കുവാൻ പുറപ്പെട്ടു.

4. അവൻ വിതയ്ക്കുമ്പോൾ ഇങ്ങനെ സംഭവിച്ചു. ചില വിത്തു വഴിയരികെ വീണു. പക്ഷികൾ വന്ന് അതു തിന്നുകളഞ്ഞു.

5. മററു ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണു. മണ്ണിനു താഴ്ചയില്ലാത്തതിനാൽ വേഗം മുളച്ചുപൊങ്ങി.

6. സൂര്യൻ ഉദിച്ചപ്പോൾ അതു കരിഞ്ഞുപോയി. കാരണം അതിന് വേരില്ലായിരുന്നു. അത് ഉണങ്ങിപ്പോയി.

7. മററുചിലത് മുള്ളുകൾക്കിടയിൽ വീണു. മുള്ളു വളർന്ന് അത് ഞെരുക്കിക്കളഞ്ഞു.

8. ചിലതു നല്ലമണ്ണിൽ വീണു. വളർന്ന് സമൃദ്ധിയായി ഫലം പുറപ്പെടുവിച്ചു. ചിലത് മുപ്പതു

5. വിതക്കാരൻ തന്റെ വിത്തു വിതയ്ക്കാൻ പുറപ്പെട്ടു.

വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു. അത് കാൽകൊണ്ട് ചവുട്ടിമെതിക്കപ്പെടുകയും ആകാശപ്പക്ഷികൾ തിന്നുകയും ചെയ്തു.

6. മററുചിലത് പാറമേൽ വീണു.

അതു വളർന്നപ്പോൾത്തന്നെ ഉണങ്ങിപ്പോയി. കാരണം അതിന് ജലാംശം (നനവ്) ഇല്ലായിരുന്നു.

7. മററുചിലത് മുള്ളുകൾക്കിടയിൽ വീണു. മുള്ളുകൾ അതോടൊത്തു വളർന്ന് അത് ഞെരുക്കിക്കളഞ്ഞു.

8. മററുചിലത് നല്ല മണ്ണിൽ വീണു. വളർന്ന് നൂറുമേനി ഫലം പുറപ്പെടുവിച്ചു.

www.malankaralibrary.com



ലത്് അറുപതുമേനിയും ചിലത്് മുപ്പതുമേനിയും.

മേനിയും ചിലത്് അറുപതുമേനിയും ചിലത്് നൂറുമേനിയും.

9. കേൾക്കാൻ കാതുള്ളവൻ കേൾക്കട്ടെ.

9. അവൻ അരുളിച്ചെയ്തു: കേൾക്കാൻ കാതുള്ളവൻ കേൾക്കട്ടെ.

ഇതു പറഞ്ഞിട്ട് അവൻ വിളിച്ചുപറഞ്ഞു: കേൾക്കാൻ കാതുള്ളവൻ കേൾക്കട്ടെ.

www.malankaralibrary.com



സമവീക്ഷണ സുവിശേഷങ്ങളിലെല്ലാം നല്കിയിരിക്കുന്ന ഈ വിവരണത്തിൽ ദ്വിതീയ സുവിശേഷത്തിലേതാണ് മൂലത്തോടു കൂടുതൽ അടുത്തു നില്ക്കുക. അതിനെ ആശ്രയിച്ചാവും മററിരുവരും[8].

"വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു".

യേശു നേരെ ഉപമയിലേയ്ക്കു കടക്കുകയാണ്. "വിതക്കാരൻ വിത്തു വിതയ്ക്കാൻ പുറപ്പെട്ടതുപോലെയാണ് ദൈവരാജ്യം" എന്നാണ് യേശു ഉദ്ദേശിക്കുക. ദൈവരാജ്യം ഉപമിച്ചിരിക്കുന്നതു് വിതക്കാരനോടല്ല; അയാറം വിത്തു വിതച്ചുകഴിഞ്ഞു് സംഭവിച്ചതിനോടാണ്.

"ചിലതു് വഴിയരികിൽ .... പാറസ്ഥലത്തു് .... മുള്ളിന്നിടയിൽ....നല്ല നിലത്തു്".

നിഷ്ഫല നിലം മൂന്നുതരം. ഫലഭൂയിഷ്ഠമായതു് ഒന്നുമാത്രം. ഇവ തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുന്നതിലാണ് ഉപമ. ഫലഭൂയിഷ്ഠ നിലത്തിനത്രേ പ്രാധാന്യം.

പലസ്തീനായിലെ വിതസമ്പ്രദായമാണ് ഉപമയിൽ. കൊയ്ത്തുകഴിഞ്ഞാലുടൻ ഒരു പ്രാവശ്യം നിലമുഴുതും. പക്ഷേ വഴി നടന്നു് പാതയുണ്ടാകും. എങ്കിലും ഉഴാതെ തന്നെ വിതയ്ക്കുന്നു. വിതകഴിഞ്ഞു് ഉഴുന്നു. ചുണ്ണാമ്പുകല്ലുപോലുള്ള കല്ലെല്ലാം ഇളക്കുകയോ ആഴത്തിൽ മണ്ണുവീണു് മൂടുകയോ ഇല്ല. മുള്ളെല്ലാം നശിക്കില്ല. വഴിയിൽ വീണ വിത്തു് മണ്ണിനു മുകളിൽത്തന്നെ കിടക്കും. പാറപ്പുറത്തു് നാമമാത്രമായേ മണ്ണു വീഴൂ.

"നല്ല നിലം":

പ്രത്യേകമൊരു വിഭാഗമല്ല. കല്ലും മുള്ളുമൊന്നുമില്ലാത്തിടമാണ്.

"മുപ്പതും അറുപതും നൂറും മേനി"

ആരോഹണക്രമത്തിലാണ് അളവു് പറഞ്ഞിരിക്കുക.

---

8. J. Jeremias, Parables of Jesus, p. 77.

www.malankaralibrary.com



ഇതു് പ്രത്യേകം ശ്രദ്ധിക്കണം. പത്തുമേനിതന്നെ അസാധാരണ വിളവാണു്. ഏഴു്–ഏട്ടരയത്രേ സാധാരണ. സെമിററിക്കു് (പൗരസ്ത്യ) രീതിയിലുള്ള അതിശയോക്തിയാണു് നൂറുമേനിയെന്നതു്. പ്രതിബന്ധങ്ങളേറെയുണ്ടായാലും കൃഷിക്കാരൻ നഷ്ടഹൃദയനാകേണ്ട. അതിശയകരമായ വിളവു കിട്ടും.

''കേൾക്കാൻ കാതുള്ളവൻ കേൾക്കട്ടെ''

ഈ വാക്യത്തിനു് ഉപമയോടു് അത്ര ബന്ധമൊന്നുമില്ല. അനുവാചകനെയും ഉപമയെയും തമ്മിൽ ബന്ധിപ്പിക്കുവാൻ പ്രയോഗിച്ചിരിക്കുന്നു, അതു്. ഉപമ മനസ്സിലാക്കാൻ എല്ലാവക്കും കഴിവില്ല എന്ന ആശയമുണ്ടു്.

ഉപമയുടെ ഘടന (അവതരണരീതി)

പ്രത്യേകമൊന്നാണതു്. പ്രായോഗികമായി നിഷ്ഫലമായ നിലവും ഫലഭൂയിഷ്ഠമായതും തമ്മിലാണു താരതമ്യം. വിരോധാഭാസാത്മക (antithetic) ക്രമമാണു് ഇവിടെ സ്വീകരിച്ചിരിക്കുക. അതുപോലെ വിളവിൻെറ കാര്യം പറയുന്നതും നോക്കുക. ''മുപ്പതു് .... അറുപതു് .... നൂറുമേനി''–ക്രമവൃദ്ധമായ ആരോഹണക്രമം.

ഉപമയുടെ അവസാനഭാഗത്തിനാണു് പ്രാധാന്യം എന്നത്രേ ഈ അവതരണരീതി സൂചിപ്പിക്കുക. അവിടെയാണു് ഉപമയുടെ അത്ഥം. വിളവെടുപ്പിലേയ്ക്കു് അനുവാചകരുടെ ശ്രദ്ധ തിരിക്കുക; അതാണു് പ്രസംഗകൻെറ നോട്ടം. പഴയനിയമത്തിൽ പലേടത്തും കൊയ്ത്തു് പ്രതീകമായി സ്വീകരിച്ചിട്ടുണ്ടു്. അതു് അന്ത്യകാല (യുഗാന്ത്യ) രക്ഷ സൂചിപ്പിക്കുന്നു. മിശിഹായുടെ കാലത്തു് അനുഭവിക്കാനിരിക്കുന്ന ആനന്ദത്തിൻെറ അടയാളമാണു്[9]. ഇതേ പ്രതീകം യേശുവും ഉപയോഗിക്കുന്നു. ദൈവരാജ്യം അവസാനമായി എങ്ങനെ സ്ഥാപിതമാകും അഥവാ അതിൻെറ അന്ത്യം എങ്ങനെയാവും എന്ന സംഗതി പറഞ്ഞുറപ്പിക്കുകയാണു് യേശു. വിളവു് വളരെ അതിശയകരമായിരിക്കും. വൈപരീത്യങ്ങൾ ഏറെയുണ്ടെങ്കിലും ദൈവരാജ്യം പൂണ്ണമായും വിജയകരമായും സംസ്ഥാപി

9. സങ്കീ. 72, 16; ഹോശ. 6,11; ഏശ. 27, 6 ഇത്യാദി.

www.malankaralibrary.com



തമാകും. അതിനുവേണ്ടിയുള്ള പരിശ്രമത്തിൽനിന്ന് പിന്തിരിയരുത്. നിഷ്ഫലവും നിസ്സാരവുമെന്നു തോന്നിയാലും ദൈവത്തിലാശ്രയിച്ചുകൊണ്ട് പ്രവർത്തിക്കുക. അതിശയകരമായ ഫലം ലഭിക്കും.

ദൈവരാജ്യം തീർച്ചയായും നിർണ്ണായകമായും സ്ഥാപിതമാകുമെന്ന് യേശു തറപ്പിച്ചു പറയുന്നതെന്തുകൊണ്ട്? സ്വന്തം അനുഭവത്തിലൂന്നിക്കൊണ്ടും അതിലേയ്ക്കു വിരൽ ചൂണ്ടിക്കൊണ്ടുമാണദ്ദേഹം സംസാരിക്കുക. മഹത്വപൂർണ്ണനും പ്രതാപശാലിയുമായ മിശിഹായെ പ്രതീക്ഷിച്ചിരുന്ന ജനത്തോട് ശാന്തനും വിനീതനുമായി പ്രസംഗിച്ചും പ്രവർത്തിച്ചും ജീവിക്കുകയായിരുന്നു യേശു. അവിടുത്തെ ജീവിതത്തിൽ ആകർഷണീയമായ വിജയമൊന്നും നേടിയില്ല. പോരെങ്കിൽ പരസ്യപാപികളോടാണ് കൂടുതൽ സൗഹൃദവും സൗമനസ്യവും കാണിച്ചതും. ആഗതനായ മിശിഹായുടെ രൂപഭാവങ്ങൾ യഹൂദരെ നിരാശരാക്കി. അവർ യേശുവിനെയും അവിടുത്തെ ചലനങ്ങളും സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. മിക്കവാറും പരാജയമടഞ്ഞ മട്ടിലാണ് യേശുവിന്റെ പ്രവർത്തനങ്ങൾ അപ്പോൾ ദൃശ്യമായത്. അവയും ദൈവരാജ്യസ്ഥാപനവും തമ്മിൽ എന്തെങ്കിലും ബന്ധം കാണാൻ അവർക്കു കഴിഞ്ഞില്ല. ഇത്തരം മാനസികാവസ്ഥയ്ക്കു ശിഷ്യന്മാരും വിധേയരായി. അവർ അതേപ്പററി യേശുവിനോടാരാഞ്ഞു. അവിടുന്ന് ഉപമയിൽ മറുപടി നൽകി.

യേശുക്രിസ്തുവിന്റെ ജീവിതാരംഭം മുതലുള്ള അനുഭവവും ആവിഷ്ക്കരിക്കുന്നത് ഉപമയുടെ സന്ദേശംതന്നെ. ഭൂമിയിൽ ദൈവരാജ്യത്തിന്റെ സമുദ്ഘാടനസംഭവമായ അവിടുത്തെ മനുഷ്യനായിത്തീരലിന്റെ പ്രാരംഭദശമുതലുള്ള കാര്യങ്ങളോരോന്നും നോക്കുക. സർവ്വത്ര തടസ്സങ്ങളും പ്രതിബന്ധങ്ങളും. പക്ഷേ ഇവയൊന്നും ദൈവഹിതാനുനിവൃത്തിക്ക് വിഘാതമായില്ല. അത് സാക്ഷാത്ക്കൃതമായി. യേശുവിന്റെ വ്യക്തിപരമായ അനുഭവവും ജീവിതവീക്ഷണവും ഉപമയിൽ നിഴലിക്കുന്നുണ്ട്.

പരാജയങ്ങൾ പലതും പ്രത്യക്ഷപ്പെടുന്നതിനാൽ ദൈവരാജ്യം ഇനിയും സ്ഥാപിതമായിട്ടുണ്ടോ എന്ന് ഇന്നും അനേ

www.malankaralibrary.com



കർ സംശയിക്കുന്നു. സമൃദ്ധമായ വിളവിന്റെ ഉപമതന്നെ അവർക്കും മറുപടി.

ഉപപാഠം.

ദൈവിക പ്രവർത്തനത്തിന് മനുഷ്യനിലുള്ള പ്രതിബന്ധങ്ങളിലേയ്ക്ക് ആളുകളുടെ ശ്രദ്ധ തിരിക്കാനും യേശു ഉദ്ദേശിക്കുന്നു. ദൈവരാജ്യപ്രാപ്തിക്ക് അതിന്റെ സന്ദേശം കേട്ടാൽ മാത്രം പോരാ. ഒരു മൂകസാക്ഷിയായി നിന്നാൽ മതിയാവില്ല. മനുഷ്യൻ സുപ്രധാനമായൊരു മറുപടി നല്കണം. വിഘ്നങ്ങളതിജീവിച്ച് സ്വർഗ്ഗരാജ്യം ഖണ്ഡിതമായും സ്ഥാപിക്കപ്പെടുമെന്നാലും അതനുഭവിച്ചാനന്ദിക്കുന്നതിന് മനുഷ്യന്റെ മനോഭാവം തടസ്സമാവാം. ചിലർ അവഗണനാ മനഃസ്ഥിതിക്കാരാണ്. അവർക്ക് ദൈവരാജ്യത്തിലേയ്ക്കുള്ള ആഹ്വാനം ആവശ്യമില്ല. ഉപരിപ്ലവമനസ്ക്കരാണ് രണ്ടാം കൂട്ടർ. അവർ ആഹ്വാനം വേഗം അംഗീകരിക്കും. അത്യാകൃഷ്ടരായി സ്വീകരിക്കും. പക്ഷേ അതിവേഗം വിസ്മരിക്കുന്നു. മൂന്നാം കൂട്ടർ സന്മനസ്സോടെ സ്വീകരിക്കും. പക്ഷേ ദൈവരാജ്യം തങ്ങളിൽ അനുസ്യൂതം വളരുന്നതിന് വിഘ്നാതമായ ലൗകികാകുലതകളിൽനിന്നു പിൻവാങ്ങില്ല.

സ്വർഗ്ഗരാജ്യത്തിനുവേണ്ടി ഉറച്ചൊരു തീരുമാനമെടുക്കാൻ കൂട്ടാക്കാത്ത ഒരുകൂട്ടം ആളുകളോടാണ് യേശു ഈ ഉപമ പറഞ്ഞത്. അതവരിലുള്ള തടസ്സങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കുന്നു. എല്ലാവർക്കും ബാധകമായ ഒന്നാണ് സമൃദ്ധമായ വിളവിന്റെ ഉപമ.

www.malankaralibrary.com



## സുവിശേഷത്തിലെ വ്യാഖ്യാനം

### മത്താ. 13,18-23

18. വിതക്കാരൻ്റെ ഉപമ കേട്ടുകൊള്ളുവിൻ

19. ആരെങ്കിലും ദൈവരാജ്യത്തിൻ്റെ വചനം കേട്ടു ഗ്രഹിക്കാതിരിക്കുമ്പോൾ തിന്മപെട്ടവൻ വന്നു് അവൻ്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടതു് എടുത്തുകളയുന്നു. ഇതാകുന്നു വഴിയരികിൽ വിതയ്ക്കപ്പെട്ടതു്.

20. പാറനിലത്തു് വിതയ്ക്കപ്പെട്ടതു് വചനം കേട്ടു് സന്തോഷത്തോടെ സ്വീകരിക്കുന്നവനാകുന്നു.

### മർക്കോ. 4,13-20

13. അവൻ അവരോടു പറഞ്ഞു. നിങ്ങൾക്കു് ഉപമ അറിഞ്ഞുകൂടേ? നിങ്ങൾക്കു് ഉപമകളെല്ലാം എങ്ങനെ മനസ്സിലാകും?

14. വിതക്കാരൻ വചനം വിതയ്ക്കുന്നു.

15. വചനം വിതയ്ക്കപ്പെട്ടിടത്തു് വഴിയരികിലേതു് ഇവയാണു്. അവർ വചനം ശ്രവിച്ചു ഉടൻതന്നെ സാത്താൻ വന്നു് അവരിൽ വിതയ്ക്കപ്പെട്ട വചനം എടുത്തുകളയുന്നു.

16. അതുപോലെ പാറനിലത്തു വിതയ്ക്കപ്പെട്ടതു് ഇവയാകുന്നു. അവർ വചനം കേട്ട ഉടൻതന്നെ സന്തോഷത്തോടെ സ്വീകരിക്കുന്നു.

### ലൂക്കോ. 8,11-15

11. ഉപമ ഇതാകുന്നു:

വിത്തു് ദൈവവചനമാകുന്നു.

12. വഴിയരികിലേതു് വചനം കേട്ടവരാകുന്നു. അപ്പോൾത്തന്നെ പിശാചു വന്നു് അവരുടെ ഹൃദയത്തിൽ നിന്നു് അവർ വിശ്വസിച്ചു് രക്ഷപെടാതിരിക്കാൻ വചനം എടുത്തുകളയുന്നു.

13. പാറനിലത്തു വീണതു് ഇവയാകുന്നു. വചനം കേട്ടപ്പോൾ സന്തോഷത്തോടെ സ്വീകരിച്ചു. ഇവക്കു വേരില്ല. ഇവർ കുറച്ചുനേരത്തേയ്ക്കു വിശ്വസിക്കുന്നു. പ്രലോഭനസമയത്തു വീണുപോകുന്നു.

www.malankaralibrary.com



21. എങ്കിലും അവന്നു തന്നിൽത്തന്നെ വേരില്ല. അവൻ അല്പനേരത്തേയ്ക്കു നിലനില്ക്കുന്നു. വചനം നിമിത്തം ക്ലേശമോ മദ്ദനമോ ഉണ്ടാകുമ്പോൾ വേഗം ഇടറിപ്പോകുന്നു.

22 മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടതു് വചനം കേൾക്കുന്നവനാകുന്നു. ലോകവ്യഗ്രതകളും ധനദുർമ്മോഹവും വചനത്തെ ഞെരുക്കുന്നു. അവൻ നിഷ്ഫലനായി തീരുന്നു.

23. നല്ല നിലത്തു വിതയ്ക്കപ്പെട്ടതു് ഇതാകുന്നു. അവൻ വചനം കേൾക്കുകയും ഗ്രഹിക്കുകയും നൂറും അറുപതും മുപ്പതും മേനി ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

17. അവൎക്കു തങ്ങളിൽത്തന്നെ വേരില്ലായ്കയാൽ അല്പനേരത്തേയ്ക്കു നിലനില്ക്കുന്നു. വചനം നിമിത്തം ക്ലേശമോ മദ്ദനമോ ഉണ്ടാകുമ്പോൾ വേഗം ഇടറിപ്പോകുന്നു.

18. മററുള്ളവ മുള്ളിനിടയിൽ വിതച്ചവയാണല്ലോ. അവർ വചനം കേൾക്കുന്നവരാകുന്നു.

19. ലോകവ്യഗ്രതകളും ധനത്തിൻെറ വഞ്ചനകളും ഇതരവസ്തുക്കളെക്കുറിച്ചുള്ള ദുർമ്മോഹവും കടന്നുകൂടി വചനത്തെ ഞെരുക്കുകയും അതു നിഷ്ഫലമാവുകയും ചെയ്യുന്നു.

20. നല്ല നിലത്തു വിതയ്ക്കപ്പെട്ടതു് ഇവയാകുന്നു. വചനം കേൾക്കുകയും സ്വീകരിക്കുകയും മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കയും ചെയ്യുന്നവർ.

14. മുള്ളുകളുടെയിടയിൽ വീണതു് വചനം കേട്ടവരാകുന്നു. പക്ഷേ അവർ തങ്ങളുടെ വഴിയിൽ മുന്നോട്ടു പോകുമ്പോൾ വ്യഗ്രതകളും ധനവും സന്തോഷവുംകൊണ്ടു് ഞെരുക്കപ്പെടുന്നു. ഫലമൊന്നും പൂർണ്ണതയിലെത്തിക്കുന്നില്ല.

15. നല്ല നിലത്തേതു് സത്യസന്ധവും നല്ലതുമായ ഹൃദയത്തിൽ വചനം കേട്ടിട്ടു് അതു മുറുകെപ്പിടിച്ചു് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവയാകുന്നു.

www.malankaralibrary.com



'നല്ല നിലമായിരിക്കുക' എന്ന ആശയത്തിനാണ് സുവിശേഷത്തിലെ വ്യാഖ്യാനത്തിൽ മുൻതൂക്കം. അതായത് മനുഷ്യന്റെ ഭാഗത്തിന്. ഉപമയിൽ ദൈവത്തിന്റെ പ്രവൃത്തിക്കും. ക്രിസ്തു സംസാരിക്കുന്നത് ജനക്കൂട്ടത്തോടല്ല, ശിഷ്യന്മാരോടു മാത്രമാണ്.

യേശുക്രിസ്തു നൽകിയിരിക്കാവുന്ന വ്യാഖ്യാനത്തിന്റെ ക്രിസ്തീയാനുരൂപമാണെന്നു തോന്നുന്നു സുവിശേഷത്തിലേത്. നിശ്ചയമായും ദൈവരാജ്യം വിജയപ്രദമായി സ്ഥാപിതമാകും എന്ന ആശയത്തിന് ഉപമ പ്രാധാന്യം നല്കുന്നു. വ്യാഖ്യാനമാകട്ടെ ദൈവരാജ്യസംസ്ഥാപനം വിജയിക്കണമെങ്കിൽ അതു സ്വീകരിക്കുന്നവർ നല്ല നിലംപോലെ ആയിരുന്നേ പറ്റൂ എന്ന ഉപപാഠത്തിന് പ്രാധാന്യം നല്കുന്നു. അതിശയകരമായ വിളവിനെക്കുറിച്ച് ചുരുക്കമായേ പറയുന്നുള്ളു. വിത്തിന്റെ വളർച്ചയ്ക്കു വിഘാതമായി നില്ക്കുന്ന ഘടകങ്ങളാണ് വിശദീകരിച്ചിരിക്കുക.

സഭയിലേക്കു പുതുതായി വന്നവരെ ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിക്കുക എന്ന ഉദ്ദേശ്യമാണ് വ്യാഖ്യാനത്തിൽ നിഴലിക്കുക. പ്രലോഭനങ്ങളുടേയും പീഡാസഹനങ്ങളുടേയും നടുക്ക് അവരുടെ നിലപാട് എന്തായിരിക്കണമെന്ന് കാണിക്കുന്നു. ഫലം ആളുകളെ (മണ്ണിനെ) ആശ്രയിച്ചിരിക്കുന്നു. അങ്ങനെ ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വത്തെപ്പറ്റി ഉദ്ബോധിപ്പിക്കുകയാണ് വ്യാഖ്യാനമനുസരിച്ച് ഉപമ[10].

---

10. വ്യാഖ്യാനം ക്രിസ്തു നൽകിയതല്ല എന്നതിന് ഭാഷാപരവും സാഹിത്യപരവുമായ തെളിവുകളുണ്ട്. ഉപമയും വ്യാഖ്യാനവും തമ്മിൽ യോജിപ്പിക്കുന്നത് 10-13 വാക്യങ്ങളാണ്. അതേ വാക്യം അദ്ധ്യായത്തിലെ ഒന്നാം വാക്യവും മറ്റുപമകളും തമ്മിലും യോജിപ്പിക്കുന്നു. പക്ഷേ 4-ാം അദ്ധ്യായത്തിലെ ഉപമാവിഭജനംതന്നെ കൃത്രിമമാണ്. ഒന്നും മുപ്പത്തിയാറും വാക്യങ്ങളനുസരിച്ച് യേശു പടവിൽ നിന്ന് ജനക്കൂട്ടത്തോടു സംസാരിക്കുന്നു. 10-ാം വാക്യമനുസരിച്ച് ശിഷ്യന്മാർക്ക് മാത്രം വ്യാഖ്യാനിച്ചു കൊടുത്തു. ഈ വൈരുദ്ധ്യങ്ങൾ ഇങ്ങനെ വിശദീകരിക്കാമെന്നു തോന്നുന്നു. 10-ാം വാക്യം ഉപമാവിവരണവും വ്യാഖ്യാനവും തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകമായി സുവിശേഷകൻ കൂട്ടിച്ചേർത്തു.

ഭാഷാപരമായി: (1) വ്യാഖ്യാനത്തിലെ ഭാഷ യേശുവിന്റെ ശൈലിയോടു പൊരുത്തപ്പെടുന്നില്ല. (J. Jeremias, Parables of Jesus, pp.

www.malankaralibrary.com



സുവിശേഷത്തിലെ ഭാഷ്യം സൂചിപ്പിക്കുക, അതു് ആദിമസഭയുടേതാണെന്നത്രേ. എങ്കിലും ക്രിസ്തുവിൻേറതായി രേഖപ്പെടുത്തുന്നു. പഴയനിയമത്തിലും ഉപമയോടു ചേർത്തു് റബ്ബിമാർ നല്ലിയവ്യാഖ്യാനവും കൊടുത്തിട്ടുണ്ടു്. ഇസ്രായേലിൽ അംഗീകൃതമായിക്കഴിഞ്ഞിരുന്ന ഒരു പതിവാണിതു്. കൂടാതെ, സാദൃശ്യതയുള്ള തടസ്സങ്ങളെപ്പററി ഉദ്ബോധിപ്പിക്കുന്ന വ്യാഖ്യാനം യേശുവിൻെറ ഉദ്ദേശ്യത്തിൽപ്പെട്ടതായിരിക്കണം. ഉപപാഠമായി അവിടുന്നുദ്ദേശിച്ചതു് പ്രധാന പാഠമായി എന്നു മാത്രം. തത്വത്തിൽ വ്യാഖ്യാനം യേശുവിൻേറതായി പരിഗണിക്കാം.

---

77f; C.H. Dodd, op. cit., p. 14f). 'വചനം' എന്ന കേവലപ്രയോഗം സുവിശേഷത്തെ സൂചിപ്പിക്കാനാണു് ആദിമ സഭയുപയോഗിച്ചതു്. സഭയുടെ സൃഷ്ടിയാണു് പ്രസ്തുത സാങ്കേതികപദം. 'വിതക്കാരൻെറ ഉപമയിൽ' മാത്രമേ 'വചനം' എന്നു് യേശു ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളു. മററൊരിടത്തുമില്ലാത്ത ഈ പദം ഇത്ര ചെറിയൊരു ഭാഗത്തു് യേശു ഇത്രയധികം പ്രാവശ്യം ഉപയോഗിക്കുന്നതായിക്കാണുക അസ്വാഭാവികമാണു്. അപ്പസ്തോലിക കാലത്തു് 'വചനം' എന്ന പദപ്രയോഗം സാധാരണയായിരുന്നു. (2) സിനോപ്ററിക് സുവിശേഷങ്ങളിൽ അനന്യദൃശ്യവും പുതിയ നിയമത്തിൽ, പ്രത്യേകിച്ചു്, വി. പൗലോസിൻെറ ലേഖനങ്ങളിൽ സാധാരണവുമായ പദങ്ങൾ മക്കോ. 4, 13–20ൽ ധാരാളമുണ്ടു്. (പതിനാറെണ്ണം ജെറമിയാസ് എടുത്തുകാണിക്കുന്നു.) (3) ''വിതയ്ക്കുക'' പ്രസംഗിക്കുകയായി യേശു വ്യാഖ്യാനിക്കാറില്ല. (ദിവ്യദൂതിനെ വിത്തിനോടു് സാദൃശ്യപ്പെടുത്തുന്ന പതിവു് പഴയനിയമത്തിലുമില്ല) പ്രസംഗത്തെ കൊയ്ത്തിനോടുപമിക്കുകയാണു പതിവു് (മത്താ. 9,37; ലൂക്കാ. 10,2; യോഹ. 4,35–38). (4) എല്ലാററിലുമുപരി, സുവിശേഷത്തിലെ വ്യാഖ്യാനം ഉപമയുടെ യുഗാന്ത്യോന്മുഖത നഷ്ടപ്പെടുത്തിയിരിക്കുന്നു. കുഴഞ്ഞുമറിഞ്ഞു് അലങ്കോലപ്പെട്ട ഒരു വ്യാഖ്യാനമാണതു്. ഡോഡിൻെറ ഭാഷയിൽ (Parables of the kingdom, p. 15). വിത്തു് വചനമാണു്. പക്ഷേ കിട്ടുന്ന വിളവു് വിവിധതരം ആളുകളാൽ രൂപീകൃതവും. വിളവു് ആളുകളാണെന്ന ഉപമ IV എസ്രാ എന്ന അപ്പോകാലിപ്ററിക് ഗ്രന്ഥത്തിലെ ഒരുപമയ്ക്കു് (8,41) സമാനമാണു്. ഒരു വശത്തു് ദിവ്യവചനത്തെ വിത്തിനോടുപമിച്ചിരിക്കുന്നു മറുവശത്തു് മനുഷ്യനെ ദൈവം നടുന്ന വൃക്ഷത്തോടു് സാമ്യപ്പെടുത്തിയിരിക്കുന്നു. സുവിശേഷത്തിലെ വ്യാഖ്യാനം ഉപമയുടെ അന്ത്യകാലാത്മകത ഇല്ലാതാക്കി അതു് മന:ശാസ്ത്രപരമായി പ്രാധാന്യമുള്ള ഒന്നാക്കിത്തീർത്തിരിക്കുന്നു. തങ്ങളുടെ ആത്മാർത്ഥത പരിശോധിക്കാൻ മാനസാന്തരപ്പെട്ടവരോടാവശ്യപ്പെടുന്ന ഉപദേശമായി ഉപമ മാറുന്നു.

www.malankaralibrary.com



സുവിശേഷത്തിലെ വ്യാഖ്യാനത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. ആദിമസഭ യേശുവിന്റെ വാക്കുകൾ എങ്ങനെ മനസ്സിലാക്കിയെന്നും മാറിവന്ന സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് പുതിയ വ്യാഖ്യാനവും മററും നൽകിയെന്നും വ്യക്തമാകുന്നു. ഈ വ്യാഖ്യാനം രൂപംകൊണ്ടതു ക്രമേണയാണ്. നീണ്ട സമയമെടുത്തു. ക്രിസ്തീയജീവിതം പരീക്ഷണവിധേയമായിരുന്നു. ലൗകികവ്യഗ്രതയും ധനത്തിന്റെ ചതിവും വിശ്വാസികളുടെ ക്രിസ്തീയജീവിതസ്ഥിരതയും ആത്മാർത്ഥതയും പരിശോധിച്ചു. ഇതേ സാഹചര്യം ഇന്നും തുടരുന്നു. പ്രതിസന്ധികളുടെ മുമ്പിൽ നഷ്ടധൈര്യരാകാതെ മുന്നേറാൻ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വ്യാഖ്യാനം. അതു് ഉപമയെ പുരസ്കരിച്ചുള്ള ഒരു പ്രസംഗം തന്നെയാണ്. ഉപമയുടെ വ്യാപ്തി വിപുലമാക്കിയിട്ടുണ്ട്. ക്രിസ്തു മാത്രമല്ല വചനമാകുന്ന വിത്തു വിതയ്ക്കുക. സുവിശേഷം ഘോഷിക്കുന്ന ഓരോ ക്രൈസ്തവനും വിതക്കാരനാണ്. വേലയിൽ നല്ലൊരുപങ്കും പാഴായിപ്പോകുന്നെന്നു തോന്നിയാലും നിരാശനാകരുതു്. ദൈവത്തിന്റെ പ്രവൃത്തി വിസ്മയനീയമായ ഫലം പുറപ്പെടുവിക്കും.[11]

ഉപമയ്ക്കുണ്ടായ മാററത്തിനു മൂന്നാമതൊരു ഘട്ടംകൂടിയുണ്ട്. ഓരോ സുവിശേഷത്തിലും ഉപമ സംവിധാനം ചെയ്തപ്പോഴുള്ളതാണതു്.

ലൂക്കോസ്: ഇതര സുവിശേഷകന്മാർ വരുത്തിയിട്ടുള്ളതിൽ കൂടുതൽ മാററങ്ങൾ ഉപമയിലും വ്യാഖ്യാനത്തിലും, വി. ലൂക്കോസു ചെയ്തിട്ടുണ്ട്. മററിരുവരും വിത്തിനെക്കുറിച്ചു വിശേഷമായി ഒന്നും പറയുന്നില്ല (ലൂക്കാ 8,5-ലെപ്പോലെ). വിത്തിനാണ് വി. ലൂക്കോസ് പ്രാധാന്യം നല്കുക. വിത്തിന്റെ ഉപമയാക്കിയിരിക്കുന്നു. വിശദീകരണത്തിൽ വിതക്കാരനെപ്പററി സൂചിപ്പിക്കുന്നേയില്ല. വിത്തവതരിപ്പിച്ചുകൊണ്ടാണ് അതും ആരംഭിക്കുക. ഇതര സുവിശേഷകന്മാർ ആരംഭത്തിൽത്തന്നെ അവതരിപ്പിക്കുകയോ സൂചിപ്പിക്കുകയോ ചെയ്യുന്നു.

11. Cf. Justine, Dialogue, 125

www.malankaralibrary.com



വിത്തു് "കാൽകൊണ്ടു് ചവുട്ടി മെതിക്കപ്പെടുന്ന"തായി ത്രിതീയസുവിശേഷകൻ മാത്രമേ പറയുന്നുള്ളു (ലൂക്കോ. 8,5). ദൈവവചനശ്രോതാക്കളുടെ ഉപേക്ഷണാമനോഭാവം അത്രയ്ക്കു കടുത്തതാണു് എന്നതത്രേ ഇങ്ങനെ പറയാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുക. 8,12-ലെ "സാത്താൻ വന്നു് വചനം എടുത്തുകളയുന്നു" എന്നതൊഴിച്ചുള്ളതെല്ലാം ഈ സുവിശേഷത്തിൽ മാത്രമേയുള്ളു. "അവർ വിശ്വസിച്ചു് രക്ഷപെടാണ്ടിരിക്കേണ്ടതിനു്" എന്നു് അതിലുണ്ടു്. രക്ഷ വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു എന്ന ആശയം വി. ലൂക്കോസിനു് വളരെ പ്രിയമാണു്[12].

വാക്യം 6-ൽ ചിലതു് 'പാറമേൽ വീണു' എന്നുണ്ടു്. 'പാറസ്ഥലത്തു്' എന്നു മററു രണ്ടുപേരും ഒരുപോലെ പറയുന്നു. "കാരണം അതിനു നനവില്ലായിരുന്നു" എന്നു ചേർത്തു് 'പാറ' എന്ന നിർവ്വിശേഷകപ്രയോഗത്തെ ദൃഢീകരിക്കയും ചെയ്യുന്നു. അവിടെ വീണ വിത്തു് 'കുറച്ചുനേരത്തേയ്ക്കു വിശ്വസിക്കുന്നു' എന്നാണു്. വിശ്വാസത്തിനു് അത്രയേറെ പ്രാധാന്യം വി. ലൂക്കോസു് നൽകുന്നു.

'പ്രലോഭനസമയത്തു്': ക്ലേശമോ മർദ്ദനമോ ഉണ്ടാകുമ്പോൾ' എന്നു് ആദ്യസുവിശേഷകന്മാർ വ്യാഖ്യാനിക്കുന്നു. 'പ്രലോഭനസമയത്തു്' എന്നാണു ത്രിതീയ സുവിശേഷകൻ. അദ്ദേഹം കൂടുതൽ വിശാലമായ വീക്ഷണം പ്രകടിപ്പിക്കുന്നു. ക്രിസ്തീയ ജീവിതത്തിൻെറ ഏതെങ്കിലുമൊരു പ്രത്യേക സാഹചര്യം മാത്രമല്ല അദ്ദേഹമെടുക്കുക. ക്രിസ്തീയജീവിതം മുഴുവനാണു്. അതിൽ ദൈവവചനം വിശ്വസിക്കുന്നതിനു പൊതുവെ പ്രയാസം സൃഷ്ടിക്കുന്നതു് പ്രലോഭനങ്ങളാണു്. ക്രിസ്ത്യാനിയുടെ അനുദിനജീവിതത്തിനു് വി. ലൂക്കോസു് മററുള്ളവരേക്കാൾ പ്രാധാന്യം കല്പിക്കുന്നു.

8,7: മുള്ളുകളുടെ ഇടയിൽ വീണ വിത്തു്. ഉപമാവിവരണത്തിൽ മററുള്ളവരിൽനിന്നും വ്യത്യാസമില്ലെങ്കിലും വ്യാഖ്യാനത്തിലുണ്ടു്. "അവർ തങ്ങളുടെ വഴിയിൽ മുന്നോട്ടു

---

12. ലൂക്കോ. 7,50;8,12;48,80;17,19;18,42; നട. 14,19; 16,31. വചനത്തിനു നൽകുന്ന മറുപടിയായ വിശ്വാസം രക്ഷ കൈവരുത്തുന്നു.

www.malankaralibrary.com



പോകുമ്പോഴും'' എന്നുകൂടി വി. ലൂക്കോസു പറയുന്നു. ഇവിടെയും ക്രിസ്തീയജീവിതത്തിന്റെ ദൈനംദിനതയ്ക്കു മുൻതൂക്കമേററി അതു യുഗാന്ത്യപരിപൂർണ്ണതയിലേയ്ക്കുള്ള യാത്രയായി പരിഗണിക്കുന്നു.

ത്രിതീയസുവിശേഷത്തിൽ വിത്തിനെ ഞെരുക്കുന്നതു മൂന്നു കാര്യങ്ങളാണ്. വ്യഗ്രതകളും ധനവും സന്തോഷങ്ങളും. 'ലോകവ്യഗ്രതയും ധനവ്യാമോഹവും' (ചതിവും) എന്നു രണ്ടെണ്ണമേ മത്തായിയും മർക്കോസും സൂചിപ്പിക്കുന്നുള്ളൂ. ഇവരെപ്പോലെ വി. ലൂക്കോസു ക്ലിപ്തപ്പെടുത്തിപ്പറയുന്നില്ല. ഇവിടെയും അദ്ദേഹത്തിന്റെ വീക്ഷണം കൂടുതൽ വിശാലമാണ്. വ്യഗ്രത എന്തിന്റേതായാലും ദൈവവചനത്തിനു, ക്രിസ്തീയതയ്ക്കു, വിഘാതമാണ്. സുവിശേഷത്തിൽ മൂന്നുഭാഗത്തു[13] വ്യഗ്രതകളെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. ദൈവവചനസഫലീകരണത്തിനു ധനം തടസ്സമാവാം. ധനവും ദൈവവും തമ്മിലുള്ള വൈപരീത്യം അദ്ദേഹം പ്രത്യേകം ആവിഷ്ക്കരിക്കുന്നുണ്ടല്ലോ. ധനികരെ ശപിക്കുന്ന ഭാഗങ്ങളും, ധനികന്റേയും ലാസറിന്റേയും ഉപമ ഇവ കാണുക. യേശുവിന്റെ ശിഷ്യനായിരിക്കാൻ എല്ലാം പരിത്യജിക്കണം[14]. ശിഷ്യർ സകലതുമുപേക്ഷിച്ചു യേശുവിനെ പിന്തുടന്നു[15].

ജീവിതസന്തോഷങ്ങളെന്തെന്നു മൂഢധനികന്റേയും[16] ധനികന്റേയും ലാസറിന്റേയും[17] ഉപമകളിൽ ഉദാഹരിച്ചിട്ടുണ്ട്.

''ഫലമൊന്നും പൂർണ്ണതയിലെത്തിക്കുന്നില്ല'': ക്രിസ്തീയ പക്വതയെക്കുറിച്ചാണു സുവിശേഷകൻ ചിന്തിക്കുക.

''നൂറുമേനി വിളവു നൽകുന്നു'': വിളവിനെപ്പററി ആരോഹണക്രമത്തിലുള്ള വിവരണം ഉപേക്ഷിച്ചിരിക്കുന്നു. ''നൂറുമേനി'' എന്നു മാത്രം വ്യാഖ്യാനത്തിൽ (വാക്യം 14). വചനം സ്വീകരിച്ചു കാത്തുസൂക്ഷിക്കുന്ന ആന്തരികഭാവത്തെക്കുറിച്ചു പറയുന്നു. 12-ാം വാക്യത്തിൽത്തന്നെ ഇതു സൂചിപ്പിച്ചിട്ടുണ്ട്. വചനം സദ്ഫലം പുറപ്പെടുവിക്കാൻ ആത്മാർത്ഥതയോടും സദ്ഭാവത്തോടും സ്ഥിരമായും ക്ഷമയോടും പ്രയത്നിക്കുകയും വേണം.

---

13. 12,23 മുതൽ; 10,38 മുതൽ; 21,34
14. 14,33; 18,22
15. 5,11-28
16. 12,19
17. 16

www.malankaralibrary.com



വിത്തിന്റെ ഉപമയായി മാററിയിരിക്കുകയാണ് വി. ലൂക്കോസ്. തന്റെ പ്രധാന പ്രമേയങ്ങളെല്ലാം വ്യാഖ്യാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ക്രിസ്ത്യാനിക്കും ബാധകമായ അനുദിന സംഭവങ്ങളും ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. പുതിയ സാഹചര്യമനുസരിച്ച് ഉപമ പുനരാഖ്യാനിക്കുകയും പുനർവ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു.

വി. മത്തായി: വി. മർക്കോസിൽനിന്ന് ഒന്നുരണ്ടു കാര്യങ്ങളിൽ മാത്രമേ വ്യത്യാസമുള്ളു. ഉപമയുടെ ഉപക്രമത്തിൽ വിതക്കാരനെപ്പററി പറയുന്നു. പക്ഷേ "രാജ്യത്തിന്റെ വചന"മാണ് വ്യാഖ്യാനത്തിൽ. ദൈവത്തിന്റെ വചനമോ നിർവിശേഷവചനമോ അല്ല എന്നതു് പ്രത്യേകം ശ്രദ്ധിക്കുക. 'രാജ്യത്തിന്റെ വചന'മാണ്. സുവിശേഷകന്റെ മുഖ്യപ്രമേയമാണല്ലോ 'ദൈവരാജ്യം'.

"വചനം കേട്ടു ഗ്രഹിക്കാതിരിക്കുമ്പോൾ": 'വചനം മനസ്സിലാക്കുക' എന്ന പ്രയോഗം ഈ സുവിശേഷത്തിൽ മാത്രമേയുള്ളു. വചനം മനസ്സിലാക്കുക വളരെ പ്രധാനമാണ്[18]. ശ്രവിച്ചാൽ മാത്രം മതിയാവില്ല, മനസ്സിലാക്കണം.

"വചനം നിമിത്തം ക്ലേശമോ മർദ്ദനമോ ഉണ്ടാകുമ്പോൾ" (വാക്യം 21): 'പ്രലോഭനസമയത്തു്' എന്നാണല്ലോ വി. ലൂക്കോസ് ഉപയോഗിക്കുക[19]. സഭ നേരിട്ട ഏതോ പ്രത്യേക മർദ്ദനമാണ് വി. മത്തായി ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു.

പല ഘട്ടങ്ങളിലൂടെ കടന്നശേഷമുള്ള രൂപത്തിലാണ് വിതക്കാരന്റെ ഉപമ നമുക്കു ലഭ്യമായിരിക്കുക. യേശു ഉപമ പറഞ്ഞ സാഹചര്യം ഒന്നാംഘട്ടം. അദ്ദേഹം വെവ്വേറെ പറഞ്ഞ വിതക്കാരന്റേയും കടുകുമണിയുടേയും ഉപമകൾ കൂട്ടിയോജിപ്പിച്ചതു് അടുത്തഘട്ടം. മാറിയ ചുററുപാടിൽ സഭ നല്കിയ വ്യാഖ്യാനം മൂന്നാംഘട്ടം. അവസാനം സുവിശേഷകന്മാർ നടത്തിയ സംവിധാനവ്യതിയാനങ്ങൾ. ആദിമസഭയെപ്പോലെ നമുക്കും ഉപമാഭാഷ്യത്തിൽ കുറെയേറെ സ്വാതന്ത്ര്യമുപയോഗിക്കാം. നമ്മുടെ സാഹചര്യത്തിനൊത്തു് അവ പുനർവ്യാഖ്യാനിക്കാൻ നമുക്കും കഴിയണം.

---

18. ഏശയ്യാപ്രവാചകന്റെ സ്വാധീനം ഈ സുവിശേഷപ്രസ്താവത്തിനുണ്ട്.

19. പുറം 92,180 കാണുക.

www.malankaralibrary.com



## രഹസ്യത്തിൽ വളരുന്ന വിത്ത്

മത്താ. 13,24-30

24. അവൻ വേറൊരു ഉപമ അവക്കു പറഞ്ഞു കൊടുത്തു. സ്വർഗ്ഗരാജ്യം തന്റെ നിലത്ത് നല്ല വിത്തു വിതച്ച മനുഷ്യനോടു തുല്യമാകുന്നു.

25. മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്ന് ഗോതമ്പിനിടയിൽ കള വിതച്ചിട്ടു പൊയ്ക്കളഞ്ഞു.

26. ചെടികൾ വളർന്നു കതിരായപ്പോൾ കളയും കാണായി.

27. വീട്ടുടമസ്ഥന്റെ ദാസന്മാർ വന്ന് അവനോടു പറഞ്ഞു: 'യജമാനനേ, നല്ല വിത്തല്ലേ നിന്റെ നിലത്തു നീ വിതച്ചത്! പിന്നെ അതിൽ കള എങ്ങനെയുണ്ടായി?'

28. അവൻ അവരോടു പറഞ്ഞു: 'ഇതു ശത്രു ചെയ്തതാകുന്നു'. ആ ദാസന്മാർ അവനോടു പറഞ്ഞു: 'ഞങ്ങൾ പോയി അതു പറിച്ചുകൂട്ടട്ടെ.'

മർക്കോ. 4,26-29

26. അവൻ പറഞ്ഞു: ദൈവരാജ്യം ഒരു മനുഷ്യൻ നിലത്തു വിത്ത് എറിഞ്ഞിട്ട്

27. രാത്രിയും പകലും ഉറങ്ങുകയും എഴുന്നേല്ക്കുകയും ചെയ്യവേ അയാൾ അറിയാതെ

വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നതുപോലെയാകുന്നു.

www.malankaralibrary.com



29. അവൻ പറഞ്ഞു: 'അരുത്'. നിങ്ങൾ കള ശേഖരിക്കുമ്പോൾ അതോടൊത്തു ഗോതമ്പും പിഴുതു പോകാം.

30. കൊയ്ത്തുവരെ രണ്ടും ഒരുമിച്ചു വളരട്ടെ. കൊയ്ത്തുസമയം ഞാൻ കൊയ്ത്തുകാരോട് പറയും, ആദ്യം കളയെല്ലാം ശേഖരിച്ചു ചുട്ടുകളയുവിൻ, ഗോതമ്പ് എന്റെ കളപ്പുരയിൽ ശേഖരിക്കുവിൻ.

28. ഭൂമി സ്വയം ആദ്യം ഞാറും പിന്നെ കതിരും അനന്തരം കതിരുനിറയെ ധാന്യവും പുറപ്പെടുവിക്കുന്നു.

29. ധാന്യം വിളയുമ്പോൾ കൊയ്ത്തായതിനാൽ അവൻ ഉടൻ അരിവാൾ വയ്ക്കുന്നു.

www.malankaralibrary.com



വാക്യം 26 "വീണ്ടും അവൻ അരുളിച്ചെയ്തു" : സുവിശേഷകൻ ഉപമയ്ക്കു നൽകുന്ന ആമുഖമാണിതു്. ഇതുവരെ പറഞ്ഞതിൽനിന്നു് ഉപമയെ വേർതിരിക്കുന്നു. അതേസമയം "വീണ്ടും" എന്ന വാക്കു് ഈ ഉപമയെ 'സമൃദ്ധമായ വിളവിന്റെ ഉപമ'യോടു് ബന്ധിക്കുന്നു.

"ദൈവരാജ്യം ഇതുപോലെയാകുന്നു" : യേശു ഉപമയ്ക്കു് നല്കുന്ന ആമുഖം. സാധാരണ നല്കാറുള്ളതിൽ (ദൈവരാജ്യം.... പോലെയാകുന്നു) നിന്നു് വ്യത്യസ്തമാണു്. സുവിശേഷകൻ ഉപയോഗിച്ച സ്രോതസ്സിന്റെ പ്രത്യേകതയോ പ്രസാധനത്തിൽ വന്ന മാററമോ ആകാം.

"വിത്തെറിഞ്ഞിട്ടു്" : വിത്തു വിതച്ചിട്ടു് എന്നർത്ഥം. എങ്കിലും മുന്നുപമയിലെ 'വിത്തു വിതയ്ക്കുക' എന്നതിൽനിന്നു വിഭിന്നമായ പ്രയോഗം ശ്രദ്ധാർഹമാണു്.

വാക്യം 27 : "അവൻ അറിയാതെ വളന്നു" : വിത്തു മുളച്ചു വളരുന്നതു് അയാൾ കണ്ടില്ല എന്നല്ല, എങ്ങനെ വളരുന്നുവെന്നു് അയാൾ ശ്രദ്ധിച്ചില്ല.

"രാവും പകലും ഉറങ്ങുകയും ഉണരുകയും ചെയ്യവേ" : ഫലം പുറപ്പെടുവിക്കൽ പ്രകൃതിയെ വിശ്വസിച്ചേല്പിച്ചിട്ടു് അയാൾ കഴിഞ്ഞു എന്നർത്ഥം. വളവും മററു ശുശ്രൂഷകളും ചെയ്യാൻ ശ്രദ്ധിച്ചില്ല.

വാക്യം 28: വളർച്ചയുടെ ഓരോ ഘട്ടവും വിവരിക്കുന്നു. നിരന്തര വളർച്ചയാണു് സൂചിപ്പിക്കുക[20]. ദൈവരാജ്യത്തിന്റെ വളർച്ച അനുസ്യൂതമാണു്, ആകസ്മികമല്ല.

വാക്യം 29 : "അരിവാൾ വയ്ക്കുന്നു" : അറുത്തെടുക്കുന്നു. കൊയ്ത്തിനു സമയമാകുമ്പോൾ 'കൊയ്ത്തിതാ വന്നിരിക്കുന്നു' എന്നു് വാദ്യഘോഷങ്ങളോടെ പ്രഖ്യാപിക്കുക ഇസ്രായേലിലെ പതിവായിരുന്നു.

ജോവേൽ 3,13-ൽ നിന്നുദ്ധരണിയുണ്ടിവിടെ. 29-ാം വാക്യം സുവിശേഷകൻ കൂട്ടിച്ചേർത്തതോ പുന:പ്രസാധനം ചെ

---

20. ദൈവരാജ്യത്തിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങൾ ശാസ്ത്രീയമായി വേർതിരിച്ചു കാണിക്കുയല്ല.

www.malankaralibrary.com



സ്ഥതോ ആണെന്നു് ജൂലിഖർ അഭിപ്രായപ്പെടുന്നു. 28-ാം വാക്യംവരെയുള്ള ഉപമാവിവരണത്തിനനുരൂപമാണു് വാക്യം 29: ആശയം യേശുവിൻേറതുതന്നെയാവണം. കൊയ്ത്തിനെപ്പററിപ്പറയാതെതന്നെ വളർച്ചയുടെ പൂർണ്ണരൂപം ലഭിക്കും. എന്നാലും പറഞ്ഞിരിക്കുന്നു. കാരണമുണ്ടു്. ദൈവരാജ്യത്തിൻെറ അന്ത്യ(കാല) സ്വഭാവം പൂർണ്ണമായി ആവിഷ്കൃതമാവും എന്നു വ്യക്തമാക്കുക.

ഉപമയ്ക്കു് പല വ്യാഖ്യാനങ്ങരം നൽകിയിട്ടുണ്ടു്. വാച്യാനുഗതം നോക്കിയാൽ എന്തിനോടാണു് ദൈവരാജ്യമുപമിച്ചിരിക്കുന്നതെന്നു തീർത്തു പറയാനാവില്ല. ഓരോരുത്തരും ഓരോ ആശയത്തിനു പ്രാധാന്യം കല്പിക്കുന്നു. അതനുസരിച്ചു് മൂന്നു വ്യാഖ്യാനങ്ങളുണ്ടു്:

(1) വിത്തിനു് പ്രാധാന്യം നല്കുന്നവരുടെ നോട്ടത്തിൽ അതിനോടാണു് ദൈവരാജ്യമുപമിച്ചിരിക്കുക. വിത്തു് ആദിബീജരൂപമാണു്. "ദൈവരാജ്യം നിങ്ങളിൽത്തന്നെയുണ്ടു്". അതു് മനുഷ്യസ്വഭാവത്തിനു് പരിപൂർണ്ണ രൂപാന്തരം ഉണ്ടാകുന്നതുവരെ ആന്തരികമായി വികസിച്ചുകൊണ്ടിരിക്കുന്നു. ആത്മാവിലടങ്ങിയിരിക്കുന്ന ദിവ്യാംശമോ സമുദായം സമ്പൂർണ്ണമായി ദൈവേച്ഛയ്ക്കനുരൂപമാകുന്നതുവരെ അതിൽ വളന്നുകൊണ്ടിരിക്കുന്ന മൂലബീജമോ ആണു് വിത്തു്. വിതക്കാരൻ ക്രിസ്തു സദാ പ്രവർത്തനനിരതമായ ജീവസ്സുറെറാരു ബീജം ഈ ലോകത്തിൽ വിതച്ചു. അതു നൂററാണ്ടുകളിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

അധികമാക്കും സ്വീകാര്യമല്ല ഈ വ്യാഖ്യാനം. ദൈവരാജ്യം വിത്തിനോടല്ല ഉപമിച്ചിരിക്കുന്നതെന്നു് മക്കോ. 4, 29ലെ ഉദ്ധരണി (ജോവേൽ 3,13-ൽ നിന്നുള്ളതു്) കാണിക്കുന്നു.

(2) വിത്തിൻെറ വളർച്ചയോടാണു് സ്വർഗ്ഗരാജ്യം ഉപമിതമായിരിക്കുന്നതെന്നഭിപ്രായമുണ്ടു്. വളർച്ച നൈസർഗ്ഗികവും അനുപദവുമാണല്ലോ. ക്രിസ്തുവിൻെറ ഉപദേശങ്ങളിലും തത്വങ്ങളിലും പരിണാമസിദ്ധാന്തം വ്യാപിപ്പിക്കുവാൻ ശ്രമിച്ച 19-ാം നൂററാണ്ടിലാണു് ഈ വ്യാഖ്യാനം കൂടുതൽ ശ്രദ്ധിക്കപ്പെട്ടതു്. കൊയ്ത്തിനു് വലിയ പ്രാധാന്യമില്ല. അതു്

www.malankaralibrary.com



അകലെ കിടക്കുന്നതേയുള്ളു. ക്രമേണ അടുത്തുവരുന്നെന്നുമാത്രം. ഇവിടെ യേശുവിനും വേണ്ട സ്ഥാനമില്ല. "ദൈവരാജ്യം സമാഗതമായിരിക്കുന്നെ'ന്നു വിളിച്ചുപറയുന്നവൻ മാത്രം വിതക്കാരൻപോലുമല്ല. വിത്തിൻെറ വളർച്ചപോലെ അനുസ്യൂതവും ക്രമാനുഗതവുമാണ് ദൈവരാജ്യത്തിൻേറതും. വിത്തിൻെറ കാര്യത്തിൽ ഉടമസ്ഥനെന്നപോലെ ദൈവരാജ്യത്തിൻെറ കാര്യത്തിൽ ക്രിസ്തു നിഷ്ക്രിയനാണോ?

(3) ദൈവരാജ്യം കൊയ്ത്തിനു തുല്യമാണെന്നാണ് മൂന്നാമത്തെ വ്യാഖ്യാനം. ഉപമയുടെ ഇതരഭാഗങ്ങളെല്ലാം കൊയ്ത്തിലേയ്ക്കാണല്ലോ വിരൽ ചൂണ്ടുക. ദൈവരാജ്യം ക്ഷണത്തിൽ ആകസ്മികമായി പാഞ്ഞുവരുമെന്ന് എസ്ക്കററ്റോളജിക്കൽ സ്കൂാം വ്യാഖ്യാനിക്കുന്നു. യോഹന്നാൻ സ്നാപകനും തുടർന്ന് യേശുവും പ്രസംഗിച്ച മാനസാന്തരമാണ് വിത എന്ന് ആൽബർട്ട് ഷ്വെയ്റ്റ്സർ അഭിപ്രായപ്പെടുന്നു. ഇവിടെയെല്ലാം യേശുവിന് പ്രാധാന്യമുണ്ടെങ്കിലും വളർച്ചയുടെ വിവിധ ഘട്ടങ്ങളും ക്രമാനുഗതികതയും ശ്രദ്ധിക്കപ്പെടുന്നില്ല.

വിശദാംശങ്ങളിൽ ഏതിന് പ്രാധാന്യം നൽകിയാലും ദൈവരാജ്യത്തിൻെറ വളർച്ചയെക്കുറിച്ചാണ് ഉപമ. സമയമാകുമ്പോൾ സ്വർഗ്ഗരാജ്യം സുനിശ്ചയം സംസ്ഥാപിതമാകും. ദൈവരാജ്യത്തിൻെറ യുഗാന്ത്യപൂർണ്ണതയുടെ സൂചനയായി കൊയ്ത്ത് യേശുവിൻെറ ശ്രോതാക്കൾക്കു മനസ്സിലാകും (വാക്യം. 29 = ജോവേൽ 3,19). ദൈവരാജ്യം സന്നിഹിതമെങ്കിലും അതിൻെറ പരമാന്ത്യം ആയിട്ടില്ല. അത് സമയമാകുമ്പോൾ വരും. പക്ഷേ അതിൻെറ ആഗമനം രഹസ്യവും ക്രമാനുഗതവുമാണ്.

ഉപമ മനസ്സിലാക്കാനുള്ള നിർണ്ണായക കണ്ണി 27-ാം വാക്യമാണ്. വിത്ത് പരശുശ്രൂഷ കൂടാതെ തന്നിൽ അന്തസ്ഥിതമായിരിക്കുന്ന ശക്തികൊണ്ട് സ്വയം വളർന്ന് കൊയ്ത്തിന് പാകമാകുന്നു. ക്രിസ്തു സ്വർഗ്ഗരാജ്യത്തിൻെറ വിത്തു വിതച്ചുകഴിഞ്ഞു. ദൈവാധിപത്യം സമുദ്ഘാടിതമായി. അത് യുഗാന്ത്യപൂർണ്ണതയിലേക്ക്, പരമാവിഷ്ക്കാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കൊയ്ത്താകുമ്പോൾ അരിവാൾ എടുക്കേണ്ടിവരും. എന്നാൽ അതുവരെ ആ കർഷകനെപ്പോലെ

www.malankaralibrary.com



ക്ഷമയോടിരിക്കുക. ദൈവരാജ്യത്തിന്റെ വിത്തു് രഹസ്യത്തിൽ ക്രമാനുഗതം വളർന്നു് കൊയ്ത്തിനു് പാകമാകുന്നു.

ഉപമയുടെ സാഹചര്യമെന്തു്? ദൈവാധിപത്യസ്ഥാപനത്തിൽ മാനുഷിക പ്രവർത്തനത്തെക്കുറിച്ചു് വ്യർത്ഥാഭിലാഷങ്ങൾ പുലർത്തുന്നവർക്കൊരു മറുപടിയാണുപമ. യേശു അഭിമുഖീകരിച്ച സംഘട്ടനാത്മകമായൊരു സാഹചര്യത്തിൽ നല്കിയ ഉത്തരമാണിതു്. "എന്റെ പിന്നാലെ വരുന്നവനെ"പ്പററി സ്നാപകൻ പ്രസംഗിച്ചു. കാത്തിരുന്ന മിശിഹാ വന്നപ്പോഴും പറയുക: "ദൈവരാജ്യം വലിയ മഹത്വത്തോടെ വരും" എന്നാണു്. ഭാവ്യുന്മുഖമാണു് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. ക്രിസ്തുവിന്റെ ശിഷ്യന്മാരിലും ശ്രോതാക്കളിലുമുണ്ടായിരുന്ന തീവ്രവാദികൾക്കു്[21] കാര്യങ്ങളറിയാൻ തിടുക്കമായി. യേശു എന്തുകൊണ്ടു് സമയം അറിയിക്കുന്നില്ല? ഒരു സായുധവിപ്ലവത്തിലൂടെ റോമാക്കാരെ തുരത്തിപ്പായിച്ചു് ദൈവായത്തരാഷ്ട്രം സ്ഥാപിക്കാത്തതെന്തു്? പാരതന്ത്ര്യത്തിൽനിന്നു് മോചനം നൽകുമെന്നതിനു് യേശു അടയാളമൊന്നും നല്കുന്നില്ലല്ലോ. ഇങ്ങനെയൊക്കെയായിരുന്നു അവരുടെ ചിന്താഗതി. ദൈവരാജ്യം അതിവേഗം സമ്പൂർണ്ണമായി ദൃശ്യമാകണമെന്നാഗ്രഹിച്ച തീവ്രവാദികളെ യേശു സൗമ്യമായി ശകാരിക്കുകയാണു് ഉപമയിൽ[22].

ആദിമസഭ ഉപമ ക്രിസ്തുവിന്റെ ദ്വിതീയാഗമത്തോടു ബന്ധിപ്പിച്ചു. ക്രിസ്തു രണ്ടാമതും വരും. അതു് നിഗൂഢം ക്രമാനുഗതം അടുത്തുകൊണ്ടിരിക്കുന്നു. ക്ഷമാപൂർവ്വം കാത്തിരിക്കുക എന്ന ഉപദേശമാണു് ഉപമയിൽ സഭ കൊടുത്തതു്. യേശു

---

21. Cf. J. Jeremias, Parables of Jesus, p. 152; A. M. Hunter, op. cit., p.42.

22. രാഷ്ട്രീയ മാർഗ്ഗങ്ങളിലൂടെ മിശിഹായുടെ രാജ്യം വരുമെന്നു വിശ്വസിക്കയും അതിന്റെ ആഗമനം ത്വരിതപ്പെടുത്താൻ ബലപ്രയോഗം നടത്തണമെന്നു വാദിക്കയും ചെയ്ത ഒരു യഹൂദപ്രസ്ഥാനമാണു് തീക്ഷ്ണന്മാർ. യഹൂദരുടെ മതപരവും ദേശീയവുമായ താല്പര്യത്തിനു് രൂപം പൂണ്ടതാണു് ഈ പ്രസ്ഥാനം. റോമാക്കാരോടും യഹൂദരുടെമേലുള്ള അവരുടെ ആധിപത്യത്തോടുമുള്ള വിരോധതയാണു് പ്രസ്ഥാനത്തിനു് ജന്മം നല്കിയതു്. ശക്തി പ്രയോഗിച്ചു് രാഷ്ട്രീയമായി ദൈവാധിപത്യം സ്ഥാപിക്കയാണു് ലക്ഷ്യം.

www.malankaralibrary.com



വിൻെറ വരവ് തങ്ങളുടെ പ്രതീക്ഷപോലെ ഉടനടി സംഭവി ക്കാത്തതിൽ ആദിമക്രൈസ്തവർ അസ്വസ്ഥചിത്തരായി. അവ രെ ആശ്വസിപ്പിക്കുകയും ശകാരിക്കുകയും ചെയ്യാൻ സഭ ഈ ഉപമ ഉപയോഗിച്ചു. വി. യാക്കോബ് ഉദ്ബോധിപ്പിക്കുന്നു: "........തൻെറ നിലത്തെ വിലയേറിയ ഫലത്തിനു് കാത്തി രിക്കയും മുൻമഴയും പിൻമഴയും ലഭിക്കുവോളം അവയെപ്പററി ദീർഘശാന്തതയോടിരിക്കയും ചെയ്യുന്ന കൃഷിക്കാരനെപ്പോലെ നിങ്ങടം കർത്താവിൻെറ വരവുവരെ ദീർഘശാന്തതയോടിരി പ്പിൻ" (വി. യാക്കോ. 5,17). വി. പൗലോസിൻെറ ഉപ ദേശവും ശ്രദ്ധിക്കുക: "വളർത്തുന്നവൻ ദൈവമാണ്; അവ നിൽ ആശ്രയിച്ചു കഴിയുക (1 കൊറി. 3,7).

(iii) ഗോതമ്പുകളുടെ ഇടയിൽ കള (മത്താ. 13,24-30)

വാക്യം 24. അവൻ വേറൊരുപമ അവരുടെ മുമ്പിൽ അവതരി പ്പിച്ചു. പറഞ്ഞതു് ഇങ്ങനെയാണ്: "തൻെറ വയലിൽ നല്ല വിത്തു വിതച്ച ഒരു മനുഷ്യനു് സമാനമാണ് സ്വർഗ്ഗരാജ്യം.

25. പക്ഷേ മനുഷ്യർ ഉറങ്ങവേ ശത്രു വന്നു് ഗോതമ്പി ൻെറ ഇടയ്ക്കു് കള വിതച്ചിട്ടു് പൊയ്ക്കളഞ്ഞു.

26. അതിനാൽ ഗോതമ്പ് വളർന്നു് കതിരായപ്പോടം കളയും ദൃശ്യമായി.

27. വീട്ടുടമസ്ഥൻെറ സേവകന്മാർ വന്നു് അവനോടു പറഞ്ഞു: 'സർ, നിങ്ങടം വയലിൽ നല്ല വിത്തു വിതച്ചതല്ലേ? പിന്നെങ്ങനെ കളകടം?'

28. അവൻ അവരോടു പറഞ്ഞു: 'ഇതൊരു ശത്രു ചെ യ്തതാണ്'. സേവകന്മാർ അവനോടു പറഞ്ഞു: 'ഞങ്ങടം പോയി അതു ശേഖരിക്കട്ടെയോ?'

29. 'നിങ്ങടം കള ശേഖരിക്കുമ്പോടം ഗോതമ്പും പിഴു തുപോകാതിരിക്കാൻ വേണ്ട' എന്നു് അവൻ പറ ഞ്ഞു.

30. കൊയ്ത്തുവരെ രണ്ടും ഒന്നിച്ചു വളരട്ടെ. കൊ യ്ത്തുസമയം ഞാൻ കൊയ്ത്തുകാരോടു പറയും:

www.malankaralibrary.com



> 'ആദ്യം കള ശേഖരിച്ച് തീക്കിടാൻ കെട്ടുകളാക്കു വിൻ; ഗോതമ്പ് എന്റെ ധാന്യപ്പുരയിൽ ശേഖ രിക്കുവിൻ'.

വളരെ നാടകീയമായാണ് ഉപമ അവതരിപ്പിക്കുക. (വി തക്കാരന്റെ ഉപമയുടെ വിവരണം വളരെ സ്വാഭാവിക മാണ്). വാക്യം 24–26: നാടകത്തിലെ വിവിധ രംഗങ്ങളാം. വാക്യം 27–30: (രണ്ടാം ഭാഗം) സംഭാഷണം. നാടകീയമായ സംഭവത്തിന്റെ പരിഹാരം നിർദ്ദേശിക്കയാണിതിന്റെ ഉദ്ദേശ്യം.

മനുഷ്യനോടല്ല സ്വർഗ്ഗരാജ്യമുപമിച്ചിരിക്കുക. 'തന്റെ നിലത്തു് നല്ല വിത്തു വിതച്ച മനുഷ്യന് സമാനമാണ് സ്വർഗ്ഗ രാജ്യം' (വാക്യം 24) എന്ന ഭാഷാന്തരീകരണത്തിൽ സ്വർഗ്ഗ രാജ്യത്തെ ആ മനുഷ്യനോടുപമിച്ചിരിക്കയാണ്. യഥാർത്ഥ ത്തിൽ അങ്ങനെയല്ല. നല്ല വിത്തു വിതച്ചയാറം ശത്രു വിതച്ച കള കൊയ്ത്തുവരെയും പറിച്ചുകളയാതിരുന്നതുപോലെയാ ണ് സ്വർഗ്ഗരാജ്യം എന്നത്രേ ഉപമ. കളയുണ്ടെന്നറിഞ്ഞിട്ടും കൊയ്ത്തുവരെ ക്ഷമയോടിരുന്ന പെരുമാററത്തിനാണ് പ്രാ ധാന്യം.

'രഹസ്യത്തിൽ വളരുന്ന വിത്തിന്റെ ഉപമയുടെ ആശയ ത്തോട് പൊരുത്തമുണ്ട് പരാമൃഷ്ടമായ' ഉപമയ്ക്കു്. അതിനാ ലിതു് ആദ്യത്തേതിന്റെ വിപുലീകരണമായിക്കരുതാം[23]. എ ങ്കിലുമതിന് തനതായ വ്യക്തിത്വവും നിലയുമുണ്ട്[24]. ഒരു പ്രത്യേക സാഹചര്യത്തിൽ എങ്ങനെ വർത്തിക്കണമെന്നു പറ യുന്നു. ഉള്ളടക്കത്തിൽ 'കടലിലെറിഞ്ഞ വല'യുടെ ഉപമ യോടും സാമ്യമുണ്ട്[25]. ഇതു് വേറൊന്നാണെന്നു തോന്നത്തക്ക വിധം വിപുലീകരിച്ചതാണ് കളകളുടെ ഉപമ എന്നാണു തോ ന്നുക[26].

---

23. C. H. Dodd, op. cit., p. 137.
24. Cf. J. Jeremias, Parables of Jesus, p. 224.
25. ibidem.
26. മത്താ. 13,24–30 ലെ വാക്കുകളും സംഭാഷണവുമെല്ലാം മത്താ യി സുവിശേഷകന്റെ പ്രത്യേക ശൈലിയിലുള്ളതാണ്. മർക്കോസിന്റെ ചിത്രീകരണത്തിലില്ലാത്തവയാണതാനും.

www.malankaralibrary.com



കള കൊയ്ത്തുവരെ ഗോതമ്പിനോടൊത്ത് വളരാൻ അനുവദിക്കുന്നതും കൊയ്ത്തുസമയം കള ആദ്യം ശേഖരിച്ച് ചുട്ടുകളയാൻ കെട്ടുകളാക്കുന്നതും വളരെ അസാധാരണമാണ് (വാക്യം 30). ഇത് ശ്രോതാക്കളുടെ ശ്രദ്ധ സമാകർഷിക്കുന്നു. ഈ ഭാഗത്തിനാണ് സുവിശേഷകൻ പ്രാധാന്യം കല്പിക്കുക. ദൈവം ദൈവരാജ്യത്തിന്റെ വിത്തു വിതച്ചുകഴിഞ്ഞു. ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ദൈവം തന്റെ ആധിപത്യം സംസ്ഥാപിക്കാനും അതിലേയ്ക്കാളുകളെ ആഹ്വാനം ചെയ്യാനുമാരംഭിച്ചുകഴിഞ്ഞു. എന്നിട്ടും പാപികളും—കളകളും—കാണായല്ലോ. ഇതെങ്ങനെ? സ്വർഗ്ഗരാജ്യത്തിൽ പാപികളോ? 'അതേ' എന്നാണ് സുവിശേഷത്തിന്റെ മറുപടി. അന്ത്യസമയം നടക്കാനിരിക്കുന്ന നിർണ്ണായകമായ സ്വർഗ്ഗരാജ്യസംസ്ഥാപനം പരിഗണിച്ച് നീതിമാന്മാരായ അംഗങ്ങൾ ക്ഷമിക്കണം. അന്ത്യവിധിവരെ ക്ഷമയോടെ കാത്തിരിക്കുക. അതുവരെ ഇരുകൂട്ടരും ഒരുമിച്ചു വളരട്ടെ.

നീതിമാന്മാരോട് ഉപമയ്ക്ക് പ്രത്യേകമൊരാഹ്വാനമുണ്ട്. സ്വയം ചിന്തിക്കണം. പാപികളെക്കുറിച്ച് ചിന്തിച്ചുകഴിഞ്ഞാൽ പോരാ. വിത്തും കളയും തിരിച്ചറിയുക എളുപ്പമല്ല. കളയോടൊപ്പം ഗോതമ്പും അറുത്തെടുത്തേക്കാം. ആരും മിഥ്യാസുരക്ഷിതബോധമൊന്നും പുലർത്തരുത്. അന്ത്യവിധിയെപ്പറ്റി, ദൈവരാജ്യസംസ്ഥാപനത്തിന്റെ അവസാന നിമിഷത്തെപ്രതി, എളിമയോടും ഭയഭക്തിയോടും വർത്തിക്കണം. ദൈവമാണ് ദുഷ്ടശിഷ്ടവേർതിരിവ് നടത്തുന്നവൻ. നന്മയും തിന്മയും ആക്ഷേപത്തിനതീതമായി വേർതിരിക്കാൻ നമുക്കാവില്ല. അതിനാൽ വിനയത്തോടും ഭയഭക്തിയോടും ജീവിച്ച് സദ്ഫലം പുറപ്പെടുവിക്കയാണ് ക്രിസ്തുശിഷ്യർ ഭൂമിയിൽ ചെയ്യേണ്ടത്.

ഒരുതരം വിധിയും നാം നടത്തരുതെന്നില്ല. പ്രായോഗികജീവിതത്തിൽ ചില തരംതിരിവുകൾ നടത്തിയേ തീരൂ. പക്ഷേ അന്തിമ തീരുമാനം ദൈവത്തിനു വിട്ടുകൊടുക്കണം. അദ്ദേഹമാണ് നമ്മെക്കുറിച്ചും നാം നന്മയെന്നും തിന്മയെന്നും വിധിക്കുന്നതിനെക്കുറിച്ചുപോലും നിർണ്ണായക വാക്കു പറയേണ്ടത്.

www.malankaralibrary.com



ദൈവരാജ്യത്തെക്കുറിച്ച് യഹൂദർക്കുണ്ടായിരുന്ന അബദ്ധ ധാരണ തിരുത്തിക്കുറിക്കുന്നതാണ് ഉപമ. വിശുദ്ധന്മാരുടെ സമൂഹമായ അതിൽ പാപികരം എങ്ങനെ? തങ്ങളുടെതന്നെ മതസമൂഹത്തിൽനിന്ന് 'അശുദ്ധരെ' അകററി സമൂഹം ശുദ്ധമാക്കരുതോ? എന്തിനവരെ വച്ചുപുലത്തുന്നു? അവരെ പറിച്ചുകളയേണ്ടതല്ലേ? ഇങ്ങനെയുള്ള ചോദ്യങ്ങളുള്ളവായ സാഹചര്യത്തിലാണ് ഉപമയ്ക്ക് പ്രസക്തി. ഇത്തരമൊന്ന് ലൂക്കോസ് 9-ാം അദ്ധ്യായത്തിലുണ്ട്. ഗുരുവിനെ സ്വീകരിക്കാതെ നിന്ദിച്ച യഹൂദന്മാരെ നശിപ്പിക്കുക—ഏലിയ പ്രവാചകൻ ചെയ്തപോലെ ആകാശത്തുനിന്ന് അഗ്നിയിറക്കി നശിപ്പിക്കുക— യേശുവിന്നിഷ്ടമാണോ? യാക്കോബും യോഹന്നാനും അന്വേഷിച്ചു. അവരെ എതിർക്കുന്ന സന്ദേശമാണ് ഉപമയുടേത്.

സുവിശേഷത്തിലെ വ്യാഖ്യാനം (വാക്യം 36-43)

വാക്യം 36: അപ്പോരം അവൻ ജനക്കൂട്ടത്തെ വിട്ട് വീട്ടിൽ പോയി. അവൻെറ ശിഷ്യന്മാർ അവനെ സമീപിച്ചു പറഞ്ഞു: 'വയലിലെ കളകളുടെ ഉപമ ഞങ്ങരംക്ക് വിശദീകരിച്ചു തന്നാലും''.

37: അവൻ മറുപടിയായി പറഞ്ഞു: മനുഷ്യപുത്രനാണ് നല്ല വിത്തു വിതയ്ക്കുന്നവൻ.

38: വയൽ ലോകവും നല്ല വിത്ത് രാജ്യത്തിൻെറ പുത്രന്മാരുമാകുന്നു. കള ദുഷ്ടൻെറ ഭൃത്യന്മാരും.

39: അവ വിതച്ച ശത്രു പിശാചാണ്. കൊയ്ത്ത് യുഗാവസാനവും കൊയ്ത്തുകാർ മാലാഖമാരുമാകുന്നു.

40: കള ശേഖരിച്ച് തീയിൽ ദഹിപ്പിക്കുന്നതു പോലെയായിരിക്കും യുഗാന്ത്യം.

41: മനുഷ്യപുത്രൻ തൻെറ ദൂതന്മാരെ അയയ്ക്കും. അവർ അവൻെറ രാജ്യത്തുനിന്ന് പാപത്തിൻെറ എല്ലാ കാരണങ്ങളും ദുഷ്പ്രവൃത്തിക്കാരെയും സമാഹരിച്ച് അഗ്നിച്ചൂളയിലെറിയും.

42: അവിടെ മനുഷ്യർ പ്രലപിക്കയും പല്ലുകടിക്കയും ചെയ്യും.

www.malankaralibrary.com



43: അപ്പോഠം നീതിമാന്മാർ തങ്ങളുടെ പിതാവിൻെറ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും. കേഠംക്കാൻ ചെവിയുള്ളവൻ കേഠംക്കട്ടെ.

ലാക്ഷണികമാണ്ᐟ വ്യാഖ്യാനം. ഏറിയപങ്കും സുവിശേഷകൻേറതുതന്നെ. ഭാഷ്യത്തിനു് രണ്ടു ഭാഗങ്ങളുണ്ട്.

(a) വാക്യ. 37–39: നിർവ്വചനങ്ങളുടെ ഒരു പട്ടിക.

(b) ,, . 40–43: രണ്ടു പ്രക്രിയകളും തമ്മിൽ ഒരു താരതമ്യപഠനം. അന്ത്യഘട്ടത്തിൽ നല്ല വിത്തിനും കളയ്ക്കും എന്തു സംഭവിക്കുന്നുവെന്നു വിവരിക്കുന്നു.

ന്യായവിധിയുടെ ഒരു ചിത്രമാണ്ᐟ ഭാഷ്യം. ഉപമയുടെ ആശയമല്ലല്ലോ ഇതു്. ഉപമയുടെ ചില ഭാഗങ്ങഠം വ്യാഖ്യാനത്തിൽ സൗകര്യപൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നു. ഭൃത്യന്മാരെക്കുറിച്ചു് ഒന്നും പറയുന്നില്ല. ഉപമയിലെ സംഭാഷണവും ഉപേക്ഷിച്ചിരിക്കുന്നു. വയൽ, ലോകം, വിതക്കാരൻ, നല്ല വിത്തു്, കള, കളവിതച്ച ശത്രു, കൊയ്ത്തുകാർ എന്നിവയുടെ നിർവ്വചനങ്ങഠം നല്കിയിട്ടു് ഉടൻതന്നെ അവസാനഘട്ടത്തിൽ നല്ല വിത്തിനും കളയ്ക്കും ഉണ്ടാകുന്ന അനുഭവങ്ങഠം തമ്മിൽ താരതമ്യം ചെയ്യുന്നു. ഉപമയിലെ നാടകീയതയും ദാസന്മാരും വീട്ടുടമസ്ഥനും തമ്മിലുള്ള ചോദ്യോത്തരങ്ങളും ഒന്നും ശ്രദ്ധിക്കുന്നില്ല. വ്യാഖ്യാനത്തിൽ ഒരു പ്രത്യേകാംശത്തിനു് പ്രാധാന്യം നല്കയാണ്ᐟ സുവിശേഷകൻെറ ലക്ഷ്യം. അതിനനുസരിച്ചു് മാററങ്ങഠം വരുത്തുന്നു. ശ്രദ്ധ മുഴുവൻ അവസാനഭാഗത്തു് കേന്ദ്രീകരിക്കുകയാണ്ᐟ. 30–ാം വാക്യത്തിൻെറ ഓരോ ഭാഗവും വ്യാഖ്യാനിച്ചിട്ടുണ്ട്. മൂന്നാംഭാഗത്തിൻെറ (30 c) വിശദീകരണമാണ്ᐟ 40ഉം 42ഉം വാക്യങ്ങളിൽ. നാലാംഭാഗം (30 d) 43–ാം വാക്യത്തിൽ വിശദീകരിച്ചിരിക്കുന്നു. അന്ത്യവിധിയിൽ ഇരുകൂട്ടരുടേയും അനുഭവങ്ങഠം തമ്മിലുള്ള വ്യത്യാസത്തിലേയ്ക്കാണ്ᐟ സുവിശേഷകൻ പ്രത്യേകം വിരൽ ചൂണ്ടുക. ഇതിനാണ്ᐟ പ്രാമുഖ്യം. അന്ത്യവിധിവരെ ക്ഷമയോടെ കാത്തിരിക്കയും വിനയത്തോടും ഭയത്തോടും ജീവിക്കയും ചെയ്യണമെന്നുപദേശിക്കുകയാണുപമ. വ്യാഖ്യാനമാകട്ടെ തീർത്തും യുഗാന്ത്യാത്മകമാണ്ᐟ. അന്ത്യവിധിയിൽ ദുഷ്ടന്മാർക്കുണ്ടാകുന്ന ദുർവിധി ചൂണ്ടിക്കാട്ടുന്നു.

www.malankaralibrary.com



സുവിശേഷത്തിലെ വ്യാഖ്യാനം യേശു നല്കിയതല്ല എന്ന നിഗമനത്തെ പിൻതാങ്ങുന്ന ചില പദപ്രയോഗങ്ങളുമുണ്ട് വ്യാഖ്യാനത്തിൽ[27]. 36-43 വാക്യങ്ങൾ പ്രഥമ സുവിശേഷകൻെറ പ്രത്യേകതകളുടെ പ്രദർശനശാലയാണ്[28].

---

27. J. Jeremias, Parables of Jesus, op. cit., p.81: യേശു ഉപയോഗിച്ചിരിക്കാൻ സാദ്ധ്യതയില്ലാത്ത ഏതാനും പദങ്ങളുണ്ടതിൽ. (1) 'ഈ ലോകം' (പ്രപഞ്ചം) എന്നർത്ഥമുള്ള 'ഹോ കോസ്മോസ്' (വാക്യം 38). തത്തുല്യമായ അറമായ പദം 'അൽമാ' ആണ്. പക്ഷേ, 'ഈ ലോകം' എന്നയർത്ഥത്തിൽ 'അൽമാ' ക്രിസ്തുമതത്തിനുമുമ്പ് ഉപയോഗിച്ചിരുന്നോ എന്നു സംശയമാണ്. (2) 'രാജ്യം' എന്ന കേവലപ്രയോഗം 'ദൈവരാജ്യ'ത്തെ സൂചിപ്പിക്കുന്നു. എന്നാൽ വിശേഷണങ്ങളൊന്നുമില്ലാതെ 'മൽക്കുത്' എപ്പോഴും ആനുകാലിക ലൗകിക ഭരണകൂടത്തെക്കുറിക്കുന്നു. (3) 'പിശാച്' എന്നതിൻെറ അറമായ പദമായ 'ബീശായോ' (ഹീബ്രു 'ഹറാ') പകരമുള്ള 'ഹൊ പൊണേറോസ്' ക്രിസ്തുമതത്തിനു മുമ്പുപയോഗിച്ചിട്ടുള്ളതായി അറിവില്ല. 'പിശാച്' എന്ന പദം ബൈബിൾ പാരമ്പര്യത്തിൽ വളരെക്കഴിഞ്ഞുമാത്രമേ കാണുന്നുള്ളു. (മത്താ. 4,1-5,8; ലൂക്കാ. 4,2.3.6.13; മത്താ. 13,39;25,41; ലൂക്കാ.8,12; യോഹ.6,70; 8,44; 13,2 എന്നിവിടങ്ങളിൽ മാത്രം). മർക്കോസ് ഒരിക്കലും ഉപയോഗിക്കുന്നില്ല. പാരമ്പര്യത്തിൻെറ ആദ്യഘട്ടങ്ങളിലെല്ലാം 'സാത്താൻ' എന്ന പദമാണ് സ്വീകരിച്ചിരിക്കുക (മർക്കോ. 1,13; 4,15; 8,33).

28. മുപ്പത്തിയേഴ പദങ്ങൾ പണ്ഡിതന്മാർ എടുത്തുകാണിക്കുന്നു. cf. J. Jeremias, Parables of Jesus, op. cit., p. 82; "നല്ല വിത്ത് രാജ്യത്തിൻെറ പുത്രന്മാരാകുന്നു" (വാക്യം 38). ദൈവരാജ്യത്തിൻെറ അംഗങ്ങളെയാണ് 'രാജ്യത്തിൻെറ പുത്രന്മാർ' എന്നു വിളിക്കുക. ഇത്തരം പ്രയോഗം പുതിയനിയമത്തിൽ മത്താ. 8,12 ലല്ലാതൊരിടത്തുമില്ല. അവിടെത്തന്നെ മത്താ. 13,38ലേതിൽ നിന്നു വ്യത്യസ്തമായ അർത്ഥവും ഉദ്ദേശ്യവുമാണ്. തങ്ങളുടെ ദൈവരാജ്യാവകാശം നഷ്ടപ്പെടുത്തിയ യഹൂദന്മാരാണ് 'രാജ്യത്തിൻെറ പുത്രന്മാർ'. പ്രസ്തുത പ്രയോഗം മത്താ. 13,39ൽ ക്രിസ്തീയമാണ്. 'മനുഷ്യപുത്രൻെറ പുത്രന്മാർ' എന്നതും പുതിയനിയമത്തിൽ ലുപ്തപ്രയോഗമാണ്. മത്താ. 16,27; 24,3 എന്നിവിടങ്ങളിലേ ഉള്ളൂ. സർവ്വോപരി ശ്രദ്ധേയം 'മനുഷ്യപുത്രൻെറ രാജ്യം' എന്നതാണ്. ഇതും മത്താ. 13,41ലും 16,28ലുമേയുള്ളൂ. സുവിശേഷ പാരമ്പര്യത്തിൻെറ ആദ്യഭാഗങ്ങളിലോ സിനോപ്റ്റിക് പാരമ്പര്യത്തിൻെറ പ്രാരംഭഘട്ടങ്ങളിലോ ഇല്ല. മത്താ. 13,41ഉം43ഉം വാക്യങ്ങളുടെ സിനോപ്റ്റിക് ഭാഗങ്ങൾ കാണിക്കുന്നതു് 'മനുഷ്യപുത്രൻെറ രാജ്യം' ദ്വിതീയാഗമവുമായി ബന്ധിപ്പിക്കുമ്പോൾ 'ദൈവരാജ്യ'മായി മാറുന്നതാണ്. ഇതാകട്ടെ സഭയെ സൂചിപ്പിക്കുന്നു. സഭയെ സൂചിപ്പിക്കുന്ന അത്തരം പ്രയോഗങ്ങൾ സ്ഥാലീപുലകങ്ങളാണുതാനും".

www.malankaralibrary.com



ആദിമസഭ ഉപമയെങ്ങനെ ഉപയോഗിച്ചുവെന്ന് സുവിശേഷത്തിലെ വ്യാഖ്യാനം വ്യക്തമാക്കുന്നു. വിശ്വാസികളുടെ ആനുകാലിക ജീവിതത്തിന് പ്രസക്തമാക്കി. ക്രിസ്തുവിന്റെ അത്യാസന്നമായ ദ്വിതീയാഗമനത്തിന് ഒരുങ്ങിയിരിക്കാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നതാക്കി. കളയും ഗോതമ്പുമെന്നപോലെ അദ്ദേഹം ന്യായവിധിയാകുന്ന വാളുകൊണ്ട് ദുഷ്ടരെയും ശിഷ്ടരെയും വേർതിരിക്കും. ശിഷ്ടർ സ്വർഗ്ഗരാജ്യത്തിന്റെ മണിയറയിൽ പ്രവേശിക്കും. ദുഷ്ടർ എരിതീയിലെറിയപ്പെടും[29].

ഉപമയിലെ ദുഷ്പ്രവൃത്തിക്കാർ ആരാണ്? ഉത്തരം 'മനുഷ്യപുത്രന്റെ രാജ്യം'കൊണ്ടർത്ഥമാക്കുന്നതാശ്രയിച്ചിരിക്കുന്നു. ചിലരുടെ നോട്ടത്തിൽ സഭയാണ്. എങ്കിൽ ചീത്തക്രൈസ്തവരും കള്ളപ്രവാചകന്മാരും കപടഭക്തരുമത്രേ ദുഷ്പ്രവൃത്തിക്കാർ. ലോകമാണ് മനുഷ്യപുത്രന്റെ രാജ്യമെന്നു കരുതുന്നവരുടെ വീക്ഷണത്തിൽ ലോകത്തിൽ പൊതുവെയുള്ള ദുഷ്ടരാണ് ദുഷ്പ്രവൃത്തിക്കാർ.

സഭ സാമയിക(കാലിക)മാണ്. ദൈവരാജ്യത്തിന്റെ ആത്യന്തിക സംസ്ഥാപനത്തിനുപാധിയും അതിന്റെ അടയാളവും മാത്രം. ദൈവരാജ്യത്തിന്റെ പൂർണ്ണരൂപമല്ല. അവ താദാത്മ്യപ്പെടുത്തരുത്. അതുപോലെ പ്രപഞ്ചത്തേയും ദൈവരാജ്യത്തേയും ഒന്നായെടുക്കയുമരുത്. ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു. എങ്കിലും ദൈവസുതന് പുനരുത്ഥാനത്താൽ സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും മേൽ അധികാരമുണ്ടല്ലോ. അതിനാൽ പ്രപഞ്ചം ഫലത്തിൽ ദൈവരാജ്യമാണ്. ലോകമാസകലം സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കപ്പെടുന്നതിനാലും ലോകം മുഴുവൻ തന്റേതായി മനുഷ്യപുത്രനവകാശപ്പെടാം. അങ്ങനെ നോക്കുമ്പോൾ സാർവ്വത്രികമാനമുള്ളതാണ് ദൈവരാജ്യം. അതിന്റെ അംഗങ്ങളാകാനുള്ള ക്ഷണം നിരസിക്കുന്നവർ ദുഷ്പ്രവൃത്തിക്കാർ. ക്ഷണം സ്വീകരിച്ച് വിശ്വസ്തരായി നില്ക്കുന്നവർ രാജ്യത്തിന്റെ പുത്രന്മാരും. ഇവരെ തമ്മിലാണ് തുലനം ചെയ്യുക[30].

---

29. കാണുക: വെളി. 14,15–16; 21,8; 3,10.

30. രാജ്യത്തിന്റെ അംഗങ്ങളെ വി. മത്തായി 'രാജ്യത്തിന്റെ പുത്രന്മാർ' എന്നും 'നീതിമാന്മാർ' എന്നും വിളിക്കുന്നു. 'നീതി' എന്ന ആശയം സുവിശേഷത്തിൽ വളരെ പ്രധാനമാണ്.

www.malankaralibrary.com



(iv) കടലിൽ വിരിച്ച വല (മത്താ. 13,47–50)

വാക്യം 47: വീണ്ടും സ്വർഗ്ഗരാജ്യം കടലിൽ വിരിച്ച് എല്ലായിനം മത്സ്യവും ശേഖരിച്ച വലയ്ക്കു തുല്യമാകുന്നു.

48: അതു നിറഞ്ഞപ്പോരം മനുഷ്യർ കരയ്ക്കു് വലിച്ചുകയറ്റിച്ച് തരംതിരിച്ച് നല്ലതു് പാത്രങ്ങളിലിടുകയും ചീത്തയായവ ദൂരെ എറിയുകയും ചെയ്തു.

ശിഷ്യന്മാർക്കു് അനുഭവമുള്ളതാണിതിലെ പ്രതിരൂപം. പലസ്തീനായിലെ തടാകങ്ങളിലും കടൽക്കരയിലും നടന്ന നിത്യസംഭവം യേശുവും എന്നും ദർശിച്ചിരുന്നു. വി. മത്തായി മാത്രമേ ഈ ഉപമ രേഖപ്പെടുത്തുന്നുള്ളൂ. 'വിത്തിന്റെ ഇടയിലെ കള'യുടെ ഉപമയോടു് ബന്ധപ്പെട്ടതാണു്.

വാക്യം 47: "സ്വർഗ്ഗരാജ്യം.... വലയ്ക്കു തുല്യമാകുന്നു:" ഉപമയുടെ ആമുഖം അതേപടി എടുത്താൽ സ്വർഗ്ഗരാജ്യത്തെ വലയോടല്ല ഉപമിച്ചിരിക്കുക. വലയിൽക്കുരുങ്ങിയ മത്സ്യങ്ങളെ വേർതിരിക്കുന്ന പ്രവൃത്തിയോടാണു് — ആ സംഭവത്തോടാണു്[31]. "വലയിൽക്കയറിയ നല്ലതും തീയതുമായ മത്സ്യങ്ങളെ വേർതിരിക്കുന്നതുപോലെയാണു് ദൈവരാജ്യത്തിന്റെ വരവിൽ" എന്നാണു് ശരിയായ വായന.

"എല്ലായിനം മത്സ്യങ്ങളും....": തെരച്ചിലിന്റെ ചിത്രം കൂടുതൽ വ്യക്തവും അവശ്യവുമാക്കാനാണു് 'എല്ലായിനം' എന്നു പറയുക. ഉപയോഗപ്രദവും ഉപയോഗശൂന്യവുമായവ. ഗനാസരേത്തു് തടാകത്തിൽത്തന്നെ ഇരുപത്തിനാലിനം മത്സ്യങ്ങളുണ്ടെന്നു് കണക്കാക്കപ്പെടുന്നു.

"നല്ലതും ചീത്തയും" എന്ന വേർതിരിവു് (വാക്യം 48) യഹൂദനിയമമാസ്പദമാക്കിയാവാം. നിയമപരമായി ശുദ്ധവും അശുദ്ധവുമായവ.[32]

---

31. Cf. J. Jeremias, Parables of Jesus, op. cit., p.225.

32. ലേവ്യർ 11,10 മുതലുള്ള വാക്യങ്ങളിൽ നിയമപരമായി ശുദ്ധവും അശുദ്ധവുമായ മത്സ്യങ്ങളെക്കുറിച്ച് പറയുന്നു. ചെതുമ്പലില്ലാത്തവ (പാമ്പിനെപ്പോലിരിക്കുന്നവ cf. J. Jeremias, parables of Jesus, p. 226) അശുദ്ധഗണത്തിൽപ്പെടുന്നു. ഭോജ്യമല്ലാത്തവയും അശുദ്ധമാണു്.

www.malankaralibrary.com



മത്സ്യബന്ധകർ വലവീശുന്നു. നല്ലതേ കയറാവൂ എന്നാഗ്രഹിക്കുമെങ്കിലും അല്ലാത്തവയും കടന്നുകൂടും. കരയ്ക്കടുപ്പിച്ചാണ് തെരയുക. അതുപോലെ മനുഷ്യബന്ധനക്കാരായിത്തീർന്ന ശ്ലീഹന്മാർ ദൈവരാജ്യമെന്ന സുവിശേഷത്തിന്റെ വല വിരിച്ചു പോകണം. നീട്ടി വിരിക്കുക. പലതരക്കാരെ സ്വീകരിക്കും. ദൈവരാജ്യം എല്ലാവർക്കും നീട്ടപ്പെട്ടിരിക്കുന്നു.[33] ശിഷ്ടരും ദുഷ്ടരും കയറാനനുവദിക്കുന്നു. പക്ഷേ ഇരുകൂട്ടർക്കും ഒരേ സ്ഥാനം എന്നേയ്ക്കും കൊടുക്കുക സാദ്ധ്യമല്ല. സ്വർഗ്ഗരാജ്യം സകലർക്കും വേണ്ടിയാണ്. തെരഞ്ഞെടുപ്പും വിധിയും അവസാനം മതി. ഇതത്രേ ഉപമയുടെ അർത്ഥം.

കളകളുടെ ഉപമയുടേതുപോലുള്ള സാഹചര്യത്തിൽ യേശു പറഞ്ഞതാണ് കടലിൽ വിരിച്ച വലയുടെ ഉപമ. എന്നാൽ ഇവിടെ ഉപമ യഹൂദരോടെന്നതിലും മത്സ്യബന്ധികളായിരുന്ന ശിഷ്യന്മാരോടാണ്. യേശു അവരെ ദൈവരാജ്യത്തിന്റെ സുവിശേഷവുമായി നാലുഭാഗത്തേയ്ക്കും അയച്ചു (മത്താ. 20,3 ഇത്യാദി). അവരോടു നിർദ്ദേശിച്ചു: "ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ പക്കലേയ്ക്കു നിങ്ങൾ ആദ്യംതന്നെ പോകുവിൻ". പിന്നെ ശമറായിലും എല്ലായിടത്തും. അപ്പോൾ അവർ ആരാഞ്ഞു: പാപികൾ സുവിശേഷം സ്വീകരിക്കുകയും അങ്ങയുടെ രാജ്യത്തിലേയ്ക്കു വരികയും ചെയ്യുന്നെങ്കിൽ അവരെ ഉടനെ പുറന്തള്ളണമോ? 'കടലിലെറിഞ്ഞ വല'യുടെ ഉപമയിൽ ഗുരുനാഥൻ മറുപടി നല്കി. എല്ലാവരേയും അവസാനം വരെ വളരാനനുവദിക്കുക.[34]

വി. ഗ്രന്ഥത്തിലെ വ്യാഖ്യാനം (വാക്യ. 41–50)

വാക്യം 49 യുഗാന്ത്യത്തിൽ ഇങ്ങനെയായിരിക്കും. ദൂതന്മാർ

33. C. H. Dodd, The parables of the kingdom, p. 140.

34. യുഗാന്ത്യസംബന്ധിയായ പ്രസ്താവം ഉപമയിലുള്ളതിനാൽ രക്ഷപെടുന്നവരുടെ എണ്ണം കണക്കാക്കുവാൻ ഒരുങ്ങുന്നവരുണ്ട്. വളരെക്കുറച്ച് മത്സ്യംമാത്രമേ ഉപയോഗരഹിതമായി പുറത്തെറിഞ്ഞുള്ളല്ലോ. മിക്കവരും രക്ഷപെടും. തുലോം വിരളമാളുകൾ മാത്രം എരിതീയ്ക്കിരയാകും എന്നാണവരുടെ നിഗമനം. പക്ഷേ രക്ഷപെടുന്നവരുടെ എണ്ണത്തെക്കുറിച്ചുള്ള ഉപമയല്ലിത്. അത്തരമൊരു ചോദ്യത്തിന് യേശു മറുപടി പറയുന്നുമില്ലല്ലോ (ലൂക്കാ. 13,23).

www.malankaralibrary.com



വന്നു ദുഷ്ടരെ നീതിമാന്മാരിൽനിന്നു വേർതിരിക്കും.

50: അവരെ അഗ്നിച്ചൂളയിൽ എറിഞ്ഞുകളയും. അവിടെ മനുഷ്യർ പ്രലപിക്കയും പല്ലുകടിക്കയും ചെയ്യും.

മൂലരൂപത്തിലുള്ളതാവാൻ തരമില്ല ഈ വ്യാഖ്യാനം. സുവിശേഷകൻെറ പ്രത്യേകതകളായ അനേകം പദങ്ങളുണ്ടിതിൽ[35]. “തീച്ചൂളയിലെറിയുക” (വാക്യം 50) ഈ ഉപമയുടെ രീതിക്കു് പററിയതല്ലല്ലോ”. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും” (50) എന്നതും പ്രഥമ സുവിശേഷകൻെറ പ്രത്യേക ശൈലിയാണു്. 49–50 വാക്യങ്ങളിൽ 40–43 വാക്യങ്ങളുടെ സംഗ്രഹം ആവർത്തിച്ചിരിക്കുന്നു. അന്ത്യവിധിയുടെ ഒരു ചിത്രമായി വ്യാഖ്യാനം ഉപമയെ പരിമിതപ്പെടുത്തുന്നു.

ആദിമസഭ ഉപമയെങ്ങനെ മനസ്സിലാക്കിയെന്നു് വ്യാഖ്യാനം കാണിക്കുന്നു. ക്രിസ്തുവിൻെറ അത്യാസന്നമായ ആഗമത്തിനു് ആളുകളെ ഒരുക്കുകയാണു് സഭയുടെ നോട്ടത്തിൽ ഉപമയുടെ ലക്ഷ്യം. വിധിയിൽ ശിക്ഷിക്കപ്പെടാതിരിക്കാൻ ശിഷ്ടമായൊരു ജീവിതം നയിക്കണമെന്നു് വ്യാഖ്യാനത്തിൽ സഭ സ്വസന്താനങ്ങളെ ഉപദേശിക്കുന്നു. മററുള്ളവരെ വിധിക്കുക നമ്മുടെ കാര്യമല്ല. നമുക്കതിനധികാരമില്ല. നാമേവരും ദൈവത്തിൻെറ ന്യായവിധിക്കുമുമ്പിൽ നിൽക്കേണ്ടവരാണു് (റോമ. 14,10)

35. Cf. J. Jeremias, Parables of Jesus, op. cit., p. 438. nos. 20,23,29,30,32 ഇത്യാദി.

www.malankaralibrary.com



## കടുകുമണിയും പുളിപ്പും

മത്താ. 13,31–33

31. അവൻ വേറൊരു ഉപമ അവരുടെ മുമ്പിൽ അവതരിപ്പിച്ചു. അവൻ പറഞ്ഞു:

സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ വിതച്ച കടുകുമണിക്കു തുല്യമാകുന്നു.

32. എല്ലാ വിത്തുകളിലും ചെറുതാണതു്.

എങ്കിലും വളരുമ്പോൾ വലുതാണു്. ആകാശപ്പറവകൾ വന്നു ശിഖരങ്ങളിൽ കൂടുകെട്ടുവാൻ തക്കവിധം വൃക്ഷമാകയും ചെയ്യുന്നു.

മർക്കോ. 4,30–32

30. അവൻ പറഞ്ഞു: ദൈവരാജ്യം ഞാൻ എന്തിനോടു താരതമ്യപ്പെടുത്തും? അഥവാ അതിനു് എന്തുപമ ഉപയോഗിക്കാം?

31. അതു കടുകുമണിപോലെയാകുന്നു.

വിതയ്ക്കുമ്പോൾ ഭൂമിയിലെ എല്ലാ വിത്തുകളിലും ചെറുതാണതു്.

32. വിതച്ചുകഴിയുമ്പോൾ വളരുകയും എല്ലാ ചെടികളിലും വലുതാകയും പക്ഷികൾ വന്നു് അതിന്റെ തണലിൽ കൂടുകെട്ടുവാൻ തക്കവിധം വലിയ ശിഖരങ്ങൾ നീട്ടുകയും ചെയ്യുന്നു.

ലൂക്കോ. 13,18–21

18. അതിനാൽ അവൻ പറഞ്ഞു: ദൈവരാജ്യം എന്തുപോലെയാകുന്നു? എന്തിനോടു് നാമതു താരതമ്യപ്പെടുത്തും?

19. ഒരു മനുഷ്യൻ എടുത്തു് തന്റെ തോട്ടത്തിൽ വിതച്ച കടുകുമണിയോടു സദൃശമാകുന്നു.

അതു് വളർന്നു് ഒരു വൃക്ഷമായി. ആകാശപ്പറവകൾ വന്നു് അതിന്റെ ശിഖരങ്ങളിൽ കൂടുകെട്ടി.

20. അവൻ വീണ്ടും പറഞ്ഞു: ദൈവരാജ്യം എന്തിനോടു നാം താരതമ്യപ്പെടുത്തും?

www.malankaralibrary.com



33. അവൻ വേറൊരുപമയും അരുളിച്ചെയ്തു. സ്വർഗ്ഗരാജ്യം ഒരു സ്ത്രീ എടുത്ത് മൂന്നളവു മാവ് മുഴുവൻ പുളിക്കുവോളം അതിൽ കുഴിച്ചുവച്ച പുളിപ്പിനു തുല്യമാകുന്നു.

21. ഒരു സ്ത്രീ എടുത്ത് മൂന്നളവു മാവ് മുഴുവൻ പുളിക്കുവോളം അതിൽ കുഴിച്ചുവച്ച പുളിപ്പിന് തുല്യമാകുന്നു.

www.malankaralibrary.com



വ്യത്യസ്ത രൂപങ്ങളിലാണ് സുവിശേഷങ്ങൾ ഉപമയവതരിപ്പിക്കുക. മർക്കോസ് വിവരണാത്മകരൂപ (Descriptive form) മാണു സ്വീകരിച്ചിരിക്കുക. മത്തായിയും ലൂക്കോസും കഥനരീതിയും (narrative form). ഒന്നുകിൽ മർക്കോസ് കഥനരീതി മാററി തൽസ്ഥാനത്തു വിവരണരൂപമാക്കി. അല്ലെങ്കിൽ മററു രണ്ടുപേരും വിവരണരൂപം മാററി കഥനരൂപമാക്കി. കടുകുമണിയുടേയും പുളിപ്പിൻേറയും ഉപമകൾ യോജിപ്പിക്കയും ചെയ്തു. ഏതിനാണു കൂടുതൽ സാദ്ധ്യത?

മത്തായിയും ലൂക്കോസും ഒരേ ഉറവിടം (Q) ആശ്രയിച്ചിട്ടുണ്ടെന്നു കരുതാം. ഇരുവരും ഉപമയെ തിരുവെഴുത്തുമായി ബന്ധിപ്പിക്കുന്നു[36]. കടുകു ചെടി വൃക്ഷമാക്കി ഉപമയ്ക്കു് അന്ത്യകാലാത്മകപ്രാധാന്യമേററുന്നു. വി. മർക്കോസ് കടുകുമണിയുടെ നിസ്സാർത്ത പ്രത്യേകം കാണിക്കുന്നുണ്ടു്. യുഗ്മോപമകൾ വേറെയുമുണ്ടു് ബൈബിളിൽ. ഒരേ ആശയം വിവിധതരം ശ്രോതാക്കൾക്കു വ്യക്തമാക്കാൻ ശ്രോതൃഗണത്തിനനുരൂപമായി ഒന്നിൽക്കൂടുതൽ ഉപമകൾ യേശു ഉപയോഗിച്ചിരിക്കും. പുരുഷന്മാർക്കു് പരിചിതമായ കൃഷിയിൽനിന്നും സ്ത്രീകൾക്കു പരിചിതമായ പാചകവിധിയിൽനിന്നും ഒരേ ഉപമ അദ്ദേഹമെടുത്തു. മത്തായി–ലൂക്കോസ് പാരമ്പര്യമാണു് ഉപമയുടെ ആദിരൂപത്തോടു കൂടുതൽ വിശ്വസ്തം. ഉപമയ്ക്കു കഥനരൂപമാണുണ്ടായിരുന്നതു്.

പ്രഥമത്രിതീയ സുവിശേഷകരിൽ ആർക്കാണു് പൊതുശ്രോതസ്സിനോടു് കൂടുതൽ വിശ്വസ്തത? വി. മത്തായി മർക്കോസിനോടു് കൂടുതൽ അടുപ്പം കാണിക്കുന്നു. അദ്ദേഹത്തിൻെറ വിവരണാംശങ്ങളിൽ ചിലതു് സ്വീകരിച്ചിട്ടുണ്ടു്. കടുകുമണിയുടെ ആദ്യ അവസ്ഥയും വിതച്ചു് വളർന്നു കഴിയുമ്പോഴത്തെ അവസ്ഥയും തമ്മിൽ മർക്കോസിനെപ്പോലെ മത്തായിയും താരതമ്യപ്പെടുത്തുന്നു[37]. അവസ്ഥകൾ തമ്മിലുള്ള അതിശയകരമായ വൈരുദ്ധ്യാത്മകത ലൂക്കോസ് സൂചിപ്പിക്കുന്നേ

36. മത്താ. 13, 32ഉം ലൂക്കോ. 13, 19ഉം എസക്കിയേൽ 17, 23 അനുസ്മരിപ്പിക്കുന്നു.

37. വിത്തിൻെറ ചെറുമയും വൃക്ഷത്തിൻെറ വലുപ്പവും തമ്മിലല്ല താരതമ്യം. വിത്തിൻെറ ആദ്യത്തെ നിസ്സാരതയും അതു് മുളച്ചു് വളർന്നു കഴിയുമ്പോഴത്തെ അവിശ്വസനീയമായ നിലയും തമ്മിലാണു്.

www.malankaralibrary.com



യില്ല. മാത്രമല്ല, ഉപമാവതരണത്തിൽ ഏററം കുറച്ച് വാക്കു പയോഗിച്ചിരിക്കുന്നതും വി. ലൂക്കോസാണ്. മൂന്നാം സുവി ശേഷമാണ് ആദിശ്രോതസ്സിനോട് ഏററം അടുത്തു നില്ക്കു ന്നത്.

''ഏററം ചെറിയ വിത്ത്'': കടുകുമണി വളരെ ചെറുതാ ണ്. പക്ഷേ വിത്തുകളിൽ ഏററം ചെറുതല്ല. കടുകുമണി 'നിസ്സാരത'യുടെ പര്യായമായിരുന്നു (മത്താ. 17,20). ഈ ശൈലി യഹൂദഗ്രന്ഥകാരന്മാരും സ്വീകരിച്ചിട്ടുണ്ട്.

''ചെടികളിൽ ഏററം വലുത്'': മലക്കറിച്ചെടിയാണ് കടുക്. വാർഷിക കൃഷിയാണ്. എട്ടുമുതൽ പന്ത്രണ്ട് അടി വരെ ഉയരത്തിൽ വളരും. മലക്കറികളിൽ സാമാന്യേന ഉയ രം കൂടിയതാണത്. അതിനാൽ പക്ഷികൾക്ക് അതിൽ സങ്കേതം കണ്ടെത്താൻ കൂടുതൽ സാദ്ധ്യതയുണ്ടായിരുന്നു. പല സ്തീനായിലെ ഗോൾഡ് ഫിഞ്ച്പക്ഷി അതിനോട് പ്രത്യേക പ്രതിപത്തി പ്രദർശിപ്പിച്ചു.

''ആകാശപ്പറവകൾക്കു കൂടുകെട്ടുവാൻ തക്ക വൃക്ഷമായി'' എന്ന പ്രസ്താവനയിൽ വളർച്ചയുടെ പൂർണ്ണരൂപം കാണിച്ചിരി ക്കുന്നു. വളർച്ചയുടെ ഈ വിവരണത്തിൽ പൗരസ്ത്യപ്രത്യേ കത പ്രകടമാണ്. കഥയുടെ ആദ്യന്തങ്ങൾ മാത്രം അറിയി ച്ച് വൈരുദ്ധ്യന്തരം വ്യക്തമാക്കുക. മദ്ധ്യത്തെക്കുറിച്ച് മൗനം പാലിക്കുക. അതിശയോക്തികളുണ്ടായിരിക്കുക .... സെമി ററിക് ശൈലിയാണിത്.

കടുകുചെടിയെ വൃക്ഷമെന്നു വിളിക്കുന്ന പാരമ്പര്യത്തിനു് പ്രവചനങ്ങളോടു ബന്ധമുണ്ട്[38]. ഇത് ഉപമയുടെ ശരിയായ അർത്ഥം ആവിഷ്ക്കരിക്കുന്നു. ''കർത്താവ് ഇസ്രായേലിലെ ഉന്നതമായ മലമുകളിൽ ദേവദാരുവൃക്ഷത്തിൻെറ ഇളം ശാഖ നടും. അതു ശിഖരങ്ങൾ വളർത്തും. ഫലം പുറപ്പെടുവിക്കും. എല്ലാജാതി പറവകളും അതിൽ ചേക്കേറും; എല്ലാത്തരം പക്ഷികളും അതിൽ കൂടുകെട്ടും''. 'പക്ഷികൾക്ക് സങ്കേതമാ കത്തക്കവിധം വൃക്ഷമാകുന്നു'വെന്നാണ് യേശു പറയുക. ''സ

38. കാണുക. എസെയാ 17,23; 31,6; ദാനി. 4,9. 17.18

www.malankaralibrary.com



ങ്കേതമാവുക'' എന്നതു് ഒരു സാങ്കേതികപദമാണു്. അന്ത്യ കാലത്തു് ദൈവജനത്തിലേയ്ക്കു ജനതകളുടെ പ്രവേശനം സൂചിപ്പിക്കുന്നു[39].

വിത്തു് ഉത്ഥാനത്തിന്റെ പ്രതീകമാണു്. മരണത്തിൽ നിന്നു് ജീവനുദിക്കുന്ന രഹസ്യത്തിന്റെ പ്രതിരൂപമാണു്[40]. വിരുദ്ധങ്ങളായ രണ്ടു സംഗതികൾ ഉപമയിലുണ്ടു്. ഒരുവശത്തു് നാശമടയുന്ന നിസ്സാര വിത്തു്. മറുവശത്തു് പറവകൾക്കു് കൂടുണ്ടാക്കാൻതക്ക വൃക്ഷം. ഇതിനിടയ്ക്കു് നടന്ന വളർച്ചയെപ്പററി ചിന്തിക്കാതെ അത്ഭുതത്തിന്റെ നിറംകൊടുത്തു് ഉപമ പറഞ്ഞിരിക്കുന്നു. ചെറിയ വിത്തു് വളർന്നു് വൃക്ഷമാകുന്ന വിധമല്ല അത്ര വളർന്നു് പക്ഷിവർഗ്ഗങ്ങൾക്കെല്ലാം അഭയമാകുന്ന വിസ്മയനീയസത്യം വിവരിക്കുകയാണു് ഉപമയുടെ ഉദ്ദേശ്യം. അവഗണനീയമാംവിധം നിസ്സാരമായ ആരംഭവും അവസാനഘട്ടത്തിലെ അത്ഭുതനിലയും താരതമ്യപ്പെടുത്തുന്നു. ഏററം നിസ്സാരമായ ആരംഭത്തിൽ നിന്നു് ദൈവം തന്റെ രാജ്യം വിസ്തൃതമാക്കും. അതിൽ എല്ലാ ജനങ്ങളും വന്നുപാർക്കും. അത്രമാത്രം അതിശയകരമായിരിക്കും അതിന്റെ വളർച്ച.

മിശിഹായേയും അദ്ദേഹത്തിന്റെ രാജ്യത്തേയുംകുറിച്ചു് യഹൂദന്മാരുടേയും ശിഷ്യന്മാരുടേയും പ്രതീക്ഷയ്ക്കു വിരുദ്ധമാണു് യേശുവിലവർ ദർശിച്ചതു്. അദ്ദേഹം കാലിത്തൊഴുത്തിൽ പിറന്നു. തച്ചന്റെ മകനായി വളർന്നു. മുക്കുവന്മാരെ ശിഷ്യരായെടുത്തു. എന്നിട്ടും ദൈവരാജ്യത്തെക്കുറിച്ചു് പ്രസംഗിക്കയും താൻ ദൈവസുതനാണെന്നു പ്രഘോഷിക്കയും ചെയ്യുന്നു. ദൈവരാജ്യം മഹത്വീകൃതമാകുമെന്നു് ഖണ്ഡിതമായി പ്രസ്താവിക്കുന്നുമുണ്ടു്. ഇതെങ്ങനെ സാധിക്കും? യേശുവിൽ സമുദ്ഘാടിതമായ സ്വർഗ്ഗരാജ്യത്തിന്റെ നിസ്സാരമായ ആരംഭം യഹൂദർക്കു് ഇടർച്ചയായിരുന്നു. അവർ പ്രശ്നം യേശുവിന്റെ മുമ്പിലവതരിപ്പിച്ചു. ഇതേ പ്രശ്നം ശിഷ്യന്മാരുമുന്നയിച്ചിട്ടുണ്ടു്. യേശു കടുകുമണിയുടെ ഉപമയിൽ മറുപടി നല്കുന്നു. ദൈവം നിസ്സാരകാര്യങ്ങളിൽ നിന്നു് അത്ഭുതം പുറപ്പെടുവിക്കുന്നു.

---

39. Cf. J. Jeremias, Parables of Jesus, p. 147.

40. യഹൂദരതൽമുദിലും (b. sanh. 90 b) പൗലോസിന്റെ ലേഖനങ്ങളിലും (1 കോറി.15,35-38) ക്ലെമന്റ് I ന്റെ ലേഖനത്തിലും (24, 4-5) ഇങ്ങനെ കാണുന്നു.

www.malankaralibrary.com



## പുളിപ്പിൻെറ ഉപമ

കടുകുമണിയുടെ ഉപമയുടെ സാഹചര്യവും സന്ദേശവുമാണിതിനു്. യേശു ദൈവരാജ്യം ഉപമിച്ചിരിക്കുന്നതു് പുളിപ്പിനോടല്ല. അതിൻെറ പ്രവർത്തനത്തോടാണു്. പുളിപ്പു് മാവിനെ പരിവർത്തിപ്പിക്കുന്നതുപോലെയാണു് ദൈവരാജ്യം. സജീവമാണതു്. അതിൻെറ പ്രവർത്തനപരിധിയിൽനിന്നു് രക്ഷപെടാൻ ഒന്നിനും സാദ്ധ്യമല്ല[41].

പുളിപ്പു്: യഹൂദർക്കു പരിചിതമായിരുന്നു. അപ്പമുണ്ടാക്കാനുപയോഗിച്ചു (പുറ. 12,15–34). പെസഹായ്ക്കു മുമ്പു് ഏഴു ദിവസത്തെ പന്തിഭോജനത്തിനും സാധാരണയായി ബലിക്കും പുളിപ്പിക്കാത്ത അപ്പമാണുപയോഗിക്കുക[42] (പുറ. 12,15; 25,2; ലേവ്യ. 2,11,). രണ്ടുതരം പുളിപ്പിനെപ്പററി മ്പീനി പറയുന്നു. മുന്തിരിച്ചാറും ചാമയുടേയോ ഗോതമ്പിൻേറയോ തവിടും ചേർത്തുണ്ടാക്കിയതു് ഒരിനം. വച്ചുസൂക്ഷിച്ചു പുളിപ്പിച്ചതു് രണ്ടാം ഇനവും. പുളിപ്പു് ഓരോ ദിവസത്തേയ്ക്കും പ്രത്യേകം തയ്യാറാക്കുകയായിരുന്നു. തലേ ദിവസത്തേതിൽ കുറെ കരുതിവച്ചിരിക്കും. ആദ്യകാലങ്ങളിൽ വീട്ടിൽത്തന്നെ പുളിപ്പുണ്ടാക്കി സൂക്ഷിച്ചിരുന്നെങ്കിലും, പിന്നീടു് ബേക്കറികളിൽനിന്നു വാങ്ങുന്ന പതിവായി.

"മൂന്നളവു് മാവു്": ഏകദേശം 39.4 ലിററർ മാവു്, സുമാർ അമ്പതു റാത്തൽ പൊടിയുടേതു്. രണ്ടുനേരത്തെ ആഹാരത്തിനു് മുക്കാൽ ലിററർ പൊടികൊണ്ടുള്ള അപ്പം പോലും അധികമാണു്. അമ്പതു റാത്തൽ പൊടികൊണ്ടു് നൂറുപേർക്കു് വേണ്ടതിലധികം അപ്പമുണ്ടാക്കാം[43]. ഇതു വീടുകളിൽ സാധാരണമല്ലല്ലോ.

കടുകുമണിയുടെ ഉപമയോടു ബന്ധപ്പെടുത്തി പുളിപ്പിൻെറ ഉപമ വ്യക്തമാക്കുക ദൈവരാജ്യത്തിൻെറ നിസ്സാരതയിൽനിന്നുള്ള അവിശ്വസനീയമായ വളർച്ചയാണു്. എന്നാൽ അവ

41. A. M. Hunter, op. cit., p. 44
42. പെന്തക്കുസ്താപ്പെരുനാളിലും പുളിക്കാത്ത അപ്പമാണു് ബലിക്കുപയോഗിക്കുക, (ലേവ്യ. 23, 17)
43. J. Jeremias, Parables of Jesus, p. 147. n. 71

www.malankaralibrary.com



തമ്മിൽ വേർപെടുത്തിയാൽ പുളിപ്പിൻെറ ഉപമയ്ക്കു് അർത്ഥം വേറെയാവും. തിന്മ വ്യാപിപ്പിക്കുന്ന വസ്തുക്കളുടെ പ്രതീകമായിരുന്നു പുളിപ്പ്. അല്പം തിന്മ അതിവേഗം വ്യാപിച്ച് മററുള്ളവയും തിന്മയാക്കുമല്ലോ. പുളിപ്പ് ചേരുന്ന വസ്തുവിനെ (മാവിനെ) വേഗം പുളിപ്പിക്കും. ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകളുടെ കൂട്ടത്തിലായപ്പോഴാം പുളിപ്പിനു് നന്മയുടെ അർത്ഥമായി. നാരകീയശക്തിയുടെ വളർച്ചയല്ല, ദൈവരാജ്യത്തിൻെറ വ്യാപനമാണു് ഉപമ വ്യക്തമാക്കാനുദ്ദേശിക്കുക[44].

ആദ്യം അല്പം പുളിപ്പ് അധികം മാവിൽ 'ഒളിച്ചുവയ്ക്കുന്നു'. കുറെ കഴിയുമ്പോഴാം മാവു മുഴുവൻ കുമിളകളും മററുമായി പതഞ്ഞുപൊങ്ങി നില്ക്കുന്നതു കാണാം. മുഴുവൻ മാവും പുളിപ്പായി മാറുന്നു. ഇതുപോലെയാണു് ദൈവരാജ്യത്തിൻെറ കാര്യവും. ദൈവരാജ്യത്തിനുവേണ്ടിയുള്ള യേശുക്രിസ്തുവിൻെറ പ്രവർത്തനത്തിനു വാദ്യഘോഷവും വോഴപോസ്റ്ററുമില്ല. യുദ്ധപ്രതീക്ഷയ്ക്കൊത്ത പ്രകടനമില്ല. എങ്കിലും നിസ്സാരമായി ആരംഭിക്കുന്ന ദൈവരാജ്യം സാർവ്വജനീനമായി വളരും.

ആരംഭവും അവസാനവും തമ്മിലുള്ള വൈരുദ്ധ്യാത്മകത നഷ്ടപ്പെട്ടിരിക്കയാണു് വി. മത്തായിയുടെ ഉപമാവിവരണത്തിൽ[45]. ലൂക്കോസിൻെറ സ്വാധീനമായിരിക്കാം കാരണം[46]. ഇപ്പോഴത്തെ നിലയിൽ പുളിപ്പിക്കൽശക്തിക്കാണു് പ്രാധാന്യം. പുളിപ്പ് നിശ്ശബ്ദമായി പിണ്ഡമാകെ പുളിപ്പിക്കുന്നു. ഈ പ്രവർത്തനം രഹസ്യവും അനുസ്യൂതവുമാണു്. ഇതുപോലെ ദൈവാത്മാവ് ദൈവരാജ്യത്തെയാകെ സജീവമാക്കും.

പ്രധാനാശയത്തിനു് മാററം വരുത്തി ഉപമയവതരിപ്പിക്കാൻ സുവിശേഷകനെ പ്രേരിപ്പിച്ചതു് സഭയുടെ മാറിയ പശ്ചാത്തലമാണു്. ലോകത്തിലേയ്ക്കു് തുളച്ചുകയറി പ്രവർത്തി

44. ibidem p. 149

45. എന്നാൽ കടുകുമണിയുടെ ഉപമയിൽ അതു നിലനിർത്തിയിട്ടുണ്ടു്.

46. അവിടെ കടുകുമണിയുടെ ഉപമയ്ക്കും വൈരുദ്ധ്യാത്മകത നഷ്ടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



ക്കാൻ സുവിശേഷത്തിനുള്ള ശക്തിയാണ് പുതിയ സാഹചര്യത്തിൽ സാരവും പ്രസക്തവുമായത്.

ആദിമസഭ പുളിമാവ് ദൈവജനത്തിൻെറ പ്രതീകമായി കരുതിയിരുന്നു. "കുഴച്ച മാവിൻെറ ആദ്യംശം വിശുദ്ധമെങ്കിൽ മാവു മുഴുവൻ വിശുദ്ധമായിരിക്കും" (റോമ. 11,16). മാവിൽ നിന്നെടുത്ത ആദ്യത്തെ അംശം കർത്താവിനാണ്. അതുവഴി മാവു മുഴുവനും വിശുദ്ധീകൃതമാകുന്നുവെന്നാണർത്ഥം. പ്രകൃതത്തിൽ ശ്ലീഹാ ദൈവജനത്തെക്കുറിച്ചാണ് പ്രതിപാദിക്കുക. അതിനാൽ കുഴച്ച മാവുകൊണ്ട് അദ്ദേഹം സൂചിപ്പിക്കുക ക്രിസ്തുവിനെ സ്വീകരിച്ച ദൈവജനത്തെയാണ്. വിശ്വാസികൾ അവിശ്വാസികളിലേക്ക് ക്രിസ്തുവിനെ നിവേശിപ്പിക്കുക. ഇതുതന്നെ ആധുനിക ക്രൈസ്തവനെക്കുറിച്ചും പറയാനുള്ളത്. അല്പം പുളിമാവ്പിണ്ഡം മുഴുവനും പുളിപ്പിക്കും.

ഈശ്വരൻെറ പദ്ധതിയനുസരിച്ച് അദ്ദേഹത്തിൻെറ ആധിപത്യം ആഗമിക്കുകയും വളരുകയും ചെയ്യും; തീർച്ച. എന്നാൽ പലപ്പോഴും ആകർഷകമായ വിജയമൊന്നും ദൃശ്യമല്ല. മാത്രമല്ല, ഈശ്വരസമർപ്പിതരായ വിശുദ്ധ വ്യക്തികളുടെ പ്രവർത്തനം പലേടത്തും പരാജയമടയുന്നതായും തോന്നും. നന്മയെ തിന്മ തോല്പിക്കുന്നതായനുഭവപ്പെടും. ഇവയൊന്നിലും നിരാശപ്പെടരുത്. ദൈവത്തിൻെറ പദ്ധതി തീർച്ചയായും നിവൃത്തിതമാകും. എങ്കിലും സ്വർഗ്ഗരാജ്യാഗമത്തിന് മനുഷ്യൻ വിഘാതമാകരുതെന്നുമാത്രമല്ല, അവന് തദ്ദുദ്ദേശത്തിന് നിർവഹിക്കാനുള്ള കടമ നിറവേററണംതാനും. ദൈവാധിപത്യം സംസ്ഥാപിക്കാനും വ്യാപ്തിപ്പെടുത്താനും പ്രവർത്തിക്കുകയാണ് ഭൂമിയിൽ മനുഷ്യധർമ്മം.

www.malankaralibrary.com



## II സ്വർഗ്ഗരാജ്യം ദൈവത്തിന്റെ കൃപാദാനം: കരുണയുടെ ഉപമകൾ

സുവിശേഷവാർത്തയുടെ കേന്ദ്രം സ്വർഗ്ഗരാജ്യം ദൈവത്തിന്റെ അളവററ കൃപമൂലമുള്ള ദാനമാകുന്നുവെന്നതാണ്.[47] രാജ്യത്തിന്റെ അധിപനായ ദൈവം കാരുണ്യംനിറഞ്ഞ പിതാവാണ്. മനുഷ്യനൊരുവിധത്തിലും അർഹിക്കാത്ത സ്വാതന്ത്ര്യമായ സ്നേഹത്തിന്റെയും കരുണയുടെയും ഭരണമാണദ്ദേഹത്തിന്റേതു്[48]. ദൈവകൃപയുടെ പ്രകൃതി അതു കേവലം കാരുണ്യത്തിന്റേതാണെന്നത്രേ. ഉപാധിരഹിതവും അനർഹവുമായ കരുണ. ഉപമകളിൽ പലതും ദൈവരാജ്യത്തിന്റെ കരുണാദാനസ്വഭാവത്തെപ്പററി പറയുന്നുണ്ടു്.

മൂന്നു പ്രത്യേകതകൾ:[49] ദൈവകാരുണ്യത്തെപ്പററിയുള്ള ഉപമകൾക്കു് മൂന്നു സവിശേഷതകൾ ശ്രദ്ധേയമാണ്.

1 അവയുടെ പശ്ചാത്തലം ദൈവത്തോടനുരഞ്ജിപ്പിക്കുന്ന ക്രിസ്തുവിന്റെ സേവനമാണ്. "പാപികളുടെ സ്നേഹിതൻ" എന്ന നാമം യേശുവിനു നേടിക്കൊടുത്തു[50]. അദ്ദേഹത്തിന്റെ ജീവിതം ദൈവ–മനുഷ്യബന്ധം നേരെയാക്കിയ സ്വമരണത്തിന്റെ ഭാഗമായിരുന്നു. ദൈവത്തിന്റെ ക്ഷമ വാക്പ്രവൃത്തികളിൽ മനുഷ്യനു കരഗതമാക്കിയ അനുരഞ്ജന ശുശ്രൂഷയുടെ പരമോന്നതിയാണല്ലോ ക്രിസ്തുവിന്റെ ക്രൂശുമരണം. അതിന്റെ ഭാഷ്യമാണ് കരുണയുടെ ഉപമകൾ[51].

2 ദൈവപിതാവിന്റെ പ്രതിനിധിയായി ക്രിസ്തു പ്രവർത്തിക്കുന്നു. 'മനുഷ്യപുത്രനോ' 'ഏകസുതനോ' ആയല്ല. കാരുണ്യത്തിന്റെ ഉപമകളിൽ ഒരിടത്തും ക്രിസ്തു തന്റെ ഔദ്യോഗികസ്ഥാനത്തെപ്പററി അവകാശങ്ങളൊന്നും ഉന്നയിക്കുന്നില്ല. ദൈവകാരുണ്യത്തിന്റെ അവതാരമായി പ്രവർത്തിക്കുന്നു. മനു

47. A. M. Hunter op. cit., p. 51
48. ibidem
49. ibidem
50. മത്താ. 11,9; ലൂക്കോ. 7, 34.
51. A. M. Hunter op. cit., p. 52

www.malankaralibrary.com



ഷ്യനായിത്തീർന്ന ദൈവകൃപയും ദൈവകാരുണ്യവും എന്ന നിലയിൽ പെരുമാറുന്നു. 'പിതാവ് കാരുണ്യമായതിനാൽ ഞാനും ഇങ്ങനെ പ്രവർത്തിക്കുന്നു' എന്ന് ഈ ഉപമകളിൽ യേശു ആവിഷ്ക്കരിക്കുന്നു.

3 പാപികളോടുള്ള യേശുവിന്റെ പെരുമാററത്തിനും പ്രവൃത്തികൾക്കുമെതിരെ യഹൂദപ്രമാണികളായ ഫരീസരും ശാസ്ത്രികളുമുന്നയിച്ച ആരോപണങ്ങൾക്ക്[52] മറുപടിയാണ് കരുണയുടെ ഉപമകൾ. ചിലയവസരങ്ങളിൽ ക്രിസ്തു അവരെ ശക്തമായ ഭാഷയിൽ ശകാരിക്കുന്നു. ആന്തരിക വിശുദ്ധിയൊട്ടും ശ്രദ്ധിക്കാതെ നൈയ്യാമികവിശുദ്ധികൊണ്ടുമാത്രം തൃപ്തരായി പരിപൂർണ്ണവിശുദ്ധരെന്നഭിമാനിച്ച കപടഭക്തരെ അവരുടെതന്നെ പ്രവാചകന്മാരെ ഉദ്ധരിച്ച് യേശു കുററപ്പെടുത്തി[53]. ശാന്തമാണ് ചിലപ്പോഴവിടുത്തെ മറുപടി[54]. സ്വദൗത്യം യേശുക്രിസ്തു ന്യായീകരിക്കുന്നു. "ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ വിളിക്കാൻ വന്നിരിക്കുന്നത്". (ലൂക്കാ; 5, 32; 19, 10)

i) മുന്തിരിത്തോട്ടത്തിലെ വേലക്കാർ

മത്താ. 20, 1–15

1. ദൈവരാജ്യം തന്റെ മുന്തിരിത്തോട്ടത്തിലേയ്ക്ക് വേലക്കാരെ വിളിക്കാൻ അതികാലത്തെ പുറപ്പെട്ട വീട്ടുടമസ്ഥനെപ്പോലെയാകുന്നു.
2. ദിവസത്തേയ്ക്ക് ഒരു ദേനാറാ സമ്മതിച്ച് അവരെ മുന്തിരിത്തോട്ടത്തിലയച്ചു.
3. അവൻ മൂന്നാം മണിക്കു ചെന്നപ്പോൾ ചിലർ ചന്തസ്ഥലത്തു നില്ക്കുന്നതു കണ്ടു.
4. അവൻ അവരോടു പറഞ്ഞു: നിങ്ങളും മുന്തിരിത്തോട്ടത്തിലേയ്ക്കു പോകുവിൻ. ന്യായമായതു തരാം.

---

52. ലൂക്കാ 19, 1–10; 7, 36–50; 5, 29–32; മക്കോ. 2,15–17; മത്താ: 9, 10–13

53. മത്താ 25: ലൂക്കാ. 11, 39–52

54. ലൂക്കാ. 15–ാം അദ്ധ്യായത്തിലെ മൂന്ന് ഉപമകൾ

www.malankaralibrary.com



5. അവൻ ആറാം മണിക്കും ഒമ്പതാം മണിക്കും പുറപ്പെട്ടു് ഇങ്ങനെതന്നെ ചെയ്തു.

6. അവൻ പതിനൊന്നാം മണിക്കു പുറത്തു പോയപ്പോഴും വേറെ ചിലർ വെറുതെ നില്ക്കുന്നതുകണ്ടു് അവരോടു പറഞ്ഞു. "നിങ്ങൾ ദിവസം മുഴുവനും ഇവിടെ അലസമായി നില്ക്കുന്നതെന്തിനു്?"

7. "ആരും ഞങ്ങളെ കൂലിക്കു വിളിക്കാത്തതിനാൽ" എന്നവർ മറുപടി പറഞ്ഞു. "നിങ്ങളും മുന്തിരിത്തോട്ടത്തിലേയ്ക്കു പോകുക" എന്നു് അവൻ അവരോടു പറഞ്ഞു

8. സന്ധ്യയായപ്പോൾ വീട്ടുടമസ്ഥൻ കാര്യസ്ഥനോടു പറഞ്ഞു: 'വേലക്കാരെ വിളിച്ചു് അവസാനത്തവൻമുതൽ ഒന്നാമൻവരെ അവരുടെ കൂലികൊടുക്കുക.'

9. പതിനൊന്നാം മണിക്കു വിളിക്കപ്പെട്ടവരും വന്നു് ഓരോ ദേനാറ വാങ്ങി.

10. മുമ്പന്മാർ വന്നപ്പോൾ തങ്ങൾക്കു് കൂടുതൽ കിട്ടുമെന്നു വിചാരിച്ചു. പക്ഷേ അവർക്കും ഓരോ ദേനാറ ലഭിച്ചു.

11. അവരതു സ്വീകരിച്ചു് വീട്ടുടമസ്ഥൻെറ നേരെ ഇങ്ങനെ പറഞ്ഞു പിറുപിറുത്തു.

12. "ഈ പിമ്പന്മാർ ഒരു മണിക്കൂർ മാത്രം വേലചെയ്തു. നിങ്ങൾ അവരെ പകലിൻെറ ഭാരവും ചുട്ടുപൊരിയുന്ന വെയിലും അനുഭവിച്ച ഞങ്ങൾക്കു് തുല്യരാക്കിയല്ലോ".

13. അയാൾ അവരിൽ ഒരുവനോടു മറുപടി പറഞ്ഞു. "ഞാൻ നിന്നോടു് തെറ്റൊന്നും ചെയ്യുന്നില്ലല്ലോ. ഒരു ദേനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചതു്?"

14. നിൻെറ വീതം വാങ്ങി പൊയ്ക്കൊൾക. നിനക്കെന്നപോലെ ഈ പിമ്പനും കൊടുക്കുക എൻെറ ഇഷ്ടമാണു്.

15. എൻെറ വകകൊണ്ടു് എനിക്കിഷ്ടംപോലെ ചെയ്യരുതോ? നിനക്കെൻെറ ഔദാര്യത്തിന്മേൽ അസൂയ തോന്നുന്നുവോ?

16. അതിനാൽ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകും".

www.malankaralibrary.com



കരുണയുടെ ഉപമയെന്നു് പ്രത്യക്ഷത്തിൽ തോന്നുകയില്ല. ധൂർത്തപുത്രന്റെ ഉപമയോടു് സാമ്യമുണ്ടു്. പ്രത്യേകിച്ചു് അവസാനഭാഗത്തിനു്. അതാണല്ലോ പ്രധാനഭാഗം. രണ്ടിന്റേയും കഥാഗതി ഒരുപോലെയാണു്. മുമ്പന്മാരുടേയും മൂത്തപുത്രന്റേയും ആരോപണം ഒരുപോലെയാണു്. ആരോപണങ്ങൾക്കു് തോട്ടമുടമയും അപ്പനും നല്കുന്ന മറുപടിയും ഏതാണ്ടൊരുപോലെയാണു്.

പലതരം വ്യാഖ്യാനങ്ങൾക്കു് വിഷയമായതാണു് മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ. രക്ഷാകരചരിത്രമാണു് ഇതിൽ വിശുദ്ധ ഇറനേയൂസു് ദർശിക്കുക[55]. ആദാമിന്റെ വീഴ്ചതൊട്ടു് ഇങ്ങോട്ടു് രക്ഷാകരചരിത്രത്തിലെ അഞ്ചു ഘട്ടങ്ങളാണു് വേലക്കാർ വിളിക്കപ്പെട്ട അഞ്ചു സമയം. ക്രിസ്ത്യാനിയുടെ ജീവിതത്തിലെ അഞ്ചു് പ്രധാന ഘട്ടങ്ങളാണു് അവ എന്നത്രേ ഒരിജന്റെ അഭിപ്രായം. ഇവയൊക്കെ ലാക്ഷണിക വ്യാഖ്യാനങ്ങളാണല്ലോ.

രക്ഷയ്ക്കു് ഏക ഉപാധി ദൈവകൃപയാണു്, മനുഷ്യനു് ഒന്നും ചെയ്യാനില്ല എന്ന സിദ്ധാന്തമാണു് ഉപമയുടെ വിഷയമെന്നു് കരുതി ചിലർ വ്യാഖ്യാനിക്കുന്നു. ഇവയെല്ലാം ഉപമയുടേതിൽനിന്നു് തീർത്തും വ്യത്യസ്തമായൊരു പശ്ചാത്തലത്തിലേയ്ക്കു് ഉപമ മാററി പ്രതിഷ്ഠിക്കയാണു്. ഉപമയുടെ മൗലിക ഭാഷ്യമല്ല.

മൂന്നു ഭാഗങ്ങളുണ്ടു് ഉപമയ്ക്കു്.

1. മുന്തിരിത്തോട്ടത്തിലേയ്ക്കു വേലക്കാരെ വിളിച്ചുവിടുന്നതു് (വാക്യം 1–7)
2. വേലക്കാരുടെ കൂലികൊടുക്കൽ (വാക്യം 8–12)
3. ആരോപണത്തിനു് ഉടമസ്ഥന്റെ മറുപടി (വാക്യം 13–15)

രണ്ടും മൂന്നും ഭാഗങ്ങൾ ഒന്നായെടുക്കുകയും ചെയ്യാം.

1. മുന്തിരിത്തോട്ടത്തിലേയ്ക്കു വേലക്കാരെ വിളിച്ചുവിടുന്നു (1–7).

വാക്യം 1: സ്വർഗ്ഗരാജ്യം ഉപമിച്ചിരിക്കുന്നതു് വേലക്കാരെ

55. Adv. Hes. IV, 36.7

www.malankaralibrary.com



വിളിച്ച മനുഷ്യനോടല്ല; അയാാം സ്വീകരിച്ച കണക്കതീർപ്പിനോടാണു്.

ജോലിയൊന്നുമില്ലാതെ പട്ടണത്തിൽ അലയുന്നവരിൽ നിന്നു വേലക്കാരെ വിളിച്ചിരുന്നു. ഉടമസ്ഥൻ കൊടുക്കുന്ന കൂലികൊണ്ടു് അവർ തൃപ്തിപ്പെടുകയും ചെയ്യും.

വാക്യം 2: ദിവസത്തേയ്ക്കു് ഒരു ദേനാറ കൂലി: അതായിരുന്നു സാധാരണ കൂലിനിരക്കു്. അതുകൊണ്ടു് ഒരുദിവസം കഷ്ടിച്ചു് കഴിച്ചുകൂട്ടാം.

വാക്യം 3: ദിവസത്തിലെ മണിക്കൂറുകാം കണക്കാക്കുന്നതു് സൂര്യോദയം മുതലാണു്. മൂന്നാം മണിയെന്നതു് രാവിലെ എട്ടുമണിക്കും ഒമ്പതുമണിക്കും ഇടയ്ക്കുള്ള സമയമാണു്. മൂന്നാം മണിക്കു വന്നവർക്കു് 'ന്യായമായതു്' ഒരു ദേനാറയിൽ കുറച്ചാണു്. അവർ അതേപ്രതീക്ഷിക്കൂ.

വാക്യം 6: 'പതിനൊന്നാം മണി': വൈകിട്ടു് 4 നും 5 നും ഇടയ്ക്കു്. 'നിങ്ങാം ദിവസം മുഴുവൻ അലസമായി നില്ക്കുന്നതെന്തു്?' എന്ന ചോദ്യം അവരെ കുറപ്പെടുത്തുന്നതാണു്.

വാക്യം 7: 'ഞങ്ങളെ ആരും കൂലിക്കു വിളിക്കായ്കയാൽ'. അവർ കുററം മററുള്ളവരുടെമേൽ ചാരുന്നു. ഇതു് പൗരസ്ത്യരുടെ പ്രത്യേകതയാണു്.

ഒന്നാംഭാഗം കേവലമൊരാഖ്യാനമാണു് സംഭവവിവരണം. മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻെറ പ്രവൃത്തി പ്രത്യേകം വ്യാഖ്യാനിക്കുന്നവരുണ്ടു്. അതായതു് അയാാം വൈകിട്ടു് അഞ്ചുമണിക്കും വേലക്കാരെ വിളിച്ചതെന്തു്? അത്രയ്ക്കു് ആവശ്യമായ ഒരു സ്ഥിതിയിലായിപ്പോയി അയാാം. മുന്തിരി നഷ്ടപ്പെടുന്ന അവസ്ഥയിലായിരുന്നുപോലും! ജോലിയില്ലാതെ അലയുന്നതുകൊണ്ടു യാതനയനുഭവിക്കുന്ന കുടുംബങ്ങളെക്കുറിച്ചുള്ള ചിന്തകൊണ്ടാണു് അയാാം അസമയത്തുപോലും വേലക്കാരെ വിളിച്ചതും അവർക്കു് ഓരോ ദേനാറ കൂലികൊടുത്തതും എന്നു് ചിലർ വ്യാഖ്യാനിക്കുന്നു. വിളിച്ചവരെല്ലാം കൂലിയെപ്പററി ഒന്നും പറയാതെ വേലയ്ക്കുപോയി. അവരുടെ ഈ പെരുമാററത്തെക്കുറിച്ചു് ചർച്ചചെയ്യുന്നവരുമുണ്ടു്. അവർ അയാളെ പരിപൂർണ്ണമായി വിശ്വസിച്ചു് വേലയ്ക്കുപോയി. ഇതൊന്നുമല്ല ഉപമയുടെ വിഷയം. ഇതൊക്കെ കഥയുടെ ആഖ്യാനഗതിയുടെ ഭാഗങ്ങളാണെന്നേയുള്ളൂ. ശ്രോതാക്കളുടെ ശ്രദ്ധയാകർഷിക്കാനുള്ള സാഹിത്യഗതി എന്നുമാത്രം.

www.malankaralibrary.com



2. കൂലികൊടുക്കലും ആരോപണവും (8–12)

വാക്യം 8: കാര്യസ്ഥൻ: സന്ധ്യയ്ക്കു ശമ്പളം കൊടുക്കാൻ പ്രത്യേകമാളുകളെ നിയമിക്കുക സാധാരണയായിരുന്നു[56].

'അവസാനത്തവൻ മുതൽ....വരെ?'' അവസാനം വന്നവർ ഉൾപ്പെടെ എല്ലാവർക്കും കൂലികൊടുക്കുക എന്നാണർത്ഥം. കൂലി കൊടുക്കുക എന്നതാണു പ്രധാനം. സന്ധ്യയ്ക്കു നൽകണമെന്നു് നിയമം അനുശാസിക്കുന്നു[57]. 'കൂലി കൊടുക്കുക' എന്ന കല്പന യിൽനിന്നു് എല്ലാവർക്കും ഓരോ ദേനാറ കൊടുക്കാനാണെന്നു കാര്യസ്ഥനു മനസ്സിലായി. തുല്യ വേതനം കൊടുക്കാൻ കാരണം തോട്ടമുടമയുടെ സൗമനസ്യമാണു്.

വാക്യം 11: 'അവരതു വാങ്ങിയിട്ടു് വീട്ടുടമസ്ഥന്റെ നേരെ പിറുപിറുത്തു'. കൂലി കൊടുത്തപ്പോഴാണ് വീട്ടുടമ അടുത്തുണ്ടായിരിക്കില്ല എന്നു് ഗ്രീക്കു പ്രയോഗം ധ്വനിപ്പിക്കുന്നെന്നു ജറമിയാസ് അഭിപ്രായപ്പെടുന്നു[58].

വാക്യം 12: കോപവും അസൂയയും കലർന്നതാണവരുടെ പരാതി. രണ്ടു പരാതികളാണവർക്കുള്ളതു്. (1) അവർ പന്ത്രണ്ടുമണിക്കൂർ ജോലിചെയ്തു. പിമ്പന്മാർ ഒരുമണിക്കൂർ മാത്രം. (2) അവർ പകലിന്റെ വെയിലിൽ പണിയെടുത്തു. പിമ്പന്മാരാകട്ടെ സന്ധ്യയുടെ ശാന്തിയിൽ മാത്രം. പിമ്പന്മാരെ മുമ്പന്മാരോടു് തുല്യരാക്കിയതാണു് പരാതി. ആദ്യവസാന ക്രമം പാലിക്കാത്തതിനെപ്പററിയല്ല. ഉപമയുടെ പ്രധാനാശയവും ഇതിൽനിന്നു മനസ്സിലാക്കാം.

ആദ്യവും അവസാനവും വന്നവരെക്കുറിച്ചേ പറയുന്നുള്ളൂ. അവരിലേയ്ക്കു് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇടയ്ക്കു വന്നവരെക്കുറിച്ചു് മൗനമവലംബിക്കുന്നു. ആദ്യവും അവസാനവും വന്നവർക്കു തുല്യവേതനം. പക്ഷേ തുല്യവേതനംവഴി തുലനരഹിതമായ പെരുമാററമാണല്ലോ അവരോടു്. അതിനെക്കുറിച്ചാണു് മുമ്പന്മാരുടെ പരാതി. അതിൽ പ്രതിഫലിക്കുന്നതു് ക്രിസ്തുവിനെതിരെ നിയമജ്ഞരും ഫരീസരും ഉയർത്തിയ

---

56. Cf. ആവ. 24,5
57. ലേവ. 19,3; ആവ. 24,14; തോബി 4,15
58. J. Jeremias, Parables of Jesus, p. 137

www.malankaralibrary.com



ആരോപണമാണ്. അദ്ദേഹം ചുങ്കക്കാരോടും പാപികളോടും സൗമനസ്യം പ്രകടിപ്പിച്ചപ്പോൾ 'ഇവൻ പാപികളുടെ സ്നേഹിതനാകുന്നു'വെന്നു് യഹൂദനേതാക്കൾ ആരോപിച്ചു[59].

3. വീട്ടുടമസ്ഥന്റെ മറുപടി (13-15)

പിറുപിറുത്തവരിൽ ഒരുത്തനെ അയാൾ വിളിച്ചു. അവൻ അവരിൽ പ്രധാനി ആയിരിക്കണം.

'സുഹൃത്തേ'[60] എന്നാണയാൾ സംബോധന ചെയ്യുക. സ്നേഹവും കുറ്റപ്പെടുത്തലും ഉൾക്കൊള്ളുന്ന സംബോധനയാണിതു്. അവരെ ഒരു പാഠം പഠിപ്പിക്കണമെന്ന ഉദ്ദേശം അതിലുണ്ടു്.

"നിനക്കെന്നപോലെ ഈ പിമ്പനും കൊടുക്കാൻ എന്റെ ഉറച്ച ഉദ്ദേശമാണു്" (വാക്യം 14) എന്നു് അയാൾ പറയുകയും ചെയ്യുന്നു. ഉടമസ്ഥന്റെ ഔദാര്യമനസ്ഥിതി മാത്രമാണു് തുല്യവേതനത്തിനു നിദാനം. "നിനക്കെന്റെ ഔദാര്യത്തിന്മേൽ അസൂയ തോന്നുന്നോ?" (വാക്യം.15) ഈ വാക്യത്തിൽ ഉടമസ്ഥൻ തന്റെ പ്രവൃത്തി കൂടുതൽ നീതീകരിക്കുന്നു. മൂന്നു ചോദ്യങ്ങൾ അയാൾ മുമ്പന്മാരുടെ മുമ്പിൽ വയ്ക്കുന്നു. അവർ തമ്മിലുള്ള ഉടമ്പടി അയാൾ പാലിക്കുന്നെന്നു് ഒന്നാംചോദ്യം വ്യക്തമാക്കുന്നു. രണ്ടാം ചോദ്യത്തിൽ പിമ്പന്മാരോടുള്ള പെരുമാററം നീതീകരിക്കുന്നു. മുമ്പന്മാരോടു് അനീതിയൊന്നും ചെയ്യുന്നില്ലെന്നു് രണ്ടു ചോദ്യത്തിൽ സ്ഥാപിക്കുന്നു. നീതിയുടെ പ്രശ്നം പരിഹരിച്ചശേഷം പിമ്പന്മാരോടു് അയാൾ അപ്രകാരം പെരുമാറാനുള്ള കാരണവും പറയുന്നു. ചോദ്യങ്ങൾക്കൊന്നിനും അവർ മറുപടി നല്കുന്നില്ല. അയാൾ പ്രതീക്ഷിക്കുന്നുമില്ലെന്നു തോന്നുന്നു. ഈ ചോദ്യങ്ങൾകൊണ്ടു് ഉപമ ഉപസംഹരിക്കുന്നു. അവർ പിടിച്ചുനിന്നോ എന്നൊന്നും പറയുന്നില്ല. പ്രസ്തുത ചോദ്യങ്ങളിൽ

---

59. ലൂക്കാ. 5,30;15,2;19,7

60. പേരറിയാത്തവരെ സംബോധന ചെയ്യുന്ന വിധമാണിതു്. Cf. J. Jeremias, Parables of Jesus, p. 137. പ്രസ്തുത പദം പുതിയനിയമത്തിൽ രണ്ടിടത്തുകൂടിയുണ്ടു്. മത്താ. 26,50: ക്രിസ്തു യൂദാസിനെ വിളിക്കുന്നു. മത്താ. 22,12: കല്യാണവസ്ത്രമില്ലാതെ വിരുന്നുശാലയിൽ പ്രവേശിച്ചവനേയും ഇങ്ങനെയാണു് വിളിക്കുക. അവിടെയെല്ലാം അഭിസംബോധന ചെയ്യപ്പെട്ടവർ തെററിലാണു്.

www.malankaralibrary.com



അയാറം അവരോടാവശ്യപ്പെടുന്നതു് അയാളുടെ ഔദാര്യത്തെ പ്പററി അവരും സന്തോഷിക്കണമെന്നാണു്. പാപികളോ ടുള്ള യേശുവിൻെറ സമീപനത്തിനെതിരേ പിറുപിറുത്തവ രോടു് യേശു ആവശ്യപ്പെടുന്നതിതാണു്. അബ്രാഹമിൻെറ കാലം മുതലേ വിളിക്കപ്പെടുകയും എന്നാൽ കൃത്യവിലോപം മൂലം വാഗ്ദാനങ്ങറം നഷ്ടപ്പെടുത്തുകയും ചെയ്ത മുമ്പന്മാരായ യഹൂദരുടെ മുൻഗണനയൊന്നും യേശു വകവച്ചില്ല. അവക്ക വളരെ പിമ്പുവന്ന അയോഗ്യരായ ചുങ്കക്കാക്കം പാപികറക്കം സ്വർഗ്ഗം വാഗ്ദാനം ചെയ്തു. ഇതെന്തു്? യഹൂദപ്രമാണികറം ചോദ്യം ചെയ്തു. ക്രിസ്തു മറുപടി നൽകി. ദൈവരാജ്യത്തിൻെറ കാര്യം ഇങ്ങനെയാണു്. അതു് മുമ്പനും പിമ്പനും ഒരുപോലെ നല്കപ്പെടാം. ദൈവത്തിനിഷ്ടമുള്ളവക്ക കൊടുക്കുന്നു. അവിടെ മാനദണ്ഡം നിയമാനുസരണം മാത്രമല്ല. അനുവർത്തനംകൊ ണ്ടുള്ള അർഹതയുമല്ല. ദൈവത്തിൻെറ കരുണനിറഞ്ഞ ഹൃദ യമാണു്. പാപികളുടെ പേക്കുള്ള ഔദാര്യത്തെയും സൗമന സ്യത്തെയുംപ്രതി ആനന്ദിക്കയാണു് വേണ്ടതു്. ഫരീസരും നിയമജ്ഞരും തങ്ങളുടെ മനോഭാവം തിരുത്തണം.

വീട്ടുടമസ്ഥൻെറ മൂന്നു ചോദ്യങ്ങറക്കും മറുപടിയില്ല എ ന്നതു് ശ്രദ്ധേയമാണു്. യഹൂദനേതാക്കന്മാരുടേതുപോലുള്ള മനോഭാവം മാററുവാൻ ആവശ്യപ്പെടുകയാണു് ഇവയിൽ യേശു. ഈ ആഹ്വാനത്തിനു് ഓരോരുത്തരും സ്വയം ഉത്തരം നല്കണം. യഹൂദപ്രമാണികറക്കെന്നപോലെ അവരുടെ മന സ്ഥിതിക്കാക്കം ഉപമ ഒരു വെല്ലുവിളിയാണു്. ദൈവരാജ്യം കൃപയും കരുണയുമാകുന്നുവെന്നതിൽ സന്തോഷിക്കുക. കാല ത്തിൻെറ ഈ സൂചന നാം അംഗീകരിക്കുകയും അതാവശ്യപ്പെ ടുന്ന മനോഭാവം കൈക്കൊള്ളുകയും വേണം.

"പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകും"
(വാക്യം 16)

ഉപമയ്ക്കു് സുവിശേഷകൻ നല്കുന്ന ഉപസംഹാരമാണിതു്. ആരംഭത്തിൽ ഉപമയുമായി ബന്ധമില്ലാത്ത പൊതുതത്വം. ഈ സ്വതന്ത്രോക്തി മറെറാരവസരത്തിൻേറതാകാനാണു് കൂടു തൽ സാദ്ധ്യത. മക്കോ. 10,31–ൽ ഇതേ വാചകമുണ്ടു്. അവി ടെയതു് മത്താ. 20ലേതിലും മൗലികമായ സ്ഥാനത്താണു്. സവ്വതും പരിത്യജിച്ചു് യേശുവിനെ അനുഗമിക്കുന്നവക്കുള്ള പ്രതിഫലത്തെക്കുറിച്ചു് പരാമർശിക്കുന്നിടം. ഇതേ സന്ദർഭം മത്താ. 19,30ലുമുണ്ടു്. അതായതു് ഉപമയ്ക്കു് തൊട്ടുമുമ്പു്. അതാണു് 'മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും' എന്ന പ്രസ്താവത്തിനു് കൂടുതൽ അനുയോജ്യവും മൗലികവുമായ

www.malankaralibrary.com



സമ്മത്തം. വ്യത്യസ്തമായൊരു സ്ഥാനത്താണ് വി. ലൂക്കോസ് ഈ വാചകം ചേർത്തിരിക്കുക (13,30). ദൈവത്തിന്റെ ജനമെന്നു സ്വയം കരുതിയ യഹൂദന്മാർക്ക് യേശു മുന്നറിയിപ്പു നൽകുന്ന സന്ദർഭമാണിവിടെ. മൂന്നു സുവിശേഷകന്മാരും പരാമൃഷ്ടവാക്യം നൽകിയിട്ടുണ്ട്. വ്യത്യസ്തമായ പശ്ചാത്തലങ്ങളിലാണെന്നു മാത്രം. സകലതുമുപേക്ഷിച്ച് യേശുവിനെ പിൻചെല്ലുന്നവർക്കുള്ള പ്രതിഫലത്തോടനുബന്ധിച്ചുള്ളതാക്കി പ്രഥമ ദ്വിതീയ സുവിശേഷകന്മാർ. വി. ലൂക്കോസാകട്ടെ സഭയിലെ അംഗത്വത്തെ പരാമർശിക്കുന്നതുമാക്കി.

സുവിശേഷകൻ പ്രസ്തുത സ്വതന്ത്രോക്തി എന്തിനിവിടെ ചേർത്തു? 15-ാം വാക്യത്തോടെ ഉപമ അവസാനിപ്പിച്ചാൽ നിരവധി ചോദ്യങ്ങൾ ഉയരുന്നു. മുമ്പന്മാരെ പിമ്പന്മാരാക്കിയതെന്തു്? അഥവാ എല്ലാവരേയും തുല്യരായി പരിഗണിക്കാത്തതെന്തു്? ഇവയ്ക്കുത്തരം നല്കാൻ വേറൊരു സാഹചര്യത്തിലെ വാക്കുകൾ ഉപമയുടെ ഉപസംഹാരമായി സ്വീകരിച്ചു[61].

ദൈവത്തിന്റെ ആഹ്വാനം സ്വീകരിക്കുന്ന എല്ലാവർക്കും മുൻപിൻ പരിഗണനകൂടാതെ അവിടുന്ന് തന്റെ രാജ്യം കൃപാദാനമായി നല്കും. അങ്ങയുടെ കരുണ മാത്രമാണ് കാരണം.

---

61. Cf. J. Jeremias, Parables of Jesus, s. c. 36; Re-discovering the parables, P. 27.

പഴയ ഈജിപ്ഷ്യൻ കൈയെഴുത്തുപ്രതിയൊഴിച്ച് എല്ലാ പ്രതികളിലും 16-ാം വാക്യത്തിനു ''വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം'' എന്നൊരു രണ്ടാം ഭാഗം കൂടിയുണ്ട്. (ആധുനിക ബൈബിൾ പകർപ്പുകളിലില്ല). ആദ്യം വിളിക്കപ്പെട്ടവരും മററുള്ളവരെപ്പോലെ കൂലിവാങ്ങിയപ്പോൾ യജമാനനെതിരായി പിറുപിറുത്തു. ദൈവേച്ഛയ്ക്കെതിരായ പിറുപിറുപ്പാണന്നതിന്നർത്ഥമാക്കുക. ദൈവത്തിന്റെ രക്ഷാകര പദ്ധതിക്കും തീരുമാനത്തിനും പ്രവർത്തനത്തിനുമെതിരെ ആവലാതിപ്പെട്ടു. അപ്പോൾ യജമാനൻ കല്പിച്ചു: ''നിങ്ങളുടേതു് പററിക്കൊൾക''. വിധികല്പനയാണിതു്. ദൈവം അവരെ വിധിച്ച് അയയ്ക്കുന്നു. ദൈവത്തിനെതിരായി പിറുപിറുത്തു് രക്ഷ അപകടത്തിലാക്കരുതു് എന്നു് ഉപദേശിക്കുന്നതുമാക്കി ഉപമയെ. തെരഞ്ഞെടുപ്പോ, വിധിയോ, ശിക്ഷയോ അല്ല ഉപമയുടെ സന്ദേശം. മുമ്പന്മാർക്കും വ്യവസ്ഥയനുസരിച്ച് കൂലി കിട്ടിയല്ലോ. ഉപമയുടെ സന്ദേശവാഹിയല്ലാത്തതിനാലാണ് പഴയ (ഈജിപ്ഷ്യൻ) പ്രതികളിലും ആധുനിക പ്രതികളിലും 16-ാം വാക്യത്തിന്റെ രണ്ടാം ഭാഗം വിട്ടുകളഞ്ഞിരിക്കുന്നതു്.

www.malankaralibrary.com



ഇതാണ്‌ ഉപമയുടെ സന്ദേശം. എങ്കിലും വി. മത്തായി ഉപമയ്ക്ക് പൊതുവെയൊരു വ്യതിയാനം വരുത്തിയിട്ടുണ്ട്‌. "പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകും" എന്ന വാക്യത്തിന്റെ വിശദീകരണമാക്കിയിരിക്കയാണുപമ. അവതരണം വ്യത്യാസപ്പെടുത്തിയതിനാൽ അർത്ഥത്തിനും മാററം വന്നു. ഒന്നാം സുവിശേഷത്തിലെ അവതരണക്രമം താഴെ കൊടുക്കുന്നു.

19,16–22: ധനികയുവാവ്‌ യേശുവിനെ സമീപിക്കുന്നു. അവന്റെ അഭ്യർത്ഥന നിരാകരിക്കപ്പെടുന്നു.

23–26: ശിഷ്യന്മാർക്കു പ്രയാസങ്ങളും വിവരിച്ചുകൊടുക്കുന്നു.

27–28: പന്തിരുവർ യേശുവിനെ അനുഗമിച്ചു.

29: അതിനവർക്കുള്ള പ്രതിഫലം യേശു അറിയിക്കുന്നു.

30: ഉപസംഹാരം[62]

20,1–15: ഉപമ

16: 19, 30 ലെ വാക്യം ഉപമയുടെ ഉപസംഹാരമായി ആവർത്തിക്കുന്നു.

മുമ്പരും പിമ്പരും

മുമ്പന്മാരായ പിമ്പർ ആരാണ്‌? ശ്ലീഹന്മാരാണോ? യേശു രണ്ടുതരം ആളുകളെക്കുറിച്ചു പറയുന്നു. യഹൂദനേതാക്കന്മാരെക്കുറിച്ച്‌ ഒന്നാംസുവിശേഷത്തിൽ മൂന്ന്‌ ഉപമകളുംകൂടിയുണ്ട്‌[63]. അവർ ദൈവത്തിലെ പ്രഥമാഗതരും പ്രമാണികളുമെന്നു സ്വയം കരുതി നിയമപാലനംകൊണ്ടുമാത്രം സ്വർഗ്ഗരാജ്യം കൈവശമാക്കാമെന്നു ചിന്തിച്ചു. അയോഗ്യരെന്ന്‌ അവർ തള്ളിയവരെ ദൈവം തന്റെ കരുണയാൽ അവിടുത്തെ രാജ്യത്തിൽ മുമ്പന്മാരാക്കി. രണ്ടാം കൂട്ടർ ക്രിസ്‌തുവിനെ സ്വീകരിച്ച ചുങ്കക്കാരും പാപികളും ശിഷ്യരുമാണ്‌. മുമ്പരെന്നു സ്വയം കരുതിയവർ നിരാകരിക്കപ്പെടുകയും പിമ്പരെന്നു വിധിക്കപ്പെട്ടവർ സ്വീകൃതരാകയും ചെയ്യുന്നു. ദൈവരാജ്യത്തിലെ അംഗത്വത്തിനു മാനദണ്ഡം നിയമപാലനമല്ല, ദൈവത്തിന്റെ കരുണയാണ്‌. കരുണയുടെ രാജ്യമാണത്‌. അടിസ്ഥാനപരമായ ഈ മനോഭാവം കൈക്കൊണ്ടേ മതിയാവൂ.

---

62. യേശുവിനെ അനുഗമിക്കുന്നതിനെക്കുറിച്ച്‌ ചർച്ചചെയ്യുന്നിടത്ത്‌ 30–ാം വാക്യം (ഉപസംഹാരം) നന്നേ യോജിക്കുന്നു. അത്‌ ശിഷ്യന്മാർക്ക്‌ നൽകുന്ന ഒരുപദേശമാണുതാനും.

63. രണ്ടു പുത്രന്മാരുടെ ഉപമ (മത്താ. 21,31) മുന്തിരിത്തോട്ടത്തിലെ ക്രൂരരായ പാട്ടക്കാരുടെ ഉപമ (21, 33–41) വിവാഹവിരുന്നിന്റെ ഉപമ (22,1–13)

www.malankaralibrary.com



ii) കാണാതെപോയ ആടിൻേറയും (ലൂക്കാ. 15,3–7; മത്താ. 18,12–23) നഷ്ടപ്പെട്ട നാണയത്തിൻേറയും (ലൂക്കാ. 15,8–10) ഉപമകരം.

മത്താ. 18,12–23

12. നിങ്ങരംക്കു് എന്തു തോന്നുന്നു? ഒരുവനു നൂറു് ആടുണ്ടായിരിക്കെ അതിലൊന്നു വഴിതെററിപ്പോയാൽ മററു തൊണ്ണൂററൊമ്പതിനേയും മലമുകളിൽ വിട്ടിട്ടു് വഴിതെററിപ്പോയതിനെ അന്വേഷിച്ചു പോകയില്ലേ?

13. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, അവൻ അതിനെപ്രതി ഒരിക്കലും വഴിതെററിപ്പോകാത്ത തൊണ്ണൂററൊമ്പതിനെപ്രതിയെന്നതിലുമധികം ആനന്ദിക്കുന്നു.

14. അതുപോലെ ഈ ചെറിയവരിൽ ഒരുത്തൻപോലും നശിക്കണമെന്നു് എൻെറ സ്വർഗ്ഗസ്ഥപിതാവിനു് ഇഷ്ടമില്ല.

ലൂക്കാ. 15,3–7

3. അതിനാൽ അവരോടു് ഈ ഉപമ പറഞ്ഞു:

4. തനിക്കു് നൂറു് ആടു് ഉണ്ടായിരുന്നതിൽ ഒന്നു നഷ്ടപ്പെട്ടുപോയാൽ തൊണ്ണൂററൊമ്പതിനേയും മരുഭൂമിയിൽ വിട്ടിട്ടു് നഷ്ടപ്പെട്ട ഒന്നിനെ കണ്ടുകിട്ടുവോളം അന്വേഷിച്ചുപോകാത്തവൻ നിങ്ങളിൽ ആരുണ്ടു്?

5. അവൻ അതിനെ കണ്ടുകിട്ടുമ്പോരം ആനന്ദിച്ചു് തൻെറ തോളിൽ എടുക്കുന്നു.

6. വീട്ടിൽ വരുമ്പോരം തൻെറ സ്നേഹിതരേയും അയല്ക്കാരേയും വിളിച്ചുകൂട്ടി പറയുന്നു: 'എന്നോടൊത്തു് സന്തോഷിക്കുവിൻ, എന്തെന്നാൽ എൻെറ നഷ്ടപ്പെട്ട ആടിനെ കണ്ടുകിട്ടിയിരിക്കുന്നു.'

www.malankaralibrary.com



7. ഞാൻ നിങ്ങളോടു പറയുന്നു: അനുതാപമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെപ്രതിയെന്നതിലും അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ ഏറ്റെ ആനന്ദമുണ്ടായിരിക്കും.

8. അല്ലെങ്കിൽ പത്തു വെള്ളിനാണയങ്ങളുണ്ടായിരിക്കെ അതിലൊന്നു നഷ്ടപ്പെട്ടാൽ വിളക്കു കത്തിച്ച് വീട് അടിച്ചുവാരി സൂക്ഷ്മതയോടെ അന്വേഷിക്കാത്ത സ്ത്രീ ഏതാണ്?

9. അവരം അതു കണ്ടുകിട്ടുമ്പോരം സ്നേഹിതരേയും അയല്ക്കാരേയും വിളിച്ചുകൂട്ടി പറയും: 'നിങ്ങരം എന്നോടൊത്താനന്ദിക്കുവിൻ; എന്റെ കാണാതായ നാണയം കണ്ടുകിട്ടിയിരിക്കുന്നു.'

10. ഞാൻ നിങ്ങളോടു പറയുന്നു: അനുതപിക്കുന്ന പാപിയെപ്രതി ദൈവദൂതന്മാരുടെ മുമ്പാകെ ആനന്ദമുണ്ടാകും.

www.malankaralibrary.com



ദൈവം പാപികളെ സ്നേഹിക്കുന്നു. അവരുടെമേൽ കരുണചൊരിയുന്നു. നശിച്ചുപോയതിനെ തേടിപ്പിടിച്ച് രക്ഷിക്കുക, സ്വർഗ്ഗീയസമൂഹത്തിലേയ്ക്കു കൊണ്ടുവരിക, ദൈവകാരുണ്യത്തിൻെറ പ്രത്യേകപ്രവൃത്തിയാണ്. നഷ്ടപ്പെട്ടതിനെ തേടിപ്പിടിക്കയും അതിൻെറ ലബ്ധിയിൽ അതിയായി ആഹ്ളാദിക്കയും ചെയ്യുക. ഇതാണ് പരാമൃഷ്ടമായ ഉപമകളുടെ സന്ദേശം.

ലൂക്കോസിൻെറ സുവിശേഷത്തിൽ ഉപമകൾ നിബന്ധിച്ചിരിക്കുക മൗലികപശ്ചാത്തലത്തിലാണ്. 15–ാം അദ്ധ്യായത്തിന് പ്രത്യേകമൊരു സ്ഥാനമുണ്ട്. അത് സുവിശേഷകൻ വളരെ ശ്രദ്ധയോടെ വിരചിച്ചതാണ്. സുവിശേഷത്തിലെ ഉത്കൃഷ്ടഭാഗങ്ങളിലൊന്നാണ്[64].

യേശു രണ്ട് ഉപമകൾ മനോഹരമായി സമ്മേളിപ്പിച്ചിരിക്കയാണ്. രചനാഗതിയും കഥാഗതിയും ഒന്നുതന്നെ. ഒരേ പാഠമാണ്[65] രണ്ടും വിശദമാക്കുക.

നഷ്ടപ്പെട്ട ആട്

ചോദ്യരൂപത്തിലാണ് ഉപമ ആരംഭിക്കുക. ഈ സങ്കേതം ശ്രോതാക്കളുടെ ശ്രദ്ധ തട്ടിയുണർത്തുന്നു. കഥാഗതി സൂചിപ്പിക്കുന്നു. അംഗീകാരമനസ്ഥിതിയോടെ കേൾക്കാൻ കേൾവിക്കാരെ സന്നദ്ധരാക്കുന്നു.

വാക്യം 3–6: ഉപമാവിവരണം: പലസ്തീനായിൽ പരിചിതമായ ചിത്രമാണ്. ഇടയന്മാർക്ക് നല്ലൊരു പററം ആടുണ്ടാകും. രാവിലെ മേയിക്കാൻ കൊണ്ടുപോകും, സന്ധ്യയ്ക്ക് തിരിച്ചുകൊണ്ടുവരും. ചിലപ്പോൾ ആടുകൾ മേഞ്ഞുമേഞ്ഞ് ഏറെ ദൂരം പോയിരുന്നു, കുററിക്കാടുകളിലൂടെയും മററുമുള്ള യാത്രയായതിനാൽ ആട് കുരുങ്ങിക്കിടക്കാൻ ഇടയാകും. വൈകിട്ട് കൂട്ടിലടയ്ക്കുന്നതിനു[66] മുമ്പ്[67] ആടുകളെ എണ്ണിനോക്കും.

---

64. കാണുക. ജോർജ്ജ് മങ്ങാട്ട്, ബൈബിൾ ഭാഷ്യം, വാല്യം 1, ലക്കം 2, (ജൂൺ 1972) പുറ. 164–170.

65. വാക്യങ്ങൾ 7ഉം 10 ഉം

66. ആടിനെ കിടത്തുന്ന കൂട് വല്ല തുരങ്കങ്ങളോ, പഴയ കല്ലറകുഴികളോ ആകാം. ചിലപ്പോൾ കല്ലുകൊണ്ട് ഭിത്തിപോലെ ഉയർത്തിയിട്ട് മരക്കൊമ്പുകളോ മററോകൊണ്ട് മുകൾഭാഗം മൂടിയ കൽത്തുറുങ്കുമാവാം. വന്യമൃഗങ്ങളിൽ നിന്നുള്ള രക്ഷയ്ക്ക് ഇതുപകരിക്കുന്നു. ഒരേ ആലയിൽ പലരുടെ ആടിനെ ഇടും. ഓരോ ഇടയനും തൻെറ ആടുകളെ എണ്ണിയിട്ട് ആലയിൽ വിടും. കൂലിക്കാരനോ ഇടയന്മാരിൽ ആരെങ്കിലുമോ കാവലിരിക്കുന്നു. പിറേറന്നു രാവിലെ ഓരോരുത്തനും സ്വന്തം ആടുകളെ വേർതിരിക്കും. പേർവിളിച്ച് വേർതിരിക്കുക എളുപ്പമാണ്. ആട് സ്വന്തയജമാനൻെറ സ്വരം തിരിച്ചറിഞ്ഞ് ഓടിയെത്തും.

67. വൈകിട്ട് എണ്ണാൻ മറന്നു പോയാൽ രാവിലെ എണ്ണിയിരുന്നു cf. J. Jeremias, Parables of Jesus, p. 133.

www.malankaralibrary.com



ഏതെങ്കിലുമൊന്ന് കാണാതായാൽ അതിനെ തേടിപ്പോകുന്നു. കണ്ടുകിട്ടുമ്പോൾ ആനന്ദത്തോടെ തോളിലേററി തിരികെ വരുന്നു.

'ഇടയനും ആടും': വി. ഗ്രന്ഥസാഹിത്യത്തിൽ ഒരു ക്ലാസ്സിക്കൽ ചിത്രമാണ്[68].

'നൂറ് ആട്'' എന്നതിൽ 100 ഒരു ഏകദേശസംഖ്യയായി കരുതിയാൽ മതി. യഹൂദ പരിഗണനയിൽ 300 അസാധാരണ സംഖ്യയായിരുന്നു. ഇരുപതുമുതൽ 200 വരെയാണ് സാധാരണ കൂട്ടം. നൂറ് ആടുള്ളവൻ ഇടത്തരക്കാരനാണ്.

തൻെറ നൂറ് ആടിൽ ഒന്നു നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കുന്ന ഇടയൻെറ പ്രതികരണം വളരെ നാടകീയവും ഹൃദയസ്പൃശിയുമായാണ് അവതരിപ്പിച്ചിരിക്കുക. ബാക്കി തൊണ്ണൂറെറാമ്പതിനേയും അപകടം നിറഞ്ഞ മേച്ചിൽസ്ഥലങ്ങളിൽ അനാഥമായി ഉപേക്ഷിച്ചിട്ടുപോകുന്നുവെന്നാണ് കഥ വായിക്കുമ്പോൾ നമുക്കു തോന്നുക. അങ്ങനെയല്ല. ആരെയെങ്കിലും ഏല്പിച്ചിട്ടേ പോകൂ. സംഖ്യകൾ തമ്മിലുള്ള വൈപരീത്യം പ്രത്യേകം കാണിച്ച് നഷ്ടപ്പെട്ടതിനോടുള്ള ബോധപൂർവ്വമായ അതിരററ താല്പര്യവും സ്നേഹവാത്സല്യവും ഊന്നിക്കാണിക്കുന്നതാണ് ഇടയൻെറ പ്രവൃത്തി. നഷ്ടപ്പെട്ടതിനോടുള്ള സവിശേഷ സ്നേഹവും താല്പര്യവും അതിനെ കണ്ടുകിട്ടുമ്പോൾ തീവ്രമായ ആനന്ദവികാരങ്ങളായി മാറുന്നു. അതിൽ അയൽക്കാരെയും സ്നേഹിതരെയും പങ്കുകൊള്ളിക്കുന്നു.

വാക്യം 7: ഉപമയുടെ സന്ദേശമുൾക്കൊള്ളുന്ന പാഠമാണ്[69].

''ഞാൻ നിങ്ങളോടു പറയുന്നു'' എന്ന മുഖവുര സന്ദേശത്തിൻെറ ഗാംഭീര്യം വർദ്ധിപ്പിക്കുന്നു[70]. ''അനുതാപത്തിൻെറ ആവശ്യം'' ആടിൻെറ കൂട്ടംപിരിയലും 'സ്വർഗ്ഗം' ഇടയനേയും 'സ്വർഗ്ഗത്തിൽ ആനന്ദം' ഇടയൻെറ ആനന്ദവും 'പാപി' നഷ്ടപ്പെട്ട ആടിനെയും അനുസ്മരിപ്പിക്കുന്നു.

---

68. സങ്കീ. 23; എസക്കി. 34; ഏശായ. 40,11; സഖ. 13,7; മത്താ. 26, 31; ലൂക്കാ. 12, 32; യോഹ. 21, 15; 10, Iff ഇത്യാദി

69. വാക്യം 10ഉം കാണുക.

70. കാണുക. ജോർജ്ജ് മങ്ങാട്ട് ടി. പുറം. 173.

www.malankaralibrary.com



"....അനുതപിക്കുന്ന പാപിയെപ്രതി സ്വർഗ്ഗത്തിൽ ഏറെ ആനന്ദമുണ്ടായിരിക്കും": സ്വർഗ്ഗം ദൈവത്തിന്റെ പര്യായമാണ്[71]. ദൈവം ഏറെ സന്തോഷിക്കും എന്നാണ് വാചകത്തിനർത്ഥം. അനുതപിക്കുന്ന പാപി അനുതാപമാവശ്യമില്ലാത്ത തൊണ്ണൂററൊമ്പതു നീതിമാന്മാരെക്കാൾ ദൈവത്തെ ആനന്ദിപ്പിക്കുന്നു—ദൈവത്തെപ്പററി മാനുഷികരീതിയിലുള്ള ഒരു പ്രസ്താവമാണ് വാക്യം ഏഴ്.

ആരാണ് അനുതാപമാവശ്യമില്ലാത്ത നീതിമാന്മാർ? നീതിമാന്മാരെന്നു സ്വയം കരുതിയ കപടഭക്തരായ നിയമജ്ഞരും പരീസരുമാണോ? ഉപമയിലങ്ങനെ കാണുന്നില്ല. നീതിയുടെ കപടവേഷമണിഞ്ഞ ആത്മവഞ്ചകരെപ്പററി ദൈവം ആനന്ദിക്കാത്തതിൽ പ്രത്യേകതയൊന്നുമില്ലല്ലോ. യഥാർത്ഥ ഭക്തന്മാരെപ്രതിയെന്നതിലും അനുതപിക്കുന്ന പാപിയെപ്രതി ആനന്ദിക്കുന്നതിലാണ് ദൈവസ്നേഹത്തിന്റെ നിസ്തുലത. അതിനാൽ യഥാർത്ഥ നീതിമാന്മാരെപ്പററിയാണ് ഇവിടെ പരാമർശം.

നീതിമാന്മാരെപ്പററി ദൈവം സന്തോഷിക്കുന്നില്ലേ? അനുതപിക്കുന്ന പാപിയെപ്രതി നീതിമാന്മാരെപ്രതിയെന്നതിലും ഏറെ സന്തോഷിക്കുന്നു എന്നല്ലാതെ അവരെ കൂടുതൽ സ്നേഹിക്കുന്നു എന്നില്ല. അനുതപിക്കുന്ന പാപി വിശ്വസ്തനായ നീതിമാനെക്കാൾ വിലയേറിയവനാണെന്നോ സ്നേഹയോഗ്യനാണെന്നോ യേശു പറയുന്നില്ല[72]. ദൈവസ്നേഹമല്ല, അദ്ദേഹത്തിന്റെ ആനന്ദമാണ് ഉപമയുടെ പ്രത്യേക വിഷയം.

"....ഏറെ ആനന്ദമുണ്ടാകും" എന്നതു് ഹീബ്രു അതിവർണ്ണനയാണ്. ഉദ്ദിഷ്ടാശയത്തിന് ആക്കക്കൂടുതൽ വരുത്താനും അതു് ഗൗരവമായ ഒന്നാണെന്നു് പ്രകടമാക്കാനുമാണ് ഇത്തരം പ്രയോഗങ്ങൾ[73]. ശൈലിയുടെ അർത്ഥവും ലക്ഷ്യവും ഉപമയുടെ

71. യഹൂദർ ദൈവത്തോടുള്ള ബഹുമാനം കാരണം 'ദൈവ'ശബ്ദത്തിനു പകരം 'സ്വർഗ്ഗം', 'ശക്തി', 'വാഴ്ത്തപ്പെട്ടവൻ', 'കർത്താവ്' എന്നീ വക്രോക്തികളാണുപയോഗിച്ചിരുന്നതു്. ആവർത്തനംവഴി ദൈവനാമത്തിന്റെ പരിശുദ്ധി നഷ്ടപ്പെടാതിരിക്കാനാണിതു്.

72. ജോർജ്ജ് മങ്ങാട്ട്, ടി, പുറം 175

73. Cf. Filas S. J., p, 64

www.malankaralibrary.com



സാഹചര്യം വ്യക്തമാക്കുന്നുണ്ട്. അതിന്റെ പ്രത്യേക ശക്തി യേശു സ്വയം നല്ലയിടയനായി നല്കുന്ന ചിത്രീകരണത്തിൽ നിന്നു് തെളിയുന്നു.

പാപിയോടു് ദൈവത്തിന്റെ സമീപനം കഥയിലെ ഇടയന്റേതുപോലെയാണു്. അദ്ദേഹം പാപികളുടെ മാനസാന്തരവും രക്ഷയും ആഗ്രഹിക്കുന്നു. അവരെ യേശുവിലൂടെ അന്വേഷിച്ചിറങ്ങുന്നു. കണ്ടെത്തുമ്പോൾ അതിമാത്രം ആനന്ദിക്കുന്നു. അത്രയ്ക്കു് കാരുണ്യവാനാണവിടുന്നു്. ദൈവത്തിനു് പാപികളോടുള്ള പൈതൃകസ്നേഹത്തിന്റേയും കരുണയുടേയും ആഴം കൂടുതൽ ആവിഷ്കൃതമാകുന്നതു് യേശുക്രിസ്തുവിലാണു്. ആ പ്രകാശത്തിൽ ഉപമ ഉപരിഗാഢമായി വ്യക്തമാകുന്നു. പാപിയുടെ തിരിച്ചുവരവിൽ നമ്മുടെ മനോഭാവം എന്തായിരിക്കണമെന്നും ഉപമ ആവശ്യപ്പെടുന്നു. യഹൂദപ്രമാണികൾ ദൈവകരുണയെ വിമർശിച്ചു. അവിടുന്നു് ആനന്ദംകൊണ്ടതിൽ അവർ അമർഷംപൂണ്ടു. നാമും പാപികളെ അന്വേഷിക്കയും ദൈവത്തിന്റെ ആനന്ദത്തിൽ പങ്കുപററുകയുമാണു വേണ്ടതു്.

ഔല്പത്തികരംഗത്തിൽത്തന്നെ വി. ലൂക്കോസ് സുവിശേഷകൻ ഉപമ സംവിധാനം ചെയ്തിരിക്കുന്നുവെന്നു പറഞ്ഞുവല്ലോ. പാപികളോടുള്ള യേശുവിന്റെ സമീപനത്തെ വിമർശിച്ചവർക്കു ദൈവസുതൻ ശാന്തമായി മറുപടി നൽകുന്ന ഉപമയിൽ. പാപികളോടു് യേശുക്രിസ്തു പ്രകടിപ്പിക്കുന്ന സ്നേഹപൂർണ്ണമായ സമ്പർക്കം അനുതപിക്കുന്ന പാപിയെപ്രതി ദൈവപിതാവിനുള്ള ആനന്ദത്തിന്റെ പ്രകാശനം മാത്രമാണെന്നു[74] വിശദമാക്കുന്നു.

മത്തായിയുടെ സുവിശേഷത്തിൽ ഉപമയ്ക്കു് ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. സന്ദർഭവും സന്ദേശവും വി. ലൂക്കോസ് നല്കുന്നതിൽനിന്നു് വ്യത്യസ്തമാണു്. "ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുവിൻ" എന്നു് യേശു ശിഷ്യസമൂഹത്തിനു നല്കുന്ന ഉപദേശത്തിന്റെ വിശദീകരണമാണു് ഉപമ. സഭാസമൂഹത്തിലെ പരസ്പര ബന്ധത്തെപ്പററി യേശു ശിഷ്യന്മാർക്കു നല്കുന്ന സാമാന്യം ദീർ

---

74. Cf. ജോർജ്ജ് മങ്ങാട്ടു്, ടി, പുറം 171

www.malankaralibrary.com



ഘലമായ ഒരുപദേശത്തിലുൾപ്പെടുത്തിയിരിക്കുന്നു[75]. ശ്രോതാക്കൾ യഹൂദനേതാക്കന്മാരല്ല, ക്രിസ്തുശിഷ്യരാണ്.

ഉപമാവിവരണം താരതമ്യേന ശുഷ്കമാണ്[76]. വിശദാംശങ്ങളിലും വ്യത്യാസമുണ്ട്[77]. നിങ്ങൾക്കെന്തു തോന്നുന്നു? എന്ന ആമുഖ ചോദ്യത്തോടെയാണ് ഉപമ ആരംഭിക്കുക. ഇതു് ശ്രോതാക്കളുടെ ജിജ്ഞാസ ഉണർത്തുന്നു. ആടു് വഴിതെററിയതേ ഉള്ളു, നഷ്ടപ്പെട്ടില്ല. ഇടയൻെറ അന്വേഷണം ഊന്നിപ്പറയുന്നെങ്കിലും ആടിനെ കണ്ടുകിട്ടുമ്പോഴുള്ള ആനന്ദത്തിനു് അത്ര പ്രാധാന്യം കൊടുത്തിട്ടില്ല. ആനന്ദത്തെപ്പററി സൂചിപ്പിക്കുന്നുണ്ടെങ്കിലും പ്രായോഗികാർത്ഥത്തിൽ ദൈവത്തിൻെറ രക്ഷാകരഹിതത്തെക്കുറിച്ചു മാത്രമേ വ്യക്തമാക്കുന്നുള്ളു[78].

ചെറിയവരിൽ ആരെയും അവഹേളിക്കരുതെന്നു് ഉപദേശിക്കുക, മാത്രമല്ല, അവരിലാരും നശിക്കാൻ അവക്കു് ഇടച്ച്യുണ്ടാക്കയുമരുതു് എന്നു് ശിഷ്യന്മാക്കു് മുന്നറിയിപ്പു് നൽകയും ചെയ്യുന്നു (വാക്യം. 14). പിതാവിൻെറ അഭീഷ്ടമനുസരിച്ചു് അവരെ രക്ഷിക്കാൻ ശിഷ്യന്മാർ പരിശ്രമിക്കണം. ഉപമയിലെ ഇടയൻെറ മാതൃക അനുകരിക്കുക ഉപമയുടെ പാഠത്തിനു് മത്തായി 18, 6–9; 18,15–18 എന്നീ ഭാഗങ്ങളോടു് വളരെ അടുപ്പമുണ്ടു്. യേശുശിഷ്യർ ബലഹീനസഹോദരങ്ങൾക്കിടർച്ച വരുത്തരുതെന്നു മാത്രമല്ല, തെററിപ്പോകുന്ന സഹോദരനെ ശാസിച്ചു് നേർവഴിക്കു നയിച്ചു് രക്ഷിക്കാൻ ഉപമയിലെ ഇടയനെപ്പോലെ ഉററുശ്രമിക്കണം[79].

നഷ്ടപ്പെട്ട നാണയ (ലൂക്കോ. 15,8–10)ത്തിൻെറ ഉപമ മുകളിൽക്കണ്ട ഉപമയിലെ ആശയം ശ്രോതാക്കളിലുള്ള സ്ത്രീകൾക്കും ആകർഷകമായി അവതരിപ്പിക്കയാണു്[80]. ഇടയൻേറയും

---

75. കാണുക പുറം. 50–52

76. വി. ലൂക്കോസിൻെറ സുവിശേഷത്തിൽ വിവരണം സമ്പന്നവും സമ്പുഷ്ടവുമാണു്.

77. കാണുക, ജോർജ്ജ് മണ്ടാട്ടു്, ടി. പുറം. 177.

78. കാണുക. ടി; വി. ലൂക്കോസിൽ ദൈവത്തിൻെറ രക്ഷണീയാനന്ദത്തിൻെറ ഉപമയാണു്; ആനന്ദത്തിനാണു് മുൻതൂക്കം.

79. ജോർജ്ജ് മണ്ടാട്ടു്, ടി. പുറം. 177.

80. Cf. A. M. Hunter, op. cit., p.60.

www.malankaralibrary.com



മേച്ചിൽസ്ഥലത്തിന്റേയും ആടിന്റേയും സ്ഥാനത്തു് സ്ത്രീകളും അവക്ക് പരിചിതമായ വീടും നാണയവും. നഷ്ടപ്പെട്ട നാണയം കണ്ടെത്താൻ അവരം നടത്തുന്ന ശ്രമത്തെപ്പററിയുള്ള വിവരണം തികച്ചും സ്വാഭാവികവും ഹൃദയാവർജ്ജകവുമാണു്.

പത്തു ദ്രഹ്മാകളാണവരംക്കണ്ടായിരുന്നതു്[81]. അതു് അവളുടെ സ്ത്രീധനത്തുകയുടെ ഭാഗമായി തലയിൽ ധരിച്ചിരുന്നതാകാം[82]. പത്തു ദ്രഹ്മാ മാത്രമുണ്ടായിരുന്നവരം ദരിദ്രയാണെന്നു് കരുതേണ്ടിയിരിക്കുന്നു[83].

അവരംക്കു് നഷ്ടപ്പെട്ടതു്[84] വളരെ നിസ്സാരമാണെന്നു് മററുള്ളവക്കു് തോന്നാം. പക്ഷേ, അവരംക്കതു പ്രധാനപ്പെട്ടതാണു്.

'വിളക്കു കത്തിച്ചു് വീടു മുഴുവൻ അടിച്ചുവാരി അന്വേഷിക്കുന്നു': പലസ്തീനായിൽ കർഷകഭവനങ്ങരം തീരെ ഉയരം കുറഞ്ഞതാണു്. ജനലോ വെളിച്ചം കയറാനുള്ള മററു മാർഗ്ഗമോ ഇല്ല. അതിനാലവർ ഒലിവെണ്ണകൊണ്ടു കത്തുന്ന വിളക്കു് കത്തിച്ചുനോക്കുന്നു. ചെറിയ നാണയമായതിനാൽ സാധാരണനിലയ്ക്കു് കണ്ണിൽപ്പെടുക വിഷമമാണു്. ഒരററത്തുള്ള സാധനങ്ങളെല്ലാം മാററിമറിച്ചു് പനഞ്ചൂലുകൊണ്ടു് അടിച്ചുവാ

81. ഒരു ദ്രഹ്മാ = 1 ഷില്ലിംഗ് = ഉദ്ദേശം0.75....രൂപ

82. ഈ ആചാരം ആധുനികകാലത്തും പലസ്തീനായിൽ നിലവിലുണ്ടു് (cf. J. Jeremias, Parables of Jesus, p. 134-135; Leopold Fonk, The Parables of the Gospels--N.Y. 1914, p.770.) വിവാഹവേളയിൽ സ്ത്രീധനത്തുകയുടെ ഒരംശം ശിരോവസ്ത്രാലങ്കാരത്തിനുപയോഗിക്കുന്നു. നാണയം മാലയായി കെട്ടി തലയിലണിയുന്നു. ഒരു ഭാഗം വധുവിന്റെ ഭാവിഭവനമലങ്കരിക്കാനുമുപയോഗിക്കും. ഒരംശം പണമായിത്തന്നെ സൂക്ഷിക്കും (ഭർതൃവിയോഗമുണ്ടായാൽ ജീവിതാവശ്യനിർവഹണത്തിനു്). നാണയങ്ങരം കണ്ഠാഭരണമായും ധരിച്ചിരുന്നു. ശിരോവസ്ത്രാലങ്കാരമായി ധരിച്ചിരുന്ന നാണയങ്ങരം ഉറക്കത്തിൽപ്പോലും മാററിയിരുന്നില്ല.

83. ഉപമയിലെ സ്ത്രീ സ്വത്തു് സൂക്ഷിക്കുന്നതായാണു് കാണുക. ഇതു് യഹൂദപാരമ്പര്യമല്ല. അവരം വിധവയായിരിക്കുമോ? സുവിശേഷകൻ ഉപയോഗിക്കുന്ന വാക്കിനു് 'സ്ത്രീ' എന്നേ അർത്ഥമുള്ളൂ. 'വിധവ'യ്ക്കു് 'ഖേറാ' എന്ന ഗ്രീക്കുപദമുപയോഗിക്കണം. cf. J..Jeremias, Parables of Jesus, p. 135; Leopold, op. cit., p. 770.

84. എങ്ങനെയാണു് നാണയം നഷ്ടപ്പെട്ടതു് എന്ന പ്രശ്നം ഉപമയിൽ പ്രസക്തമല്ല.

www.malankaralibrary.com



രിയാൽ ഉത്തരിയുമ്പോൾ നാണയത്തിൻെറ കിലുക്കം കേൾക്കയോ നാണയം വിളക്കിൻെറ വെളിച്ചത്തിൽ തിളങ്ങുകയോ ചെയ്യും. വേഗം കണ്ടുപിടിക്കാം. അതു കിട്ടുന്നതുവരെ വളരെ ഉത്ക്കണ്ഠയോടും ജാഗ്രതയോടും അവൾ തെരയുന്നു. കണ്ടെത്തുന്ന നിമിഷം അവളുടെ ആധിയും ക്ലേശവുമെല്ലാം ആനന്ദമായി മാറുന്നു. അതു് ഉള്ളിലൊതുക്കാനാവുന്നില്ല. അവളും ഇടയനെപ്പോലെ അയല്ക്കാരെയും സ്നേഹിതരെയും വിളിച്ചുകൂട്ടി ആനന്ദത്തിൽ പങ്കുകൊള്ളിക്കുന്നു.

ഈ ഉപമയുടെ പ്രായോഗിക പാഠം (വാക്യം 10) മുമ്പിലത്തേതിൻെറ തന്നെ. പാപിയെ അന്വേഷിച്ച് കണ്ടെത്തുന്ന ദൈവത്തിൻെറ രക്ഷണീയാനന്ദം. എന്നാൽ അനുതപിക്കുന്ന പാപിയേയും അനുതാപമാവശ്യമില്ലാത്ത നീതിമാന്മാരേയും തമ്മിൽ താരതമ്യപ്പെടുത്തുന്നില്ല. അനുതപിക്കുന്ന പാപിയെ പ്രതിയുള്ള ദൈവത്തിൻെറ സന്തോഷത്തെപ്പററിമാത്രം പറയുന്നു. 'ദൈവദൂതന്മാരുടെ മുമ്പാകെ സന്തോഷം' എന്ന വക്രോക്തിയാണ് സ്വീകരിച്ചിരിക്കുക. 'ദൈവത്തിൻെറ സന്തോഷം' എന്ന കേന്ദ്രബിന്ദുവിനെ ചുററിപ്പററിയുള്ളതാണ് മറെറല്ലാ വിവരണവും. അതു് കഥ കൂടുതൽ യഥാതഥവും വാസ്തവവുമാക്കുന്നു; കഥയുടെ കേന്ദ്രാശയത്തിന് പ്രാധാന്യമേറുകയും ചെയ്യുന്നു.

നഷ്ടപ്പെട്ട ആടിൻെറ ഉപമയിലെന്നപോലെ നാണയത്തിൻെറ കഥയിലും മുന്തിനില്ക്കുന്ന മൂന്ന് ആശയങ്ങളുണ്ട്. കാണാതായി; വ്യഗ്രതയോടെ അന്വേഷിക്കുന്നു; കണ്ടെത്തിയപ്പോൾ അത്യധികം ആഹ്ളാദിക്കുന്നു. ആഹ്ളാദമാണ് പ്രധാനം. ഇതു് പാപികളെപ്പററിയുള്ള ദൈവത്തിൻെറ കരുണാർദ്രമായ മനോഭാവം വെളിപ്പെടുത്തുന്നു. യേശുവിൻെറ ദിവ്യദൗത്യവും തദനുസൃതമായ അദ്ദേഹത്തിൻെറ പ്രവൃത്തികളും നമുക്ക് മനസ്സിലാക്കിത്തരികയും ചെയ്യുന്നു[85].

ആശയം നോക്കുമ്പോൾ ഉപമകൾ ആടിനെയോ നാണയത്തെയോ കുറിച്ചല്ല. നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു കണ്ടെത്തിയ ഇടയൻേറയും നഷ്ടപ്പെട്ട നാണയം അന്വേഷിച്ച് കണ്ടെ

85. ജോർജ് മങ്ങാട്ട്, ടി. പുറം. 178.

www.malankaralibrary.com



ത്തിയ സ്ത്രീയുടേയും ഉപമകളാണ്. ആദ്യത്തേത് താരതമ്യേന സമ്പന്നനായ ഒരുവനെക്കുറിച്ചും രണ്ടാമത്തേത് ദരിദ്രയായ ഒരു സ്ത്രീയെക്കുറിച്ചുമാണ്. രണ്ടും ഒരുപോലെ ചോദ്യരൂപത്തിൽ ആരംഭിക്കുന്നു. പദപ്രയോഗങ്ങളും ആശയങ്ങളും സദൃശമാണ്. ഉപമകളുടെ ആമുഖം ഒന്നാണ്. പ്രായോഗികപാഠം ഒന്നുതന്നെ. അതിന്റെ ആരംഭവും ഒരുപോലെയാണ്.

iii) സ്നേഹനിധിയായ പിതാവിന്റെ ഉപമ

ലൂക്കാ. 15,11–32

നഷ്ടപ്പെട്ട ആടിന്റേയും നാണയത്തിന്റേയും ഉപമകളിലെ ആനന്ദപ്രകടനം കുറെ അതിശയോക്തിപരമായി തോന്നുന്നുണ്ട്. അത്തരം ആഹ്ലാദത്തിനടിസ്ഥാനം മനുഷ്യവ്യക്തികളും തമ്മിലുള്ള ബന്ധമാണെങ്കിൽ കൂടുതൽ മനസ്സിലാക്കാം. ലൂക്കാ. 15–ാം അദ്ധ്യായത്തിലെ മൂന്നാമത്തെ ഉപമ അതാണു ചെയ്യുക. ഉപമയ്ക്കാധാരമായി നില്ക്കുന്നത് പിതാവ്, പുത്രൻ, സഹോദരൻ എന്നിവർ തമ്മിലുള്ള ബന്ധമാണ്[86].

15,11–32

11. യേശു അരുളിച്ചെയ്തു: രണ്ടു പുത്രന്മാരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു.

12. ഇളയവൻ അപ്പനോടു പറഞ്ഞു: 'പിതാവേ, വസ്തുവിൽ എനിക്കു തരേണ്ട വീതം തരിക'. അയാൾ അവർക്ക് മുതൽ വീതിച്ചുകൊടുത്തു.

13. അധികനാൾ കഴിയുംമുമ്പ് ഇളയവൻ തനിക്കുണ്ടായിരുന്നതെല്ലാം ശേഖരിച്ച് ദൂരദേശത്തേയ്ക്കു യാത്രയായി. അവിടെയവൻ ദുസ്വതന്ത്രമായി അനിയന്ത്രിതമായി ജീവിച്ച് സ്വത്തു മുഴുവൻ ധൂർത്തടിച്ചു.

14. അവൻ എല്ലാം ചെലവഴിച്ചുകഴിഞ്ഞപ്പോൾ ആ ദേശത്തു് വലിയൊരു ക്ഷാമമുണ്ടായി. അവനും വലിയ പഞ്ഞമായി.

15. അതിനാലവൻ നാട്ടിലെ ഒരു പൗരനെ ആശ്രയിച്ചു. അയാളവനെ തന്റെ വയലിൽ പന്നിയെ തീറ്റാൻ നിയോഗിച്ചു.

---

86. ജോർജ്ജ് മങ്ങാട്ടു്, ടി. പുറം. 178

www.malankaralibrary.com



16. പന്നിത്തീററയായ അമരത്തവിടുകൊണ്ടു് അവൻ സന്തോഷത്തോടെ വയർ നിറസ്സുമായിരുന്നു. പക്ഷേ, ആരും അവനു് ഒന്നും കൊടുത്തില്ല.

17. അവനു സുബോധം വന്നപ്പോറം പറഞ്ഞു: തങ്ങറംക്കു് ആവശ്യമുള്ളതും അതിലധികവും അപ്പം ലഭിക്കുന്ന എത്ര കൂലിക്കാർ എൻെറ പിതൃഭവനത്തിലുണ്ടു്! ഞാനിവിടെ വിശന്നു നശിക്കുന്നു.

18. ഞാൻ എഴുന്നേററു് എൻെറ പിതാവിൻെറ പക്കലേയ്ക്കു് വേഗം പോകും. അവനോടു പറയും: "പിതാവേ, ഞാൻ നിൻേറയും സ്വർഗ്ഗത്തിൻേറയും മുമ്പാകെ പാപം ചെയ്തു.

19. ഇനിയും നിൻെറ മകനെന്നു വിളിക്കപ്പെടാൻ എനിക്കർഹതയില്ല. നിൻെറ അടിമകളിൽ ഒരാളെപ്പോലെ എന്നോടു പെരുമാറിയാലും".

20. അവൻ എഴുന്നേററു് പിതാവിൻെറ പക്കൽ പോയി. അവൻ ദൂരെയായിരിക്കുമ്പോറംത്തന്നെ അവൻെറ പിതാവു് അവനെക്കണ്ടു് മനസ്സലിഞ്ഞു്, ഓടിച്ചെന്നു് കെട്ടിപ്പിടിച്ചു് ചുംബിച്ചു.

21. മകൻ അപ്പനോടു പറഞ്ഞു: "പിതാവേ, ഞാൻ സ്വർഗ്ഗത്തിൻേറയും നിൻേറയും മുമ്പാകെ പാപം ചെയ്തു. നിൻെറ പുത്രനെന്നു വിളിക്കപ്പെടാൻ എനിക്കർഹതയില്ല."

22. അപ്പൻ വേലക്കാരോടു പറഞ്ഞു: 'ഏററവും നല്ല അങ്കി വേഗം ഇവനെ അണിയിക്കുവിൻ. ഇവൻെറ കയ്യിൽ മോതിരമിടുവിൻ. പാദങ്ങളിൽ ചെരിപ്പു ധരിപ്പിക്കുവിൻ.

23. കൊഴുത്ത കാളയെ കൊണ്ടുവന്നു കൊല്ലുവിൻ. നമുക്കു് ഭക്ഷിച്ചു് ആനന്ദിച്ചു് കൂത്താടാം; ഉല്ലസിക്കാം.

24. എന്തെന്നാൽ എൻെറ ഈ മകൻ മരിച്ചവനായിരുന്നു, വീണ്ടും ജീവനുള്ളവനായിരിക്കുന്നു; നഷ്ടപ്പെട്ടിരുന്നു, കണ്ടു കിട്ടിയിരിക്കുന്നു'. അവർ ആനന്ദിച്ചു് ഉല്ലസിക്കാൻ തുടങ്ങി.

25. അയാളുടെ മൂത്തമകൻ വയലിലായിരുന്നു. അവൻ വന്നു് വീടിനോടടുത്തു. പാട്ടും നൃത്തവും കേട്ടു.

www.malankaralibrary.com



26. അവൻ ഭൃത്യരിൽ ഒരാളെ വിളിച്ച് അതെന്തെന്നാരാഞ്ഞു.

27. അവൻ അവനോട്ട പറഞ്ഞു: 'നിൻെറ സഹോദരൻ തിരിച്ചുവന്നു. അവനെ സുരക്ഷിതമായി തിരിച്ചു കിട്ടിയതിനാൽ നിങ്ങളുടെ അപ്പൻ മെഴുത്ത കാളക്കുട്ടിയെ കൊന്നു.'

28. അവൻ കോപിച്ച് വീട്ടിൽ പോകാതെ നിന്നു. അവൻെറ അപ്പൻ പുറത്തു വന്ന് അവനോടഭ്യർത്ഥിച്ചു.

29. എന്നാൽ അവൻ അപ്പനോട് മറുപടി നല്കി: 'ഇതാ, ഇത്രയേറെ വർഷങ്ങളം ഞാൻ നിന്നെ സേവിച്ചു. നിൻെറ ആജ്ഞ ഒരിക്കലും ലംഘിച്ചിട്ടില്ല. എന്നിട്ടും എൻെറ കൂട്ടുകാരൊത്തുല്ലസിക്കാൻ ഒരു ആട്ടിൻകുട്ടിയെപ്പോലും നീ എനിക്കു നല്കിയില്ലല്ലോ.

30. എന്നാൽ വേശ്യകളോടൊത്ത് നിൻെറ മുതലെല്ലാം നശിപ്പിച്ച ഈ മകൻ വന്നപ്പോഴാകട്ടെ, നീ അവനുവേണ്ടി മെഴുത്ത കാളക്കുട്ടിയെ കൊന്നിരിക്കുന്നു.'

31. അയാഠം അവനോട്ട പറഞ്ഞു: 'മകനേ, നീ എപ്പോഴും എന്നോടൊത്താണ്. എൻേറതെല്ലാം നിൻേറതാകുന്നു.'

32. ഉല്ലസിക്കയും സന്തോഷിക്കയും ചെയ്യുക യുക്തമായിരുന്നു. കാരണം, നിൻെറ ഈ സഹോദരൻ മൃതനായിരുന്നു, ജീവനുള്ളവനായി; നഷ്ടപ്പെട്ടിരുന്നു, കണ്ടുകിട്ടി.''

''....എന്നോടൊത്താനന്ദിക്കുവിൻ; എന്തെന്നാൽ....'' എന്ന പല്ലവി ആവർത്തിച്ചിരിക്കുന്നു, ഉപമയിൽ (വാക്യം 6,9,24,32). മുമ്പിലുള്ള രണ്ട് ഉപമകളുടെ പാഠം തന്നെയാണ് ഇതിനും.

ഘടനതന്നെ ഉപമയുടെ പ്രധാനാശയം വ്യക്തമാക്കുന്നതാണ്. ആമുഖവാക്യം (ii) ഉള്ളടക്കം അവതരിപ്പിക്കുന്നു. തൻെറ രണ്ടുപുത്രന്മാരോടുള്ള പിതാവിൻെറ പെരുമാററമാണ് വിഷയം:

വാക്യം. 12–24: ഇളയ മകനോടുള്ള പെരുമാററം

25–32: മൂത്തമകനോടുള്ള പെരുമാററം

രണ്ടു ഭാഗങ്ങളും അവസാനിക്കുന്നത് ഇളയമകനെക്കുറിച്ചുള്ള പിതാവിൻെറ ഒരേ പ്രഖ്യാപനത്തോടെയാണ്. അപ്പനാണ്

www.malankaralibrary.com



പ്രധാന കഥാപാത്രം[87]. രണ്ടുഭാഗങ്ങളും തമ്മിൽ അർത്ഥപൂർണ്ണമായ വൈപരീത്യമുണ്ട്. അതു് രണ്ടാംഭാഗത്തിൻെറ അർത്ഥം മനസ്സിലാക്കാൻ ആവശ്യമാണു്[88]. രണ്ടുഭാഗങ്ങളും തമ്മിൽ അഭേദ്യതയുണ്ട്. പ്രസ്തുത ഐക്യത്തിനാധാരം തിരിച്ചുവന്ന ധൂർത്തപുത്രനോടു് പിതാവിനും മൂത്തപുത്രനും ഉള്ള മനോഭാവങ്ങൾ തമ്മിലുള്ള വൈരുദ്ധ്യമാണു്. പിതാവു് ആഹ്ലാദിക്കുന്നു. മൂത്തപുത്രൻ വിദ്വേഷവും എതിർപ്പും പ്രകടിപ്പിക്കുന്നു[89]. തൻെറ ആനന്ദത്തിൽ പങ്കുചേർക്കാൻ പിതാവു് നടത്തുന്ന ശ്രമത്തിലാണു് രണ്ടാംഭാഗമവസാനിക്കുക. രണ്ടുഭാഗങ്ങളുടേയും അവസാനം ആവർത്തിച്ചിരിക്കുന്ന അർത്ഥപൂർണ്ണമായ പല്ലവിയും ഇരുഭാഗങ്ങളും തമ്മിലുള്ള അഭേദ്യതയിലേയ്ക്കു വിരൽ ചൂണ്ടുന്നു[90].

(i) പിതാവും ഇളയ പുത്രനും (12–24)

"എനിക്കു വരേണ്ട വീതം തരിക" (വാക്യം.12) എന്നാണു് ഇളയവൻ അപ്പനോടാവശ്യപ്പെടുക. നിയമപ്രകാരം[91] കുടുംബസ്വത്തിൻെറ മൂന്നിലൊന്നാണു് അവൻെറ അവകാശം. രണ്ടുഭാഗം ആദ്യജാതനു്. ബാക്കി മററുള്ളവർക്കു്. അപ്പൻ ജീവിച്ചിരിക്കുമ്പോൾ സ്വത്തവകാശപ്പെടാൻ മൂത്തവർക്കുവാദമില്ല. ഇളയവർക്കുണ്ട്. പക്ഷേ കൊടുക്കണമെന്നു് നിർബന്ധമില്ല. കൊടുക്കാതിരിക്കാൻ അപ്പനു് പല മാർഗ്ഗങ്ങൾ സ്വീകരിക്കാം. പുത്രൻെറ അവകാശം ഭാഗികമായോ പൂർണ്ണമായോ അവനിൽ നിന്നെടുത്തുകളയാം.

87. ധൂർത്തപുത്രനെന്നാണു് സാധാരണ ധാരണ. മുമ്പത്തെ രണ്ടു് ഉപമയിലും ഇടയനും സ്ത്രീയുമെന്നപോലെ ഇതിൽ പിതാവാണു്.

88. രണ്ടാംഭാഗം ഉപമയുടെ മൂലരൂപത്തിലില്ലാത്തതാണെന്നും പിന്നീടു് സഭ കൂട്ടിച്ചേർത്തതാണെന്നും കരുതുന്ന പണ്ഡിതന്മാരുണ്ട് (ഉദാ: വെൽഹൗസൻ). പക്ഷേ മൂലരൂപത്തിൽത്തന്നെ ഉള്ളതായിരിക്കണം. ഇരുഭാഗങ്ങളും തമ്മിലുള്ള വൈപരീത്യമാണു് രണ്ടാം ഭാഗത്തിൻെറ അർത്ഥം വ്യക്തമാക്കുക.

വ്യതിരേകഘടനയിലുള്ള മററുപമകളും യേശു പറഞ്ഞിട്ടുണ്ട്. ഉദാ: രണ്ടു പുത്രന്മാരുടെ ഉപമ, മൂഢരും വിവേകികളുമായ കന്യകകളുടെ ഉപമ, മുതലായവ. അവയിലും അർത്ഥം വ്യക്തമാകാൻ ഇരുഭാഗങ്ങളും ആവശ്യമാണു്.

89. അയാൾ യഹൂദപ്രമാണികളുടെ പ്രതിനിധിയാണു്.

90. ജോർജ്ജ് മങ്ങാട്ടു്, ടി. പുറം. 168.

91. ആവർത്തനം 21, 17

www.malankaralibrary.com



അവകാശലബ്ധി രണ്ടുവിധമാകാം. അപ്പൻ ജീവിച്ചിരിക്കുമ്പോഴും വില്പത്രംവഴിയും ദാനംവഴിയും. രണ്ടാമത്തെ മാർഗ്ഗത്തിൽ ലഭിച്ചാൽ ഗുണഭോക്താവിന് മൂലധനം (സ്വത്ത്) ഉടനെ കിട്ടുമെങ്കിലും വരുമാനം പിതാവിൻെറ മരണശേഷമേ ലഭിക്കൂ. അതായത് (a) അപ്പൻെറ കാലത്തുതന്നെ ദാനമായി കിട്ടിയാൽ മകനു കൈവശാവകാശം ലഭിക്കും. (b) കൈമാററാവകാശമില്ല. കൈമാറിയാൽ കൈമാറിയവൻെറ അപ്പൻെറ മരണശേഷമേ വാങ്ങുന്നവനു് അവകാശപ്പെടുത്താവൂ. (c) അപ്പൻെറ മരണംവരെ മകനു് മേലാദായം ഒന്നും എടുക്കാനാവില്ല. ഉപമയിലെ ഇളയപുത്രൻ കൈമാററാവകാശവും ആവശ്യപ്പെടുന്നു[92].

അപ്പനിൽനിന്നു കിട്ടിയ സ്വത്തെല്ലാം പണമാക്കി ("ശേഖരിച്ചു്") അവൻ 'ദൂരദേശത്തേയ്ക്കു്' പുറപ്പെടുന്നു. (വാക്യം 13). എവിടേയ്ക്കെന്നു പറയുന്നില്ല. പുറജാതികളുടെ നാട്ടിലേയ്ക്കാണു പോയതു്. അവിടെ മാത്രമേ പന്നിയെ മേയിച്ചിരുന്നുള്ളു[93].

"അനിയന്ത്രിതമായി ജീവിച്ചു"[94] പണമെല്ലാം തീർന്നു (വാക്യം 13). ജീവിതമാർഗ്ഗത്തിനു് സ്ഥലത്തെ ഒരു 'പൗരനെ ആശ്രയിച്ചു' (വാക്യം 15). ഒരു യഹൂദൻ ജീവിക്കാൻ പുറജാതിക്കാരനെ ആശ്രയിക്കുക എന്നതു് ഇസ്രായേല്യക്കു് അചിന്ത്യമാണു്. 'ആശ്രയിക്കുക' എന്ന വാക്കു് ആവശ്യക്കാരനായ ഒരപരിചിതനു് ജോലികിട്ടാനുള്ള വിഷമം വ്യക്തമാക്കുന്നു. പുറജാതിക്കാരനായ പൗരൻ അവനെ "പന്നിയെ തീററാൻ നിയോഗിച്ചു" (വാക്യം 15). ഇസ്രായേല്ക്കാരുടെ നോട്ടത്തിൽ ഏററം ഹീനമായ പ്രവൃത്തിയാണു് പന്നിയെ മേയിക്കൽ.

---

92. J. Jeremias, Parables of Jesus, pp. 128-129. ആദ്യജാതനെ സംബന്ധിച്ച നൈയ്യാമികവശം വാക്യം 31ലുണ്ടു്.

93. F. L. Filas S.J., Understanding the Parables of Jesus, op. cit., p. 70.

94. 'വ്യഭിചാരിണികളോടു സഹവസിച്ചു' എന്നാണു് ചില പ്രതികളിൽ. 30-ാം വാക്യത്തിലെ മൂത്തപുത്രൻെറ വാക്കുകളിൽനിന്നു് 13-ാം വാക്യത്തിലേയ്ക്കു മാററിയതാവാം. വിവരണത്തിൽനിന്നു് അയാാം അവിവാഹിതനാണെന്നു കരുതണം. പുരുഷനു് വിവാഹപ്രായം 18നും 20നുമിടയ്ക്കു്. Cf. J. Jeremias. Parables of Jesus. p. 109.

www.malankaralibrary.com



"പന്നികളെ മേയിക്കുന്നവൻ ശപ്തനാകട്ടെ" എന്നാണവരുടെ പ്രാത്ഥന.

"പന്നിത്തീററയായ അമരത്തവിടുകൊണ്ടു് അവൻ വയറു നിറസ്സുമായിരുന്നു" (വാക്യം 16). ഖാറുബ് എന്ന മരത്തിന്റെ കായ് ഇപ്പോഴും ദരിദ്രരുടേയും കന്നുകാലികളുടേയും ഭക്ഷണമായുപയോഗിക്കുന്നു. ഈ മരത്തിന്റെ തടി പാവപ്പെട്ടവരുടെ ഭക്ഷണമായി താൽമുദ് ഗ്രന്ഥവും വിവരിക്കുന്നു. "ഖാറുബ് മരത്തിൽനിന്നു് ഭക്ഷിക്കുമാറു് താഴ്ത്തപ്പെടുമ്പോഠം ഇസ്രായേൽ പ്രായശ്ചിത്തം ചെയ്യാനാരംഭിക്കും" എന്നു് യഹൂദന്മാരുടെ ഇടയ്ക്കു് ചൊല്ലുണ്ടു്[95].

പിതാവിന്റെ ഭവനംവിട്ടു് ഓടിപ്പോയ പുത്രൻ ചെന്നുപെട്ട നികൃഷ്ടാവസ്ഥയുടെ ദാരുണ്യം വ്യക്തമാക്കുന്നതാണു വിവരണം. യഹൂദനായ അവൻ നിന്ദ്യമായ പുറജാതികളുടെ നാട്ടിൽ പുറജാതിക്കാരന്റെ പന്നിയെ തീററുക എന്ന നിഷിദ്ധമായ തൊഴിൽ ചെയ്യേണ്ടിവരുന്നു. അവിടെയും അവനു് അർദ്ധപ്പട്ടിണിക്കാരുടെ താണ തീററയായ അമരത്തവിടുപോലും ആവശ്യത്തിനു ലഭിച്ചില്ല!

അവനനുഭവിക്കുന്ന നികൃഷ്ടാവസ്ഥ പിതൃഭവനത്തിലെ[96] അനുഭവത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു ചിന്തിക്കുവാൻ അവനെ പ്രേരിപ്പിച്ചു. "അവനു സുബോധം വന്നപ്പോഠം" (വാക്യം 17) എന്നതിനത്ഥം 'അവൻ തന്നെക്കുറിച്ചുതന്നെ ചിന്തിച്ചപ്പോഠം' എന്നാണു്. 'സ്വഗ്ഗത്തിന്റെ മുമ്പാകെ' (വാക്യം 18) എന്നതിന്റെ അർത്ഥം 'ദൈവത്തിന്റെ മുമ്പാകെ' എന്നും[97]. നിയമാനുസൃതമായ അവകാശം പററിക്കഴിഞ്ഞതിനാലും പിതൃഹിതത്തിനെതിരായി സ്വത്തെല്ലാം നശിപ്പിച്ചതുകൊണ്ടും 'പിതാവിന്റെ മകനെ'ന്നു വിളിക്കപ്പെടാൻ അവനർഹതയില്ല. അപ്പന്റെ അടിമകളിൽ ഒന്നിനെപ്പോലെ അവനെ സ്വീകരിച്ചാൽമതി എന്നപേക്ഷിക്കുവാനാണു് തീരുമാനിക്കുക

95. Cf. Leopold Funk, op. cit., p. 778

96. ഉപമയിൽ ഒരിടത്തും മാതാവിനെക്കുറിച്ചു് പറയുന്നില്ല. അമ്മയും ഉഠംപ്പെട്ടിട്ടുണ്ടെങ്കിലും അവളുടെ കാര്യം എടുത്തുപറയുക പൗരസ്ത്യരീതിയല്ല.

97. കാണുക പുറം 148 നമ്പർ 1

www.malankaralibrary.com



(വാക്യം 19). ധൂർത്തപുത്രന്റെ രണ്ടു് മാനസികാവസ്ഥകൾ തമ്മിലുള്ള വ്യത്യാസം നോക്കുക. 'എനിക്കു തരിക' എന്നു് അവകാശപ്പെട്ടവൻ (വാക്യം 12) 'അടിമയെപ്പോലെ കൈക്കൊള്ളണേ' എന്നു് അപേക്ഷിക്കുന്നു (വാക്യം 19). രണ്ടും അപേക്ഷകളാണു്. പക്ഷേ തമ്മിൽ എന്തു് അന്തരം[98]!

20–24 വാക്യങ്ങളിൽ ധൂർത്തപുത്രനോടുള്ള പിതാവിന്റെ വാത്സല്യപൂർണ്ണമായ പെരുമാററം വിവരിക്കുന്നു. "....അവൻ ദൂരെയായിരിക്കുമ്പോൾത്തന്നെ ഓടിയിറങ്ങിച്ചെന്നു് അവനെ ചുംബിച്ചു" (വാക്യം 20). എത്ര ആകാംക്ഷയോടെയാണു് മകന്റെ വരവുംകാത്തു് ആ പിതാവു് കഴിഞ്ഞുകൂടിയതെന്നു് ഓടിയിറങ്ങിച്ചെന്നു്...." എന്ന പ്രയോഗം സൂചിപ്പിക്കുന്നു. അവൻ വരുന്ന വഴിയിലേയ്ക്കു് നോക്കിയിരിക്കുകയായിരുന്നു എന്ന പ്രതീതിയാണു്. എന്തായാലും സാമാന്യം ധനികനും ബഹുമാന്യനും പ്രായമായവനുമായ പൗരസ്ത്യൻ ചെയ്യുക പതിവില്ലാത്ത പ്രവൃത്തിയാണയാൾ ചെയ്തതു്. വീടിനു പുറത്തേയ്ക്കു് ഓടിയിറങ്ങിച്ചെന്നു കെട്ടിപ്പിടിച്ചു് ചുംബിക്കുക[99]! അപ്പനോടു് പറയണമെന്നു മകൻ നിശ്ചയിച്ച കാര്യങ്ങൾ മുഴുവൻ പറഞ്ഞുതീരുന്നതുവരെ ക്ഷമയോടിരിക്കാൻപോലും അയാൾക്കു കഴിയുന്നില്ല. അത്രയ്ക്കു വികാരതരളിതനായിക്കഴിഞ്ഞു, അയാൾ. വേലക്കാർക്കു കല്പന നൽകി: "ഏററവും നല്ല അങ്കി ഇവനെ അണിയിക്കുവിൻ; ഇവന്റെ കൈകളിൽ മോതിരമിടുവിൻ; പാദങ്ങളിൽ ചെരിപ്പു ധരിപ്പിക്കുവിൻ" (വാക്യം 22). ദുഃഖിതനായി വന്ന മകനോടു് മാന്യാതിഥിയോടെന്നവിധമാണു് പെരുമാറുക. അപ്പന്റെ ഈ മൂന്നു കല്പനകൾക്കു് ഉല്പ. 41,42-ൽ വിവരിക്കുന്ന രാജാവിന്റെ മൂന്നു പ്രവൃത്തികളോടു് അടുത്ത സാമ്യമുണ്ടു്. പ്രധാനമന്ത്രിയായി നിയമിതനായ യൗസേപ്പിനു ഫറവോൻ അധികാരചിഹ്നമായ മേലങ്കിയും മോതിരവും സ്വർണ്ണമാലയും നല്കി. ആദ്യം ആചാരവിധിയനുസരിച്ചുള്ള അങ്കി[100]. ഉന്നതവ്യക്തികൾ ധരിക്കുന്ന പുറങ്കുപ്പായമാണതു്[101]. കിഴക്കൻ രാജ്യങ്ങളിൽ ഔന്നത്യ

98. A. M. Hunter, op. cit., London, 1966, p. 92.
99. J. Jeremias, Rediscovering the Parables, p. 102
100. J. Jeremias, Parables of Jesus, p. 130
101. കാണുക. മർക്കോ. 12,38;16,5; ലൂക്കാ. 20,46; വെളി. 6,11

www.malankaralibrary.com



ത്തിൻെറ അടയാളമാണ്[102]. യോഗ്യനായ ഉദ്യോഗസ്ഥനെ ബഹുമാനിക്കാൻ രാജാവ് വിലപിടിപ്പുള്ള ഒരു അങ്കി സമ്മാനിക്കുന്നു. പുതിയ അങ്കി പുതുയുഗത്തിൻെറ പ്രതീകമാണ്. ഇതുതന്നെ തിരിച്ചുവന്ന ധൂർത്തപുത്രനെ സംബന്ധിച്ചും.

മോതിരം: ഉയർന്ന നിലയിലുള്ളവർ ധരിക്കുന്ന മുദ്ര മോതിരമാണ്[103]. പൗരസ്ത്യദേശത്തു് വലതുകയ്യിൽ ധരിക്കുന്ന മോതിരം അധികാരത്തിൻെറ അടയാളമാണ് (1 മക്ക. 6,15).

ചെരിപ്പ്: തടിയോ തുകലോ കൊണ്ടുള്ളതാവും. ബൽട്ടുകൊണ്ട് കീഴ്പാദവുമായി ബന്ധിച്ചിരിക്കും. ധനികർ മാത്രം പുറയാത്രയ്ക്കുപയോഗിച്ചിരുന്ന ആഡംബരഘടകമാണ്. മകനെ അടിമയായല്ല, സ്വതന്ത്രനായി, അധികാരമുള്ള പുത്രനായി സ്വീകരിക്കുകയാണ് പിതാവ്.

പുത്രൻെറ തിരിച്ചുവരവ് ഉത്സവമാണ് പിതാവിന്. അതു് സകല മേളങ്ങളോടും ആഘോഷിക്കാൻ കല്പിച്ചു. "മെഴുത്ത കാളയെ കൊണ്ടുവന്നു് കൊല്ലുവിൻ". "നമുക്കു് ഭക്ഷിച്ചുല്ലസിക്കാം" (വാക്യം 23). ആഹാരത്തിൽ മാംസം വളരെ വിരളമായേ ഉപയോഗിച്ചിരുന്നുള്ളൂ. വലിയ വിരുന്നുസത്കാരങ്ങൾക്കു് കൊഴുത്ത കാളകളെ കൊന്നു് പാകപ്പെടുത്തിയിരുന്നു. വിരുന്നിനാവശ്യമുള്ളപ്പോൾ പെട്ടെന്നു് പാചകപ്പെടുത്താൻ പ്രത്യേകം വളർത്തിയിരുന്ന കാളയെ കൊല്ലാനാണ് പിതാവ് ആജ്ഞാപിച്ചതു് എന്നു് പണ്ഡിതന്മാർ പറയുന്നു[104]. അസാധാരണമായ വിരുന്നിനോടു ചേർന്നു് സംഗീതനൃത്താദി ഉല്ലാസപരിപാടിയുമുണ്ടാവും. സമൂഹസംഗീതം. പുരുഷന്മാരും നൃത്തമാടിയിരുന്നു[105]. 'ആനന്ദംകൊണ്ട് കൂത്താടാം[106]' എന്നാണ് പിതാവിൻെറ വാക്കുകളുടെ അർത്ഥം.

പിതാവിൻെറ അസാധാരണമായ ആനന്ദത്തിനു് കാരണം 24-ാം വാക്യത്തിൽ നല്കുന്നു. ("ഇവൻ) മരിച്ചവനായി

102. അധികാരത്തിന്റേതാകണമെന്നില്ല.
103. ഗ്രീക്കുവാക്കിൻെറ അർത്ഥമതാണ്.
104. Filas S. J., op. cit., p. 70
105. Cf. J. Jeremias, Rediscovering the Parables, p. 103
106. കാണുക. ലൂക്കാ. 6,23

www.malankaralibrary.com



രുന്നു; പുനർജ്ജീവിച്ചിരിക്കുന്നു; നഷ്ടപ്പെട്ടിരുന്നു, കണ്ടുകിട്ടിയിരിക്കുന്നു''. രണ്ട് പര്യായ സമാനങ്ങളാണ് ഇതിലുള്ളത്. മകൻ തന്നിൽനിന്ന് അകന്നിരുന്നപ്പോഴും തിരിച്ച് അടുത്തു കിട്ടിയപ്പോഴുമുണ്ടായിരുന്ന പിതാവിന്റെ മനോഭാവം വെളിപ്പെടുത്തുന്നു. മരിച്ചവനെ തിരിച്ചു കിട്ടിയിരിക്കയാണ് പിതാവിനു്. പിന്നെങ്ങനെ ആഹ്ലാദിക്കാതിരിക്കും!

പുത്രന്റെ ചെയ്തികളെപ്പററിയുള്ള വിവരണം ഹൃസ്വവും സജീവവുമാണ്. വിവരണത്തിന്റെ ലക്ഷ്യം മകന്റെ തിരിച്ചുവരവിനെപ്രതിയുള്ള പിതാവിന്റെ ആകാംക്ഷയും ആഹ്ലാദവും കാരുണ്യവും പ്രസ്പഷ്ടമാക്കയാണ്. അതിനു് പശ്ചാത്തലമൊരുക്കയാണ് പുത്രന്റെ അധഃപതനത്തെപ്പററിയുള്ള വിവരണം. പിതാവിന്റെ സ്നേഹവും സേവകരുടെ ശുശ്രൂഷയും അനുഭവിച്ചിരുന്നവന്റെ ധിക്കാരവും അപഭ്രംശവും അതവനെ കൊണ്ടെത്തിച്ച ഹീനാവസ്ഥയും 12–15 വാക്യങ്ങളിൽ വിവരിക്കുന്നു. യഹൂദക്ക് അചിന്ത്യമാംവിധം ഏററം ഹീനമായ പന്നിമേയ്ക്കൽ ചെയ്യേണ്ടിവന്നു. അതു് നിയമപരമായും അശുദ്ധമാണ്. പാപികളുടെ നേക്ക് പരീസക്കും നിയമജ്ഞക്കുമുണ്ടായിരുന്ന മനോഭാവമാണതു്. പാപികഠംക്ക് ആചാരപരിശുദ്ധി ഇല്ലപോലും! യേശു ഉപമ പറഞ്ഞ സാഹചര്യവുമതാണല്ലോ.

16–19 വാക്യങ്ങളിൽ മകന്റേയും അപ്പന്റേയും മനോഭാവങ്ങഠം തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. മകന്റെ തിരിച്ചുവരവിന്റെ കാരണം അത്ര ശ്രേഷ്ഠമല്ല. പിതാവിനോടുള്ള സ്നേഹമല്ല, അദ്ദേഹത്തെ വേദനിപ്പിച്ചതിലുള്ള ദുഃഖവുമല്ല, തീനും കുടിയുമാണ്. വയറിന്റെ വിളിയാണ്. എന്നാൽ അപ്പന്റെ ആനന്ദത്തിനു നിദാനം മകന്റെ ചിന്തയുടേയോ ഏററുപറച്ചിലിന്റേയോ ശ്രേഷ്ഠതയല്ല. അവൻ തിരിച്ചുവന്നു, പുനർജ്ജീവിച്ചു എന്ന വസ്തുത മാത്രമാണ്. അതായതു് ആ പിതൃഹൃദയത്തിലൊതുങ്ങാത്ത പുത്രസ്നേഹം. പിതാവിനെയാണ് യേശു ഉപമയിൽ പ്രധാന കഥാപാത്രമാക്കിയിരിക്കുന്നതു്. അയാളാണ് ശ്രദ്ധാകേന്ദ്രം. അദ്ദേഹമാണ് എല്ലാററിനും തുടക്കമിടുക. പാപികളുടെ തിരിച്ചുവരവിനു് ദൈവം അതീവതാല്പര്യത്തോടെ കാത്തിരിക്കയാണെന്നും അവരുടെ പക്കലേക്കിറങ്ങിച്ചെന്നു് അവരുടെമേൽ അത്യധികം സ്നേഹം

www.malankaralibrary.com



കോരിച്ചൊരിഞ്ഞ് അവക്കുവേണ്ടി സ്വയം ചെലവഴിക്കുന്ന എന്നും കാണിക്കയാണ് ഉപമയിലെ പിതാവിന്റെ പെരുമാററത്തെക്കുറിച്ചുള്ള വിവരണത്തിന്റെ ഉദ്ദേശ്യം. ദൈവത്തിൽ നിന്ന് അകലുന്ന മക്കളുടെമേൽ അങ്ങേയ്ക്ക് അതിരററ അനുകമ്പയാണ്. അപാരമായ ക്ഷമയുണ്ട്. അവരുടെ പശ്ചാത്താപത്തിൽ അളവററ് ആനന്ദിക്കുന്നു. കാരണം പശ്ചാത്താപത്തിന്റെ ആത്മാർത്ഥതയോ ശ്രേഷ്ഠതയോ എന്നതിലും ആ പിതൃഹൃദയത്തിൽ നിറഞ്ഞുതുളുമ്പുന്ന സ്നേഹമാണ്. യേശു ചുങ്കക്കാരെയും പാപികളെയും സ്വീകരിക്കാൻ കാരണം മറെറാന്നുമല്ല.

പിതാവും മൂത്ത പുത്രനും (വാക്യം 25–32)

ധൂർത്തപുത്രനോടുള്ള പിതാവിന്റെ ഔദാര്യവും സ്നേഹവും അവന്റെ തിരിച്ചുവരവിൽ അദ്ദേഹമനുഭവിക്കുന്ന ആനന്ദവും ചോദ്യം ചെയ്യു മൂത്തമകൻ. അപ്പൻ അവന് മറുപടി നൽകുന്നു. തന്റെ പ്രവൃത്തി നീതീകരിക്കുന്നു. അവൻ വീട്ടിലെ ആഘോഷങ്ങളെപ്പററി പുറത്തുവച്ച് വേലക്കാരോടാരാഞ്ഞു. "നിന്റെ സഹോദരൻ തിരിച്ചുവന്നു...." എന്നായിരുന്നു മറുപടി (വാക്യം 27). ഈ വാക്കുകൾ ഉപമയിലെ അപ്പന് 'രണ്ടു" പുത്രന്മാരുണ്ടായിരുന്നു' (വാക്യം 11) എന്ന പ്രാരംഭവാചകത്തിനു പോദ്ബലകമാണ്. വീട്ടിൽ കയറാതെനിന്ന മകനോട് അപ്പൻ പുറത്തുവന്ന് അഭ്യർത്ഥിച്ചു (വാക്യം 28). മററാരും ചെയ്യാത്ത കാര്യമാണത്. അപ്പോൾ ആ മകൻ അപ്പനോട് പരാതിപ്പെടുകയാണ്. കോപാകുലനായി അദ്ദേഹത്തെ കുററപ്പെടുത്തുകയാണ് (വാക്യം 29). അവൻ ഏറെനാൾ അപ്പന് വിശ്വസ്തസേവനമർപ്പിച്ചു; എന്നിട്ടദ്ദേഹം അവനുവേണ്ടി ഒന്നും ചെയ്തില്ല; അസന്മാർഗ്ഗികജീവിതംവഴി മുതൽ നശിപ്പിച്ചവനുവേണ്ടി ആഘോഷങ്ങളൊരുക്കി; എന്നിങ്ങനെ പോകുന്നു പരാതി. പരീസരുടെ തനി ഭാഷയാണവന്റേത്. പരീസന്റെ ദേവാലയത്തിലെ പ്രാർത്ഥനയ്ക്കു (ലൂക്കാ. 18,1–12) സമാനമാണവന്റെ വാക്കുകൾ. അപ്പനെ 'അപ്പൻ' എന്ന് സംബോധന ചെയ്യാൻപോലും അവൻ കൂട്ടാക്കുന്നില്ല[107]. തിരിച്ചുവന്ന സഹോദരനെ 'സഹോദരൻ' എന്നു വിളിക്കാനും തയ്യാ

107. Cf. J. Jeremias, Parables of Jesus, pp. 130-131

www.malankaralibrary.com



റല്ല. 'നിൻെറ ഈ മകൻ' (ഇവൻ)[108] എന്നാണു് വിളിക്കുക. 'എല്ലാം നശിപ്പിച്ചിട്ടുവന്ന 'ഇവനു'വേണ്ടി കൊഴുത്ത കാളയെ കൊല്ലുകപോലും ചെയ്തിരിക്കുന്നു എന്നു് എടുത്തു പറയുന്നു. അ സാധാരണമായ കാര്യമാണതു് എന്നത്രേ ഇതു് സൂചിപ്പിക്കുക.

പുത്രൻേറതിൽനിന്നു വ്യത്യസ്തമായ സമീപനമാണു പിതാവിൻേറതു്. 'എൻെറ മകനെ' എന്നയാൾ സംബോധനചെയ്യുന്നു (വാക്യം 31). ഗാഢമായ പിതൃസ്നേഹം വെളിപ്പെടുത്തുന്നതാണതു്. 'എൻെറ വാത്സല്യമകനേ' എന്നാണർത്ഥം. പിതാവു് അവൻെറ സേവനവും വിശ്വസ്തതയും ചോദ്യം ചെയ്യുന്നില്ല. അതേസമയം അവനോടു് അനീതിയൊന്നും ചെയ്യുന്നില്ലെന്നു് ചൂണ്ടിക്കാട്ടുന്നു. അവൻെറ സഹോദരനായി തിരിച്ചുവന്നവനെ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. "നിൻെറ ഈ സഹോദരൻ.........." (വാക്യം 31) എന്നു് ചൂണ്ടിക്കാട്ടുന്നല്ലോ. 'നിൻെറ ഈ മകൻ' എന്ന അവൻെറ നിന്ദാഗർഭമായ സംബോധനയിലെ ഹൃദയശൂന്യത സൗമ്യമായി തിരുത്തുകയാണു് പിതാവു്. തന്നോടൊത്തു് ആനന്ദിക്കാൻ അദ്ദേഹം അവനോടാവശ്യപ്പെടുകയും ചെയ്യുന്നു (വാക്യം. 32) 24-ാം വാക്യത്തിലെ പല്ലവി ഇവിടെയും ആവർത്തിച്ചിരിക്കുകയാണു്. കുററസമ്മതത്തോടെയുള്ള ന്യായവാദമല്ല പിതാവിൻേറതു്. അധികാരപൂർവ്വകമായ കുററാരോപണവും തെററുതിരുത്തുന്നതുമായ നിർദ്ദേശമാണു്[109]. ആനന്ദിക്കാനുള്ള ആഹ്വാനം ഉപമയുടെ രണ്ടുഭാഗങ്ങളും തമ്മിലുള്ള ബന്ധം അഭേദ്യമെന്നു സൂചിപ്പിക്കുന്നു. തന്നോടൊത്താനന്ദിക്കാനുള്ള പിതാവിൻെറ ആഹ്വാനത്തോടെ ഉപമ അവസാനിക്കുന്നു. തീരുമാനമെടുക്കേണ്ടതു് അവനാണു്. അവൻ എന്തു ചെയ്തു എന്നു പറയുന്നില്ല. മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമപോലെ ഈ ഉപമയും ഉപസംഹാരമില്ലാതെ അവസാനിക്കുകയാണു്. വേലക്കാരിൽ മുമ്പന്മാരുടെ പരാതിപോലെയാണു് മൂത്തമകൻേറതു്. അവൻെറ വിശ്വസ്തതയ്ക്കു് വേണ്ട പ്രതിഫലം നല്കിയില്ല എന്നതിലും ധൂർത്തനോടു് കൂടുതൽ കരുണാപൂർവ്വം പെരു

---

108. മത്താ. 20, 12; നട. 17, 18 എന്നിവിടങ്ങളിലെപ്പോലെ ഇവിടെയും 'ഇവൻ' നിന്ദാത്മകമായാണുപയോഗിച്ചിരിക്കുക.

109. Cf. J. Jeremias, Parables of Jesus.

www.malankaralibrary.com



മാറി എന്നതാണ് പരാതിക്കടിസ്ഥാനം. പാപികളെ സ്വീകരിച്ച യേശുവിനെതിരെ യഹൂദപ്രമാണികാക്കുണ്ടായിരുന്ന പരാതിതന്നെ.

സ്പഷ്ടമായൊരു പ്രായോഗികപാഠം ഉപമയിൽ എടുത്തു പറയുന്നില്ലെങ്കിലും ആദ്യത്തെ രണ്ടുപമകളുടേതുതന്നെയാണ്. പാപത്തെക്കുറിച്ചോ പശ്ചാത്താപത്തെക്കുറിച്ചോ പഠിപ്പിക്കുകയല്ല ഉപമ. മാനസാന്തരത്തിൻെറ ഉത്തമമാതൃകയായി ഉപമ പരിഗണിക്കാനാവില്ല. പിതൃസന്നിധിയിലേയ്ക്ക് തിരിച്ചുവരാൻ തീരുമാനമെടുക്കാൻ ധൂർത്തപുത്രനെ പ്രേരിപ്പിച്ചതു് പിതാവിനോടുള്ള സ്നേഹമല്ല; അദ്ദേഹത്തെ മുറിപ്പെടുത്തിയതിലുള്ള പശ്ചാത്താപവുമല്ല; വിശപ്പാണ്. എങ്കിലും അവൻെറ ഏറ്റുപറച്ചിൽ ഹൃദയാവർജ്ജകംതന്നെ. "പിതൃപുത്രബന്ധത്തിൻെറ തകർച്ചയും പുനഃസ്ഥാപനവും ചിത്രീകരിക്കുന്ന ഈ വിവരണം ദൈവവും മനുഷ്യനും തമ്മിലുള്ള പിതൃപുത്രബന്ധത്തെ ബാധിക്കുന്ന പാപത്തെയും പശ്ചാത്താപത്തേയുംപററി ചില പാഠങ്ങരം വെളിവാക്കിത്തരുന്നു"[110] ണ്ടെന്നതു് വിസ്മരിക്കാനാവില്ല.

ലൂക്കാ. 15-ാം അദ്ധ്യായത്തിലെ മൂന്നു് ഉപമകളുടേയും പ്രാഥമികാത്മം (പ്രായോഗികപാഠം) ഒന്നാണെന്നു പറഞ്ഞല്ലോ. 15,1-3 വാക്യങ്ങളിൽ രംഗസംവിധാനവും നടത്തിയിട്ടുണ്ട്. അതാണ് സന്ദർഭം. പാപികളോടുള്ള യേശുവിൻെറ സമീപനം നീതീകരിക്കുന്നതാണ് മൂന്നു് ഉപമകളും. ദൈവം പാപികളെ രക്ഷിക്കുന്നതിൽ പ്രത്യേക താല്പര്യം കാണിക്കുന്നു. അവരുടെ തിരിച്ചുവരവിനു കാത്തിരിക്കുന്നു എന്നു മാത്രമല്ല, അതിൽ അത്യധികം ആഹ്ളാദിക്കയും ചെയ്യുന്നു. തൻെറ ആനന്ദത്തിൽ പങ്കുപററാൻ സകലരേയും ക്ഷണിക്കയും ചെയ്യുന്നു. പ്രമാണികരം അസൂയപ്പെടാതെ ആനന്ദിക്കുക.

ക്രിസ്തീയസമൂഹത്തിൽ ഉപമയ്ക്കു് കാര്യമായ മാററമൊന്നുമുണ്ടായില്ല. പ്രായോഗികപാഠത്തിനു മാററമില്ലെങ്കിലും ശ്രോതാക്കളെ മാററിയിട്ടുണ്ട്. ക്രിസ്തീയവിശ്വാസികളാണു കേരംവിക്കാർ. ദൈവത്തിൻെറ പിതൃഹൃദയത്തിലെ സീമാതീത

---

110. ജോർജ് മങ്ങാട്ടു്, ടി, പുറം. 181.

www.malankaralibrary.com



മായ കരുണ നമുക്കു വെളിപ്പെട്ടിരിക്കുന്നു. അതിന്റെ സമ്പൂർണ്ണാവിഷ്കരണമാണ് യേശുവിന്റെ കുരിശുമരണം. നമ്മുടെ പാപത്തെക്കുറിച്ചും ഹീനതയെക്കുറിച്ചും വ്യക്തമായ ബോധം നമുക്കുണ്ടെങ്കിലും രക്ഷകനായ ദൈവത്തെ പാപികളായ നമുക്കു ഫലദായകമായ ശരണത്തോടെ സമീപിക്കാം എന്ന ഉറപ്പും ആഹ്വാനവും നൽകുന്നു. ദൈവം നമ്മെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

ഒരു താക്കീതും ഉപമ ഉൾക്കൊള്ളുന്നു. പ്രത്യേകിച്ച് രണ്ടാം ഭാഗത്ത്. പാപിയെപ്രതിയുള്ള ദൈവത്തിന്റെ ഉത്ക്കണ്ഠയിലും അവന്റെ തിരിച്ചുവരവിലുള്ള അദ്ദേഹത്തിന്റെ ആഹ്ലാദത്തിലും നാം ആനന്ദിക്കണം. ഉപമയിലെ മൂത്തമകനെപ്പോലെയാകരുത്. പാപികളെ സ്നേഹിച്ച യേശുവിനെ വിമർശിച്ച യഹൂദനേതാക്കന്മാരെപ്പോലെയുമാകരുത്. പാപികളെ സഹോദരങ്ങളായി സ്വീകരിക്കണം. പിതൃപുത്രസഹോദര ബന്ധങ്ങൾ മനസ്സിലാക്കണം. തെററിപ്പോയ സഹോദരങ്ങളുടെ തിരിച്ചുവരവിന് പിതാവിനെപ്പോലെ ആകാംക്ഷയോടെ കാത്തിരിക്കണം; പ്രതീക്ഷയോടെ പ്രവർത്തിക്കണം. എത്തിക്കഴിയുമ്പോൾ ആഹ്ളാദിക്കണം.

ലൂക്കാ. 15,1-3 വാക്യങ്ങളിൽ ഉപമയുടെ സന്ദർഭമുണ്ടെന്നു സൂചിപ്പിച്ചല്ലോ. യേശു പാപികളെ സ്വീകരിക്കയും അവരോടൊത്തു പന്തിയിലിരിക്കുകയും ചെയ്യുന്നുവെന്ന പരാതി പലതവണ ഉണ്ടായിട്ടുണ്ട്. സക്കേവൂസിന്റെ വീട്ടിൽ താമസിച്ചപ്പോൾ 'നീതിമാന്മാരായ' യഹൂദർ പിറുപിറുത്തു. "ഇവൻ പാപിയായ ഒരുവന്റെ പക്കൽ കയറിത്താമസിക്കുന്നുവല്ലോ" (ലൂക്കാ. 19,1-10). "നിങ്ങളുടെ ഗുരു പാപികളോടും ചുങ്കക്കാരോടുമൊത്തു ഭക്ഷിക്കുന്നതെന്ത്?" (ലൂക്കാ. 5.29-32; മക്കോ. 2,15-17; മത്താ. 9,10-13). ഇതുപോലുള്ള പല അവസരങ്ങൾ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ലൂക്കോസ് 15-ലെ മൂന്ന് ഉപമകൾക്കും പൊതുവായ ചില പ്രത്യേകതകളുണ്ട്. അവയെല്ലാം ആമുഖത്തിൽ പറയുന്ന സന്ദർഭവുമായി സഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ഒരേ

www.malankaralibrary.com



പാഠവും ഉദ്ദേശ്യവുമാണ് മൂന്നിനും[111]. 'നഷ്ടപ്പെടുക-കണ്ടെത്തുക' എന്ന വിപരീതാശയപ്രയോഗം മൂന്നിൻേറയും ഗതി നിയന്ത്രിക്കുകയും അദ്ധ്യായത്തിന് പൊതുവെ ഏകാഗ്രത നല്കുകയും ചെയ്യുന്നു. 'ആനന്ദിക്കുക' എന്ന ആഹ്വാനവും ഉണ്ട്. അതും അദ്ധ്യായത്തിൻെറ ഏകാഗ്രതയും ഐകരൂപ്യവും വ്യക്തമാക്കുന്നു. 'ആനന്ദിക്കുക' എന്നതാണ് കേന്ദ്ര ആശയം. അത് അനേകം പ്രാവശ്യം പരാമർശിച്ചിട്ടുണ്ട്. 'ആനന്ദപൂർവ്വം' (വാക്യം 5) 'ആനന്ദിക്കുവിൻ' (വാക്യം 6&9), 'ആനന്ദമുണ്ടാകും' (വാക്യം 7&10), 'ഭക്ഷിച്ചാനന്ദിക്കാം' (വാക്യം 23), 'ഉല്ലസിച്ചുതുടങ്ങി' (വാക്യം 24), 'പാട്ടും ആട്ടവും' (ആനന്ദപ്രകടനങ്ങൾ-വാക്യം 25), 'ആനന്ദിക്കുക ഉചിതമാണ്'' (വാക്യം 32). ഈ ആനന്ദത്തിന് ഒരു പ്രത്യേകതയുണ്ട്. എപ്പോഴും പങ്കുവയ്ക്കപ്പെടുന്നതാണ്.

ഹൃദയസ്പർശിയും വിശിഷ്ടവുമായ മൂന്ന് ഉപമകളാണ് മുകളിൽക്കണ്ടത്. ''രചനയുടെ പ്രൗഢികൊണ്ടും ആശയങ്ങളുടെ ഗാംഭീര്യംകൊണ്ടും വിഷയത്തിൻെറ ശ്രേഷ്ഠതകൊണ്ടും ഉപമകളുടെ ഇടയിലെ മുത്തുമണികൾ എന്ന് ഇവയെ വിളിക്കാം[112]. പാപികളെപ്രതിയും അവർക്കുമുള്ള സദ്വാർത്ത സുമംഗളം ചിത്രീകരിക്കുന്ന ഈ ഭാഗം സുവിശേഷത്തിലെ സുവിശേഷമാണ്[113].

(iv) ദേവാലയത്തിൽ പ്രാർത്ഥിച്ച ഫരീസൻേറയും ചുങ്കക്കാരൻേറയും ഉപമ (ലൂക്കാ. 18, 9–14)

വാക്യം 9: നീതിമാന്മാരെന്നു സ്വയം കരുതിയതിനാൽ തങ്ങളിൽത്തന്നെ ആശ്രയിക്കയും മററുള്ളവരെ നിന്ദിക്കയും ചെയ്യുവരോട് അവൻ ഈ ഉപമ അരുളിച്ചെയ്തു.

10. രണ്ടുപേർ പ്രാർത്ഥിക്കാൻ ദേവാലയത്തിൽപോയി. ഒരുവൻ ഫരീസനും മററവൻ ചുങ്കക്കാരനുമായിരുന്നു.

---

111. ആദ്യത്തേതു രണ്ടും പാഠം വ്യക്തമായി നൽകുന്നു. മൂന്നാമത്തേതിൽ പ്രത്യക്ഷമായില്ല. എങ്കിലും രണ്ടു ഭാഗങ്ങളുടേയും അവസാനം ഒരേ പാഠം പരോക്ഷമായുണ്ട്.

112. ജോർജ് മങ്ങാട്ട്, ടി, പുറം. 164

113. ടി.

www.malankaralibrary.com



11. ഫരീസൻ നിന്നു് ഇങ്ങനെ പ്രാൎത്ഥിച്ചു: ''ദൈവമേ ഞാൻ നിനക്കു നന്ദിപറയുന്നു. എന്തെന്നാൽ ഞാൻ കൊള്ളക്കാരും നീതികെട്ടവരും വ്യഭിചാരികളുമായ മററു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ല.

12. ഞാൻ ആഴ്ചയിൽ രണ്ടുപ്രാവശ്യം ഉപവസിക്കുന്നു; എനിക്കു കിട്ടുന്നതിന്റെയെല്ലാം ദശാംശം കൊടുക്കുന്നു''.

13. എന്നാൽ ആ ചുങ്കക്കാരനാകട്ടെ അകലെനിന്നുകൊണ്ടു് സ്വൎഗ്ഗത്തിലേയ്ക്കു കണ്ണുയർത്താൻപോലും തുനിയാതെ മാറത്തടിച്ചുകൊണ്ടു്; ദൈവമേ, പാപിയായ എന്റെമേൽ കനിയണമേ'' എന്നു പ്രാൎത്ഥിച്ചു.

14. ഞാൻ നിങ്ങളോടു പറയുന്നു: ഈ മനുഷ്യൻ മററവനെക്കാറം നീതീകരിക്കപ്പെട്ടവനായി വീട്ടിലേയ്ക്കു പോയി. എന്തെന്നാൽ സ്വയം ഉയൎത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവൻ ഉയൎത്തപ്പെടും''.

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമുള്ളവയിൽ അവസാനത്തെ ഉപമയാണിതു്. 9-ാം വാക്യം സുവിശേഷകൻ നൽകുന്ന ആമുഖമാണു്. ഉള്ളടക്കത്തിനനുസൃതമായ ആമുഖം. ഫരീസരാണു സ്വയം നീതിമാന്മാരെന്നു കരുതി മററുള്ളവരെ നിന്ദിച്ചവർ. മോശയുടെ നിയമമെല്ലാം അനുവൎത്തിക്കുന്നതിനാൽ നീതിമാന്മാരെന്നു സ്വയം വിലമതിച്ചു. അതിനാലവർ തന്നിൽത്തന്നെ ആശ്രയിച്ചു. നിയമപാലനം രക്ഷിക്കുമെന്നുറച്ചു. അവരെപ്പോലെ നിയമം പാലിക്കാത്തവരെല്ലാം പാപികളാണു്, അവരുടെ നോട്ടത്തിൽ. പാപികളെ ഫരീസർ നിന്ദിച്ചിരുന്നു. അതിനെപ്രതി അവരെ യേശു പലപ്രാവശ്യം രൂക്ഷമായി വിമൎശിച്ചിട്ടുണ്ടു്[114]. അവരുടെ സ്വാശ്രയത്തിന്റേയും പരനിന്ദനത്തിന്റേയും മൗഢ്യം വെളിപ്പെടുത്തുവാനും ദൈവതിരുമുമ്പിൽ നീതീകരിക്കപ്പെടുകയാണു് പ്രധാനമെന്നു് വ്യക്തമാക്കുവാനുമാണു് യേശു ഈ ഉപമ പറഞ്ഞതു്.

---

114. മത്താ. 23; ലൂക്കോ. 11,46.47.49.51;14,17.20.40; മൎക്കോ 12,38,39

ചുങ്കക്കാരനും പരീസനും പ്രാർത്ഥിക്കാനാണ് ദേവാലയത്തിൽ പോയതു് (വാക്യം 10). രാവിലെ ഒമ്പതുമണിയും വൈകിട്ടു് മൂന്നുമണിയും ആയിരുന്നു പ്രാർത്ഥനാസമയം. യഹൂദരുടെ നോട്ടത്തിൽ ചുങ്കക്കാർ കൊടും പാപികളായിരുന്നു. ശാബതു് ആചരിച്ചിരുന്നില്ല. ശാബതിലും ചുങ്കം പിരിക്കും. ദൈവജനത്തിന്റെ ശത്രുക്കളാണ്. കാരണം അവർ പിരിക്കുന്ന ചുങ്കം ഇസ്രായേലിന്റെ എതിരാളികളായ റോമാക്കാർക്കാണ് കൊടുക്കുക. അതു് ദൈവജനത്തിനും ദൈവത്തിനും എതിരായ പ്രവൃത്തിയാണ്. അമിതമായും പിരിച്ചിരുന്നു[115]. പരീസൻ യഹൂദമതനേതാവാണ്. അവക്കു സംഘങ്ങളിൽ മുഖ്യസ്ഥാനമായിരുന്നു. അയാൾ ദേവാലയത്തിൽ ഉന്നതമായൊരു സ്ഥാനത്തുനിന്നുകൊണ്ടു പ്രാർത്ഥിച്ചു[116]. കൃതജ്ഞതയോടെയാണ് യഹൂദർ പ്രാർത്ഥന തുടങ്ങുക. "ദൈവമേ, ഞാൻ നിനക്കു നന്ദിപറയുന്നു". തന്റെ നീതിയുടെ നിവർത്തനപരവും പ്രവർത്തനപരവുമായ മാനങ്ങൾ എടുത്തുകാട്ടി അയാൾ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഭക്തനായ യഹൂദൻ മൂന്നുകാര്യങ്ങൾക്കു ദിവസേന ദൈവത്തെ വാഴ്ത്തണമെന്നുണ്ടു്. അയാൾ ഒരു പുറജാതിക്കാരനോ സ്ത്രീയോ വിദ്യാവിഹീനനോ അല്ലാത്തതിനാൽ[117]. തന്നോടൊത്തു ദേവാലയത്തിൽ നില്ക്കുന്ന ചുങ്കക്കാരനെപ്പോലെയോ അത്തരം മററാളുകളെപ്പോലെയോ അല്ലാത്തതിനാൽ അയാൾ ദൈവത്തിനു നന്ദി നല്കുന്നു. പരീസൻ പുണ്യത്തിന്റെ ഭാവാത്മകവശവും എടുത്തുകാണിക്കുന്നു. വാക്യം 12: "ഞാൻ ആഴ്ചയിൽ രണ്ടുപ്രാവശ്യം ഉപവസിക്കുന്നു". വർഷത്തിലൊരിക്കൽ–പരിഹാരപ്പെരുന്നാളിൽ–ഉപവസിക്കാനേ നിയമം അനുശാസിക്കുന്നുള്ളു. പരീസരും മററും തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസിച്ചു. ജലപാനംപോലുമില്ല. "എനിക്കു കിട്ടു

115. Cf. J. Jeremias, Parables of Jesus, p. 141.

116. അറമായ പശ്ചാത്തലമനുസരിച്ച് ജറമിയാസ് നല്കുന്ന പരിഭാഷ.

117. എന്നെ ഒരു പുറജാതിക്കാരനായി സൃഷ്ടിക്കാത്ത ദൈവം അനുഗൃഹീതനാകട്ടെ'' (പുറജാതിക്കാരൻ ദൈവതിരുമുമ്പിൽ ഒന്നുമല്ല!). ''എന്നെ ഒരു സ്ത്രീയായി സൃഷ്ടിക്കാത്ത ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ'' (സ്ത്രീകൾ നിയമം പാലിക്കാൻ കടപ്പെട്ടവരല്ല). ''അവിദ്യനായി എന്നെ സൃഷ്ടിക്കാത്ത ദൈവം അനുഗൃഹീതനാകട്ടെ'' (വിദ്യാവിഹീനൻ പാപം മാത്രം ചെയ്യുന്നു). റബ്ബി യൂദായുടെ വാക്കുകളാണിവ.

www.malankaralibrary.com



ന്നതിൻെറയെല്ലാം ദശാംശം കൊടുക്കുന്നു''. ആദ്യഫലത്തിൻെറ ദശാംശമേ നിയമം ആവശ്യപ്പെടുന്നുള്ളൂ. എന്നാലും ചതകുപ്പ, ജീരകം, പുതുവീഞ്ഞ് ഇവയുടെയൊക്കെ (ലൂക്കാ. 11,42) ദശാംശം കൃഷിക്കാരൻ കൊടുത്തിരുന്നെങ്കിലും അയാളും കൊടുത്തു! സ്വയം ഏറ്റെടുത്ത പരിത്യാഗമാണ് അയാൾ കാണിക്കുക. നിയമാനുശാസനത്തിലും ഉപരി നീതിമാനാണ് താൻ എന്നത്രേ അയാളുടെ ഭാവം.

പരീസൻ ഒന്നും ആവശ്യമില്ലാത്തവനായി, എല്ലാം തികഞ്ഞവനായി ദൈവസന്നിധിയിൽ അവതരിപ്പിക്കുന്നു[118]. അയാളുടെ നിലപാടിന് നേരേ വിപരീതമാണ് ചുങ്കക്കാരൻേറതു്. അവനു് ദൈവതിരുമുമ്പിൽ നിരത്തിവയ്ക്കാൻ ഒന്നുമില്ല. 'അകലെ' നിന്നു പ്രാർത്ഥിക്കാനേ ധൈര്യംവന്നുള്ളൂ. പരിശുദ്ധമായവ തൻെറ സാമീപ്യംകൊണ്ട് അശുദ്ധമാകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. അവൻ 'മാറത്തടിച്ചു്' പ്രാർത്ഥിക്കുന്നു. സൂക്ഷ്മമായി പറഞ്ഞാൽ 'ഹൃദയത്തിലടിച്ചുകൊണ്ട് പ്രാർത്ഥിച്ചു' എന്നാണ്. ഹൃദയം പാപത്തിൻെറ ഇരിപ്പിടമായും അതിന്മേലിടിക്കുക ആത്മാനുതാപത്തിൻെറ പ്രകടനമായും കരുതിയിരുന്നു[119]. ദൂരെ ഒരു മൂലയ്ക്കു നിന്നു് മാറത്തടിച്ചുകൊണ്ട് 'ദൈവമേ, പാപിയായ എന്നിൽ കനിയണമേ' എന്ന യാചന സങ്കീർത്തനം 51,17നെ അനുസ്മരിപ്പിക്കുന്നു. "തകർന്ന ആത്മാവാണ് ദൈവത്തിനു് സ്വീകാര്യമായ യാഗം. തകർന്നതും അനുതപിക്കുന്നതുമായ ഹൃദയം അവിടന്നു് നിരസിക്കുകയില്ല''. അനുതാപപൂർണ്ണമായ പ്രാർത്ഥനകേൾക്കുന്ന കരുണാസമ്പന്നനാണ് ദൈവം.

"ഈ മനുഷ്യൻ മറ്റെയാളെക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേയ്ക്കു പോയി'' (വാക്യം 14)[120]. ("അവൻ

---

118. ഫരീസൻെറ പ്രാർത്ഥനപോലൊന്നു് ഒന്നാം നൂററാണ്ടിലെ താൽമുദിലുണ്ട്. cf. J. Jeremias, Parables of Jesus, p. 140.

119. Midrash Quo. 7,2 cf. J. Jeremias, Parables of Jesus, p. 140.

120. "ഇവൻ നീതീകരിക്കപ്പെട്ടവനും ഫരീസൻ നീതീകരിക്കപ്പെടാത്തവനുമായി വീട്ടിലേയ്ക്കു പോയി'' എന്നും വായിക്കാം. cf. J. Jeremias, Parables of Jesus, p. 141.

www.malankaralibrary.com



ആ ഫരീസനെക്കാരം നീതീകരിക്കപ്പെട്ടവനായി ഇറങ്ങിപ്പോയി'' എന്നാണ് പദാനുപദ തർജ്ജമ. വടക്ക് ഒഴികെ എല്ലായിടത്തും ദേവാലയം ഉയന്ന സ്ഥലത്തായിരുന്നല്ലോ). 'നീതീകരിക്കപ്പെടുക' എന്ന സകർമ്മണി പ്രയോഗത്തിന് 'നീതി ലഭിക്കുക (പ്രാപിക്കുക)', 'സ്വതന്ത്രനാകുക', 'പ്രീതി, നീതി' കൃപ ഇവ നേടുക' എന്നൊക്കെയാണർത്ഥം. ദൈവം നീതീകരിച്ചു എന്നു സാരം. സെൻറ് പോരം ഉപയോഗിക്കുന്ന 'ദിക്കായിഓ' എന്ന വാക്ക് അതേ അർത്ഥത്തിൽ വി. ലൂക്കോസും സ്വീകരിച്ചിരിക്കുന്നു[121].

''എന്തെന്നാൽ സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും'' (വാക്യം 14b). സഭ പില്ക്കാലത്തു് ഉപമയോട് ചേർത്തതാവണം ഈ വാചകം. സ്വയം നീതീകരിച്ച ഫരീസനും കുററപ്പെടുത്തിയ ചുങ്കക്കാരനുമാണല്ലോ കഥാപാത്രങ്ങരം. ആദ്യത്തെയാളെ ദൈവം നീതീകരിച്ചില്ല; കാരണം, അയാരം സ്വയം നീതീകരിച്ചു. സ്വയം കുററപ്പെടുത്തിയ മററവനെ ദൈവം നീതീകരിച്ചു. ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുക എന്നതാണ് ഉപമയുടെ വിഷയം. ഇതിൽനിന്നു് വ്യത്യസ്തമായ ഒരർത്ഥം കൊടുക്കേണ്ടതു് പില്ക്കാലസഭയുടെ സാഹചര്യത്തിൽ ആവശ്യമായി വന്നു. ഉയർത്തപ്പെടുകയും താഴ്ത്തപ്പെടുകയും ചെയ്യുക എന്ന അർത്ഥം അങ്ങനെ ചേർത്തു. രണ്ടാമതൊരു സന്ദേശം കൂടി ഉപമയിൽ സഭ കണ്ടെത്തി.

വി. ലൂക്കോസ് ഉപമ ക്രമീകരിച്ചിരിക്കുന്ന സാഹചര്യത്തിൽനിന്നു് മൂന്നാമതൊരർത്ഥംകൂടിയെടുക്കാം. ന്യായാധിപൻേറയും വിധവയുടേയും ഉപമസ്സു് (വാക്യം 1--8) പിന്നാലെയാണ്. ന്യായാധിപനേയും ദൈവത്തേയും താരതമ്യപ്പെടുത്തിയിരിക്കുന്നു. വിധവയുടെ അഭ്യർത്ഥന ന്യായാധിപൻ കേട്ടെങ്കിൽ ദൈവം തൻെറ ജനത്തിനുവേണ്ടി എത്രമാത്രം പ്രവർത്തിക്കുകയില്ല! ഈ ഉപമയും പ്രാർത്ഥനയെ പരാമർശിക്കുന്നു.

---

121. പൗലോസിൻെറ സ്വാധീനത്തിലാണ് ഇവിടം എഴുതിയതെന്നു കരുതുക സ്വാഭാവികമാണ്. പക്ഷേ പൗലോസിൻേറതല്ലാത്ത സെമിററിക് ഘടനയാണിവിടെ. നീതീകരണത്തെപ്പററിയുള്ള വി. പൗലോസിൻെറ പ്രബോധനം രൂപപ്പെട്ടതു് യേശുവിൻെറ പ്രബോധനത്തിൽ നിന്നാണെന്നൂഹിക്കുന്നതിൽ തെററില്ല. cf. J. Jeremias, ibidem.

www.malankaralibrary.com



പ്രാർത്ഥനയുടെ സുവിശേഷകനാണ് വി. ലൂക്കോസ്. യേശു പ്രാർത്ഥിക്കുന്ന സന്ദർഭങ്ങൾ കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നതു് അദ്ദേഹമാണ്. പ്രാർത്ഥനയെക്കുറിച്ചു് അദ്ദേഹം മാത്രമേ ഉപദേശിക്കുന്നുള്ളു. ശരിയായി പ്രാർത്ഥിക്കേണ്ട വിധം കാണിക്കുന്ന ഉദാഹരണമാണ് ചുങ്കക്കാരൻേറയും ഫരീസൻേറയും ഉപമ. മുകളിൽ കണ്ട മൂന്നു വിധവും ഉപമ വിശദീകരിക്കാം.

യേശുവിൻെറ ശ്രോതാക്കൾ എന്തു ഗുണപാഠമാണ് ഉപമയിൽനിന്നു് സ്വീകരിച്ചിരിക്കുക? ദൈവതിരുമുമ്പിൽ നീതീകരിക്കപ്പെടാൻ ഫരീസനു് മററു് എന്തുചെയ്യുവാൻ കഴിയുമായിരുന്നു? ചുങ്കക്കാരനു് അവൻെറ പാപം ഒരു നേട്ടമായിരുന്നോ? പാപം ചെയ്തതിനാലാണോ അവൻ നീതീകരിക്കപ്പെട്ടതു്? അതോ അവൻ പാപത്തിനു പരിഹാരം ചെയ്തുവോ? ദൈവവുമായുള്ള ബന്ധത്തിൽ ഫരീസൻെറ തെററു് വാക്കുകളിലെന്നതിലും നിലപാടിലാണ്. അയാൾ ദേവാലയത്തിൽ നിന്നു് ആത്മപ്രശംസ നടത്തുകയാണ്. അയാളുടെ മനോഭാവത്തിൻെറ പ്രകടനം മാത്രമായിരുന്നു വാക്കുകൾ. ചുങ്കക്കാരൻെറ വാക്കുകളാകട്ടെ അനുതാപസങ്കീർത്തനങ്ങളുടേതാണ്. ആന്തരികനിലപാടാണ് മനുഷ്യ–ദൈവബന്ധത്തിൽ പ്രധാനം. ദൈവത്തെ ആവശ്യമുള്ളവനായി അവിടത്തെ മുമ്പിൽ നിൽക്കുക. പാപം ചെയ്യാത്തവനെന്നതിലും ചെയ്തുപോയ പാപത്തെക്കുറിച്ചു ബോധവും പശ്ചാത്താപവും ദൈവത്തിൽ നിന്നു നീതീകരണം ലഭിക്കേണ്ടിയിരിക്കുന്നു എന്ന ആവശ്യബോധവും ഉള്ളവനാണോ എന്നതാണു പ്രശ്നം. മനുഷ്യൻെറ യോഗ്യതയല്ല, ദൈവത്തിൻെറ കരുണയാണ് മനുഷ്യനെ മോക്ഷത്തിലെത്തിക്കുക. നിത്യാനന്ദഭവനം നിയമപാലനത്തിൻെറ പ്രതിഫലമെന്നതിലും അനുതാപവും ആവശ്യമുള്ളവക്ക് ഈശ്വരകരുണയുടെ ദാനവുമാകുന്നു എന്നു് യേശുവിനെ വിമർശിച്ചവക്കു് വീണ്ടും വീണ്ടും മറുപടി നൽകുന്നു.

v മേശയിൽ സ്ഥാനമന്വേഷിക്കുന്നതിനെപ്പററിയുള്ള ഉപമ (ലൂക്കോ. 14,7–11).

വാക്യം 7. ക്ഷണിക്കപ്പെട്ടവർ മാന്യസ്ഥാനങ്ങൾ തെരഞ്ഞെടുക്കുന്നതു കണ്ടപ്പോൾ അവൻ ക്ഷണിക്കപ്പെട്ടവരോടു് ഒരുപമ അരുളിച്ചെയ്തു. അവൻ പറഞ്ഞു:

8. "ആരെങ്കിലും നിങ്ങളെ വിവാഹവിരുന്നിനു ക്ഷണിച്ചാൽ മാന്യസ്ഥാനത്തു് പോയിരിക്കരുതു്. നിങ്ങളെക്കാൾ ബഹുമാന്യനായവൻ ക്ഷണിക്കപ്പെട്ടിട്ടുണ്ടാവാം.

www.malankaralibrary.com



9. നിങ്ങളെ ഇരുവരേയും ക്ഷണിച്ചവൻ വന്ന് 'ഇദ്ദേഹത്തിനു സ്ഥാനം കൊടുക്കുക' എന്നു പറയും. അപ്പോഠം നീ ലജ്ജയോടെ ഏററം താണ സ്ഥാനത്തു പോകേണ്ടിവരും.

10. എന്നാൽ നിങ്ങഠം ക്ഷണിക്കപ്പെടുമ്പോഠം ഏററം താണ സ്ഥാനത്ത് പോയിരിക്കുക. അപ്പോഠം ആതിഥേയൻ വന്ന് നിന്നോടു പറയും: 'സ്നേഹിതാ, ഉയർന്ന സ്ഥാനത്തിരിക്കുക'. അപ്പോഠം നിന്നോടൊത്ത് മേശയ്ക്കിരിക്കുന്ന എല്ലാവരുടേയും മദ്ധ്യേ നീ ബഹുമാന്യനാകും.

11. എന്തെന്നാൽ സ്വയം ഉയത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തപ്പെടുന്നവൻ ഉയർത്തപ്പെടും''.

വി. ലൂക്കോസിൻെറ സുവിശേഷത്തിൽ മാത്രമേ ഈ ഉപമ കാണുന്നുള്ളൂ. ഫരീസൻേറയും ചുങ്കക്കാരൻേറയും ഉപമയോടു ചേർത്ത ഉപസംഹാരവാചകം ആവർത്തിച്ചിരിക്കുന്നു. ഇവിടെയുമിത് സഭയുടെ ജീവിതസാഹചര്യത്തിൽനിന്ന് ചേക്കപ്പെട്ടതാണ്. ഇതേ വാചകം ലൂക്കോ. 18,14ലും മത്താ. 18,4ലും 23,21ലുമുണ്ട്. ഓരോന്നിലും വ്യത്യസ്ത പശ്ചാത്തലമാണ്. അതിനാൽ ലൂക്കോ. 14,7-11ലെ ഉപമയുടെ രൂപീകരണത്തിൽ സുവിശേഷകൻ അമിതസ്വാതന്ത്ര്യം പ്രയോഗിച്ചിട്ടുണ്ടെന്നു കരുതാം.

വിരുന്നുശാലയിൽ അതിഥി പാലിക്കേണ്ട ആചാരമര്യാദകഠം പഠിപ്പിക്കുകയല്ല ഉപമയുടെ ഉദ്ദേശ്യം. 11-ാംവാക്യമത് സൂചിപ്പിക്കുന്നു[122]. പന്തിയിലെ പെരുമാററച്ചട്ടത്തിൽനിന്ന് ദൈവരാജ്യസംബന്ധിയായ ഒരുപമ യേശു രൂപപ്പെടുത്തുന്നു. ദൈവരാജ്യത്തെപ്പററി ചില സത്യങ്ങഠം പഠിപ്പിക്കുവാൻ സന്ദർഭം ഉപയോഗിക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ അംഗമാകാനും പങ്കുകൊള്ളാനും ദൈവത്തിൻെറ ക്ഷണം ആവശ്യമാണ്. അതോടൊപ്പം ക്ഷണിക്കപ്പെട്ടവർക്ക് തങ്ങളുടെ താണ നിലയെക്കുറിച്ചും രക്ഷിക്കപ്പെടേണ്ടതിൻെറ ആവശ്യത്തെക്കുറിച്ചും ബോധമുണ്ടായിരിക്കണം. ദൈവത്തിൻെറ വലത്തും ഇടത്തും ഇരിക്കാൻ യോഗ്യരാണെന്ന് ആരും അവകാശപ്പെടരുത്. മുൻസ്ഥാനത്തിനർഹരാണെന്നു സ്വയം വിധിക്കയുമരുത്. ദൈവതിരുമുമ്പാകെ തന്നത്താൻ എളിമപ്പെടുത്തുന്നവക്ക് ദൈവം സ്വർഗ്ഗരാജ്യം ദാനം ചെയ്യുകയും അവരെ അതിൽ സമുന്നതസ്ഥാനങ്ങളിലേയ്ക്കുയർത്തുകയും ചെയ്യും.

---

122. Cf. Jerome Biblical Commentary Voll. II, op. cit., p. 147c.

www.malankaralibrary.com



## (vi) വലിയ വിരുന്നിന്റെ ഉപമ (മത്താ. 22,1–10; ലൂക്കാ. 14,15–24)

### മത്താ. 22, 1–10

1. യേശു വീണ്ടും ഉപമകളിൽ അവരോടു സംസാരിച്ചു

2. സ്വർഗ്ഗരാജ്യം തന്റെ പുത്രന്റെ വിവാഹവിരുന്നു നല്കിയ ഒരു രാജാവിനോട് താരതമ്യപ്പെടുത്താം.

3. വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവരെ വിളിക്കാൻ അയാൾ ഭൃത്യന്മാരെ അയച്ചു.

പക്ഷേ അവർ വന്നില്ല.

4. അവൻ വീണ്ടും മററു ഭൃത്യന്മാരെ പറഞ്ഞയച്ചു. ക്ഷണിക്കപ്പെട്ടവരോടു പറയുവിൻ എന്റെ സദ്യ ഒരുക്കിക്കഴിഞ്ഞു; എന്റെ കാളകളേയും കൊഴുത്ത

### ലൂക്കാ. 14, 15–24

15. അവരോടൊത്തു മേശയിലിരുന്നവരിൽ ഒരുത്തൻ അതു കേട്ടപ്പോൾ പറഞ്ഞു: 'ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ'

16. എന്നാൽ അവരോടു പറഞ്ഞു: ഒരു മനുഷ്യൻ ഒരിക്കൽ വലിയൊരു വിരുന്നൊരുക്കി. അനേകരെ ക്ഷണിക്കുകയും ചെയ്തു.

17. വിരുന്നിനു സമയമായപ്പോൾ എല്ലാം, തയ്യാറായിരിക്കുന്നു; വരുവിൻ' എന്ന് ക്ഷണിക്കപ്പെട്ടവരോടു പറയാൻ സ്വദാസനെ അയച്ചു.

18. പക്ഷേ അവരെല്ലാവരും ഒരുപോലെ ഒഴികഴിവു പറയാൻ തുടങ്ങി.

www.malankaralibrary.com



കാളക്കുട്ടികളേയും കൊന്നു; എല്ലാം ഒരുങ്ങിയിരിക്കുന്നു. വിവാഹവിരുന്നിനു വരുവിൻ:

5. പക്ഷേ അവരതു് അവഗണിച്ചിട്ടു് ഒരുവൻ തൻെറ നിലത്തിലേയ്ക്കും മററൊരുവൻ തൻെറ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു.

6. മററുള്ളവർ അവൻെറ ഭൃത്യന്മാരെ പിടിച്ചു് അപമാനിച്ചു് കൊന്നുകളഞ്ഞു.

7. രാജാവു് കോപിച്ചു് സൈന്യത്തെ അയച്ചു് ആ കൊലപാതകന്മാരെ നശിപ്പിക്കുകയും അവരുടെ പട്ടണം ചുട്ടുകളയുകയും ചെയ്തു.

8. അപ്പോഠം അവൻ ഭൃത്യന്മാരോടു പറഞ്ഞു:

ഒന്നാമൻ പറഞ്ഞു: ഞാൻ ഒരു നിലം വാങ്ങി. അതു നോക്കാൻ പോകണം. എന്നെ ഒഴിവാക്കണമെന്നഭ്യർത്ഥിക്കുന്നു.

19. വേറൊരുവൻ പറഞ്ഞു: ഞാൻ അഞ്ചുജോടി കാളയെ വാങ്ങി. അവയെ പരിശോധിക്കാൻ പോകണം. എന്നെ ഒഴിവാക്കണമെന്നഭ്യർത്ഥിക്കുന്നു.

20 മററൊരുവൻ പറഞ്ഞു: ഒരു ഭാര്യയെ വിവാഹം ചെയ്തു. അതിനാൽ എനിക്കു വരാൻ പററില്ല.

21. ഭൃത്യൻ വന്നു് ഇതു് യജമാനനെ അറിയിച്ചു.

വീട്ടുടമസ്ഥൻ കോപത്തോടെ പറഞ്ഞു:

www.malankaralibrary.com



വിവാഹം ഒരുങ്ങിക്കഴിഞ്ഞു. പക്ഷേ ക്ഷണിക്കപ്പെട്ടവർ അർഹരല്ല.

9. അതിനാൽ വഴിത്തലകളിൽ പോയി കാണുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ.

10. ഭൃത്യന്മാർ തെരുവീഥികളിൽ പോയി കണ്ടവരെയെല്ലാം ദുഷ്ടരേയും ശിഷ്ടരേയും കൂട്ടിക്കൊണ്ടുവന്നു. അങ്ങനെ വിവാഹശാല വിരുന്നുകാരെക്കൊണ്ടു നിറഞ്ഞു.

പട്ടണത്തിൻെറ തെരുവീഥികളിലും ഇടവഴികളിലും വേഗം പോകുവിൻ. ദരിദ്രരേയും അംഗഹീനരേയും അന്ധരേയും മുടന്തരേയും കൊണ്ടുവരുവിൻ.'

22. ഭൃത്യൻപറഞ്ഞു: യജമാനനേ, കല്പിച്ചതുപോലെ ചെയ്തിരിക്കുന്നു. ഇനിയും സ്ഥലമുണ്ടല്ലോ.

23. യജമാനൻ ഭൃത്യനോടു പറഞ്ഞു: പെരുവഴികളിലേയ്ക്കും വേലിയിറമ്പുകളിലേയ്ക്കും പോകുവിൻ. എൻെറ വീടു നിറയേണ്ടതിന് അകത്തുവരാൻ ആളുകളെ നിർബ്ബന്ധിക്കുവിൻ.

24. എന്തെന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. 'ക്ഷണിക്കപ്പെട്ടവരിലാരും എൻെറ വിരുന്നാസ്വദിക്കയില്ല'.

www.malankaralibrary.com



"ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" (വാക്യം 15) എന്ന വിസ്മയസൂചകമായ പ്രസ്താവം ഉപമയെ മുമ്പിലുള്ള വാക്യങ്ങളോടു ബന്ധിപ്പിക്കുന്നു. വി. ലൂക്കോസിൻെറ ശൈലിയുടെ പ്രത്യേകതയും ഇവിടെ ദൃശ്യമാണ്[123]. 16 മുതലുള്ള വാക്യങ്ങളിൽ കഥ വിവരിച്ചിരിക്കുന്നു. എന്നാൽ സംഭവക്രമത്തിലല്ല വിവരണം (ഉദാ. വിരുന്നു് ഒരുക്കിക്കഴിഞ്ഞല്ലല്ലോ ക്ഷണിക്കുക). ക്ഷണിക്കപ്പെട്ടവരെല്ലാം ഒരുവിധം ജീവിതസൗകര്യമുള്ളവരാണു്. ജന്മികളും മററും[124]. ആദ്യം ക്ഷണിച്ചവരെ വീണ്ടും ക്ഷണിക്കാൻ ദാസന്മാരെ അയയ്ക്കുന്നതു് വാക്യം 17 പറയുന്നു. സമീപപൂർവ്വദേശത്തെ മര്യാദയായിരുന്നു അതു്. പ്രത്യേകിച്ചു് മേലേക്കിടയിലുള്ളവരുടെയിടയിൽ. ആദ്യം ക്ഷണിച്ചതു കൂടാതെ വിരുന്നു തയ്യാറായിക്കഴിയുമ്പോഴും ഓർപ്പിക്കാൻ രണ്ടാമതും ദാസന്മാരെ അയയ്ക്കും (മത്താ. 22,4). എന്നിട്ടും നിരസിക്കയാണെങ്കിൽ അതു സ്നേഹബന്ധത്തിൻെറ ഗൗരവമായ ലംഘനമാണു്. ഉപമയിൽ പറയുന്ന വിരുന്നിനു ക്ഷണിക്കപ്പെട്ടവരെല്ലാം ഒരുപോലെ ഒഴികഴിവു പറഞ്ഞു. "എല്ലാവരും പെട്ടെന്നു് ഒഴികഴിവു പറഞ്ഞുതുടങ്ങി" എന്നാണു് മൂലപാഠമനുസരിച്ചു്. "ഒരുത്തൻ തൻെറ വയലിലേയ്ക്കും മററവൻ തൻെറ വ്യാപാരത്തിനും പോയി" എന്നുമാത്രം വി. മത്തായി പറയുന്നു. വി. ലൂക്കോസു് ഒഴിവുകഴിവുകൾ ഓരോന്നും വിവരിക്കുന്നു. ഭാര്യയെപ്രതിയുള്ളതു് അദ്ദേഹം മാത്രമേ പറയുന്നുള്ളു. 'ധനവും ജീവിതത്തിൻെറ സന്തോഷങ്ങളു'മാണു് ഒഴിവുകഴിവിൻെറ യഥാർത്ഥ കാരണം (ലൂക്കോ. 8,14). വിതക്കാരൻെറ ഉപമയിൽ സുവിശേഷകൻ വരുത്തിയ മാററങ്ങളോടു യോജിച്ചവയാണു് ഇവിടെ കൈക്കൊണ്ടിരിക്കുക. വിത്തിൻെറ വളർച്ചയ്ക്കും ഫലം പുറപ്പെടുവിക്കലിനും എതിരായ മൂന്നു ഘടകങ്ങളും വിരുന്നിൻെറ ഉപമയിലെ മൂന്നു് ഒഴിവുകഴിവുകളിൽ വിശദമാക്കിയിരിക്കുന്നു.

നേരത്തെ ക്ഷണിച്ചവർ വിരുന്നു തിരസ്കരിച്ചു. അവർ വെറുക്കുന്ന ദരിദ്രരേയും അംഗഹീനരേയും അന്ധരേയും മുടന്തരേയും ക്ഷണിച്ചുകൊണ്ടുവരുവാൻ ആതിഥേയൻ നിർദ്ദേശി

123. ലൂക്കോ. 12,13;13,1–23

124. Cf. J. Jeremias, Parables of Jesus, p. 176.

www.malankaralibrary.com



ക്കന്നു. വിരുന്നിനു് ക്ഷണിക്കേണ്ടവരെന്നു് ക്രിസ്തുനാഥൻ ഫരീസനു് ചൂണ്ടിക്കാട്ടിയവർതന്നെ (വാക്യം 13). അവരെ നിർബന്ധിച്ചു് വേഗം കൂട്ടിക്കൊണ്ടുചെല്ലണമെന്നാണു് യജമാനൻെറ താല്പര്യം. ദരിദ്രരാണെങ്കിലും അത്യധികം നിർബന്ധിച്ചാലേ പൌരസ്ത്യർ പോകൂ. വിഭവങ്ങൾ ചീത്തയാകുന്നതിനും നേരം ഇരുട്ടുന്നതിനുംമുമ്പ് വിരുന്നു് നടത്തണമെങ്കിൽ അവരെ 'വേഗം' കൊണ്ടുചെന്നേ പററൂ. കൂടാതെ, യഹൂദപ്രമാണികളുടെ നിരസനത്തിനെതിരെ സമൂഹത്തിലെ പതിതരുടെ പേരിൽ ദൈവത്തിൻെറ പ്രത്യേക താല്പര്യവും കരുണയും കാണിക്കുന്നതാണു് 'വേഗം', 'നിർബ്ബന്ധിച്ചു്' എന്ന പ്രയോഗങ്ങൾ. നഗരത്തിനു പുറത്തുനിന്നുകൂടിയും ആളുകളെ കൂട്ടിക്കൊണ്ടുവരാനാണു് വീട്ടുടമസ്ഥൻ കല്പിക്കുക (വാക്യം 22). വിരുന്നുശാലയിൽ ഒരു സീററുപോലും വെറുതെയിടരുതെന്നതു് ആതിഥേയനു് പ്രധാനമാണു്. ഇസ്രായേൽ ദൈവരാജ്യം തിരസ്കരിച്ചപ്പോൾ പകരം പുറജാതികളെ അതിലേയ്ക്കു് ദൈവം സ്വീകരിക്കുന്നു എന്നാണു് ഇവിടെ സുവിശേഷകൻ അർത്ഥമാക്കുക.

23-ാം വാക്യംവരെയുള്ളതിൽനിന്നു് ശ്രദ്ധേയമായ മാററം 24-ാംവാക്യത്തിലുണ്ടു്. "ഞാൻ നിങ്ങളോടു പറയുന്നു: ക്ഷണിക്കപ്പെട്ടവരാരും എൻെറ വിരുന്നാസ്വദിക്കയില്ല". വിരുന്നൊരുക്കിയ മനുഷ്യനല്ല, യേശുതന്നെയാണു് ഇവിടെ സംസാരിക്കുക. 'ഭൃത്യൻ' (ഭൃത്യനോടു്) എന്ന ഏകവചനംമാറി 'നിങ്ങൾ' (നിങ്ങളോടു്) എന്നു് ബഹുവചനമായി. 24-ാം വാക്യത്തിലെ വിശിഷ്ടശൈലീപ്രയോഗം അവസാനവിധിയിലെ ക്രിസ്തുവിൻെറ വാക്കുകളനുസ്മരിപ്പിക്കുന്നു[125]. 'ഞാൻ', 'എൻെറ വിരുന്നു്' മുതലായ പ്രയോഗങ്ങൾക്കു പ്രത്യേകതയുണ്ടു്. മിശിഹായും അദ്ദേഹത്തിൻെറ വിരുന്നുമാണു് അർത്ഥമാക്കുക. മിശിഹായോടു് ബന്ധിപ്പിച്ചാണു് സുവിശേഷകനും ഇവിടം കാണുക. അങ്ങനെ ഉപമയ്ക്കു് ഉദ്ബോധനാത്മകത നല്കി യേശു ഉദ്ദേശിക്കുന്ന ആശയം വ്യക്തമാക്കുന്നു[126]. ക്ഷണിക്കപ്പെട്ടില്ല എന്ന കാരണത്താൽ ആരും

125. ലൂക്കാ. 11,8;15,7,10;16,9;18,8,14;19,26

126. മിശിഹായുടെ വിരുന്നു് സൂചിപ്പിക്കുന്നതായാണു് വി. ലൂക്കോസു് ഈ ഭാഗം മനസ്സിലാക്കുക. അതിനാൽ അദ്ദേഹം മിശിഹായുടെ

www.malankaralibrary.com



പുറത്തു നില്ക്കേണ്ടി വരില്ല. എല്ലാവരും ക്ഷണിക്കപ്പെട്ടു. അവരുടെ ഉപേക്ഷകൊണ്ടേ പുറന്തള്ളപ്പെട്ടു.

ഒരിദ്രരോട്ട് സദ്വാർത്ത അറിയിച്ചതിനെ വിമർശിച്ചവരോട്ട് യേശു മറുപടി നല്കുകയാണ് വിരുന്നിന്റെ ഉപമയിൽ. പാപികളോടുള്ള തന്റെ സുവിശേഷപ്രഘോഷണം നീതീകരിക്കയാണ് അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം.

സുവിശേഷങ്ങളിലെ വിവരണങ്ങൾ തമ്മിൽ ശ്രദ്ധേയമായ മാററങ്ങളുണ്ട്. അവ പരിഗണിച്ചാൽ ഇരുസുവിശേഷകന്മാരും ഒരേ സ്രോതസ്സാണ് സ്വീകരിച്ചിട്ടുള്ളതെന്ന് കരുതുക വിഷമകരമത്രേ.

---

വിരുന്നിന്റെ രൂപകകഥയായി ഉപമ ദർശിക്കുന്നു. മൂലരൂപത്തിൽ 24-ാം വാക്യം വീട്ടടമസ്ഥൻതന്നെ പറഞ്ഞതാവാം. കാരണം (1) 'എന്തെന്നാൽ' എന്ന വാക്ക് 23-ാം വാക്യത്തിലെ ആജ്ഞ അനുസ്മരിപ്പിക്കുന്നു. (2) 'എന്റെ വിരുന്ന്' 23-ാം വാക്യത്തിലെ 'എന്റെ വീട്' ന് സമാനമാണ്. വീട്ടടമസ്ഥൻ പറഞ്ഞതായിത്തന്നെ 24-ാം വാക്യമെടുത്താൽ കഥയുടെ രൂപം ആകെ അലങ്കോലപ്പെടുന്നു. മിശിഹായുടെ വിരുന്നാണ് സൂചിപ്പിക്കുന്നതെങ്കിൽ ഒരു ഭീഷണിയായി നില്ക്കയും ചെയ്യുന്നു. Cf. J. Jeremias, Parables of Jesus, p. 140

www.malankaralibrary.com



വി. ലൂക്കോസ്

"ഒരു മനുഷ്യൻ ഒരു വിരുന്നൊരുക്കി."

ക്ഷണിക്കപ്പെട്ടവരെല്ലാം ഒഴികഴിവ് പറഞ്ഞ് വരാതിരുന്നു.

വി. മത്തായി

"രാജാവ് മകൻെറ വിവാഹവിരുന്നു . . ."

ഒരു സാധാരണ മനുഷ്യൻ നടത്തുന്ന വിരുന്ന് രാജകീയ വിവാഹവിരുന്നായി മാറി.

ക്ഷണിക്കപ്പെട്ടവർ ഒഴികഴിവ് പറഞ്ഞ് വന്നില്ലെന്നു മാത്രമല്ല, രാജഭൃത്യന്മാരെ അപമാനിക്കയും വധിക്കയും ചെയ്തു. (വാക്യം6)–ഒന്നിൽക്കൂടുതൽ ഭൃത്യന്മാരെ ഈ വിവരണത്തിൽ സൂചിപ്പിക്കുക ആവശ്യമായി വന്നു.

മകൻെറ വിവാഹവിരുന്നൊരുക്കുന്നതിൽ ശ്രദ്ധാലുവായിരിക്കയും ആഹ്ളാദിക്കയും ചെയ്യുന്ന രാജാവ് ഉടനെ കോപിഷ്ടനായി സൈന്യത്തെ അയച്ച് ആ കൊലയാളികളേയും അവരുടെ പട്ടണവും നശിപ്പിച്ചു എന്ന വിവരണം ശ്രദ്ധേയമാണ്. ഉപമയുടെ ഐക്യത്തിനു കോട്ടം വരുത്തുന്നുണ്ട്.

www.malankaralibrary.com



വി. ലൂക്കോസിൻെറ സുവിശേഷത്തിൽ 14,12–14 ൻെറ വിശദീകരണമാണ് ഉപമ. ആദ്യം ക്ഷണിക്കാത്തവരെക്കൂടെ ക്ഷണിക്കുന്ന എന്നൊരു വിപുലീകരണമേ അദ്ദേഹം ചെയ്തിട്ടുള്ളൂ. ഇതു് 21–23 വാക്യങ്ങളിലവതരിപ്പിക്കുന്നു. പട്ടണത്തിൽനിന്നും തെരുവീഥികളിൽനിന്നും ഇടവഴികളിൽനിന്നും വിളിക്കപ്പെട്ടവർ ഇസ്രായേലിലെതന്നെ പാപികളെയും ചുങ്കക്കാരെയും സൂചിപ്പിക്കുന്നു. നഗരത്തിനു പുറത്തുനിന്നു് ക്ഷണിക്കപ്പെട്ടവർ പുറജാതികളാണ്. സാർവ്വത്രിക വീക്ഷണമുള്ളവനാണല്ലോ തൃതീയ സുവിശേഷകൻ. പുറജാതികളോടു് പ്രത്യേകാനുഭാവവുമുണ്ടു്. വിരുന്നു നടത്തുമ്പോൾ ആരെയൊക്കെ സ്വീകരിക്കണമെന്നതിനു് ഒരു മാതൃകയായുമാണു് അദ്ദേഹം ഉപമ അവതരിപ്പിച്ചിരിക്കുക. 14,12–14 വാക്യം 21ലും ആവർത്തിക്കുന്നല്ലോ. വിരുന്നു നടത്തുമ്പോൾ ഈ വീട്ടുകാരനെപ്പോലെ പെരുമാറണം. അന്ത്യകാലാത്മകമായിരുന്ന ഉപമ ഉപദേശപരമാക്കി[127]. സ്വർഗ്ഗരാജ്യത്തിലേയ്ക്കു് പുറജാതികളും ക്ഷണിക്കപ്പെടുന്നു എന്ന പ്രമേയത്തിനു് പ്രാധാന്യം നൽകുന്നു.

വി. മത്തായി 22–ാം അദ്ധ്യായത്തിലെ ആറും ഏഴും വാക്യങ്ങൾ ഉപമയ്ക്കു് ഒട്ടും യോജിച്ചതല്ല. സമാന്തര വിവരണത്തിലില്ലാത്ത പ്രസ്തുതഭാഗം അഞ്ചും എട്ടും വാക്യങ്ങൾ തമ്മിലുള്ള അനുബന്ധവും തുടർച്ചയും ഇല്ലാതാക്കുന്നു. കഥയുടെ സെററിംഗ് നഷ്ടപ്പെടുത്തുന്നു. കുററക്കാരെയും അവരുടെ പട്ടണങ്ങളും നശിപ്പിക്കുക എന്നതു് നാടോടിക്കഥകളുടെ പ്രമേയങ്ങളിലൊന്നാണ്. ഏ. ഡി. 70–ൽ റോമാക്കാർ ജറുസലേം നശിപ്പിച്ച സംഭവം വാക്യം 7–ൽ പ്രതിഫലിക്കുന്നുണ്ടെന്നു തോന്നുന്നു. ഒന്നു്, ആറു്, ഏഴ് എന്നീ വാക്യങ്ങളിലെ വ്യത്യാസം മാററിയാൽ ഇരുസുവിശേഷങ്ങളിലുമുള്ള ഉപമ ഒന്നാണെന്നു കാണാം.

രണ്ടു സുവിശേഷകന്മാരും ഉപമ ലക്ഷണകഥയാക്കിയിട്ടുണ്ട്. ലൂക്കോസ് കൂടുതൽ മിതത്വം പാലിക്കുന്നു. വിരുന്നു് രക്ഷയുടെ മഹാവിരുന്നിനെയും പട്ടണം ഇസ്രായേലിനെയും നഗരത്തിനു പുറത്തുള്ളവർ പുറജാതികളെയും സൂചിപ്പിക്കുന്നു.

127. Cf. J. Jeremias, Rediscovering the parables, p. 34.

www.malankaralibrary.com



എന്നാൽ ഉപമയുടെ പ്രമേയംതന്നെ മാററിമറിക്കത്തക്കവിധം ലക്ഷണകഥയാക്കിയിട്ടുണ്ട് വി. മത്തായിയുടെ സുവിശേഷത്തിൽ. കല്യാണവസ്ത്രമില്ലാത്തവൻെറ ഉപമകൂടി ചേർത്തപ്പോഠം[128] കൂടുതൽ വ്യക്തവുമായി. ദൈവത്തിൻെറ രക്ഷാകരപദ്ധതിയുടെ ഒരേകദേശരൂപമാണ് സുവിശേഷകൻ നിർദ്ദേശിച്ചിരിക്കുക. ദൈവം രക്ഷയുടെ വിരുന്നൊരുക്കി. പ്രവാചകന്മാർ മുഖേന ഇസ്രായേലിനെ ക്ഷണിച്ചു. അപ്പോസ്തലന്മാർ മുന്നറിയിച്ചു. എന്നിട്ടും അവരൊന്നാകെ ക്ഷണം നിരസിച്ചു. മുൻകൂട്ടി ക്ഷണിക്കപ്പെടാത്തവർ വിരുന്നാസ്വദിച്ചു. വിരുന്നുശാലയിൽ പ്രവേശിക്കുന്നവക്ക് കല്യാണവസ്ത്രം ആവശ്യമാണ്. അതു് എല്ലാവക്കമുണ്ടോ എന്നു് ആതിഥേയൻ പരിശോധിക്കുന്നു. അതു് അന്ത്യവിധിയാണ്. കല്യാണക്കോടിയില്ലാത്തവൻ എറിയപ്പെട്ട പുറത്തെ അന്ധകാരം നരകവും (മത്താ. 8,12; 25,30). രക്ഷണീയ പദ്ധതിയിൽനിന്നു് ഇസ്രായേൽ സ്വയം ബഹിഷ്കരിക്കുകയും പുറജാതികഠം അതനുഭവിക്കുകയും ചെയ്യുമെന്നു് കാണിക്കുകയാണ് സുവിശേഷകൻെറ ഉദ്ദേശ്യം[129].

---

128. ഇങ്ങനെ കൂട്ടിച്ചേർക്കാനുള്ള കാരണം ഒന്നാം ഭാഗത്തു് (പുറം. 56) സൂചിപ്പിച്ചിട്ടുണ്ടല്ലോ. വിവാഹവസ്ത്രം എന്താണർത്ഥമാക്കുക? റബ്ബിനിക്കൽ സാഹിത്യത്തിൽ പശ്ചാത്താപത്തെ സൂചിപ്പിക്കുന്നു. ദൈവകല്പനകളുടെ പൂർത്തിയാക്കലും നന്മപ്രവൃത്തികളും നിയമപഠനവുമാണ് (Midr. Qu. 9,8 cf. J. Jeremias, parables of Jesus, p. 108 n.71). വേദപുസ്തകമാധാരമാക്കി വേറൊരർത്ഥവുമുണ്ട്. ''മണവാളൻ ഹാരമണിഞ്ഞലങ്കരിക്കുംപോലെയും മണവാട്ടി ആഭരണ വിഭൂഷിതയാകുംപോലെയും അവനെന്നെ രക്ഷയുടെ വസ്ത്രം ധരിപ്പിക്കുകയും നീതിയുടെ അങ്കി അണിയിക്കുകയും ചെയ്തിരിക്കുന്നു'' (ഏശ. 61,10). ഇതനുസരിച്ച് രക്ഷയുടെ വസ്ത്രമാണ് വിവാഹവസ്ത്രം. ഇതാവണം ക്രിസ്തു ഉദ്ദേശിക്കുക. അദ്ദേഹം മിക്കപ്പോഴും രക്ഷാദൗത്യത്തെപ്പററിയാണല്ലോ പ്രഘോഷിക്കുക. മത്താ. 5,3; 11,5; ലൂക്കാ. 7,22; 4,18 ഇവയിലെല്ലാം ദരിദ്രരോടുള്ള രക്ഷാസന്ദേശമാണല്ലോ പ്രതിപാദനം. വെളിപാട് 3,4; 5,18; 19,8 ഇവയിൽ അന്ത്യകാലത്തെ ശുഭ്രവസ്ത്രധാരണത്തെപ്പററി പറയുന്നല്ലോ. 19, 8-ൽ മനോഹരമായ രാജകീയാങ്കിയെപ്പററിയും. ഇവ അന്ത്യനാളിൽ ദൈവം തൻെറ വിശുദ്ധ വധുവിനു നൽകും (19,7). അപ്പോഠം ഉപമയിലെ വിവാഹവസ്ത്രം ദൈവദാനമായ നീതീകരണത്തിൻെറ അടയാളവും (ഏശ. 61,10) ജീവൻേറയും മഹത്വത്തിൻേറയും ആടയുമാകുന്നു. രക്ഷിക്കപ്പെട്ട സമൂഹത്തിൻെറ ചിഹ്നവും. ഇതിലേതാണ് പശ്ചാത്താപമാനയിക്കുക.

129. J. Jeremias, Parables of Jesus, pp. 53–56

www.malankaralibrary.com



മൂലത്തോടു കൂടുതൽ അടുപ്പം പാലിക്കുന്നത് ത്രിതീയസുവിശേഷമാണ്. അതിൽ ഉപമാവ്യാഖ്യാനം ലക്ഷണകഥയാക്കിയതിന് ഉത്തരവാദിത്വം മുഴുവൻ സുവിശേഷകനല്ല എന്നു കരുതേണ്ടിയിരിക്കുന്നു[130]. സുവിശേഷകന്മാർ എഴുതുന്നതിനുമുമ്പുതന്നെ ലക്ഷണകഥാഘടകങ്ങൾ ഉപമയിൽ ചേർന്നുകഴിഞ്ഞു. ഉപമയുടെ സെററിംഗ് സമ്പൂർണ്ണമായും ഭൗമികമായതിനാൽ അവ യേശുവിൽ നിന്നാവില്ല. പരിചിതമായിരുന്ന ഒരു കഥാതന്തുവാണ് യേശു ഉപയോഗിക്കുക. ധനികനായൊരു ചുങ്കക്കാരന്റേയും ദരിദ്രനായൊരു പണ്ഡിതന്റേയും കഥ. പലസ്തീനിയൻ താൽമൂദിലുള്ള പ്രസ്തുതകഥ പ്രസിദ്ധമായിരുന്നു. അതിന്റെ അവസാനഭാഗം അദ്ദേഹം ധനികന്റേയും ലാസറിന്റേയും ഉപമയിലും ഉപയോഗിച്ചു[131]. രക്ഷാകരവിരുന്ന് മനസ്സിലുണ്ടാവാമെങ്കിലും അതിനെക്കുറിച്ചുള്ള ഒരുപമയായി അദ്ദേഹം പറഞ്ഞിരിക്കില്ല. ക്ഷണിക്കപ്പെട്ടവരുടെ നിരസ്സനത്തിൽ ഇസ്രായേലിന്റെ നിരസനവും കണ്ടിരിക്കാം.

മാറിയ പരിത:സ്ഥിതിയിൽ സഭ അഭിമുഖീകരിച്ച അജപാലനപരമായ ആവശ്യമനുസരിച്ച വരുത്തിയ മാററങ്ങളും സുവിശേഷവിവരണത്തിലുണ്ട്. 'അന്ത്യവിധിയിൽ നരകത്തിലെറിയപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ' എന്ന ഉപദേശം ഉപമയിലൂടെ സഭ നൽകി. യഹൂദരെ മാത്രമല്ല, പുറജാതികളേയും സഭയിലേയ്ക്കു സ്വീകരിക്കുന്നതിനു നീതീകരണവും ഉപമയിൽ സഭ കണ്ടെത്തി. വിരുന്നുശാലയിലേയ്ക്കുള്ള പ്രവേശനം മാമ്മോദീസായായും ഒന്നാം സുവിശേഷം കാണുന്നുണ്ടെന്നു തോന്നുന്നു. സ്വർഗ്ഗരാജ്യാനുഭവം ദൈവത്തിന്റെ കൃപാദാനമാണെങ്കിലും സഭാംഗങ്ങൾ നിഷ്ക്രിയരാകരുത്. വിരുന്ന് ഒരുങ്ങിക്കഴിഞ്ഞുവെന്നറിയിച്ചുകൊണ്ടുവന്ന യേശുവിനെ കൊന്നുകളഞ്ഞുവെന്ന സംഗതിയും എ. ഡി. 70–ലെ ജറുസലേംനാശവും ഉൾക്കൊള്ളിച്ച് ഉപമ ആനുകാലികവുമാക്കി.

---

130. 'പട്ടണം' ഇസ്രായേലും വിരുന്ന് രക്ഷയുടെ വിരുന്നും ആണെന്നുമുള്ള കല്പന അദ്ദേഹത്തിന്റേതല്ല എന്നാണ് പണ്ഡിതമതം (cf. J. Jeremias, Rediscovering the parables, p. 57. 'ക്ഷണനിന്ദകരുടെ ഉപമ' എന്ന് ഹണ്ടർ നാമകരണം ചെയ്യുന്നു. Cf. A. M. Hunter, op. cit., p. 57.)

131. Cf. J. Jeremais, Rediscovering the Parables, p. 141.

www.malankaralibrary.com



ഉപമ പൂർണ്ണമായി മനസ്സിലാക്കാൻ ചില സംഗതികൾ കൂടെ ശ്രദ്ധിക്കണം. 'എല്ലാം ഒരുങ്ങിയിരിക്കുന്നു' എന്ന അറിയിപ്പിൽ അടങ്ങിയിരിക്കുന്ന ആനന്ദം കണക്കിലെടുക്കണം. ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേററുന്നു. സകലതും വെളിവായിരിക്കുന്നു. സ്വീകാര്യമായ സമയവും രക്ഷയുടെ ദിനവുമാണു്. പക്ഷേ ദൈവസുതരും ദൈവശാസ്ത്രജ്ഞന്മാരും ഭക്താത്മാക്കളും ദൈവത്തിന്റെ ക്ഷണം നിരസിച്ചാൽ അവരുടെ സ്ഥാനം പ്രമാണികൾ വെറുക്കുന്നവരും മതനിരപേക്ഷരും പാപികളും പുറജാതികളും കൈവശപ്പെടുത്തും.

vii) രണ്ടു കടക്കാരുടെ ഉപമ (ലൂക്കോ. 7,41-43)

വാക്യം 41 ഒരു ഉത്തമർണ്ണനു രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറു് ദേനാറയും മററവൻ അമ്പതും കടപ്പെട്ടിരുന്നു.

42 അവർക്കു കൊടുക്കുവാൻ കഴിയാതായപ്പോൾ, അയാൾ രണ്ടുപേർക്കും ഇളച്ചുകൊടുത്തു. ഇവരിൽ ആരു് അയാളെ അധികം സ്നേഹിക്കും.

43 ശിമയോൻ മറുപടി പറഞ്ഞു: 'ഏറെ ഇളച്ചുകിട്ടിയവൻ എന്നു ഞാൻ കരുതുന്നു' അവൻ അവനോടു പറഞ്ഞു: 'നീ നന്നായി പറഞ്ഞു'

പാപികളോടുള്ള ദൈവകാരുണ്യാഭിഷേകം നീതീകരിക്കുന്ന ഈ ഉപമയും വി. ലൂക്കോസ് ആദിപശ്ചാത്തലത്തിൽ തന്നെ നിബന്ധിച്ചിരിക്കുന്നു. ഉപമയുടെ പശ്ചാത്തലവും സന്ദർഭവുമായ സംഭവം മനസ്സിലാക്കിയാലേ ഉപമ വ്യക്തമാവൂ. ആതിഥേയനായ ശെമഓൻ യേശുവിന്റെ ദൈവത്വവും പ്രവാചകത്വവും സംശയിച്ചപ്പോൾ യേശു മറുപടി കൊടുക്കുന്നു.

ഫരീസനായ ശെമഓൻ യേശുവിനെ വിരുന്നിനു ക്ഷണിച്ചു. യേശുവിനെ ഒരു പ്രവാചകനായി അയാൾ കണ്ടു. പ്രവാചകരേയും സഞ്ചാരികളായ ഉപദേഷ്ടാക്കളേയും, പ്രത്യേകിച്ചു് സിനഗോഗിൽ പ്രസംഗിക്കുന്നവരെ, ശാബത്തുദിവസം വിരുന്നിനു ക്ഷണിക്കുക വിശിഷ്ട യോഗ്യതയുള്ള ഒരു പുണ്യപ്രവൃത്തിയായി കരുതിയിരുന്നു[132]. ഫരീസൻ യേശുവിനെ വിരു

132. കാണുക മക്കോ. 1,30 മുതൽ

www.malankaralibrary.com



ന്നിനു ക്ഷണിക്കുക അസാധാരണമാണ്. ലൂക്കോസിൻെറ സുവിശേഷത്തിൽ യേശു പലപ്പോഴും വിരുന്നിൽ അതിഥിയാണ്[133]. മൂന്ന് അവസരങ്ങളിൽ ആതിഥേയൻ ഫരീസനാണ്[134]. എല്ലാ ഫരീസരും യേശുവിന് എതിരല്ലായിരുന്നല്ലോ[135]. സൽക്കാരപ്രിയനായ ശെമഓൻ യേശുവിനെ ക്ഷണിക്കാനും അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം വിരുന്നൊരുക്കുവാനും കാരണം എന്തുമാകട്ടെ. പശ്ചാത്താപവിവശയായി ദിവ്യപുരുഷനെ സമീപിക്കാൻ പാപിനിയെ പ്രേരിപ്പിച്ചതു് അദ്ദേഹത്തിൻെറ വാക്കുകളാകണം.

യേശു ശെമഓൻെറ ക്ഷണം സ്വീകരിച്ചെത്തിയെങ്കിലും അയാൾ ആതിഥ്യമര്യാദ പാലിച്ചില്ല. അതിഥി വരുമ്പോൾ ആതിഥേയൻ മൂന്നുകാര്യങ്ങൾ ചെയ്യണം. അതിഥിയുടെ ഇരുതോളത്തും കൈവച്ച് സമാധാനചുംബനം നല്കണം. റബ്ബിമാരെപ്പോലുള്ള പ്രമുഖവ്യക്തികളെ സ്വീകരിക്കുമ്പോൾ ഒരിക്കലും മുടക്കരുതു്. അതിഥിയുടെ പാദക്ഷാളനത്തിനു ജലമൊഴിച്ചുകൊടുക്കുക രണ്ടാമത്തെ കാര്യം. മൂന്നാമത്തു് അല്പം സുഗന്ധതൈലം അതിഥിയുടെ തലയിൽ പൂശുകയോ എന്തെങ്കിലും സുഗന്ധവസ്തു പുകയ്ക്കുകയോ ചെയ്യുക. അവയിലൊന്നും ശെമഓൻ ചെയ്തില്ല. ഈ സാഹചര്യത്തിലാണ് പാപിനി വരുന്നതും യേശുവിനെ പരിചരിക്കുന്നതും (വാക്യം 37–38). അവളുടെ പ്രവൃത്തിയിലേയ്ക്കു കൂടുതൽ ശ്രദ്ധയാകർഷിച്ചുകൊണ്ടാണ് പ്രസ്തുത ഭാഗം സുവിശേഷകൻ അവതരിപ്പിക്കുക[136].

---

133. ലൂക്കാ. 5,29; 10,38; 19,5
134. ടി. . 7,36; 11,37; 14,1
135. ടി. . 13,31
136, 'ഇതാ, ഒരു പാപിനി' എന്ന പദപ്രയോഗം പാരസ്ത്രീയേയോ സമുദായഭ്രഷ്ടനായവൻെറ (ഉദാ: ചുങ്കക്കാരൻെറ) ഭാര്യയേയോ സൂചിപ്പിക്കുന്നു.

യേശുവിനെ അഭിഷേചിക്കുന്ന സ്ത്രീയെക്കുറിച്ച് എല്ലാ സുവിശേഷകന്മാരും വിവരിക്കുന്നുണ്ട്, യോഹ. 12, 1–8; മർക്കോ. 14,3–9; മത്താ. 26,6–13. ലൂക്കോസിൻെറ വിവരണംതന്നെ പ്രശ്നസങ്കുലമാണ്. മററ് വിവരണങ്ങളോടു് താരതമ്യപ്പെടുത്തുമ്പോൾ സങ്കീർണ്ണത കൂടുതൽ വ്യക്തവുമാണ്. Cf. Jerome Biblical Commentary, op. cit., pp.137–138. (i) ലൂക്കോസ് സ്ത്രീയുടെ പേരു് പറയുന്നില്ല. പാപിനി എന്നു മാത്രം. മത്തായി–മർക്കോസ് സുവിശേഷങ്ങളിൽ സ്ത്രീ പാപിനിയാണെന്നില്ല.

www.malankaralibrary.com



അത്യധികം കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെയാണ് അവരം യേശുവിന്റെ സന്നിധിയിൽ വർത്തിക്കുക. അത്യധികം സുഗന്ധമുള്ളതും വിലകൂടിയതുമായ അലബാസ്റ്റർ തൈലം അദ്ദേഹത്തിന്റെ പാദങ്ങളിൽ പൂശി. അവളുടെ കണ്ണുനീരിൽ കഴുകി, കാർകൂന്തൽകൊണ്ടു[137] തുടച്ചു. അവരം ക്രിസ്തുവിന്റെ പാദങ്ങരം ചുംബിച്ചു. ഒരുവന്റെ പാദമോ കാൽമുട്ടോ ചുംബിക്കുക കൃതജ്ഞതയുടെ പാരമ്യമാണ്. ജീവൻ രക്ഷിച്ചവരുടെ നേർക്കേ ഇങ്ങനെ ചെയ്യാറുള്ളു[138]. ചുററുപാടുകരംപോലും മറന്നാണ് ആ സ്ത്രീ പ്രവർത്തിക്കുക. അത്രമാത്രം നന്ദി നിറഞ്ഞുനില്ക്കുയാണ് അവളുടെ ഹൃദയത്തിൽ. പാപിനി

---

'മേരി' എന്ന പേരുണ്ട് നാലാം സുവിശേഷത്തിൽ. മഗ്ദലനമേരിയെന്നു പറയാനാവില്ല. ലാസറിന്റെ സഹോദരി മേരിയുമല്ല. (ii) ആതിഥേയൻ: ഫരിസനായ ശെമഓനാണ് ത്രിതീയ സുവിശേഷത്തിൽ. 'ശെമഓൻ' എന്നുമാത്രം മർക്കോസിന്റെ സുവിശേഷം. 'കുഷ്ഠരോഗിയായ ശെമഓൻ' എന്നാണ് ഒന്നാം സുവിശേഷത്തിൽ. യോഹന്നാന്റെ സുവിശേഷമനുസരിച്ച് മേരി യേശുവിനെ ശുശ്രൂഷിക്കയും അദ്ദേഹത്തോടൊത്തു് ലാസർ പന്തിയിലിരിക്കുകയും ചെയ്ത വീട്ടിലാണ് സംഭവം നടക്കുക. (iii) സ്ഥലം: ഗലീലിയുടെ വടക്കു ഭാഗമെന്ന് വി. ലൂക്കോസ്. മററ് മൂന്ന് സുവിശേഷങ്ങളിലും ബഥനിയുടെ തെക്കു ഭാഗത്തു്. (iv) യേശുവിന്റെ തലയാണ് പൂശുന്നതെന്ന് ഒന്നും രണ്ടും സുവിശേഷങ്ങളും പാദമാണെന്ന് മററിരു സുവിശേഷങ്ങളും പറയുന്നു. (v) മത്തായി, മർക്കോസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിൽ 'വിലയേറിയ തൈലം പാഴ്ചെലവാക്കുന്നതെന്തിനെന്നു' പരാതിയുണ്ട്. 'തന്റെ ശവസംസ്കാരത്തിനാണെന്ന്' യേശുവിന്റെ മറുപടിയും. (vi) യേശുവിന്റെ പരസ്യസേവനത്തിന്റെ പ്രാരംഭത്തിലാണ് സംഭവം നടക്കുന്നതു്, വി. ലൂക്കോസിന്റെ സുവിശേഷമനുസരിച്ച്. പെസഹായ്ക്കു് രണ്ടു ദിവസം മുമ്പാണെന്ന് പ്രഥമ ദ്വിതീയ സുവിശേഷങ്ങളും ആറു ദിവസം മുമ്പാണെന്ന് യോഹന്നാനും പ്രസ്താവിക്കുന്നു. വായ്മൊഴിപ്പാരമ്പര്യത്തിൽ ഒരു സംഭവത്തിന്റെ വിശദാംശങ്ങളിൽ ചിലതു് മറെറാന്നിൽ കടന്നുകൂടിയിട്ടുണ്ട്. വിചിന്തനവിഷയമായ കഥ വി. ലൂക്കോസ് പുനർരൂപപ്പെടുത്തുകയും ചെയ്തു.

137. ധരിച്ചിരിക്കുന്ന തലമുണ്ട് മാററിയിട്ടാണ് മുടിയഴിക്കുക. പുരുഷസന്നിധിയിൽ സ്ത്രീ തലമുണ്ട് മാററുകയും മുടിക്കെട്ടഴിക്കുകയും ചെയ്യുക നിന്ദ്യമായ അപരാധമായിരുന്നു. വിവാഹബന്ധവിച്ഛേദത്തിനു പോലും കാരണമാകാം. Cf. J. Jeremias, parables of Jesus, p. 126.

138. കൊലപാതകകുററം ചുമത്തപ്പെട്ടവൻ സ്വതന്ത്രനായപ്പോരം അവന്റെ വിടുതലിന് വാദിച്ച വക്കീലിന്റെ പാദം ചുംബിച്ചു. Cf. ibidem, p. 126. no. 55.

www.malankaralibrary.com



## III ദൈവരാജ്യത്തിലെ അംഗങ്ങൾ

സ്വർഗ്ഗരാജ്യത്തിൻെറ അംഗങ്ങളാകുന്നവർക്കുണ്ടായിരിക്കേണ്ട സവിശേഷതകളേവ? എങ്ങനെയുള്ളവർക്ക് അതു് സ്വായത്തമാക്കാം? അതിനവർ എന്തുചെയ്യണം? ദൈവാധിപത്യം അംഗീകരിച്ചവർ എവ്വിധം പ്രവർത്തിക്കുകയും പെരുമാറുകയും വേണം എന്നീ പ്രശ്നങ്ങൾക്ക് മറുപടി നൽകുന്ന കുറെ ഉപമകൾ യേശു പറഞ്ഞിട്ടുണ്ട്[1].

1. സ്വർഗ്ഗരാജ്യത്തിനുവേണ്ടി സർവ്വതും ത്യജിക്കണം— അതു് അതീവ വിലയുള്ളതാകുന്നു.

മറഞ്ഞിരിക്കുന്ന നിധിയുടേയും വിലപിടിച്ച മുത്തിൻേറയും ഉപമ (മത്താ. 13,44–46)

വാക്യം 44. സ്വർഗ്ഗരാജ്യം നിലത്തു് മറഞ്ഞിരുന്ന നിധിപോലെയാണു്. ഒരു മനുഷ്യൻ അതു കണ്ടപ്പോൾ മൂടിവച്ചു. അയാൾ ആനന്ദനിർഭരനായി പോയി തനിക്കുള്ളതെല്ലാം വിററിട്ടു് ആ നിലം വാങ്ങി.

45. വീണ്ടും സ്വർഗ്ഗരാജ്യം മേൽത്തരം മുത്തു് അന്വേഷിച്ചുപോയ വ്യാപാരിയെപ്പോലെയാകുന്നു.

46. അയാൾ വിലയേറിയ ഒരു മുത്തു് കണ്ടെത്തിയപ്പോൾ തനിക്കുണ്ടായിരുന്നതെല്ലാം വിററു് അതു വാങ്ങി.

(a) മറഞ്ഞിരുന്ന നിധി

ശ്രോതാക്കൾക്കു് പരിചിതവും പ്രിയങ്കരവുമായ ഒരു പ്രമേയമാണു് ഉപമയ്ക്കു് യേശു സ്വീകരിക്കുക. പൗരസ്ത്യരുടെയിടയിൽ നാടോടിക്കഥകളുടെ ഒരു പ്രധാന വിഷയമായിരുന്നു ഒളിച്ചിരുന്ന നിധി[2]. പലസ്തീനായിൽ പലേടത്തും ഭൂമിക്കടിയിൽ നാണയങ്ങളും രത്നങ്ങളും ദൃശ്യമാണു്. ഈജിപ്തിനും മെസപ്പൊട്ടേമിയായ്ക്കും ഇടയ്ക്കു് സ്ഥിതിചെയ്യുന്ന പലസ്തീനാ അനേകം ആക്രമണങ്ങൾക്കിരയായി. എല്ലാം ഇട്ടെറിഞ്ഞ്

---

1. ഇത്തരം പന്ത്രണ്ടു് ഉപമകളുണ്ടെന്നും അവ ഓരോ സവിശേഷത വിശദമാക്കുന്നുവെന്നും ചിലർ കരുതുന്നു.

2. ഖുമ്റാനിലെ ചെമ്പുചുരുൾ

www.malankaralibrary.com



ഓടേണ്ടിവരുമായിരുന്ന നിവാസികാക്ക്. ഈ സാഹചര്യത്തിൽ വിലപിടിപ്പുള്ള മുത്തും ആഭരണങ്ങളും കഴിച്ചുവസ്തുക്കൾ സുരക്ഷിതമാണ്. മൂടിവസ്തുൽ ഏററം സുരക്ഷിതമായൊരു മാർഗ്ഗമായി ഇന്നും കരുതുന്നല്ലോ. പുരാതനകാലത്തും ആധുനികകാലത്തും ഇങ്ങനെ നിധികറം കഴിച്ചുമൂടി വച്ചിരുന്നു[3]. നിലം ഉഴുമ്പോറം നിധിയിന്മേൽ കലപ്പ മുട്ടി ശബ്ദമുണ്ടാവുമല്ലോ. അങ്ങനെ സംഭവിച്ചപ്പോറം ഉപമയിലെ മനുഷ്യൻ ആരും കാണാതെ അത്് അവിടെത്തന്നെ കുഴിച്ചുവച്ചു. രണ്ടുദ്ദേശ്യങ്ങളുണ്ടതിന്. നിധി നിലത്തിൻെറ ഒരംശമായി; അത്് ഏററം സുരക്ഷിതവുമായി. തനിക്കുതന്നെ എടുക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് കുഴിച്ചുവച്ചത്[4]. അങ്ങനെ ചെയ്യുന്നതിന് നിയമസാധുതവുമുണ്ടായിരുന്നു[5].

ഉപമയിലെ മനുഷ്യൻെറ പ്രവൃത്തി ന്യായീകരിക്കയോ അതിൻെറ സാന്മാർഗ്ഗികവശത്തെപ്പററി പഠിപ്പിക്കയോ അല്ല യേശു. സ്വർഗ്ഗരാജ്യം നേടാൻ വിശ്വാസി തയ്യാറാകണം എന്നാണ് അദ്ദേഹത്തിൻെറ ആഹ്വാനം. വിശ്വാസിക്കുണ്ടായിരിക്കേണ്ട തീക്ഷ്ണതയ്ക്ക് മാതൃകയാണ് ആ മനുഷ്യൻെറ അത്യാർത്തി.

സ്വർഗ്ഗരാജ്യം മറഞ്ഞിരിക്കുന്ന നിധിയാണ്. അത്് ഏററം വിലയുള്ളതാണ്. ഇതത്രേ ഉപമയുടെ പാഠം.

b) വിലയേറിയ മുത്ത്

പുരാതനകാലത്തും മുത്തുകറാക്ക പലസ്തീനായിലും വലിയ വിലയായിരുന്നു. ഏററവും വിലയുള്ള മുത്തു ശേഖരിക്കാൻ

---

3. ടൈററസിൻെറ ജറുസലേം ആക്രമണത്തെപ്പററി വിവരിക്കുന്നിടത്തു ഫ്ളാവിയസ് ജോസഫ് പറയുന്നു: "സാഹചര്യത്തിൻെറ അരക്ഷിതത്വം നിമിത്തം ഉടമകറം നിലത്തു കുഴിച്ചുവച്ചിരുന്ന ഒട്ടേറെ സ്വർണ്ണവെള്ളിയാഭരണങ്ങളും വിലപിടിച്ച മററ് രത്നങ്ങളും നിലത്തുനിന്നെടുത്തു" Bell. VII, 5,2n. 114f.

4. ആ പ്രവൃത്തിയുടെ ധാർമ്മികവശം ചിന്തിക്കേണ്ട ആവശ്യമില്ല.

5. നിധി കണ്ടെത്തുന്നയാറാക്ക് അത്് എടുക്കാമെന്നും മററവകാശിയില്ലെങ്കിൽ അയാറാതന്നെയാണ് അവകാശിയെന്നും റോമൻ നിയമം. ഏതാണ്ടിതുതന്നെയായിരുന്നു യഹൂദനിയമവും. Cf. W. Barelay, The Gospel of Mathew, Vol. II Edinburg, 1968, p 94.

www.malankaralibrary.com



ആളുകൾ പ്രത്യേക താല്പര്യം കാണിച്ചു. അതിനു് എന്തു വില കൊടുക്കാനും തയ്യാറായിരുന്നു. അക്കാരണത്താൽ ഏററം മെച്ചമായ മുത്തു കണ്ടെത്താനായിരുന്നു വ്യാപാരികളുടെ ശ്രമവും. അവരതു തേടിനടക്കും. കണ്ടെത്തിയാൽ മററുള്ളതെല്ലാം വിററു കരസ്ഥമാക്കും. ഉപമയിലേതു് ഒരു മുത്തുവ്യാപാരിതന്നെയാണെന്നു സുവിശേഷകൻ എടുത്തുപറയുന്നു[6]. പേർഷ്യൻ ഉൾക്കടൽ, ചെങ്കടൽ, ഇന്ത്യൻസമുദ്രം ഇവയിൽ മുങ്ങി മുത്തുവാരുക വളരെ ധനമാർജ്ജിക്കുന്ന ഒരു തൊഴിലായിരുന്നു. മുത്തു് ആഭരണമായണിഞ്ഞിരുന്നു. മില്യൻകണക്കിനു് വിലവരുന്ന മുത്തിനെപ്പററി കേൾക്കുന്നുണ്ടു്[7]. ഉപമയിലെ മുത്തു് വിലപിടിച്ചതാണെന്നു മാത്രമല്ല, 'പ്രത്യേക' വിലയുള്ളതുമാണു്[8]. വളരെയേറെ അന്വേഷിച്ചതിനുശേഷമാണു് അതു കണ്ടെത്തിയതു്.

ദൈവരാജ്യത്തെ മുത്തിനോടുപമിച്ചിരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാണു്. പുരാതനകാലത്തു് മുത്തു് വളരെയേറെ വിലമതിക്കപ്പെട്ടിരുന്നു. ആളുകളെ ആനന്ദനിർഭരരാക്കിയിരുന്നു. വിലയുററ ധാരാളം മുത്തുണ്ടെങ്കിലും പ്രത്യേക വിലയുള്ളതിനോടാണു് സ്വർഗ്ഗരാജ്യമുപമിച്ചിരിക്കുകയെന്നതു് സവിശേഷ ശ്രദ്ധയർഹിക്കുന്നു. ജീവിതത്തിൽ നാം വിലമതിക്കുന്ന അനേകം സംഗതികളുണ്ടെങ്കിലും പ്രത്യേക വിലയുററതു് സ്വർഗ്ഗരാജ്യം മാത്രമാണെന്നും ഉപമ പഠിപ്പിക്കുന്നു.

സ്വർഗ്ഗരാജ്യത്തിന്റെ അതീത വിലയെക്കുറിച്ചുള്ള ഇവ ദ്വന്ദോപമകളാണു് (double parables). ചെറിയ ഉപമകളാണു്. ഒരേ സന്ദേശമാണവയ്ക്കു്. പുരാവൃത്തപരാമൃഷ്ടമാണു് രണ്ടി

---

6. യേശു അങ്ങനെ പറഞ്ഞെന്നില്ല. കാരണം അങ്ങനെ എടുത്തുപറഞ്ഞാൽ മററു സകലതും വിററു് ആ മുത്തു് വാങ്ങുന്നതിൽ എന്താണതിശയം? Cf. J. Jeremias, Parables of Jesus, p. 199.

7. ആറു് മില്യൻ സെസ്റ്റേർസസ് (രൂ. 90,00000-1800,000) വിലവരുന്ന ഒരു മുത്തു് സീസർ തന്റെ ഘാതകനാകാനിരുന്ന ബ്രൂട്ടസിന്റെ അമ്മയ്ക്കു കൊടുത്തു. 100 മില്യൻ സെസ്റ്റേർസസ് (1800 മില്യൻ രൂ.) വിലവരുന്ന ഒരു മുത്തു് ക്ലെയോപാട്രായ്ക്കുണ്ടായിരുന്നെന്നറിയുന്നു. Cf. J. Jeremias, Parables of Jesus, p. 199.

8. സുവിശേഷത്തിലെ ഗ്രീക്കുപ്രയോഗത്തിന്റെയും സമാനമായ അറമായ പ്രയോഗത്തിന്റെയും അർത്ഥമതാണു്. Cf. ibidem. pp. 199-200

www.malankaralibrary.com



ൻേറയും വിഷയം. നിധി കണ്ടവനേയും വിലപിടിച്ച മുത്തു വാങ്ങിയവനേയുംകുറിച്ച് ശ്രോതാക്കളിലുളവാകാവുന്ന സങ്കല്പങ്ങൾക്ക് വിരാമമിട്ടുകൊണ്ടാണ് യേശു ഉപമകൾ സമാപിപ്പിക്കുക. 'എല്ലാം വിററ് അവ കരസ്ഥമാക്കി'. പരിചിതമായ കഥ പറഞ്ഞ് ശ്രോതാക്കളെ അതിശയിപ്പിക്കുന്നതിൽ തികഞ്ഞ സാഹിത്യബോധം പ്രകടമാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ഈ ഉപമകളുള്ളു.

ദൈവരാജ്യത്തിൻെറ വിലയെക്കുറിച്ച് ശ്രോതാക്കൾ നന്നേ ബോധവാന്മാരായിരുന്നു[9]. സ്വർഗ്ഗരാജ്യം അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരിക്കയായിരുന്നല്ലോ. അവരുടെ പ്രാർത്ഥനയുടേയും ജീവിതത്തിൻെറയും ലക്ഷ്യം മററൊന്നല്ലായിരുന്നു. ഉള്ളതു സകലതും പരിത്യജിച്ചിട്ട് കരസ്ഥമാക്കാൻ തക്ക വിലയുള്ളതാണ് ദൈവരാജ്യം. അതിനുവേണ്ടി എല്ലാം ഉപേക്ഷിക്കാനൊരാഹ്വാനവും ഉപമകളിലുണ്ട്.

രണ്ടുവിധം ദൈവരാജ്യം കണ്ടെത്താമെന്ന് ഉപമകൾ സൂചിപ്പിക്കുന്നു. മറഞ്ഞിരുന്ന നിധിപോലെ അപ്രതീക്ഷിതവും സാന്ദർഭികവുമാകാം. വിലയേറിയ മുത്തുപോലെ ഒട്ടേറെ അന്വേഷിച്ചതിനുശേഷമാകാം. എങ്ങനെയായാലും അത് സ്വായത്തമാക്കാൻ ഉള്ളതു മുഴുവൻ ത്യജിക്കണം. അതിനു തയ്യാറാകാൻ, ഒരു തീരുമാനമെടുക്കാൻ, ആഹ്വാനവും ഉപമകൾ നല്കുന്നു.

## 2. ചിന്തിച്ചു തീരുമാനിക്കണം

ദൈവരാജ്യത്തിൻെറ അംഗങ്ങളാകുന്നവർ അവിവേകികളാകരുത്. ദ്രുതഗതിയിൽ തീരുമാനിക്കരുത്. വരുംവരാഴികകളെക്കുറിച്ചു നന്നായി പര്യാലോചിക്കണം. 'രണ്ടുപ്രാവശ്യം ചിന്തിച്ചിട്ട് ഒരുപ്രാവശ്യം സംസാരിക്കുക' എന്ന തത്വം പാലിക്കണം. ഈ സന്ദേശം നൽകുന്നവയാണ് 'ഗോപുരം പണിയുന്നവൻെറ ഉപമ'യും 'യുദ്ധത്തിനു പുറപ്പെടുന്ന രാജാവിൻെറ ഉപമ'യും (ലൂക്കാ. 14,28–32). ദ്വന്ദോപമകളായ ഇവ ത്രിതീയ സുവിശേഷത്തിൽ മാത്രമേയുള്ളു.

---



9. Cf. C. H. Dodd, op. cit., p. 85

www.malankaralibrary.com



ഗോപുരം പണിയുന്നവൻേറയും യുദ്ധത്തിന പുറപ്പെടുന്ന രാജാവിൻേറയും ഉപമകഠം (ലൂക്കോ. 14,28-32).

വാക്യം 28. ഒരു ഗോപുരം പണിയാൻ ആഗ്രഹിച്ചിട്ട് ചെല വിനെക്കുറിച്ച്, അതു പൂർത്തിയാക്കാൻ വകയു ണ്ടോ എന്ന് ആദ്യമേ ചിന്തിക്കാത്തവൻ നിങ്ങ ളിൽ ആരാണ്?

29. അല്ലെങ്കിൽ അടിസ്ഥാനമിട്ടശേഷം പൂർത്തിയാ ക്കാൻ കഴിയാതെ കാണുന്നവരെല്ലാം അവനെ പരിഹസിക്കാൻ തുടങ്ങും.

30. അവർ പറയും: "ഇയാഠം പണിയാനാരംഭിച്ചു; പക്ഷേ പൂർത്തിയാക്കാൻ കഴിവില്ലാത്തവനായി രുന്നു".

31. അഥവാ മററൊരു രാജാവിനെ യുദ്ധത്തിൽ നേരി ടാൻ പോകുന്ന ഏതു രാജാവാണ് ഇരുപതിനാ യിരവുമായി വരുന്നവനെ പതിനായിരംകൊണ്ട് അഭിമുഖീകരിക്കാനാവുമോ എന്ന് ആദ്യംതന്നെ ഇരുന്ന് ആലോചിക്കാത്തതു്?

32. നേരിടാനാവില്ലെങ്കിൽ മറെറ രാജാവു് വളരെ ദൂരത്തായിരിക്കുമ്പോഠംതന്നെ സ്ഥാനപതികളെ അയച്ച് സമാധാനവ്യവസ്ഥയഭ്യർത്ഥിക്കുന്നു.

ലൂക്കോ. 14, 28–32ലെ ഉപമകളുടെ ആരംഭവും അവസാ നവും ക്രിസ്തുശിഷ്യത്വത്തെക്കുറിച്ച് പറയുന്ന സാഹചര്യത്തി ലാണ്. ദൈവരാജ്യപ്രവേശനം വളരെയേറെ ആലോചന ആവശ്യമുള്ളതാണ്. വലിയ ജനക്കൂട്ടങ്ങഠം ക്രിസ്തുവിനെ അനു ഗമിച്ചു. ആചാര്യൻ തിരിഞ്ഞുനിന്ന് അവരോട് പറഞ്ഞു: തൻെറ ശിഷ്യനാകാനിച്ഛിക്കുന്നവൻ മാതാപിതാക്കന്മാരേയും ഭാര്യപുത്രാദികളേയും സഹോദരങ്ങളേയും സ്വജീവൻപോലും ബലികഴിക്കണം. സ്വന്തം കുരിശെടുത്തു് അദ്ദേഹത്തിൻെറ പിന്നാലെ പോകാൻ കഴിയാത്തവനു് അവിടുത്തെ ശിഷ്യനാ വുക സാദ്ധ്യമല്ല. നന്നായി ചിന്തിച്ചിട്ടാണോ പിന്നാലെ വരിക എന്നു ചോദിക്കുന്നു. ലൂക്കോ. 9,57–62 ഭാഗം കാണുക. മൂന്നുപേർ യേശുവിനെ അനുഗമിക്കാൻ തയ്യാറാകുന്നു. ഒന്നാ മനു് യേശു മറുപടി നല്കി: "കുറുനരികഠംക്കു് കഴിയും പറവ

www.malankaralibrary.com



കാംക്കു കൂടുമുണ്ട്; മനുഷ്യപുത്രനു് തല ചായ്ക്കാൻ ഇടമില്ല". അതിനാൽ മനുഷ്യപുത്രനെ പിൻചെല്ലുന്നതിനെപ്പററി നന്നായി പര്യാലോചിക്കുക. മൂന്നാമൻ അല്പമൊന്നു ചിന്തിക്കുന്നതായിക്കാണുന്നു. അവൻ ചില വ്യവസ്ഥകൾ വയ്ക്കുന്നുണ്ടല്ലോ.

ക്രിസ്തുനുധാവനത്തെപ്പററി രണ്ടുവിധം ചിന്തിക്കണമെന്നാണു് യേശു ആവശ്യപ്പെടുക. (1) ഗോപുരം പണിക്കാരൻ പണി തുടങ്ങാനാവുമോ എന്നു ചിന്തിക്കുന്നു. അതുപോലെ ഒരുവനു് ക്രിസ്തുവിനെ അനുഗമിക്കാൻ, ദൈവരാജ്യം സ്വീകരിക്കാൻ, കഴിയുമോ എന്നു ചിന്തിക്കണം. (2) യുദ്ധത്തിനൊരുങ്ങുന്ന രാജാവു് ഏററുമുട്ടൽ നടത്താതിരിക്കാനൊക്കുമോ എന്നാണു് ചിന്തിക്കുക. യുദ്ധം ഒഴിവാക്കാമോ? ഒരുവൻ സ്വർഗ്ഗരാജ്യത്തിലേയ്ക്കു് വിളിക്കപ്പെടുമ്പോൾ അതു നിരസിക്കാനാവുമോ, അതിൽ പ്രവേശിക്കാതിരിക്കാൻ സാധിക്കുമോ, എന്നു് ആലോചിക്കുക.

ദൈവരാജ്യം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും കഴിയുമോ എന്നു് ചിന്തിക്കണമെന്നു് യേശു ആവശ്യപ്പെടുന്നു. അതിനാൽ ആളുകൾ അവിടുത്തെ അനുഗമിക്കുന്നതു നിരുത്സാഹപ്പെടുത്തുകയല്ല യേശു. വെറും തോന്നലനുസരിച്ചുമാത്രം പ്രവത്തിക്കരുതെന്നും ദൈവരാജ്യസ്വീകരണത്തിന്റെ അന്തർഭാവത്തെക്കുറിച്ചു് നന്നായി ചിന്തിച്ചശേഷം തീരുമാനമെടുക്കണമെന്നും ഓർപ്പിക്കയാണു്. ക്രിസ്തുവിനെ കൈക്കൊള്ളുക, സ്വർഗ്ഗരാജ്യം സ്വീകരിക്കുക, ജീവിതത്തിലെ പ്രധാനപ്പെട്ട ഏകതീരുമാനമാണു്. മതിയായി ചിന്തിച്ചശേഷമേ ആ നിശ്ചയമെടുക്കാവൂ എന്നും ശരിയായ പര്യാലോചനയുടെ ഫലമായെടുത്ത തീരുമാനത്തോടേ മുന്നോട്ടു പോകാവൂ എന്നും യേശു ആവശ്യപ്പെടുന്നു. തീരുമാനം ദൃഢവുമായിരിക്കണം.

www.malankaralibrary.com



ii) രണ്ടു വീടിൻെറ ഉപമ (മത്താ. 7,24–27; ലൂക്കാ. 6,47–49)

| മത്താ. 7,24–27 | ലൂക്കാ. 6,47–49 |
| --- | --- |
| 24. എൻെറ ഈ വാക്കുകൾ കേട്ട് അവ പ്രവർത്തിക്കുന്നവൻ | 47. എൻെറ അടുക്കൽ വരികയും എൻെറ വാക്കുകൾ കേൾക്കുകയും അവ പ്രവർത്തിക്കുകയും ചെയ്യുന്നവൻ എങ്ങനെയാണെന്നു കാണിക്കാം. |
| പാറമേൽ തൻെറ വീടു പണിത ബുദ്ധിമാനായ മനുഷ്യനെപ്പോലെയാകുന്നു. | 48. അവൻ ആഴത്തിൽ വാനമെടുത്ത് പാറമേൽ അടിസ്ഥാനമിട്ട് തൻെറ വീടു പണിയുന്നവനെപ്പോലെയാകുന്നു. |
| 25. മഴ പെയ്തു, പ്രളയമുണ്ടായി, കാററു വീശി, വീടിന്മേൽ അടിക്കുകയും ചെയ്തു. എന്നിട്ടും അതു വീണില്ല. | പ്രളയമുണ്ടാകുമ്പോൾ വീടിനെതിരെ കൊടുങ്കാററടിച്ചിട്ടും അതുലച്ചില്ല. |
| കാരണം അത് പാറമേൽ അടിസ്ഥാനമിട്ടതായിരുന്നു. | കാരണം അതു നന്നായി പണിതതായിരുന്നു[10]. |
| 26. എൻെറ ഈ വാക്കുകൾ കേട്ട് അവ പ്രവർത്തിക്കാത്തവൻ മണലിൽ തൻെറ വീടു പണിത മൂഢനെപ്പോലെയാണ്. | 49. എന്നാൽ അവ കേട്ട് പ്രവർത്തിക്കാത്തവൻ മണ്ണിൽ അടിസ്ഥാനമില്ലാതെ വീടു പണിതവനെപ്പോലെയാകുന്നു. |

10. ചില പുരാതന പ്രതികളിൽ, അത് 'പാറമേൽ അടിസ്ഥാനമിട്ടതായിരുന്നു' എന്നുമുണ്ട്.

www.malankaralibrary.com



27. മഴ പെയ്തു, പ്രളയമുണ്ടായി, കാററു വീശി, വീടിന്മേലടിച്ചു.

അതു വീണുപോയി. അതിൻെറ വീഴ്ച വലുതായിരുന്നു.

കൊടുങ്കാററ് അതിനെതിരേയടിച്ചു.

അതു പെട്ടെന്നു വീണു. അതിൻെറ തകർച്ച വലുതായിരുന്നു.

www.malankaralibrary.com



ഉപമാവിവരണങ്ങൾ തമ്മിൽ കുറെ വ്യത്യാസമുണ്ട്. സുവിശേഷകന്മാരുടെ സാഹചര്യമാണതിനു കാരണം[11]. പലസ്തീനിയൻ പശ്ചാത്തലത്തിലാണ് വി. മത്തായി ഉപമ രേഖപ്പെടുത്തുക. വലിയ വീടുകളും പൊതുസ്ഥാപനങ്ങളും വാന മെടുത്ത് പാറമേലടിസ്ഥാനമിട്ടാണ് പണിയുക. പ്രത്യേ കിച്ചും ഗ്രീസ്, റോം എന്നിവിടങ്ങളിൽ നിന്നുള്ളവർ. വളരെ ആഴത്തിലെത്താതെതന്നെ പാറ കാണും. പാറമേൽ അടിസ്ഥാനമിട്ടു പണിയേണ്ട ആവശ്യമുണ്ടായിരുന്നു. മഴ ക്കാലമാകുമ്പോൾ ജലാശയങ്ങൾ കരകവിഞ്ഞൊഴുകുക മാത്രമല്ല, കേരളത്തിലെപ്പോലെ കുന്നും മലയുമെല്ലാം വെള്ളമൊ ഴുക്കിൽപ്പെടും. മണ്ണ് ഒലിച്ചുപോകും. പാറയിലടിസ്ഥി തമാകാത്ത വീടിന്റെ അടിയിൽനിന്നു് മണ്ണ് ഒഴുകിപ്പോ യാൽ അതു് വീണു തകരുന്നു.

വി. ലൂക്കോസിനു് പലസ്തീനിയൻ പശ്ചാത്തലം പരി ചിതമല്ലല്ലോ. അതനുസരിച്ച് അനുരൂപണങ്ങളും വരുത്തി യിട്ടുണ്ട്. ആഴത്തിൽ വാനമെടുക്കുന്നതിനെക്കുറിച്ചു പറ യുന്നു. (വാക്യം. 48)

സുവിശേഷകന്മാരിരുവരും ഉപമ ഉൾപ്പെടുത്തിയിരിക്കു ന്നതു് യഥാർത്ഥ ക്രിസ്തുശിഷ്യത്വത്തെപ്പറ്റിയുള്ള പ്രബോധന ത്തിലാണ്. 'സ്വർഗ്ഗഭാഗ്യ'ങ്ങളുടെ വിവരണത്തോടനുബന്ധി ച്ചുമാണ്. യേശുവിന്റെ വചനം ശ്രവിച്ചാൽമാത്രംപോരാ. അതനുസരിക്കണം. മനസ്സിലാക്കിയാൽ മതിയാവില്ല. ഒട്ട കം സൂചിക്കുഴയിലൂടെ കടക്കുന്നതുപോലെയുള്ള (മർക്കോ. 10, 25), മരിച്ചവരെ തങ്ങളുടെ മരിച്ചവരടക്കാൻ ഉപേക്ഷിക്കുന്ന (മത്താ. 8, 21–22; ലൂക്കോ. 9,59–60) സമ്പൂർണ്ണസമർപ്പ ണമാവശ്യമത്രേ[12]. നിയമവും പ്രവാചകന്മാരേയും കേൾക്കു കയും വിശ്വസിക്കുകയും മാത്രം മതിയെന്ന് യേശുവിന്റെ സമകാലികർ പഠിപ്പിച്ചു[13]. ക്രിസ്തുവിന്റെ വാക്കുകൾ കാതു കളിലൊതുക്കുക നാശത്തിന്നിടയാക്കുമെന്നാണ് അദ്ദേഹമറി യിക്കുക. അതിനാൽ ആളുകളുടെ ശക്തിയളക്കുന്ന ആസന്ന

11. Cf. J. B. C. II, op. cit., p. 75-76
12. J. Jeremias, Parables of Jesus, op. cit., p. 195
13. Cf. J. Jeremias Parables of Jesus, op. cit., p. 194

www.malankaralibrary.com



മാകുന്ന പ്രളയവും കൊടുങ്കാററുമൊത്തു് സംഭവിക്കാനിരിക്കുന്ന ഭീകരസംഭവത്തെപ്രതി, ദൃഢമായ ഒരു തീരുമാനമെടുക്കണമെന്നു് ആവശ്യപ്പെടുന്നു. ദൈവത്തിന്റെ മിശിഹായെ സ്വീകരിക്കാനുള്ള നിശ്ചയം ഉറച്ചതായിരിക്കണം. കാററും മഴയുമടിച്ചു തകരുന്ന മണലിൽപ്പണിത വീടുപോലെയാകരുതു്. ദൈവസുതന്റെ ആഹ്വാനമുഖരിതമായ ദിവ്യവചസ്സുകൾ ശ്രവിച്ചു് അതനുസരിച്ചു് പ്രവർത്തിക്കാൻ ദൃഢനിശ്ചയമെടുക്കാത്തവനു് മണലിൽ വീടുപണിത മൂഢനുണ്ടായ ദുരന്തം അഭിമുഖീകരിക്കേണ്ടിവരും. കലപ്പയ്ക്കു് കൈവച്ചശേഷം പിന്തിരിഞ്ഞു നോക്കരുതു്. യേശുവിനുവേണ്ടി ദൃഢനിശ്ചയമെടുത്തു് അദ്ദേഹത്തെക്കൊണ്ടു് ഹൃദയം നിറയ്ക്കാത്തവന്റെ നില ഏററം പരിതാപകരമാണു്.

www.malankaralibrary.com



iii) അശുദ്ധാത്മാവിൻെറ പ്രത്യഭിഗമനം

മത്താ. 12,43–45

വാക്യം 43. മനുഷ്യനിൽനിന്നു് ബഹിഷ്കൃതനായിക്കഴിയുമ്പോഠം അശുദ്ധാത്മാവ് വിശ്രമത്തിന് വരണ്ട പ്രദേശങ്ങളിലൂടെ സഞ്ചരിക്കുന്നു. പക്ഷേ എങ്ങും കണ്ടെത്തുന്നില്ല.

44. അപ്പോഠം അവൻ പറയുന്നു, 'ഞാൻ പുറപ്പെട്ടുപോന്ന വീട്ടിലേയ്ക്കു തിരിച്ചു ചെല്ലും'. അവൻ വരുമ്പോഠം അതു വിജനവും അടിച്ചുവാരി ക്രമീകരിച്ചതുമായി കണ്ടെത്തുന്നു.

45. അപ്പോഠം അവൻ പോയി തന്നെക്കാഠം ദുഷ്ടരായ ഏഴ് ആത്മാക്കളെക്കൂടി കൊണ്ടുവരികയും അവിടെ പ്രവേശിച്ച് പാ

ലൂക്കോ. 11,24–26

വാക്യം 24. മനുഷ്യനിൽനിന്നു് ബഹിഷ്കൃതനായിക്കഴിയുമ്പോഠം അശുദ്ധാത്മാവ് വിശ്രമത്തിന് വരണ്ട പ്രദേശങ്ങളിലൂടെ സഞ്ചരിക്കുന്നു; എങ്ങും കണ്ടെത്താഞ്ഞു് അവൻ പറയുന്നു, 'ഞാൻ പുറപ്പെട്ടുപോന്ന എൻെറ വീട്ടിലേയ്ക്കു തിരിച്ചു ചെല്ലും.'

25. അവൻ വരുമ്പോഠം അതു് അടിച്ചുവാരി ക്രമീകരിച്ചതായി കണ്ടെത്തുന്നു.

26. അപ്പോഠം അവൻ പോയി തന്നേക്കാഠം ദുഷ്ടരായ ഏഴ് ആത്മാക്കളെക്കൂടി കൊണ്ടുവരികയും അവിടെ പ്രവേശിച്ച് പാ

www.malankaralibrary.com



ക്കയും ചെയ്യുന്നു; ആ മനുഷ്യന്റെ അന്ത്യം ആദ്യത്തേതിലും നികൃഷ്ടമായിത്തീരുന്നു.

അതുപോലെയായിരിക്കും ഈ ദുഷ്ട തലമുറയ്ക്കും.

ക്കയും ചെയ്യുന്നു. ആ മനുഷ്യന്റെ അന്ത്യം ആദ്യത്തേതിലും നികൃഷ്ടമായിത്തീരുന്നു.

www.malankaralibrary.com



ഒരേ ശ്രോതസ്സിൽ (Q) നിന്നാണു് രണ്ടു് വിവരണങ്ങളും. പലസ്തീനിയൻ പശ്ചാത്തലം ഉപമയിൽ നന്നേ പ്രതിഫലിക്കുന്നുണ്ടു്. 'അശുദ്ധാത്മാവു്', 'ഏഴു്' എന്ന സംഖ്യ, സെമിററിക് വാചകഘടന മുതലായവ ശ്രദ്ധിക്കുക.

എന്നാൽ സുവിശേഷകന്മാർ ഉപമ ക്രമീകരിച്ചിരിക്കുന്നതു് വ്യത്യസ്ത രംഗങ്ങളിലാണു്. ബ്ഏൽസ്ബൂബിനെക്കുറിച്ചുള്ള, യേശു പിശാചുബഹിഷ്ക്കരണം നടത്തുന്നതിനെപ്പററിയുള്ള, വാദപ്രതിവാദത്തോടനുബന്ധിച്ചാണു് വി. ലൂക്കോസിന്റെ സുവിശേഷത്തിൽ. വി. മത്തായിയാകട്ടെ, അടയാളങ്ങളന്വേഷിക്കുന്ന യഹൂദരുടെ അവിശ്വാസത്തെക്കുറിച്ചു് കുററപ്പെടുത്തുന്ന സാഹചര്യത്തിലും. യേശുവിനെ അംഗീകരിക്കുക എന്ന പ്രശ്നമാണു് രണ്ടിലും ഉപമയുദിപ്പിക്കുക. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടനുവർത്തിക്കുന്നതിനെപ്പററിയാണു് ഉപമയെന്നതിനും ഏകാഭിപ്രായമാണിരുവർക്കും.

യേശുവിന്റെ കാലത്തു് യഹൂദർ പരിശീലിച്ചിരുന്ന 'പിശാചുബഹിഷ്ക്കരണ'കർമ്മത്തെക്കുറിച്ചു് ചില സൂചനകൾ നൽകുന്ന ഉപമ[14]. ശാരീരികവും മാനസ്സികവുമായ പല വൈകൃതങ്ങളും പിശാചുബാധയാണെന്നു ധരിച്ചു. മന്ത്രവാദികൾ ചികിത്സ നടത്തും. ചിലപ്പോൾ ആശ്വാസം ലഭിച്ചിരുന്നു. അതു് മിക്കപ്പോഴും ഭിഷഗ്വരൻ രോഗിയുടെമേൽ ചെലുത്തുന്ന മാനസ്സിക സമ്മർദ്ദം (സ്വാധീനം) കൊണ്ടാവണം[15]. പക്ഷേ പലതിലും അല്പനേരത്തെ ആശ്വാസത്തിനുശേഷം രോഗി പഴയതിലും നികൃഷ്ടമായ സ്ഥിതിയിലെത്തിയിരുന്നു.

"അശുദ്ധാത്മാവു്" (മത്താ. 12, 44=ലൂക്കോ. 11,23): പിശാചിന്റെ പര്യായപദമാണു്. പിശാചുബാധിതന്റെ പര്യായപദമാണു്. പിശാചുബാധിതന്റെ പിശാചിന്റെ വാസസ്ഥലത്തോടു് (വീടിനോടു്) താരതമ്യപ്പെടുത്തുന്നു. ഇതു് പൗരസ്ത്യനാടുകളിൽ സാധാരണയാണു്. "അവൻ വരണ്ടസ്ഥലങ്ങളിൽ സഞ്ചരിക്കുന്നു" (വാക്യം: 44=23). മരുഭൂമി സാത്താന്റെ വാസസ്ഥലമായി പലപ്പോഴും ചിത്രീകരി

14. J. B. C. II, op. cit., p. 86a
15. ibidem

www.malankaralibrary.com



ക്കുന്നു[16]. "അവൻ തിരിച്ചുവരുമ്പോഠം അതു് വിജനവും ..... കണ്ടെത്തുന്നു" (മത്താ. 12, 44 ലൂക്കോ. 11, 25). സെമിററിക് ഘടനയാണു് വാചകത്തിന്റേതു്. "അവൻ തിരിച്ചുവരുമ്പോഠം അതു് വിജനവും അടിച്ചുവാരി ക്രമീകരിച്ചതുമായി കണ്ടെത്തുകയാണെങ്കിൽ" എന്നാണർത്ഥം[17] 'അതിഥിയെ പ്രതീക്ഷിച്ചു് ഒരുക്കിയിരിക്കുന്നതായി കണ്ടാൽ' എന്നു സാരം. "ഏഴു് ആത്മാക്കളെ...." (മത്താ. 12, 45 ലൂക്കോ. 11, 26): ഏഴു് എന്ന സംഖ്യ പൂർണ്ണത സൂചിപ്പിക്കുന്നു. 'എല്ലാത്തരം പൈശാചികമ്ലേച്ഛതയും തിന്മയും' എന്നാണർത്ഥം[18].

അശുദ്ധാത്മാവിനെ ബഹിഷ്ക്കരിച്ചശേഷം ഭവനത്തിൽ പുതിയൊരു യജമാനനെ അധിവസിപ്പിച്ചേ തീരൂ എന്നാണു് ഉപമ ആവശ്യപ്പെടുക. അതിഥിയെ കാത്തു് വീടൊരുക്കിയിട്ടു് ആരെയും കുടിയിരുത്താതിരുന്നാലാണു് പ്രശ്നം. അപ്പോഴാണു് പിശാചു് വാസമുറപ്പിക്കുക. തെററു് മനുഷ്യന്റെ ഭാഗത്തത്രേ. ഹൃദയം ശൂന്യമായിടരുതു്. യേശുവിനെക്കൊണ്ടു് നിറയ്ക്കണം. ദൈവരാജ്യത്തിനുവേണ്ടി ഉറച്ച തീരുമാനമെടുക്കാതെ സാദ്ധ്യമല്ല. തീരുമാനം വ്യക്തവും ദൃഢവുമല്ലെങ്കിൽ സാത്താൻ കൂടുതൽ ശക്തിയോടെ തിരിച്ചുവരും. മനുഷ്യൻ എല്ലാ തിന്മകഠംക്കും വിധേയനാകും. ക്രിസ്തുവചനം ജീവിതനിയമമാക്കാത്തവന്റെ അന്ത്യം ആദ്യത്തേതിൽ പരിതാപകരമാണു്. യേശുക്രിസ്തുവിനുവേണ്ടി തീരുമാനമെടുക്കാത്തവനു് സുഭഗജീവിതം സാദ്ധ്യമല്ല.

### 3. പ്രായോഗിക വിവേകമുള്ളവരായിരിക്കണം
### വിരുതനായ കാര്യസ്ഥന്റെ ഉപമ (ലൂക്കോ. 16,1–13)

'നിങ്ങഠം പാമ്പുകളെപ്പോലെ വിവേകികളായിരിക്കണം' എന്നു് ക്രിസ്തു ശിഷ്യരെ ഉപദേശിക്കുന്നു. പ്രശ്നങ്ങളുടെ മുമ്പിൽ എങ്ങനെ വിവേകപൂർവ്വം പെരുമാറണമെന്നു പഠിപ്പിക്കുവാൻ ഉതകുന്ന ഉപമയാണു് ലൂക്കോ. 16,1–13ലേതു്.

---

16. കാണുക. മത്താ. 4,1; ഏശ. 32,21; 24,14; തോബിയാസ് 8,3
17. J. Jeremias, Parables of Jesus, p. 197
18. ibidem

www.malankaralibrary.com



വാക്യം 1. അവൻ ശിഷ്യരോടു പറഞ്ഞു: ഒരു കാര്യസ്ഥനുണ്ടായിരുന്ന ഒരു ധനവാനുണ്ടായിരുന്നു. അയാളുടെ വസ്തുവകകൾ നശിപ്പിക്കുന്നുവെന്ന് അവനെക്കുറിച്ച് ആരോപണം ഉന്നയിക്കപ്പെട്ടു.

2. അയാൾ അവനെ വിളിച്ചുപറഞ്ഞു: 'ഞാൻ നിന്നെക്കുറിച്ച് ഈ കേൾക്കുന്നതെന്താണ്? നിൻെറ കാര്യസ്ഥതയുടെ കണക്ക് ഏല്പിക്കുക; നീ ഇനിയും കാര്യസ്ഥനായിരിക്കാൻ പററില്ല'.

3. കാര്യസ്ഥൻ ആത്മഗതം ചെയ്തു: 'എൻെറ യജമാനൻ കാര്യസ്ഥത എന്നിൽനിന്നെടുക്കുന്നതിനാൽ ഞാൻ എന്തു ചെയ്യും? കിളയ്ക്കാൻ എനിക്കു ശക്തിയില്ല. യാചിക്കുവാൻ ലജ്ജയാണ്.

4. കാര്യസ്ഥതയിൽനിന്ന് എന്നെ മാററിക്കഴിയുമ്പോൾ ആളുകൾ എന്നെ വീടുകളിൽ സ്വീകരിക്കുവാൻ എന്തു ചെയ്യണമെന്നു ഞാൻ തീരുമാനിച്ചുകഴിഞ്ഞു.

5. അതിനാൽ അവൻ യജമാനൻെറ കടക്കാരെ ഓരോരുത്തരെ വിളിച്ചു. ഒന്നാമനോട് ആരാഞ്ഞു: 'നീ എൻെറ യജമാനന് എന്തുമാത്രം കടപ്പെട്ടിരിക്കുന്നു?

6. 'നൂറുകുടം എണ്ണ' എന്ന് അവൻ പറഞ്ഞു. 'നിൻെറ ചീട്ടെടുത്ത് വേഗം അമ്പത് എന്നു തിരുത്തുക' എന്ന് അവൻ നിർദ്ദേശിച്ചു.

7. വേറൊരുവനോടാരാഞ്ഞു: 'നീ എന്തുമാത്രം കടപ്പെട്ടിരിക്കുന്നു'? 'നൂറളവ് ഗോതമ്പ്'' എന്ന് അവൻ പറഞ്ഞു. അവൻ നിർദ്ദേശിച്ചു: 'നിൻെറ ചീട്ടെടുത്ത് എൺപത് എന്ന് എഴുതുക'.

8. യജമാനൻ അവിശ്വസ്തനായ കാര്യസ്ഥനെ അവൻെറ വിവേകത്തെപ്രതി ശ്ലാഘിച്ചു.

ഒന്നുമുതൽ 8a വരെയുള്ള വാക്യങ്ങളിലെ ഉപമയിൽനിന്നു രൂപംകൊള്ളുന്നവയോ അതിനോടനുബന്ധിച്ചതോ ആയ ധർമ്മാദർശങ്ങൾകൂടി ഉപമാഭാഗമായി സുവിശേഷത്തിലുണ്ട്.

8b. എന്തെന്നാൽ ഈ ലോകത്തിൻെറ പുത്രന്മാർ തങ്ങ

www.malankaralibrary.com



ളുടെ തലമുറയിൽ പ്രകാശത്തിന്റെ പുത്രന്മാരെ ക്കാഠം ബുദ്ധിയുള്ളവരാണു്.

9. ഞാൻ നിങ്ങളോടു പറയുന്നു, 'അനീതിയുടെ മാമോന ഇല്ലാതാകുമ്പോഠം അവർ നിങ്ങളെ നിത്യ വാസസ്ഥലങ്ങളിൽ സ്വീകരിക്കാൻ അതുകൊണ്ടു നിങ്ങഠംക്കു് സ്നേഹിതരെ ഉണ്ടാക്കിക്കൊള്ളുവിൻ'

10. 'അത്യല്പത്തിൽ വിശ്വസ്തൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ അവിശ്വസ്തൻ അധികത്തിലും അവിശ്വസ്തൻ'.

11. അനീതിയുടെ മാമോനായിൽ നിങ്ങഠം വിശ്വസ്തരല്ലെങ്കിൽ ആരു് യഥാർത്ഥ ധനം നിങ്ങളെ ഏല്പിക്കും?

12. മററൊരുവന്റെ വകയിൽ വിശ്വസ്തരല്ലായിരുന്നെങ്കിൽ നിങ്ങളുടെ സ്വന്തമായതു് ആരു നിങ്ങഠംക്കു തരും?

13. രണ്ടു് യജമാനന്മാരെ സേവിപ്പാൻ ആക്കും കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കയും മററവനെ സ്നേഹിക്കയും ചെയ്യും. അല്ലെങ്കിൽ ഒരുവനോടു് പ്രത്യേക മമതയിൽ ചേർന്നു് മററവനെ നിന്ദിക്കും. ദൈവത്തെയും മാമോനേയും സേവിപ്പാൻ നിങ്ങഠംക്കു സാദ്ധ്യമല്ല.

'ശിഷ്യരോ'ടാണു് യേശു ഉപമ പറഞ്ഞതു് (വാക്യം 3). എന്നാൽ ആരാണു് ആ ശിഷ്യർ? ചുങ്കക്കാരും അനാദരണീയങ്ങളായ ഇതര പ്രവൃത്തികഠം ചെയ്യുന്നവരുമുഠംപ്പെട്ട ഒരു കൂട്ടത്തോടാണു് ഉപമ പറഞ്ഞതെന്നു് 9ഉം 11ഉം വാക്യങ്ങളിൽ നിന്നൂഹിക്കാം[19]. വിഷമസന്ധിയിൽ വിവേകത്തോടെ പെരുമാറാനുള്ള ആഹ്വാനം എല്ലാവക്കുമുള്ളതാണു്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രം പോരാ വിവേകം. യേശുവിനെ അനുഗമിക്കുന്ന എല്ലാവക്കും വേണം.

ഉപമ മനസ്സിലാകാൻ പലസ്തീനായിലെ സാമ്പത്തിക സാഹചര്യം അറിഞ്ഞിരിക്കണം. പലസ്തീൻ കർഷകരാജ്യ

---

19. Cf. J. Jeremias, Parables of Jesus, pp. 46-47

www.malankaralibrary.com



മായിരുന്നു. അവിടെ ധനം ഏറിയപങ്കും വിളഭൂമിയായിരുന്നു. പ്രധാനകൃഷി ഒലിവും ഗോതമ്പും. ഭൂസ്വത്തു് കുടിയാനന്മാക്കു് പാട്ടത്തിനു് വീതിച്ചുകൊടുക്കും. പാട്ടം പണമാവണമെന്നില്ല. കൃഷിയനുസരിച്ചു് വിഭവങ്ങളുമാകാം. ഉടമ കാര്യങ്ങളുടെ മേൽനോട്ടത്തിനു് കാര്യസ്ഥനെ നിയമിക്കും. അയാളാണു് യജമാനന്റെ നടത്തിപ്പുകാരൻ[20]. പ്രഭുവിന്റെ വിജയം കാര്യവിചാരകനെ ആശ്രയിച്ചിരുന്നു[21]. കാര്യസ്ഥൻ യജമാനന്റെ ഭവനത്തിൽ പിറന്ന ദാസനായിരിക്കാം. അങ്ങനെയുള്ളവക്കു് കൂടുതൽ അധികാരാവകാശങ്ങളും സ്വാതന്ത്ര്യവുമുണ്ടായിരുന്നു. കാര്യസ്ഥൻ യജമാനനു് പ്രയോജനമുണ്ടാക്കണം. അധികപ്പാട്ടമോ അമിതപ്പലിശയോ ചുമത്തി അവനു് സ്വയം സമ്പാദിക്കയും ചെയ്യാം.

ലൂക്കോസ് 16,1–13 നാലു ഭാഗങ്ങളായി തിരിക്കാം[22].

a) 1–7 വാക്യങ്ങൾ: കഥയുടെ (സംഭവത്തിന്റെ) മൂലരൂപം. അടുത്തെങ്ങാനും നടന്നതോ മററുള്ളവർ പറഞ്ഞുകേട്ടതോ യേശുവിനെങ്ങനെയോ പരിചയപ്പെട്ടതോ ആയ സംഭവം.

b) കഥയ്ക്കു് യേശു കൊടുത്ത ഗുണപാഠം. വാക്യം 8a

c) വാക്യം 8b–ഉപമയുടെ ഗുണപാഠം. യേശുവിന്റെ വാക്കുകളാവാം.

d) വാക്യം 9;10–13: വ്യത്യസ്ത തത്വങ്ങൾ

a) 1–7: 'വസ്തുവകകൾ നശിപ്പിക്കുന്നു'വെന്നതാണു് കാര്യസ്ഥനെതിരായ ആരോപണം (വാക്യം 1). കിട്ടുന്നതെല്ലാം സൂക്ഷ്മതയില്ലാതെ ചെലവാക്കിയതാവാം. യജമാനനു ചെല്ലേണ്ട പലിശ സ്വസമ്പാദ്യത്തിനുപയോഗിച്ചതാവാം. കാര്യസ്ഥതയിൽനിന്നു് മാററുമെന്നു് മുന്നറിയിപ്പു് ലഭിച്ചപ്പോഴേ അയാൾ ആദ്യം ചിന്തിക്കുന്നതു് കൃഷിയെപ്പററിയാണു് (വാക്യം 3). പലസ്തീനായിലെ സാധാരണവൃത്തി കൃഷിയാ

---

20. ഉല്പ. 39,5–6; 7–8 കാണുക

21. ഉല്പ. 39, 5–6.

22. Cf. J. Jeremias, Parables of Jesus, p. 182; C. H. Dodd, op. cit., p. 26.

www.malankaralibrary.com



ണല്ലോ. എന്നാൽ കിളയ്ക്കാൻ അവനു പരിചയമില്ല; യാചിക്കുവാൻ ലജ്ജയാണ്. കാര്യസ്ഥനായിരുന്നവൻ ഭിക്ഷാടനത്തിനു ലജ്ജിക്കുക സ്വാഭാവികമാണല്ലോ. പ്രത്യേകിച്ച് യഹൂദൻ. ഇസ്രായേലിൽ ഭിക്ഷകരില്ലാതിരിക്കുക തൻെറ സവിശേഷാനുഗ്രഹത്തിൻെറ അടയാളമായിക്കരുതണമെന്ന് യാഹ്‌വേ ഇച്ഛിക്കുന്നു (ആവ. 15,4). യാചിക്കുന്നതിൽ ഭേദം മരിക്കുകയാണ് (സഭാ പ്ര. 40,20).

നേരിടുന്ന വിഷമസന്ധിയിൽ എന്തു ചെയ്യണമെന്ന് ഇത്രയുംനാളുംകൊണ്ട് അയാൾ അറിഞ്ഞിട്ടുണ്ട്[23]. യജമാനൻെറ പ്രീതി സമ്പാദിക്കാൻ ശ്രമിക്കുന്നു. കടക്കാരെ വിളിച്ച് അവരുടെ കടം ഇളച്ചുകൊടുക്കുന്നു. നേരത്തെ സമ്മതിച്ച പാട്ടം കൊടുക്കാത്ത കൃഷിക്കാരോ കിട്ടിയ സാധനങ്ങളുടെ ബിൽ കൊടുത്തിട്ടും പണം നൽകാത്ത കച്ചവടക്കാരോ ആകാം കടക്കാർ[24]. ആദ്യത്തെയാൾക്ക് പകുതി ഇളച്ചു[25]. അയാൾക്ക് കിട്ടിയത്രയും തുകയുടെ (500 ദേനാറയുടെ) ഇളവ് രണ്ടാമനും ലഭിച്ചു[26].

6–7 വാക്യങ്ങൾ: ഇവയിൽ പൊതുവായ ചില പ്രത്യേക

23. വാക്യം 4: ''എന്തു ചെയ്യണമെന്നു തീരുമാനിച്ചുകഴിഞ്ഞു''. ഇവിടത്തെ ഗ്രീക്കുശൈലിക്കർത്ഥം 'ഇതുപോലൊരവസരം എന്തു ചെയ്യണമെന്നു ഞാൻ പഠിച്ചുവച്ചിട്ടുണ്ട്'' എന്നാണ്.

24. Cf. J. Jeremias, Parables of Jesus, p. 181

25. 'നൂറുകുടം എണ്ണ' (ഏകദേശം 800 ഗ്യാലൻ) ആയിരുന്നു കടം. ഏതാണ്ട് 146 ഒലിവുമരത്തിൽനിന്ന് ലഭിക്കുന്ന എണ്ണ. 1000 ദേനാറയോളം വിലവരും. പലസ്തീനായിൽ ഒലിവുമരത്തിൻെറ ശരാശരി വരുമാനം 120 കിലോഗ്രാം ഫലം അഥവാ ഇരുപത്തഞ്ചു ലിററർ എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. cf. J. Jeremias, Parables of Jesus, p. 181. n. 36; '900 ഗ്യാലൻ എന്ന് J B C, II op. cit., p. 149. 40 കിൻറൽ എന്ന് ഡോ. ജോസഫ് കോട്ടയ്ക്കൽ, 'ഉപമകൾ ആധുനികവീക്ഷണത്തിൽ', ബൈബിൾഭാഷ്യം, കോട്ടയം (സെപ്തംബർ 1974) പുറം. 208

26. അയാൾ 'നൂറ് അളവ്'' ഗോതമ്പ് കടപ്പെട്ടിരുന്നു (വാക്യം 7). ഏകദേശം 1100 പറ. നൂറോളം ഏക്കറിലെ വിളവ്. ഏതാണ്ട് 2500 ദേനാറ വിലവരും. ഇരുപതളവ് ഗോതമ്പ് ഇളച്ചുകൊടുത്തു. Cf. J. Jeremias, the parables of Jesus, p. 181. 30 ടൺ എന്ന് ഡോ. ജോസഫ് കോട്ടയ്ക്കൽ, ടി, 1000 ദേനാറയുടെ എണ്ണയും 2500 ദേനാറയുടെ ഗോതമ്പ് എന്ന് ഡോ. ജോസഫ് കോട്ടയ്ക്കൽ. ടി, പുറം 208–209.

www.malankaralibrary.com



തകളുണ്ട്. (1) 'നിന്റെ ചീട്ട് വാങ്ങി തിരുത്തുക' എന്ന് രണ്ടുപേരോടും പറയുന്നു. കടിശിഖയുള്ള പാട്ടമോ വ്യാപാര സംബന്ധമായ കൈപ്പററുരസീതോ ആണുദ്ദേശിക്കുക. കടക്കാർ തന്നെ തിരുത്താനാണാവശ്യപ്പെടുക. നേരത്തെയുള്ള കൈപ്പട അവരുടേതായിരിക്കാം. അതേ കൈപ്പടയിൽ തിരുത്താനോ പുതിയ പ്രമാണം ഉണ്ടാക്കാനോ ആണ് പറയുക. (2) ഇരുവരും വൻതുക കടപ്പെട്ടിരിക്കുന്നു. 1000ഉം 2000ഉം ദേനാറകാം. പൗരസ്ത്യപ്രത്യേകതയായ അതിവർണ്ണന വ്യക്തമാണിവിടെ. (3) രണ്ടുപേർക്കും ഒരേ തുക ഇളവുചെയ്തു കിട്ടുന്നു. കാര്യസ്ഥൻ നിർദ്ദേശിച്ചതുപോലെ അവർ ചെയ്തോ ഇല്ലയോ എന്ന് യേശു പറയുന്നില്ല. കഥാതന്തുവിനും കഥയുടെ സജീവതയ്ക്കും ആവശ്യമായതേ യേശു സ്വീകരിച്ചിട്ടുള്ളൂ. രണ്ടിൽ കൂടുതൽ കടക്കാർ ഉണ്ടായിരുന്നു (വാക്യം 5). എങ്കിലും രണ്ടുപേരുടെ കാര്യമേ പറയുന്നുള്ളൂ. കഥാസാരം വ്യക്തമാക്കാൻ അതുമതി.

b) "അവിശ്വസ്തനായ കാര്യസ്ഥനെ അവന്റെ വിവേകത്തെപ്രതി യജമാനൻ ശ്ലാഘിച്ചു" (വാക്യം 8a). യജമാനന്റെ സമ്പത്ത് കൈകാര്യം ചെയ്തതിലാണ് കാര്യസ്ഥൻ അവിശ്വസ്തനായത്. സ്വസമ്പാദ്യത്തിനുപകരിക്കേണ്ട തുകയാവണം കാര്യസ്ഥൻ ഇളച്ചു കൊടുത്തത്. അങ്ങനെ ചെയ്തപ്പോൾ കടക്കാർക്ക് യജമാനനോട് പ്രീതിയും നന്ദിയും തോന്നുകയും അയാൾക്ക് സൽപ്പേരുണ്ടാവുകയും ചെയ്തു. കാര്യസ്ഥന്റെ നീതിരഹിതമായ പ്രവൃത്തിയെയല്ല, അയാളുടെ വിവേകത്തെയാണ് ശ്ലാഘിക്കുക[27]. യജമാനൻ കാര്യസ്ഥന്റെ വിവേ

27. അവിശ്വസ്തമായി പ്രവർത്തിച്ച കാര്യസ്ഥനെ പുകഴ്ത്തുന്ന യജമാനൻ ആരാണ്? എങ്ങനെ അവനെ പുകഴ്ത്തും? കഥയിലെ യജമാനൻതന്നെയാണ് വാക്യം 8 വരെ. വി ലൂക്കോസ് സ്വീകരിച്ചിരിക്കുന്ന പാരമ്പര്യവും 8ഉം 9ഉം വാക്യങ്ങളുടെ ഘടനയും തെളിവായെടുക്കാം. 8-ാം വാക്യത്തിലെ കർത്താവല്ല 9ലേത്.

'യജമാനൻ' എന്ന പദം ത്രിതീയസുവിശേഷത്തിൽ പലടത്തുമുണ്ട്. പലരെ സൂചിപ്പിക്കുന്നു. കേവലപ്രയോഗം ദൈവത്തെപ്പററിയാണ്. പതിനെട്ടുപ്രാവശ്യം (12,37.42b; 14,3 എന്നീ മൂന്നിടമൊഴികെ എല്ലായിടത്തും) യേശുവാണ്. 16,8-9 വാക്യങ്ങൾ തമ്മിൽ കൂട്ടിച്ചേർത്തിരിക്കയാണ്. അതിനടിസ്ഥാനം 9-13 വാക്യങ്ങളിലെ സാരോപദേശോക്തികൾ

www.malankaralibrary.com



കത്തെ പുകഴ്ത്തിയെന്നു് യേശുവാണു് പറയുക. കഥയുടെ മൂലരൂപത്തിന്റേതല്ല, കഥ പറയുന്ന ആളിന്റേതാണു്[28].

c) 8b മുതലുള്ള വാക്യങ്ങളിൽ ഉപമയുടെ മൂലരൂപത്തിന്റേതല്ലാത്ത ചില സാരോപദേശങ്ങളും ചേർത്തിട്ടുണ്ടു്. (1) 8b: ഉപമയുടേതല്ലാത്ത ഒരവസരത്തിൽ യേശു പറഞ്ഞ വാചകമാവണം. അതിസമർത്ഥനായ കാര്യസ്ഥന്റെ പ്രവൃത്തിക്കു നന്നേ യുക്തമായതിനാൽ പ്രസ്തുത സ്വതന്ത്രോക്തി ഉപമയോടു ചേർത്തു. 'ഈ ലോകത്തിന്റെ പുത്രന്മാർ' തിന്മ ചെയ്യുന്നവരാണു്. 'വെളിച്ചത്തിന്റെ പുത്രന്മാർ' നന്മ ചെയ്യുന്നവരും[29].

8bയിലെ പാഠം ഇന്നും വളരെ പ്രസക്തമാണു്. യജമാനനും കാര്യസ്ഥനും തമ്മിലുള്ള ബന്ധം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു. ലൗകിക ജീവിതഭദ്രതയ്ക്കു് നാം പ്രയോഗിക്കുന്ന വിവേകവും വ്യഗ്രതയും നിത്യസൗഭാഗ്യസുരക്ഷിതത്തിനു് കാട്ടിയിരുന്നെങ്കിൽ[30]. പ്രതിസന്ധി നേരിടാൻ ഉപമയിലെ കാര്യസ്ഥൻ കാട്ടിയ വിവേകവും ബുദ്ധികൂർമ്മതയും സ്വർഗ്ഗരാജ്യത്തിന്റെ അംഗങ്ങൾ മോക്ഷം പ്രാപിക്കാൻ ഉപയോഗിക്കണമെന്നു് യേശു ആഹ്വാനം ചെയ്യുന്നു.

d) 9–13 വാക്യങ്ങളിൽ[31] മൂന്നു ഗുണപാഠങ്ങൾ സമ്മേളിപ്പിച്ചിരിക്കുന്നു. ഒരു ഉപമയ്ക്കു് ഒന്നിൽക്കൂടുതൽ സാരോപദേ

---

ഉപമയോടു് ചേർത്തതാണു്. അവിടെ യേശുവത്രേ യജമാനൻ. Cf. J. Jeremias, Parables of Jesus, p.45.

കടം ഇളച്ചുകിട്ടിയതു് യജമാനന്റെ കാരുണ്യംകൊണ്ടാണെന്നു കരുതി അവർ അദ്ദേഹത്തിനു് കൃതജ്ഞതയും സ്നേഹവുമർപ്പിച്ചു. കാര്യസ്ഥസ്ഥാനത്തുനിന്നു് മാററുകയാണെന്നറിഞ്ഞിട്ടും യജമാനന്റെ സൽപ്പേരിനു് ശ്രമിക്കയാണെന്നു് അദ്ദേഹം ധരിച്ചു. അവനെതിരെ ഉന്നയിച്ച ആരോപണങ്ങൾക്കു വിപരീതമാണല്ലോ ഇപ്പോഴത്തെ അനുഭവം. അവൻ എട്ടുക്കയല്ല, യജമാനനു് കീർത്തി സമ്പാദിക്കയാണു്! ഇപ്രകാരം പ്രവർത്തിച്ച അവന്റെ വിവേകം പ്രശംസനേടി.

28. Cf. C.H. Dodd, op. cit., p. 26.

29. തിന്മ പ്രവർത്തിക്കുന്നവരെ 'ഈ ലോകത്തിന്റെ പുത്രന്മാരെ'ന്നും നന്മ ചെയ്യുന്നവരെ 'വെളിച്ചത്തിന്റെ പുത്രന്മാരെ'ന്നും എസ്സേൻലിഖിതങ്ങളും വിശേഷിപ്പിക്കുന്നു. Cf. JBC II, p. 149.

30. Cf. A.M. Hunter, op. cit., p. 105; J. Jeremias, Rediscovering the parables, p. 35.

31. 'ആളുകൾ എന്നെ വീട്ടിൽ സ്വീകരിക്കേണ്ടതിനു്' എന്നതിനു സമാനമാണല്ലോ 'നിത്യഭവനങ്ങളിൽ നിങ്ങളെ സ്വീകരിക്കേണ്ടതിനു്' എന്നതു്. ഇവയ്ക്കു് പദഘടനയിലുള്ള സാമ്യമാണു് കൂട്ടിച്ചേർക്കലിനു് കാരണം.

www.malankaralibrary.com



ശങ്ങളും യേശു നല്കുക സാധാരണയല്ല. സുവിശേഷകനോ അദ്ദേഹത്തിനു മുമ്പുള്ള പാരമ്പര്യമോ ആണ് അവ്വിധം കൂട്ടിച്ചേർത്തത്.

വാക്യം 9. വിശദീകരിക്കാൻ വളരെ വിഷമമുള്ള ഒന്നാണിത്. 'മാമോന' എന്ന വാക്ക് പഴയനിയമത്തിൽ ഒരിടത്തേയുള്ളു (സിറാ.31,18). പുതിയ നിയമത്തിൽ പലേടത്തുണ്ട് (മത്താ. 6,24; ലൂക്കാ. 16,9; 11,13). ഖുമ്റാൻ സാഹിത്യത്തിലും ധാരാളം പ്രാവശ്യമുണ്ട്. ഭാഷ സെമിററിക്. 'ഉറപ്പായിരിക്കുക', 'ഉറച്ചുനില്ക്കുക' എന്നർത്ഥമുള്ള 'ആമ്മേൻ' എന്ന ഹീബ്രുവാക്കിൽ നിന്നാണുത്ഭവം. 'ഒരുവൻ മനസ്സുറപ്പിക്കുന്ന, ആശ്രയം വയ്ക്കുന്ന വസ്തു അഥവാ കാര്യം'. പണം എന്നു മാത്രമല്ല അർത്ഥം. എങ്കിലും ലോകത്തിൽ മനുഷ്യൻ കൂടുതലും ആശ്രയിക്കുന്നതും ശ്രദ്ധിക്കുന്നതും ധനത്തിലായതിനാൽ സാധാരണഗതിയിൽ 'മാമോന' ധനമെന്നു കരുതാം.

'അനീതിയുടെ മാമോന': രണ്ടുവിധം വ്യാഖ്യാനിക്കാം. ഉപമയിലെ കഥയോടൊത്തു ചിന്തിച്ചാൽ സത്യവിരുദ്ധമാർഗ്ഗങ്ങളുപയോഗിച്ചു സമ്പാദിച്ച ധനം. മനുഷ്യനെ അനീതിയിലേയ്ക്കും അസത്യത്തിലേയ്ക്കും നയിക്കുന്ന അമിത ധനമെന്നാണ് രണ്ടാമർത്ഥം.

'അനീതിയുടെ ഈ മാമോന കടന്നുപോകുമ്പോൾ': യുഗാന്ത്യപരമായ ഒരു ശൈലിപ്രയോഗമാണിത്. 'നിത്യഭവനങ്ങൾ' എന്ന വാക്കു ശ്രദ്ധിക്കുക[32]. ദൈവകോപത്തിന്റെ ദിവസം അവരെ രക്ഷിക്കാൻ അവരുടെ സ്വർണ്ണത്തിനോ വെള്ളിക്കോ കഴിയില്ല'' (സെഫ. 1,18).

'സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ': 'സ്നേഹിതന്മാർ' മാലാഖമാരെ സൂചിപ്പിക്കുന്നു. 9-ാം വാക്യത്തിലെ കർത്തൃപദം (അവർ) ദൈവത്തെ ഉദ്ദേശിച്ചുള്ളതാണ്. 'മാലാഖമാരെ'ന്നതുകൊണ്ട് സ്വർഗ്ഗവാസികളെയും[33].

---

32. 'നിത്യഭവനം' എന്ന വാക്ക് പുതിയനിയമത്തിൽ പലേടത്തുമുണ്ട്. മർക്കോ. 9,5; നട. 15,16; വെളി. 7,15;21,3

33. 'ദൈവം' എന്നതിനു പകരമുപയോഗിക്കുന്ന വക്രോക്തിയാണ് 'മാലാഖമാർ' എന്നതു്.

www.malankaralibrary.com



9–ാം വാക്യം ഇങ്ങനെ മനസ്സിലാക്കാമെന്നു തോന്നുന്നു. അവസാനനാളിലെ സുസ്ഥിതിക്കുതകുംവിധം വിവേകപൂർവ്വം ധനം ഉപയോഗിക്കണം. ധനം മനുഷ്യനെ അവിശ്വസ്തതയിലേയ്ക്കു നയിക്കുമെന്ന് ഓർത്തിരിക്കുക. ലൗകികവസ്തുക്കൾ ഇല്ലാതാകുമ്പോൾ ദൈവരാജ്യത്തിലെ ശാശ്വതഭവനങ്ങളിൽ നിങ്ങൾ സ്വീകൃതരാകും[34]. സമാഗതമായിരിക്കുന്ന നിർണ്ണായകനിമിഷം ധീരമായും ബുദ്ധിപൂർവ്വകമായും ഖണ്ഡിതമായും പ്രവർത്തിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കയും ആഹ്വാനംചെയ്യുകയുമാണ്. അന്ത്യകാലാത്മകതയ്ക്കാണ് പ്രാധാന്യം.

വാക്യം 10–12: ആദിമസഭ കൂട്ടിച്ചേർത്തു. ദൈനംദിനവിശ്വസ്തതയ്ക്കു പ്രാധാന്യം നല്കുന്ന രണ്ടാമത്തെ പ്രബോധനം. ഉപമയുടെ യുഗാന്ത്യപരമായ പ്രാധാന്യം മാററി. ധനത്തിൻെറ ശരിയായ വിനിയോഗത്തിനുള്ള ഒരു നിർദ്ദേശവും അവിശ്വസ്തതയ്ക്കെതിരെ ഒരു മുന്നറിയിപ്പും ഉൾക്കൊള്ളിച്ചിരിക്കുന്നു. 10–ാം വാക്യത്തിൻെറ ആദ്യഭാഗം ലൂക്കാ. 19, 17ലും മത്താ. 25, 21 ലും നിന്നെടുത്തതാവാം. 9–ാം വാക്യത്തിൽനിന്ന് വ്യത്യസ്തമാണ് 10ഉം 11ഉം വാക്യങ്ങളെങ്കിലും അവ ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കുക[35]. 11ഉം 12ഉം വാക്യങ്ങളിൽ മാമോനയും നിത്യസമ്പത്തും തമ്മിലുള്ള ബന്ധത്തെപ്പററിയും സൂചനയുണ്ട്. യഥാർത്ഥ സമ്പത്തായ നിത്യധനം നമ്മെയേല്പിക്കണമെങ്കിൽ അയഥാർത്ഥസമ്പത്തായ ഈലോകധനത്തിൽ നാം വിശ്വസ്തരായിരിക്കണം. നമ്മുടെ ലൗകികസമ്പത്തും നമ്മെയേല്പിക്കുന്ന മററുള്ളവരുടെ ധനവും സത്യസന്ധമായി കൈകാര്യം ചെയ്യുകയെന്നതു് യഥാർത്ഥ ധനം വിശ്വസ്തതയോടെ പെരുമാറുമെന്നതിനുറപ്പാണ്. ഇക്കാര്യത്തിൽ ഉപമയിലെ കാര്യസ്ഥൻ ഒട്ടും അനുകരണീയനല്ല. ആദ്ധ്യാത്മികസമ്പത്തിനെ പ്രതി ലൗകികധനത്തിൽ വിശ്വസ്തരായിരിക്കുക എന്നതാണ്

---

34. Cf. J. B. C. II, p. 149.

35. 'അനീതിമാൻ' എന്ന് വാക്യം 10ലും 'അനീതിയുടെ മാമോന' എന്ന് വാക്യം 11ലുമുണ്ട്. ഈ പദങ്ങൾകൊണ്ട് രണ്ട് വിപരീതാംശങ്ങളുള്ള ഒരു പഴഞ്ചൊല്ല് രൂപപ്പെടുത്തിയിരിക്കുന്നു. Cf. J. Jeremias, Parables of Jesus, p. 47.

www.malankaralibrary.com



സഭയുടെ ഉപദേശം. ഉപമയുടെ സന്ദേശത്തിൽനിന്നു് വ്യത്യസ്തമാണെങ്കിലും പ്രധാനമാണിതു്.

വാക്യം 13: ഉപമയുടെ ആദിരൂപവുമായി ബന്ധമൊന്നുമില്ലാതെ വേറിട്ടുനിന്ന ഒരു ചൊല്ലാണു്. ആദിമസഭയിലെ ഉപദേശകരോ അദ്ധ്യാപകരോ സുവിശേഷകനോ പ്രസ്തുതതത്വം ഉപമയോടു കൂട്ടിച്ചേർത്തു[36]. മത്താ. 6,24-ൽ കാണുന്ന ഈ വാക്യം യേശുതന്നെ വേറൊരവസരം പറഞ്ഞതായിരിക്കണം. ഉപമയുമായി കൂട്ടിച്ചേർക്കാൻ അടിസ്ഥാനമായി നില്ക്കുക 13-ാം വാക്യത്തിലെ 'ആമേൻ' (വിശ്വസിക്കുക, വിശ്വസ്തനായിരിക്കുക) എന്ന പദവും അതിൽനിന്നുള്ള തദ്ഭവരൂപമായ 'മാമോന'യും തമ്മിലുള്ള സംശ്ലേഷണമാവാം. മൂന്നു സാരോപദേശങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതു് ഈ സൂചകപദമാവണം. ഒരാൾക്കു പരസ്പര വിരുദ്ധങ്ങളായ രണ്ടു് യജമാനന്മാരെ ഒരേസമയം സേവിക്കാനാവില്ല. ദൈവസ്നേഹവും ധനതൃഷ്ണയും ഒരുമിച്ചുപോകുക സാദ്ധ്യമല്ല. ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്തേ പറ്റൂ[37]. അങ്ങനെയൊരു തീരുമാനമെടുക്കാൻ സഭ സ്വാതനയരെ ആഹ്വാനം ചെയ്യുന്നു.

ആദിമസഭ ഉപമയ്ക്കു് മാററം വരുത്തിയിട്ടുണ്ടു്. എന്നാൽ ഉപമയ്ക്കു് ഒട്ടും യോജിക്കാത്തതും ബന്ധമില്ലാത്തതുമായ ചിലതൊക്കെ തിരുകിക്കയററുകയല്ലായിരുന്നു. ഉപമയുടെ മൂലരൂപത്തിൽത്തന്നെ ഉപദേശമടങ്ങിയിട്ടുണ്ടു്. ധീരനും വിവേകമതിയുമായി പുതിയൊരു തുടക്കം കുറിക്കുക എന്ന യേശുവിന്റെ നിർദ്ദേശം 9-ാം വാക്യത്തിലുണ്ടു്. സഭ ഉപമയ്ക്കു് കാലികപ്രസക്തി നല്കുകയാണു് ചെയ്തതു്. ഉപമയുടെ യുഗാന്ത്യോന്മുഖത പാടേ മാററിയിട്ടില്ല. സഭയുടെ ഉപദേശങ്ങൾക്കു ശക്തി നല്കിയതു് അവയുടെ അന്ത്യകാലാത്മകസാഹചര്യമാണല്ലോ. ശ്രോതാക്കൾ മാറിയതനുസരിച്ചു് വ്യത്യസ്തമായ ആശയത്തിനു പ്രാധാന്യം നല്കി. തദനുസൃതമായ ചില മാററങ്ങളും വരുത്തി.

36. Cf. F. C. Grant, Anglican Theological Review 30 (1948) P. 120

37. Cf. J. Jeremias, Rediscovering the parables, P. 36

www.malankaralibrary.com



ഉപമയുടെ മൂലരൂപമനുസരിച്ചുള്ള വ്യാഖ്യാനം വാക്യം 8a യിൽനിന്നാണുണ്ടാകേണ്ടതു്. പ്രതിസന്ധിയിൽ ഖണ്ഡിതമായും ധീരമായും പ്രവർത്തിക്കണമെന്നു് ആഹ്വാനം ചെയ്യുകയാണു് പ്രസ്തുത വാക്യം. ആഹ്വാനം സ്വീകരിക്കേണ്ട എല്ലാവരോടുമാണു് യേശു ഉപമ അരുളിച്ചെയ്യുക.

4. സ്വാർത്ഥരഹിതരും സേവനസന്നദ്ധരുമായിരിക്കണം.

കൃഷിക്കാരന്റേയും അവന്റെ ദാസന്റേയും ഉപമ (ലൂക്കോ. 17,7–10)

വാക്യം 7. 'ഉഴുകയോ ആടുമേയ്ക്കുയോ ചെയ്യുന്ന ദാസൻ വയലിൽനിന്നു വന്നാലുടൻ 'വേഗം വന്നു ഭക്ഷണത്തിനിരിക്കുക' എന്നു് അവനോടു് നിങ്ങളിലാരെങ്കിലും പറയുമോ?

8. എനിക്കു് അത്താഴമൊരുക്കുക; ഞാൻ ഭക്ഷിച്ചു പാനം ചെയ്യുന്നതുവരെ അരകെട്ടി എനിക്കു ശുശ്രൂഷ ചെയ്യുക, പിന്നെ നീയും തിന്നുകുടിച്ചുകൊള്ളുക എന്നല്ലേ പറയുക?

9. കല്പിച്ചതു ചെയ്തതിനു് അവൻ ദാസനു് നന്ദിപറയുമോ?

10. അതുപോലെതന്നെ നിങ്ങളും നിങ്ങളോടു കല്പിച്ചതെല്ലാം ചെയ്തുകഴിയുമ്പോൾ 'ഞങ്ങൾ അനർഹരായ ദാസന്മാരാകുന്നു; ഞങ്ങളുടെ ചുമതല മാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളു' എന്നു പറയുവിൻ.

സുവിശേഷങ്ങളിൽ ഒരിടത്തു മാത്രമേ ഈ ഉപമ രേഖപ്പെടുത്തിയിട്ടുള്ളു. നിയമപാലനംവഴി തങ്ങൾ സ്വർഗ്ഗരാജ്യത്തിന്നർഹരാണെന്നു് ഫരീസർ സദാ ചിന്തിച്ചിരുന്നു. അവരുടെ 'ആർജ്ജിതയോഗ്യതാ' മനോഭാവത്തിന്നെതിരേ യേശു ശിഷ്യരെ ഉപദേശിക്കുന്നു. ഇതാവണം ഉപമയുടെ മൗലികപശ്ചാത്തലം.

സേവനത്തിനു പ്രതിഫലം ലഭിക്കണമെന്നുള്ള മനോഭാവത്തോടെയാവരുതു് ക്രിസ്തുശിഷ്യർ അദ്ധ്വാനിക്കുക. 10–ാം

www.malankaralibrary.com



വാക്യത്തിലാണ് ഉപമയുടെ പാഠം. തങ്ങളുടെ ചുമതല നിർവഹിച്ചു എന്ന മാത്രമായിരിക്കണം സംതൃപ്തി. സ്വാർത്ഥരഹിതമായി സേവനം ചെയ്യുക. പരിപൂർണ്ണ സമർപ്പണത്തോടെ[38] ദൈവരാജ്യത്തിനുവേണ്ടി വേലയെടുക്കുക. ദൈവം പ്രതിഫലം നല്കില്ലെന്നല്ല. അതിനർഹരല്ലെന്ന മനോഭാവത്തോടെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് പ്രവർത്തിക്കുക; ദൈവം പ്രതിഫലം നൽകും.

സുവിശേഷകൻ ഉപമയിലൂടെ സഭാനേതാക്കന്മാർക്ക് ഒരു മുന്നറിയിപ്പും നൽകുന്നുണ്ട്. വേണ്ടത്ര വേല ചെയ്തുകഴിഞ്ഞുവെന്ന് ആത്മതൃപ്തരായി കഴിഞ്ഞുകൂടരുത്. എല്ലാം ചെയ്ത ശേഷം 'ഞങ്ങൾ പ്രയോജനരഹിതരായ ദാസന്മാരാകുന്നു' വെന്ന സെൻറ് പോളിൻെറ ആശയം വി. ലൂക്കോസിനെ ഉപമാവിവരണത്തിൽ സ്വാധീനിച്ചിരിക്കാം[39]. നിസ്വാർത്ഥവും സ്നേഹപൂർണ്ണവുമായ സേവനംചെയ്യാൻ സന്നദ്ധരായിരിക്കണം ദൈവരാജ്യത്തിലെ അംഗങ്ങൾ.

5. ക്ഷമാശീലമുള്ളവർ

ക്രിസ്തു പ്രസംഗിച്ച സ്വർഗ്ഗരാജ്യത്തിൻെറ സദ്വാർത്തയുടെ സവിശേഷതയാണ് 'ദൈവക്ഷമ'[40]. യേശുക്രിസ്തുവിൻെറ അസ്തിത്വംതന്നെ ദൈവകരുണയുടെ പ്രദർശനമാണ്. പാപപ്പൊറുതിയുടെ വചനമായാണ് അദ്ദേഹം മനുഷ്യനായത്. പാപികളോട് ക്ഷമിക്കുക ദൈവരാജ്യത്തിൻെറ പ്രത്യേകതയാണ്. ദൈവക്ഷമ ഒരു കല്പനയുമുൾക്കൊള്ളുന്നു. "നിങ്ങളുടെ പിതാവിനെപ്പോലെ നിങ്ങളും കരുണയുള്ളവരായിരിപ്പിൻ". "നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് നിങ്ങളുടെ തെററുകൾ ക്ഷമിക്കാൻ സഹോദരൻെറ തെററുകൾ നിങ്ങളും ക്ഷമിക്കുവിൻ".

38. വി. ലൂക്കോസിൻെറ പ്രമേയങ്ങളിലൊന്നാണ് 'പരിപൂർണ്ണ സമർപ്പണം'. വിരുതനായ കാര്യസ്ഥൻെറ ഉപമയ്ക്ക് 13-ാം വാക്യത്തിൽ നൽകുന്ന സാരോപദേശത്തിലും പ്രസ്തുത ആശയമുണ്ട്.

39. ഈ വിഷയം വിസ്തരഭയത്താൽ ചർച്ച ചെയ്യാതെ വിടുകയാണ്.

40. A. M. Hunter, op. cit., p. 70

www.malankaralibrary.com



കാരുണ്യരഹിതനായ ഭൃത്യന്റെ ഉപമ (മത്താ. 18,23-35)

വാക്യം 23. അതിനാൽ സ്വർഗ്ഗരാജ്യം തന്റെ ഭൃത്യന്മാരോടു കണക്കു തീർക്കാനാഗ്രഹിച്ച ഒരു രാജാവിനു തുല്യമാകുന്നു.

24. കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടപ്പെട്ട ഒരുവനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

25. കൊടുത്തു വീട്ടുവാൻ അവനു വകയില്ലാത്തതിനാൽ അവനെയും അവന്റെ ഭാര്യയേയും കുഞ്ഞുങ്ങളെയും അവനുണ്ടായിരുന്ന സകലതും വിററ് കടം വീട്ടാൻ യജമാനൻ ആജ്ഞാപിച്ചു.

26. അതിനാൽ ആ ഭൃത്യൻ അദ്ദേഹത്തിന്റെ പാദത്തിൽ വീണപേക്ഷിച്ചു: 'യജമാനനേ, എനിക്കു് അവധിതരണമേ, ഞാൻ എല്ലാം തന്നുവീട്ടിക്കൊള്ളാം'.

27. ഭൃത്യന്റെ യജമാനൻ അവനിൽ മനസ്സലിഞ്ഞു് അവനെ വിട്ടയയ്ക്കുകയും അവന്റെ കടം ഇളച്ചുകൊടുക്കയും ചെയ്തു.

28. എന്നാൽ ആ ഭൃത്യൻ പോകുമ്പോൾ അവനു് നൂറു ദേനാറ കടപ്പെട്ടിരുന്ന ഒരു സഹഭൃത്യനെ കണ്ടുമുട്ടി. അവന്റെ തൊണ്ടയ്ക്കു് ഞെക്കിക്കൊണ്ടു് 'നീ എനിക്കു തരാനുള്ള കടം വീട്ടുക' എന്നു പറഞ്ഞു.

29. അപ്പോൾ ആ സഹഭൃത്യൻ അവന്റെ പാദങ്ങളിൽ വീണപേക്ഷിച്ചു: 'എനിക്കു് അവധി തരണമേ; ഞാൻ നിനക്കു തന്നുവീട്ടിക്കൊള്ളാം'

30. എങ്കിലും അവനതു നിരസിച്ചിട്ടു് പോയി കടം വീട്ടുവോളം അവനെ ജയിലിലാക്കി.

31. അതു കണ്ടപ്പോൾ അവന്റെ സഹഭൃത്യന്മാർ വളരെ ദുഃഖിച്ചുചെന്നു് നടന്നതെല്ലാം തങ്ങളുടെ യജമാനനെ അറിയിച്ചു.

32. അപ്പോൾ അവന്റെ യജമാനൻ അവനെ വിളിച്ചു് അവനോടു പറഞ്ഞു: ദുഷ്ടഭൃത്യാ, നീ എന്നോടു് അപേക്ഷിച്ചതിനാൽ ഞാൻ നിന്റെ കടമെല്ലാം ക്ഷമിച്ചു.

www.malankaralibrary.com



33. എനിക്ക നിന്നോട്ട കരുണ തോന്നിയതുപോലെ നിനക്ക നിൻെറ സഹഭൃത്യനോട്ടം തോന്നേണ്ടി യിരുന്നില്ലേ?
34. യജമാനൻ കോപിച്ച് അവൻെറ കടമെല്ലാം വീട്ടു വോളം അവനെ പീഡകർക്ക് ഏല്പിച്ചുകൊടുത്തു.

35. "നിങ്ങറം സ്വസഹോദരനോട്ട ഹൃദയപൂർവ്വം ക്ഷമി ക്കാതിരുന്നാൽ എൻെറ സ്വർഗ്ഗസ്ഥപിതാവ് നി ങ്ങളോരോരുത്തരോട്ടം അങ്ങനെതന്നെ ചെയ്യും".

ഒരു സുവിശേഷത്തിൽ മാത്രമേ ഈ ഉപമയുള്ളു. ദൈവ രാജ്യമുപമിച്ചിരിക്കുന്നതു് രാജാവിനോടല്ല, കണക്കുതീർക്ക ലിനോടാണ്[41]. പതിനായിരം താലന്തു് ഒരു വൻതുക യാണ്[42]. അമ്പതു വർഷത്തെ വേലകൊണ്ടുപോലും സമ്പാ ദിക്കാനാവില്ല. ചെറിയ തുകയുടെ നിസ്സാരത കാണിക്കാ നാണ് ഇത്രയും വലിയ തുക കൊടുത്തിരിക്കുക.

ഉപമയിലെ 'ഭൃത്യന്മാർ' വെറും ദാസന്മാരോ അടിമകളോ അല്ല. ഉയന്ന ഉദ്യോഗസ്ഥന്മാരാണ്. ധാരാളം പണം കൈ

---

41. 'രാജാവ് തൻെറ ഭൃത്യന്മാരോട് കണക്കു തീക്കാൻ ഒരുങ്ങിയതു പോലെയായിരിക്കും സ്വർഗ്ഗരാജ്യം' (സ്വർഗ്ഗരാജ്യത്തിൻെറ വരവിൽ) എന്നാ ണ് വാക്യം 23-ൻെറ അത്ഥം. 'രാജാവ്' എന്നു് 23-ാംവാക്യത്തിൽ മാ ത്രമേയുള്ളു. മറ്റെല്ലായിടത്തും (വാക്യം 26.27.31.32 34) 'യജമാനൻ' എന്നാണ്. അതിനാൽ 'രാജാവ്' എന്നതു് യേശു പറഞ്ഞ പദമല്ലെന്നും 35-ാം വാക്യത്തിലെ 'സ്വർഗ്ഗസ്ഥനായ എൻെറ പിതാവ്' എന്നതിനു സമാ നമായി സുവിശേഷകൻ ചേത്തതാണെന്നും കരുതാം. എങ്കിലും കഥ ആക പ്പാടെ നോക്കുമ്പോറം അതിൻെറ ഉള്ളടക്കം രാജപ്രവൃത്തിക്കു യോജിച്ചതാ ണ്. 'രാജാവ്' എന്നതിനു് ഉയന്ന 'ഉദ്യോഗസ്ഥൻ (അധികാരി)' എന്നു് ബൈബിളിലും പൗരസ്ത്യദേശങ്ങളിലും അത്ഥമാകാം. Cf. J. Jeremias, Parables of Jesus, p. 28. no. 17f; p. 210.

42. താലന്തിൻെറ വിലയെക്കുറിച്ച് ഭിന്നാഭിപ്രായമുണ്ട്. ആധു നിക നാണയ ക്രമീകരണമനുസരിച്ച് സൂക്ഷ്മമായി പറയാനാവില്ല. ഒരു താലന്തു് ഏകദേശം പതിനായിരം ദേനാറ. അക്കണക്കിനു് നൂറുമി ല്യൻ ദേനാറയാണ് കടം. അസാദ്ധ്യമായൊരു തുകതന്നെ. വലിയൊരു തുക കടപ്പെട്ടിരിക്കുന്നു എന്നത്ഥം. ഒരു താലന്തു് 9 ഡോളർ (അതായതു് ഏകദേശം എഴുപത്തഞ്ചുരൂപ) എന്നു് ജറുസലേം ബൈബിറം, Cf. NT. p. 45. n. 1.

www.malankaralibrary.com



കാര്യം ചെയ്യാൻ ഏല്പിച്ച ഒരുവൻ. തെററായ കണക്കുവഴിയാവണം അവൻ കടക്കാരനായതു്. വലിയ കടം വീട്ടാനാവാഞ്ഞു് ഭാര്യയേയും കുഞ്ഞുങ്ങളേയും വില്ക്കാൻ ആവശ്യപ്പെടുന്നു (വാക്യം 25). മോഷണക്കുററത്തിനു് നഷ്ടപരിഹാരം ചെയ്യാൻ അപ്രാപ്തനായവനെ (യഹൂദനെ) മാത്രമേ വിൽക്കാൻ (യഹൂദ) നിയമം അനുവദിച്ചുള്ളു. ഭാര്യയെ വില്ക്കുക കർശനമായി വിലക്കിയിരുന്നു[43]. മക്കളെ വില്ക്കുക അററകൈ പ്രയോഗമാണു്. അവരെയെല്ലാവരേയും അവൻെറ സർവ്വസമ്പത്തും വിററാലും കടത്തിൻെറ ഒരംശംപോലും വീട്ടാനാവില്ല. രാജാവിൻെറ കോപാവേശവും കടത്തിൻെറ വലിപ്പവും കാണിക്കുന്നതാണു് രാജാവിൻെറ ആജ്ഞ. ഭൃത്യൻ രാജാവിൻെറ കാരുണ്യമപേക്ഷിക്കുന്നു (വാക്യം 26). പാദത്തിൽ വീണപേക്ഷിക്കുക ഉടനടി രക്ഷപെടാനുള്ള മാർഗ്ഗമാണു്. കടം വീട്ടാമെന്നു് വാഗ്ദാനം ചെയ്യെങ്കിലും മുഴുവൻ ഇളച്ചുകിട്ടുന്നു (വാക്യം 26–27). 100 ദേനാറ കടപ്പെട്ടിരുന്ന സഹഭൃത്യനോടു് അതിക്രൂരമായി പെരുമാറിയ ആ ഭൃത്യൻെറ മനഃസ്ഥിതിയും രാജാവിൻെറ മഹാമനസ്കതയും തമ്മിൽ താരതമ്യം ചെയ്തിരിക്കുന്നു. വലിയ കടക്കാരൻെറ ഒരു കീഴുദ്യോഗസ്ഥനായിരിക്കാം 100 ദേനാറയ്ക്കു കടമുള്ളവൻ. 100 ദേനാറവരെയുള്ള കടത്തിനു് കടക്കാരനെ വില്ക്കാൻ ആവശ്യപ്പെടരുതു്[44]. കാരാഗൃഹത്തിലടയ്ക്കുയോ കടം വീട്ടുന്നതുവരെ വേല ചെയ്തുകൊള്ളാമെന്നു് സമ്മതപത്രം വാങ്ങുകയോ ചെയ്യിരുന്നു. വലിയ കടക്കാരൻ തന്നോടു് കടപ്പെട്ട കീഴുദ്യോഗസ്ഥനോടു് വളരെ ക്രൂരമായി പെരുമാറി. ഇതറിഞ്ഞു് രാജാവും അതേവിധം പെരുമാറി. 'പീഡകർക്കു ഏല്പിച്ചുകൊടുത്ത'തു് യഹൂദനിയമത്തിനെതിരാണു്. പുറജാതികളുടെയിടയ്ക്കു് നടന്ന സംഭവമാണു് വിവരിച്ചിരിക്കുക. 'കടമെല്ലാം വീട്ടുവോളം' (വാക്യം 34) എന്നതു് 'ജീവിതാവസാനംവരെ' എന്നാണു് മനസ്സിലാക്കേണ്ടതു്[45]. സഹോദരൻെറ തെററു് ക്ഷമിക്കാത്തവനു് കിട്ടുന്ന ഭീകരമായ ശിക്ഷ ചിത്രീകരിച്ചിരിക്കുന്നതു് ക്ഷമിക്കാൻ പ്രേരിപ്പിക്കുക എന്ന ഉദ്ദേശ്യ

43. ഭാര്യയേയും മക്കളേയും അവനെയും വിററു് കടം വീട്ടാനാജ്ഞാപിക്കുന്ന രാജാവു് പുറജാതിക്കാരനായിരിക്കും.

44. Cf. J. Jeremias, Parables of Jesus, p. 212.

45. തുകയനുസരിച്ചു് ശിക്ഷ കൊടുക്കാനാവില്ല. ഏതു ശിക്ഷ നൽകിയാലും കടം വീട്ടുകയുമില്ല.

www.malankaralibrary.com



ത്തോടെയാണ്. ഉപമയുടെ പ്രസ്തുത ലക്ഷ്യവും അർത്ഥവും വാക്യം 35-ൽ നല്കിയിരിക്കുന്നു. 'ഹൃദയപൂർവ്വം ക്ഷമിക്കുക' എന്ന് യേശു എടുത്തു പറഞ്ഞിരിക്കുന്നു. വാക്കാൽ മാത്രമല്ല, ഹൃദയം കൊണ്ടു ക്ഷമിക്കണം. യഥാർത്ഥമായി ക്ഷമിക്കണം. എങ്കിലേ സ്വർഗ്ഗസ്ഥപിതാവ് നമ്മോടു ക്ഷമിക്കൂ. 'എൻെറ സ്വർഗ്ഗസ്ഥ പിതാവ്' എന്നാണ് യേശുവിൻെറ വാക്കുകൾ. ശിഷ്യന്മാരെപ്പററി അവരോടു സംസാരിക്കുമ്പോഴും പിതാവിൽനിന്ന് എന്തെങ്കിലും ആവശ്യപ്പെടുന്നതിനെപ്പററി പറയുമ്പോഴും 'നിങ്ങളുടെ പിതാവ്' എന്നാണ് യേശു പറയുക. അതുപോലൊരു സന്ദർഭം മത്താ. 18,23–35ലുണ്ട്. എന്നിട്ടും 'എൻെറ പിതാവ്' എന്നാണ്. സഹോദരസ്നേഹമെന്ന ദിവ്യബന്ധമില്ലാതാകുന്നതോടെ മനുഷ്യന് സ്വർഗ്ഗസ്ഥപിതാവുമായുള്ള പിതൃപുത്രബന്ധവും ഇല്ലാതാകുന്നു. ആ സ്ഥിതിയിൽ 'ഞങ്ങളുടെ പിതാവ്' എന്ന് ദൈവത്തെ വിളിക്കാൻ മനുഷ്യനസാദ്ധ്യമാകുന്നു. അതിനാൽ യേശു 'എൻെറ പിതാവ്' എന്നുതന്നെ ഉപയോഗിക്കുന്നു. പരസ്നേഹംവഴി അത് 'നിങ്ങളുടെ പിതാവ്' എന്നാകണം[46].

ക്രൂരനായ ഭൃത്യൻ രാജാവിനു കടപ്പെട്ടിരുന്ന തുകയും അവനു കീഴുദ്യോഗസ്ഥൻ കടപ്പെട്ടിരുന്ന തുകയും തമ്മിലുള്ള വ്യത്യാസമാണ് ഉപമയിൽ ഏററം ശ്രദ്ധേയമായ സംഗതി[47]. കീഴുദ്യോഗസ്ഥൻെറ കടം നിസ്സാരമാണ്. ദൈവക്ഷമയ്ക്ക് പരിധിയില്ല. അതുപോലായിരിക്കണം മനുഷ്യനും ക്ഷമിക്കുക. രാജാവ് തൻെറ കടക്കാരന് നിർണ്ണയാതീതമായ കടം ഇളച്ചുകൊടുത്തു. ഇത്ര വലിയ കാരുണ്യമനുഭവിച്ചവൻ നിസ്സാരമായ കടം ക്ഷമിച്ചില്ല. അതിനാൽ എന്നേയ്ക്കും ശിക്ഷിക്കപ്പെട്ടു. ദൈവം നമ്മോടു ക്ഷമിക്കണമെങ്കിൽ നാം സഹോദരങ്ങളോടും ക്ഷമിക്കണം. പരസ്പരക്ഷമ സ്വർഗ്ഗരാജ്യത്തിൻെറ അംഗങ്ങളുടെ വിശിഷ്ടമായ അടയാളവും സവിശേഷമായ ചുമതലയുമാണ്.

വി. മത്തായി ഉപമയ്ക്ക് സജ്ജീകരിച്ചിരിക്കുന്ന സന്ദർഭം മൗലികമാണെന്നു പറയാം. സഹോദരൻ തെററു ചെയ്താൽ

46. Cf. J. Jeremias, Parables of Jesus, pp. 212-213
47. Cf. J. B. C. II, op. cit., p. 96

www.malankaralibrary.com



എത്ര പ്രാവശ്യം ക്ഷമിക്കണമെന്നു് പത്രോസ് ചോദിച്ചതിനു് മറുപടിയാണു് ഉപമ. സുവിശേഷത്തിൻെറ സഭാത്മകഭാഗത്താണു് ഉപമ ചേർത്തിരിക്കുക. സഭാംഗങ്ങൾ എങ്ങനെ വർത്തിക്കണമെന്ന വ്യവസ്ഥ വ്യക്തമാക്കുകയും സുവിശേഷകൻെറ ലക്ഷ്യമാണു്.

6. സീമാതീത സ്നേഹമുള്ളവർ

ക്ഷമ സ്നേഹത്തിൻെറ പ്രശ്നമാണു്. ദൈവരാജ്യാംഗങ്ങൾക്കാവശ്യമായതു് എല്ലാററിനേയും അതിശയിക്കുന്ന ദൈവസ്നേഹവും പരസ്നേഹവുമാണു് (മക്കോ. 12,28 ഇത്യാദി). ഏററം വലിയ ഈ കല്പന പാലിക്കുന്നവനേ ദൈവാധിപത്യത്തിലാകാനാവൂ. പരിധിയില്ലാത്തതും സർവ്വാശ്ലേഷിയുമായ സ്നേഹം.

നല്ല ശമറായൻെറ ഉപമ (ലൂക്കോ. 10,29–37)

വാക്യം 29. എന്നാൽ അവൻ സ്വയം നീതീകരിക്കാനിച്ഛിച്ചു് യേശുവിനോടു്: 'എൻെറ അയല്ക്കാരൻ ആരാകുന്നു?' എന്നു ചോദിച്ചു.

30. യേശു മറുപടി പറഞ്ഞു: 'ഒരു മനുഷ്യൻ ജറുസലേമിൽനിന്നു ജറിഖോയിലേക്കു പോകയായിരുന്നു. അവൻ കൊള്ളക്കാരുടെ പിടിയിലകപ്പെട്ടു. അവർ അവനെ നഗ്നനാക്കി അടിച്ചു് അർദ്ധപ്രാണനാക്കി വിട്ടുപോയി.

31. ഒരു പുരോഹിതൻ യാദൃച്ഛികമായി അതുവഴി പോകയായിരുന്നു; അവനെ കണ്ടപ്പോൾ മാറി പൊയ്ക്കളഞ്ഞു.

32. അതുപോലെതന്നെ ഒരു ലേവായനും, ആ സ്ഥലത്തു വന്നു് അവനെ കണ്ടപ്പോൾ മറുവശത്തുകൂടി കടന്നുപോയി.

33. എന്നാൽ ഒരു ശമറായൻ യാത്രയ്ക്കിടയിൽ അവൻ കിടന്നിരുന്നിടത്തു വന്നു; അവനെ കണ്ടപ്പോൾ മനസ്സലിഞ്ഞു.

34. അവൻെറ അടുക്കൽ ചെന്നു് എണ്ണയും വീഞ്ഞുമൊഴിച്ചു് മുറിവുകൾ വച്ചുകെട്ടി, തൻെറ മൃഗത്തിന്മേലിരുത്തി സത്രത്തിൽ കൊണ്ടുവന്നു് അവനെ സംരക്ഷിച്ചു.

www.malankaralibrary.com



35. പിറേറന്നാൾ അവൻ രണ്ടു ദേനാറയെടുത്ത് സത്രം സൂക്ഷിപ്പുകാരന് കൊടുത്തുകൊണ്ടു പറഞ്ഞു: 'ഇവന്റെ കാര്യമന്വേഷിക്കണം. നിങ്ങൾക്ക് കൂടുതൽ ചെലവായാൽ ഞാൻ തിരികെ വരുമ്പോൾ തരാം.'

36. "കൊള്ളക്കാരുടെ ഇടയിലകപ്പെട്ട മനുഷ്യന് ഈ മൂവരിൽ ആര് അയല്ക്കാരനായിരുന്നുവെന്നാണ് നീ കരുതുക?"

37. 'അവനിൽ കരുണ തോന്നിയവൻ' എന്ന് അവൻ മറുപടി നല്കി. യേശു അവനോടു പറഞ്ഞു: 'പോയി അങ്ങനെ ചെയ്യുക'.

പഴയനിയമത്തിന്റെ സാരസത്തയായിരുന്നു ദൈവസ്നേഹവും പരസ്നേഹവും. സർവ്വോപരി ദൈവത്തെ സ്നേഹിക്കുക; തന്നെപ്പോലെ അയല്ക്കാരനെ സ്നേഹിക്കുക. നിത്യരക്ഷയ്ക്ക് അതാവശ്യമായിരുന്നു. 'ആരാണ് അയല്ക്കാരൻ?' (വാക്യം 29). ഇതത്രേ നിയമജ്ഞന് അറിയേണ്ടത്. തന്റെ നിത്യരക്ഷയെപ്പററി നിസ്സംശയനായിരിക്കാമോ എന്നറിയാനാണ് ചോദിച്ചത്. യേശുവിന്റെ മുമ്പിൽ നീതിമാനായി നില്ക്കാമെന്നുള്ള ഉറപ്പോടെയാണ് ചോദ്യം. 'അയല്ക്കാരൻ' എന്ന പദത്തിന്റെ നിർവ്വചനമല്ല[48] അയാൾക്കു വേണ്ടത്. സമുദായപരിധികളിൽത്തന്നെ സ്നേഹത്തിന്റെ വ്യാപ്തി എത്രമാത്രമെന്ന് പറയുക. ആരെയൊക്കെ അതിൽപ്പെടുത്തണമെന്ന് കാണിക്കുക. ഇതാണയാളാഗ്രഹിച്ചത്[49].

---

48. 'അയല്ക്കാരൻ' എന്ന വാക്കിന്റെ അർത്ഥം സങ്കീർണ്ണമാണ്. 'സ്വദേശി' എന്നാണ് പൊതുവെ ധരിച്ചിരുന്നത്. പുതുതായി മതം സ്വീകരിക്കുന്നവരേയും അതിൽപ്പെടുത്തിയിരുന്നു. ഫരിസേയദൃഷ്ടിയിൽ അഫരിസേയരെല്ലാം അന്യരാണ്; അയല്ക്കാരോ സ്നേഹവലയത്തിൽപ്പെട്ടവരോ അല്ല. 'അന്ധകാര പുത്രന്മാരെയെല്ലാം വെറുക്കണ'മെന്ന് എസ്സെൻ സന്യാസികൾ നിഷ്ക്കർഷിച്ചിരുന്നു. പാഷണ്ഡരേയും മതത്യാഗികളെയും ഒററുകാരേയും പടുകുഴിയിൽ തള്ളിക്കളയണമെന്നും ഒരിക്കലും പിടിച്ചെഴുന്നേല്പിക്കരുതെന്നും റബ്ബിനിക് ശാസനവുമുണ്ട്. "'നിന്റെ സ്വദേശിയെ സ്നേഹിക്കണം; എന്നാൽ ശത്രുവിനെ വളരെക്കുറച്ചുമാത്രം സ്നേഹിക്കുക' എന്ന് ദൈവം പറഞ്ഞതായി നിങ്ങൾ കേട്ടിട്ടുണ്ട്" എന്ന ചൊല്ല് സാധാരണക്കാർക്കുപോലും മനഃപ്പാഠമായിരുന്നു. Cf. J. Jeremias, Parables of Jesus, op. cit., pp. 202–203.

49. Cf. J. Jeremias, ibidem, p. 203.

www.malankaralibrary.com



യേശു മറുപടിയായി നല്കുന്ന കഥ തികച്ചും സംഭവ്യമാണ്. ജറുസലേമിൽനിന്ന് ജറിഖോയിലേയ്ക്കുള്ള വഴി വിജനമായ താഴ്‌വരപ്രദേശത്തു[50]കൂടിയാണ്. ഏകദേശം പതിനേഴുമൈൽ ദൂരം. പകൽക്കൊള്ളയ്ക്കു് കുപ്രസിദ്ധമായ സ്ഥലം[51].

മുറിവേററു് അർദ്ധപ്രാണനായി കിടക്കുന്നവനെ കണ്ടപ്പോഴാം പുരോഹിതൻ മാറിപ്പൊയ്ക്കളഞ്ഞു (വാക്യം 31). യഹൂദമതനേതാക്കന്മാരുടെ പ്രതിനിധിയാണ് പുരോഹിതൻ. നൈയ്യാമിക പരിശുദ്ധി നഷ്ടപ്പെടാതിരിക്കാനാണ് അയാൾ മാറിപ്പോയതു്. പുരോഹിതൻ വഴിയിൽ മരിച്ചവരുടെ ശരീരം സ്പർശിക്കരുതെന്നു് സദുക്കായ നിയമം കർശനമായി അനുശാസിച്ചിരുന്നു. തൊട്ടാൽ അശുദ്ധനാകും[52]. അബോധാവസ്ഥയിൽക്കിടന്നവനെ മരിച്ചവനെന്നു കരുതിയിരിക്കും. അതുപോലെതന്നെ ലേവായനും (വാക്യം32). ലേവായൻ ആചാര്യപരിശുദ്ധി നഷ്ടപ്പെടാതിരിക്കാൻ മൃതശരീരം തൊടരുതെന്നു് ദൈവകല്പനയുണ്ടായിരുന്നു[53]. യേശു അടുത്തവതരി

---

50. സമുദ്രനിരപ്പിൽനിന്നു് ഉദ്ദേശം 2500 അടി ഉയരത്തിലാണ് ജറുസലേം. ജെറിഖോ ഏതാണ്ട് 300 അടി താഴ്ചയിലും. Cf. J. B.C. II. op. cit., p. 144.

51. ഇത്തരം ഭയാനകവും നാടകീയവുമായ സംഭവത്തെപ്പററി കെ. ഡാനൻ ബ്യവ്വർ രേഖപ്പെടുത്തിയിട്ടുണ്ട്. Reproduced by J. Jeremias, parables of Jesus, op. cit., p. 203.

52. Cf. ibidem.

53. ലേവ്യ. 21,1–4. ആചാര്യപരിശുദ്ധി സംരക്ഷിക്കാനാണ് ഒഴിഞ്ഞുമാറിപ്പോയതെന്ന വിശദീകരണം ചില പ്രശ്നങ്ങളുന്നയിക്കുന്നുണ്ട്. ശുശ്രൂഷയുടെ കാലത്തുമാത്രം ആചാര്യപരിശുദ്ധി കാത്താൽ മതിയായിരുന്നു. പരിശുദ്ധിയെ പ്രതിയാണെന്നിരിക്കട്ടെ അയാൾ ദേവാലയ ശുശ്രൂഷയ്ക്കു പോകയായിരുന്നെങ്കിലോ? പക്ഷേ അങ്ങനെ ദേവാലയ ശുശ്രൂഷയ്ക്കു പോകുന്ന പുരോഹിതന്മാരും ലേവായരും വിശ്വാസിയുമൊക്കെ ആചാര്യപരിശുദ്ധിക്കടവുതട്ടാതിരിക്കാൻ രഹസ്യമായോ കൂട്ടമായോ ആണ് പോയിരുന്നതു്. എങ്കിൽ അവർ ഒററതിരിഞ്ഞതെന്തു്? ഇങ്ങനെ നിരവധി പ്രശ്നങ്ങൾ. മരിച്ചവൻെറ കാര്യം ശ്രദ്ധിക്കാൻ ചുമതലപ്പെട്ടവർ നോക്കട്ടെ എന്ന ചിന്തയും ഒഴിഞ്ഞുമാറാൻ അവരെ പ്രേരിപ്പിച്ചു. Cf. J. Jeremias, parables of Jesus, op. cit., pp. 203–204.

www.malankaralibrary.com



പ്പിച്ചതു് ഒരു ശമറായനെയാണു് (വാക്യം. 33)[54]. യഹൂദരും ശമറായരും തമ്മിൽ വലിയ ശത്രുക്കളായിരുന്നു[55]. ദൈവത്തിന്റെ ജനമാണു് തങ്ങളെന്നും ശമറായർ പുറജാതികളും ദൈവത്തിന്റെ ശത്രുക്കളുമാണെന്നും കരുതിയിരുന്നു. അർദ്ധപ്രാണനായിക്കിടന്ന ആ യഹൂദനെ പരിഗണിക്കാതെ കടന്നുപോകാൻ അയാൾക്കു് മററിരുവരേയുംകാൾ ന്യായീകരണമുണ്ടായിരുന്നു[56]. യഥാർത്ഥസ്നേഹം പരിധിയറിയുന്നില്ല എന്നും ശത്രുസ്നേഹം വഴിയേ സത്യസ്നേഹമറിയാനാവൂ എന്നും പഠിപ്പിക്കുവാൻ യേശു മനപ്പൂർവ്വമാണു് ശമറായനെ ഉപമയിൽ കൊണ്ടുവന്നതു്. അയാൾ "എണ്ണയും വീഞ്ഞുമൊഴിച്ചു് മുറിവു് വച്ചുകെട്ടി". മുറിവിലും വ്രണത്തിലും എണ്ണപുരട്ടുക ഇസ്രായേലിൽ പതിവായിരുന്നു (ഏശ. 1,6) വീഞ്ഞു് വ്രണത്തിൽ രോഗാണുക്കൾ പ്രവേശിക്കാതെയും വ്രണം വലുതാകാതെയും സൂക്ഷിക്കുന്നു. അവന്റെ ശിരോവസ്ത്രമോ ഉൾവസ്ത്രമോയായുപയോഗിച്ചിരുന്ന പട്ടോ കീറിയെടുത്തതായിരിക്കണം മുറിവു

54. പുരോഹിതനേയും ലേവായനേയും കുറിച്ചു് പറഞ്ഞശേഷം തങ്ങളെപ്പററിയാവുമെന്നു് (യഹൂദ) ശ്രോതാക്കൾ സ്വാഭാവികമായും ചിന്തിച്ചുകാണും

"Since the Samaritan is hardly likely to have been on his way to the Essence Settlement at Qumran near the Dead Sea, the goal of the journey may be assumed to be East Jordan". J. Jeremias Parables of Jesus, op. cit., p. 205

55. പ്രത്യേകിച്ചു് എ. ഡി. 6 മുതൽ. കാരണം ശമറായർ ശവങ്ങൾ ദേവാലയ മുററത്തു് എറിഞ്ഞതാവാം. Cf. Josephus Flavius, Anti, 18-30

56. Richard Gutzwiller അഞ്ചു കാരണങ്ങൾ എടുത്തു കാണിക്കുന്നു. 1) കള്ളന്മാരുടെ പിടിയിലകപ്പെട്ടവൻ അപരിചിതനും പരദേശിയുമാണു്. ശത്രുവാണു്. ശത്രുവിനെ സഹായിക്കുക രാജവഞ്ചനയും. (2) രണ്ടുപേരും വ്യത്യസ്തമതക്കാരാണു്. യഹൂദൻ ജറുസലേമിൽ പ്രാർത്ഥിക്കുന്നു. ശമറായൻ ഗെർസിമിലും. (3) തൊഴിൽപരമായും അകന്നവരാണു് ശമറായൻ കച്ചവടക്കാരൻ (Cf. J. Jeremias, Parables of Jesus, pp. 204-205). (4) വ്യാപാരിയെന്ന നിലയിൽ അയാൾതന്റെ വരുമാനവും പ്രയോജനവും കരുതേണ്ടതാണു്. സഹാനുഭൂതികാട്ടിപ്പോയാൽ നഷ്ടമേ ഉണ്ടാകൂ. (5) സർവ്വോപരി അയാളെ ഉപചരിക്കുക അപകടം വലിച്ചുവയ്ക്കുകയാവും. കള്ളന്മാർ സമീപത്തെങ്ങാനുമുണ്ടാകാൻ സാദ്ധ്യതയുണ്ടു്.

www.malankaralibrary.com



വച്ചുകെട്ടിയതു്[57]. സത്രക്കാരനു് രണ്ടു ദേനാറ കൊടുത്തു (വാക്യം. 35). ഒരു ദിവസത്തെ ചെലവിനു് ഒരു ദേനാറയുടെ ഇരുപതിലൊന്നു മതിയാവും[58].

നിയമജ്ഞന്റെ ചോദ്യത്തിനുത്തരം ചോദ്യകർത്താവിനെ ക്കൊണ്ടുതന്നെ പറയിക്കുന്ന ഒരു മറുചോദ്യമാണു് യേശുവിന്റെ മറുപടി (വാക്യം 36–37). സാരാംശത്തിൽ ഒന്നെങ്കിലും ചോദ്യങ്ങൾ തമ്മിൽ അല്പം വ്യത്യാസമുണ്ടു്. ആരെയാണു് സ്നേഹിക്കേണ്ടതു് അഥവാ ആരാണു് സ്നേഹത്തിനു വിഷയമാകേണ്ടതു് എന്നത്രേ നിയമജ്ഞന്റെ ചോദ്യത്തിനർത്ഥം. യേശുവിന്റെ ചോദ്യമാകട്ടെ ആരാണു് യഥാർത്ഥത്തിൽ സ്നേഹിക്കുന്നവൻ എന്നാണർത്ഥമാക്കുക. സ്നേഹിക്കാനുള്ള ചുമതലയുടെ വ്യക്തമാക്കലാണു്. നമ്മുടെ സഹായമാവശ്യമുള്ളവരെല്ലാം നമ്മുടെ അയല്ക്കാരാണു് (ലൂക്കോ. 19,30–37) എന്നു് ഇരുചോദ്യങ്ങളും വ്യക്തമാക്കുന്നു. മററുള്ളവൎക്കു്, ശത്രുവായാലും മിത്രമായാലും, സഹായം നല്കുന്നവനാണു് യഥാർത്ഥ അയല്ക്കാരൻ. കൊള്ളക്കാരുടെ കവച്ച്സ്സു വിധേയനായവനിൽ കരുണ കാണിച്ചവനാണു് അവന്റെ അയല്ക്കാരൻ[59].

നിയമപാലനത്തിന്റെ പേരിൽ ഒഴിഞ്ഞുമാറിയ ദൈവജനം ദൈവരാജ്യത്തിന്നർഹരല്ല. സ്വൎഗ്ഗരാജ്യത്തിന്റെ അംഗങ്ങൾ ശത്രുക്കളേയും സ്നേഹിക്കണം. തങ്ങളെ ഉപദ്രവിക്കുന്നവൎക്കുവേണ്ടി പ്രാർത്ഥിക്കണം. എങ്കിലേ സ്വൎഗ്ഗസ്ഥപിതാവിന്റെ മക്കളാകൂ. അദ്ദേഹം ശിഷ്ടരുടേയും ദുഷ്ടരുടേയുംമേൽ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടേയും നീതികെട്ടവരുടേയും മേൽ മഴപെയ്യിക്കയും ചെയ്യുന്നു. പിതാവിനെപ്പോലെ മക്കളും പരിധിയില്ലാതെ സ്നേഹിക്കണം; സത്ഗുണസമ്പൂൎണ്ണരാകണം (മത്താ. 5,43–48).

ഉപമയുടെ സന്ദർഭം നിയമജ്ഞന്റെ ചോദ്യമാണു്. യഥാർത്ഥശിഷ്യൻ എങ്ങനെ പെരുമാറണമെന്നു് വിശദീകരിക്കുന്നതാണു് യേശുവിന്റെ മറുപടി.

---

57. E. F. F. Bishop, Jesus of Palestine, 1965, p. 172 cf. J. Jeremias, Parables of Jesus, p. 204

58. Cf. J. Jeremias, Parables of Jesus, p. 205

59. 'ആ ശമറായൻ' എന്നു് നിയമജ്ഞൻ പറയുന്നില്ല എന്നതു് പ്രത്യേകം ശ്രദ്ധിക്കുക.

www.malankaralibrary.com



7. സജീവവിശ്വാസമുള്ളവർ

ശക്തിയുററ വിശ്വാസത്തെക്കുറിച്ച് യേശു കൂടെക്കൂടെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. 'വിശ്വസിക്കുന്നുവോ?' എന്ന ചോദ്യം അത്ഭുതം പ്രവർത്തിക്കുന്നതിനു മുമ്പ് പലതവണ കോക്കുന്നല്ലോ? അദ്ദേഹം ശിഷ്യന്മാരുടെ വിശ്വാസക്കുറവിനെക്കുറിച്ച് അനേകതവണ ശകാരിക്കുന്നു. 'ഉറച്ച വിശ്വാസമുള്ളവരായിരിക്കുക'—ഇതാണ് യേശു ആവശ്യപ്പെടുക. ക്രിസ്തു പിതാവിലപ്പിച്ച ജീവസ്സുററ വിശ്വാസം പ്രാർത്ഥനയിൽ പ്രകടിപ്പിച്ചിട്ടുണ്ട്. "നീ എന്നെ എപ്പോഴും ശ്രവിക്കുന്നുവെന്ന് എനിക്കറിയാം" (യോഹ. 11,42). അചഞ്ചലവിശ്വാസത്തോടെ ദൈവത്തോടപേക്ഷിക്കണമെന്നു പഠിപ്പിക്കുന്ന പല ഉപമകളും യേശു പറഞ്ഞിട്ടുണ്ട്.

(i) അർദ്ധരാത്രിയിൽ അപ്പം യാചിക്കുന്ന സ്നേഹിതൻ ലൂക്കാ. (11,5-8)

വാക്യം 5. അവൻ വീണ്ടും അവരോടു പറഞ്ഞു: 'നിങ്ങളിൽ ആക്കെങ്കിലും ഒരു സ്നേഹിതനുണ്ടെന്നിരിക്കട്ടെ. അവൻ അർദ്ധരാത്രിയിൽ വന്നു പറയുകയാണ്: സ്നേഹിതാ, എനിക്കു മൂന്ന് അപ്പം വായ്പ തരണം.

6. കാരണം എന്റെ ഒരു സ്നേഹിതൻ യാത്രയ്ക്കിടയിൽ എന്റെ പക്കലെത്തിയിരിക്കുന്നു. അവനു വിളമ്പുവാൻ ഒന്നുമില്ല.'

7. അയാാം അകത്തുനിന്നു മറുപടി പറയും: 'എന്നെ ശല്യപ്പെടുത്തരുത്; കതകു അടച്ചിരിക്കുന്നു; കുട്ടികളും എന്റെ കൂടെ കിടക്കുന്നു; എഴുന്നേററ് നിനക്കു എന്തെങ്കിലും തരാൻ എനിക്കു കഴിയുകയില്ല.

8. ഞാൻ നിങ്ങളോടു പറയുന്നു: സ്നേഹിതനായതുകൊണ്ട് അയാാം എഴുന്നേററ് അവനു എന്തെങ്കിലും കൊടുക്കുകയില്ലെങ്കിലും അവന്റെ ശല്യപ്പെടുത്തൽ നിമിത്തം എഴുന്നേററ് വേണ്ടതെല്ലാം നല്കും.'

അന്നന്നയപ്പത്തിനുവേണ്ടി അചഞ്ചലമായ വിശ്വാസത്തോടെ അർത്ഥിച്ചാൽ മറുപടി ലഭിക്കുമെന്ന് ഉപമ പഠിപ്പിക്കുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയിലെ യാചന അനുസ്മരിക്കുക. സഹായാർത്ഥിയുടെ നിർ

www.malankaralibrary.com



ബന്ധത്തിനല്ല, അത്ഥന സാധിച്ചകിട്ടുമെന്നുള്ള ഉറപ്പിനാണ് പ്രാധാന്യം. അതാണ് ഉപമയുടെ പാഠം. അപേക്ഷ നിരസിക്കാത്ത വീട്ടുടമസ്ഥനിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുക[60].

വി. ലൂക്കോസ് മാത്രമേ ഈ ഉപമ രേഖപ്പെടുത്തിയിട്ടുള്ളു.

യാത്രയ്ക്കിടയിലാണ് സ്നേഹിതൻെറ പക്കലെത്തിയതു് (വാക്യം 6). പൗരസ്ത്യദേശങ്ങളിൽ അപൂർവ്വമായെങ്കിലും സായാഹ്നത്തിൽ സവാരിക്കിറങ്ങുമായിരുന്നു. അവക്ക് ദൂരവും ക്ഷീണവും നിമിത്തം അപ്രതീക്ഷിതമായി ചിലരുടെ അതിഥികളായി ചെന്നു കയറേണ്ടിവരും. പരിചയക്കാരുടേയോ സ്നേഹിതന്മാരുടേയോ ഭവനങ്ങളായിരിക്കും അന്വേഷിക്കുക. അങ്ങനെ വന്നുപെട്ട ഒരാളാവാം രാത്രിയിൽ യാത്രയ്ക്കിടയിൽ വന്ന സ്നേഹിതൻ. ആഗതരെ സത്ക്കരിച്ചു സന്തോഷിപ്പിക്കുക ആതിഥേയൻെറ ഒഴിച്ചുകൂടാത്ത കടമയാണ്. അസമയത്തു് എത്തിയ സ്നേഹിതനു നല്കാൻ ആഹാരസാധനങ്ങളൊന്നുമില്ലായിരുന്നു. സൂര്യാസ്തമനത്തിനു മുമ്പുതന്നെ വീട്ടമ്മ അപ്പം ചുടുന്നു. അധികം ഇരുട്ടുന്നതിനുമുമ്പേ ഭക്ഷണം കഴിഞ്ഞു് ഉറങ്ങുകയും ചെയ്യുന്നു. ആ ഗ്രാമപ്രദേശത്തു് ഭക്ഷണശാലയൊന്നുമില്ലാത്തതിനാലാവാം സ്നേഹിതനെ ആശ്രയിച്ചതു്[61]. 'മൂന്നു് അപ്പം' അവൻ ചോദിക്കുന്നു. അതു് ഒരാളുടെ ആഹാരത്തിൻെറ സാധാരണ അളവായി കരുതുന്നു[62].

വാക്യം 7-ൽ പലസ്തീനായിലെ സാധാരണ കർഷക കുടുംബങ്ങളുടെ വീടിൻെറ ഒരേകദേശരൂപം ദൃശ്യമാണ്. ഒററ മുറിയുള്ള കൊച്ചുവീട്. കിടക്കാൻ പ്രത്യേകം ഉയർത്തിക്കെട്ടിയ ഒരു സ്ഥാനമുണ്ടായിരിക്കും. വീട്ടംഗങ്ങൾ നേരത്തെ ഉറങ്ങാൻ പോവുകയാണ് പതിവ്. അവരെല്ലാവരും ഒരുമിച്ച് ഒരു പായിൽ കിടക്കുന്നു. മങ്ങിക്കത്തുന്ന ഒരു മണ്ണെണ്ണവിളക്കും

60. 'നിങ്ങളുടെ ആരുടെയെങ്കിലും ഒരു സ്നേഹിതൻ ഇതുപോലൊരു അഭ്യർത്ഥനയുമായി അർദ്ധരാത്രിയിൽ വന്നാൽ നിങ്ങളതു നിരസിക്കുമെന്നു് നിങ്ങൾക്കു സങ്കല്പിക്കാനാവുമോ?' എന്നാണ് ഗ്രീക്കുപ്രയോഗത്തിനർത്ഥം, 'സാദ്ധ്യമല്ല' എന്നു മറുപടിയും. J. Jeremias, Parables of Jesus, p. 158.

61. Cf. ibidem p. 157

62. ibidem

www.malankaralibrary.com



മുറിയിൽ വച്ചിരിക്കും. കതകു് അടച്ചു് തടിയോ ഇരുമ്പോ കൊണ്ടുള്ള സാക്ഷാ ഇട്ടിരിക്കും. അതു് വലിച്ചുമാററുക ശ്രമകരമാണു്. ശബ്ദമുണ്ടാകും. ഉറങ്ങുന്നവക്കും ശല്യം. അപ്പൻ എഴുന്നേല്ക്കുമ്പോൾ കൂടെക്കിടക്കുന്ന കുഞ്ഞുങ്ങളും ഉണന്നെന്നിരിക്കും. അങ്ങനെ പല പ്രയാസങ്ങൾ. അതിനാൽ എഴുന്നേററു തരാൻ കഴിയുകയില്ല (വാക്യം 7) എന്നു് മറുപടി പറഞ്ഞതിൽ അതിശയിക്കാനില്ല. എങ്കിലും അത്ഥിയുടെ 'ശല്യപ്പെടുത്തൽ നിമിത്തം എഴുന്നേററു കൊടുക്കും'. വീട്ടുകാരൻെറ പ്രയാസം പറച്ചിലൊന്നും ആവശ്യക്കാരൻ വകവയ്ക്കുന്നില്ല. അഭ്യത്ഥന കേൾക്കുമെന്ന പ്രതീക്ഷയോടെ വീണ്ടുംവീണ്ടും ചോദിക്കുന്നു. അപ്പോൾ സ്നേഹിതൻെറ നിർബന്ധംമൂലമോ സ്വന്തം അഭിമാനക്ഷതത്തെപ്രതിയോ അയാൾ എഴുന്നേററു് ആവശ്യമുള്ളതു കൊടുക്കും, തീർച്ച. ആവത്തിച്ചാവശ്യപ്പെടുക; വിശ്വാസത്തോടെ നിരന്തരം പ്രാർത്ഥിക്കുക; നിരസിക്കപ്പെടുകയില്ല എന്ന ആശയമാണു് പ്രധാനം. ആദ്യം ഉദാസീനത കാണിക്കുമെങ്കിലും ആവശ്യക്കാരൻെറ നിർബ്ബന്ധം കാരണം എഴുന്നേററു് ആവശ്യം സാധിച്ചുകൊടുത്ത ആളിനെയാണു് മുന്നിൽക്കാണേണ്ടതു്. അങ്ങനെ ഉപമയെക്കുറിച്ചു് ചിന്തിച്ചാലേ ഉപമയ്ക്കു് സുവിശേഷത്തിൽ നല്കിയിരിക്കുന്ന സന്ദർഭത്തിൽ പ്രസക്തിയുള്ളു[63].

നാം ചോദിക്കുന്ന നല്ല ദാനങ്ങൾ നല്കാൻ ദൈവം സദാ സന്നദ്ധനാണു്. ഉറച്ച വിശ്വാസത്തോടെ ആവശ്യപ്പെടുക. ഫലം ലഭിക്കും.

63. Cf. J. Jeremias, parables of Jesus, p. 158.

www.malankaralibrary.com



ii) മകന്റെ അഭ്യർത്ഥന സ്വീകരിക്കുന്ന പിതാവ് (മത്താ. 7,9–11; ലൂക്കാ. 11,11–13)

**മത്താ. 7,9–11**

9. മകൻ അപ്പം ചോദിച്ചാൽ കല്ല് കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുണ്ട്?

10. മത്സ്യം ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ?

11. നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ നൽകാൻ ദോഷികളായ നിങ്ങൾക്കറിയാമെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് നന്മകൾ എത്രയധികം നൽകും?

**ലൂക്കാ. 11,11–13**

11. മകൻ മത്സ്യം ചോദിച്ചാൽ പാമ്പിനെ കൊടുക്കുന്ന അപ്പൻ നിങ്ങളിൽ ആരുണ്ട്?

12. മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?

13. നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ നല്കാൻ ദോഷികളായ നിങ്ങൾക്കറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം നല്കും!

www.malankaralibrary.com



പ്രാത്ഥനയെ സ്പർശിക്കുന്നതാണ് ഉപമ. ഇരുസുവിശേഷകന്മാരും ഒരേ ഉറവിടത്തിൽ (Q) നിന്നാണിതു സ്വീകരിച്ചിരിക്കുക. സ്നേഹിതന്മാർ തമ്മിലുള്ള ബന്ധമല്ല, പിതൃപുത്രബന്ധമാണ് ഉപമയുടെ കഥാതന്തു. ലൂക്കോ. 11,12-ാം വാക്യവും മത്താ. 7,9-ാം വാക്യവും തമ്മിലുള്ളതാണ് പ്രധാന വ്യത്യാസം. പലസ്തീനായിലെ തേളിനു് നല്ല കറുപ്പാണ്. അതു് മുട്ടയ്ക്കു പകരം കൊടുക്കാൻ ഒരിക്കലും സാദ്ധ്യതയില്ല. തമ്മിൽ തിരിച്ചറിയാമല്ലോ. യേശു ഉപമയിൽ അവതരിപ്പിക്കുന്ന ചോദ്യങ്ങൾക്കെല്ലാം 'തീർച്ചയായും ഇല്ല' എന്ന ഉത്തരം സ്വാഭാവികമായി ലഭിക്കും.

'സ്വർഗ്ഗസ്ഥപിതാവ് .... പരിശുദ്ധാത്മാവിനെ എത്രയധികം നൽകും!' (ലൂക്കോ. 11,13). 'നന്മകൾ' എന്നു് മത്താ. 7,11ൽ. മൂലവിവർത്തനങ്ങളിലെ വ്യത്യാസമാണിവിടെ. ചില കൈയെഴുത്തു പ്രതികളിൽ 'നല്ല ആത്മാവിനെ' എന്നും മറ്റു ചിലതിൽ 'നന്മകൾ, (നല്ലകാര്യങ്ങൾ)' എന്നുമാണ്. 'നന്മകൾ' എന്നതാണ് മൂലത്തോട് കൂടുതൽ അടുത്തതെന്നു തോന്നുന്നു. 'പരിശുദ്ധാത്മാവ്'' എന്നാക്കിയതു് വി. ലൂക്കോസാകണം. അതദ്ദേഹത്തിന്റെ വീക്ഷണത്തിന്നനുരൂപമാണുതാനും.

ചോദിക്കുന്നതെല്ലാം ദൈവം തരും എന്നല്ല ഉപമയുടെ പാഠം. ദോഷികളായ മനുഷ്യർ മക്കൾക്കു് ചോദിക്കുന്നതെല്ലാം കൊടുക്കുന്നുവെന്നല്ല, 'നല്ല ദാനങ്ങൾ' നൽകുന്നു (നല്കാൻ അറിയാമെങ്കിൽ) എന്നാണ് യേശു പറയുക. നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ പക്കൽ നാം വിശ്വാസത്തോടും ശരണത്തോടും നമുക്കു വേണ്ടതപേക്ഷിച്ചാൽ നമുക്കു് നന്മയായതു് അവിടുന്നു് നൽകും. സ്നേഹിതൻ ശല്യമൊഴിയാൻ അർദ്ധമനസ്സോടെ കൊടുത്തതുപോലെയല്ല ഈശ്വരൻ നൽകുക. സന്തോഷത്തോടെയും സമ്മനസ്സോടെയും ഉദാരമായുമാണ്.

iii) ന്യായാധിപനെ അലട്ടിയ വിധവ

(ലൂക്കോ. 18,1-8)

വാക്യം 1. നിരാശരാകാതെ എപ്പോഴും പ്രാത്ഥിക്കേണ്ടതിനു് അവൻ അവരോടു് ഒരുപമ പറഞ്ഞു.

2. അവൻ പറഞ്ഞു: 'ഒരു നഗരത്തിൽ ദൈവത്തെ ഭയ

www.malankaralibrary.com



പ്പെടാത്തവനും മനുഷ്യരെ പരിഗണിക്കാത്തവനു മായ ഒരു ന്യായാധിപൻ ഉണ്ടായിരുന്നു.

3. ആ നഗരത്തിൽത്തന്നെ ഒരു വിധവയുമുണ്ടായിരുന്നു. അവൾ അവനെ സമീപിച്ച് 'എൻെറ ശത്രുവിൻെറ മുമ്പിൽ എനിക്കുവേണ്ടി ന്യായവാദം നടത്തണ' മെന്നു പറഞ്ഞുകൊണ്ടിരുന്നു.

4. അയാൾ കുറച്ചുനാളത്തേയ്ക്കു നിരസിച്ചു; പക്ഷേ, പിന്നീട് തന്നോടുതന്നെ പറഞ്ഞു: 'ഞാൻ ദൈവത്തെ ഭയക്കുകയോ, മനുഷ്യനെ പരിഗണിക്കുകയോ ചെയ്യുന്നില്ല.

5. എന്നാലും ഈ വിധവ നിരന്തരം വന്ന് എന്നെ ശല്യപ്പെടുത്തുന്നതിനാൽ, ഞാൻ അവൾക്കുവേണ്ടി ന്യായവാദം നടത്തും. അല്ലെങ്കിൽ അവൾ നിരന്തരം വന്ന് എന്നെ വല്ലാതെ കഷ്ടപ്പെടുത്തും'.

6. കർത്താവ് പറഞ്ഞു: നീതിയില്ലാത്ത ഈ ന്യായാധിപൻ പറയുന്നതു കേൾക്കുക.

7. ദൈവം രാവും പകലും തന്നോടു നിലവിളിക്കുന്ന തൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ന്യായസമർത്ഥനം നടത്തുകില്ലേ? അവരുടെ കാര്യത്തിൽ അവിടുന്നു ദീർഘനാൾ ക്ഷമിച്ചിരിക്കുമോ?

8. ഞാൻ നിങ്ങളോടു പറയുന്നു: അവൻ അവരെ വേഗം ന്യായീകരിക്കും. എന്നാലും മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?

'നിരാശരാകാതെ എപ്പോഴും പ്രാർത്ഥിക്കുക'യെന്നതു് വി. ലൂക്കോസിൻെറ സവിശേഷമായൊരാശയമാണ്[64]. അതു ചേർത്തു് ഉപമ വ്യാഖ്യാനിച്ചിരിക്കുന്നു.

ഉപമയുടെ ചരിത്രപശ്ചാത്തലം അറിഞ്ഞിരുന്നാൽ ഉപമ കൂടുതൽ വ്യക്തമാവും. പലസ്തീന റോമാചക്രവർത്തിയുടെ ആധിപത്യത്തിലായിരുന്നു. ഭരണസൗകര്യത്തിന് പലസ്തീ

64. റോമ. 1,10;12,12; എഫേ. 6, 18; കൊലൊ. 1,3; തിമൊ. 5,17; 2 തിമൊ. 1, 11; 2 കൊറി. 4,1–16; ഗലാ. 6,9; എഫേ.3,13; 2 തിമൊ. 3,13.

www.malankaralibrary.com



നായെ പല നഗരരാഷ്ട്രങ്ങളായി (ഇന്നത്തെ ഡിസ്ട്രിക്റ്റ് പോലെ) വിഭജിച്ചു. ന്യായാധിപതികളെ അധിപന്മാരായി നിയമിച്ചു. അവരാകട്ടെ, അഴിമതിക്കും കൈക്കൂലിക്കും പേരു കേട്ടവരും. നീതിന്യായകാര്യത്തിൽ ഒരു തത്വദീക്ഷയുമില്ലാത്ത ഒരു ന്യായാധിപനെയാണ് വിധവ സമീപിച്ചത്. അവരം നിർദ്ധനയാണ്[65]. കൈക്കൂലികൊടുത്ത് അയാളെ വശത്താക്കാൻ നിവൃത്തിയില്ല. അവളുടെ പ്രതിയോഗികൾ കഴിഞ്ഞേക്കും (വാക്യം. 3). മാത്രമല്ല, സമ്പത്തും സ്വാധീനവുമുള്ളവരെ അവഗണിക്കുവാൻ ന്യായാധിപന്മാരെപ്പോലുള്ള ഉദ്യോഗസ്ഥന്മാർക്കിഷ്ടമില്ലായിരുന്നു[66].

പരാതി ന്യായാധിപസംഘത്തിന് ഏല്പിക്കയാണ് പതിവ്. ഉപമയിലെ സ്ത്രീ ഒരാളെ (ന്യായാധിപനെ) മാത്രം സമീപിക്കുന്നു. പണസംബന്ധമായ കേസ് ഒരു ന്യായാധിപന്റെ പക്കൽ സമർപ്പിച്ചാൽ മതിയായിരുന്നു[67].

വിധവ ന്യായാധിപനെ നിരന്തരം ശല്യപ്പെടുത്തി. (വാക്യം.5). ഇത് കൂടുതൽ മനസ്സിലാക്കാൻ എച്ച്. ബി. ട്രിസ്ട്രാം നിസ്ബിസിലെ (മെസപ്പൊട്ടേമിയായിലെ) നീതിന്യായക്കോടതികളെപ്പററി നല്കുന്ന വിവരണം സഹായിക്കും. കോടതിയുടെ മുൻവശം നിറയെ ആളുണ്ടാവും. പുറംവാതിലിലൂടെ ന്യായാധിപനേയോ സെക്രട്ടറിമാരെയോ സമീപിക്കുന്നവരുടെ കേസ് പെട്ടെന്ന് തീർത്തുവിടും. നിർദ്ധനരായ സ്ത്രീകൾക്കു മററും അതിനൊന്നും കഴിവില്ല. അതിനാലവർ കോടതിനടത്തിപ്പ് തടസ്സപ്പെടുത്തുമാറ് ഉച്ചത്തിൽ അലച്ചുവിളിക്കും. ഉദ്യോഗസ്ഥന്മാരാരെങ്കിലും അവരെ ശകാരിച്ചാൽ മുമ്പിലത്തേതിലധികം ഉച്ചത്തിൽ നിലവിളിക്കും. 'എന്റെ കേസ് കേൾക്കുന്നതുവരെ ഞാനിങ്ങനെ ചെയ്യും'. മുറവിളി അസഹ്യമായിട്ട് ശല്യമൊഴിക്കാൻ ജഡ്ജി പണക്കാരുടെ ഇടപാടുകൾ തീർത്തശേഷം അവളുടെ കേസിന്റെ

---

65. ചെറുപ്പത്തിൽത്തന്നെ (13–14വയസ്സിൽ) പെൺകുട്ടികൾ വിവാഹിതരായിരുന്നതിനാൽ വിധവകളിൽപ്പലരും യുവതികളായിരുന്നു. J. Jeremias, Parables of Jesus p. 153
66. Cf. JBC II op. cit., 151
67. J. Jeremias, Parables of Jesus, p. 153

www.malankaralibrary.com



വിധിയും നടത്തും. അതുപോലെയാണ് ഉപമയിലെ ന്യായാധിപനും.

6–8 വാക്യങ്ങളിൽ ഉപമയുടെ പാഠം നല്കിയിരിക്കുന്നു. വളരെ ശ്രദ്ധയോടെ മനസ്സിലാക്കേണ്ട ഭാഗമാണത്. വാക്യം 6: 'കർത്താവ് പറഞ്ഞു': ഉപമയ്ക്ക് സുവിശേഷകൻ ചേർത്തിരിക്കുന്ന മുഖവുരയാണ്. വാക്യം 7: ഭാഷാന്തരീകരിക്കാൻ വിഷമകരമായ വാക്യം. പദാനുപദ തർജ്ജമ ഇങ്ങനെയാവാം: 'ദൈവം രാവും പകലും തന്നോട് നിലവിളിക്കുന്ന തൻെറ തെരഞ്ഞെടുക്കപ്പെട്ടവരെ രക്ഷിക്കാൻ (സ്വതന്ത്രരാക്കാൻ) ധൃതിപ്പെടുകയില്ലേ?' അവിടുന്ന് അവരുടെ കാര്യത്തിൽ മന്ദനാണോ?[68] അതായത് അവരുടെ ദീർഘക്ഷമ പരീക്ഷിച്ചാൽത്തന്നെയും ദൈവം അവരെ രക്ഷിക്കുകയില്ലേ എന്നർത്ഥം. വാക്യം 8: വളരെ പ്രധാനപ്പെട്ട കാര്യമാണിവിടെ പറഞ്ഞിരിക്കുക. വാക്യാരംഭത്തിലെ 'ഞാൻ നിങ്ങളോടു പറയുന്നു' എന്ന പ്രയോഗം ശ്രദ്ധിക്കുക. 'വേഗം ന്യായീകരിക്കും' എന്നതിന് 'ഉടൻതന്നെ' എന്നല്ല അർത്ഥം. മനുഷ്യപുത്രൻെറ വരവിനു് ഇനിയും ഏറെ സമയമുണ്ടാവാം. എങ്കിലും അതു തീർച്ചയായും സംഭവിക്കും[69]. 'എന്നാലും[70] മനുഷ്യപുത്രൻ, വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ'? അപ്രതീക്ഷിതമായ ഒരു ചോദ്യം. ഉപമയുടെ ഇതുവരെയുള്ള ശൈലീഗതിയോടു് യോജിക്കാത്തതാണ് ചോദ്യമെന്നും അതിനാലത്ത് യേശു പറഞ്ഞതല്ല, സുവിശേഷകൻ കൂട്ടിച്ചേർത്തതാണ് എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ജറമിയാസിൻെറ അഭിപ്രായം മറിച്ചാണ്. ചോദ്യം യേശുവിൽനിന്നാണെന്ന് അദ്ദേഹം തെളിവുനൽകുന്നു[71].

നീതിയില്ലാത്ത ന്യായാധിപനോട് ദൈവത്തെ സാമ്യപ്പെടുത്തുകയല്ല. തന്നോടു് പ്രതീക്ഷാപൂർവ്വം നിരന്തരം യാചിച്ച ആ വിധവയുടെ അപേക്ഷ ന്യായാധിപൻ സാധിച്ചു

---

68. Cf. J. Jeremias, Parables of Jesus, pp. 154-155. ജറുസലേം ബൈബിൾ, ഫാദർ മൂത്തേടൻെറ വിവർത്തനം, ന്യൂ ഇംഗ്ലീഷ് ബൈബിൾ, R. S. V. എന്നിവയിലെല്ലാം തർജ്ജമകൾ വ്യത്യസ്തമാണ്.

69. JBC. II, P. 151

70. 'പ്ലേൻ' എന്ന ഗ്രീക്കുപദത്തിനു് പ്രാഥമികാർത്ഥം 'വാസ്തവത്തിൽ' എന്നാണ്. എങ്കിലും 'എന്നാലും' എന്ന അർത്ഥത്തിൽ 14 പ്രാവശ്യം വി. ലൂക്കോസ് സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. Cf. J. Jeremias, parables of Jesus, p.155.

71. വി. ലൂക്കോസിൻെറ സുവിശേഷം എഴുതുന്നതിനുമുമ്പുള്ള പാരമ്പര്യത്തിലുള്ളതാണ്. J. Jeremias, parables of Jesus, p.155. 6–8

www.malankaralibrary.com



കൊട്ടത്തെങ്കിൽ ദൈവത്തിൽ വിശ്വാസമർപ്പിച്ച് അപേക്ഷി ക്കുന്നവർക്ക് എത്രയോ താല്പര്യത്തോടെ അവിടുന്ന് മറുപടി നല്കും എന്നാണ് ഉപമയുടെ പാഠം. മടുപ്പുതോന്നാത്ത വിശ്വാസ ത്തോടെ നിരന്തരം പ്രാർത്ഥിച്ചാൽ ദൈവം വേണ്ടവിധം മറുപ ടിയരുളും.

ദൈവരാജ്യത്തിന്റെ അംഗങ്ങൾക്ക് പ്രതിബന്ധങ്ങൾ എത്രയേറെ നേരിട്ടാലും അടിപതറാത്ത വിശ്വാസം ഉണ്ടായി രിക്കണം. ഈ സത്യം വ്യക്തമാക്കുന്ന മൂന്ന് ഉപമകളാണ് കണ്ടത്. അവയെല്ലാം പറഞ്ഞത് പ്രാർത്ഥനയെക്കുറിച്ചുള്ള സന്ദർഭത്തിലാണ്. വി. ലൂക്കോസ് 11-ാം അദ്ധ്യായത്തി ലേതാണ് ആദ്യത്തെ ഉപമ. അത് 'സ്വർഗ്ഗസ്ഥനായ പിതാ വേ' എന്ന പ്രാർത്ഥനയിലെ അന്നന്നയപ്പത്തിനുവേണ്ടിയുള്ള അഭ്യർത്ഥന എപ്പോഴും കേൾക്കപ്പെടുമെന്ന് പഠിപ്പിക്കുകയാ ണെന്നു തോന്നുന്നു. നാം വീണ്ടും വീണ്ടും യാചിക്കുന്നെങ്കിലും ലഭിക്കുന്നില്ല! എന്നാലും പിന്തിരിയരുത്. നമ്മുടെ യാചന തിരസ്കൃതമാകുന്നതായനുഭവപ്പെടുന്നത് നമ്മുടെ നന്മയ്ക്കാണ്. നമ്മുടെ അർത്ഥനാവിഷയത്തെക്കുറിച്ച് നാം ആഴമായി ചി ന്തിക്കണമെന്ന് ദൈവം ഇച്ഛിക്കുന്നു. അങ്ങയെ മുഴുവൻ നമു ക്ക് നൽകാനാണ് നമുക്കു മറുപടി വൈകിക്കുക. പിൻവാ ങ്ങരുത്. മടുപ്പുതോന്നാതെ തുടർച്ചയായി അപേക്ഷിക്കുക. ഇതുമാത്രവുമല്ല ഉപമയുടെ പാഠത്തിനർത്ഥം. പ്രാർത്ഥനയെക്കു റിച്ചുമാത്രമല്ല പ്രസ്തുത ഉപമകൾ. ദൈവരാജ്യം എന്ന്, എങ്ങനെ വന്നുചേരും എന്ന ചോദ്യത്തിന് മറുപടി നൽകുകയാണ് സുവിശേഷകൻ. സ്വർഗ്ഗരാജ്യത്തിന്റെ അംഗങ്ങളാകാനിച്ഛി ക്കുന്നവർ വിശ്വാസത്തോടും സ്ഥിരതയോടും ക്ഷമയോടും കാ ത്തിരിക്കണം, നിലനില്ക്കണം. അവർ സമാഗതമാകുന്ന സ്വ ർഗ്ഗാധിപത്യമാസ്വദിക്കാൻ സകലതും ത്യജിക്കണം, സുചി ന്തിത തീരുമാനമേ സ്വീകരിക്കാവൂ. പ്രായോഗികവിവേക മുള്ളവരായിരിക്കണം. നിസ്വാർത്ഥരും സേവനസന്നദ്ധരുമാ യിരിക്കണം.

---

വാക്യങ്ങളുടെ വിശ്വാസ്യത (genuineness) യെപ്പററിയും പണ്ഡിതന്മാർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സുവിശേഷഭാഗത്ത് പ്രസ്തുത വാക്യ ങ്ങൾ അപ്രധാനമാണെന്നും ക്രിസ്തുവിന്റേയോ ആദിമസഭയുടേയോ അല്ലാ ത്ത പ്രതികാരമനോഭാവമാണിവിടെയുള്ളതെന്നുമാണ് ആരോപണങ്ങളി ലൊന്ന്. പ്രതിക്രിയ ചെയ്യണമെന്ന അപേക്ഷയിൽ പ്രതികാരമനോഭാ വമാണെന്നത് വെറും മനഃശാസ്ത്രപരമായ വാദമാണെന്ന് ജറമിയാസ് മറു പടി നൽകുന്നു (ibidem. p. 156). വിധവയ്ക്കുവേണ്ടി ന്യായസമർത്ഥനം നടത്തണമെന്നേ അർത്ഥമുള്ളൂ.

www.malankaralibrary.com



## IV ദൈവരാജ്യത്തിന്റെ നിർണ്ണായകത:

### നിർണ്ണായകനിമിഷം സമാഗതമായിരിക്കുന്നു.

ദൈവം ലോകത്തെ സന്ദർശിച്ചിരിക്കുന്നു. അവിടുന്നു വിധി പ്രസ്താവിക്കാൻ ഒരുങ്ങിക്കഴിഞ്ഞു. സമയത്തിന്റെ സൂചനകൾ നാം മനസ്സിലാക്കണം. നിത്യം വിധിക്കപ്പെടാതിരിക്കാൻ നാം നമ്മെത്തന്നെ വിധിക്കണം. ഒരു തീരുമാനം എടുത്തേ പറ്റൂ. പശ്ചാത്തപിക്കുക. അവസാനനിമിഷം ദൈവം നമ്മെ സന്ദർശിക്കുമ്പോൾ അങ്ങയോടൊത്തുചേരാൻ ഏതു സമയവും തയ്യാറായിരിക്കണം.

യാഹ്വെയുടെ സന്ദർശനത്തെക്കുറിച്ചു പഴയനിയമം സുവിദിതം പഠിപ്പിക്കുന്നുണ്ട്. അവിടുന്നു തെരഞ്ഞെടുക്കപ്പെട്ട ചില വ്യക്തികളെ പ്രത്യേകം സന്ദർശിക്കുന്നു. അബ്രാഹമിനേയും സാറായേയും സന്ദർശിച്ചു (ഉൽപ. 21,1). രക്ഷാകരപദ്ധതി ആവിഷ്കരിക്കുന്നതിനും സകലരേയും രക്ഷയിലേയ്ക്കാനയിക്കുന്നതിനുമാണ് ദൈവികസന്ദർശനം. വാഗ്ദാനം നിറവേറ്റുന്നതിന്, "ദൈവം നിങ്ങളെ സന്ദർശിക്കും. അതു നിങ്ങളെ ഈ ദേശത്തുനിന്ന് സ്വതന്ത്രരാക്കി അവിടുന്ന് അബ്രാഹമിനോടും ഇസഹാക്കിനോടും യാക്കോബിനോടും വാഗ്ദാനം ചെയ്ത നാട്ടിൽ കൊണ്ടെത്തിക്കുന്നതിനാണ്" (ഉല്പ. 50,24 ഇത്യാദി). യാഹ്വെ തന്റെ വാഗ്ദാനങ്ങളോടു വിശ്വസ്തനാണ്. പക്ഷേ അദ്ദേഹത്തിന്റെ ജനം അവിശ്വസ്തരാകുന്നു. അവരെ ശിക്ഷിച്ചു പരിശുദ്ധരാക്കുന്നതിനും യാഹ്വെ ഇസ്രായേലിനെ സന്ദർശിക്കുന്നുണ്ട്. അവർക്കു ലഭിച്ചു കഷ്ടതകൾ അത്തരം ശിക്ഷകളാണ്. "ഭൂമിയിലെ സകല വംശങ്ങളിൽനിന്നും നിങ്ങളെ മാത്രമേ ഞാൻ അറിഞ്ഞിട്ടുള്ളു. അതിനാൽ നിങ്ങളുടെ അതിക്രമങ്ങളെപ്രതി നിങ്ങളെ ഞാൻ സന്ദർശിക്കും"[72]. തന്റെ ജനത്തോടുള്ള സ്നേഹംകൊണ്ടുമാത്രമാണ് ദൈവം അവരെ സന്ദർശിക്കുക. അവരുടെ രക്ഷയാണ് ലക്ഷ്യം. അതിനാൽ സന്തോഷിക്കാനുള്ളതാണത്.

ദൈവികസന്ദർശനം എല്ലാവർക്കും രക്ഷയ്ക്കല്ല. ദൈവിക

---

**72.** ആമോസ് 3,2; ഹോശ. 4,9; ഏശ. 10,3; ജറ. 6,15, 23,2.34.

www.malankaralibrary.com



പദ്ധതിയോടെതിക്കുന്നവർക്ക് ശിക്ഷയുമാണ്. വിധിയുമുൾക്കൊള്ളുന്നു, ദൈവത്തിന്റെ സന്ദർശനം. രക്ഷയ്ക്കോ ശിക്ഷയ്ക്കോ ഉള്ള വിധി. ദൈവം ജനതകളേയും വംശങ്ങളേയും വിധിക്കാൻ വരും. യാഹ്വെയുടെ ആ ദിവസം രക്ഷിതർക്ക് വിജയോത്സവമായിരിക്കും. അന്നു നീതിമാന്മാർ പ്രശോഭിക്കും. കർത്താവ് അവരുടെമേൽ ആധിപത്യം വഹിക്കും. (വിജ്ഞാ. 3,7; സഭാപ്ര. 2,14). ദൈവത്തെ നിരസിച്ചവർക്കു് പ്രലാപത്തിന്റേയും ഭീതിയുടേയും ദിനമായിരിക്കും. അങ്ങനെ ദൈവിക സന്ദർശനം ഒരു വേർതിരിവുമുൾക്കൊള്ളുന്നു. ശിഷ്ടരേയും ദുഷ്ടരേയും വേർതിരിക്കുന്ന വിധി.

പുതിയ നിയമത്തിൽ ദൈവം സവിശേഷമായ, സമൂർത്തമായ, സന്ദർശനം നടത്തിയിരിക്കുന്നു. അതു് നിർണ്ണായകവുമാണ്. 'തന്റെ ജനത്തെ സന്ദർശിക്കുകയും സ്വതന്ത്രരാക്കുകയും ചെയ്ത ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ' (ലൂക്കോ. 1,68). സ്നേഹത്താൽ പ്രേരിതനായ ദൈവം വാഗ്ദാനങ്ങൾ നിറവേററി മനുഷ്യവംശത്തെ രക്ഷിക്കാൻ യേശുക്രിസ്തുവിൽ ആഗതനാകുന്നു. അതു് മനുഷ്യകുലത്തിന്റെ പ്രതീക്ഷയും അഭ്യർത്ഥനയുമാണ്[73]. അന്ത്യനാളുകളിൽ ദൈവം തന്റെ ഏകസുതനിലൂടെ നമ്മോടു സംസാരിച്ചിരിക്കുന്നു. (എബ്രാ. 1,1–2). സമാഗതമാകുന്ന യുഗാന്ത്യാത്മക വിധിയെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും സ്നാപകൻ പ്രസംഗിച്ചു. ദൈവം യേശുക്രിസ്തുവിൽ നടത്തിയ സന്ദർശനം സാർവ്വത്രിക രക്ഷയുള്ളതാണെന്നു് യേശുതന്നെ പ്രഘോഷിച്ചു (ലൂക്കോ. 3, 6; 1 പത്രോ. 2,12). പക്ഷേ, നിർമ്മലവും എളിമയുള്ളതുമായ ഹൃദയമുള്ളവർക്കേ അതു തിരിച്ചറിയാനും സ്വീകരിക്കാനുമാവൂ. ദൈവത്തിന്റെ സന്ദർശനമായ ക്രിസ്തുവിനെ മനുഷ്യനു് തള്ളുകയോ കൊള്ളുകയോ ചെയ്യാം. അങ്ങനെ യേശുക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനവും നിർണ്ണായകമായ ഒരു തീരുമാനമെടുക്കാതെ ഒഴിഞ്ഞുമാറാൻ സാദ്ധ്യമല്ലാത്ത ഒരു പ്രതിസന്ധിയിൽ മനുഷ്യനെ എത്തിക്കുന്നു. അവനിൽ വിശ്വസിക്കുന്നവർക്കു രക്ഷയും അല്ലാത്തവർക്കു നാശവും. അദ്ദേഹത്തെ സ്വീ

---

73. Xavier Leon Due Four(ed) Dict. of Biblical Theology, p. 560.

www.malankaralibrary.com



കരിക്കാത്തവർക്കുള്ള ശിക്ഷ കഠിനമായിരിക്കും (മത്താ. 21, 33–46).

ദൈവം പിതാക്കന്മാരോട് വാഗ്ദാനം ചെയ്ത രക്ഷകനെ തിരിച്ചറിഞ്ഞ് സ്വീകരിക്കാൻ ദൈവജനം കൂട്ടാക്കിയില്ല. "അവൻ സ്വന്തക്കാരുടെ അടുക്കൽവന്നു; അവരവനെ സ്വീകരിച്ചില്ല" (യോഹ. 1,11). ദൈവാഗമനത്തിന്റെ അടയാളങ്ങൾ ഗ്രഹിക്കാൻ ശ്രദ്ധിച്ചില്ല. മേഘം കണ്ടാൽ മഴയുണ്ടാവുമെന്നും തെക്കൻകാററടിക്കുമ്പോൾ പൊള്ളുന്ന ചൂടുണ്ടാകുമെന്നും തിരിച്ചറിയാവുന്ന അവർക്ക് ഈ സമയം വ്യാഖ്യാനിക്കാനറിഞ്ഞുകൂടാ (ലൂക്കാ. 12,54–56)! അവർ മനപ്പൂർവ്വം നിരസിച്ചതിനാൽ ശിക്ഷിക്കപ്പെടും. തിരിച്ചറിയാഞ്ഞവർക്കു കഷ്ടം! ജറുസലേമിനു കഷ്ടം! യേശു നഗരം നോക്കി കരഞ്ഞു: ഈ നാളിലെങ്കിലും നിന്റെ ശാന്തിക്കു മാർഗ്ഗം നീ അറിഞ്ഞിരുന്നെങ്കിൽ! പക്ഷേ ഇപ്പോഴതു നിന്റെ കണ്ണിൽനിന്നു മറഞ്ഞിരിക്കുന്നു. സന്ദർശനസമയം നീ അറിഞ്ഞില്ല. അതിനാൽ നിന്റെ ശത്രുക്കൾ നിന്റെ ചുററും കിടങ്ങുകോരി നിന്നെ വളയുകയും നാലുവശത്തും ഞെരുക്കുകയും ചെയ്ത് നിന്നേയും നിന്നിലുള്ള നിന്റെ സന്താനങ്ങളേയും നിലത്തു തള്ളിയിട്ട് കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാത്ത ദിനങ്ങൾ വരുന്നു (ലൂക്കാ. 19, 41–44). ജറുസലേമിന്റെ പതനം മനുഷ്യപുത്രന്റെ മഹത്വപൂർണ്ണമായ നിർണ്ണായകാഗമനമുൾക്കൊള്ളുന്ന വിധിയെ സൂചിപ്പിക്കുന്നു (മത്താ. 25,31–46). യേശുവിന്റെ സന്ദർശനം സസന്തോഷം സ്വീകരിക്കാൻ സമൂഹമായും വ്യക്തിപരമായും ഏവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം എപ്പോൾ ആഗതനായാലും തിരിച്ചറിഞ്ഞ് സ്വാഗതമരുളാൻ ഒരുങ്ങിയിരിക്കുക എന്നു് ആഹ്വാനം ചെയ്യുന്ന പല ഉപമകളുണ്ട്.

www.malankaralibrary.com



1. ദൈവാഗമനത്തെക്കുറിച്ച് ശ്രദ്ധാലുവായിരിക്കുക.

(i) നിശയിലെ മോഷ്ടാവ് മത്താ. 24, 43-44; ലൂക്കാ. 12,39-40

മത്താ. 24, 43-44

43. എന്നാൽ ഇതറിഞ്ഞിരിക്കുക. രാത്രിയുടെ ഏതു യാമത്തിലാണ് കള്ളൻ വരുന്നതെന്നറിയാമായിരുന്നെങ്കിൽ വീട്ടുടമസ്ഥൻ ശ്രദ്ധാലുവായിരിക്കയും ഭവനം ഭേദിക്കാൻ ഇടയാക്കാതിരിക്കയും ചെയ്യുമായിരുന്നു.

44. അതിനാൽ നിങ്ങളും തയ്യാറായിരിക്കണം. കാരണം നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിലാണ് മനുഷ്യപുത്രൻ വരിക.

ലൂക്കാ. 12, 39-40

39 എന്നാൽ ഇതറിഞ്ഞിരിക്കുക. കള്ളൻ ഏതു സമയം വരുമെന്ന് വീട്ടുടമസ്ഥന് അറിയാമായിരുന്നെങ്കിൽ അവൻ ഉണർന്നിരിക്കയും[74] തന്റെ ഭവനം ഭേദിക്കാൻ വിട്ടുകൊടുക്കാതിരിക്കയും ചെയ്യുമായിരുന്നു.

40. നിങ്ങളും തയ്യാറായിരിക്കണം. കാരണം നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിലാണ് മനുഷ്യപുത്രൻ വരിക.

74. 'ഉണർന്നിരിക്കയും' എന്നതു് ചില പുരാതന പ്രതികളിലില്ല.

www.malankaralibrary.com



അടുത്തെങ്ങാനും നടന്ന ഒരു സംഭവത്തിൽ യേശു രൂപപ്പെടുത്തിയതാവണം ഉപമ[75]. അതിന്റെ അർത്ഥം വളരെ വ്യക്തമാണ്. എന്നാൽ ഒരു പ്രശ്നം. മനുഷ്യപുത്രനെ രാത്രീഞ്ചരനോടുപമിക്കുകയോ? യേശു കള്ളനെപ്പോലെയോ? അവരെ തമ്മിൽ താരതമ്യപ്പെടുത്തുകയല്ല. ക്രിസ്തുവിന്റെ വരവിൽ സംഭവിക്കാവുന്ന നാശത്തെക്കുറിച്ച് ഒരു മുന്നറിയിപ്പ് നല്കയാണ്. ഇപ്പോഴുംതന്നെ ശ്രദ്ധാലുവായിരിക്കണം. മോഷണത്തിനിരയായ വീടിന്റെ ഉടമസ്ഥനെപ്പോലെയാവരുത്. മഹാമാരിക്കു മുമ്പത്തെ മനുഷ്യരെപ്പോലെയോ[76] തീമഴക്കിരയായ സോദോം ഗോമോറായെപ്പോലെയോ അശ്രദ്ധയാവരുത്. നിശയുടെ ഏതു നിമിഷവും കള്ളന്മാർ വീടാക്രമിക്കാം. എപ്പോഴായാലും അറിയാൻതക്ക ശ്രദ്ധയോടിരിക്കണം. അല്ലെങ്കിൽ വലിയ നഷ്ടമുണ്ടാകും. ദുർഭഗസ്ഥിതിയിലാവും

(ii) മൂഢനായ ധനികൻ (ലൂക്കാ. 12, 16–20)

വാക്യം 16. അവൻ അവരോട് ഒരുപമ പറഞ്ഞു: "ധനികനായൊരു മനുഷ്യന്റെ ഭൂമി ധാരാളം വിളവു നല്കി.

17. അവൻ ആത്മഗതം ചെയ്തു: 'ഞാൻ എന്തുചെയ്യും? എന്റെ വിളവ് ശേഖരിച്ചുവെയ്ക്കാൻ ഇടമില്ലല്ലോ?

18. അവൻ പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും, എന്റെ ധാന്യപ്പുരകൾ പൊളിച്ച് വലിയവ പണിയും. ധാന്യങ്ങളും സാധനങ്ങളുമെല്ലാം അവിടെ ശേഖരിക്കും.

19. എന്നിട്ട് എന്റെ ആത്മാവിനോട് ഞാൻ പറയും: ആത്മാവേ, അനേകവർഷങ്ങളിലേയ്ക്കു ശേഖരിച്ച വേണ്ടുവോളം സാധനങ്ങൾ നിനക്കുണ്ട്; തിന്നുക, കുടിക്കുക, കൂത്താടുക'.

20. പക്ഷേ ദൈവം അവനോടു പറഞ്ഞു: മൂഢാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നോടാവശ്യപ്പെട്ടാൽ നീ ഒരുക്കിയിരിക്കുന്നവ ആർക്കാകും?"

"ദൈവം അവനോടു പറഞ്ഞു" (വാക്യം. 20) എന്നതിന് 'ദൈവം അവന് ഒരു സന്ദേശമയച്ചു' എന്നാണർത്ഥം. വി. ഗ്രന്ഥ വീക്ഷണത്തിൽ ദൈവാസ്തിത്വം നിഷേധിക്കു

---

75. ഉപയോഗിച്ചിരിക്കുന്ന ക്രിയാരൂപം (aorist) ഇതു സൂചിപ്പിക്കുന്നു. Cf. Jeramias, Parables of Jesus, P. 198

76. Cf. ibidem

www.malankaralibrary.com



ന്നവനാണ് മൂഢൻ. "ദൈവം ഇല്ല എന്ന് മൂഢൻ സ്വഹൃദയത്തിൽ പറയുന്നു".

ലൗകികസമ്പത്തിൽ മാത്രം ശ്രദ്ധിച്ച് അതെപ്പററി ആകുലചിത്തരായിക്കഴിയുമ്പോഴാം ആകസ്മികമായി മരണം പിടികൂടിയാൽ എന്താവും സ്ഥിതി എന്നത്രേ ഈ ഉപമ സാധാരണ മനസ്സിലാക്കുക. ദൈവം ജീവൻ വാപ്പ നല്കിയിരിക്കുകയാണ്. ഏതു സമയവും തിരികെ ചോദിക്കാം എന്ന ആശയം ഉപമയിലുണ്ടുതാനും. എന്നാൽ മുന്നറിയിപ്പു നല്കാൻ ഉദ്ദേശിച്ചുള്ള ഉപമകളും ഉക്തികളും ഒന്നിച്ചു കണക്കിലെടുക്കുക. വ്യക്തിയുടെ മരണമല്ല 'മൂഢനായ ധനികൻെറ ഉപമ'യിലുദ്ദേശിച്ചിരിക്കുന്നതെന്നു കാണാം. യുഗാന്ത്യത്തിലെ ആകസ്മികവിപത്തും (catastrophe) വരാനിരിക്കുന്ന നിരന്തര വിധിയും വ്യക്തമാക്കുകയാണ് ക്രിസ്തുവിൻെറ ഉദ്ദേശ്യം[77]. അദ്ദേഹം പറയുന്നതിതാണ്. അന്ത്യകാലമായിക്കഴിഞ്ഞു. ദൈവം സന്ദർശിക്കാറായി. മനുഷ്യൻ ലൗകികസമ്പത്തിനെപ്പററി വ്യഗ്രനായിരിക്കുമ്പോഴാണ് അവിടുന്നാഗതനാകുന്നതും വിധി നടത്തുന്നതും. സമ്പത്തിൽ മാത്രം ശ്രദ്ധിച്ചിരിക്കുന്നവന് ദൈവികാഗമനം തിരിച്ചറിയാനാവില്ല. അതിനാലത്രേ ജനക്കൂട്ടത്തിൽനിന്ന് ഒരുവൻ ഉന്നയിച്ച കേസ് തീർക്കാൻ യേശു തുനിയാഞ്ഞത്. ഇപ്പോഴാം അതിനുള്ള സമയമല്ല. കാലത്തിൻെറ സൂചനകഠം മനസ്സിലാക്കുക. ദൈവികസന്ദർശനത്തിൻെറ ലക്ഷണങ്ങഠം ഗ്രഹിക്കുക. അതസാദ്ധ്യമാകുംവിധം ലൗകികകാര്യങ്ങളിൽ വ്യഗ്രതയോടെ ആണ്ടുകിടക്കരുത്.

ഉപമയുടെ സന്ദർഭം 13–15 വാക്യങ്ങളിലുണ്ട്. തൻെറ സഹോദരനുമായി അവകാശം വീതിക്കണമെന്ന് ഒരാഠം ആവശ്യപ്പെടുന്നു. മറുപടിയിൽ യേശു അത്യാഗ്രഹത്തിന്നെതിരായ ഒരു മുന്നറിയിപ്പു നൽകുന്നു. ലൗകികസമ്പത്തിനെപ്പററിയുള്ള വ്യഗ്രത വിട്ട് ദൈവികസന്ദർശനത്തെക്കുറിച്ച് ശ്രദ്ധാലുക്കളാകാൻ ആഹ്വാനം ചെയ്യുകയാണ് ഉപമ.

സഭ പില്ക്കാലത്ത് അത്യാഗ്രഹത്തിന്നെതിരായ ഒരു മുന്നറിയിപ്പായി ഉപമ അവതരിപ്പിച്ചു. ആ നിലയിലാണല്ലോ ഇപ്പോഴാം സുവിശേഷത്തിൽ ഉപമ[78].

---

77. Cf. J. Jeremias, Parables of Jesus, p. 165; Rediscovering the Parables, p. 130.

78. 21-ാം വാക്യം ചില കൃതികളിലില്ല.

www.malankaralibrary.com



2. വിധിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കുക.

(i) അധികാരമേല്പിച്ച ബുദ്ധിമാനായ ഭൃത്യൻ (മത്താ. 24,45-51; ലൂക്കാ. 12,42-46)

മത്താ. 24, 45-51

45. തക്കസമയത്തു് ഭക്ഷണം കൊടുക്കാൻ തൻെറ വീട്ടുവകയുടെമേൽ യജമാനൻ നിയമിച്ച വിശ്വസ്തനും ബുദ്ധിമാനുമായ ഭൃത്യൻ ആരാകുന്നു?

46. യജമാനൻ വരുമ്പോഗം അപ്രകാരം ചെയ്യുന്നതു് കാണുന്ന ഭൃത്യൻ ഭാഗ്യവാനാകുന്നു.

47. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, അയാഗം തൻെറ സകല വകയിന്മേലും അവനെ അധികാരിയാക്കും.

48. എന്നാൽ ആ ദുഷ്ടഭൃത്യൻ 'എൻെറ യജമാനൻ വൈകുന്നു' എന്നു് ആത്മഗതം ചെയ്തു് (49) സഹഭൃത്യന്മാരെ അടിക്കാനും തിന്നും കുടിച്ചും മത്തനാകാനും തുടങ്ങിയാൽ

ലൂക്കാ. 12, 42-46

42. കർത്താവു് പറഞ്ഞു: തക്കസമയത്തു് ഭക്ഷണം കൊടുക്കാൻ തൻെറ വീട്ടുവകയുടെമേൽ യജമാനൻ നിയമിച്ച വിശ്വസ്തനും ബുദ്ധിമാനുമായ കാര്യസ്ഥൻ ആരാകുന്നു?

43. യജമാനൻ വരുമ്പോഗം അപ്രകാരം ചെയ്യുന്നതു് കാണുന്ന ഭൃത്യൻ ഭാഗ്യവാനാകുന്നു.

44. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. അയാഗം തൻെറ സകല വസ്തുവകയിന്മേലും അവനെ അധികാരിയാക്കും.

45. എന്നാൽ ആ ഭൃത്യൻ 'എൻെറ യജമാനൻ വരാൻ വൈകുന്നു' എന്നു് ആത്മഗതം ചെയ്തു് ഭൃത്യന്മാരേയും ഭൃത്യകളേയും അടിക്കാനും തിന്നും കുടിച്ചും മത്തനാകാനും തുടങ്ങിയാൽ

www.malankaralibrary.com



50. ആ ഭൃത്യൻെറ യജമാനൻ അവൻ പ്രതീക്ഷിക്കാത്ത ദിവസം അവനറിയാത്ത സമയം വരും.

51. അവനെ ശിക്ഷിക്കും. അവൻെറ അവകാശം കപടഭക്തരോടൊപ്പമാക്കും.

അവിടെ മനുഷ്യൻ നെടുവീർപ്പിടുകയും പല്ലുകടിക്കുകയും ചെയ്യും.

46. ആ ഭൃത്യൻെറ യജമാനൻ അവൻ പ്രതീക്ഷിക്കാത്ത ഒരു ദിവസം അവനറിയാത്ത സമയം വരും.

അവനെ ശിക്ഷിക്കും. അവൻെറ അവകാശം അവിശ്വസ്തരോടൊപ്പമാക്കും.

www.malankaralibrary.com



സുവിശേഷകന്മാരിരുവരും ഒരേ സ്രോതസ്സിൽ (Q) നിന്നാണ് ഉപമ സ്വീകരിച്ചിരിക്കുക. അവതരണത്തിലെ പ്രത്യേകതയും ഇരുവരും പാലിക്കുന്നു. കഥാരൂപത്തിലല്ലിത്. (മിക്ക ഉപമകളും കഥാരൂപത്തിലാണല്ലോ.) എന്നാൽ കഥ മുഴുവൻ അടങ്ങിയിട്ടുമുണ്ട്. സംഭവിച്ച ഒരു കഥയാവാം.

സമ്പന്നകുടുംബങ്ങളിൽ പല ഭൃത്യന്മാരുണ്ടായിരിക്കും. അവർ ആ കുടുംബത്തിന്റെ (കുടുംബസ്വത്തിന്റെ) ഒരു ഭാഗമാണ്. അവർക്കു കൂലിയും താമസസൗകര്യങ്ങളുമുണ്ട്. നിശ്ചിതതോതിൽ ഗോതമ്പും മററുല്പന്നങ്ങളും നൽകിയിരുന്നു[79]. യജമാനന്റെ അഭാവത്തിൽ ഭക്ഷണകാര്യങ്ങൾ നടത്താൻ ഒരു ഭൃത്യനെ കാര്യസ്ഥനായി പ്രത്യേകം നിയോഗിക്കുന്നു. യജമാനൻ ഭൃത്യരോടിടപെടുമ്പോലെയാവണം അവനും. ഏല്പിച്ചതിൽ വിശ്വസ്തനായിരുന്നാൽ ഏറെ ഉത്തരവാദിത്വങ്ങൾ നല്കും. യജമാനന്റെ അസാന്നിദ്ധ്യത്തിൽ ദുഷ്പ്രേരണകൾക്കു വിധേയനായി അധികാരവും സ്വാതന്ത്ര്യവും ദുർവിനിയോഗിക്കരുത്. മറിച്ചായാൽ "അവന്റെ അവകാശം അവിശ്വസ്തരോടൊപ്പമാക്കും" (വാക്യം 46). ഇതൊരു സെമിററിക് ശൈലിയാണ്. 'വിശ്വസ്തത ഇല്ലാത്തവരോട് (ഉപേക്ഷിച്ചവരോട്) എന്നപോലെ പെരുമാറും' എന്നാണ് വാച്യാർത്ഥം[80]. ശിക്ഷ അതിസ്വാഭാവികമാണ്. നരകശിക്ഷ. ഉപമയുടെ ശൈലിക്കും ഗതിക്കും അതീതമാണ് പ്രസ്തുത വാക്യഭാഗം[81]. ഉപമയുടെ അവതരണം ഭൗമികമാണ്. എന്നാൽ മുകളിൽ കണ്ട അർത്ഥത്തിലെടുത്താൽ പ്രശ്നം പരിഹൃതമാകുന്നു.

'കപടഭക്തരോടുകൂടെ' എന്നു് വി. മത്തായി (വാക്യം 51) പറയുന്നു. അതദ്ദേഹത്തിന്റെ ഒരു പ്രത്യേക പദമാണ്[82]. ഉപമയുടെ മൂലരൂപത്തിന്േറതാകാൻ സാദ്ധ്യതയില്ല.

യേശുവിന്റെ ശ്രോതാക്കൾ ഉപമയെങ്ങനെ മനസ്സിലാക്കി? പഴയനിയമകാലം മുതലേ ഇസ്രായേൽക്കാർ തങ്ങളുടെ

---

79. അതവർക്ക് ഇഷ്ടംപോലെ കൈകാര്യം ചെയ്യാം. cf. O. Sullivan, Living Parables. P. 54.
80. J. Jeremias, Parables of Jesus, p. 57
81. cf. ibidem
82. പതിനാലു പ്രാവശ്യം ഉപയോഗിക്കുന്നു. മർക്കോസ് ഒരു പ്രാവശ്യം. ലൂക്കോസ് മൂന്നുതവണ.

www.malankaralibrary.com



നേതാക്കന്മാരേയും രാജാക്കന്മാരേയും പ്രവാചകന്മാരേയും ആചാര്യന്മാരേയും ദൈവദാസന്മാരായികരുതി[83]. അവർക്ക് ഇസ്രായേലിന്റെമേൽ പ്രത്യേക ചുമതല ഏല്പിക്കപ്പെട്ടിരുന്നു. പ്രത്യേകിച്ച് നിയമജ്ഞൎക്കും ഫരീസർക്കും. ദൈവികവെളിപാടായ നിയമം അവരെ ഏല്പിച്ചിരുന്നു. അവരാകട്ടെ, ആളുകളുടെ ഭാരം വർദ്ധിപ്പിച്ചതേയുള്ളൂ. ജനങ്ങളെ സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്നതിനുപകരം അതിൽനിന്നകററി. അവർക്കു യേശു മുന്നറിയിപ്പ് നൽകയാണ്, ഉപമയിൽ. അവർക്ക് കൂടുതൽ ഏല്പിക്കപ്പെട്ടിരിക്കുന്നു; അവരോട് കർശനമായി കണക്കുചോദിക്കും. അതിനാൽ വളരെ ശ്രദ്ധയോടെ പ്രവർത്തിച്ചുകൊള്ളുക. സൂക്ഷ്മതയോടെ പെരുമാറുക.

ആദിമസഭ ഉപമയുടെ സന്ദർഭം മാററി അവതരിപ്പിക്കുന്നു. അതായതു് ഉപമ ക്രിസ്തുവാത്മകമാക്കി. യജമാനൻ ക്രിസ്തുവാണ്; അദ്ദേഹത്തിന്റെ ദ്വിതീയാഗമമത്രേ യജമാനന്റെ അപ്രതീക്ഷിതമായ വരവ്. "പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരും; അതിനാൽ ഒരുങ്ങിയിരിക്കുവിൻ" (ലൂക്കാ. 12,40; മത്താ. 24,44). ഈ ആഹ്വാനം വിശദീകരിക്കുന്നതാണ് ഉപമ. ഒരുങ്ങിയിരിക്കാതെ അവസരം ദുരുപയോഗിക്കുന്നവർക്കു നിത്യശിക്ഷയുണ്ടാവും. വിധിക്കപ്പെടാൻ ഇടയാകരുതു്. പുതിയനിയമപരമായ അന്ത്യകാലാത്മകഭാവത്തിലാണ് രണ്ടു സുവിശേഷങ്ങളിലും ഉപമ.

ത്രിതീയസുവിശേഷത്തിൽ ആദ്യസുവിശേഷത്തിലുള്ളതിലും ഉപമ വളരെ വിപുലീകരിച്ചിട്ടുണ്ട്. ലൂക്കാ. 12, 42-ൽ 'കാര്യസ്ഥൻ' എന്നുണ്ടല്ലോ. അതേ വിവരണത്തിലെ ഇതരഭാഗങ്ങളിലും വി. മത്തായി നൽകുന്ന അവതരണത്തിലും 'ഭൃത്യൻ' എന്നാണ്. അതിനാൽ 'കാര്യസ്ഥൻ' എന്ന പ്രയോഗം മൂലരൂപത്തിലേതല്ല. സവിശേഷാധികാരമുള്ള അപ്പസ്തോലന്മാരെയാണുദ്ദേശിച്ചതെന്ന് സുവിശേഷകൻ ധരിക്കുന്നു[84]. അവർക്കാണല്ലോ ക്രിസ്ത്യാനികളുടെമേൽ കൂടുതലധികാരം[85]. അങ്ങനെ അവരെ കേന്ദ്രീകരിച്ച് ഉപമ പുനരവതരിപ്പിക്കുന്നു. വി. മത്തായിയുടെ പദപ്രയോഗമാണ് ആദിരൂപത്തോടടുത്തു നില്ക്കുക. ഈ നിഗമനത്തെ ദൃഢപ്പെടുത്തുന്നു,

83. 2 ദിന. 36,15; എശ. 44, 29; 3,17; ജറ. 35,15; മത്താ. 23,13; ലൂക്കാ. 11,52.

84. സഭാപാരമ്പര്യത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളായ സഭാധികാരികളെ ഉദ്ദേശിക്കുന്നു, 'കാര്യസ്ഥൻ' എന്ന വാക്കു്.

85. cf. J. Jeremias, Rediscovering the Parables, p. 44.

www.malankaralibrary.com



ലൂക്കോ. 12, 45 ലെ 'ഭൃത്യന്മാരേയും ഭൃത്യകളേയും' എന്നതിന്ന് സമാന്തരമായ 'സഹഭൃത്യന്മാരെ' (മത്താ. 24, 49) എന്ന പദം. 'ഭൃത്യൻ' എന്ന വാക്ക് ഓരോ ശ്രോതാവിനേയും ക്രിസ്ത്യാനിയേയും ഉദ്ദേശിച്ചുള്ളതാണെന്ന് ഡോഡ് അഭിപ്രായപ്പെടുന്നു[86]. ഉപമയിൽനിന്ന വേറിട്ട് സ്വതന്ത്രമായിനിന്ന ഉപദേശശകലങ്ങളും ഉപമയോട് ചേർത്തിട്ടുണ്ടല്ലോ. ദൈവഹിതത്തെക്കുറിച്ചുള്ള അറിവിന്റെ അളവനുസരിച്ച് അതു നിർവഹിക്കണമെന്നും അല്ലെങ്കിൽ ശിക്ഷിക്കപ്പെടുമെന്നുമല്ല ഉപമയുടെ പ്രധാന പാഠം. നിയമാനുസൃതമായ അധികാരം ദുരുപയോഗിച്ചുവെന്നതാണ് 42-46 വാക്യങ്ങളുടെ വിഷയം. യജമാനന്റെ ഹിതത്തെക്കുറിച്ചുള്ള അറിവോ അജ്ഞതയോ അല്ല, ഏല്പിച്ച അധികാരത്തിന്റെ സുവിനിയോഗമോ ദുർവിനിയോഗമോ ആണ്[87].

വി. മത്തായിയും അദ്ദേഹത്തിന്റെ ചില പ്രത്യേക പ്രയോഗങ്ങൾ അവതരണത്തിൽ ചേർത്തിട്ടുണ്ട്. വാക്യം 51 കാണുക. "അവിടെ മനുഷ്യൻ നെടുവീർപ്പിടുകയും പല്ലുകടിക്കുയും ചെയ്യും"[88]. കൂടാതെ, 'അപ്പോൾ' ('വീണ്ടും') എന്ന സമുച്ചയപദംവഴി അടുത്ത ഉപമയോടു ബന്ധിപ്പിക്കുയും ചെയ്തിരിക്കുന്നു.

യേശു തന്റെ ജീവിതപശ്ചാത്തലത്തിൽ യഹൂദനേതാക്കന്മാരായ നിയമജ്ഞരേയും പരീസരേയും ഉദ്ദേശിച്ച് ഉപമ പറഞ്ഞു. അവർ നിയമങ്ങൾ അനാവശ്യമായി വർദ്ധിപ്പിച്ച് ജനങ്ങളെ കഷ്ടത്തിലാക്കി. വന്നുചേരുന്ന നിർണ്ണായകനിമിഷത്തിൽ വിധിക്കപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളാൻ അവക്ക് മുന്നറിയിപ്പു നൽകുന്നു. നാശത്തിനിടയാകരുത്. ആദിമസഭ ഉപമ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനോട് ബന്ധപ്പെടുത്തി. അദ്ദേഹത്തിന്റെ ആഗമനം സമീപസ്ഥമാകയാൽ ഒരുങ്ങിയിരുന്നുകൊള്ളാൻ ആഹ്വാനമാക്കി. ഉപമയുടെ അന്ത്യകാലാത്മകത നഷ്ടപ്പെടുത്തിയുമില്ല. വി. ലൂക്കോസ് പുതിയ സുവിശേഷത്തിലെ സഭയുടെ നേതാക്കന്മാരെ അവരുടെ കടമ അനുസ്മരിപ്പിക്കുന്നതായും ഉപമ മനസ്സിലാക്കി അവതരിപ്പിക്കുന്നു. ദൈവദത്തമായ വിശുദ്ധാധികാരം ദുരുപയോഗിക്കാതെ വശംവദരായിരിക്കുക.

86. cf. C. H. Dodd, op. cit., pp. 122-123.
87. cf. J. Jeremias, Rediscovering the Parables, pp. 81-131.
88. മത്താ. 8, 12; 13, 43-50; 22, 12; 13; 24, 51.

www.malankaralibrary.com



## ii) താലന്തുകളുടെ ഉപമ (മത്താ. 25, 14–30; ലൂക്കാ. 19, 12–27)

### മത്താ. 25, 14–30

14. എന്തെന്നാൽ ഇതുപോലെയായിരിക്കും ഒരു മനുഷ്യൻ ഒരു യാത്രയ്ക്കു പോയപ്പോൾ

തൻെറ ദാസന്മാരെ വിളിച്ച് അവരെ തൻെറ സമ്പത്ത് ഏല്പിച്ചു.
15. ഒരുത്തന് അഞ്ചു താലന്തു കൊടുത്തു; മററൊരുത്തന് രണ്ട്; വേറൊരുവന് ഒന്ന്. ഓരോരുത്തനും അവനവൻെറ കഴിവുപോലെ. എന്നിട്ടു പോയി.

16. അഞ്ചു താലന്തു ലഭിച്ചവൻ വേഗം അതുകൊണ്ടു വ്യാപാരം ചെയ്തു. അഞ്ചുകൂടി സമ്പാദിച്ചു.

17. അതുപോലെ രണ്ടു കിട്ടിയവനും രണ്ടുകൂടി നേടി.
18. എന്നാൽ ഒരു താലന്തു കിട്ടിയവൻ പോയി നിലത്തു കുഴിച്ചിട്ട് യജമാനൻെറ പണം മറച്ചുവച്ചു.

### ലൂക്കാ. 19, 12–27

12. അതിനാൽ അവിടന്നു പറഞ്ഞു: ഒരു മാന്യൻ രാജകീയാധികാരം പ്രാപിച്ചു തിരിച്ചുവരാൻ ഒരു ദൂരദേശത്തേയ്ക്കു പോയി.
13. അവൻ തൻെറ പത്തു ദാസന്മാരെ വിളിച്ച് പത്തു മന്‌യാ കൊടുത്തു.

അവരോടു പറഞ്ഞു: ഞാൻ വരുന്നതുവരെ ഇതുകൊണ്ട് വ്യാപാരം ചെയ്യുവിൻ.

www.malankaralibrary.com



19. വളരെ നാളുകളുടെശേഷം ആ ദാസന്മാരുടെ യജമാനൻ വന്നു് അവരുമായി കണക്കുതീർത്തു.

20. അഞ്ചു താലന്തു സ്വീകരിച്ചവൻ കൂടുതൽ സമ്പാദിച്ച അഞ്ചു താലന്തുമായി വന്നു പറഞ്ഞു: യജമാനനേ, അങ്ങ് അഞ്ചു താലന്താണല്ലോ എന്നെ ഏല്പിച്ചതു്. ഇതാ ഞാൻ അഞ്ചുകൂടി ഉണ്ടാക്കിയിരിക്കുന്നു.

21. അവന്റെ യജമാനൻ അവനോടു പറഞ്ഞു: വളരെ നന്നു്. നല്ലവനും വിശ്വസ്തനുമായ ദാസാ, നീ ചെറിയ കാര്യത്തിൽ വിശ്വസ്തനായിരുന്നു. നിന്നെ ഞാൻ അധികമായതിൽ നിയമിച്ചാക്കും.

നിന്റെ യജമാനന്റെ സന്തോഷത്തിൽ പ്രവേശിക്കുക.

14. പക്ഷേ അവന്റെ പൗരന്മാർ അവനെ വെറുത്തു. അവൻ പോയശേഷം പ്രതിനിധികളെ അയച്ചു് പറഞ്ഞു: 'ഈ മനുഷ്യൻ ഞങ്ങളെ ഭരിക്കുന്നതു് ഞങ്ങൾക്കിഷ്ടമില്ല'.

15. അവൻ രാജകീയാധികാരം പ്രാപിച്ച തിരിച്ചുവന്നപ്പോൾ പണം കൊടുത്തിരുന്ന ദാസന്മാർ വ്യാപാരം ചെയ്തു് എന്തുനേടി എന്നറിവാൻ അവരെ വിളിക്കാൻ കല്പിച്ചു.

16. ഒന്നാമൻ അവന്റെ മുമ്പിൽ വന്നുപറഞ്ഞു: യജമാനനേ, നിന്റെ മന്യാ പത്തുകൂടി ഉണ്ടാക്കിയിരിക്കുന്നു.

17. അവൻ അവനോടു പറഞ്ഞു: നല്ലവനായ ഭൃത്യാ, വളരെ നന്നു്. വളരെ ചെറിയ കാര്യത്തിൽ വിശ്വസ്തനായിരുന്നതിനാൽ പത്തു നഗരങ്ങളുടെ മേൽ നിനക്കധികാരമുണ്ടായിരിക്കും.

www.malankaralibrary.com



22. രണ്ടു താലന്തുണ്ടായിരുന്നവനും വന്നു പറഞ്ഞു: 'യജമാനനേ, അങ്ങ് എനിക്കു രണ്ടു താലന്താണല്ലോ നല്കിയതു്. ഇതാ, ഞാൻ രണ്ടു താലന്തു കൂടി ഉണ്ടാക്കിയിരിക്കുന്നു.
23. അവൻെറ യജമാനൻ അവനോടും പറഞ്ഞു: വളരെ നന്ന്. നല്ലവനും വിശ്വസ്തനുമായ ദാസാ നീ ചെറിയ കാര്യത്തിൽ വിശ്വസ്തനായിരുന്നു. നിന്നെ അധികമായതിൽ നിയമിച്ചാക്കും;

നിൻെറ യജമാനൻെറ സന്തോഷത്തിൽ പ്രവേശിക്കുക.
24. ഒരു താലന്തു കിട്ടിയവനും വന്നു പറഞ്ഞു:

യജമാനനേ, നിങ്ങൾ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്ന കഠിനമനുഷ്യനാണെന്നു് എനിക്കറിയാമായിരുന്നു.

25. അതിനാൽ ഞാൻ ഭയന്നു്പോയി നിൻെറ താലന്തു നിലത്തു മറച്ചുവച്ചു. നിൻേറതു് ഇതാ ഇവിടെയുണ്ടു്.

18. രണ്ടാമത്തവനും വന്നു പറഞ്ഞു: സ്വാമിൻ, നിൻെറ മന്യാ രണ്ടുകൂടെ ഉണ്ടാക്കിയിരിക്കുന്നു.

19. അവൻ അവനോടും പറഞ്ഞു:

നീ അഞ്ചു നഗരങ്ങളുടെ അധിപതിയായിരിക്കും.

20.(a) അപ്പോൾ മററൊരുവൻ വന്നു പറയുന്നു:

21.(bc) നിങ്ങൾ വയ്ക്കാത്തതു് എടുക്കുകയും വിതയ്ക്കാത്തതു കൊയ്യുകയും ചെയ്യുന്ന ഭയങ്കരനാണു്.

21.a അതിനാൽ എനിക്കു നിങ്ങളെ ഭയമായിരുന്നു. ഞാൻ നിൻെറ മന്യാ ഒരു ഉറുമാലിൽ പൊതിഞ്ഞു് ഒളിച്ചുവച്ചു സൂക്ഷിച്ചു. അതു് ഇതാ.

www.malankaralibrary.com



26. എന്നാൽ അവൻെറ യജമാനൻ പറഞ്ഞു: 'ദുഷ്ടനും മടിയനുമായ ദാസാ, ഞാൻ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്നവനാണെന്നു നിനക്കറിയാമായിരുന്നല്ലോ.
27. അപ്പോൾ നീ എൻെറ പണം ബാങ്കിൽ നിക്ഷേപിക്കേണ്ടിയിരുന്നു. ഞാൻ വരുമ്പോൾ എൻേറതു് പലിശയോടുകൂടി വാങ്ങുമായിരുന്നു.
28. അതുകൊണ്ടു് ആ താലന്തു് അവനിൽനിന്നെടുത്തു് പത്തുള്ളവനു കൊടുക്കുവിൻ.

29. എന്തെന്നാൽ ഉള്ളവനു കൂടുതൽ കൊടുക്കും; അവനു് സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽനിന്നു് ഉള്ളതു കൂടെയും എടുക്കും.
30. അയോഗ്യനായ ആ ദാസനെ പുറത്തെ അന്ധകാരത്തിലേയ്ക്കെറിഞ്ഞുകളയുവിൻ; അവിടെ മനുഷ്യർ നെടുവീർപ്പിടുകയും പല്ലുകടിക്കയും ചെയ്യും!

22. അവൻ അവനോടു പറഞ്ഞു: ദുഷ്ടദാസാ, ഞാൻ നിന്നെ നിൻെറ വായ് കൊണ്ടുതന്നെ വിധിക്കും. ഞാൻ വയ്ക്കാത്തതു് എടുക്കുകയും വിതയ്ക്കാത്തതു് കൊയ്യുകയും ചെയ്യുന്ന ഭയങ്കരനാണെന്നു് നിനക്കറിയാമായിരുന്നല്ലോ.
23. അപ്പോൾ നീ എന്തുകൊണ്ടു് എൻെറ പണം ബാങ്കിൽ നിക്ഷേപിച്ചില്ല. ഞാൻ തിരിച്ചുവരുമ്പോൾ പലിശയടക്കം ശേഖരിക്കുമായിരുന്നല്ലോ.
24. അവൻ അരികെ നിന്നവരോടു പറഞ്ഞു: ആ മന്‌യാ അവനിൽനിന്നെടുത്തു് പത്തുള്ളവനു കൊടുക്കുവിൻ.
25. അവൻ അവനോടു പറഞ്ഞു: 'നാഥാ, അവനു പത്തു മന്‌യാ ഉണ്ടല്ലോ'.
26. ഞാൻ നിങ്ങളോടു പറയുന്നു. ഉള്ളവനു കൂടുതൽ കൊടുക്കും; ഇല്ലാത്തവനിൽനിന്നു് ഉള്ളതുകൂടെയും എടുക്കും.

27. ഞാൻ അവരെ ഭരിക്കാൻ ഇഷ്ടപ്പെടാത്ത എൻെറ ശത്രുക്കളെ ഇവിടെ കൊണ്ടുവന്നു് എൻെറ മുമ്പിൽവച്ചു് കൊന്നുകളയുവിൻ.

www.malankaralibrary.com



ഒരേ ഉപമയുടെ രണ്ടു പുനരവതരണങ്ങളാണ് സുവിശേഷങ്ങളിലുള്ളത്. സുവിശേഷകന്മാരവലംബിക്കുന്ന ഉറവിടങ്ങൾ വ്യത്യസ്തമാകാം[89]. വിവരണങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും താത്വികപാഠം ഒന്നുതന്നെയാണ്.

തുകയുടെ കാര്യത്തിൽ വി. മത്തായിയും ദാസന്മാരുടെ എണ്ണത്തിൽ വി. ലൂക്കോസും അതിശയോക്തി സ്വീകരിച്ചിരിക്കുന്നു. ഒരു താലന്ത്[90] പതിനായിരം ദേനാറയാണ്. 50,000, 20,000, 10,000 ദേനാറ വീതമാണ് ദാസന്മാരെ ഏല്പിച്ചതു്, ഒന്നാം സുവിശേഷമനുസരിച്ച്. ഇതു് അസാധാരണ തുകയാണല്ലോ. ചെറിയ തുകയാണേല്പിച്ചിരുന്നതെന്നു് ഇരുസുവിശേഷങ്ങളും സൂചിപ്പിക്കുന്നുണ്ട്. "ചെറിയ കാര്യത്തിൽ വിശ്വസ്തനായിരുന്നു" (മത്താ. 25, 21-23; ലൂക്കോ. 19,17). ഈ പ്രസ്താവം ലൂക്കോസ് പറയുന്ന തുകയോടേ യോജിക്കുന്നുള്ളൂ. വ്യത്യാസങ്ങളെല്ലാം മാററിക്കഴിയുമ്പോൾ കിട്ടുന്നതു് വി. മത്തായി നൽകുന്ന വിവരണത്തോടടുത്ത രൂപമാണ്.

മൂന്നാമത്തെ ദാസൻ രണ്ടിലും അലസനാണ്. എന്നാൽ ഉത്തരവാദിത്വബോധമുള്ളവനായാണ് അവനെ ഒന്നാം സുവിശേഷം അവതരിപ്പിക്കുക. താലന്തു് നിലത്തു കുഴിച്ചുമൂടി വയ്ക്കുക (25, 25) സൂക്ഷിക്കാനുള്ള സുരക്ഷിതമാർഗ്ഗമായിരുന്നു, നിയമത്തിൻെറ ദൃഷ്ടിയിലും[91]. തുണിയിൽ പൊതിഞ്ഞുവയ്ക്കുന്നവൻ (ലൂക്കോ. 19, 20) ഉത്തരവാദിത്വമില്ലാതെയാണു് പെരുമാറുക. നഷ്ടപ്പെട്ടാൽ പരിഹരിക്കണം[92]. അലസനായിരുന്നവൻ ശിക്ഷിക്കപ്പെടുന്നു. അവനുള്ളതുകൂടെയും എടു

---

89. J. B. C. op. cit., p. 107; വ്യത്യാസങ്ങൾക്കുത്തരവാദി സുവിശേഷകന്മാരാണെന്നു് മൽദോനത്തൂസും പാരമ്പര്യമാണെന്നു് ലഗ്രാൻഷും അഭിപ്രായപ്പെടുന്നു. cf. Catholic Commentary, p. 962a.

90. താലന്തിൻെറ വില കാണുക

91. റബ്ബിനിക്കൽ നിയമം. cf. J. Jeremias, Parables of Jesus, p. 61. n. 51. പണയവസ്തുവോ നിരതദ്രവ്യമോ കിട്ടിയാലുടൻ നിലത്തു കുഴിച്ചുമൂടി വയ്ക്കുന്നതിൽ കുററമില്ല. അതു നഷ്ടപ്പെട്ടാലും പരിഹരിക്കേണ്ട.

92. cf. J. Jeremias, ibidem, p. 61 n. 51.

www.malankaralibrary.com



ക്കാൻ ആജ്ഞാപിക്കുന്നതായി ഇരുവരും രേഖപ്പെടുത്തുന്നു[93]. അതെടുക്കുവാൻ കാരണം അവൻതന്നെയാണ്. ലഭിച്ച പണം ഫലപ്രദമായി വിനിയോഗിച്ചവർ പ്രശംസിക്കപ്പെടുകയും പ്രതിഫലം പ്രാപിക്കയും ചെയ്യുന്നു[94].

ഉപമയിൽ യേശു ഉദ്ദേശിച്ചതെന്ത്? അതിന്റെ മൗലിക സന്ദേശമെന്നതിലും അതിനെ പുരസ്കരിച്ചുള്ള ധർമ്മോപദേശമാണ് സാധാരണ കേൾക്കുന്ന വ്യാഖ്യാനം. അധികാരമേല്പിക്കപ്പെട്ട ഭൃത്യന്റെ ഉപമയുടെ സന്ദർഭവും സന്ദേശവുമാണ് താലന്തുകളുടെ ഉപമയ്ക്കുള്ളത്. അധികാരവും അവസരവും യജമാനൻ ഉദ്ദേശിക്കുന്നതുപോലെ വിനിയോഗിക്കണമെന്ന പ്രത്യേക ഉപദേശവും നൽകുന്നു. ഫലപ്രദമായി ഉപയോഗിക്കാതിരിക്കുന്നതിന്റെ ഉത്തരവാദിത്വം മററാരുടേയുംമേൽ ആരോപിച്ച് രക്ഷപെടാനുമാവില്ലെന്നും പഠിപ്പിക്കുന്നു. യേശുവിൽ വന്നുചേർന്ന നിർണ്ണായകനിമിഷം തിരിച്ചറിയാത്തവക്ക് പററാവുന്ന അപകടം യേശു അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആഹ്വാനം കൈക്കൊള്ളുക. നിയമജ്ഞരേയും ഫരീസരേയുമാണ് അദ്ദേഹം ഉദ്ദേശിക്കുക. ദൈവാവിഷ്ക്കരണനിയമം എസ്രായുടെ കാലം (ബി. സി. 444) മുതൽ അവരെ ഏല്പിച്ചു. അവരതു് ദേശീയതയുടേയും ഇസ്രായേലിന്റേയും അവരുടെ ദൈവത്തിന്റെ സവിശേഷതകളുടേയും പേരിൽ തന്നിൽത്തന്നെ ഒതുക്കിനിർത്തി. വ്യാപാരം ചെയ്തു സമ്പാദിച്ചില്ല. മററു ജനതകളുമായി തങ്ങളുടെ മതം ആരോഗ്യകരമായ രീതിയിൽ ബന്ധപ്പെടാൻ അനുവദിച്ചില്ല. അന്ധവും നിരർത്ഥകവുമായ ആചാരം വഴി സ്വരക്ഷമാത്രം നോക്കി. നിയമത്തിന്റെ പരിശുദ്ധിയുടെ പേരിൽ മററുള്ളവരെയെല്ലാം ശത്രുക്കളാക്കി. ദൈവികവെളിപാടിന്റെ ഉദ്ദേ

---

93. ''......ഉള്ളതും എടുത്തു് പത്തുള്ളവനു കൊടുക്കുവിൻ'' എന്ന പ്രസ്താവം സാഹിത്യപരമായി നോക്കുമ്പോൾ ശിക്ഷയുടെ പ്രാധാന്യം കുറയ്ക്കുകയാണ്. കാരണം പ്രസ്തുത പ്രസ്താവം ശ്രദ്ധയെല്ലാം ഒന്നാമന്റെ പക്കലേയ്ക്കു തിരിക്കുന്നു. നല്ലപ്പെട്ട ഉത്തരവാദിത്വം ശരിയായി നിർവഹിക്കാത്തവനു ലഭിച്ച വിധിയേക്കാൾ പ്രധാനം അതു് ശരിയായി വിനിയോഗിച്ചവനു നല്കിയ പ്രതിഫലത്തിനാണ്.

94. ശിക്ഷയും പ്രതിഫലവും രേഖപ്പെടുത്തുന്നതിൽ സുവിശേഷകന്മാർ അവരവരുടെ പ്രത്യേകത പുലർത്തിയിട്ടുണ്ട്.

www.malankaralibrary.com



ശ്യം നിഷ്പ്രഭമാക്കി, പ്രയോജനരഹിതമാക്കി. അവക്ക് മോശയുടെ ഗുരുപീഠം നല്കി. പക്ഷേ അവരത് ശരിയായി വിനിയോഗിച്ചോ? യജമാനന്റെ മനസ്സിനൊത്ത് വ്യാപാരം ചെയ്തോ? കണക്കുകൊടുക്കണം. ദൈവികസന്ദർശനത്തിൽ, പ്രതിസന്ധിഘട്ടത്തിൽ അവർ വിധി അനുഭവിക്കേണ്ടി വരും.

ആദിമസഭ അഭിമുഖീകരിച്ച സാഹചര്യത്തോട് ഉപമ അനുരൂപപ്പെടുത്തി. അവർക്ക് ക്രിസ്തുവിന്റെ ദ്വിതീയാഗമമാണല്ലോ യുഗാന്ത്യസംഭവം. അത് നിർണ്ണായക നിമിഷവും വിധിയുടെ സമയവുമാണ്. സഭ ലാക്ഷണിക വ്യാഖ്യാനം നൽകി. വിദേശത്തു പോയി രാജത്വം പ്രാപിച്ച വന്നവൻ ക്രിസ്തുവിന്റെ പ്രതിരൂപമാണ്. അദ്ദേഹം മഹത്വം പ്രാപിച്ച് വീണ്ടും വരും. അപ്രതീക്ഷിതമായിരിക്കും വരവ്. നമ്മെ ഏല്പിച്ചിരിക്കുന്ന നാണയം ഫലപ്രദമായി വിനിയോഗിക്കണം. ഇല്ലെങ്കിൽ നിത്യശിക്ഷ അനുഭവിക്കേണ്ടിവരും. നിരുത്തരവാദിത്വപരമായ ക്രിസ്തീയ ജീവിതത്തിനെതിരേ ക്രിസ്തീയ സമൂഹത്തെ ഉപദേശിക്കുന്നതാക്കിയിരിക്കുന്നു ഉപമ.

'ഉള്ളവനു കൊടുക്കും; ഇല്ലാത്തവനിൽനിന്ന് ഉള്ളതും എടുക്കും[95] (മത്താ. 25,29; ലൂക്കാ. 19, 26). ഉപമയിൽനിന്ന് വേറിട്ടുനിന്ന ഒരു സ്വതന്ത്രോക്തിയായിരുന്നു[96]. രണ്ടു സുവിശേഷത്തിലും ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നു. സുവിശേഷകന്മാർ ചേർത്തതല്ല. പാരമ്പര്യത്തിലുള്ളതാണ്[97]. സഭ ഉപമയോടു സംയോജിപ്പിച്ചതാണ്[98]. "....അവനിൽനിന്ന് ആ താലന്തെടുത്തു പത്തുള്ളവനു കൊടുക്കുവിൻ" എന്ന ആജ്ഞ സാധൂകരിക്കാനാണിത്. ഉപമയുടെ മുഴുവൻ വ്യാഖ്യാനമെന്ന നിലയാണ് അവിടെയതിന്[99]. പക്ഷേ ഉപമയുടെ വീക്ഷ

95. 'ഉള്ളവന് കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതും എടുക്കപ്പെടും' എന്നാണ് പദാനുപദ തർജ്ജമ. 'ദൈവം നൽകും; ദൈവം എടുക്കും' എന്നർത്ഥമുള്ള വക്രോക്തി.

96. മർക്കോ. 4, 25; മത്താ. 13,12; ലൂക്കാ. 8,18

97. J. Jeremias, Rediscovering the parables, p. 49; n.2: "ജീവിതം അതുപോലെ അനീതികരമാണ്" എന്നോ മറ്റോ ഉള്ള പഴഞ്ചൊല്ലായിരിക്കാം ആരംഭത്തിലത്.

98. Cf. C. H. Dodd, op. cit., p. 152f.

99. cf. J. Jeremias, Rediscovering the Parables, p. 50. മത്താ. 25, 28; ലൂക്കാ. 19, 24 ന്റെ മാത്രം വിശദീകരണമായല്ല.

www.malankaralibrary.com



ണത്തിന്നാകെ വ്യതിയാനം വരുത്തുന്നു. ദൈവം പ്രതിഫലം നൽകുന്ന വിധവും അതിന്റെ സ്വഭാവവും വിശദമാക്കുന്ന ഒന്നാക്കിയിരിക്കുകയാണ്. ഉപമയുടെ പ്രധാന സന്ദേശത്തിന്റെ പ്രാധാന്യം കുറയുന്നല്ലോ.

സുവിശേഷകന്മാരും ഉപമസ്സ് ലക്ഷണകഥാഘടകങ്ങളും ചേർത്തിട്ടുണ്ട്. വി. മത്തായി ഉപമസ്സ് ക്രിസ്തുവാത്മകവ്യാഖ്യാനം നൽകുന്നു. താലന്ത് ശരിയായി വിനിയോഗിച്ചവനോട് യജമാനൻ കല്പിക്കുന്നു: "നിന്റെ യജമാനന്റെ സന്തോഷത്തിലേയ്ക്കു പ്രവേശിക്കുക". മിശിഹായുടെ വിരുന്നിൽ പങ്കുകൊള്ളാൻ ക്ഷണിക്കുന്നു. അത് അലൗകികാഹ്വാനമാണ്. ഇതുതന്നെ "അവനെ പുറത്തെ അന്ധകാരത്തിലേയ്ക്കു തള്ളുക; അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും" (മത്താ. വാക്യം. 30) എന്ന കല്പനയിലും നിഴലിക്കുക. വെറുമൊരു മനുഷ്യന്റെ സ്വരമല്ല, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടാരംഭിക്കുന്ന പുതിയ യുഗത്തിൽ മനുഷ്യർക്ക് പ്രതിഫലം നൽകുന്ന വിധികർത്താവായ ക്രിസ്തുവിന്റെ സ്വരമാണ്[100].

വാക്യം 30-ലെ രണ്ട് വാചകത്തിലും വി. മത്തായിയുടെ സാഹിതീയ പ്രത്യേകതകളുണ്ട്[101]. പ്രസ്തുത വാചകങ്ങൾ ഉപസംഹാരമായുപയോഗിക്കുന്നതിൽ അദ്ദേഹം പ്രത്യേകം തല്പരനമാണ്[102]. അലസന് സാധാരണ (ഭൗമിക) ശിക്ഷയും നരകശിക്ഷയും നൽകുന്നു. ശിക്ഷ ഇരട്ടിച്ചു[103]. ആരംഭിക്കുന്നതും അവസാനിക്കുന്നതും ശ്രദ്ധിക്കുക. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് ഒരുങ്ങിയിരിക്കണമെന്ന ആഹ്വാനത്തോടെ തുടങ്ങുന്നു. അന്ത്യവിധിയെക്കുറിച്ചുള്ള പ്രസ്താവത്തോടെ അവസാനിക്കുന്നു. സുവിശേഷകൻ ഉപമ കാണുന്നതിങ്ങനെയാണ്. ദൂരദേശത്തേയ്ക്കുപോയ മാന്യൻ യേശുക്രിസ്തുവത്രേ.

---

100. cf. J. Jeremias, Parables of Jesus, p. 60; B. T. D. Smith, p. 166.

101. കാണുക മത്താ. 8, 12; 22, 13; 1342, 50; 22, 24-51.

102. മത്താ. 8, 12; 22, 13.

103. അത് ഉപമയുടെ മൗലികമായ രംഗസംവിധാനത്തിനു യോജിക്കുന്നില്ല. വി. ലൂക്കോസിൽ ശിക്ഷ ഭൗമികം മാത്രം. മത്താ. 25, 30 ഉപമയുടെ സെററിംഗിനതീതമാണ്.

www.malankaralibrary.com



അയാളുടെ യാത്ര സ്വർഗ്ഗാരോഹണവും. അയാൾ വളരെ നാളു കൾക്കുശേഷം തിരിച്ചുവന്നു. അതു് ക്രിസ്തുവിൻെറ ദ്വിതീയാ ഗമം. അദ്ദേഹം വരുമ്പോൾ സ്വജനത്തെ മിശിഹായുടെ വി രുന്നിനു ക്ഷണിക്കും. മററുള്ളവരെ പുറത്തെ അന്ധകാരത്തി ലെറിയും[104].

ഉപമ ക്രിസ്തുവാത്മകമാക്കുന്നതിൽ വി. ലൂക്കോസ് കുറെ ക്കൂടി മുന്നോട്ടുപോയി. ഒന്നാം സുവിശേഷകനെക്കാൾ ലക്ഷ ണകഥാഘടകങ്ങൾ ചേർത്തു. ഇതു് രാജത്വം പ്രാപിച്ചു തിരി ച്ചുവരാൻപോയ മാന്യൻെറ ഉപമ (വാക്യം. 14–15a. 27) ചേർത്തിരിക്കുന്നതിൽ പ്രകടമാണു്. ഉപമയ്ക്കാധാരമായ ഒരു ചരിത്രസംഭവമുണ്ടു്. ബി. സി. നാലാം വർഷം അർക്കലേ വൂസ് (മഹാനായ ഹേറോദേസിൻെറ മകൻ) പിതാവിൻെറ മരണശേഷം തൻെറ രാജത്വം അംഗീകരിച്ചുകിട്ടാൻ റോമിൽ പോയി. റോമാചക്രവർത്തിയാണല്ലോ അന്നു് യഹൂദരെ ഭരി ച്ചിരുന്നതു്. യഹൂദന്മാർ അമ്പതു പേരടങ്ങുന്ന ഒരു പ്രതിനി ധിസംഘത്തെ ചക്രവർത്തിയായ അഗസ്റ്റസ് സീസറിൻെറ അടുക്കലയച്ചു. അർക്കലേവൂസിനെ തങ്ങളുടെ രാജാവാക്കരു തെന്നു് അറിയിച്ചു. എങ്കിലും അദ്ദേഹത്തിനു് സിറിയായു ടേയും യഹൂദിയായുടേയുംമേൽ അധികാരം കിട്ടി. വന്നയുടൻ എതിരാളികളെ വകവരുത്തി. ഈ സംഭവമാസ്പദമാക്കിയുള്ള ഉപമ മന്യാകളുടെ (താലന്തുകളുടെ) ഉപമയോടു ചേർത്തു. മന്യാകൾ വർദ്ധിപ്പിച്ചവരെ തദനുസൃതം നഗരാധിപതിക ളാക്കി (വാക്യം. 24–25). അലസനണ്ടായിരുന്നതും എടുത്തു് കൂടുതലുള്ളവനു് കൊടുക്കാൻ കല്പിക്കുന്നു. അവിടെ നിന്നവർ എതിർത്തു (വാക്യം 25)[105]. അക്കാര്യം വി. ലൂക്കോസിൻെറ വിവരണത്തിൽ മാത്രമേയുള്ളൂ. ഇത്തരം കൂട്ടിച്ചേർക്കലുകൾക്കു സുവിശേഷകൻ പൊതുവെ വിമുഖനാണു്. അതിനാലതു് അദ്ദേഹം ഉപമയ്ക്കാധാരമാക്കിയ പാരമ്പര്യത്തിനുള്ളതാവാം[106].

വി. ലൂക്കോസ് ഉപമ ഒരു പ്രത്യേകതരത്തിൽ വ്യാഖ്യാ

---

104. cf. J. Jeremias, Rediscovering the Parables, p. 50.

105. Cf. J. Jeremias, Parables of Jesus, p. 59. ദശനഗരങ്ങ ളുടെ അധിപതിയായി നിയമിച്ചുകഴിഞ്ഞു് എതിർക്കുന്നതിൽ അർത്ഥമില്ല ല്ലോ.

106. ഈ ഭാഗത്തെക്കുറിച്ചു് കൂടുതൽ പഠനം ആവശ്യമാണു്.

www.malankaralibrary.com



അയാളുടെ യാത്ര സ്വർഗ്ഗാരോഹണവും. അയാൾ വളരെ നാളുകൾക്കുശേഷം തിരിച്ചുവന്നു. അതു് ക്രിസ്തുവിൻെറ ദ്വിതീയാഗമം. അദ്ദേഹം വരുമ്പോൾ സ്വജനത്തെ മിശിഹായുടെ വിരുന്നിനു ക്ഷണിക്കും. മററുള്ളവരെ പുറത്തെ അന്ധകാരത്തിലെറിയും[104].

ഉപമ ക്രിസ്തുപാത്മകമാക്കുന്നതിൽ വി. ലൂക്കോസ് കുറെക്കൂടി മുന്നോട്ടുപോയി. ഒന്നാം സുവിശേഷകനെക്കാൾ ലക്ഷണകഥാംഘടകങ്ങൾ ചേർത്തു. ഇതു് രാജത്വം പ്രാപിച്ചു തിരിച്ചുവരാൻപോയ മാന്യൻെറ ഉപമ (വാക്യം. 14–15a. 27) ചേർത്തിരിക്കുന്നതിൽ പ്രകടമാണ്. ഉപമയ്ക്കാധാരമായ ഒരു ചരിത്രസംഭവമുണ്ട്. ബി. സി. നാലാം വർഷം അർക്കലേവൂസ് (മഹാനായ ഹേറോദേസിൻെറ മകൻ) പിതാവിൻെറ മരണശേഷം തൻെറ രാജത്വം അംഗീകരിച്ചുകിട്ടാൻ റോമിൽ പോയി. റോമാചക്രവർത്തിയാണല്ലോ അന്നു് യഹൂദരെ ഭരിച്ചിരുന്നതു്. യഹൂദന്മാർ അമ്പതു പേരടങ്ങുന്ന ഒരു പ്രതിനിധിസംഘത്തെ ചക്രവർത്തിയായ അഗസ്റ്റസ് സീസറിൻെറ അടുക്കലയച്ചു. അക്കലേവൂസിനെ തങ്ങളുടെ രാജാവാക്കരുതെന്നു് അറിയിച്ചു. എങ്കിലും അദ്ദേഹത്തിനു് സിറിയായുടേയും യഹൂദിയായുടേയുംമേൽ അധികാരം കിട്ടി. വന്നയുടൻ എതിരാളികളെ വകവരുത്തി. ഈ സംഭവമാസ്പദമാക്കിയുള്ള ഉപമ മന്യാകളുടെ (താലന്തുകളുടെ) ഉപമയോടു ചേർത്തു. മന്യാകൾ വർദ്ധിപ്പിച്ചവരെ തദനുസൃതം നഗരാധിപതികളാക്കി (വാക്യം. 24–25). അലസനുണ്ടായിരുന്നതും എടുത്തു് കൂടുതലുള്ളവനു് കൊടുക്കാൻ കല്പിക്കുന്നു. അവിടെ നിന്നവർ എതിർത്തു (വാക്യം 25)[105]. അക്കാര്യം വി. ലൂക്കോസിൻെറ വിവരണത്തിൽ മാത്രമേയുള്ളു. ഇത്തരം കൂട്ടിച്ചേർക്കലുകൾക്ക സുവിശേഷകൻ പൊതുവെ വിമുഖനാണ്. അതിനാലതു് അദ്ദേഹം ഉപമയ്ക്കാധാരമാക്കിയ പാരമ്പര്യത്തിനുള്ളതാവാം[106].

വി. ലൂക്കോസ് ഉപമ ഒരു പ്രത്യേകതരത്തിൽ വ്യാഖ്യാ

---

104. cf. J. Jeremias, Rediscovering the Parables, p. 50.
105. Cf. J. Jeremias, Parables of Jesus, p. 59. ദശനഗരങ്ങളുടെ അധിപതിയായി നിയമിച്ചുകഴിഞ്ഞു് എതിർക്കുന്നതിൽ അർത്ഥമില്ലല്ലോ.
106. ഈ ഭാഗത്തെക്കുറിച്ചു് കൂടുതൽ പഠനം ആവശ്യമാണ്.

www.malankaralibrary.com



നിക്കുന്നു. ദൈവരാജ്യം അത്യാസന്നമാണെന്ന പ്രതീക്ഷ എതിർക്കാനാണ് യേശു ഈ ഉപമ പറഞ്ഞതു് (വാക്യം 11). സ്വർഗ്ഗരാജ്യം വരാൻ അല്പം വൈകും. ഇക്കാലം ശിഷ്യന്മാർക്ക് ഒരു പരീക്ഷണഘട്ടമാണ്. അതു് വേണ്ടവിധം വിനിയോഗിക്കണം[107]. യേശു (മനുഷ്യപുത്രൻ) രാജത്വം പ്രാപിച്ച് വിധികർത്താവായി മഹത്വത്തോടെ ആഗതനാകും. കണക്കുചോദിക്കുമ്പോൾ ശിക്ഷിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക[108]. ദൈവരാജ്യത്തിന്റെ ആഗമനം മുന്നിൽക്കണ്ടുകൊണ്ടാണ് അദ്ദേഹം ഉപമയവതരിപ്പിക്കുക.

താലന്തുകളുടെ ഉപമയുടെ സന്ദേശം വളരെ സങ്കുചിതപ്പെടുത്തിയാണ് സാധാരണ കാണുക. ദൈവം ഓരോ വ്യക്തിക്കും അവനവന്റെ കഴിവനുസരിച്ച് താലന്തു നൽകിയിട്ടുണ്ടെന്നും അതു ഫലപ്രദമായി വിനിയോഗിക്കണം എന്നുമുള്ള വ്യാഖ്യാനം തെററല്ല. എങ്കിലും സഭയ്ക്കു പൊതുവെയുള്ള സന്ദേശത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതു്. ദൈവിക വെളിപാട് സഭയെ ഏല്പിച്ചിരിക്കുന്നു. അതു് അവർക്കുവേണ്ടി മാത്രമല്ല. മററുള്ളവർക്കുവേണ്ടിയുമാണ്. പരിശുദ്ധിയുടെ പേരിൽ ഇതരരിൽനിന്നകന്നുനിന്നാൽ യഹൂദനേതാക്കന്മാരുടെ അപരാധം ആവർത്തിക്കുകയാണ്.

യേശു സമുദ്ഘാടനം ചെയ്ത ദൈവിക സന്ദർശനവും, പ്രതിസന്ധിയുടേയും വിധിതീർപ്പിന്റേയും സമയവും അദ്ദേഹ

107 Cf. J. Jeremias Parables of Jesus, p. 61

108 എന്നാൽ ഉപമയിൽത്തന്നെ ക്രിസ്തുവാത്മകദർശനത്തിനു് വിപരീതമായ രണ്ടു സംഗതികൾ ചിലർ ചൂണ്ടിക്കാട്ടാറുണ്ടു്. അലസനായ ദാസൻ യജമാനനെ കുററപ്പെടുത്തുന്നു: ''നീ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്ന കഠിനമനുഷ്യനാണ്....'' (മത്താ. 25,24=ലൂക്കാ. 19,21). ഇങ്ങനെ യേശുവിനെക്കുറിച്ചു പറയാമോ? അതുപോലെ, ശത്രുക്കളെ കൺമുമ്പിൽ വച്ചു വകവരുത്തുന്ന രാജാവിൽ യേശുവിന്റെ ചിത്രമാണോ? ഈ ഘടകങ്ങൾ ലാക്ഷണികമായി വ്യാഖ്യാനിക്കുന്നതിനാലാണ് മേല്പറഞ്ഞ പ്രശ്നമുദിക്കുക. ഉപമാംശങ്ങൾക്കെല്ലാം ഒന്നുപോലെ പ്രാധാന്യം കൊടുക്കരുതല്ലോ. ലൂക്കോസിന്റെ സുവിശേഷത്തിൽ വിശ്വസ്ത ദാസന്മാർക്ക് യജമാനൻ നൽകുന്ന പ്രതിഫലം ഭൗമികമാണെന്നും ആരോപണമുണ്ട്. പക്ഷേ ആരോപണവിഷയം ഉപമയ്ക്കു് ഒരു പ്രശ്നവും സൃഷ്ടിക്കുന്നില്ലല്ലോ.

www.malankaralibrary.com



ത്തിൻെറ രണ്ടാമത്തെ വരവുവരെ നിലനില്ക്കുന്നു. അതു് ഓരോ കാലഘട്ടത്തിലും പലതരത്തിൽ ആവിഷ്കൃതമാകുന്നു. തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുക നമ്മുടെ ചുമതലയത്രേ. ദൈവം നമ്മെ എപ്പോഴും ഏതുവിധം സന്ദർശിച്ചാലും നാം വിധിക്കപ്പെടാതിരിക്കാൻ സദാ ഒരുങ്ങിയിരിക്കണം.

3. പശ്ചാത്തപിക്കുക.

(i) കായിക്കാത്ത അത്തിവൃക്ഷം (ലൂക്കോ. 13, 6-9).

വാക്യം 6. അവൻ ഈ ഉപമയും പറഞ്ഞു: ഒരു മനുഷ്യനു് തൻെറ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷമുണ്ടായിരുന്നു. അയാൾ അതിൽ ഫലമന്വേഷിച്ചു വന്നു, പക്ഷേ ഒന്നും കണ്ടില്ല.

7. അയാൾ തോട്ടക്കാരനോടു പറഞ്ഞു: കഷ്ടം! മൂന്നു വർഷമായി ഞാൻ ഈ അത്തിയിൽ ഫലമന്വേഷിച്ചുവരുന്നു. പക്ഷേ ഒന്നും കാണുന്നില്ല. അതു വെട്ടിക്കളയുക; നിലം പാഴാക്കുന്നതെന്തിനു്?

8. അവൻ മറുപടി പറഞ്ഞു: യജമാനനേ, ഞാൻ അതിൻെറ ചുവടു കിളച്ചു് വളമിടുവോളം അതവിടെ നില്ക്കട്ടെ.

9. അടുത്തവഷം അതു ഫലം നല്കിയേക്കാം. എങ്കിൽ വളരെ നന്നു്. അല്ലെങ്കിൽ അങ്ങേയ്ക്കതു് വെട്ടിക്കളയാം.

വി. ലൂക്കോസിൻെറ സുവിശേഷത്തിൽ മാത്രം കാണുന്ന ഉപമയാണിതു്. എന്നാൽ അതേ സന്ദേശമുള്ള ഒരു സംഭവം മററു് രണ്ടു് സമവീക്ഷണസുവിശേഷങ്ങളിലുമുണ്ടു് (മക്കോ. 11, 12-14. 20-25; മത്താ. 21, 18-22). യേശുവിൻെറ ജീവിതത്തിലെ പ്രസ്തുത സംഭവം ത്രിതീയസുവിശേഷകൻ ഉപമയിലാക്കിയതാവാം. മറിച്ചു് മററിരുവരും ഉപമ സംഭവരൂപത്തിലാക്കിയതാണോ? അത്തിപ്പഴത്തിൻെറ കാലമല്ലാതിരുന്നപ്പോൾ യേശു ഫലം കാണാഞ്ഞ് അത്തിയെ എന്തുകൊണ്ടു് ശപിച്ചു? ഇതു് ചരിത്രസംഭവമാണോ? നിർണ്ണയിക്കുക ശ്രമകരമായ പ്രശ്നങ്ങൾതന്നെ. പ്രവൃത്തിരൂപത്തിലുള്ള ഉപമയാണു് മക്കോ. 11, 12-14. 20-25 ലുള്ളതു് എന്നത്രേ

www.malankaralibrary.com



പണ്ഡിതന്മാർ, നൽകുന്ന വിശദീകരണം. ഉപമയ്ക്ക് ആധാരമായി ഒരു പുരാവൃത്തം യേശു ഉപയോഗിച്ചിരിക്കാം[109].

പലസ്തീനായിൽ കർഷകർ മുന്തിരിത്തോട്ടത്തിലും പച്ചക്കറിത്തോട്ടത്തിലും അത്തി വച്ചുപിടിപ്പിച്ചിരുന്നു. അത് തണൽവൃക്ഷവും ഫലവൃക്ഷവുമായിരുന്നു. മുപ്പത്തിയഞ്ചുമുതൽ നാല്പതുവരെ അടി ഉയരത്തിൽ വളരും. കല്ലുള്ള സ്ഥലത്തും സമൃദ്ധിയായി വളരും. ഇലയ്ക്ക് നല്ല കട്ടിയാണ്. ഫലത്തിന് നല്ല രുചിയുമുണ്ട്. ആദ്യത്തെ മൂന്നുവർഷങ്ങളിലെ ഫലം നിയമപരമായി അശുദ്ധമാണ്. 'മൂന്നുവർഷം ഉടമസ്ഥൻ ഫലമന്വേഷിച്ചുവന്നു' (വാക്യം 7). ഫലം പരിശുദ്ധമാകുന്നതിന് മൂന്നുവർഷം കാത്തിരുന്നെന്നാകാം. അതിനുശേഷവും മൂന്നുവർഷംകൂടി കാത്തിരുന്നെന്നുമാകാം. അവസാനമായി ഒരു ശുശ്രൂഷയ്ക്കുകൂടി തോട്ടക്കാരൻ ശ്രമിക്കുന്നു (വാക്യം. 8–9). ഫലം നൽകാത്ത അത്തിക്കു വളമിടുക അസാധാരണ ശുശ്രൂഷയാണ്. അവസാനത്തെ നിർണ്ണായകശുശ്രൂഷ.

ഉപമയിൽ തോട്ടമുടമയെക്കാൾ സ്ഥാനം കൃഷിക്കാരനാണ്. യജമാനന്റെ നിശ്ചയത്തിനും കല്പനയ്ക്കും മീതെ കൃഷിക്കാരന്റെ വാക്കുകൾക്കു വില! യേശുവിന്റെ ശ്രോതാക്കൾ ഉപമ മനസ്സിലാക്കിയതെങ്ങനെയെന്നാണ് ശ്രദ്ധിക്കേണ്ടത്. ഉപമയുടെ ഉദ്ദേശ്യം 'പശ്ചാത്തപിക്കുക' എന്ന ആശയം വിശദമാക്കുകയാണ്. മററു പ്രശ്നങ്ങൾ പ്രസക്തമല്ല. അത്തിവൃക്ഷം ഇസ്രായേലിനെ സൂചിപ്പിക്കുന്നു. ഇത്രനാളും അവളിൽനിന്ന് സദ്ഫലം പ്രതീക്ഷിച്ചു, പക്ഷേ കണ്ടില്ല. വിധിയുടെ കാലമായി. നിർണ്ണായകശുശ്രൂഷ നൽകുകയാണ്. പശ്ചാത്താപത്തിനുള്ള അവസാനത്തെ അവസരം. അതു പാഴാക്കുകയാണെങ്കിൽ "നിങ്ങളും ഇതുപോലെ നശിച്ചുപോകും" (ലൂക്കാ. 13, 3). യഹൂദന്മാരെ കുററപ്പെടുത്തുന്നതായും പശ്ചാത്താപ

109. ഉപമയിലെ വാക്കുകൾക്കു സമാനമായ പദങ്ങളുള്ള ഒരു കഥ (ആഹീക്കാറിന്റെ–ബി. സി. 5–ാം നൂററാണ്ട്) ഉണ്ട്. കഥ ഇങ്ങനെയാണ്. "എന്റെ മകനേ, വെള്ളത്തിന്നടുത്തു നിന്നിട്ട് ഫലം നൽകാത്ത വൃക്ഷത്തെപ്പോലെയായല്ലോ നീ. അതു വെട്ടിക്കളയുവാൻ തോട്ടമുടമ നിർബ്ബന്ധിതനായി. ആ വൃക്ഷം പറഞ്ഞു: 'എന്നെ മാററി നട്ടു, എന്നിട്ടും ഫലിക്കുന്നില്ലെങ്കിൽ വെട്ടിക്കളഞ്ഞുകൊള്ളാം. ഉടമസ്ഥൻ മറുപടി പറഞ്ഞു: വെള്ളത്തിനടുത്തു നിന്നിട്ടും കായ്ക്കാത്ത നീയാണോ വേറൊരിടത്തു ചെന്നാൽ കായ്ക്കാൻ പോവുക?".

www.malankaralibrary.com



ത്തിലേയ്ക്കു വിളിക്കുന്നതായും അവർക്കു മനസ്സിലായി. "പശ്ചാത്തപിക്കയില്ലെങ്കിൽ നിങ്ങളും ഇതുപോലെ നശിച്ചുപോകും" എന്ന കഠിനവാചകമാണ് അവരുടെ ശ്രദ്ധ കൂടുതൽ പിടിച്ചുപററിയതു്.

ഒരു വർഷംകൂടി നീട്ടിത്തരാൻ കൃഷിക്കാരൻ നടത്തുന്ന അഭ്യർത്ഥന (വാക്യം. 8–9)യ്ക്കാണ് ശിഷ്യന്മാർ ശ്രദ്ധ നല്കിയതു്. അത്തി നശിപ്പിക്കാതിരിക്കാൻ അയാളപേക്ഷിക്കുന്നു. തങ്ങൾ സ്വസഹോദരർക്കുവേണ്ടി അപേക്ഷിക്കുമെങ്കിൽ അവർ നശിച്ചുപോകയില്ല. എന്നാൽ അവധിക്കും പരിധിയുണ്ടു്. പ്രായശ്ചിത്തത്തിന്റേയും പരിഹാരത്തിന്റെയും ആ അവസരം നിർണ്ണായകമാണ്. അതു പാഴാക്കരുതു്. ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കുക മാത്രമേ മാർഗ്ഗമുള്ളു. സഹോദരന്റെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ ഉദ്ബോധിപ്പിക്കുന്നതായി ഉപമ ശിഷ്യന്മാർ ദർശിച്ചു.

(ii) രണ്ടു പുത്രന്മാർ (മത്താ. 21, 28–32)

വാക്യം. 28. "നിങ്ങൾ എന്തു വിചാരിക്കുന്നു? ഒരാൾക്കു് രണ്ട് പുത്രന്മാരുണ്ടായിരുന്നു. അയാൾ ഒന്നാമനോടു പറഞ്ഞു: 'മകനേ, ഇന്നു് നീ പോയി മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുക."

29. അവൻ മറുപടി പറഞ്ഞു: 'യജമാനനേ, ഞാൻ പോകയില്ല'. പക്ഷേ പിന്നീടു് പശ്ചാത്തപിച്ച് പോയി.

30. അയാൾ രണ്ടാമനോടും അതുതന്നെ പറഞ്ഞു. 'ഞാൻ പോകുന്നു, യജമാനനേ' എന്നു് അവൻ മറുപടി പറഞ്ഞു. പക്ഷേ പിന്നീടു് പോയില്ല.

31. "ഈ രണ്ടുപേരിൽ പിതാവിന്റെ ഇഷ്ടം പ്രവർത്തിച്ചതാരു്?" അവർ പറഞ്ഞു: 'ഒന്നാമൻ'. യേശു അവരോടു പറഞ്ഞു: 'ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പോകുന്നു.

32. എന്തെന്നാൽ യോഹന്നാൻ നീതിമാർഗ്ഗത്തിൽ നിങ്ങളുടെ അടുക്കൽ വന്നു; നിങ്ങളവനെ വിശ്വ

www.malankaralibrary.com



സിച്ചില്ല; ചുങ്കക്കാരും പാപികളും വിശ്വസിച്ചു. അതു കണ്ടിട്ടും പിന്നീടെങ്കിലും നിങ്ങൾ പശ്ചാത്തപിക്കയോ വിശ്വസിക്കയോ ചെയ്തില്ല''.

സമവീക്ഷണ വിവരണമില്ലാത്ത ഉപമയാണിതു്. കഥയുടെ സംഭവക്രമമനുസരിച്ചല്ല രേഖപ്പെടുത്തിയിരിക്കുക. ഒന്നാമൻ പശ്ചാത്തപിച്ചു പോയ വിവരം പറഞ്ഞശേഷമാണു് രണ്ടാമനെ സമീപിച്ച സംഗതി സൂചിപ്പിക്കുക. ഒന്നാമൻ നിഷേധിച്ചപ്പോഴേ രണ്ടാമന്റെ അടുത്തുപോയി. അവൻ സമ്മതിച്ചെങ്കിലും പോയില്ല. മററവൻ ''ഒടുവിൽ പശ്ചാത്തപിച്ചു പോയി''. ഇക്കാര്യം 29–ാം വാക്യത്തിന്റെ അവസാനമാണു് ഉചിതം.

ഉപമയുടെ അവതരണത്തിലെ പ്രത്യേകത ശ്രദ്ധിക്കുക. സുവിശേഷത്തിലെ മററുപമാവിവരണങ്ങളോടു് താരതമ്യപ്പെടുത്തുമ്പോഴാണ് വ്യക്തമാകുന്നു. പ്രഘോഷണപരമായിത്തന്നെ 'രണ്ടു പുത്രന്മാരുടെ ഉപമ' സുവിശേഷകൻ നിലനിർത്തുന്നു. അതായതു് യേശു പറഞ്ഞ രീതിയിൽത്തന്നെ. കൂട്ടതലായൊന്നും ചേർക്കുന്നില്ല. യേശുതന്നെ ഉപമ ലക്ഷണകഥയാക്കിയിട്ടുണ്ടു്. സുവിശേഷകൻ അതു് പുനരവതരിപ്പിക്കുന്നു.

''നിങ്ങൾക്കു് എന്തു തോന്നുന്നു?'' എന്ന ചോദ്യം യേശു ഉപമയ്ക്കു നൽകുന്ന ആമുഖമാണു്. ചോദ്യരൂപത്തിലുള്ള ആമുഖവുമായി ആരംഭിക്കുക അത്ര സാധാരണയല്ലല്ലോ. എന്നാൽ ശ്രോതാക്കളുടെ ഉദ്വേഗമുണർത്തി ശ്രദ്ധയാകർഷിക്കാൻ ഇതു നന്നേ ഉപകരിക്കുന്നു.

പിതാവിന്റെ പ്രത്യേക സ്നേഹത്തിനു പാത്രമായിരുന്നു രണ്ടു പുത്രന്മാരും[110]. അവരുടെ പെരുമാററരീതിയിലുള്ള വൈരുദ്ധ്യം വളരെ വ്യക്തമാക്കിയിട്ടുണ്ടു് ഉപമയിൽ. ശ്രോതാക്കൾതന്നെ മറുപടി പറയുന്നല്ലോ (വാക്യം 31).

---

110. 'പുത്രൻ' എന്നർത്ഥമുള്ള സാധാരണ ഗ്രീക്കുപദം 'ഹുയോസ്' ആണു്. അതല്ല സുവിശേഷകൻ ഉപയോഗിക്കുക. 'വാത്സല്യപുത്രൻ' എന്നർത്ഥമുള്ള 'തെക്നോ' ആണു്. ഇതേ പദം ക്രിസ്ത്യാനികളെക്കുറിച്ചു് വി. യോഹന്നാൻ സ്വീകരിച്ചിരിക്കുന്നു.

www.malankaralibrary.com



"ചുങ്കക്കാരും പാപികളും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽപോകുന്നു", "മുമ്പേ പോകുന്നു" എന്ന ശൈലി സാമയിക മുൻഗണനയും നിഷേധവും (=നിങ്ങൾ പോകുന്നില്ല) സൂചിപ്പിക്കുന്നതാണ്[111]. യേശുവിന്റെ വാക്കുകൾ അന്ത്യകാലസ്പർശിയാണ്. അതിനാൽ 'പോകുന്നു' എന്നതിൽ ഭാവി സൂചനയുണ്ട്[112]. 'പോകുന്നു' എന്ന പ്രയോഗം വളരെ ശക്തിമത്താണ്. യഹൂദനേതാക്കന്മാർ നിന്ദിക്കുന്നവരാണ് ചുങ്കക്കാരും വേശ്യകളും. അവരുടെ തൊഴിൽതന്നെ പശ്ചാത്താപത്തിനും സ്വർഗ്ഗരാജ്യപ്രവേശനത്തിനും പ്രതിബന്ധമാണ്. എന്നിട്ടും അവർ സ്വർഗ്ഗാധിപത്യം അംഗീകരിക്കുന്നു. നിയമജ്ഞരും ഫരിസരും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നില്ല. കാരണം സ്നാപകയോഹന്നാനെയോ അദ്ദേഹത്തിന്റെ പ്രവർത്തനഫലമോ അവർ സ്വീകരിച്ചില്ല, അംഗീകരിച്ചുമില്ല (വാക്യം 32).

"യോഹന്നാൻ നീതിമാർഗ്ഗത്തിൽ നിങ്ങളുടെയടുക്കൽ വന്നു; നിങ്ങളവനെ വിശ്വസിച്ചില്ല. പക്ഷേ ചുങ്കക്കാരും പാപികളും വിശ്വസിച്ചു. അതു കണ്ടിട്ടും പിന്നീടെങ്കിലും നിങ്ങൾ പശ്ചാത്തപിക്കയോ വിശ്വസിക്കയോ ചെയ്തില്ല" (വാക്യം 32). യോഹന്നാൻ നീതിപൂർണ്ണമായ ജീവിതം നയിച്ചു എന്നല്ല ഇവിടെയർത്ഥം. പ്രത്യുത, മനുഷ്യരെ നീതിമാന്മാരാക്കുന്ന മാർഗ്ഗം—പശ്ചാത്താപവും മാനസാന്തരവും (മത്താ. 3, 1–9)–അദ്ദേഹം കാണിച്ചു എന്നാണ്. അർത്ഥരഹിതമായ നിയമപാലനത്തിൽ മാത്രം അവർ ശ്രദ്ധിച്ചു. ദൈവരാജ്യപ്രവേശനത്തിന് അവശ്യ വ്യവസ്ഥയായ വിശ്വാസം അവർ പാലിച്ചില്ല. വിശ്വാസരാഹിത്യത്തെപ്പററി പശ്ചാത്തപിച്ചുമില്ല. ചുങ്കക്കാരും പാപികളും ക്രിസ്തുവിൽ വിശ്വസിച്ച് അദ്ദേഹത്തെ സ്വീകരിക്കയും പശ്ചാത്തപിക്കയും ചെയ്തു. ഇങ്ങനെ മൂത്തപുത്രൻ ചുങ്കക്കാരേയും പാപികളേയും പ്രതിനിധാനം ചെയ്യുന്നു. ഇളയവൻ നിയമജ്ഞരേയും ഫരിസേയ

111. Kummel W. G. യുടെ അഭിപ്രായം, നിഷേധം സൂചിപ്പിക്കുന്നില്ലെന്നാണ്. എന്നാൽ സമാന അറമായശൈലി മുൻഗണനയും നിഷേധവും ഉൾക്കൊള്ളുന്നുവെന്ന് ജറമിയാസ് ഉദാഹരണസഹിതം വ്യക്തമാക്കുന്നു. Cf. J. Jeremias, parables of Jesus, p. 125 n. 48.

112. Cf. ibidem. n. 46.

www.malankaralibrary.com



"ചുങ്കക്കാരും പാപികളും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽപോകുന്നു", "മുമ്പേ പോകുന്നു" എന്ന ശൈലി സാമയിക മുൻഗണനയും നിഷേധവും (=നിങ്ങൾ പോകുന്നില്ല) സൂചിപ്പിക്കുന്നതാണ്[111]. യേശുവിന്റെ വാക്കുകൾ അന്ത്യകാലസ്പർശിയാണ്. അതിനാൽ 'പോകുന്നു' എന്നതിൽ ഭാവിസൂചനയുണ്ട്[112]. 'പോകുന്നു' എന്ന പ്രയോഗം വളരെ ശക്തിമത്താണ്. യഹൂദനേതാക്കന്മാർ നിന്ദിക്കുന്നവരാണ് ചുങ്കക്കാരും വേശ്യകളും. അവരുടെ തൊഴിൽതന്നെ പശ്ചാത്താപത്തിനും സ്വർഗ്ഗരാജ്യപ്രവേശനത്തിനും പ്രതിബന്ധമാണ്. എന്നിട്ടും അവർ സ്വർഗ്ഗാധിപത്യം അംഗീകരിക്കുന്നു. നിയമജ്ഞരും ഫരീസരും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നില്ല. കാരണം സ്നാപകയോഹന്നാനെയോ അദ്ദേഹത്തിന്റെ പ്രവർത്തനഫലമോ അവർ സ്വീകരിച്ചില്ല, അംഗീകരിച്ചുമില്ല (വാക്യം 32).

"യോഹന്നാൻ നീതിമാർഗ്ഗത്തിൽ നിങ്ങളുടെയടുക്കൽ വന്നു; നിങ്ങളവനെ വിശ്വസിച്ചില്ല. പക്ഷേ ചുങ്കക്കാരും പാപികളും വിശ്വസിച്ചു. അതു കണ്ടിട്ടും പിന്നീടെങ്കിലും നിങ്ങൾ പശ്ചാത്തപിക്കയോ വിശ്വസിക്കയോ ചെയ്തില്ല" (വാക്യം 32). യോഹന്നാൻ നീതിപൂർണ്ണമായ ജീവിതം നയിച്ചു എന്നല്ല ഇവിടെയർത്ഥം. പ്രത്യുത, മനുഷ്യരെ നീതിമാന്മാരാക്കുന്ന മാർഗ്ഗം–പശ്ചാത്താപവും മാനസാന്തരവും (മത്താ. 3, 1–9)–അദ്ദേഹം കാണിച്ചു എന്നാണ്. അർത്ഥരഹിതമായ നിയമപാലനത്തിൽ മാത്രം അവർ ശ്രദ്ധിച്ചു. ദൈവരാജ്യപ്രവേശനത്തിന് അവശ്യ വ്യവസ്ഥയായ വിശ്വാസം അവർ പാലിച്ചില്ല. വിശ്വാസരാഹിത്യത്തെപ്പററി പശ്ചാത്തപിച്ചുമില്ല. ചുങ്കക്കാരും പാപികളും ക്രിസ്തുവിൽ വിശ്വസിച്ച് അദ്ദേഹത്തെ സ്വീകരിക്കയും പശ്ചാത്തപിക്കയും ചെയ്തു. ഇങ്ങനെ മൂത്തപുത്രൻ ചുങ്കക്കാരേയും പാപികളേയും പ്രതിനിധാനം ചെയ്യുന്നു. ഇളയവൻ നിയമജ്ഞരേയും ഫരിസേയ

---

111. Kummel W. G. യുടെ അഭിപ്രായം, നിഷേധം സൂചിപ്പിക്കുന്നില്ലെന്നാണ്. എന്നാൽ സമാന അറമായശൈലി മുൻഗണനയും നിഷേധവും ഉൾക്കൊള്ളുന്നുവെന്ന് ജറമിയാസ് ഉദാഹരണസഹിതം വ്യക്തമാക്കുന്നു. Cf. J. Jeremias, parables of Jesus, p. 125 n. 48.

112. Cf. ibidem. n. 46.

www.malankaralibrary.com



രേയും. അവർ ദൈവികാജ്ഞകൾ അനുസരിക്കുന്നുവെന്നു പറയുന്നതേയുള്ളൂ, അനുസരിക്കുന്നില്ല. അനുസരണക്കേടിനെപ്പററി പശ്ചാത്തപിക്കുന്നുമില്ല.

(iii) ധനികനും ലാസറും (ലൂക്കാ. 16,19-31)

വാക്യം 19. ഒരു ധനികൻ ഉണ്ടായിരുന്നു. അയാൾ പട്ടും നല്ല മാർദ്ദവമുള്ള വസ്ത്രവും ധരിച്ചിരുന്നു. നിത്യവും മുഷ്ടാന്നഭോജനവും കഴിച്ചിരുന്നു.

20. അയാളുടെ പടിവാതില്ക്കൽ ലാസർ എന്നു പേരുള്ള ഒരു ദരിദ്രൻ വ്രണം നിറഞ്ഞു കിടന്നിരുന്നു.

21. ആ ധനികൻെറ മേശയിൽനിന്ന് വീണതുകൊണ്ട് വയറുനിറച്ച് വിശപ്പടക്കാൻ അവൻ ആഗ്രഹിച്ചു; കൂടാതെ നായ്ക്കൾ വന്ന് അവൻെറ വ്രണം നക്കുകയും ചെയ്തു.

22. ആ ദരിദ്രൻ മരിച്ചു; മാലാഖമാർ അവനെ അബ്രഹാമിൻെറ മടിയിലേയ്ക്കു കൊണ്ടുപോയി. ധനികനും മരിച്ച് അടക്കപ്പെട്ടു.

23. അയാൾ പാതാളത്തിൽ പീഡയേല്ക്കവേ കണ്ണുയർത്തി അബ്രഹാമിനേയും അദ്ദേഹത്തിൻെറ മടിയിൽ ലാസറിനേയും കണ്ടു.

24. അയാൾ ഉറക്കെ വിളിച്ചുപറഞ്ഞു: 'പിതാവായ അബ്രഹാമേ, എന്നിൽ കനിയണമേ. തൻെറ വിരലിൻെറ അഗ്രം വെള്ളത്തിൽ മുക്കി എൻെറ നാവു തണുപ്പിക്കുവാൻ ലാസറിനെ ഇവിടേയ്ക്കയയ്ക്കേണമേ. കാരണം ഞാൻ ഈ അഗ്നിജ്വാലയിൽ കഠോരവേദനയിലാണ്'.

25. എന്നാൽ അബ്രഹാം പറഞ്ഞു: 'മകനേ, നീ ഓർക്കുക. നീ നിൻെറ ജീവിതകാലത്ത് നന്മകൾ അനുഭവിച്ചു. അതുപോലെ ലാസർ തിന്മകളും. പക്ഷേ ഇപ്പോൾ അവൻ ആശ്വസിക്കപ്പെടുന്നു, നീയോ കഠിന വേദനയനുഭവിക്കുന്നു.

26. ഇതെല്ലാം കൂടാതെ ഞങ്ങൾക്കും നിങ്ങൾക്കുമിടയ്ക്ക് വലിയൊരു ഗർത്തവും സ്ഥാപിതമായിരിക്കുന്നു.

www.malankaralibrary.com



ഇവിടെ നിന്നു് നിങ്ങളുടെയടുത്തേയ്ക്കു് വരാനി ച്ഛിക്കുന്നവർക്കു് അതു സാദ്ധ്യമാകാതിരിക്കാനും അവിടെനിന്നു് ആരും ഞങ്ങളുടെയടുക്കൽ കടന്നു വരാതിരിക്കാനും തന്നെ'.

27. അപ്പോഠം അവൻ പറഞ്ഞു: 'എങ്കിൽ, പിതാവേ, ഞാൻ അപേക്ഷിക്കുന്നു. അവനെ എൻെറ പിതൃ ഭവനത്തിലേയ്ക്കു് അയയ്ക്കണമെ.

28. എന്തെന്നാൽ എനിക്കു് അഞ്ചു സഹോദരന്മാ രുണ്ടു്. അവരും ഈ പീഡസ്ഥലത്തു് വരാതിരി ക്കാൻ അവൻ അവർക്കു മുന്നറിയിപ്പു നല്കട്ടെ'.

29. എന്നാൽ അബ്രഹാം പറഞ്ഞു: 'അവർക്കു മോശയും പ്രവാചകന്മാരുമുണ്ടു്. അവർ അവരെ ശ്രവിക്ക ട്ടെ'.

30. അപ്പോഠം അവൻ പറഞ്ഞു: 'അങ്ങനെയല്ല പിതാ വായ അബ്രഹാമേ; മരിച്ചവരിൽ നിന്നു് ഒരു ത്തൻ അവരുടെ അടുക്കൽ ചെന്നാൽ അവർ പശ്ചാ ത്തപിക്കും'.

31. അവൻ അവരോടു പറഞ്ഞു: 'അവർ മോശയേയും പ്രവാചകന്മാരേയും ശ്രവിക്കുന്നില്ലെങ്കിൽ മരിച്ച വരിൽനിന്നു് ഒരുവൻ എഴുന്നേററുചെന്നാലും അവ ർക്കു ബോദ്ധ്യമാകയില്ല.'

വി. ലൂക്കോസിൻെറ സുവിശേഷത്തിൽ മാത്രമുള്ള ഈ ഉപമയ്ക്കു് രണ്ടു ഭാഗങ്ങളുണ്ടു്:

(a) വാക്യം 19–26: ഉപമയുടെ കഥ

(b) വാക്യം 27–31: ഉപസംഹാരം. ധനികൻെറ അപേ ക്ഷയും അതിനു മറുപടിയും. ഉപമയുടെ പാഠം ഇവിടെയാണു്.

(a) വാക്യം. 19–26

ഒരു ഈജിപ്ഷ്യൻകഥ യേശു ഉപമയുടെ ഒന്നാംഭാഗത്തി ന്നാധാരമായി സ്വീകരിച്ചിട്ടുണ്ടാവാം.[113] ഒന്നിലധികം പ്രാ വശ്യം പ്രസ്തുത കഥാംഘടകങ്ങഠം സൂചിപ്പിച്ചിട്ടുണ്ടു്.

---

113. സി– ഒസിറിൻെറ (സെമ്നേകമോയിസിൻെറ പുത്രൻെറ) അധോലോകത്തേയ്ക്കുള്ള യാത്രാവിവരണമാണു് കഥ. അവസാനിക്കുന്ന തിങ്ങനെയാണു്. ''ഭൂമിയിൽ നല്ല ശിഷ്യനായിരുന്നവൻ മൃതലോകത്തു് അനുഗ്രഹീതനായിരിക്കും. ഈ ലോകത്തു് ദുഷ്ടനായിരിക്കുന്നവൻ അവി ടെ നരകിക്കും''. പ്രസ്തുത കഥ അലക്സാണ്ഡ്രിയായിലെ യഹൂദർവഴി പല സ്തീനായിൽ പ്രചരിച്ചു. അതിനവിടെ ചില്ലറ മാററങ്ങഠം സംഭവിച്ചു. Cf. J. Jeremias, Parables of Jesus, pp.182-183.

www.malankaralibrary.com



വാക്യം 19-ൽ പറയുന്ന പട്ടും മാർദ്ദവവസ്ത്രവും വളരെ വിലപിടിപ്പുള്ളതാണ്. ടൈർ രാജ്യത്തുനിന്നുള്ള പട്ടുകൊണ്ട് അലങ്കരിച്ച കമ്പിളിവസ്ത്രമാണ് ഇവിടത്തെ പട്ട്[114]. ഈജിപ്ഷ്യൻ ലിനൻ നല്ല മാർദ്ദവമുള്ളതാണ്. ഉൾവസ്ത്രമായുപയോഗിച്ചിരുന്നു. ഇവ രണ്ടും സമൃദ്ധിയുടേയും ആഡംബരത്തിൻേറയും അടയാളമായിരുന്നു. ഐഹികസമൃദ്ധി ദൈവാനുഗ്രഹത്തിൻെറ ലക്ഷണമായി യഹൂദർ കരുതി. ധനവാൻെറ ചിത്രത്തിനു നേരെ വിപരീതമാണ് ലാസർ എന്ന ദരിദ്രൻേറതു് (വാക്യം. 20). യേശു പറഞ്ഞിട്ടുള്ള ഉപമകളിൽ ഇവിടെ മാത്രമേ കഥാപാത്രത്തിനു വ്യക്തിപരമായ പേരു നൽകിയിട്ടുള്ളു. 'ലാസർ' എന്ന പേരു് യേശുതന്നെ പറഞ്ഞതാവില്ല. ബഥനിയിലെ ലാസറിൻെറ പേരനുകരിച്ചു് നൽകിയതാണെന്നു് സംശയിക്കുന്നവരുണ്ടു്. എന്നാൽ ഉപമയിലേതു് ഒരു പ്രത്യേക വ്യക്തിയുടെ പേരല്ല എന്നാണ് ജെറമിയാസിൻെറ പക്ഷം. അതൊരു സാഹിതീയവിദ്യയാണ്. 'ദൈവം സഹായിക്കുന്നു' എന്നത്രേ 'ലാസർ' എന്ന വാക്കിനർത്ഥം[115]. ധനികൻെറ പടിവാതുക്കൽ കിടക്കുന്ന വ്രണിതനായ ദരിദ്രൻ മുടന്തനുമാവാം[116]. അവൻ 'ധനികൻെറ മേശയിൽ നിന്നു വീണതുകൊണ്ടു് വിശപ്പടക്കുവാനാഗ്രഹിച്ചു (വാക്യം 21). മേശയിൽനിന്നു വീഴുന്ന ഉച്ഛിഷ്ടമല്ല അർത്ഥമാക്കുക. അവിടെ വരുന്ന വിരുന്നുകാർ ഇട്ടുകൊടുത്തതോ എറിഞ്ഞുകളഞ്ഞതോ ആയ അപ്പക്കഷണങ്ങളാണ് സൂചന[117]. വളരെ ദയനീയവും ഭീകരവുമാണ് ദരിദ്രൻെറ രൂപം.

യഹൂദചിന്തയനുസരിച്ചു് പാപാധിക്യത്താൽ ശിക്ഷിക്കപ്പെട്ടവനാണ് ലാസർ. അതുതന്നെ വരാനിരിക്കുന്ന ലോകത്തിലും അവൻെറ ഗതി. എന്നാൽ ഈ ചിന്തയ്ക്കു് വിപരീത

---

114. Cf. J. B. C. II, op. cit., p. 149.

115. J. Jeremias, Parables of Jesus, p. 183. ദരിദ്രനു 'ലാസർ' എന്നു പേരുള്ളതിനാൽ ചില കൈയ്യെഴുത്തുപ്രതികളിൽ ധനികനും പേരു കൊടുത്തിട്ടുണ്ടു്.

116. Cf. ibidem. ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കപദത്തിനു് ആ ധ്വനിയുണ്ടു്.

117. ഗ്രീക്ക ശൈലിയുടെ അർത്ഥമിതാണ്. Cf. J. Jeremias, Parables of Jesus, p. 184

www.malankaralibrary.com



മായ, അവർക്ക തികച്ചും അപ്രതീക്ഷിതമായ, ഒരു സംഗതിയാണ് യേശു അവതരിപ്പിക്കുക. 'അവനെ ദൈവദൂതന്മാർ അബ്രഹാമിന്റെ മടിയിൽ കൊണ്ടുപോയി'. മടിയിൽ സ്ഥാനം കിട്ടുക പ്രത്യേക ബഹുമതിയാണ് (യോഹ. 13, 23). യഹൂദർ മരിച്ചാൽ അബ്രഹാമിന്റെ മടിയിലാണെത്തുകയെന്ന് വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ നാമംതന്നെ രക്ഷയുടെ ഉടമ്പടിയും മാർഗ്ഗവുമായികരുതി. നീതിമാന്മാരുടെ സമൂഹത്തിൽ ഉന്നതമായ സ്ഥാനം അബ്രഹാമിന്റെ മടിയിൽ വസിക്കുകയാണ്. അത് യുഗാന്ത്യത്തിൽ മിശിഹായോടൊത്തുള്ള വിരുന്നിന്റെ പ്രതീകമാണ്[118]. ദരിദ്രനായ ലാസർ അബ്രഹാമിന്റെ മടിയിൽ വസിക്കുന്ന ആ കാഴ്ച, ധനികന്റെ പീഡ വർദ്ധിപ്പിക്കുന്നു (വാക്യം 23). സ്വർഗ്ഗപാതാളവാസികൾക്ക് പരസ്പരം കാണാമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു[119]. ലാസറിന്റെ മേന്മ ഉയർത്തിപ്പിടിക്കുകയാണ് ഉപമ. അവന്റെ വിരലിൽ വെള്ളം മുക്കി ധനികന്റെ നാവു തണുപ്പിക്കണമെന്ന അപേക്ഷ (വാക്യം 24) ശ്രദ്ധിക്കുക. ആത്മാവിന് നാവില്ലല്ലോ. മനുഷ്യബുദ്ധിക്ക് മനസ്സിലാകും വിധം പറഞ്ഞിരിക്കുകയാണ്. വരാനിരിക്കുന്ന ലോകത്തിലെ പ്രതിഫലം ബാഹ്യമാത്രമാണെന്ന് വാക്യം 25 ധ്വനിപ്പിക്കുന്നു. 'ഇഹത്തിൽ സുഖമനുഭവിച്ചാൽ പരത്തിൽ ദുഃഖിക്കും; ഇവിടെ ദുഃഖിച്ചാൽ അവിടെ സുഖിക്കും' എന്നല്ല യേശു ഉദ്ദേശിക്കുക[120]. അദ്ദേഹം സമ്പത്തിനേയോ ദാരിദ്ര്യത്തേയോ അതിനാൽത്തന്നെ പുകഴ്ത്തുകയോ ഇകഴ്ത്തുകയോ ചെയ്തിട്ടില്ലല്ലോ. എന്നാൽ ഇഹജീവിതത്തിന് ഭാവിജീവിതവുമായി ബന്ധമുണ്ടെന്നു വ്യക്തമാക്കുന്നുണ്ടുതാനും.

---

118. J. B. C. II, op. cit., p. 149

119. Cf. J. Jeremias, Parables of Jesus, p. 185 n.5: നരകം (ഗേഹന്ന) എന്ന വാക്കുപയോഗിക്കാതെ പാതാളം (ഹെയ്ഡ്സ്) എന്ന വാക്കു സ്വീകരിച്ചിരിക്കുന്നു. ഇവ തമ്മിൽ വ്യത്യാസമുണ്ട്. പരേതരുടെ പൊതുവാസസ്ഥലമാണ് പാതാളം. എല്ലാവരും പൊതുവിധിയും ഉത്ഥാനവും വരെ അവിടെക്കഴിയുന്നു. എങ്കിലും അവിടെത്തന്നെ ദുഷ്ടർക്കും ശിഷ്ടർക്കും പ്രത്യേക സ്ഥാനമുണ്ട്. ഇവ തമ്മിൽ വേർതിരിക്കാൻ വലിയൊരു ഗർത്തവും.

120. Cf. J. Jeremias, parables of Jesus. p. 185.

www.malankaralibrary.com



ഭാവനാസമ്പന്നമാണ് ആദ്യഭാഗത്തെ വിവരണം. അതിലെ ചിത്രങ്ങളും ഐഹികകാര്യങ്ങളിൽ മുഴുകിക്കഴിയുന്നവന് അഗ്രാഹ്യമത്രേ. ഭാവിജീവിതമുണ്ടെന്ന് യേശു വ്യക്തമാക്കുന്നു. ഇവിടെ സ്നേഹവും മനുഷ്യത്വവും ഇല്ലാതെ ജീവിക്കുന്നതിനാലാണ് ഭാവിജീവിതം നിഷേധിക്കേണ്ടി വരിക.

(b) വാക്യം. 27-31

ഇനി പശ്ചാത്തപിച്ചാൽ തനിക്കു പ്രയോജനമില്ലെന്ന് വ്യക്തമായപ്പോഴും പരേതധനികൻ തന്റെ കുടുംബക്കാർക്കുവേണ്ടി അഭ്യർത്ഥിക്കുകയായി (വാക്യം. 27). അവർ പശ്ചാത്തപിച്ച് ജീവദായകമായ മാർഗ്ഗത്തിൽ പോകാൻ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. അയാൾക്ക് പാതാളത്തിൽനിന്നു പോകുക അസാദ്ധ്യമാണ്. അതിനാൽ ലാസറിനെ അയയ്ക്കണമെന്ന് യാചിക്കുന്നു. ലാസർ സ്വപ്നത്തിലോ ദർശനത്തിലോ പ്രത്യക്ഷപ്പെടാനാണ് നിർദ്ദേശിക്കുക[121]. അതിന്റെ ആവശ്യമില്ലെന്നു മറുപടി ലഭിക്കുന്നു (വാക്യം. 29). "അവർക്ക് മോശയും പ്രവാചകന്മാരുമുണ്ട്". 'മോശയും പ്രവാചകന്മാരും' എന്ന പ്രയോഗം പഴയനിയമത്തിൽ പലേടത്തുമുണ്ടല്ലോ[122]. പഴയ ഉടമ്പടിയുടെ വിലയും നിലയും ഏറ്റു പറയുന്നു. നിയമവും പ്രവാചകന്മാരും അക്കാലത്തെ ദൈവികവെളിപാടാണ്. അവയനുസരിച്ചാൽ രക്ഷ സാദ്ധ്യമത്രേ. അവ സ്വീകരിക്കാത്തവർക്ക് 'മരിച്ചവരിൽ ഒരുത്തൻ എഴുന്നേറ്റു ചെന്നാലും ബോദ്ധ്യമാകയില്ല' (വാക്യം 31). ഇത് യഹൂദരിൽ ചിലരുടെ അവിശ്വാസം വെളിപ്പെടുത്തുന്നു. അവർക്ക് ദൈവത്തിൽ വിശ്വസിക്കാൻ സാധാരണയായതൊന്നും പോരാ. അവരുടെ പ്രതീക്ഷയ്ക്കൊത്ത അടയാളങ്ങളും അത്ഭുതങ്ങളും വേണം. 'എഴുന്നേറ്റു' എന്ന പദം ശാരീരികപുനരുത്ഥാനം സൂചിപ്പിക്കുന്നു. നിയമവും പ്രവാചകന്മാരെയും അംഗീകരിക്കാത്തവർ, മരിച്ചവരുടെ പുനരുത്ഥാനം സമ്മതിക്കാത്തവർ, മൃതരിൽ നിന്നൊരുത്തൻ എഴുന്നേറ്റു ചെ

121. 'അയയ്ക്കണം' എന്ന വാക്കിൽ പ്രതിധ്വനിക്കുന്നു. Cf. J. Jeremias, parables of Jesus, p. 186.

122. മത്താ. 5, 17; 7, 12; 11, 13; 22, 40; ലൂക്കാ. 16, 16; 24, 27; യോഹ. 1, 45; നട. 13, 15; 24, 14; 28, 23; റോമ. 3, 21.

www.malankaralibrary.com



ന്നാൽ വിശ്വസിക്കുകയില്ലല്ലോ. മിശിഹായുടെ വെളിപാട് നിഷേധിക്കപ്പെടുന്നില്ല. അതു നിയമത്തിലും പ്രവാചകന്മാരിലുമുണ്ട്. അവയിലെ ദൈവാവിഷ്കരണത്തിന്റെ പൂർത്തീകരണമാണ് മിശിഹായിലുള്ള വെളിപ്പെടുത്തൽ.

സാമൂഹ്യസ്ഥിതിയെപ്പററിയോ സ്വർഗ്ഗനരകജീവിതത്തെക്കുറിച്ചോ പഠിപ്പിക്കുകയല്ല യേശുവിന്റെ ലക്ഷ്യം. ധനവാൻ ജീവിതകാലത്ത് പെരുമാറിയതുപോലെയും അവന്റെ സഹോദരന്മാർ ജീവിക്കുന്നതുപോലെയും ആകരുതെന്ന് ഉപദേശിക്കയാണ്. മരണാനന്തരജീവിതത്തിലും ശാരീരികോത്ഥാനത്തിലും വിശ്വസിക്കാത്തവരും യേശുക്രിസ്തുവിലൂടെ ദൈവമാവിഷ്ക്കരിക്കുന്ന പദ്ധതി സ്വീകരിക്കാത്തവരുമായ ആളുകളോടാണ് അദ്ദേഹം ഈ ഉപമ പറഞ്ഞത്. പ്രധാനമായും സദൂക്യരെ ഉദ്ദേശിച്ച്. അതായത് എന്തെങ്കിലും പ്രകടമായ തെളിവ് നല്കാമെങ്കിൽ വിശ്വസിക്കാമെന്നായിരുന്നു അവരുടെ നിലപാട്. നിയമവും പ്രവാചകന്മാരും മതിയായ തെളിവാണെന്ന് യേശു മറുപടി നല്കുന്നു. മരണാനന്തര ജീവിതവും ശാരീരികപുനരുത്ഥാനവും പഴയനിയമത്തിൽനിന്നു തെളിയിക്കുകയല്ല ഉപമയിൽ യേശു ചെയ്യുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കണം. വി. ഗ്രന്ഥം അനുസരിക്കാത്ത അവർ മററടയാളങ്ങളന്വേഷിക്കുന്നത് നിരർത്ഥകമാണെന്നും യേശുവിൽ അവരുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട വെല്ലുവിളിയിൽനിന്ന് ഒഴിവുകഴിവു പറഞ്ഞു രക്ഷപെടാനാണെന്നും അവരെ അറിയിക്കുകയാണ്. ഈ മനോഭാവം മാററാൻ യേശു ആവശ്യപ്പെടുന്നു. പശ്ചാത്തപിക്കുക. ദൈവം തന്റെ അഭിഷിക്തനിലൂടെ അന്ത്യകാലത്തെ നിർണ്ണായകസന്ദർശനം നടത്തിയിരിക്കുന്നു. “സ്വർഗ്ഗരാജ്യം ആസന്നമായിരിക്കുന്നു” (മത്താ. 3,1). “ഇതാ ഇപ്പോഴെ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചുകഴിഞ്ഞു” (മത്താ. 3,10). “പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവിൻ’ (മത്താ. 3,1). വിധിയിൽപ്പെടാതിരിക്കാൻ അത് ആവശ്യമത്രേ.

www.malankaralibrary.com



### 4. ജാഗരൂകരായിരിക്കുക

പ്രതിസന്ധിയുടെ അവസാനഘട്ടത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കയാണ്. അതിന്റെ ഓരോ ഘട്ടത്തിലും വളരെ ശ്രദ്ധയോടെ കഴിയണമെന്നു മുന്നറിയിപ്പു നല്കുന്ന ഉപമകളും യേശു പറഞ്ഞിട്ടുണ്ട്.

i) യജമാനന്റെ വരവിൽ തയ്യാറായിരിക്കുന്ന ദാസന്മാരുടെ ഉപമ (മത്താ. 24,42; മർക്കോ. 13,34–37 ലൂക്കോ. 12,35–38)

| മത്താ. 24,42 | മർക്കോ. 13,34-37 | ലൂക്കോ. 12,35-38 |
|---|---|---|
| 42. ജാഗരൂകരായിരിപ്പിൻ. | 35a അതിനാൽ ജാഗ്രതയോടിരിപ്പിൻ. | 35. നിങ്ങളുടെ അര കെട്ടിയും വിളക്കു കത്തിയുമിരിക്കട്ടെ. |
| | 34. അതു് ഇതുപോലെയാകുന്നു. | |
| | ഒരു മനുഷ്യൻ യാത്രയ്ക്കു പോകുമ്പോൾ വീട്ടിൽനിന്നിറങ്ങുന്നതിനുമുമ്പ് തന്റെ ദാസന്മാരെയെല്ലാം അവരവരുടെ ജോലിയുടെ ചുമതല ഏല്പിക്കുന്നു. | 36. നിങ്ങളുടെ യജമാനൻ വിവാഹവിരുന്നിൽനിന്ന് മടങ്ങി വരുന്നതു് കാത്തിരിക്കുന്ന ആളുകൾക്കു തുല്യരായിരിക്കുവിൻ. |
| | വാതിൽ കാവൽക്കാരനോട് ജാഗരൂകനായിരിക്കാനും ആജ്ഞാപിക്കുന്നു. | അവൻ വന്നു മുട്ടുമ്പോൾത്തന്നെ തുറന്നുകൊടുക്കാനാണ് (അവൻ അങ്ങനെ കാത്തിരിക്കുക.) |

www.malankaralibrary.com



നിങ്ങളുടെ കർത്താവു് ഏതു ദിവസം വരുമെന്നു് അറിയാത്തതിനാൽ ജാഗ്രൂകരായിരിപ്പിൻ.

35b വീട്ടടമസ്ഥൻ എപ്പോഠം വരുമെന്നു് നിങ്ങഠംക്കറിയില്ല. സന്ധ്യയ്ക്കോ അർദ്ധരാത്രിയിലോ കോഴി കൂകുമ്പോഴോ പ്രഭാതത്തിലോ എന്നറിയില്ല (അതിനാൽ ജാഗ്രതയോടിരിപ്പിൻ).

36. അവൻ അവിചാരിതമായി വരുമ്പോഠം നിങ്ങളെ ഉറങ്ങുന്നവരായി കാണാതിരിക്കാൻ തന്നെ.

37. യജമാനൻ വരുമ്പോഠം ഉണർന്നിരിക്കുന്നവരായി കാണപ്പെടുന്ന ദാസന്മാർ ഭാഗ്യവാന്മാരാകുന്നു. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: അവൻ തന്റെ അരമുറുക്കി അവരെ ഭക്ഷണത്തിനിരുത്തുകയും അവക്കു വിളമ്പിക്കൊടുക്കുകയും ചെയ്യും.

38. അവൻ രണ്ടാമത്തേയോ മൂന്നാമത്തേയോ യാമത്തിൽ വന്നാലും അപ്രകാരം കാണപ്പെടുന്ന ദാസന്മാർ ഭാഗ്യവാന്മാരാകുന്നു.

www.malankaralibrary.com



**37.** ഞാൻ നിങ്ങളോടു പറയുന്നതുതന്നെ എല്ലാവരോടും പറയുന്നു. ജാഗ്രതയോടിരിപ്പിൻ.

www.malankaralibrary.com



സാധാരണയിൽക്കവിഞ്ഞ വ്യത്യാസങ്ങളോടെയാണ് സുവിശേഷങ്ങളിൽ ഉപമ രേഖപ്പെടുത്തിയിരിക്കുക. ആദിമ സഭ ഈ ഉപമ വളരെയേറെ ഉപയോഗപ്പെടുത്തിയെന്ന് മനസ്സിലാക്കാം. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിന് ഒരുങ്ങിയിരിക്കണമെന്ന് സ്വമക്കളെ ഉപദേശിക്കുവാൻ നന്നേ ഇണങ്ങുന്നതായിക്കണ്ടു. 'സദാ ജാഗരൂകരായിരിക്കുക' യെന്ന ആഹ്വാനത്തിന് സഭ വലിയ പ്രാധാന്യം നൽകി[123].

ഒന്നാം സുവിശേഷത്തിൽ ഉപമയില്ല. അതിൻെറ സന്ദേശം മാത്രമുണ്ട്. 'വീട്ടുടമസ്ഥൻ' (മർക്കോ. 13, 35) എന്നല്ല; 'നിങ്ങളുടെ കർത്താവ്'' എന്നാണ്. രാത്രിയിൽ ഉണർന്നിരിക്കുന്നതിനെക്കുറിച്ചല്ല, പകൽസമയം ജാഗരൂഗരായിരിക്കേണ്ടതിനെക്കുറിച്ചാണ്. തീർത്തും ക്രിസ്തപാത്മകമാണ് അതിലെ വാക്യം.

മർക്കോസിൻെറ വിവരണം: യുഗാന്ത്യത്തിലെ നിർണ്ണായകനിമിഷം വന്നുചേരുന്നതു് എപ്പോഴെന്നു നിശ്ചയമില്ലാത്തതിനാൽ ഉണർന്നിരിക്കണം.

റോമൻരീതിയനുസരിച്ചു് രാത്രിയെ നാലായി തിരിച്ചിരിക്കുന്നു. അതാണ് സുവിശേഷകൻ ഇവിടെ സ്വീകരിച്ചിരിക്കുക. 'ജാഗ്രതയോടിരിക്കുക' എന്ന കല്പന വാതില്ക്കാവല്ക്കാരനു മാത്രമേ നൽകുന്നുള്ളു. ഇതു വാതില്ക്കാവല്ക്കാരൻെറ ഉപമയുടെ രൂപത്തോട് അടുത്തുനില്ക്കുന്നു. എന്നാൽ മററ് രണ്ടു സംഗതികളും സുവിശേഷകൻ കൂട്ടിച്ചേർത്തിട്ടുണ്ട്. മററ് ഉപമകളിൽനിന്ന് സ്വീകരിച്ചാവാം അങ്ങനെ ചെയ്യുക. (1) യാത്രയ്ക്കുപോകുന്നവനാണ് ഉപമയിലെ മനുഷ്യൻ. എന്നാൽ അയാളും വാതില്ക്കാവൽക്കാരനു നൽകുന്ന കല്പന നോക്കുക. എപ്പോളും തിരിച്ചുവന്നാലും ഉണർന്നിരിക്കണം! ദൂരയാത്രയ്ക്കു പോകുന്നയാളും അത്തരമൊരു നിർദ്ദേശം നൽകാൻ സാദ്ധ്യത വളരെ കുറവാണല്ലോ. തിരിച്ചുവരുന്നദിവസമോ സമയമോ നിശ്ചയിച്ചിട്ടില്ല. മാത്രമല്ല, പൗരസ്ത്യർ യാത്രയ്ക്കു വളരെ വിമുഖരാണ്. രാത്രിയിൽ തിരിച്ചുവരിക മിക്കവാറും അസം

123. ഈ ഉപമയുടെ വിശകലനത്തിൽ കൂടുതൽ കടപ്പാട് Cf. J. Jeremias Rediscovering the Parables, p. 41. ff.

www.malankaralibrary.com



ദാവ്യമത്രേ. താലന്തുകളുടെ ഉപമ (മത്താ. 25, 14) യിൽ നിന്നെടുത്തതാവാം. 'യാത്രയ്ക്കുപോകുന്ന മനുഷ്യൻ' എന്നു ചേത്തതു[124]. (2) എല്ലാ ഭൃത്യന്മാക്കും അധികാരമേല്പിക്കുന്നു. ഇതു് വാതില്ക്കാവല്ക്കാരന്റെ ഉപമയിൽ പ്രസക്തമല്ലല്ലോ. അധികാരമേല്പിച്ച ഭൃത്യന്റെ ഉപമ (മത്താ. 24, 45) യിൽ നിന്നെടുത്തതാവാം. അല്ലെങ്കിൽ വീട്ടുടമസ്ഥൻ ഏറെനാൾ വീട്ടിലില്ലാതാകുന്നതിനാൽ ഭരണം കാര്യക്ഷമമായി നടത്താനുള്ള മാർഗ്ഗം അയാൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാൻ സുവിശേഷകൻ സ്വതന്ത്രമായി ചേർത്തതുമാവാം.

## vi. ലൂക്കോസിന്റെ വിവരണം (12, 35-38)

"....അരകെട്ടിയും വിളക്കു കത്തിയുമിരിക്കട്ടെ" (വാക്യം 35). പലസ്തീനായിലെ സ്ത്രീപുരുഷന്മാർ പാദംവരെ എത്തുന്ന കുപ്പായം ധരിച്ചിരുന്നു. അതു് ജോലി ചെയ്യുമ്പോഴും യാത്ര ചെയ്യുമ്പോഴും സൗകര്യത്തിനു് മുകളിലേക്കു് കുറച്ചു് വലിച്ചുവച്ചു് ബൽററുകൊണ്ടു് അരയ്ക്കു് കെട്ടിവച്ചിരുന്നു. വീട്ടിലിരിക്കുമ്പോഴും വിശ്രമസമയത്തും ധരിക്കില്ല. എപ്പോഴും പ്രവർത്തനസന്നദ്ധരായിരിക്കാനാണു് ഉപമയിലെ നിർദ്ദേശത്തിന്റെ അർത്ഥം. 'വിളക്കു് കത്തിയിരിക്കട്ടെ'; രാത്രിവെളിച്ചത്തിനു് എണ്ണവിളക്കാണുപയോഗിക്കുക. കൂടെക്കൂടെ എണ്ണ ഒഴിക്കയും കെട്ടുന്നൽ കളയുകയും തിരിനീട്ടുകയും ചെയ്യില്ലെങ്കിൽ കെട്ടുപോകും. അങ്ങനെയാവാതെ സദാ കത്തിക്കൊണ്ടിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഉപമയിലെ യജമാനൻ വിവാഹവിരുന്നിൽനിന്നു് മടങ്ങിവരുന്നയാളാണു് (വാക്യം 36). രാത്രിയുടെ യാമങ്ങളിലേക്കും ചിലപ്പോൾ പ്രഭാതംവരെയും വിവാഹാഘോഷങ്ങൾ നീണ്ടുനില്ക്കും. എപ്പോൾ തിരിച്ചുപോകാമെന്നു വിരുന്നുകാർക്കു നേരത്തെ പറയാനാവില്ല. യജമാനൻ വരുമ്പോൾ ഉണർന്നി

124. യാത്രയ്ക്കുപോകുന്ന ഒരുവനെപ്പോലെ എന്നാണു് സുവിശേഷകൻ ഉപമയ്ക്കു നൽകുന്ന ആമുഖം. അതും ഉപമയും തമ്മിൽ യോജിക്കുന്നില്ല എന്നാൽ യജമാനൻ വാതില്ക്കാവല്ക്കാരനു കൊടുക്കുന്ന കല്പനയും അതിനു് വി. ലൂക്കോസ് സജ്ജീകരിച്ചിരിക്കുന്ന സാഹചര്യവും തമ്മിൽ പൂർണ്ണമായി പൊരുത്തപ്പെടുന്നുണ്ടു്.

www.malankaralibrary.com



രിക്കുന്ന ദാസന്മാർക്ക് അയാം നൽകുന്ന പ്രതിഫലം അസാധാരണമത്രേ. "അവൻ തന്റെ അര കെട്ടി അവരെ ഭക്ഷണത്തിന്നിരുത്തുകയും അവർക്ക് വിളമ്പിക്കൊടുക്കുകയും ചെയ്യും" (വാക്യം 37). ഭൂമിയിലെ യജമാനന്മാരാരും അങ്ങനെ ചെയ്യില്ല[125]. എന്നാൽ യേശു ചെയ്തു[126]. ഇങ്ങനെതന്നെ രണ്ടാമത്തെ വരവിലും ചെയ്യും. ലാക്ഷണികമായ ഒരു വിശദീകരണമാണ് 37–ാം വാക്യത്തിന്റെ രണ്ടാം ഭാഗം. അതു് ഉപമയുടെ രംഗസംവിധാനത്തിന്റെ ഭംഗി അലങ്കോലപ്പെടുത്തുന്നു. പ്രസ്തുത വാക്യത്തിന്റെ ആദ്യഭാഗവും 38–ാം വാക്യവും തമ്മിലുള്ള തുടർച്ചയ്ക്ക് വിഘാതമായി നില്ക്കുന്നു. ക്രിസ്തു രണ്ടാമതു വരുമ്പോൾ ലഭിക്കാനിരിക്കുന്ന മിശിഹായുടെ വിരുന്നാണ് സൂചിതമായിരിക്കുക. അതിനാൽ ആ വാചകം സുവിശേഷ രൂപീകരണത്തിൽ കൂട്ടിച്ചേർത്തതാണ്.

തൃതീയ സുവിശേഷത്തിൽ ഉപമയ്ക്കു സംഭവിച്ചിരിക്കുന്ന ശ്രദ്ധേയമായ വേറൊന്നുണ്ട്. യജമാനന്റെ വരവും കാത്തു് പല ദാസന്മാർ ജാഗരൂഗരായിരിക്കുന്നു. ഒരാം മാത്രമല്ല ക്രിസ്തീയ സമൂഹത്തെ മുഴുവൻ ഉൾപ്പെടുത്തിയാണ് ഉപമ പറഞ്ഞിരിക്കുന്നതെന്ന പാരമ്പര്യമാണ് സ്വീകരിച്ചിട്ടുള്ളതു്. രണ്ടു ഭാഗത്തു് സുവിശേഷകൻ ഉപമയിൽ വിപുലീകരണാംശങ്ങൾ ചേർത്തിട്ടുണ്ട്.

വിവരണങ്ങൾ മൂന്നും അപഗ്രഥിച്ചു കഴിയുമ്പോൾ വാതില്ക്കാവല്ക്കാരന്റെ ഉപമയുടെ അടിസ്ഥാനരൂപം ലഭിക്കുന്നു. കാവല്ക്കാരൻ കാത്തിരിക്കണം (മർക്കോ. 13,46). യജമാനൻ വിരുന്നു കഴിഞ്ഞു് വന്നു വാതിലിൽ മുട്ടുന്ന അവസരംതന്നെ തുറന്നുകൊടുക്കണം (ലൂക്കോ. 12,36). യജമാനൻ രാത്രിയുടെ ഏതു യാമത്തിലും വരട്ടെ. വരുമ്പോൾ ജാഗ്രതയോടിരിക്കുന്നതായിക്കാണുന്നവനു് നന്നായിരിക്കും[127].

യേശു ഉപമയിൽ എന്താണുദ്ദേശിച്ചതു്? ശ്രദ്ധയോടിരിക്കാൻ ആരോടാണാവശ്യപ്പെടുക? ഒരു മുന്നറിയിപ്പാണ് ഉപമ

125. കാണുക ലൂക്കോ. 17,7.

126. ലൂക്കോ. 22,27; യോഹ: 13,4-5.

127. ലൂക്കോ. 12, 37a–38; മർക്കോ. 13, 35. J. Jermias, Rediscovering the parables, p. 43.

www.malankaralibrary.com



യിൽ നൽകുക. യേശുക്രിസ്തുവിൽ നിശ്ചിതമായി ആസന്നമായ അന്ത്യകാല പ്രതിസന്ധിയുടെ ഓരോ ഘട്ടവും നിർണ്ണായകമാണ്. ഏതവസരവും ജാഗ്രരായിരിക്കണം. ശിഷ്യന്മാരെ മാത്രമാണുദ്ദേശിക്കുന്നതെങ്കിൽ ഗത്സമേനിൽ വച്ച് അവിടുന്നു അവർക്കു നൽകുന്ന ആഹ്വാനത്തോട് തുല്യമാണ്. 'പ്രലോഭനത്തിൽ ഉൾപ്പെടാതിരുന്ന് ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ' (മർക്കോ. 14,38). ഇവിടെ പ്രലോഭനത്തിനർത്ഥം ദൈവത്തിന്റെ വിശുദ്ധരുടെമേൽ സാത്താൻ നടത്തുന്ന ആക്രമണമാണ്. തന്റെ പീഡകൊണ്ടുണ്ടാകാവുന്ന ദുരിതത്തിന്റെ തുടക്കം. അതാകട്ടെ അന്ത്യകാലാത്മകങ്ങളാണ്. എല്ലാവരോടുമുള്ള ആഹ്വാനം പൊതുവെ ഇതാണ്. ദുരിതം അടുത്തുപോയി, നാശത്തിൽപ്പെടാതിരിക്കാൻ ഉറങ്ങാതിരിക്കുക. മാത്രമല്ല ജാഗ്രതയോടിരിക്കണം.

അധികാരമുണ്ടെന്നു കരുതി അലസരാകരുത് എന്ന പ്രത്യേക നിർദ്ദേശം ഉപമയിലുണ്ടല്ലോ. അതിനാൽ അധികാരികൾ ഉപമയുടെ പ്രത്യേക പരിഗണനയിൽപ്പെടുന്നു. ദൈവരാജ്യത്തിന്റെ താക്കോൽ തങ്ങൾക്കുണ്ടെന്നു നിയമജ്ഞർ അവകാശപ്പെട്ടു (ലൂക്കോ. 11, 52; മത്താ. 23, 13). അവരോടാകണം യേശു ഉപമ പറഞ്ഞത്. ശ്രോതാക്കൾ ആരുമാകട്ടെ. ഉപമ വിധിയോർപ്പിച്ച് തീരുമാനമെടുക്കാൻ ആവശ്യപ്പെടുന്നു.[128]

ആദിമസഭ ഉപമ സ്വസാഹചര്യത്തിന്നനുരൂപമായി ഉപയോഗിച്ചു. യുഗാന്ത്യപ്രതിസന്ധിയുടെ രണ്ടു ഘട്ടങ്ങൾക്കിടയ്ക്കാണ് സഭയുടെ നില. യേശുവിന്റെ മനുഷ്യനായിത്തീരലിൽ തുടങ്ങി സ്വർഗ്ഗാരോഹണംവരെയുള്ള ഒന്നാംഘട്ടം. അവിടം മുതൽ ദ്വിതീയാഗമംവരെയുള്ള രണ്ടാംഘട്ടം. അതിലേയ്ക്ക് സഭ നീങ്ങിക്കൊണ്ടിരിക്കയാണ്. അവിടുന്ന് ഏതു സമയവും വരാം. എപ്പോഴായാലും സഭാംഗങ്ങൾ സജ്ജരായിരിക്കണം. ഈ സന്ദേശം കൂടുതൽ വ്യക്തമാക്കാൻ ലക്ഷണകഥാഘടകങ്ങൾ ചേർത്ത് ഉപമ വിപുലീകരിച്ചു. ആദ്യം ഉപമ വ്യാ

128. Cf. ibidem. p. 43f. ഉപമയിൽ മിശിഹായെപ്പററി ചില പ്രസ്താവനകളുണ്ടല്ലോ. ചിലത് വളരെ വ്യക്തമാണ്. അവ യേശുതന്നെ ചേർത്തതോ സുവിശേഷകൻ ചേർത്തതോ ആവാം. യേശു സൂചിപ്പിച്ചിട്ടുള്ളത് സുവിശേഷകന്മാർ വ്യക്തമാക്കിയതാവണം.

www.malankaralibrary.com



ഖ്യാനിച്ചതു് സഭയിലെ നേതാക്കന്മാരെ പ്രത്യേകം ഉദ്ദേശി ച്ചാണു്. വീട്ടടമസ്ഥനിൽനിന്നു് അധികാരമേററവരാണല്ലോ അവൻെറ വരവു കാത്തിരിക്കേക. ക്രിസ്തുവിൻെറ വരവ് പ്രതീ ക്ഷയിലധികം വൈകുന്നെന്നു കണ്ടപ്പോഠം സഭയിലെ ഓരോ വ്യക്തിയേയും ആഹ്വാനം ചെയ്യുന്നതാക്കി വ്യാഖ്യാനിച്ചു.

(ii) പത്തു കന്യകകഠം (മത്താ. 25, 1–13)

വാക്യം 1. അപ്പോഠം സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്ക്കാൻ വിളക്കുമായി പോയ പത്തു കന്യകകളോടു തുല്യ മാകുന്നു.

2. അവരിൽ അഞ്ചുപേർ ബുദ്ധിമതികളും അഞ്ചു പേർ ബുദ്ധിശ്ശൂന്യരും ആയിരുന്നു.

3. കാരണം ബുദ്ധിശ്ശൂന്യർ വിളക്കെടുത്തപ്പോഠം എണ്ണ എടുത്തില്ല.

4. ബുദ്ധിമതികഠം വിളക്കോടൊപ്പം പാത്രത്തിൽ എണ്ണയും എടുത്തു.

5. മണവാളൻ വൈകിയപ്പോഠം എല്ലാവരും ഉറക്കം വന്നതിനാൽ ഉറങ്ങി.

6. അർദ്ധരാത്രിയായപ്പോഠം ആർപ്പുവിളിയുണ്ടായി: 'ഇതാ മണവാളൻ; അവനെ എതിരേല്ക്കാൻ പുറ പ്പെടുവിൻ;

7. കന്യകകളെല്ലാം എഴുന്നേററു് തങ്ങളുടെ വിളക്കു കൊളുത്തി

8. ബുദ്ധിശ്ശൂന്യർ ബുദ്ധിമതികളോടു പറഞ്ഞു: 'നിങ്ങ ളുടെ എണ്ണയിൽ കുറെ ഞങ്ങഠംക്കു തരിക, ഞങ്ങ ളുടെ വിളക്കു കെട്ടുപോകുന്നല്ലോ.

9. എന്നാൽ ബുദ്ധിമതികഠം മറുപടി പറഞ്ഞു. 'ഒരു പക്ഷേ ഞങ്ങഠംക്കും നിങ്ങഠംക്കും തികയാതെ വരും; അതിനാൽ നിങ്ങഠം വ്യാപാരികളുടെ അടു ക്കൽ പോയി നിങ്ങഠംക്കു വാങ്ങുവിൻ.

10. അവർ വാങ്ങുവാൻ പോയപ്പോഠം മണവാളൻ വന്നു. തയ്യാറായിരുന്നവർ അവനോടൊത്തു് വിവാഹവി രുന്നിനു് പോയി. കതകും അടച്ചു.

www.malankaralibrary.com



11. അതിനുശേഷം മറേറ കന്യകകളും വന്നുപറഞ്ഞു: 'കർത്താവേ, കർത്താവേ, ഞങ്ങൾക്കും തുറന്നുതരണമേ'

12. പക്ഷേ അവൻ മറുപടി പറഞ്ഞു: 'ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, എനിക്കു നിങ്ങളെ അറിഞ്ഞുകൂടാ'.

13. അതിനാൽ ഉണർന്നിരിക്കുവിൻ. എന്തെന്നാൽ ആ ദിവസമോ സമയമോ നിങ്ങൾക്കറിഞ്ഞുകൂടാ.

വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രമേയുള്ളു പത്തു കന്യകകളുടെ ഉപമ. അതിൻെറ സാഹചര്യം അന്ത്യകാലാത്മകമാണു്. ഒന്നാം വാക്യത്തിലെ 'അപ്പോൾ' എന്ന പദം ശ്രദ്ധിക്കുക[129].

ദൈവരാജ്യവും പത്തുകന്യകകളും തമ്മിലല്ല ഉപമ. ഒരു കൂട്ടം കന്യകകൾ വിളക്കുമേന്തി മണവാളനെ സ്വീകരിച്ചുകൊണ്ടുവന്നപ്പോൾ സംഭവിച്ചതുപോലെയായിരിക്കും ദൈവാധിപത്യത്തിൻെറ അന്ത്യഘട്ടം വരുമ്പോഴും. ബുദ്ധിമതികളായ കന്യകമാർ സദാ സന്നദ്ധരായിരുന്നതിനാൽ മണവാളനോടൊത്തു് മണവറയിൽ പ്രവേശിക്കാൻ കഴിഞ്ഞു. അല്ലായിരുന്നെങ്കിൽ അവർ മററവരെപ്പോലെ വിധിക്കപ്പെടുമായിരുന്നു.

വിവാഹാഘോഷത്തെപ്പററി സുവിശേഷകൻ വിശദമായോ വ്യക്തമായോ പറയുന്നില്ല. പുതിയനിയമകാലത്തെ യഹൂദവിവാഹത്തെക്കുറിച്ചുള്ള ഏകദേശജ്ഞാനം ഉപമ മനസ്സിലാക്കാൻ സഹായിക്കും. പ്രാദേശിക വ്യത്യാസങ്ങൾ ഏറെയുണ്ടായിരുന്നു. എന്നാലും മിക്കവാറും രാത്രിയിലാണു് നടത്തിയിരുന്നതു്. വരൻ സന്ധ്യയ്ക്കു് വധൂഗൃഹത്തിലെത്തും. കൂടെ സ്നേഹിതന്മാരുമുണ്ടാവും. അവിടെനിന്നു് വധുവിനെ സ്വീകരിച്ചു് അവൻെറ വീട്ടിലേയ്ക്കു് ആഘോഷമായി കൊണ്ടുപോകും. അവിടെ വച്ചാണു് വിവാഹവിരുന്നു്. നവദമ്പ

---

129. പ്രഥമസുവിശേഷത്തിലെ ഒരു പ്രത്യേകപദമാണു്. 'അപ്പോൾ' (അതിനുശേഷം) എന്നർത്ഥമുള്ള 'തോത്തേ' (ഗ്രീക്കു്) പദം സുവിശേഷത്തിൽ തൊണ്ണൂറു പ്രാവശ്യമുണ്ടു്. സാഹിത്യരചനയിലെ ഒരു പ്രയോഗമാണതു്.

www.malankaralibrary.com



തികളെ സ്വീകരിക്കാൻ വധൂഗൃഹത്തിനടുത്തു് ദീപശിഖകളു മേന്തി യുവതികൾ കാത്തുനില്ക്കുന്നുണ്ടാവും. അവക്കും വിവാഹവിരുന്നിൽ പങ്കുകൊള്ളാം. ആഘോഷങ്ങൾ പല ദിവസത്തേയ്ക്കു് നീണ്ടുനില്ക്കാം. പാട്ടും ആട്ടവും എല്ലാം ഉണ്ടായിരിക്കും. നല്ലൊരുക്കൂട്ടം വിരുന്നുകാരും. അവിചാരിതമായി കാണുന്നവക്കപോലും വിരുന്നു പങ്കുകൊള്ളാം[130].

മണവാളനെ കാത്തുനിന്ന കന്യകകൾ വധുവിൻെറ തോഴിമാരാണോ എന്നു് തീത്തുപറയാനാവില്ല. ആയിരുന്നെങ്കിൽ അവർ വധുവിനോടൊത്തായിരിക്കണമല്ലോ. വഴിയിലാവരുതു്. എണ്ണ വധൂഗൃഹത്തിൽനിന്നു് നല്കണമായിരുന്നു. വധുവിൻെറ അയൽപക്കക്കാരായ ഏതാനും ഗ്രാമീണ യുവതികളായിരിക്കണം. അവരും വിവാഹവിരുന്നിൽ പങ്കുകൊള്ളാൻ പോയി.

വീട്ടിൽ ഉപയോഗിക്കുന്ന വിളക്കല്ല യുവതികളെടുത്തിരുന്നതു്. വടിയുടെ അററത്തു് തുണിചുററിയുള്ള പന്തങ്ങൾ (ദീപശിഖകൾ) അത്രേ. അവ എണ്ണ പകന്നു് കത്തിക്കും. കൈപിടിയും എണ്ണ പകന്നൊഴിക്കാൻ വേണ്ട കുഴലുമുള്ള ഭരണിയാണു് എണ്ണപ്പാത്രം.

മണവാളൻ വരാൻ വൈകിയതിനാൽ അവരെല്ലാം ഉറങ്ങി (വാക്യം. 5). മണവാളൻ വരുന്ന സമയം നിശ്ചയിച്ചിരിക്കില്ല. അവൻ വരാൻ താമസിച്ചതിനു് കാരണമെന്താവും? ഇന്നു് സാധാരണ കാണുന്ന കാരണമിതത്രേ. വധുവിൻെറ അടുത്ത ചാർച്ചക്കാക്കു് വരൻ നൽകേണ്ട സമ്മാനത്തെപ്പററി തക്കമുണ്ടാകാം. മുമ്പു് ഇതായിരിക്കില്ല, വിവാഹഉടമ്പടിയെപ്പററിയായിരിക്കും. പ്രത്യേകിച്ചു് പണക്കാര്യം. ഏതെങ്കിലുംവിധം[131] വിവാഹം വേർപെട്ടാൽ ഭാര്യക്കു നല്കേണ്ട തുക

130. യഹൂദ വിവാഹത്തെപ്പററി കൂടുതൽ വിവരങ്ങൾക്കു് കാണുക: J. Jeremias, parables of Jesus, pp. 172-173. ഓരോ സ്ഥലത്തും ചില പ്രത്യേകാചാരങ്ങൾ ഉണ്ടായിരുന്നു. ജറുസലേമിൻെറ പതനത്തിനു് (ഏ. ഡി. 70) ശേഷം ചില നിയന്ത്രണങ്ങളുണ്ടായി. മണവാളൻ മാല അണിയുന്നതും വാദ്യഘോഷത്തിൽ തംബുരു് ഉപയോഗിക്കുന്നതും നിരോധിച്ചു. പിന്നീടു് മണവാട്ടി പൂക്കിരീടം ധരിക്കുന്നതു് 117ന ശേഷവും മണിമഞ്ചൽ ഉപയോഗിക്കുന്നതു് 135ന ശേഷവും നിരോധിച്ചു.

131. ഭർത്താവിൻെറ മരണമോ വിവാഹമോചനമോ

www.malankaralibrary.com



യുടെ കാര്യമെന്തു്? വധൂബന്ധുക്കൾ അവളുടെ കാര്യത്തിൽ താല്പര്യമെടുക്കാതെ നിസ്സംഗരായി നിന്നാൽ സമയം വെറുതെ പോകും. ചിലപ്പോൾ മറിച്ചാവും അനുഭവം. അവരെല്ലാവരുംകൂടി മണവാളനെ ആവശ്യത്തിലധികം പുകഴ്ത്തുകയും മനസ്സില്ലാമനസ്സോടെയാണു് തങ്ങളുടെ പെൺകുട്ടിയെ വിട്ടുതരുന്നതെന്നു് പറയുകയും മററും ചെയ്തു് താമസിച്ചിരുന്നു.

യുവതികൾ കിടന്നുറങ്ങിയതു് എവിടെയെന്നു് സുവിശേഷകൻ പറയുന്നില്ല. വധൂവരന്മാർ പോകുന്ന വഴിക്കടുത്താവണം.

മണവാളൻ വരുന്നെന്നു് ആർപ്പുവിളിയുണ്ടായി (വാക്യം 6). മണവാളന്റെ ആഗമനമറിയിച്ചുകൊണ്ടു് ഒരു ദൂതൻ മുമ്പേ വരിക പതിവുണ്ടായിരിക്കാം. ഈ നൂററാണ്ടിലും അങ്ങനെയുണ്ടായിരുന്നെന്നു് ഫ്രാൻസിസ് ജെറമിയാസ് രേഖപ്പെടുത്തുന്നു[132]. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ മുന്നറിയിപ്പാണു് സുവിശേഷകൻ മനസ്സിൽ കാണുന്നതു്.

തയ്യാറായിരുന്നവരൊത്തു് മണവാളൻ പ്രവേശിച്ചുകഴിഞ്ഞപ്പോൾ മണവറയുടെ കതകടച്ചു് (വാക്യം. 10) വലിയ സാക്ഷായുമിട്ടു. അതു് തുറക്കുക പ്രയാസമുള്ള കാര്യമാണു്. വൈകി വന്ന കന്യകകൾ കതക തുറക്കാൻ മുട്ടിവിളിച്ചു (വാക്യം. 11). 'കർത്താവേ' എന്ന സംബോധന ക്രിസ്തുപാത്മകത പ്രതിഫലിപ്പിക്കുന്നതാണല്ലോ "....തുറക്കണമേ" എന്നപേക്ഷിക്കുന്നു എന്നാണു് സുവിശേഷകൻ ഉപയോഗിക്കുന്ന പദത്തിനർത്ഥം. അദ്ദേഹം മുൻപാരമ്പര്യത്തിൽനിന്നും സ്വീകരിച്ചു് മാററം വരുത്താതെ ചേർത്തിരിക്കുന്നു.

അപേക്ഷകർക്കു് കിട്ടിയ മറുപടി നിരാശാജനകമായിരുന്നു. "എനിക്കു നിങ്ങളെ അറിഞ്ഞുകൂടാ" (വാക്യം 12). 'എനിക്കു നിങ്ങളുമായി ബന്ധമൊന്നുമില്ല' എന്നാണു് ശൈലിയുടെ അർത്ഥം.

ഉപമയുടെ ഉപസംഹാരമായി സുവിശേഷത്തിൽ നൽകിയിരിക്കുന്ന വാക്യം 13 ആണല്ലോ. എന്നാൽ 'ഉണർന്നിരി

---

132. J. Jeremias Parables of Jesus, p. 173–ൽ ഉദ്ധരിച്ചിട്ടുണ്ടു്.

www.malankaralibrary.com



ക്കവിൻ' എന്ന ആഹ്വാനം ഉപമയുടെ കഥയോട് യോജിക്കുന്നില്ല. ഉറങ്ങാതിരിക്കണം എന്ന അർത്ഥത്തിലെടുക്കാൻ പററില്ല. ഉണർവ്വുള്ളവരായി ശ്രദ്ധയോടും കരുതലോടുമിരിക്കണമെന്നാണ് യേശു ഉദ്ദേശിക്കുക. ഉപമയിൽ വ്യക്തമാകുന്നതും മററല്ല.

യേശുവിൻെറ ദ്വിതീയാഗമത്തെ പരാമർശിക്കുന്നതായി 13-ാം വാക്യത്തിലെ വാക്കുകൾ സുവിശേഷകൻ അവതരിപ്പിക്കുന്നു. അതു് ഉപമയുടെ മൂലരൂപത്തിൻേറതല്ല എന്നതു് ഓർത്തിരിക്കേണ്ടതാണ്.

കുരിശിലേയ്ക്കു് പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിയെപ്പററി ജാഗരൂകരായിരിക്കാൻ ആഹ്വാനം ചെയ്യുകയാണ് യേശു ഉപമയിൽ. ദൈവം തൻെറ സന്ദർശനം നടത്തുന്നു. നിർണ്ണായകമായ നിമിഷം സമീപിച്ചുകൊണ്ടിരിക്കയാണ്. അതഭിമുഖീകരിക്കാൻ ബുദ്ധിമതികളായ കന്യകകളെപ്പോലെ ഒരുങ്ങിയിരിക്കുക.

ആദിമസഭ ഉപമയിൽ ദർശിച്ചതു് ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൻെറ ചിത്രമാണ്. അതനുസരിച്ച് ലാക്ഷണിക വ്യാഖ്യാനം നൽകി. മണവാളൻ ക്രിസ്തുവാണ്. അവൻെറ വരവിനുള്ള താമസം ക്രിസ്തുവിൻെറ ആഗമനത്തിന് അവരുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായിക്കണ്ട താമസവും. അവിടത്തെ വരവ് വൈകുന്നെന്നു കണ്ടപ്പോൾ ക്രിസ്ത്യാനികൾ അലസമനോഭാവക്കാരായി. ക്രിസ്തീയ ജീവിതത്തിൽ ശുഷ്കാന്തി കുറഞ്ഞു. അതത്രേ കന്യകകളുടെ ഉറക്കം. മന്ദഗതിക്കാരായ ക്രിസ്ത്യാനികളെ ജാഗ്രതയുള്ളവരാക്കുന്ന ഒരു മുന്നറിയിപ്പും ആഹ്വാനവുമായി ഉപമ അവതരിപ്പിക്കുകയാണ് ആദിമസഭ. ഇപ്രകാരം ക്രിസ്തുാത്മക വ്യാഖ്യാനത്തിന് വിധേയമാക്കിയെങ്കിലും ഉപമയുടെ മൗലികസന്ദേശത്തിൽനിന്ന് അത്രയേറെ വ്യതിചലിച്ചില്ല. കാരണം യുഗാന്ത്യത്തിലെ ദുരിതവും ക്രിസ്തുവിൻെറ ദ്വിതീയാഗമവും ഒരേ സംഭവത്തിൻെറ രണ്ടു വശങ്ങൾ മാത്രമാണ്[133]. കന്യകകളിൽ ബുദ്ധിമതികളേയും ബുദ്ധിശൂന്യരേയും വേർതിരിച്ചു എന്നതു് ഉപമയുടെ പ്രധാനാശയമായി

---

133. Cf. J. Jeremias., Rediscovering the parables, pp. 40,41.

www.malankaralibrary.com



നിലനിർത്തിയിട്ടുണ്ട്. അതിലാണ് ഉപമയുടെ ലക്ഷ്യമെന്നതു് വിട്ടുകളഞ്ഞിട്ടുമില്ല. എങ്കിലും ആഹ്വാനം ഉപദേശമാക്കി. സ്വർഗ്ഗീയ മണവാളനെയും അവനെ കാത്തു കഴിയുന്ന സഭയേയും സംബന്ധിക്കുന്ന ഒരു ലക്ഷണകഥയാക്കി. ഉപമകൾ സ്വജീവിതത്തോടനുരൂപപ്പെടുത്തുക സഭയുടെ സാധാരണ രീതിയാണല്ലോ. ക്രിസ്തു എപ്പോൾ ആഗതനായാലും അവനെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുക എന്നാണുപദേശിക്കുക.

കാലത്തിന്റെ സൂചനകൾ മനസ്സിലാക്കുക നമ്മുടെ വലിയ ഉത്തരവാദിത്വമാണ്. കാരണം അതനുസരിച്ചാണ് നമ്മുടെ ജീവിതം രൂപപ്പെടുത്തേണ്ടതു്. നമ്മെത്തന്നെ ഒരുക്കാൻ അത്യാവശ്യമാണ്. മണവാളനോടൊത്തു് വിരുന്നനുഭവിക്കേണ്ടവരാണ് നാം. അതിനു സദാ സന്നദ്ധരായിരിക്കണം. അവന്റെ ആഗമസ്വരം ശ്രവിച്ചാലുടൻ വിളക്കേന്തി പുറപ്പെടാൻ കഴിയണം. യജമാനൻ എപ്പോൾ വന്നു് വാതിലിൽ മുട്ടിയാലും തുറന്നുകൊടുക്കാൻ എപ്പോഴും ജാഗ്രതയോടിരിക്കുന്ന ദാസന്മാരാവണം. അലസരായിപ്പോയെങ്കിൽ പശ്ചാത്തപിച്ച് പിന്തിരിയണം. ലഭിച്ചിരിക്കുന്ന സ്ഥാനത്തെപ്പററി അഹങ്കരിക്കാതെ പ്രയോജനമുള്ളവരാകണം. സ്ഥലം പാഴാക്കുന്ന അത്തിയാകരുതു്. പശ്ചാത്തപിക്കയില്ലെങ്കിൽ നിർദ്ദയം വിധിക്കപ്പെടും. പുറത്തെ അന്ധകാരത്തിലെറിയപ്പെടാതിരിക്കാൻ ഏല്പിച്ചിരിക്കുന്ന താലന്തു് ഫലപ്രദമായി വിനിയോഗിക്കാൻ ധൈര്യപ്പെടണം.

കാലത്തിന്റെ സൂചനകൾ മനസ്സിലാക്കി വ്യാഖ്യാനിക്കുക നമ്മുടെ പ്രവാചകധർമ്മമാണ്. നിർണ്ണായകനിമിഷം അഭിമുഖീകരിക്കാൻ ലോകത്തെ ഒരുക്കുക. യജമാനന്റെ പാദസ്പർശനം വിവേചിച്ചറിയാൻ പ്രപഞ്ചത്തെ പര്യാപ്തമാക്കണം. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വേഗം സമാഗതമാക്കാൻ നമുക്കുള്ള ഉത്തരവാദിത്വം നാമെങ്ങനെ നിറവേററുന്നു? നമ്മുടെ ജീവിതത്തിലെ സാധാരണ സംഭവങ്ങളിൽ യേശുവിന്റെ നിർണ്ണായകസ്വരവും സമീപനവും അഭിമുഖീകരിക്കാൻ കഴിയുന്നോ?

www.malankaralibrary.com



## കർമ്മോപമകൾ (Parabolic Actions)

യേശു വാക്കുകളിലവതരിപ്പിച്ച ഉപമകളെക്കുറിച്ചേ സാധാരണ ചിന്തിക്കാറുള്ളൂ. പ്രവൃത്തിരൂപേണയും ഉപമകൾ ഉല്ലേഖനം ചെയ്തു. പരസ്യപാപികളോടൊത്തു് ഭക്ഷണത്തിനിരുന്നതും അവരോടൊത്തു് സഹകരിച്ചതും ഉപമകളാണു്[134]. അത്തരം പാപികളും ദൈവപുത്രരാണെന്നും അവരേയും നീതീകരിച്ചു് അബ്രഹാമിൻെറ സന്തതികളാക്കാനാണു് താൻ വന്നിരിക്കുന്നതെന്നും ദൈവക്ഷമ അനുഭവിക്കുന്ന മിശിഹായുടെ യുഗം വന്നുകഴിഞ്ഞെന്നും യഹൂദനേതാക്കന്മാരെ പഠിപ്പിക്കയായിരുന്നല്ലോ യേശുവിൻെറ മേല്പറഞ്ഞ നടപടി. അദ്ദേഹത്തിൻെറ ആഗമനോദ്ദേശ്യം മുഴുവൻ ആവിഷ്ക്കരിക്കുന്നതാണതു്. യേശുക്രിസ്തു പന്ത്രണ്ടു ശിഷ്യന്മാരെ പ്രത്യേകം തെരഞ്ഞെടുക്കുന്നതു് പ്രവൃത്തിരൂപത്തിലുള്ള മറെറാരുപമയാണു്. പന്ത്രണ്ടു് സൂചനാപരമായ ഒരു സംഖ്യയാണു്. പൂർവ്വ ഉടമ്പടിയിലെ ദൈവജനത്തെപ്പോലെ പുതിയ ഉടമ്പടിയിലെ ഇസ്രായേലും പന്ത്രണ്ടു ഗോത്രപിതാക്കളാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടതാണെന്നു പറയുന്നു. അന്ത്യകാലത്തെ ദൈവജനത്തിൻെറ നാഥനാണു് താനെന്നു് ഇതുവഴി പ്രദർശിപ്പിച്ചു[135]. യോനായുടെ പുത്രനായ ശെമഓനു് കേഫാ എന്നു നാമകരണം ചെയ്യുന്നു (മത്താ. 16, 17). പേരുമാററം പഴയനിയമം മുതല്ക്കേ പുതിയ സ്ഥാനലബ്ധിയും ദൗത്യവും സൂചിപ്പിച്ചിരുന്നു. യുഗാന്ത്യത്തിലെ ദൈവാലയത്തിൻെറ അടിസ്ഥാനമിടുകയായിരുന്നു ഇതുവഴി ചെയ്തതു്. യേശു കഴുതമേൽ ജറുസലേം നഗരത്തിലേയ്ക്കു് രാജകീയമായെഴുന്നള്ളിയതും (മർക്കോ. 11, 1–11; ലൂക്കോ. 19, 28–40) ഉപമപ്രവൃത്തിയത്രേ. ദൈവത്തിൻെറ അഭിഷിക്തൻ എന്ന നിലയ്ക്കു് യേശുവിൻെറ സമാധാനപൂർണ്ണമായ ദൗത്യം വെളിപ്പെടുത്തുകയാണു് പ്രസ്തുത പ്രവൃത്തി. ദൈവാലയശുദ്ധീകരണവും ഉപമയാണു് (മർക്കോ. 11, 15–18; യോഹ. 2, 13–21).

---

134. കാണുക. ലൂക്കോ. 19, 5 മുതൽ; 15, 1–2; മർക്കോ. 2, 14; മത്താ. 10, 3 മുതലായവ.

135. Cf. J. Jeremias, Parables of Jesus, London, 1972, p. 227.

136. Cf. ibidem.

www.malankaralibrary.com



പുതിയ യുഗം പിറന്നുകഴിഞ്ഞുവെന്നു പ്രകടിപ്പിക്കുന്നു. അതിനു ചേരാത്തതെല്ലാം ചോർത്തിക്കളയുവാൻ ശക്തിപൂർവ്വം ആജ്ഞാപിക്കുന്നു. വേശ്യാവൃത്തിയിൽപ്പിടിച്ച സ്ത്രീയെ യേശുവിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം കുനിഞ്ഞു് കാലിന്റെ തള്ളവിരൽകൊണ്ടു് നിലത്തെഴുതിയതും (യോഹ. 7, 53) പ്രവൃത്തിരൂപത്തിലുള്ള ഉപമയാണു്. അവളെ കൊണ്ടുവന്നവരും പശ്ചാത്തപിക്കണമെന്നാവണം അതിലദ്ദേഹം ആവശ്യപ്പെടുക[137]. പൈതങ്ങളുമായി യേശുവിനെ സമീപിച്ച മാതാക്കളെ തടഞ്ഞ ശിഷ്യന്മാരെ ശകാരിച്ചിട്ടു് ആ പിഞ്ചോമനകളെ മടിയിലിരുത്തി താലോലിച്ചതും കർമ്മോപമയാണു്. ജറുസലേമിനെ നോക്കി പ്രലപിക്കുന്നു (മക്കോ. 11,14; മത്താ. 21,19). അതിനാസന്നമായിരിക്കുന്ന ദുർവിധിയോർത്തുള്ള ദുഃഖം പ്രവചനാത്മകമായി പ്രകടിപ്പിക്കുകയാണു്[138]. ശിഷ്യന്മാരുടെ പാദക്ഷാളനം (യോഹ. 13, 4-10) യേശു പ്രവർത്തിച്ച മറെറാരുപമയായി പരിഗണിക്കരുതോ? അതു് അദ്ദേഹത്തിന്റെ സ്വയംശൂന്യവത്ക്കരണത്തിന്റെ മൂർദ്ധന്യമായ കുരിശുമരണം ചിത്രീകരിക്കുന്നു[139].

യേശുക്രിസ്തുവിന്റെ കർമ്മോപമകളെല്ലാം പ്രഘോഷണാത്മക പ്രവൃത്തികളാണു്. പ്രഘോഷിക്കുന്നവയുമാണു്. യേശു പ്രസംഗിക്കുക മാത്രമല്ല, പ്രസംഗിച്ച സന്ദേശം ജീവിക്കയും ചെയ്തു എന്നവ വ്യക്തമാക്കുന്നു. പ്രവൃത്തിയിലൂടെ പ്രസംഗിക്കുന്ന ദൈവസുതനായ നിസ്തുലവ്യക്തിയെ അവയവതരിപ്പിക്കുന്നു.

---

137. Cf. ibidem, p. 278; ''എന്നിൽ നിന്നകലുന്നവരെല്ലാം മണ്ണിൽ എഴുതപ്പെടും'' എന്ന വി. ലിഖിതം (ജെറ. 17, 13) അവരെ അനുസ്മരിപ്പിക്കയാവും.

138. Cf. ibidem, p. 278.

139. പാദക്ഷാളനത്തിന്റെ അർത്ഥം— വിശദമായ ചർച്ചയ്ക്കു് കാണുക: ഡോ. ക്രൂസ്ഫെർണാണ്ടസ്, 'കാലുകഴുകൽ: യേശുവിന്റെ സ്വയം ചിത്രീകരണം' ബൈബിൾ ഭാഷ്യം, വടവാതൂർ, (1973) മാർച്ച് ലക്കം, പുറ. 85–89.

www.malankaralibrary.com



## ഉപമകൾ സുവിശേഷപ്രഘോഷണത്തിൽ

സുവിശേഷസത്യങ്ങൾ കൂടുതൽ ലളിതവും വ്യക്തവുമാക്കാനാണ് യേശു ഉപമകളുപയോഗിച്ചത്. അവ പ്രസംഗത്തിൽ ഉപയോഗിക്കേണ്ടിവരും. അവ പ്രസംഗിക്കേണ്ടതെങ്ങനെ? പ്രസംഗത്തിൽ അവയുപയോഗിക്കേണ്ടതെങ്ങനെ എന്നും ഉപമകളെക്കുറിച്ച് എങ്ങനെ പ്രസംഗിക്കണം എന്നും രണ്ടു വശങ്ങളുണ്ട് പ്രസ്തുത പ്രശ്നത്തിന്. ഉപമകൾ ഉപയോഗിക്കേണ്ട വിധം സുവിശേഷത്തിൽ തന്നേ ദൃശ്യമാണ്. അവ വിശദീകരിക്കുന്നതിൽ സ്വീകരിക്കേണ്ട സമീപനത്തെപ്പററി ഏതാനും നിർദ്ദേശങ്ങൾ പ്രധാനപ്പെട്ടവയെന്നു കരുതുന്നു.

ഒന്ന്: ഉപമയുടെ ഔൽപ്പത്തികമായ അർത്ഥം കണ്ടെത്താനാവണം മുഖ്യശ്രമം. യേശു ഉദ്ദേശിച്ചതെന്ത്? അവിടത്തെ ശ്രോതാക്കൾക്കു നൽകിയ സന്ദേശമെന്ത്? ഇതിന് രൂപനിരൂപണരീതി (form Criticism) ഏറെ സഹായിച്ചിട്ടുണ്ട്. ജൊവാക്കിം ജറമിയാസ് കനത്ത സംഭാവന നല്കുന്നു. ഉപമയുടെ ഔൽപ്പത്തികരൂപം കണ്ടെത്തി അർത്ഥം മനസ്സിലാക്കുക. അനാവശ്യമായ ലക്ഷണകഥാസമീപനം ഒഴിവാക്കണം. എന്നാൽ അതു് ഒട്ടുമേ പാടില്ല എന്നു ശഠിക്കുക ശരിയാവില്ല. ക്രിസ്തുതന്നെ സ്വീകരിച്ചിട്ടുണ്ടല്ലോ. സഭയും സുവിശേഷകന്മാരും കുറെക്കൂടെ വ്യാപകമായ തോതിലും. എങ്കിലും ആദിമസഭാപിതാക്കന്മാരെപ്പോലെയാകേണ്ടതില്ല. വിശ്വാസസത്യങ്ങൾ വിശദമാക്കാൻ ലാക്ഷണികവ്യാഖ്യാനം ഒരു പരിധിവരെ കൈക്കൊള്ളാം. പക്ഷേ അങ്ങനെ ലഭിക്കുന്നതാണ് ഉപമയുടെ മൗലികമായ സന്ദേശമെന്നു് ശഠിക്കരുതു്. മാത്രമല്ല, ലാക്ഷണികവ്യാഖ്യാനം ക്രമാതീതമായി ഉപമ വിരൂപമാക്കാതെയും ഔല്പത്തികസന്ദേശം വിസ്മരിക്കാതെയും ശ്രദ്ധിക്കണം.

രണ്ട്: ഉപമകൾ കേവലം ധാർമ്മികോപദേശത്തിനുള്ള മാർഗ്ഗമായി തരംതാഴ്ത്തരുതു്. യേശു വെറുമൊരു ധാർമ്മികോപദേഷ്ടാവല്ല. അതുപോലെ അദ്ദേഹത്തിൻെറ ഉപമകളും ദൈവാധിപത്യസമാഗമനമാണ് അവിടത്തെ സുവിശേഷം. അതിൻെറ വിവിധമാനങ്ങൾ വിശദവും വ്യക്തവുമാക്കുകയാണ് ഉപമകളുടെ ലക്ഷ്യം. ആളുകളെ സ്വർഗ്ഗരാജ്യത്തിലേയ്ക്കാ

www.malankaralibrary.com



നയിക്കുക. ഔപദേശികമായി ഉപമകളുപയോഗിക്കരുതെന്നില്ല. അവയിൽനിന്ന് പ്രബോധനപരമായ സന്ദേശങ്ങൾ സ്വീകരിക്കാം. പരിചിതമായ തോതിലാവണമെന്നു മാത്രം. അവ ഉപമയുടെ മൂലസന്ദേശത്തിൽനിന്നകന്നുതിരിയുന്നതാകാൻ ശ്രദ്ധിക്കണം. അതുപോലെ ധാർമ്മികസത്യങ്ങൾ വിശദമാക്കാൻ ഉപമയുപയോഗിക്കുമ്പോഴും അതിന്റെ മൂലരൂപ (Original form) ത്തിൽനിന്ന് വളരെയേറെ വ്യതിചലിക്കാതെ സൂക്ഷിക്കണം.

മൂന്ന്: ഉപമയുടെ ഔൽപ്പത്തികാർത്ഥം മനസ്സിലാക്കിയിരിക്കണം ഉപമയധികരിച്ച് പ്രസംഗിക്കാനെന്ന് വ്യക്തമായി. എന്നാൽ അതെപ്പോഴും പ്രകടമാക്കണമെന്നില്ല. യേശുവിന്റെ ജീവിതപശ്ചാത്തലത്തിൽ ഉപമയ്ക്കുള്ള അർത്ഥത്തിന് സഭയുടെ സാഹചര്യത്തിൽ സംഭവിച്ച മാററം കാണുകയും വേണം. ഉപമയ്ക്ക് ഓരോ ഘട്ടത്തിലും പ്രസക്തിയുണ്ടെന്ന് അതു് ദൃശ്യമാക്കുന്നു. യേശുവിന്റെ ഉപമകൾ മനുഷ്യരാശിക്ക് എന്നും സന്ദേശവാഹികളായിത്തന്നെ നിലകൊള്ളുന്നു.

നാല്: ഇന്നത്തെ മനുഷ്യന് ഉപമ നല്കുന്ന സന്ദേശം ചൂണ്ടിക്കാട്ടുക വളരെ ആവശ്യമാണ്. അതായതു് ഉപമകൾ വർത്തമാനകാലത്തേയ്ക്ക് കൊണ്ടുവരിക. ഇക്കാലത്തെ മനുഷ്യന്റെ ഭാഷയിലാക്കുക. രണ്ടുവിധമാണിതു സാധിക്കേണ്ടതു്. ഉപമയിൽനിന്നും പ്രസക്തമായ സന്ദേശങ്ങൾ സ്വീകരിക്കുക. അതോടൊപ്പം ഓരോ ജീവിതരീതിയിലേയും മനുഷ്യന്റെ പശ്ചാത്തലത്തിനും ഭാവനയ്ക്കും ബുദ്ധിക്കും മനസ്സിനും ഇണങ്ങുന്ന രീതിയിൽ ഉപമ ഭാഷാന്തരീകരിക്കുക. ആദ്യത്തേതിന്, ഓട്ടോവിയ കാണിച്ചിരിക്കുന്ന ഒരു മാതൃക (അപൂർണ്ണമെങ്കിലും) നല്കാം. താലന്തുകളുടെ ഉപമയിൽ അദ്ദേഹം കണ്ടെത്തുന്ന സന്ദേശമിതാണ്. നിഷ്ക്രിയത യല്ല സുസ്ഥിതിക്കു മാർഗ്ഗം. നാം അവസരവും കഴിവും വിനിയോഗിക്കാതിരിക്കുന്നതിന്റെ ഉത്തരവാദിത്വം മററുള്ളവരുടേയും സാഹചര്യങ്ങളുടേയുംമേൽ ചുമത്തി രക്ഷപെടാനാവില്ല. സ്വയം ഏറെറടുത്തേ പററൂ. അവസരവും കഴിവും പ്രയോജനപ്പെടുത്താതിരുന്നതിന്റെ അപരാധബോധത്തിൽ നിന്ന് രക്ഷപെടാൻ നടത്തുന്ന ശ്രമമെല്ലാം വ്യർത്ഥമാണ്.

www.malankaralibrary.com



വേണ്ടവിധം പ്രവർത്തിക്കാൻ വേറൊരവസരംകൂടി ലഭിച്ചെന്നു വരില്ല. അതത്രേ ഒരു താലന്തുകിട്ടിയ ദാസന്റെ അനുഭവം പഠിപ്പിക്കുക. ഉള്ളതും നഷ്ടപ്പെട്ടേക്കുമോ എന്ന് അയാൾ അമിതമായി ഭയപ്പെട്ടു. സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ച് ക്രമാധികം വ്യഗ്രനായൊരു മനുഷ്യനെയാണ് അയാളിൽക്കാണുക. വ്യാപാരം ചെയ്താൽ ഉണ്ടാകാവുന്ന അപകടങ്ങളേയും പ്രയാസങ്ങളേയുംപററിയാണ് അയാൾ അധികവും ചിന്തിച്ചതു്. അതയാളെ നഷ്ടധൈര്യനും നിഷ്ക്രിയനുമാക്കുന്നു. കൂടുതൽ വിഷമത്തിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുകയും. ലഭ്യമായ അവസരം വേണ്ടവിധം വിനിയോഗിക്കാതിരുന്നതിനാലുള്ള കുററബോധം അവനിൽ രൂപംകൊള്ളുന്നു. അതിന്റെ ഉത്തരവാദിത്വം മററുള്ളവരിൽ ചാരുവാനുള്ള ശ്രമവും വിഫലമായി[140]. ദൈവത്തിൽ പരിപൂർണ്ണമായി വിശ്വാസമർപ്പിക്കാതെ സ്വന്തം സുസ്ഥിതിയിലുള്ള കലശലമായ വ്യഗ്രതമൂലം നിഷ്ക്രിയനായിരിക്കുന്ന വ്യക്തിയുടെ ജീവിതം നിരർത്ഥകവും ദയനീയവുമാണ്[141].

ഉപമകൾ ആധുനിക മനുഷ്യന്റെ ഭാഷയിലാക്കാൻ പ്രധാനമായൊരു എളുപ്പമാർഗ്ഗമുണ്ട്. നമ്മുടെ കാലത്തെയും സാഹചര്യങ്ങളിലേയും ഉദാഹരണങ്ങൾ സ്വീകരിക്കുക. അതായതു് ക്രിസ്തു ഉപയോഗിച്ച ഉപമകളുടെ മൂലാർത്ഥമെടുത്തു് അതു് വ്യക്തമാക്കാൻ സഹായകമായ മാതൃകകൾ നമ്മുടെ ചുററുപാടിൽ നിന്നു് കൈക്കൊള്ളുക. പുതിയ രൂപം നൽകി ഉപമയവതരിപ്പിക്കുക. അങ്ങനെ പുതിയ ഉപമകൾ തന്നെ രൂപപ്പെടുത്തുക.

140. കാണുക. ജോൺ മുരിങ്ങമററം, ''ഉപമാഭാഷ്യത്തിലെ നൂതനസരണികൾ''. മതവും ചിന്തയും (v), 53, ആലുവാ, പുറം, 26,27.

141. ടി, പുറം. 27.

www.malankaralibrary.com



## സമന്വയം

യേശുവിൻെറ പ്രബോധനങ്ങൾ ഏറിയപങ്കും ഉപമയിലൂടെയാണ്. ഈ സാഹിത്യരൂപത്തിന് ബൈബിളിലാകെ, വിശേഷിച്ചും സുവിശേഷങ്ങളിൽ, സുപ്രധാനമായൊരു സ്ഥാനമുണ്ട്. അതു് ആദിമസഭയും സുവിശേഷകന്മാരും മനസ്സിലാക്കി. അതിനാലവർ ഉപമകൾ ജീവിതസാഹചര്യത്തോടനുരൂപപ്പെടുത്തി. കാലാനുസൃതം വ്യാഖ്യാനിക്കയും പുനരവതരിപ്പിക്കയും ചെയ്തു. അതിനുവേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അവർ മടിച്ചില്ല. ഉപമകൾക്കു് പുതിയ രംഗങ്ങൾ സംവിധാനം ചെയ്തു. കൂടുതൽ വ്യക്തമാക്കണമെന്നു കണ്ടിടത്തു് വിശദീകരണങ്ങൾ ചേർത്തു വിപുലീകരിച്ചു. ലക്ഷണ കഥാഘടകങ്ങൾ ഉപമകളിലും വ്യാഖ്യാനത്തിലും ചേർക്കാൻ മറന്നിട്ടില്ല. അമിതമായ പ്രതിപത്തി കാണിച്ചില്ലതാനും. ഉപമയോട് ബന്ധമില്ലാതെനിന്ന സ്വതന്ത്രവാചകങ്ങൾ ചേർത്തു് അർത്ഥം കൂടുതൽ വ്യാപകമാക്കാനും സന്ദേശം സാർവ്വത്രികമാക്കാനും ശ്രദ്ധിക്കാതിരുന്നില്ല. അങ്ങനെ ഉപമകൾ സജീവമായി നിലനിർത്തി. ആനുകാലികപ്രസക്തിയുള്ളവയാക്കി. യേശുക്രിസ്തുവിൻെറ വാക്കുകൾ പുരാതനത്വത്തിൻെറ നിർജ്ജീവങ്ങളായ അവശിഷ്ടങ്ങളായിപോകാൻ അനുവദിച്ചില്ല.

ഉപമകളോടുള്ള സഭാപിതാക്കന്മാരുടെ സമീപനം സഭാപരമായ ആവശ്യത്തിനു് അനുകൂലമായിരുന്നെങ്കിലും അവയുടെ ആദ്യർത്ഥം ആവരണം ചെയ്യുന്നതായിരുന്നു. അമിതമായി ലാക്ഷണികമാക്കുന്നതിൻെറ വൈകല്യങ്ങൾ ഓരോന്നും എടുത്തുകാട്ടുകമാത്രമല്ല ആധുനികപണ്ഡിതന്മാർ ചെയ്തിട്ടുള്ളതു്. ഉപമകൾ അവയുടെ ആദിരൂപത്തിലും അർത്ഥത്തിലും ദർശിക്കുവാനും പ്രതിഷ്ഠിക്കുവാനും അവർ ശ്രമിച്ചു. ജൂലിഖർ, ഡോഡ്, ജെറമിയാസ്, ഹണ്ടർ, എന്നിവരുടെ പേരു് എടുത്തുപറയാതെ തരമില്ല. ആനുകാലികമായി പ്രസക്തമാക്കാനും പണ്ഡിതന്മാർ ശ്രദ്ധിക്കുന്നു. വിയയുടേയും ഗ്രാൻസ്കൃവിൻേറയും സമീപനം മനഃശാസ്ത്രപരവുമാണ്.

ഉപമകളിൽ ഇനിയും കണ്ടെത്തിയിട്ടില്ലാത്ത മാനങ്ങളും തുറന്നുകാട്ടാൻ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ബൈബിൾ വിജ്ഞാനീയത്തിനു് കഴിയാതെ വരില്ല.

www.malankaralibrary.com



സുവിശേഷങ്ങളിലെ ഉപമാപാരമ്പര്യം പൊതുവേ വിശ്വസനീയമാണ്. ഉപമയുപയോഗിക്കുന്നതിൽ യേശുവിന്റെ ഉദ്ദേശ്യം സന്ദേഹരഹിതമാണ്. ദൈവരാജ്യത്തിന്റെ രഹസ്യം അറിയിക്കുക. സ്വർഗ്ഗരാജ്യം അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്നു. അതിന്റെ അധിനാഥൻ നിശ്ചയിച്ചിട്ടുള്ള ഘട്ടത്തിലേയ്ക്ക് അത് വളരും. ദൈവരാജ്യം കരുണയും കൃപയുമാകുന്നു. അനർഹരെന്ന് ആളുകൾ വിധിച്ചവർക്കും ദൈവം തന്റെ രാജ്യം ദാനമായി നല്കുന്നതെപ്പററി അസൂയയരുത്. അതേസമയം ദാനമെന്നോർത്ത് സ്വർഗ്ഗരാജ്യമനുഭവിക്കാനാഗ്രഹിക്കുന്നവർ നിഷ്ക്രിയരോ നിർഗ്ഗുണരോ ആകരുത്. സ്വർഗ്ഗരാജ്യത്തെപ്പററി സുവ്യക്തമായ ധാരണകളോടെ നിർണ്ണായകമായ തീരുമാനമെടുക്കണം. ഓരോ നിമിഷവും നിർണ്ണായകമാണ് സ്വർഗ്ഗരാജ്യത്തിലെ അംഗങ്ങൾക്ക്. അതിനാലവർ സദാസമയവും ജാഗ്രൂകരായിരിക്കണം. സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ വെളിവാക്കുന്ന ഉപമകൾ യേശുക്രിസ്തു പ്രവർത്തികളൂടി ചെയ്തു. നാനാവിധേന നിസ്തുലനവീനത്വമുള്ള അവിടത്തെ ഉപമകൾ നിത്യനൂതനങ്ങളാണ്. അങ്ങനെയവ നിലനിർത്തേണ്ടതുമാണ്. ഓരോ വ്യക്തിയും അവനവന് ആവശ്യമായ വിധം ഉപമ പ്രയോജനപ്പെടുത്തിയാണ് ഇത് സാധിക്കേണ്ടത്.

മനുഷ്യസമുദായത്തിന് പൊതുവേയോ ഒരു സമൂഹത്തിനോ പ്രസക്തമായതിൽനിന്ന് അല്പം ഭേദപ്പെട്ടതാകാം വ്യക്തിപരമായി ഉപമ നൽകുന്ന സന്ദേശം. അത് ഗ്രഹിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ഉപമാപഠനം പൂർണ്ണമല്ല. എനിക്ക് എന്റെ ജീവിതത്തിൽ ഈ പ്രത്യേക ഉപമ എന്തു സന്ദേശമാണ് നല്കുക എന്ന് അവരവർ കണ്ടുപിടിക്കുക ഒഴിച്ചുകൂടാത്ത കടമയാണ്.

വ്യക്തിപരമായ സമീപനം നിറവേററേണ്ടത് സഭയിലാണ് എന്നത് വിസ്മരിക്കരുത്. ആവശ്യം സഭാത്മകനായി നിയുക്തനായിരിക്കുന്ന വ്യക്തിക്ക്[142] സഭയിൽനിന്ന് ഒററപ്പെട്ട് തന്നെ സംബന്ധിക്കുന്ന സന്ദേശം സന്ദേഹരഹിത

142. J. N. M. WIJNGAARDS, Christ's idea of Authority, Hyderabad 1975, p. 23.

www.malankaralibrary.com



മായി സ്വീകരിക്കാനാവില്ല. ഇതത്രേ സുവിശേഷകന്മാർ ഉപമകളെ സമീപിച്ച രീതി. ഉപമയുടെ പശ്ചാത്തലവും അർത്ഥവും മാറിയ പരിത:സ്ഥിതിയിൽ സഭയും സുവിശേഷകന്മാരും തങ്ങളുടെ സാഹചര്യത്തിനു് അനുരൂപപ്പെടുത്തിയതു് ശ്രദ്ധിക്കുക. അതു് നമ്മെ സംബന്ധിച്ച് ഉപമകൾ സജീവവും പൂർണ്ണമായി പ്രസക്തവുമായി നിലനിത്തുക എന്ന നമ്മുടെ ചുമതലാനിർവഹണത്തിനു് സഹായകമാണു്. ഇതേ ഉദ്ദേശമാണു് ഈ എളിയ സംരംഭത്തിനു് പ്രേരിപ്പിച്ചതും. മലയാള വായനക്കാർക്കു് ഏതെങ്കിലുംവിധം ഉപകരിച്ചെങ്കിൽ!!

www.malankaralibrary.com

## സഹായകകൃതികൾ


Barclay William, The Gospel of Mathew Vol. I & II 7th Print, Edinburg. 1968

Barclay William, The Gospel of Mark (11th print), Edinburg, 1971

Barclay William, The Gospel of Luke (11th print), Edinburg 1970

Bishop, E. F. F, Jesus of Palestine, London, 1955

Brown R. E. (ed) The Jerome Biblical Commentary Vol. II, Indian print, Banglore, 1972

Brown, R. E, "parables of Jesus," New Catholic Encyclopedia, London, 1967, pp. 984-988

Brown, R. E. "Secret of the Kingdom of God." Journal of Biblical Literature, V. 92

Brunner Emil, Sowing and Reaping, The Parables of Jesus (Eng. Trn. Thomas Weiser) 2nd print, Virginia, 1965

Bultman Rudolf, The History of the synoptic Tradition (Eng. Trn), New York, Hasper Row, 1963

Cadoux, A. T., The Parables of Jesus, Their Art need Use, New York, 1931

Cantinat, 'Parables of Mercy', Theology Digest; V. 4 (1956) pp. 120-123.

Cerfaux Msgr. Lucian, The Treasure of the Parables, (Trn. Bent. M. Wisconsin), U. S. A. 1968.

ചാത്തപ്പറമ്പിൽ ആന്റോ, 'ഉപമകളിലൂടെയുള്ള ക്രിസ്തുവിന്റെ പഠനങ്ങൾ' , മതവും ചിന്തയും, 53,5, ആലുവാ, (1973 മേയ്), പുറം. 29–44.

ചാഴിക്കാട്ട് ജോസ്, 'ഉപമകൾ' , പുതിയനിയമസാഹ്യം, എസ്. എച്ച്. ലീഗ്, ആലുവാ, 1968, പുറ. 69–152.

David M, Stanely, S. J. & Raymond E. Brown, (Editors), 'The Parables of Jesus', Jerome Biblical Commentary Vol. II, Indian print, Banglore, 1972, pp. 788-790

Davidson Francis, The New Bible Commentary, (reprint) WMB Publishing Coy, Michigan, 1968.

www.malankaralibrary.com



Delobel, 'Lukes' Structure of Forgiveness– Anointing', Theology Digest, Vol. 16, (1968) pp. 126–128

Dodd, C. H., The Parables of the Kingdom, Great Britain, 1961

Dotty, W. G., 'The Parables of Weeds and Wheat', Interpretation Vol. 25 (1971), pp. 185–193.

Filas, F. L. S. J., Understanding the Parables of Jesus, London, 1960

Filas Francis, The Parables of Jesus, New York, 1959

Fitzmyer, 'Story of the Dishonest Manager etc.' Theological Studies, Vol. 25 (1964) pp. 23–42

Fuller Reginald C., Rev., (ed). A New Catholic Commentary on Holy Scripture, London, 1969

Funk Robert, Language, Hermeneutic and Word of God, Hasper & Row, New York, 1966

Granskou M. David, Preaching on the Parables, Fortress Press, Philadelphia, 1971

Grant, F. C., Anglican Theological Review, Vol. 30, (1948) p. 120

Guthrie, D. D., etc. (ed.), The New Bible Commentary Revised, Intervarsity Press, (3rd edn), London, 1970

Gutzwiller Richard, The Parables of the Lord, U.S.A., 1964

Harmon B. Nolan (ed), Interpreter's Dictionary of the Bible, Abingdon Press, New York, Vol. 3,7,8

Harrington Wilfred, O. P., He Spoke in Parables, Dublin, 1964.

Harvey K. Mc Arthur, 'The Parable of the Mustard Seed', Catholic Biblical Quarterly (C B Q), XXXIII, (April 1971) pp. 198–210.

Hiers, 'Not the Season for Figs', Journal of Biblical Literature, Vol. 87 (1968), pp. 394–401

Hunter, A.M., Interpreting the Parables, S C M Press, (3rd Print), London, 1969.

Hunter, A.M., The Parables, Then and Now, SCM Press, London, 1971.

Jeremias Joachim, The Parables of Jesus, SCM Press London, 1963.

www.malankaralibrary.com



Jeremias Joachim, Rediscovering the Parables, SCM Press (Paper back), London, 1966.

Kahlefeld Heinrich, Parables and Instructions in the Gospels, (Trn. Alene Swidles), Herder&Herder, New York, 1966.

കോട്ടയ്ക്കൽ ജോസഫ്, 'ഉപമകൾ ആധുനിക വീക്ഷണത്തിൽ', ബൈബിൾഭാഷ്യം III, 3, കോട്ടയം, (1974 സെപ്തംബർ), പുറ. 197–. 213

Linnemann Eta, The Parables of Jesus, London, 1966.

Leon Du Four Xavier, S. J (ed), 'Parable', Dictionary of Biblical Theology, London, 1970, pp. 354–355.

Leopold Fonck, S. J., The Parables of the Gospel, New York,

മങ്ങാട്ട് ജോർജ്ജ്, 'കാരുണ്യത്തിന്റെ ഉപമകൾ' ബൈബിൾഭാഷ്യം, I, 2, കോട്ടയം, (1972 ജൂൺ) പുറ. 164–184.

Manson, T. W., Sayings of Jesus. SCM. Press London, 1971

Moschner M. Franz, The Kingdom of Heaven in Parables (Trn. Heimann David), Herder Book Co., London, 1960

Mullins Aloysius, O. P., A Guide to the Kingdom, A Simple Hand book on the Parables, Maryland, 1963.

മുരിങ്ങമററം ജോൺ, 'ഉപമാഭാഷ്യത്തിലെ നൂതനസരണികൾ' മതവും ചിന്തയും, 53, 5 ആലുവാ, (1973 മേയ്), പുറ. 8–28

Mussner Franz, The Parables of the Synoptic Gosples, Cambridge, 1965.

Perrin, N , The Modern interpretation of the parables of Jesus and the Problem of Hermeneutics,' Interpretation, 25 (April 1971), pp. 131-148

Scooper Wilfred, The Parables of the synoptic Gospels, Cambridge, 1937

Siegman, 'Teaching in Parables', (B.Q. XXIII (1951), pp. 161-181

Sullivan, O. Kelvin, Living Parables, Bruce Publishing Coy., Milwaukee, 1962

Wilder Amos, Early Christian Rehtoria. SCM Press, London, 1964

Wijngaards, J. N. M., Mhm, Background of the Gospels, Banglore, 1974, pp. 188-215

www.malankaralibrary.com

## വി. ഗ്രന്ഥസൂചിക


| | പുറം |
|---|---|
| ഉല്പത്തി | |
| 18,6 | 49 |
| 21,1 | 201 |
| 39,5-6 | 174 |
| 39,7-8 | 174 |
| 41,42 | 129 |
| 50,24 | 201 |
| പുറപ്പാട് | |
| 12,15 | 101 |
| 12,15-34 | 101 |
| 25,2 | 101 |
| ലേവ്യർ | |
| 2,11 | 101 |
| 11,10 | 93 |
| 19,3 | 109 |
| 21,1-4 | 189 |
| 23, 17 | 101 |
| ആവർത്തനം | |
| 15,4 | 175 |
| 24,5 | 109 |
| 24,14 | 109 |
| ന്യായാധിപന്മാർ | |
| 9,7-15 | 32 |
| സാമുവൽ II, 12 | 33 |
| II,12,14 | 33 |
| II,14 | 33 |
| രാജാക്കന്മാർ | |
| I,20,39-43 | 33 |
| ദിനവൃത്താന്തം | |
| II,36,15 | 210 |
| തോബിയാസ് | |
| 8,3 | 171 |
| എസ്രാ | |
| 8,41 | 75 |

| | പുറം |
|---|---|
| സങ്കീർത്തനം | |
| 5,17 | 139 |
| 23 | 117 |
| 72,16 | 69 |
| 102,26-28 | 63 |
| സഭാപ്രസംഗി | |
| 2, 14 | 202 |
| 40,20 | 175 |
| വിജ്ഞാനം | |
| 3,7 | 202 |
| സിറാ | |
| 31,18 | 178 |
| ഏശയ്യാ | |
| 1,6 | 190 |
| 3,17 | 210 |
| 5 | 33 |
| 5,1-7 | 33 |
| 5,5 | 49 |
| 6,9-10 | 55,56,57 |
| 10,3 | 201 |
| 17,23 | 99 |
| 24,14 | 171 |
| 27,6 | 69 |
| 28,23-29 | 33 |
| 31,6 | 99 |
| 32,21 | 171 |
| 34,14 | 171 |
| 35,5 | 61 |
| 40,11 | 117 |
| 44,26 | 210 |
| 51,1 | 49 |
| 52,7 | 60 |
| 61,1 | 61 |
| 61,10 | 151 |


17

| | പുറം |
|---|---|
| ജറമിയ | |
| 2 | 33 |
| 6,15 | 201 |
| 17,13 | 247 |
| 23,1-4 | 33 |
| 23,2 | 201 |
| 23,34 | 201 |
| 35,15 | 210 |
| എസക്കിയേൽ | |
| 17,2-24 | 3 |
| 17,23 | 98 |
| 34 | 117 |
| ദാനിയേൽ | |
| 4,9 | 99 |
| 4,17 | 49,99 |
| 4, 18 | 99 |
| ഹോശയ | |
| 1,3 | 33 |
| 4,9 | 201 |
| 4,16 | 33 |
| 6,11 | 69 |
| 13,5-6 | 33 |
| ജോവേൽ | |
| 3,13 | 82,83 |
| 3,19 | 83 |
| ആമോസ് | |
| 3,2 | 201 |
| സെഫനിയ | |
| 1,18 | 178 |
| സക്കറിയ | |
| 13,7 | 117 |
| മക്കബായർ | |
| I,6,15 | 130 |
| മത്തായി | |
| 3,1 | 232 |
| 3,1-9 | 226 |
| 3,10 | 232 |
| 4,1 | 171 |
| 4,1-5 | 91 |

| | പുറം |
|---|---|
| 4,8 | 91 |
| 5,3 | 151 |
| 5,17 | 231 |
| 5,23 | 43 |
| 5,43 | 191 |
| 5,43-48 | 191 |
| 5,48 | 191 |
| 6,24 | 178,180 |
| 7,9 | 195,196 |
| 7,9-11 | 195 |
| 7,11 | 195,196 |
| 7,12 | 231 |
| 7,24-27 | 164 |
| 8,12 | 91,151,211,219 |
| 8,21-22 | 166 |
| 9,10-13 | 105 |
| 9'15 | 62 |
| 9,16-17 | 63 |
| 9,37 | 75 |
| 10,3 | 246 |
| 11,5 | 151 |
| 11,9 | 104 |
| 11,12 | 60 |
| 11,13 | 231 |
| 12,43-45 | 168 |
| 12,44 | 168,170,171 |
| 12,45 | 168,171 |
| 13 | 46 |
| 13,1 | 65 |
| 13,1-9 | 65 |
| 13,2 | 65 |
| 13,3 | 66 |
| 13,4 | 66 |
| 13,5 | 66 |
| 13,6 | 66 |
| 13,7 | 66 |
| 13,8 | 66 |
| 13,9 | 66 |
| 13,10 | 52 |

www.malankaralibrary.com




| | പുറം | | പുറം |
|---|---|---|---|
| 13,10-13 | 93 | 13,49-50 | 8,94,95 |
| 13,12 | 218 | 13,50 | 95,219 |
| 13,14-15 | 57 | 16,9 | 178 |
| 13,16 | 60 | 16,17 | 246 |
| 13,18 | 72 | 16,27 | 91 |
| 13,18-23 | 72 | 16,28 | 91 |
| 13,19 | 72 | 17,20 | 99 |
| 13,20 | 72 | 18 | 40,42 |
| 13,21 | 73,79 | 18,4 | 142 |
| 13,22 | 73 | 18,6 | 151 |
| 13,23 | 73 | 18,6-9 | 120 |
| 13,24 | 80,86,87 | 18,12-14 | 114 |
| 13,24 | 80 | 18,12-23 | 114 |
| 13,24-26 | 87 | 18,13 | 114 |
| 13,24-28 | 80 | 18,14 | 40,114,120 |
| 13,24-30 | 80,86,87 | 18,15-18 | 120 |
| 13,27-30 | 87 | 18,23 | 184 |
| 13,29-30 | 81 | 18,23-32 | 183 |
| 13,30 | 88,90,112 | 18,23-35 | 183,186 |
| 13,31 | 96 | 18,25 | 185 |
| 13,32 | 96,98 | 18,26 | 184,185 |
| 13,33 | 49 | 18,27 | 184,185 |
| 13,36-43 | 8,89,91 | 18,31 | 184 |
| 13,37-39 | 89,90 | 18,32 | 184 |
| 13,37-43 | 5 | 18,33-35 | 184 |
| 13,38 | 91 | 18,34 | 184,185 |
| 13,39 | 91 | 18,35 | 184 |
| 13,40 | 90 | 19,16 | 112 |
| 13,40-43 | 90,95 | 19,16-22 | 113 |
| 13,41 | 91 | 19,23-26 | 113 |
| 13,42 | 90,219 | 19,27-28 | 113 |
| 13,42-50 | 211 | 19,29 | 113 |
| 13,43 | 90,91 | 19,30 | 47,111,113 |
| 13,44-46 | 158 | 20 | 111 |
| 13,45 | 18 | 20,1 | 107 |
| 13,47 | 93 | 20,1-4 | 107 |
| 13,47-50 | 5,93 | 20,1-7 | 107 |
| 13,48 | 93 | 20,1-16 | 26,105,113 |
| 13,49 | 35,94 | 20,2 | 105,108 |

www.malankaralibrary.com




| | പുറം | | പുറം |
|---|---|---|---|
| 20,3 | 94,105,108 | 23,23-26 | 40 |
| 20,4 | 105 | 24,3 | 91 |
| 20,5-16 | 106 | 24,32 | 46 |
| 20,6 | 106,108 | 24,36 | 58 |
| 20,7 | 106,108 | 24,42 | 233 |
| 20,8-12 | 106,107,109 | 24,43 | 43,204 |
| 20,8 | 109 | 24,43-44 | 204 |
| 20,11 | 109 | 24,44 | 204,210 |
| 20,12 | 109,133 | 24,45 | 237 |
| 20,13-15 | 107,110 | 24,45-48 | 207 |
| 20,14 | 110 | 24,45-51 | 43,207 |
| 20,15 | 113,112 | 24,49 | 211 |
| 20,16 | 111,112,113 | 24,50-51 | 208 |
| 21,18-22 | 222 | 24,51 | 209,211 |
| 21,19 | 247 | 25 | 105 |
| 21,21 | 39,40 | 25,1-10 | 240 |
| 21,28-32 | 224 | 25,1-13 | 42,240 |
| 21,29 | 225 | 25,5 | 242 |
| 21,31 | 110,225 | 25,6 | 243 |
| 21,32 | 226 | 25,10 | 243 |
| 21,33-41 | 113 | 25,11 | 243 |
| 22,1-10 | 143 | 25,11-13 | 241 |
| 22,1-13 | 44,113 | 25,12 | 243 |
| 22,3 | 143 | 25,13 | 42,243,244 |
| 22,4 | 45,143,146 | 25,14 | 237 |
| 22,5-8 | 144 | 25,14-28 | 35 |
| 22,6 | 45,144,150 | 25,14-30 | 212 |
| 22,6-7 | 144 | 25,21 | 179 |
| 22,7 | 144,150 | 25,21-23 | 216 |
| 22,8 | 45 | 25,22-25 | 214 |
| 22,9 | 145 | 25,24 | 221 |
| 22.10 | 45,145 | 25,25 | 216 |
| 22,11-13 | 44,45 | 25,26-30 | 215 |
| 22,12 | 110,211 | 25,28 | 218 |
| 22,13 | 45,211,219 | 25,29 | 218 |
| 22,24-51 | 219 | 25,30 | 151,219 |
| 22,40 | 231 | 25,31-46 | 203 |
| 23 | 137 | 25,41 | 91 |
| 23,13 | 210,239 | 25,46 | 46 |

www.malankaralibrary.com




| | പുറം |
|---|---|
| 26,6-13 | 154 |
| 26,31 | 117 |
| 26,50 | 110 |
| മർക്കോസ് | |
| 1,13 | 91 |
| 1,15 | 60 |
| 1,27 | 35 |
| 1,30 | 153 |
| 2,14 | 246 |
| 2,15-17 | 105,135 |
| 2,17 | 157 |
| 2,19 | 61,62 |
| 2,20 | 62 |
| 2,21 | 64 |
| 2,21-22 | 63 |
| 2,22 | 64 |
| 3,23 | 1 |
| 3,32 | 54 |
| 4 | 46,72 |
| 4,1 | 65 |
| 4,1-9 | 65 |
| 4,2 | 65 |
| 4,3 | 66 |
| 4,4 | 66 |
| 4,5 | 66 |
| 4,6 | 66 |
| 4,7 | 65 |
| 4,8 | 65 |
| 4,9 | 67 |
| 4,10 | 51,52,55,74 |
| 4,10-12 | 51,54,55,56 |
| 4,10-13 | 74 |
| 4,10-34 | 52 |
| 4,11 | 51,52 |
| 4,12 | 52,54,57 |
| 4,13 | 34,55,72 |
| 4,13-20 | 8,53,72,75 |
| 4,14 | 72 |
| 4,14-20 | 5 |

| | പുറം |
|---|---|
| 4,15 | 72,91 |
| 4,16 | 72 |
| 4,17 | 73 |
| 4,18 | 73 |
| 4,19 | 73 |
| 4,20 | 73 |
| 4,25 | 218 |
| 4,26 | 82 |
| 4,26-27 | 80 |
| 4,26-29 | 80 |
| 4,27 | 82,84 |
| 4,28 | 82,83 |
| 4,28-29 | 81 |
| 4,29 | 82,83,84 |
| 4,30 | 34 |
| 4,30-32 | 96 |
| 4,36-41 | 53 |
| 4,33 | 58 |
| 5,37 | 52 |
| 5,37-40 | 52 |
| 6,31-32 | 52 |
| 6,45-52 | 53 |
| 6,48 | 39 |
| 7,7 | 2 |
| 7,14-15 | 3 |
| 7,17-24 | 52 |
| 8,14-21 | 53 |
| 8,33 | 91 |
| 9,2 | 52 |
| 9,2-28 | 52 |
| 9,5 | 214 |
| 9,31-32 | 53 |
| 9,33 | 52 |
| 9,33-50 | 55 |
| 9-59-60 | 166 |
| 10,2-12 | 53 |
| 10,10 | 52 |
| 10,25 | 166 |
| 10,31 | 111 |

www.malankaralibrary.com




| | പുറം |
|---|---|
| 11,1–11 | 246 |
| 11,12–14 | 222 |
| 11,14 | 247 |
| 11,15–18 | 246 |
| 11,20–25 | 222 |
| 12,9 | 40 |
| 12,28 | 187 |
| 12,38 | 129,137 |
| 12,38–39 | 137 |
| 13,3 | 52,53 |
| 13,24 | 60 |
| 13,34 | 233 |
| 13,34–37 | 233 |
| 13,35 | 39,234,236,238 |
| 13,37 | 235 |
| 13,46 | 238 |
| 14,3–9 | 154 |
| 14,38 | 239 |

ലൂക്കോസ്

| | പുറം |
|---|---|
| 1,17–22 | 60 |
| 1,68 | 202 |
| 3,6 | 202 |
| 4,2 | 91 |
| 4,3 | 91 |
| 4,6 | 91 |
| 4,13 | 91 |
| 4,18 | 61,151 |
| 4,21 | 61 |
| 4,23 | 1 |
| 5,11–28 | 78 |
| 5,29 | 154 |
| 5,29–32 | 105,135 |
| 5, 30 | 110 |
| 5,32 | 105 |
| 5,35 | 62 |
| 5,36 | 1,63 |
| 5,36–39 | 63 |
| 6,23 | 130 |
| 6,39 | 1,64 |
| 6,47–49 | 164 |
| 6,48 | 166 |
| 7,22 | 61,151 |
| 7,34 | 104 |
| 7,36 | 154 |
| 7,36–50 | 105 |
| 7,37–38 | 154 |
| 7,41–43 | 153 |
| 7,47 | 156 |
| 7,50 | 77 |
| 8,4 | 65 |
| 8,4–8 | 65 |
| 8,5 | 66,76,77 |
| 8,6 | 66,77 |
| 8,7 | 66,77 |
| 8,8 | 66 |
| 8,9 | 52 |
| 8,10 | 57 |
| 8,11 | 72 |
| 8,11–15 | 5,72 |
| 8,12 | 72,77,78,91 |
| 8,13 | 72 |
| 8,14 | 73,78,146 |
| 8,15 | 73 |
| 8,18 | 218 |
| 8,48 | 77 |
| 8,50 | 77 |
| 9,57–62 | 162 |
| 10,2 | 60,75,188 |
| 10,13 | 56 |
| 10,23 | 60 |
| 10,29–34 | 187 |
| 10,29–37 | 19,187 |
| 10,31 | 189 |
| 10,32 | 189 |
| 10,33 | 190 |
| 10,35 | 190 |
| 10,36–37 | 190 |
| 10,38 | 78,154 |

www.malankaralibrary.com




| | പുറം | | പുറം |
|---|---|---|---|
| 11 | 200 | 12,41-40 | 43 |
| 11,5-8 | 192 | 12,42 | 176,207,210 |
| 11,6 | 192 | 12,42-46 | 207,211 |
| 11,7 | 192,194 | 12,45 | 207,210 |
| 11,8 | 147 | 12,46 | 208,209 |
| 11,11-13 | 195 | 12,54-56 | 203 |
| 11,12 | 195,196 | 13,1-23 | 146 |
| 11,13 | 178,195,196 | 13,3 | 223 |
| 11,23 | 170 | 13,6-9 | 222 |
| 11,24-26 | 168 | 13,7 | 223 |
| 11,25 | 168,171 | 13,8-9 | 223,224 |
| 11,26 | 168,171 | 13,18 | 96 |
| 11,33 | 39 | 13,18-21 | 96 |
| 11,37 | 154 | 13,19 | 96,98 |
| 11,39-42 | 40,105 | 13,20 | 34,96 |
| 11,39-52 | 105 | 13,21 | 97 |
| 11,42 | 139 | 13,23 | 20,94 |
| 11,46 | 137 | 13,30 | 47 |
| 11,47 | 137 | 13,31 | 154 |
| 11,49 | 137 | 14,1 | 154 |
| 11,51 | 137 | 14,3 | 176 |
| 11,52 | 210,239 | 14,7 | 2,141 |
| 11,13 | 146,205 | 14,7-11 | 141,142 |
| 12,13-15 | 205,206 | 14,7-24 | 46 |
| 12,16-20 | 35,205 | 14,8 | 141 |
| 12,19 | 78,205 | 14,9-11 | 142 |
| 12,20 | 205 | 14,11 | 142 |
| 12,21 | 206 | 14,12-14 | 44,150 |
| 12,23 | 78 | 14,13 | 147 |
| 12,32 | 117 | 14,15 | 143,146 |
| 12,35 | 237 | 14,15-24 | 143 |
| 12,35-38 | 43,233,237 | 14,16 | 46,1471 |
| 12,36 | 233,237,238 | 14,16-24 | 44 |
| 12,37 | 176,234238 | 14,17 | 137,143,146 |
| 12,37-38 | 238 | 14,18 | 143 |
| 12,38 | 39,234,238 | 14,19-21 | 144 |
| 12,39 | 43,204 | 14,20 | 137,144 |
| 12,39-40 | 204 | 14,21 | 144,150 |
| 12,40 | 20,210 | 14,21-23 | 150 |

www.malankaralibrary.com




| | പുറം |
|---|---|
| 14,22 | 145,147 |
| 14,23 | 145,147,148 |
| 14,24 | 145,148 |
| 14,28–32 | 46,161,162 |
| 14,33 | 78 |
| 14,35 | 39 |
| 14,40 | 137 |
| 15 | 46,105,116,134,135 |
| 15,1–2 | 246 |
| 15,1–3 | 134,135 |
| 15,2 | 110 |
| 15,3–6 | 114,116 |
| 15,3–7 | 114 |
| 15,5 | 136 |
| 15,6 | 125,136 |
| 15,7 | 116,117,136,147 |
| 15,7–10 | 115 |
| 15,8–10 | 114,116,120 |
| 15,9 | 125,136 |
| 15,10 | 117,122,136,147 |
| 15,11 | 132 |
| 15,11–15 | 123 |
| 15,11–32 | 123 |
| 15,12 | 126,129 |
| 15,12–15 | 131 |
| 15,12–24 | 125,126 |
| 15,13 | 127 |
| 15,15 | 127 |
| 15.15–32 | 26 |
| 15,16 | 128 |
| 15,16–19 | 131 |
| 15,16–25 | 124 |
| 15,17 | 128 |
| 15,18 | 128 |
| 15,19 | 129 |
| 15,20 | 129 |
| 15,20–24 | 129 |
| 15,22 | 129 |
| 15,23 | 130,136 |

| | പുറം |
|---|---|
| 15,24 | 125,130,130,136 |
| 15,25 | 136 |
| 15,25–32 | 125,132 |
| 15,26–32 | 125 |
| 15,27 | 132 |
| 15,28 | 132 |
| 15,29 | 132 |
| 15,30 | 127 |
| 15,31 | 133 |
| 15,32 | 125,133,136 |
| 16 | 78 |
| 16,1 | 174 |
| 16,1–8 | 172 |
| 16,1–9 | 26 |
| 16,1–13 | 171,174 |
| 16,1–16 | 47 |
| 16,3 | 173,174 |
| 16,5 | 176 |
| 16,8 | 172,174,176,177,181 |
| 16,8–9 | 176,180 |
| 16,9 | 46,147,173,174,176, 178,179 |
| 16,9–13 | 173,174,176,177 |
| 16,10 | 174,179 |
| 16,10–12 | 46,179 |
| 16,11 | 46,173,179 |
| 16,12 | 179 |
| 16,13 | 46,180,182 |
| 16,16 | 231 |
| 16,19 | 229 |
| 16,19–26 | 227,228 |
| 19,19–31 | 20,227 |
| 16,20 | 229 |
| 16,21 | 229 |
| 16,23 | 230 |
| 16,24 | 230 |
| 16,25 | 230 |
| 16,27 | 231 |
| 16,27–31 | 228,231 |

www.malankaralibrary.com




| | പുറം |
|---|---|
| 16,29 | 231 |
| 16,31 | 231 |
| 17,7 | 238 |
| 17,7–10 | 181 |
| 17,10 | 181 |
| 17,19 | 77 |
| 18,1–2 | 196 |
| 18,1–8 | 140,196 |
| 18,1–12 | 132 |
| 18,3 | 198 |
| 18,3–8 | 197 |
| 18,6 | 199 |
| 18,6–8 | 199,200 |
| 18,8 | 147,199 |
| 18,9 | 137 |
| 18,9–10 | 136 |
| 18,10 | 138 |
| 18,11–14 | 137 |
| 18,12 | 138 |
| 18,14 | 139,140,143,147 |
| 18,22 | 78 |
| 18,42 | 77 |
| 19,1–10 | 105,135 |
| 19,5 | 154,246 |
| 19,7 | 110 |
| 19,10 | 105 |
| 19,11 | 221 |
| 19,12 | 212 |
| 19,12–27 | 212 |
| 19,14–17 | 212 |
| 19,14–15 | 220 |
| 19,14–17 | 213 |
| 19,16 | 213 |
| 19,17 | 179,216 |
| 19,18–21 | 214 |
| 19,20 | 216 |
| 19,21 | 221 |
| 19,22–27 | 215 |
| 19,24 | 218 |

| | പുറം |
|---|---|
| 19,24–25 | 220 |
| 19,25 | 220 |
| 19,26 | 147,218 |
| 19,27 | 220 |
| 19,28–40 | 246 |
| 19,30–37 | 191 |
| 19,41–44 | 203 |
| 20,16 | 40 |
| 20,46 | 129 |
| 21,34 | 78 |
| 22,27 | 238 |
| 24,27 | 231 |
| യോഹന്നാൻ | |
| 1,11 | 203 |
| 1,45 | 231 |
| 2,11 | 64 |
| 2,13–21 | 246 |
| 4,35–38 | 75 |
| 6,70 | 91 |
| 7,46 | 35 |
| 7,53 | 247 |
| 8,44 | 91 |
| 10,1 | 117 |
| 10,7–18 | 5 |
| 11,42 | 192 |
| 12,8 | 154 |
| 12,40 | 57 |
| 13,2 | 91 |
| 13,4–5 | 238 |
| 13,4–10 | 247 |
| 13,23 | 230 |
| 21,15 | 117 |
| നടപടി (അപ്പോസ്തലപ്രവൃത്തികൾ) | |
| 1,6–7 | 58 |
| 10,11 | 63 |
| 11,5 | 63 |
| 13,15 | 231 |
| 14,19 | 77 |
| 15,16 | 187 |

www.malankaralibrary.com




| | പുറം | | പുറം |
|---|---|---|---|
| 16,31 | 77 | തിമൊത്തിയോസ് | |
| 17,18 | 133 | I,5,17 | 197 |
| 24,14 | 231 | II,1–11 | 197 |
| 28,23 | 231 | II,3,13 | 197 |
| 28,25–27 | 57 | എബ്രായർ | |
| റോമർ | | 1,1–2 | 202 |
| 1,10 | 197 | 1,10–12 | 63 |
| 3,8 | 45 | 9,9 | 1 |
| 3,21 | 231 | 11,19 | 1 |
| 6,1 | 45 | യാക്കോബ് | |
| 6,15 | 45 | 5,17 | 86 |
| 11,16 | 103 | പത്രോസ് | |
| 11,16–24 | 3 | I,2,12 | 202 |
| 12,12 | 197 | വെളിപാട് | |
| 14,10 | 95 | 3,4 | 151 |
| കോറിന്ത്യർ | | 3,10 | 92 |
| I,3,7 | 86 | 5,18 | 151 |
| I,15,35–38 | 100 | 6,11 | 129 |
| II,4,1–16 | 197 | 7,15 | 178 |
| ഗലാത്യർ | | 14,15–16 | 92 |
| 6,9 | 197 | 19,7 | 62,151 |
| എഫേസിയർ | | 19,8 | 151 |
| 3,13 | 197 | 19,19 | 62 |
| 6,13–17 | 3 | 21,3 | 178 |
| 6,18 | 197 | 21,8 | 92 |
| കൊളോസ്യർ | | IV എബ്രായർ 8,41 | 75 |
| 1,3 | 197 | I ക്ലെമെൻറ് 244,–5 | 100 |
| | | തോമസ്സിൻെറ സുവിശേഷം | 16 |

www.malankaralibrary.com

# ഗ്രന്ഥകർത്തൃസൂചിക


പുറം.

അഗസ്റ്റിൻ 6
ഇറനേയൂസ് 107
ഒരിജൻ 5,107
കഡൂ ഏ. ററി. 10
കമ്മേൽ ഡബ്ള്യു ജി 226
കോട്ടയ്ക്കൽ ജോസഫ് 175
ക്രോസർ 31
ഗുട്സ്വില്ലർ റിച്ചാർഡ് 190
ഗ്രാൻസ്ക്യ 17,28,29,30,31,251
ഗ്രാൻറ് എഫ്. സി. 180
ജറമിയാസ് ജൊവാക്കിം 2,4, 10, 12, 13,14,15,17,18,23,24, 25, 26, 30,38,42,43,45 49,54, 56, 57, 59,61,62,63,64,68,74, 85, 87,91,93,95,100,101,102, 109, 110, 112, 116, 121, 127, 129, 130, 132, 133, 138, 139, 140, 146, 148, 150, 151, 152, 155, 160, 166, 171, 173, 174, 175, 177, 179, 180, 184, 185, 186, 188, 189, 190, 191, 193, 194, 198, 199, 200, 205, 206, 209, 210, 211, 216, 218, 219, 220, 221, 226, 228, 229, 230, 231, 236, 238, 239, 242, 243, 244,246,247,248,251
ജറമിയാസ് ഫ്രാൻസിസ് 243
ജസ്റ്റിൻ 77
ജൂലിഖർ അഡോൾഫ് 7,9, 10,23,28,30,83,251
ട്രിസ്ട്രാം എച്ച്. ബി. 198
ഡാനൻബവ്വർ 189
ഡോഡ് സി. എച്ച്. 2,4,9, 11,17,23,25,26,30,55,75,87, 94,161,174,177,211,218,251
ഫങ്ക് റോബർട്ട് 17,22,23,24

പുറം.

ഫിലോസ് 118,127,130
ഫ്യൂക്സ് ഏണസ്റ്റ് 20,21,22,31
ഫെർണാണ്ടസ് ക്രൂസ് 247
ഫ്ളാവിയസ് ജോസഫ് 159, 190
ബർക്ലേ വില്യം 159
ബിഷപ്പ് ഇ. എഫ്. എഫ്. 191
മങ്ങാട്ട് ജോർജ് 116,117,118, 119,120,122,123,126, 134,135
മൽദോനത്തൂസ് 216
മാൻസൺ ററി. ഡബ്ള്യു 55
മുരിങ്ങമററം ജോൺ 8,20,24,250
മുത്തേടൻ ഫാദർ തോമസ് 199
ലഗ്രാംഷ് 216
ലിനെമാൻ 31
ലെയോപോൾഡ് 121,128
ലെയോൺഡിഫ്യു 202
വിയഡാൻ ഓട്ടോ 24,25,27,28, 249,251
വെൽഹൗസൻ 126
വൈൻയാഡ്സ്, ജെ. എൻ. എം. 252
വൈൽഡർ ആമോസ് 21,22,31
ഷ്വയ്റ്റ്സർ ആൽബർട്ട് 12, 84
സ്മിത്ത്, ബി. ററി. 11,56
സള്ളിവൻ, ഒ. 209
സെർഫോ 56
ഹണ്ടർ, എ. എം. 18,19,51, 59,85,101,104, 120, 129, 152, 177,182,251
ഹാരിംഗ്ടൺ വിൽഫ്രെഡ് 3,6, 34,45
റബ്ബീയൂദാ 138
റ്യൂട്ടർ 6

www.malankaralibrary.com

# വിഷയസൂചിക


പുറം

അത്തി 60,222,223,224
അധികാരം 209,211,217,237
അങ്കി (മേലങ്കി) 129,130
അന്ത്യവിധി (അവസാനവിധി) 95,19,45,88,90, 94, 151, 152, 156,201,202,219,221,223
അനുതാപം 117,118,119,122, 139,141,157
അനുരഞ്ജനം 44,104
അപ്പോക്രിഫാ 16
അയൽക്കാരൻ 188,191
ആകുലത 71
ആതിഥ്യമര്യാദ 142,150, 154,193
ആമ്മേൻ 178
ഉപവാസം 61,62,138
എണ്ണ 67,121,175,190,237,242
എസ്ക്കറ്റോളജിക്കൽ സ്കൂൾ 84
എസ്സേൻ 53,177
ഏകാശയവാദം 25,29
ഖുമ്റാൻ 53,158–കാണുക 'എസ്സേൻ'
ചെരുപ്പ് 129,130
ജീവിതവീക്ഷണം:–ഉപമകളിൽ 27,28
തലമുണ്ട് 155
തർഗ്ഗും 56
താലന്ത് 27,39,184,216,219, 220,221
താൽമൂദ് 33,100,152
തോറ 19
ദശാംശം 40,139
ദേനാറാ 39,108,109,175,183, 184,185,188,191

പുറം

ദൈവാധിപത്യം(സ്വർഗ്ഗാധിപത്യം) 62,85,88, 103, 156, 158, 187, 226,241,248
ദൈവക്ഷമ 132,182,186,187
ദൈവജനം 40,103,112,138, 140,190,201,202,246
ദൈവപരിപാലന 53,55
ദൈവരാജ്യപ്രവേശനം 41,159, 162,163
ദൈവവിധി 25,95
ദൈവസ്നേഹം 59,118,119,156, 157,187,188,202
ദ്രഹ്മ 121
ധനികൻ (ധനവാൻ) 9,35,228, 229,230
ധനം 146,174,178,179,180
നരകശിക്ഷ 209,230
നാണയം 5,6,120,121,122, 157
നിയമം 6,40,64,93,111,113, 126, 131, 137, 138, 141, 159, 166, 181, 185, 189, 210, 211, 216,226,231,232
നിയമജ്ഞൻ 40,109,118,131, 157,188,191,210,211, 217,226
നീതിമാൻ 40,88,92,118,137, 138,139,140,157,188,202,226
പരിഹാരം 141,185,224
പരീസൻ (പ്രീശൻ–ഫരീസൻ) 2, 19,40,41,47,62,105, 109, 118, 131, 132, 136, 137, 138, 139, 140, 141, 142, 153, 154, 155, 157,181,210,211,217,229

www.malankaralibrary.com




പുറം

പശ്ചാത്താപം 40,45,132,134, 151, 154, 201, 222, 223, 224, 225,226,227,231,232,245,247

പാതാളം 230,231

പാപം 7,35,134,135,141, 156,229

പാപി 16.40,70,88,89,94, 104, 105, 110, 111, 113, 116, 117, 118, 119, 122, 131, 132, 134, 135, 136, 137, 138, 139, 153,154,155,156,157,226,246

പിശാച് 89,170,171,

പുറജാതികൾ 20,41,47,127, 128,138,150,151,152, 153,190

പ്രപഞ്ചം 63,91,92,245

പ്രലോഭനം 74,77,79.239

പ്രായശ്ചിത്തം 128,224

പ്രാർത്ഥന 136,138,139,191, 192,194,196,197,200,224, 239

മന്യ 220

മാനസാന്തരം 40,75,84,232

മാമോന 178,179,180

മാല (സ്വർണ്ണ–) 129

മിദ്രാഷിം 33,139

മിഷ്നാ 33

മൂഢൻ 206

മോതിരം (സ്വർണ്ണ–) 129,130

യഹൂദവിവാഹം 121,127,198, 241,242,243

യഹൂദവേഷം 237

പുറം

യുഗാന്ത്യം 9,42,46,64,69,75,94, 206,218,230,232,239,244,246

രക്ഷ 5,20,61,64,69,77,94, 107, 119, 120, 134, 137, 150, 151 157,188,201,202,224,231

രഹസ്യം—ദൈവരാജ്യത്തിന്റെ 5, 37,38,53,56,60,61,252

വചനം 75,77,78,79,166, 171,182

വ്യഗ്രത 76,78,177,206

വിധി 20,37,40,60,88,95,112, 201, 202, 203, 207, 210, 211, 217,221,223,232,239,247

വിരുന്ന് 16,48,130,142,143, 146, 147, 148, 149, 150, 219, 237,238,241,242

വിവേകം 171,173,176

വിശ്വാസം 6,7,12,27,28,74, 77,192 194,196,199,200,201, 202,226

സദൂക്യർ 19,40,62,232

സന്ദർശനം (യഹോവയുടെ—ദൈവത്തിന്റെ) 202,203.206,221, 232,244

സമ്പത്ത് 206,230

സാത്താൻ (പിശാച്) 91,170, 171,239

സിനഗോഗ് 153

സുവിശേഷം 13,16,38,42,66, 67, 76,91;92,95,102,103,104, 148,150,157,248,251,252

സ്വർഗ്ഗഭാഗ്യം 166

www.malankaralibrary.com

## ഉപമാസൂചിക


| | പുറം |
|---|---|
| അധികാരമേല്പിച്ച ബുദ്ധിമാനായ ഭൃത്യൻ | 43,207 ആദിയായവ, 237 |
| അശുദ്ധാത്മാവിൻെറ പ്രത്യാഗമനം | 168 ആദിയായവ |
| അർദ്ധരാത്രിയിൽ അപ്പം ചോദിക്കുന്ന സ്നേഹിതൻ | 192 ആദിയായവ |
| ഇടയനും ആട്ടിൻകൂട്ടവും | 33 |
| ഇടുങ്ങിയ വാതിൽ | 20 |
| ഒട്ടകവും സൂചിക്കുഴയും | 166 |
| കടലിൽ വിരിച്ച വല | 8,87,93, ആദിയായവ |
| കടുകുമണി | 37,49,79,96 ആദിയായവ |
| കല്യാണവസ്ത്രമില്ലാത്തവൻ | 25,44,110,151 |
| കാണാതെപോയ ആട് | 37,40,41,114ആദിയായവ, 120 |
| കായ്ക്കാത്ത അത്തിവൃക്ഷം | 222 ആദിയായവ |
| കുനിഞ്ഞ് വിരൽകൊണ്ട് യേശു നിലത്തെഴുതുന്നു | 247 |
| കോലാടും ചെമ്മരിയാടും | 20 |
| കൃഷിക്കാരനും അവൻെറ ദാസനും | 181 ആദിയായവ |
| ക്രൂരനായ (കാരുണ്യരഹിതനായ) ഭൃത്യൻ | 26 |
| ഗോതമ്പുകൾക്കിടയിൽ കളകൾ | 8,48,93 ആദിയായവ |
| ഗോപുരം പണിയുന്നവൻ | 161 ആദിയായവ |
| ജറുസലേം നോക്കി യേശു കരയുന്നു | 247 |
| ജറുസലേമിലേയ്ക്ക് യേശു കഴുതമേൽ എഴുന്നള്ളുന്നു | 246 |
| തളിർത്ത അത്തി | 60 |
| താലന്തുകൾ | 25,27 ആദിയായവ, 34,39, 42,212 ആദിയായവ, 237 |
| തുന്നിപ്പിടിപ്പിക്കുന്ന തുണിക്കഷണം | 63 |
| ദേവാലയത്തിൽ പ്രാർത്ഥിച്ച പരീസനും ചുങ്കക്കാരനും | 46,136 |
| ദേവാലയശുദ്ധീകരണം | 246 |
| ധനവാനും ലാസറും | 9,19,35,78,152,227 ആദിയായവ |
| ധനികനായ ചുങ്കക്കാരനും ദരിദ്രനും | 152 |